6

# ഇന്ത്യൻ മുസ്ലിംകളും സ്വാതന്ത്ര്യ പ്രസ്ഥാനവും

ഇ. മൊയ്തു മൗലവി

അൽ-ഹുദാ ബുക്ക് സ്റ്റാൾ
AHB
مكتبة الهدى



MSRC
6
954
MOO/I-S

6

# ന്ത്യൻ മുസ്‌ലിംകളും
# ്വാതന്ത്ര്യപ്രസ്ഥാനവും


ഇ. മൊയ്തുമൗലവി



MAPPILA STUDY cum RESEARCH CENTRE
28 NOV 1983
FAROOK COLLEGE *



പ്രസാധനം:

ൽ—ഹുദാ ബുക്ക് സ്റ്റാൾ
സ്ജിദ് ബസാർ, കോഴിക്കോട്-1.

954.
MO/IN

# Indian Muslimkalum Swadanthriya Prasthanavum

( Malayalam )

Author :

**E. MOIDUMOULAVI**

First Editon: 1982 June

Copies: 2000

Printed at:
Febin Printers, Calicut-2. Phone: 73212

Published by:
**AL-HUDA BOOK STALL**
Masjid Bazar Calicut - 1. Phone: 61596

Right Reserved

**price; Rs- 15-00**

# ആമുഖം

സർസയ്യിദ് അഹ്മദ്ഖാനാണ് പറഞ്ഞത് ഹിന്ദുക്കളും മുസൽമാന്മാരും ഭാരത മാതാവിന്റെ നേത്രദ്വയങ്ങളാണെന്നു. പക്ഷെ സ്വാതന്ത്ര്യ സമരത്തിന്റെ ചരിത്രമെഴുതിയവരെല്ലാം അതിലൊന്നിനെ അവഗണിച്ചിരിക്കുന്നു സിപ്പായി ലഹളയിലായാലും ജാലിയൻവാലാബാഗിലായാലും നിസ്കാര നോമ്പുകളും ചന്ദനക്കുറികളും തോളോടുതോളുരുമ്മിയാണ് അടരാടിയത്. പക്ഷെ നമ്മുടെ വികലമായ ചരിത്രത്തിൽ ഒരു വിഭാഗം വിസ്മരിക്കപ്പെട്ടിരിക്കുന്നു, പൂക്കോട്ടൂരിലെയും മേൽമുറിയിലെയും പാവന മണ്ണിൽ പാരതന്ത്ര്യത്തിന്നെതിരായി പടപൊരുതി ചോര ചിന്തിയ വാഗൺട്രാജടിയിൽ ശ്വാസം മുട്ടി പിടഞ്ഞു പിടഞ്ഞു മരിച്ച ബ്രിട്ടീഷു ഗവമ്മെണ്ടിന്റെ തീ തുപ്പുന്ന പീരങ്കികൾക്ക് വിരിമാറു കാട്ടി പരലോകം പൂണ്ട സഹോദരന്മാർ ഒരു വർഗ്ഗീയ ലഹളയിൽ പങ്കെടുത്ത ദേശദ്രോഹികളായിത്തീർന്നിരിക്കുന്നു. അവരെ ആദരിക്കേണ്ട. അവശേഷിച്ച ആ സ്വാതന്ത്ര്യ ഭടന്മാർക്ക് താമ്രപത്രവും പെൻഷനും നൽകണം. അവരെ അപമാനിക്കാതിരിക്കയെങ്കിലും ചെയ്തു കൂടെ?

തനിക്ക് ശരിയാണെന്നുതോന്നിയ മാർഗ്ഗത്തിലൂടെ അനീതിക്കെതിരിൽ ജീവിതം മുഴുവനും പൊരുതിയ പടനായകനാണ് മൊയ്തുമൌലവി. അദ്ദേഹം ത്യാഗം വിററുകാശാക്കിയിട്ടില്ല. അവിഹിതമായി സമ്പാദിച്ചു കൂട്ടിയിട്ടില്ല. സഹിക്കുമോ അദ്ദേഹത്തിന്നു സമുദായത്തിന്നെതിരിലുള്ള ചരിത്രാഭാസങ്ങളുടെ പന്നിപ്പേറു? വാർദ്ധക്യ

സഹജമായ അസുഖങ്ങളാൽ അവശനായ അദ്ദേഹം വിശ്രമക്കിടക്കയിൽ നിന്നും തന്റെ പൊരുത്തുന്ന തൂലികക്കു് മൂർച്ചകൂട്ടി പൊടിപ്പും തൊങ്ങലും മില്ലാതെ ആത്മാർത്ഥതയുടെ മഷിമുക്കിഎഴുതി. ആത്മകഥയും ചരിത്ര ചിന്തകളുമൊക്കെ പലരുടെയും മുഖമൂടി അതു വലിച്ചുകീറി. പലരേയും അതു് മുറിവേൽപിച്ചു. പിഞ്ഞാണക്കടയിൽ കയറിയ കാളയെപ്പോലെ പലതും അതു തട്ടിമറിച്ചു.

ശൈലിയിലും പ്രതിപാദന രീതിയിലും ഈ പുസ്തകങ്ങളിൽ നിന്നു വ്യത്യസ്തമായ മറെറാരു പുസ്തകമാണു് ഞാൻ അഭിമാനപൂർവ്വം അവതരിപ്പിക്കുന്ന ഇന്ത്യൻ മുസ്ലീകളും സ്വാതന്ത്ര്യ പ്രസ്ഥാനവും സ്വാതന്ത്ര്യ സമരത്തിൽ മുസ്ലിംകൾ വഹിച്ച പങ്കിന്റെ യഥാതഥമായ ഒരു ചിത്രീകരണമാണിതു്. മുസ്ലിംകളെയും മുസ്ലിംകളല്ലാത്തവരെയും ആ ചരിത്രം മൌലവി പഠിപ്പിക്കുന്നു. പരുക്കൻ ഖാദിയുടുത്തും പാവങ്ങളുടെ കുടിലിൽ പാർത്തും അനാഡംബര ജീവിതം നയിച്ചും സ്വാതന്ത്ര്യത്തിനുവേണ്ടി സഹന സമരവും വാളേന്തിയ യുദ്ധവും നടത്തിയ ഷാവലിയുല്ലായെയും സയ്യിദ് ഇസ്മായിലിനെയും പോലുള്ള സൂഫിവര്യന്മാരുടെ സമരത്തിന്റെ തുടർച്ചയാണിതു്, ഗാന്ധിജിക്കു മുമ്പുള്ള സ്വാതന്ത്ര്യ സമര ചരിത്രത്തിലെസുവർണ്ണ ലിപികളാൽ ലേഖനം ചെയ്തു് കോരിത്തരിപ്പിക്കുന്ന ഒരദ്ധ്യായമാണു്.

സഹന സമരത്തിന്റെയും ഹരിജനോദ്ധാരണത്തിന്റെയും പാഠങ്ങൾ പഠിപ്പിച്ചതും ജീവിതത്തിൽ പകർത്തിയതും ഈ പുണ്യവാളന്മാരായിരുന്നു. ഗാന്ധിജി അന്നു് ജനിച്ചിട്ടുപോലുമില്ല. അതൊക്കെയുണ്ടോ നമ്മുടെ യുവജനങ്ങളറിയുന്നു. എങ്ങിനെ അറിയാൻ? നമ്മുടെ ചരിത്രകാരന്മാർക്കുതന്നെ അതറിയില്ലല്ലോ?

ഞാനിതവതരിപ്പിക്കുമ്പോഴും ഹിന്ദുമുസ്ലിം കലാപങ്ങൾ നടന്നുകൊണ്ടിരിക്കുകയാണു്. താജ്മഹൽ പോ-

-ലെ സുന്ദരവും ചെങ്കോട്ടപോലെ സുഭദ്രവും ഖുത്തുബ്മിനാർ പോലെ ഉന്നതവുമായ സംഭാവനകൾ ഭാരത സംസ്കാരത്തിനു നൽകിയ സമുദായം വേട്ടയാടപ്പെടുകയാണു്, ചരിത്രപരമായ വിവരക്കേടു് തീർക്കലാണു് അതിനു പോംവഴി. അതിനു എളിയതെങ്കിലും ആത്മാർത്ഥമായ ഒരു ശ്രമം മൌലവി നടത്തുന്നു. ചിത്രത്തിന്റെ ഇരുട്ടറയിലേക്കു മൌലവി കത്തിച്ച ഒരു മെഴുകുതിരിയാണീപുസ്തകം. ചരിത്രപരമായി അജ്ഞരും അന്ധരുമായ ആളുകളെ കൈപിടിച്ചു ഈ പ്രയോജനപ്രദമായ ഗ്രന്ഥം നോക്കി '' ഇതിലേ ഇതിലേ '' എന്നുപറയാനെ എനിക്കു് കഴിവുള്ളു. ആ കടമ ഞാൻ സവിനയം നിർവ്വഹിക്കട്ടെ-

**-സി. എച്ച്. മുഹമ്മദ്കോയ**

# പ്രസാധകക്കുറിപ്പ്

ഇന്ത്യൻ സ്വാതന്ത്ര്യ സമ്പാദനത്തിന്നായി മുസ്‌ലിംകൾ അനുഭവിച്ച ത്യാഗങ്ങളും യാതനകളും വേദനകളും അവർണ്ണനീയമത്രെ. ഇന്ത്യൻ മുസ്‌ലിം പണ്ഡിതനേതാക്കൾ എല്ലാ കാലഘട്ടങ്ങളിലും സമുദായത്തിന്നു സമുചിതമായ നേതൃത്വം നൽകിയിരുന്നു. വൈദേശിക മേധാവിത്തത്തോടു തുറന്ന സമരം നടത്താൻ ആഹ്വാനം നൽകിയതുതന്നെ മുസ്‌ലിം ഉലമാക്കളായിരുന്നു. ഹസ്രത്ത് ശാഹ്‌വലിയ്യുല്ലാഹിദഹ്‌ലവി, ഹസ്രത്ത് സയ്യിദ്‌അഹ്‌മദുശഹീദുബറേൽബി, ഹ: സയ്യിദുമുഹമ്മദുഇസ്‌മാഈൽശഹീദു മുതലായ പണ്ഡിത നേതാക്കളുടെ പരിഷ്‌കരണ പ്രസ്ഥാന ചരിത്രം ഈ ഗ്രന്ഥത്തിൽ സവിസ്‌തരം പ്രതിപാദിച്ചിട്ടുണ്ട്.

കേരളത്തിലെ സ്വാതന്ത്ര്യസമര നായകന്മാരിൽ അഗ്രേസരനും സമുദായോത്തേജകനുമായ ജ: ഇ. മൊയ്‌തുമൗലവി സാഹിബ് അവർകളാണ് ഈ മഹൽ ഗ്രന്ഥം രചിച്ചത്. പ്രായത്തിന്റെ ക്ഷീണം വക വെക്കാതെ ഈ ഗ്രന്ഥം എഴുതിയ വന്ദ്യരായ ഗ്രന്ഥകാരനോടു് ഞങ്ങൾക്കുള്ള സീമാതീതമായ കടപ്പാടിനെ ഇവിടെ രേഖപ്പെടുത്തട്ടെ. സർവ്വ വിധമായ ശുഭ പ്രതീക്ഷയോടും കൂടി ഇന്ത്യൻ മുസ്‌ലിംകളും സ്വാതന്ത്ര്യ പ്രസ്ഥാനവും കേരളീയരുടെ ഹസ്തങ്ങളിൽ അർപ്പിക്കുന്നു.

കോഴിക്കോട്<br>25–6–1982 — **അൽ-ഹുദാ ബുക്ക് സ്റ്റാൾ**

# അവതാരിക

എൻെറ അഭിവന്ദ്യ സുഹൃത്തും ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിലെ ധീര ഭടനും, മഹാ പണ്ഡിതനും, ചിന്തകനുമായ മൊയ്തുമൌലവി സാഹിബ്ബ് അദ്ദേഹത്തിൻെറ ഈ പുതിയ ഗ്രന്ഥം-- ഇന്ത്യൻ മുസ്ലിംകളും സ്വാതന്ത്ര്യ പ്രസ്ഥാനവും'' വായിച്ചു നോക്കി എന്തെങ്കിലും എഴുതി അയക്കണമെന്ന് എന്നോടാവശ്യപ്പെട്ടപ്പോൾ എനിക്ക് മറ്റൊന്നും പറയാൻകഴിഞ്ഞില്ല. കാരണം 45കൊല്ലംമുമ്പ് എൻെറ പ്രിയസുഹൃത്ത് പരേതനായ വക്കം അബ്ദുൽഖാദർ, പഴയ അൽ-അമീൻ ആപ്പീസിൻെറ മാളികയിൽ വെച്ച് മൊയ്തുമൌലവി സാഹിബ്ബിനെ എനിക്കു കാട്ടിത്തന്നതു മുതൽക്കു ഞാൻ ആദരിച്ചുവരുന്ന ആദർശനിഷ്ഠയുള്ള ഒരു ദേശീയ ചിന്തകനാണ് അദ്ദേഹം: സ്വാതന്ത്ര്യ സമര കേസരിയായിരുന്ന മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിൻെറ വലംകയ്യായി നിന്നിരുന്ന വീര യോദ്ധാവ്

ദേശീയ വിമോചന സമരങ്ങളിൽ തുടക്കം മുതൽക്കു തന്നെ പങ്കെടുത്തിരുന്നു. 90 കഴിഞ്ഞ ഈ കാരണവർക്കു അക്കാലത്തെക്കുറിച്ച് മായാത്ത പല ഓമ്മകളുമുണ്ട്. ദേശീയബോധം, സേവനം തുടങ്ങിയ പല തത്വങ്ങളുടെ അർത്ഥത്തിന്നും ആശയത്തിന്നും മാനത്തിന്നും തേമാനം പററിയ കാലമാണിത്. മാർക്സിയൻ സിദ്ധാന്തങ്ങൾക്കുപോലും മൂല്യശോഷണം വന്നുകൊണ്ടിരിക്കയാണ്. ഈ ഘട്ടത്തിലാണ് മൊയ്തുമൌലവി സാഹിബ്ബ് തൻെറ ഇന്ത്യൻ മുസ്ലിംകളും സ്വാതന്ത്ര്യ പ്രസ്ഥാനവും എന്ന ഗ്രന്ഥം പുറത്തിറക്കുന്നത്. മൌലവിസാഹിബ്ബിൻെറ ചിന്തകൾപുതിയ തലമുറക്കു ആദ്യം അൽപം അരോചകമായിത്തോന്നിയേക്കാം. എന്നാൽ '' മൂത്തവർ വാക്കും മുതുനെല്ലിക്കയും മുമ്പിൽ കൈയ്ക്കും പിന്നെ മധുക്കും '' എന്ന പഴഞ്ചൊ

ല്ലപോലെ, ക്രമേണ ആസ്വാദ്യമാകുമെന്ന് എനിയ്ക്ക തോന്നുന്നു.

പഴയ കാലങ്ങളിലെ അനുഭവങ്ങളും പണ്ടുള്ളവർ എഴുതിയ ഗ്രന്ഥങ്ങളിലെ തത്വങ്ങളും അവലംബിച്ചുകൊണ്ടാണ് മൌലവിസാഹിബ്ബ് ഈ ഗ്രന്ഥം രചിച്ചിരിക്കുന്നത്. പതിനെട്ടാം നൂററാണ്ടിൽ ജീവിച്ചിരുന്ന ഹസ്രത്ത് ശാഹ്‌വലിയുല്ല എന്ന പണ്ഡിതന്റെ '' ഹുജ്ജത്തുല്ലാഹിൽ ബാലിഗ '' എന്ന അറബ് ഗ്രന്ഥത്തിലെ പല തത്വങ്ങളും ആശയങ്ങളും തന്റെ വാദങ്ങൾക്കുപോൽ ബലകമായി മൌലവി സാഹിബ്ബ് ഉദ്ധരിക്കുന്നുണ്ട്.

രാഷ്ട്രീയ തത്വ ചിന്തകളുടെയും സാമൂഹ്യ നീതി ശാസ്ത്രങ്ങളുടെയും പേരിൽ ഇന്നു പലരും പല തരത്തിൽ ഗ്രന്ഥങ്ങൾ രചിച്ച് പുറത്തിറക്കുന്നുണ്ടല്ലോ. അക്കൂട്ടത്തിൽ ചിന്തകന്മാരുടെ ഇടയിൽ ഈ മഹൽ ഗ്രന്ഥം മുൻ പന്തിയിൽ ഒരു സ്ഥാനം ലഭിക്കട്ടെ എന്ന ആശംസയോടു കൂടി ഞാൻ ഇതിനെ സജ്ജനസമക്ഷം അവതരിപ്പിച്ചു കൊള്ളുന്നു.

'' ചന്ദ്രകാന്തം ''
കോഴിക്കോട്_4
30_8–1982

എസ്. കെ. പൊററക്കാട്

# ഉള്ളടക്കത്തെപ്പററി

മുസ്‌ലിംകൾ നാട്ടിന്റെ സ്വാതന്ത്ര്യം സംരക്ഷിക്കാനും വിദേശാധിപത്യത്തെ ഇവിടെ നിന്നു നിഷ്ക്കാസനം ചെയ്യാനും വേണ്ടി വളരെ അധികം പരിശ്രമിച്ചിട്ടുണ്ടെന്ന യാഥാർത്ഥ്യം വെളിപ്പെടുത്താനായി കുറേ നാളുകൾക്ക് മുമ്പ് തന്നെ ഞാൻ ഉദ്യമിച്ചിരുന്നു. ഹ: ശാഹ് വലിയ്യുല്ലാഹിദ്ദഹ്‌ലവി(റ) യുടെ ജീവിതാദർശവും ചിന്തകളും ഉൾക്കൊള്ളുന്ന ഗ്രന്ഥങ്ങൾ തേടിപ്പിടിച്ചു മലയാള ഭാഷയിലേക്ക് വിവർത്തനം ചെയ്യാൻ മുതിർന്നു. എന്റെ പരിശ്രമം ഒരളവോളം വിജയിച്ചിട്ടുണ്ടെന്നു ഞാനിപ്പോൾ ആശ്വസിക്കുകയാണ്. ഞാൻ എഴുതി തീർത്ത ആ ഭാഗങ്ങൾ പരിശോധിച്ചു തെററുകൾ തിരുത്താനും അധികപ്പററുള്ളത് നീക്കം ചെയ്യാനുമുള്ള സ്വാതന്ത്ര്യം അനുവദിച്ചുകൊണ്ട് ശ്രീമാന്മാർ ഡോക്ടർ സി. കെ. കരീം സാഹിബ്, മുൻ മുഖ്യമന്ത്രിയും ഇപ്പോൾ ഉപ മുഖ്യമന്ത്രി സി.എച്ച്. മുഹമ്മദ്കോയ സാഹിബ്, ഡോക്ടർ എസ്. കെ. പൊററക്കാട് എന്നിവർക്കയച്ചുകൊടുത്തു. ശ്രീ. സി. കെ. കരീമിന്നു പുസ്തകം പൂർണ്ണമായും വായിച്ചു തീർക്കാൻ സാധിച്ചില്ലെങ്കിലും ചിലഭാഗങ്ങളെല്ലാം തിരുത്തി അദ്ദേഹം മടക്കിഅയച്ചു.

രണ്ടാമതായി ജ: സി. എച്ച്. മുഹമ്മദ്കോയ സാഹിബാണ് ഈ പുസ്തകം സസൂക്ഷ്മം പരിശോധിച്ചത്. അദ്ദേഹം ഇതു മുഴുവനും വായിച്ചു തീർത്തിട്ടുണ്ടെന്നാണ് എന്റെ വിശ്വാസം. കാരണം പുസ്തകത്തിന്റെ ആദ്യം മുതൽ അന്ത്യംവരെ പച്ചമഷികൊണ്ടുതിരുത്തി കാണുന്നു.

അതുകൊണ്ടാണ് പുസ്തകം മുഴുവനും അദ്ദേഹം അവധാനപൂർവ്വം പരിശോധിച്ചിട്ടുണ്ടെന്നു ബോദ്ധ്യമായത്. ഒടുവിലാണ് ശ്രീ. എസ്. കെ. പൊറ്റക്കാടിന്റെ അടുക്കലേക്ക് അയച്ചത്. എന്റെ പുസ്തകം കിട്ടിയ ഉടനെതന്നെ അദ്ദേഹത്തിന്നു ശരിക്ക് ശ്വാസംവിടാൻപോലും സമയം കിട്ടാത്ത നിലയിലുള്ള സ്വീകരണങ്ങളും സൽക്കാരങ്ങളും തുരുതുരേ വന്നതു നിമിത്തം എന്തെങ്കിലും എഴുതാനുള്ള ബുദ്ധിമുട്ട് അനുഭവിക്കേണ്ടിവന്നു.

പുസ്തകം മടക്കിത്തരാൻ ആവശ്യപ്പെട്ടുകൊണ്ട് ഞാൻ അദ്ദേഹത്തിന്ന് ഒന്നിലധികം തവണ എഴുതി. വളരെകാലം താമസിപ്പിക്കാതെ എന്തെങ്കിലും എഴുതിമാത്രമേ തിരിച്ചയക്കുകയുള്ളു എന്ന് അദ്ദേഹം എന്നെ അറിയിച്ചു. അങ്ങിനെ വിലപ്പെട്ട ഒരവതാരികയോടുകൂടി ശ്രീ. പൊറ്റക്കാട് പുസ്തകം എനിക്ക് മടക്കിതന്നു. ജ: സി. എച്ച്. എം. കോയ സാഹിബ് അതിന്നു മുമ്പുതന്നെ പുസ്തകത്തെക്കുറിച്ചു ഒരു നല്ല ആമുഖം എഴുതിതന്നിട്ടുണ്ട്. ഇങ്ങിനെ ഈ രണ്ടു മഹൽ വ്യക്തികളുടെ വിലപ്പെട്ട അഭിപ്രായങ്ങൾ ലഭിച്ചപ്പോൾ ഞാൻ സന്തുഷ്ടനായി. എന്നാൽ ഇവരാരും തന്നെ പുസ്തകത്തിലെ ഭാഷാശൈലിയെ പറ്റിയാതൊന്നും ഉരിയാടിയിട്ടില്ല. ഉള്ളടക്കത്തെപ്പറ്റിയാണ് അവർ പ്രശംസിക്കുന്നത്. ഭാഷാപരമായ തെറ്റുകൾ ഉണ്ടോ ഇല്ലയോഎന്നുതീരുമാനിക്കേണ്ടത്അനുവാചകരാണ്. ആശയങ്ങളും ആദർശങ്ങളും വെളിപ്പെടുത്താനുള്ള ഉപാധിയാണ് ഭാഷ. എനിക്ക് അറിയുന്ന—ഞാൻ സാധാരണ ഉപയോഗിക്കാറുള്ള—ഭാഷയിൽ തന്നെയാണ് ഇതെഴുതിയിട്ടുള്ളത്. സി. എച്ച്. അഭിപ്രായപ്പെട്ടതുപോലെ പൊടിപ്പും തൊങ്ങലും വെക്കാനും കടിച്ചാൽ പൊട്ടാത്ത സംസ്കൃത പദങ്ങൾ കുത്തിനിറക്കാനും ഞാൻ മുതിർന്നിട്ടില്ല, മലയാള



അക്ഷരമാലകൾ മാത്രം അഭ്യസിച്ചവർക്ക്പോലും ഗ്രഹിക്കാൻ കഴിയുന്ന ശൈലിയിലാണ് ഈ കൃതി രചിച്ചത്.

ഇതിന്നു പുറമെ മറ്റുചില പുസ്തകങ്ങളും ഞാൻ രചിച്ചിട്ടുണ്ട്, അവയിൽ ഉപയോഗിച്ചിട്ടുള്ള ഭാഷയും ഇപ്രകാരമുള്ളതാണ്. ശ്രീ. എസ്. കെ. പൊറ്റക്കാട് ഭാഷാപരമായി വല്ലതും സൂചിപ്പിക്കുമെന്നു ഞാൻ കരുതിയിരുന്നു, മേൽപറഞ്ഞ മൂന്നാളുകളും അതിലേക്ക് തിരിഞ്ഞുകണ്ടില്ല.

ഹ: ശാഹ്‌വലിയ്യുല്ലാഹിദഹ്‌ലവി(റ) യുടെ "ഫക്കുകല്ലിനിസാം" എന്ന പ്രസ്ഥാനത്തെപ്പറ്റിയും ശൈഖ് സയ്യിദ്അഹ്മദുബറേൽവി(റ)യും കൂട്ടരും ഇന്ത്യയിലും ഇന്ത്യക്ക് പുറത്തും നടത്തിയ സ്വാതന്ത്ര്യസമര ചരിത്രങ്ങളും ഹരിജനോദ്ധാരണം, ഖാദിപ്രസ്ഥാനം എന്നിവയെപ്പറ്റിയുമെല്ലാം ഈ ഗ്രന്ഥത്തിൽ സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. ഹ: ശാഹ്‌വലിയ്യുല്ലാഹിദഹ്‌ലവി(റ) നിരവധി ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. അറബി–പേർഷ്യൻ ഭാഷകളിലാണവയെല്ലാം. ഇതേവരെ മലയാള ഭാഷയിലേക്ക് ആ ഗ്രന്ഥങ്ങളിൽ ഒന്നുപോലും വിവർത്തനം ചെയ്യപ്പെട്ടിട്ടില്ല. ഈ ഗ്രന്ഥം ചരിത്ര വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ഉപകാരപ്രദമായിരിക്കും. പൊതുജനങ്ങൾക്ക് ഇന്ത്യൻ മുസ്ലിംകൾ നാട്ടിന്നു ചെയ്ത വിലപ്പെട്ട സേവനങ്ങൾ ഗ്രഹിക്കാനും ഈ കൃതി പര്യാപ്തമാകുന്നതാണ്.

മറ്റൊരു മാന്യൻ കൂടി ഈ പുസ്തകം പരിശോധിച്ചു അഭിപ്രായം രേഖപ്പെടുത്തീട്ടുണ്ട്, അത് ബേപ്പൂർ ഹൈസ്കൂൾ ഹെഡ്മാസ്റ്റർ അഹമദുകുഞ്ഞ് സാഹിബാണ്.

പ്രസിദ്ധീകരണ ചുമതല ഏറ്റെടുത്തത് കോഴിക്കോട്ടെ അൽ–ഹുദാ ബുക്ക് സ്റ്റാളാണ്. പ്രസ്തുത

സ്ഥാപനമായി എന്നെ ബന്ധപ്പെടുത്തിയത് ജ: കെ. കെ. മുഹമ്മദ്അബ്ദുൽകരീം ആണ്. ഈ പുസ്തകത്തിന്റെയും എന്റെ മറ്റെല്ലാ ഗ്രന്ഥങ്ങളുടേയും പകർപ്പവകാശം എന്റെ ഇളയമകൻ സുബൈറിൽ മാത്രം നിക്ഷിപ്തമാണ്. ഫെബീൻ പ്രിന്റേഴ്സ് ആണ് ഇത് മുദ്രണം ചെയ്യുന്നത്. എല്ലാവർക്കും എന്റെ അഭിനന്ദനങ്ങൾ.

എന്നാൽ ഒരു സംഗതി കൂടി പറഞ്ഞുകൊണ്ട് ഈ പ്രസ്താവന അവസാനിപ്പിക്കുന്നു. പുസ്തകത്തിന്റെ ഉള്ളടക്കത്തെപ്പററിയും അത് രചിച്ചതിനെ പററിയും വാഴ്ത്തിപറഞ്ഞിട്ടുണ്ട്. ഭാഷാപരമായ ന്യൂനതകൾ ചൂണ്ടികാണിക്കാൻ മുതിർന്നിട്ടില്ല അതിനാൽ യാതൊരു വൈകല്യവുമില്ലാത്ത ഭാഷയിലാണിത്. രചിക്കപ്പെട്ടതൊന്നും ഞാനഭിമാനിക്കുന്നില്ല. വിമർശന മനോഭാവത്തോടുകൂടി പരിശോധിക്കുന്നവർ ധാരാളം ഭാഷാവൈകല്യങ്ങൾ കണ്ടേക്കും. 'ഉററുനോക്കിയാൽ പട്ടും പരുക്കനാണ്' എന്നൊരു പഴമൊഴിയുണ്ട് വല്ല ഭാഷാപരമായ തെററും ഉണ്ടെങ്കിൽ അത് ചൂണ്ടികാണിക്കണമെന്ന് വായനക്കാരോട് ഞാനപേക്ഷിക്കുന്നു.

കോഴിക്കോട്
28–6–1982

ഇ. മൊയ്തുമൌലവി

# സ്വാതന്ത്ര്യ സമര ദർപ്പണം

കി. പതിനെട്ടാം നൂററാണ്ട് ഭയങ്കര കലഹങ്ങളാലും രൂക്ഷമായ വിപ്ലവങ്ങളാലും കലുഷിതമായ ഒരു കാലഘട്ടമായിരുന്നു. ആ നൂററാണ്ടിന്റെ ആരംഭ ദശയിലാണ് എല്ലാ രംഗങ്ങളിലും സമൂല പരിവർത്തനം വേണമെന്ന മുദ്രാവാക്യം മുഴക്കിക്കൊണ്ട് ഒരു മുസ്‌ലിം മഹാപണ്ഡിതൻ രംഗപ്രവേശം ചെയ്തത്. ഹസ്രത്ത് അല്ലാമാ ശാഹ് അബ്ദുർ റഹീം സാഹിബിന്റെ പുത്രനായി ജനിച്ച ശാഹ് വലിയ്യുല്ലാഹിദ്ദെഹ്‌ലവി ആയിരുന്നു അത്. അദ്ദേഹം വിജ്ഞാനപ്രദങ്ങളായ ഒട്ടധികം ഗ്രന്ഥങ്ങൾരചിച്ചിട്ടുണ്ട്. അവ അറബി, പേഴ്സ്യൻ ഉർദു എന്നീ ഭാഷകളിലാണ്. 'ആൾഇന്ത്യാ ജംഇയ്യത്തുൽ ഉലമ' ഈ അടുത്ത അവസരത്തിൽ പഴയകാലത്തെ മുസ്‌ലീംകളുടെ ഭരണ സമ്പ്രദായങ്ങളുടെയും മററും ഒരു ചരിത്രമേന്മ വെളിപ്പെടുത്തുന്ന ഗ്രന്ഥാവലി പ്രസിദ്ധപ്പെടുത്തിവരുന്നുണ്ട്. ആ ഗ്രന്ഥാവലിയിലെ രണ്ടാം ഖണ്ഡത്തെ ആസ്പദമാക്കിയാണ് ഞാനീ ചെറുഗ്രന്ഥം എഴുതുവാൻ ഉദ്യമിക്കുന്നത്. അല്ലാമാ ശാഹ് വലിയ്യുല്ലായുടെ പ്രസ്ഥാനമാണ് ഇതിലെ പ്രധാനമായ ഇതിവൃത്തം

## പതിനെട്ടാം നൂററാണ്ട്:-

മുന്നൂറ് കൊല്ലക്കാലത്തോളം സുശക്തവും സുഭദ്രവുമായ ഒരു ഭരണകൂടത്തിന്റെ ഉടമസ്ഥതാവകാശം മറെറാരു കൂട്ടരിലേക്ക് ലയിക്കാൻ തുടങ്ങിയത് ക്രി. പതിനെട്ടാം

നൂററാണ്ടിലാണ്. സുൽത്താൻ ഔറംഗസീബിൻെറ മര
ണാനന്തരമാണ് മുഗൾഭരണകൂടത്തിന്ന് ഉടവ്പററാൻ തു
ടങ്ങിയത്. ഖാണ്ഡഹാർ മുതൽ ആസ്സാംവരെയും നീ
പ്പാൾ തിബത്ത് മുതൽ ഇങ്ങ് വിദൂര ദേശമായ മലബാർ
വരെയുമുള്ള എല്ലാ രാജ്യങ്ങളും ഒരേയൊരു കേന്ദ്രഭരണ
ത്തിൻ കീഴിലായിരുന്നു.പതിനെട്ടാംനൂററാണ്ടിൻെറആരം
ഭത്തിൽ –ക്രി.ആയിരത്തി എഴുനൂററി ഏഴ് ഫിബ്രവരി
പത്തൊമ്പതിന്ന്— ഹിജ്റ–ആയിരത്തി ഒരുനൂററി പ
തിനെട്ട് ദുൽ ഖ അ് ദ് ഇരുപത്തെട്ടിന് വെള്ളിയാഴ്ച—
മഹാനായ സുൽത്താൻ ഔറംഗസീബ് ആലംഗീർ ചക്ര
വർത്തി ചരമം പ്രാപിച്ചു.തദനന്തരം കത്തഴിഞ്ഞുതാളുകൾ
വേർപ്പെട്ട ഗ്രന്ഥംപോലെയായിത്തീർന്നു രാഷ്ട്രത്തിൻെറ
സ്ഥിതി. പ്രവിശ്യകളിലെ ഗവർണ്ണർമാർ സ്വതന്ത്രരാജ
സ്ഥാനങ്ങൾ സ്ഥാപിക്കുകയും സാമ്രാജ്യം തുണ്ടുതുണ്ടായി
ത്തീരുകയും ചെയ്തു.വളർന്നുകൊണ്ടിരുന്ന മാറാത്തക്കാരേ
യോ,സിക്കുകാരേയോ എതിരിട്ട് രാജ്യത്തിൻെറ ഏക
താനത സംരക്ഷിക്കാൻ ദുർബ്ബലരായ പിൽക്കാല മുഗൾ
ചക്രവർത്തിമാർക്ക് കഴിയാതെവന്നു. കേരളത്തിൻെറയും
ഗുജറാത്തിൻെറയും തീരങ്ങളിൽ നാവികസന്നാഹങ്ങളു
മായി ഭീകരമായ ഒരു വാണിജ്യനയം നടപ്പിലാക്കികൊ
ണ്ടിരുന്ന പറങ്കിപ്പടയേയോ,അതിനുശേഷംപ്രമാണിത്വം
ലഭിച്ച ലന്തക്കാരേയോ അടിച്ചോടിക്കുവാൻ മുഗൾശക്തി
ക്ക് കഴിയാതെ പോയതാണ് പിന്നീട് ഇംഗ്ലീഷ് ആ
ധിപത്യത്തിന് വഴിതെളിയിച്ചത്.കച്ചവടക്കാരുടെ വേ
ഷമണിഞ്ഞുകൊണ്ട്വന്ന ഒരു വെള്ളവർഗ്ഗം നൂറുകൊല്ലം
കഴിയുന്നതിന്ന്മുമ്പായി നാട്ടിൻെറ ആധിപത്യം കര
സ്ഥമാക്കി.

മുഗൾസാമ്രാജ്യം ലോകത്തിലെ ഏററവും പ്രശസ്തമാ
യ ഒന്നായിരുന്നു. ഔറംഗസീബിൻെറ തിരോധാനത്തോ
ടുകൂടി വിശ്വോത്തരമായ ഒരു സാമ്രാജത്തിൻെറ അന്ത്യ
ശ്വാസവും കഴിഞ്ഞു. പിന്നീട് ലോകരാഷ്ട്രങ്ങളുടെ ശ്രദ്ധ
ഇന്ത്യയിലേക്ക് തിരിയുന്നതും തെന്നിന്ത്യയിലെ മൈ
സൂർ വ്യാഘ്രം ഇംഗ്ലീഷ് ആധിപത്യത്തെ വെല്ലുവിളിച്ചു



കൊണ്ട് ധീരവും സന്ധിയില്ലാത്തതുമായ അന്ത്യസമര
ത്തിന് തയ്യാറെടുത്തപ്പോഴാണ് 1799 മേയ്മാസത്തിൽ
വിദേശീയരായ ഇംഗ്ലീഷുകാരുടെ പടയോട് എതിരിട്ട്
പടക്കളത്തിൽ വീണ് മൃതിയടഞ്ഞ ടിപ്പുസുൽത്താൻ
ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനും ഏകീകരണത്തിന്നും
വേണ്ടി രക്തസാക്ഷിയായ മഹാനായിരുന്നു. തങ്ങളുടെ
ആജന്മ ശത്രു കൊല്ലപ്പെട്ടു എന്ന് മനസ്സിലാക്കിയ വെല്ല
സ്ളിപ്രഭു, ബോർഡ് ഓഫ് ഡയറക്ടേഴ്സിന് എഴുതി
''ഇതോടെ നാം ഇന്ത്യയുടെ സർവ്വാധിപതികളായി''
എന്ന് (Weellesly's Despatches etc. Pxcii)
മറെറാരു സമകാലിക സൈനിക മേധാവിയുടെ പ്രതിക
രണം, ''പൗരസ്ത്യ സാമ്രാജ്യം നമ്മുടെ കാലിന്നടിയിലാ
യിക്കഴിഞ്ഞു'', എന്നായിരുന്നു (Abur-Rise and Pro-
gress of British India vol II P. 19) ജനറൽ
ഹാരീസ് പ്രഖ്യാപിച്ചു ''ഇതോടെ ഇന്ത്യ നമ്മുടേതായി''

പ്രസ്തുത നൂററാണ്ടിലെ ഭയാനകങ്ങളായ സംഭവങ്ങൾ
ഇവിടെ ചുരുങ്ങിയ നിലയിൽ വിവരിക്കാം.

1 ഔറംഗസീബിൻെറ ഭരണകാലത്ത് ജാതീയമോ
വിശ്വാസപരമോ വർഗ്ഗീയമോ ആയ യാതൊരു വ്യത്യാ
സവും ഉണ്ടായിരുന്നില്ല.ആ വക രോഗങ്ങളെല്ലാം അദ്ദേ
ഹത്തിൻെറ ജീവിതകാലത്ത് ഒതുങ്ങി നില്ക്കുകയായി
രുന്നു.ആ മഹാൻെറ വിയോഗാനന്തരം അത്തരം സാംക്ര
മികരോഗങ്ങൾ മുഴുവൻ ശക്തിയോടെ ആഞ്ഞടിച്ചു. ആഭ്യ
ന്തരകലഹം ആരംഭിച്ചു. തൽഫലമായി അമ്പത് കൊല്ല
ക്കാലത്തിന്നിടയിൽ—ക്രി. ആയിരത്തെഴുനൂററി ഏഴ് മു
തൽ അമ്പത്തേഴവരെ—ഡൽഹിയിലെ സിംഹാസന
ത്തിൽ പത്ത്പേർ അഭിഷേകം ചെയ്യപ്പെട്ടു. അവരിൽ
നാലുപേർ മാത്രമേ സ്വന്തംകിടക്കയിൽ കിടന്ന് മരണമ
ടഞ്ഞിട്ടുള്ളു. ബാക്കിയുള്ളവർ വധിക്കപ്പെടുകയോ സ്ഥാ
നഭ്രഷ്ടരാക്കപ്പെടുകയോ ആണുണ്ടായത്.

2 സംസ്ഥാനങ്ങളിലെ ഗവർണ്ണർമാർ സ്വതന്ത്രന്മാ
രായി. മുഗൾ ചക്രവർത്തി എന്ന പദവി വെറും അലങ്കാര

മായി തീൻ. ചക്രവർത്തിയുടെ അധികാരം നാമമാത്രമായി അവശേഷിക്കകയും ചെയ്തു.

3 ദക്ഷിണേന്ത്യയിൽ മഹാരാഷ്ട്രക്കാർ ഒരു പ്രത്യേക ശക്തിയായിത്തീൻ.

4 ഡൽഹിയുടെ വടക്കകിഴക്ക് രോഹിലികളുടെ ഒരു ഗവമ്മെൻറുണ്ടായി. അതിന്നെതിരായി ഔധിലെ ഗവമ്മെൻറ് സ്വയം ചക്രവർത്തിപദം സ്വീകരിച്ചു.

5 ഡൽഹിയിലെ തെക്കപടിഞ്ഞാറ് ജാട്ടുകാം ശക്തിപ്രാപിച്ചു.

6 വടക്ക് പടിഞ്ഞാറ് ഒരു മത വിഭാഗമായിരുന്ന ''ഖാലിസ'' ഒരു സ്വതന്ത്ര ഗവമ്മെണ്ടായിത്തീൻ.

അധികാര ദുർമ്മോഹികളായ ഈ നീചപ്പരിഷകാം പരസ്പരം കലഹിച്ചുകൊണ്ടിരുന്നതിനാൽ ഭാരത ഭൂഖണ്ഡമാകമാനം പടക്കളമായിത്തീൻ. അടിക്കടി അവരുടെ മുന്നേററം ഡൽഹിവരെ എത്തി. മുന്നൂറ് കൊല്ലക്കാലത്തെ പ്രശസ്തമായ ഭരണത്തിൻെറ മഹിമയും യശസ്സും അവർ നഷ്ടപ്പെടുത്തി, ഈ ലഹളഭ്രാന്തന്മാർ തങ്ങളുടെ എതിരാളികളെ നശിപ്പിക്കാനായി ചെയ്യാത്ത വൃത്തികേടുകളൊന്നുംതന്നെയില്ല. ബാഹ്യശക്തികളുമായി ഗൂഢാലോചന നടത്തിയ ഒരു ഗ്രൂപ്പ് നാദിർഷായെ ക്ഷണിച്ചപ്പോാം മറെറ ഗ്രൂപ്പ് അബ്ദാലിയെ ശരണംപ്രാപിച്ചു. ഇവർ തമ്മിൽ സ്വഭാവത്തിൽ കുറച്ചൊക്കെ വ്യത്യാസമുണ്ടായിരുന്നെങ്കിലും ഇരുക്കൂട്ടരും നാട്ടിന്നും നാട്ടാർക്കും കുഴപ്പം സൃഷ്ടിക്കുന്നതിൽ ഒന്നൊന്നിനെ കവച്ചുവെക്കും.

ഇന്ത്യയിലോ, ഇറാനിലോ അഫ്ഗാനിസ്ഥാനിലോ അല്ലെങ്കിൽ ഇന്ത്യയുടെ തലസ്ഥാനമായ ഡൽഹിയോട് ബന്ധപ്പെട്ടോ പ്രവർത്തിക്കുന്ന ശക്തികളായിരുന്നു ഇവർ. ഇനി അവശേഷിക്കുന്നത് വെള്ളക്കാരുടെ കാര്യമാണ്. ഇന്ത്യയുടെ കടലോരപ്രദേശങ്ങളിൽ അവർ കാലൂന്നിയിട്ടുണ്ടായിരുന്നു. യൂറോപ്പിൻെറ വിവിധ ഭാഗങ്ങളിൽ നിന്നും വന്ന ഇക്കൂട്ടർ അന്യോന്യം പകയോടും



ശത്രുതയോടും കൂടിയാണ് കഴിഞ്ഞുകൂടിയിരുന്നതെങ്കിലും ഇന്ത്യയുടെ അഭ്യന്തര കലഹങ്ങളിൽനിന്ന് മുതലെടുക്കുന്നതിൽ അവർ തുല്യരായിരുന്നു. ഈസ്റ്റിന്ത്യാ കമ്പനിയുടെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്മാർ ഇക്കാര്യത്തിൽ എല്ലാവരുടേയും മുമ്പിൽനിന്നുകൊണ്ട് പ്രവർത്തിക്കാൻ തുടങ്ങി. തന്ത്രജ്ഞരും ബുദ്ധിശാലികളുമായ ഇക്കൂട്ടർക്കാണ് അധികം ലാഭംകിട്ടിയത്. അവർ ബംഗാളിൽ തങ്ങളുടെ സൈനികശക്തി വദ്ധിപ്പിക്കാൻ തുടങ്ങി. ഒരു ഭാഗത്ത് അബ്ദാലിയുടെ സേനകാം പാനിപ്പത്തിലെ യുദ്ധരംഗത്ത് മറാട്ടികളെ മൂലച്ഛേദം ചെയ്യാനായി പോരാടിക്കൊണ്ടിരിക്കുമ്പോാം മറുഭാഗത്ത് ബംഗാളിൽ ആംഗ്ലേയസേനകാം സിറാജ്ദ്ദൗലയെ മരണത്തിൻെറ വായിലേക്ക് തള്ളിവിട്ടുകൊണ്ട് വൈദേശിക മേധാവിത്വത്തിൻെറ പതാകപാറിപ്പറപ്പിച്ചുകൊണ്ടിരുന്നു.

നാദിർഷാ ക്രി ആയിരത്തെഴുന്നൂററി മുപ്പത്തിനാലിൽ ഒരുകൂട്ടക്കൊല തന്നെനടത്തി അതിൽഹിന്ദുവാണോ മുസ്ലീമെന്നോ ഉള്ള യാതൊരു പരിഗണനയും ഉണ്ടായിരുന്നില്ല. കൂടുതൽ ജീവഹാനിയും ധനനഷ്ടവും അനുഭവിക്കേണ്ടിവന്നത് മുസ്ലിംകളാണ്. എന്ത്കൊണ്ടെന്നാൽ അവരായിരുന്നു നാദിർഷായുടെ പ്രധാന ശത്രുക്കാം അവരുടെ കൈയിലായിരുന്നു ഭരണത്തിൻെറ കടിഞ്ഞാൺ. അവരുടെ അധീനതതിൽതന്നെയായിരുന്നു നാട്ടിൻെറഖജനാവ്. അവരുടെ തെററായ പ്രവൃത്തിമൂലമാണ് നാദിർഷാക്ക് കൂട്ടക്കൊല നടത്താനുള്ള ഉന്മേഷവും ഉത്സാഹവും ലഭിച്ചത്.

അബ്ദാലിയുടെ ഏററവുമുട്ടൽ മറാത്തികളുമായിട്ടായിരുന്നു.അവരായിരുന്നു അയാളുടെ പ്രധാനലക്ഷ്യം. അബ്ദാലിയുടെ കൂടെക്കൂടെയുള്ള ആക്രമണത്തിൻെറഫലമായി മുസ്ലിംകളനുഭവിക്കേണ്ടിവന്ന നാശനഷ്ടങ്ങാം ഒട്ടും കുറവായിരുന്നില്ല.

ശംസുൽ ഉലമ'' ദുകാഉല്ലാഖാൻ' ഇങ്ങനെ റിപ്പോർട്ടു ചെയ്യുന്നു,, ''പരേതനായ നാദിർഷായുടെ ശക്തി രണ്ടു

ദിവസം മാത്രമായിരുന്നു. അബ്ദാലിയുടെ സേനകളാകട്ടെ രണ്ടുമാസക്കാലത്തോളം ഡൽഹിയിൽ കൊള്ളനടത്തി. കൊള്ളയുടെ ഫലമായി നാദിർഷായുടെ അക്രമങ്ങൾ പോലും ജനങ്ങൾ മറന്നുപോയി. അത്രയ്ക്ക് വലിയ അഴിമതികൾ നിറഞ്ഞ കൊള്ളകളായിരുന്നു അവർനടത്തിയത്. അഹമദ്ഷാഅബ്ദാലിയാകട്ടെ നാദിർഷായെപ്പോലുള്ള കഠിന ഹൃദയനായിരുന്നില്ല. പക്ഷെ അയാളുടെ പട്ടാളക്കാർ നാദിർഷായുടെ പട്ടാളത്തേക്കാൾ കൂടുതൽ അക്രമികളും കാട്ടാള സ്വഭാവമുള്ളവരും പരിഷ്കാരത്തിൻെറ വെളിച്ചം പോലും ദർശിച്ചിട്ടില്ലാത്തവരുമായിരുന്നു. എന്ന് മാത്രമല്ല അവരദ്ദേഹത്തിൻെറ ചൊല്പടിയിലുമായിരുന്നില്ല. ക്രി. ആയിരത്തെഴുന്നൂററിഅമ്പത്തേഴ് സപ്തംബർ പതിനൊന്നിന്ന് അവർ ഡൽഹി പട്ടണത്തിൽ പ്രവേശിച്ചു. രണ്ടുമാസക്കാലത്തോളം ഇടതടവില്ലാതെ കൊള്ളനടത്തി. വലിയ വലിയ അമീർമാരുടെ ഗൃഹങ്ങളിൽ ചൂൽക്കൊടി പോലും അവർ ബാക്കിവെച്ചില്ല'' (താരീഖ്ഹിന്ദുസ്ഥാൻ)

ക്രി. ആയിരത്തെഴുന്നൂററിനാല്പത്തേഴിൽ നാദിർഷാ വധിക്കപ്പെട്ടു. അദ്ദേഹത്തിൻെറ സൈന്യങ്ങൾ അഹമദ്ഷാ അബ്ദാലിയെ രാജാവായി സ്വീകരിച്ചു. അതേ കൊല്ലം മുതൽ അഹമദ്ഷാ ഇന്ത്യയെ ആക്രമിക്കാൻതുടങ്ങി. പ്ലാസി യുദ്ധകാലത്ത്–ആയിരത്തെഴുന്നൂററി അമ്പത്തേഴിൽ– അയാൾ മുക്രയും ഡൽഹിയും കൊള്ളയടിച്ചു. പാനിപ്പത്തിലെ യുദ്ധത്തിൽ മറാത്തികളെ കൊന്നൊടുക്കുവാൻ ശ്രമിച്ചു. പ്ലാസി യുദ്ധംകഴിഞ്ഞ് നാലര കൊല്ലത്തിന്ന് ശേഷമാണ് ഇതുണ്ടായത്.

## രോഗവും പരിഹാരമാർഗ്ഗവും:-

അതിദാരുണങ്ങളായ ഈ രക്ത നാടകങ്ങളെല്ലാം അഭിനയിക്കപ്പെട്ടത് 'ശാഹ്‌വലിയ്യുല്ലാ'യുടെ ജീവിതകാല



ത്താണ്. ശോകദ്രയിഷ്ഠങ്ങളായ ആ കാഴ്ചകൾകണ്ട് അസ്വസ്ഥചിത്തനായ ആകുശാഗ്രബുദ്ധി പൊതു രംഗത്ത്നിന്നും പിൻമാറാതെ സധൈര്യം ഉറച്ച് നിന്ന് കൊണ്ട് രോഗകാരണങ്ങൾ കണ്ടുപിടിക്കുന്നതിലും അതിനുള്ള ചികിത്സ നിശ്ചയിക്കുന്നതിലും വ്യാപൃതനായി. ഈ പ്രതി സന്ധി ഘട്ടത്തിൽ തന്നെയാണ് ആ മഹാനേതാവ് സാംസ്കാരിക പ്രവർത്തനങ്ങൾ ആരംഭിച്ചതും.

എന്നാൽ നിരവധി എതിർപ്പുകൾക്കും മർദ്ദന നടപടികൾക്കും അദ്ദേഹം ഇരയാകേണ്ടി വന്നിട്ടുണ്ട്. എന്തിനേറെ, ഒരു കാലഘട്ടത്തിൽ അദ്ദേഹത്തെ വധിയ്ക്കുവാനുള്ള ശ്രമംപോലും നടക്കുകയുണ്ടായി. 'ഫത്ഹ്പൂരി മസ്ജിദി'ൽ നിന്ന് പുറത്ത്വരുമ്പോഴാണ് ഇതുണ്ടായത്. ദൈവ കാരുണ്യത്താൽ അദ്ദേഹം രക്ഷപ്പെട്ടു.

ക്രി. ആയിരത്തെഴുന്നൂററി ഇരുപത്തെട്ടിൽ (ഹിജ്റ: ആയിരത്തി ഒരുന്നൂററി നാൽപത്തിമൂന്ന്) ശാഹ്‌വലിയ്യുല്ലാ ഹിജാസിലേക്ക് പുറപ്പെട്ടു. അവിടെനിന്ന് സാങ്കേതികവും ആദ്ധ്യാത്മികവുമായ വിജ്ഞാനങ്ങൾ കൂടുതലായി സമ്പാദിച്ചതോടൊപ്പം ഒരു സുപ്രധാന കാര്യം കൂടി നിർവ്വഹിക്കുകയുണ്ടായി. യൂറോപ്പ്, ഏഷ്യാഭൂഖണ്ഡങ്ങളിൽനിന്നു തീർത്ഥാടനത്തിന്നായി വരുന്ന ജനങ്ങളുമായി സമ്പർക്കം പുലർത്തി അവരുടെ നാടുകളെ സംബന്ധിച്ചുള്ള ജ്ഞാനം കരസ്ഥമാക്കലായിരുന്നു അത്. അക്കാലത്ത് ഏഷ്യയിലെ ഏററവും വലിയ ഗവണ്മെൻറ് തുർക്കിയായിരുന്നു. മദ്ധ്യപൗരസ്ത്യദേശത്തെ എല്ലാ രാജ്യങ്ങളും എന്ന് വേണ്ട അറബ് സമുദ്രത്തിലെ അദ്ൻ വരെയുള്ള രാജ്യങ്ങളും അന്ന് തുർക്കിയുടെ അധീനതയിലായിരുന്നു. അതോടൊപ്പം യൂറോപ്പിലും ആഫ്രിയ്ക്കാഭൂഖണ്ഡത്തിലും തുർക്കിക്കധികാരമുണ്ടായിരുന്നു. ശാഹ്സാഹിബ് ആ ഗവണ്മെൻറിൻെറ ആഭ്യന്തര കാര്യങ്ങളെപ്പററി നല്ലവണ്ണം പഠിച്ചു. അനന്തരം അദ്ദേഹം എഴുതിയ ഒരുകത്തിൽ ഇങ്ങനെ പറയുന്നു, ''ഭാരതത്തിൻെറ സ്ഥിതിവിശേഷങ്ങൾ നമുക്കജ്ഞാതമല്ല. കാരണം ഈ ഫക്കീർ ജനിച്ചുവളർന്നത് ഭാരതത്തിലാണ്. അറേബ്യൻ രാജ്യങ്ങൾ നാം സന്ദർശിക്കുകയും

അവിടത്തെ സ്ഥിതിഗതികൾ വേണ്ടപോലെ മനസ്സിലാക്കുകയും ചെയ്തു. ബിലാത്തിയിലെ ജനങ്ങളുടെ വാർത്തകൾ മഹാനമസ്കരായ ചില വ്യക്തികളിൽ നിന്നും നാം കേട്ടറിഞ്ഞു.''

ഈ രാജ്യങ്ങളുടെയെല്ലാം സ്ഥിതി വിശേഷങ്ങളെക്കുറിച്ച് പഠനം നടത്തിയ ശേഷം സാമൂഹ്യ സാമ്പത്തിക ജീവിത മണ്ഡലങ്ങളിൽ വന്നിട്ടുള്ള വ്യതിയാനങ്ങളും നാശങ്ങളും പരിഹരിയ്ക്കുന്നതിനെ സംബന്ധിച്ച് അദ്ദേഹം ഗാഢവിചിന്തനം ചെയ്യാൻതുടങ്ങി. തൽഫലമായി അതിന്റെ യഥാർത്ഥ കാരണം രാജവാഴ്ചയും അധീശത്വവുമാണെന്ന് അദ്ദേഹത്തിന്ന് ബോദ്ധ്യപ്പെടുകയുണ്ടായി.

ഹിജാസ് യാത്രയിൽ അദ്ദേഹത്തിന്റെ ഹൃദയത്തിന്റെ അടിത്തട്ടിൽ നിന്നും ഒരുശബ്ദം പുറപ്പെടുകയുണ്ടായി അതിപ്രകാര മായിരുന്നു. ''ഈനാശനഷ്ടങ്ങൾക്കും വൈകല്യങ്ങൾക്കുമെല്ലാം ഒരു പരിഹാര മാർഗ്ഗമുണ്ട്. അത് 'ഫക്കു കുല്ലിനിസാം' ഒന്ന്മാത്രമാണ്. അതായത് എല്ലാ മണ്ഡലങ്ങളിലും പരിപൂർണ്ണമായ പരിവർത്തനം വേണം. ഇത്മാത്രമാണ് ഈ രോഗാണുക്കളെ മൂലച്ഛേദം ചെയ്യാനുള്ള ഏക മൂലിക. അഥവാ എല്ലാ മൂശകളും ഉടച്ച് പുനർനിർമ്മാണം ചെയ്യുക എന്നർത്ഥം. ഇപ്പോൾ എല്ലാ ഘടകങ്ങളും അതേതൊരു വിഭാഗത്തോട് ബന്ധപ്പെട്ടതായാലും അധീശാധികാരത്തിന്റെ രക്ഷയിലാണുള്ളത്. അധീശാധികാരത്തിൽ അടങ്ങിയ രോഗങ്ങളെല്ലാം അതിന്റെ എല്ലാ ഘടകങ്ങളിലും സർവ്വത്ര വ്യാപിച്ചു കഴിഞ്ഞിരിക്കുന്നു. അപ്പോൾ എല്ലാ പഴയ ഘടകങ്ങളേയും ഉടച്ചുവാർക്കാതെ സാംസ്കാരിക പ്രവർത്തനങ്ങൾ നടത്താൻ കഴിയുകയില്ല. അങ്ങനെ ഉടച്ചുവാർക്കുന്ന സമ്പ്രദായമാണ് 'ഫക്കുകുല്ലിനിസാം' എന്നത്.

# വിപ്ലവത്തിന്നുള്ള മാർഗ്ഗം:-

കഥാ പുരുഷൻ സൈനിക വിപ്ളവത്തിന്നനുകൂലി യായിരുന്നെങ്കിലും അത് ജിഹാദിൻെറ മൗലിക തത്വ ങ്ങൾക്ക് അനുയോജ്യമായിട്ടായിരിക്കണം എന്നതാണ് അദ്ദേഹത്തിൻെറ സിദ്ധാന്തം. അഥവാലക്ഷ്യം ഏററവും വിശിഷ്ടവും ഉന്നതവുമായിരിക്കണം. ഓരോമുജാഹിദും സ്വാർത്ഥതാല്പര്യങ്ങൾ കേവലം ഉപേക്ഷിച്ച് ഏററവും ഉ യന്ന നിലവാരമുള്ളവനായിരിക്കണം. തൻെറ വ്യക്തിത്വ ത്തെ തന്നെ അർപ്പണം ചെയ്യാൻ സന്നദ്ധനുമായിരിക്ക ണം. അങ്ങനെ അർപ്പണം ചെയ്യുന്നത്, ശാശ്വതജീവിത ത്തിന്നും മോക്ഷലബ്ധിക്കും സാധക മാണെന്നുള്ള വി ശ്വാസം അവനിൽജനിക്കണം.

ഈവിധമുള്ള ഇൻഖിലാബ് ശമ്പളം പററുന്ന പട്ടാള ക്കാർമുഖേന നടത്താൻ സാദ്ധ്യമല്ല. നേരെമറിച്ച് ത്യാഗ ശീലരായ സന്നദ്ധഭടന്മാർ മുഖേനമാത്രമേ അതു നിർവ്വഹി ക്കാനാവുകയുള്ളു, ആ ഭടന്മാരാകട്ടെ പ്രത്യേക പരിശീല നം സിദ്ധിച്ചവരും ലക്ഷ്യബോധമുള്ളവരും ആയിരിക്കു കയും വേണം. ഈ സിദ്ധാന്തങ്ങളിൽ അവനവൻ തന്നെ ആദ്യമായി ഉറച്ചുനില്ക്കണം. അതു വിജയിപ്പിക്കുന്നതിന്നു വേണ്ടി ജീവാർപ്പണംചെയ്യുന്നത് ജീവിതത്തിൻെറ ആ ത്യന്തികലക്ഷ്യമായി അംഗീകരിക്കുകയും വേണം.

ശാഹ് വലിയുല്ലാ സാഹിബ് ആദ്യമായി തൻെറ സാംസ്കാരിക സിദ്ധാന്തങ്ങൾ ക്രോഡീകരിച്ചു. അതോ ടൊപ്പം അദ്ദേഹം ഒരു പരിശീലന കേന്ദ്രവും സ്ഥാപിച്ചു

മതത്തിൻെറ ഭാഷയിൽ അതിൻെറ പേരു് ഇലാ ഹിയ്യാ. സേന എന്നാണ്. എന്നുവെച്ചാൽ ദൈവാജ്ഞയ്ക്കു മാത്രം വിധേയമായി പ്രവർത്തിക്കുന്നസൈന്യം എന്നർത്ഥം. സമസ്ത സൃഷ്ടിജാലങ്ങളും ഈശ്വരൻെറ കുടുംബമാ ണെന്ന് അവർ വിശ്വസിക്കുന്നു. ഏററവും ഉൽകൃഷ്ടനാ യവൻ ഈശ്വരകുടുംബത്തിൻെറ നന്മക്കായി സേവനമനു

ഷ്ഠിക്കുന്നു, എന്നാൽ അവൻപ്രതിഫലത്തെയോനന്ദിയേയോ തൻെറ പേരു് ഉയരണമെന്നോ ആശിക്കുന്നില്ല. ചരിത്രത്തിൻെറ താളുകളിൽ സ്ഥാനം പിടിക്കാൻ മോഹിക്കുന്നില്ല. ഈശ്വര ഭക്തി മാത്രമാണു് അയാളുടെ ലക്ഷ്യം. ഒരുമനുഷ്യൻ കലീനനാണെന്ന നിലയിൽ പേരിന്നും പെരുമയ്ക്കും മോഹിക്കാതെയും നേതൃത്വം കാംക്ഷിക്കാതെയും സ്വാത്ഥങ്ങൾ വെടിഞ്ഞു് സത്യത്തെയും നീതിയേയും നിലനിത്താനായി പ്രവത്തിക്കുന്നു.

എന്നാൽ അദ്ദേഹത്തിൻെറ ഉദ്ദേശങ്ങൾ മുഴുവനും നിറവേററാനുള്ള സന്ദർഭം വിധി അദ്ദേഹത്തിന്നനുവദിച്ചുകൊടുത്തില്ല ഈസേവനങ്ങൾ പൂത്തീകരിക്കേണ്ടതിന്നായി തൻെറ ശിഷ്യ ഗണത്തെയും വിശിഷ്യ മൂത്ത പുത്രനായ ഹസ്രത്തു് ശാഹ് അബ്ദുൽ അസീസിനേയും അദ്ദേഹം ഭാരമേല്പിച്ചു. അതിൻെറ വിശദവിവരം വഴിയെ. ഇപ്പോൾ ശാഹ്സാഹിബിൻെറ സാംസ്കാരിക സിദ്ധാന്തങ്ങളെകുറിച്ചു് ആദ്യം പ്രതിപാദിക്കാം,

## സാംസ്കാരിക വീക്ഷണങ്ങളും സാമ്പത്തിക പദ്ധതിയും:-

വിപ്ലവ പ്രേമികൾ മാർഗ്ഗദർശക മായി പരിഗണിക്കുന്ന ഫ്രഞ്ചുവിപ്ലവം നടക്കുന്നതിന്നു് അമ്പതു് വർഷങ്ങൾക്കു് മുമ്പു് (ക്രി. 1789-ലാണ' ഫ്രഞ്ചുവിപ്ലവം) കമ്യൂണിസത്തിൻെറ പ്രഥമാചാര്യനായ കാറൽ മാർക്സും അദ്ദേഹത്തിൻെറ ഉററസഖാവായ ഏംഗൽസും ജനിക്കുന്നതിന്നു് നൂറു് കൊല്ലങ്ങൾക്കു് മുമ്പു്, ഈ ഭാരത ഭൂമിയിൽ വിപ്ലവ പതാകയും കൈയ്യിലേന്തി, എല്ലാചട്ടങ്ങൾക്കും മാററം വരുത്തണമെന്ന മുദ്രാവാക്യവും മുഴക്കിക്കൊണ്ടു്, ഒരുമഹാപുരുഷൻ പൊതുരംഗത്തു് ഉയന്നു വന്നു വെന്നതു് ഭാരതീയരെ ആകമാനം പുളകം കൊള്ളിക്കുന്ന ഒരുവസ്തുതയാണു്.സമ്പത്തിൻെറ വിതരണത്തിന്നു് അദ്ദേഹം ആസൂത്ര

ണം ചെയ്ത പരിപാടി ശ്രദ്ധേയമാണ്, അതിന്റെ സാമാന്യരൂപം ഇതാണ്.

( 1 ) ധനത്തിന്റെ യഥാർത്ഥമായ അടിത്തറ ദേഹാദ്ധ്വാനമാണ്. തൊഴിലാളികളും കർഷകരും അതിലെ പ്രവർത്തനശക്തികളുമാണ്. പരസ്പരസഹകരണവും സഹവർത്തിത്വവുമാണ് നാട്ടിന്റെ ജീവൻ. രാഷ്ട്രത്തിന്നും സമുദായത്തിന്നും വേണ്ടിയാതൊന്നും പ്രവർത്തിക്കാതെ അലസമായി കഴിഞ്ഞുകൂടുന്നവൻ രാഷ്ട്രത്തിന്റെ സമ്പത്തിൽനിന്ന് യാതൊരുപങ്കിന്നും അവകാശിയല്ല ( ഹുജ്ജത്തുല്ലാഹിൽബാലിഗാ )

( 2 ) ചൂതുകളി, സാട്ട, ഊഹക്കച്ചവടം അസാന്മാർഗ്ഗികമാർഗ്ഗത്തിൽക്കൂടിയുള്ള ധനസമ്പാദനം മുതലായവ പാടെഅവസാനിപ്പിക്കണം (ഇന്നുനടക്കുന്ന ലോട്ടറിമുതലായവ അസാന്മാർഗ്ഗിക ധനസമ്പാദനമാർഗ്ഗങ്ങളിൽ പെട്ടതാണ്) ഈ ദുഷിച്ച ഏർപ്പാടുകളൊക്കെ നിലനില്ക്കവെ, ന്യായമായമാർഗ്ഗത്തിലൂടെ സമ്പത്തിന്റെ വിതരണം നടത്താൻ സാദ്ധ്യമല്ല അവഉച്ചാടനം ചെയ്യാതെ രാഷ്ട്രത്തിന്റെയും സമുദായത്തിന്റെയും സമ്പൽസ്ഥിതിയ്ക്ക് വർദ്ധനവുണ്ടാകുന്നതുമല്ല. എന്ന്മാത്രമല്ല പലരുടേയും പോക്കററിലുള്ളപണം ഒരിടത്തുമാത്രം അടിഞ്ഞുകൂടുകയും ചെയ്യുന്നു. ( ഹു;ബാ; )

( 3 ) കർഷകർ, തൊഴിലാളികൾ എന്നിവരെപ്പോലെത്തന്നെ രാഷ്ട്രത്തിന്നും ജനതയ്ക്കും വേണ്ടി ബുദ്ധിപരമായ പ്രവൃത്തികൾ ചെയ്യുന്നവരും രാഷ്ട്രത്തിന്റെ ധനത്തിന്നവകാശികളാണ് അവരുടെ പുരോഗതിയും സന്തുഷ്ടിയും രാഷ്ട്രത്തിന്റെയും ജനതയുടേയും പുരോഗതിയുമാണ്. ഈ ശക്തികളെ അടിച്ചമർത്തുന്ന വ്യവസ്ഥ നാട്ടിന്നാപത്താണ് അതിനെ അവസാനിപ്പിക്കേണ്ടതു് അത്യന്താപേക്ഷിതവുമാണ് ( ഹു:ബാ; )

( 4 ) അദ്ധ്വാനത്തിന്ന് തക്കപ്രതിഫലം നൽകാത്ത സംഘടന, തൊഴിലാളികളുടേയും കർഷകരുടേയുംമേൽ ഭാരിച്ചനികുതി ചുമത്തുന്ന ഗവണ്മെൻറ് എന്നിവ രാഷ്ട്രത്തി

ന്റെയും ജനതയുടേയും ശത്രുവാണ്. അതിന്റെ തേർവാഴ്ച എത്രയും വേഗം അവസാനിപ്പിക്കേണ്ടതാണ്. (ഹ; ബ;)

(5) ദരിദ്ര തൊഴിലാളിയുടെ ആവശ്യങ്ങൾ അവൻ സഹകരണാടിസ്ഥാനത്തിൽ നാട്ടിന്റെ നന്മയ്ക്കുവേണ്ടി പ്രവർത്തിക്കാത്ത കാലത്തോളം പരിഗണിക്കപ്പെടുകയില്ല, (ഹ;ബ;)

(6 ( സഹകരണാടിസ്ഥാനത്തിലല്ലാതെയുള്ള ഉൽപാദനങ്ങളും വരുമാനങ്ങളും നിയമാനുസൃതമല്ല. (ഹ; ബ;)

(7) പ്രവൃത്തിസമയങ്ങൾ ക്ലിപ്തപ്പെടുത്തേണ്ടതാണ്. തൊഴിലാളികൾക്ക് അവരുടെ ഭാവിയെ സംബന്ധിച്ച് ചിന്തിക്കുന്നതിനും സ്വഭാവപരവും ആത്മീയവുമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സമയവും സൗകര്യവും ആവശ്യമാണ്. (ഹ;ബാ;)

(8) സഹകരണാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നതിന്ന് ഏററവും അനുയോജ്യമായരംഗം കച്ചവടമാണ്. ആകയാൽ കച്ചവട ഏർപ്പാടുകൾ സഹകരണാടിസ്ഥാനത്തിൽ നടത്തേണ്ടതാവശ്യമാണ്. കച്ചവടക്കാർ കരിഞ്ചന്തനടത്തരുത്. തെററായ മാർഗ്ഗത്തിൽക്കൂടെയുള്ള മത്സരം സഹകരണത്തിന്റെ ചൈതന്യത്തിന്ന് ദോഷം തട്ടിയ്ക്കും. അതുപോലെത്തന്നെ വമ്പിച്ച നികുതി ചുമത്തി വ്യാപാരത്തിന്റെ വളർച്ചയെ തടയാനായി ഗവണ്മെൻറും തുനിയരുത്. (ഹ;ബ;)

(9) ധനവിതരണം ഒരുവിഭാഗത്തിൽ മാത്രം അടിഞ്ഞുകൂടത്തക്ക നിലയിലാക്കുന്നത് രാഷ്ട്രത്തെ നാശത്തിലേക്കു തള്ളിവിടും. (ഹ;ബാ)

(10) രാജോചിതമായ ജീവിത രീതി നാട്ടിന്റെ സാമ്പത്തികഭദ്രതയ്ക്ക് വിഘാതമായിത്തീരും. ഏതാനും ചില വ്യക്തികളുടേയോ കുടുംബങ്ങളുടേയോ ധാരാളിത്തം കൊണ്ട് സാമ്പത്തിക വളർച്ചയ്ക്ക് കോട്ടംതട്ടുന്നു. ഇത്തരംദുഷി



ച്ചപ്രവണതകൾ കഴിയുംവേഗം അവസാനിപ്പിച്ച് ജനസാമാന്യത്തെ രക്ഷിക്കേണ്ടതും തുല്യനിലയിലുള്ള ജീവിതരീതിസംജാതമാകാൻ ശ്രമിക്കേണ്ടതുമാണ്, (ഹ;ബാ;)

## ഭരണഘടനയും അടിസ്ഥാന തത്വങ്ങളും:-

(11) ഭൂമിയുടെ യഥാർത്ഥ ഉടമ അല്ലാഹുവാണ്. ബാഹ്യമായ ഭരണഘടനയുടെ അടിസ്ഥാനത്തിലാണ് സ്റ്റെയ്ററ്. ഏതെങ്കിലും മുസാഫിർഖാനകളിലോ വഴിയമ്പലങ്ങളിലോ പൊതുസത്രങ്ങളിലോ താമസിക്കുന്നവരെപ്പോലെയുള്ളജനങ്ങൾക്കുള്ള അവകാശമാണ് ഇവിടെയുള്ളത്. ഉടമസ്ഥത എന്നതിന്റെ അർത്ഥം ഓരോരുത്തരുടേയും കൈവശത്തിലുള്ള വസ്തുവഹകളിൽ മററുള്ളവർ കൈകടത്തുന്നത് നിയമപ്രകാരം നിരോധിക്കപ്പെട്ടിരിക്കുന്നുവെന്നതാണ്. (ഹ;ബാ;)

(14) ജനങ്ങളെല്ലാം സമൻമാരാണ്. നാട്ടിന്റെ ഉടമ, ജനങ്ങളുടെ രാജാവ്, സമുദായത്തിന്റെ മേൽക്കോയ്മ തുടങ്ങിയ വാക്കുകൾ ഉപയോഗിക്കുവാൻ ആർക്കും അവകാശമില്ല. അധികാരം കൈയ്യിൽ വെച്ചു കൊണ്ടിരിക്കുന്നവർ ഇത്തരം പദങ്ങൾ ഉപയോഗിക്കുന്നത് തെററാണ്. (ഹ;ബാ;)

(15) സ്റ്റെയ്ററിന്റെ തലവന്ന് ഏതെങ്കിലും വഖ്ഫിന്റെ മുതവല്ലിക്കുള്ള (ട്രസ്റ്റിമാനേജർ) സ്ഥാനമാണുള്ളത്. മുതവല്ലി ദരിദ്രനാണെങ്കിൽ തന്റെ നിത്യവൃത്തിക്കുമാത്രമുള്ള വക വഖ്ഫിൽനിന്ന് പററാവുന്നതാണ്. (ഹ;ബാ;)

## മൗലികാവകാശങ്ങൾ-

(16) ഭക്ഷണം, വസ്ത്രം, പാർപ്പിടം, കുട്ടികളുടെ വിദ്യാഭ്യാസം മുതലായവ മതമോ വംശമോ വർണ്ണമോ എന്നവ്യത്യാസംകൂടാതെ എല്ലാമനുഷ്യർക്കുമുള്ള ജന്മാവകാശമാണ്. (ഹ;ബാ;)

( 17 ) മതം, വംശം, വർണ്ണം, ദേശം തുടങ്ങിയവ്യത്യാസം കൂടാതെ നാട്ടിലെ പൊതു ജനങ്ങളുടെ വ്യാപാരങ്ങളിൽ ഏക സ്വഭാവത്തിലുള്ള നീതിന്യായ പീഠം ഉണ്ടായിരിക്കണം. അവരുടെ ജീവന്നും സ്വത്തിന്നും സംരക്ഷണം പദവിയ്ക്കും യശസ്സിന്നും ഭദ്രത ഉടമസ്ഥതാവകാശത്തിൽസ്വാതന്ത്ര്യം ഏകരൂപത്തിലുള്ള പൗരത്വം ഇതെല്ലാമാണ്'രാഷ്ട്രത്തിലെ എല്ലാ ജനങ്ങൾക്കമുള്ള മൗലീകാവകാശം ( ഫ;ബാ; )

( 18 ) ന്യൂനപക്ഷങ്ങളുടെ ഭാഷയ്ക്കും സംസ്കാരത്തിന്നും രക്ഷനല്കണം. അത് എല്ലാന്യൂന പക്ഷങ്ങൾക്കുമുള്ള മൗലീകാവകാശമാണ്. ( ഫ;ബാ; )

# സർവ്വ സമുദായ സംരക്ഷണ പദ്ധതി-

( 19 ) പ്രസ്തുത അവകാശങ്ങൾ നേടാനുള്ള മാർഗ്ഗം ഇപ്രകാരമാണ്;—

സ്വയം ഭരണാധികാരമുള്ള പ്രദേശങ്ങൾ സ്ഥാപിയ്ക്കപ്പെടുക; ഈ സ്വതന്ത്ര യൂനിററുകൾ അവയുടെ അഭ്യന്തരകാര്യങ്ങളിൽ സ്വതന്ത്രമായിരിക്കണം. ഒരോ യൂനിററിന്നും അതുപോലെയുള്ള ഇതര യൂനിററുകളുടെ കൈയ്യേററത്തെ തടയാനുള്ള ശക്തിഉണ്ടായിരിക്കുകയും വേണം. ഈ യൂനിററുകളെല്ലാം ഒരു സംയുക്തഘടനയിൽ( ഫെഡറേഷൻ) ചേർന്നിരിക്കണം. സൈനിക ശക്തി ആ ഫെഡറേഷന്റെ അധീനതയിലായിരിക്കണം. ഏതെങ്കിലും യൂനിററിൽ ഒരുപ്രത്യേക മതമോ സംസ്കാരമോ നടപ്പാക്കാനുള്ള അധികാരം ആ ഫെഡറേഷനുണ്ടാവാൻ പാടില്ല, ഏതെങ്കിലും ഒരു സമുദായമോ യൂനിററോ മറേറതെങ്കിലും സമുദായത്തിന്റെമതത്തെയോ സംസ്കാരത്തേയോ എതിർക്കുന്നതിനെ തടയാനുള്ള അധികാരവും അവകാശവും ആഫെഡറേഷനുണ്ടായിരിക്കുകയും വേണം. ( ഹു;ബാ; )

## മതങ്ങൾ-

( 20 ) (എ) ദീനിൻെറയും സത്യത്തിൻെറയും സാക്ഷാൽ അടിസ്ഥാനം ഏകമാണ്. അതിൻെറപ്രബോധകന്മാർ ഒരുചങ്ങലയുടെ കണ്ണികളുമാണ്.

(ബി) സത്യപ്രബോധകന്മാർ എല്ലാനാട്ടിലും സമുദായത്തിലും ഉണ്ടായിട്ടുണ്ട്. അവരെയെല്ലാം മാനിക്കേണ്ടതും വിശ്വസിക്കേണ്ടതും ഒഴിച്ചുകൂടാത്ത കടമയാണ്.

(സി) സത്യത്തിൻെറയും ദീനിൻെറയും മൗലീക തത്വങ്ങൾ എല്ലാവിഭാഗത്തിലും തുല്യമാണ്. മിക്കവാറും എല്ലാവരും അത്സമ്മതിക്കുന്നുമുണ്ട്. ഉദാഹരണമായി ദൈവത്തെപ്രാൎത്ഥിക്കുക, ദൈവത്തിന്ന്വേണ്ടി വഴിപാടുകളും ദാനധൎമ്മങ്ങളും മററുംനല്കുക,ഉപവാസംതുടങ്ങിയ ആരാധനകൾ നിർവ്വഹിക്കുക എന്നിവ എല്ലാവരും അനുസരിച്ചുവരുന്നുണ്ട്. പക്ഷെ പ്രവൎത്തന സ്വഭാവത്തിൽ അല്പം ചില വ്യത്യാസങ്ങൾ കാണപ്പെട്ടേക്കാമെന്ന്മാത്രം.

(ഡി) എല്ലാപരിഷ്കൃത രാജ്യങ്ങളിലേയും സാമൂഹ്യതത്വങ്ങളും അവയുടെ ഉൽഭവവും ഉദ്ദേശ്യവും ഏകമാണ്. ഉദാഹരണമായി അധാൎമ്മിക ലൈംഗീക വേഴ്ച എല്ലാമതങ്ങളും വിഭാഗങ്ങളും നീചവും നിഷിദ്ധവുമായിട്ടാണ് കണക്കാക്കുന്നതു്. അത് ശിക്ഷാർഹമായ കുട്ടത്തകുററമാണെന്ന് ഉദ്ഘോഷിക്കുകയും ചെയ്യുന്നു. ലൈംഗിക ബന്ധങ്ങൾക്കായി പുരുഷനും സ്ത്രീയും തമ്മിൽ ഒരു കരാറിലേർപ്പെടണമെന്ന് എല്ലാവരും സമ്മതിക്കുന്നു. ആകരാറിൻെറ രൂപം വ്യത്യസ്തമായിരിക്കാമെന്ന്മാത്രം. അതുപോലെതന്നെ ഓരോകൂട്ടരും മൃതദേഹങ്ങൾ കാഴ്ചയിൽ നിന്ന് മാററുന്നത് ഒഴിച്ചുകൂടാത്തതാണെന്ന് വിശ്വസിക്കുന്നു. അതുകൊണ്ട്തന്നെ അവരപ്രകാരം പ്രവൎത്തിക്കുകയും ചെയ്യുന്നു. ചിലർ ഭൂമിയിൽ മറവുചെയ്യുന്നുവെങ്കിൽ മററുചിലർ മൃതദേഹങ്ങൾ ദഹിപ്പിക്കുന്നു. ഇതൊന്ന് മാത്രമാണ് വ്യത്യാസം. (ഹു;ബാ;)

## ജിഹാദ്:-

(21) ഒരു പരിശുദ്ധമായ കടമയാണത്. എന്നാൽ അതിൻെറ അർത്ഥം, ആപരിശുദ്ധമായ തത്വങ്ങൾക്കുവേണ്ടി മനുഷ്യൻ തന്നിൽ ആപ്പ്ണത്തിൻെറ ചൈതന്യംസൃഷ്ടിക്കുകയും ഈ തത്വങ്ങൾ സ്ഥാപിക്കാനായി വേണ്ടിവന്നാൽ അവൻ തന്നെ തന്നെ നശിപ്പിക്കാനായി തയ്യാറെടുക്കുകയും ചെയ്യുന്നുവെന്നതാണ്. (ഹു;ബാ: )

## വിവരണങ്ങളും ഉദ്ധാരണങ്ങളും:-

മേൽവിവരിക്കപ്പെട്ടിട്ടുള്ള വകുപ്പുകൾ ശാഹ്വലിയ്യുല്ലായുടെ ഗ്രന്ഥങ്ങളിൽ നിന്നുള്ളതാണ്. അദ്ദേഹം സവിസ്തരം അവ വിവരിച്ചിട്ടുണ്ടെങ്കിലും ഇവിടെ അതിനെക്കുറിച്ച് ദീർഘമായി പ്രതിപാദിക്കുന്നില്ല. അദ്ദേഹത്തിൻെറ ആശയാദർശങ്ങളിലേയ്ക്കു് വെളിച്ചം വീശുന്ന ഒരു വിവരണംമാത്രമേ ഇപ്പോൾ ഇവിടെ കൊടുക്കുന്നുള്ളു. മൂല വാക്യങ്ങൾ അറബിഭാഷയിലായതു് കൊണ്ട് ചുരുങ്ങിയ തോതിൽ അതിൻെറ പരിഭാഷമാത്രമേ ഇവിടെ ചേർത്തിട്ടുള്ളു. എന്നാൽ ഈ പരിഭാഷയ്ക്കുമുമ്പായി ഒരു പ്രത്യേക സംഗതി എടുത്തുപറയേണ്ടതായിട്ടുണ്ട്, ശാഹ്സാഹിബിൻെറ കാലത്ത് ആവിയന്ത്രങ്ങളോ മില്ലുകളോ ഉണ്ടായിരുന്നില്ല. 19_20 നൂററാണ്ടുകളിലാണ് അവപ്രചാരത്തിൽ വന്നതു്. അതോടൊപ്പം മുതലാളിത്തം ഒരുപ്രത്യേകരൂപം കൈക്കൊണ്ടു. എന്നാൽ സൂര്യ പുരുഷൻെറ ജീവിതകാലത്ത് ജാഗീർദാരിയും പ്രത്യേകതരത്തിലുള്ള സൗജന്യങ്ങളും രാജഭോഗങ്ങളും കുത്തകധികാരങ്ങളുമാണുണ്ടായിരുന്നതു്. അവ സാമ്പത്തിക ഭദ്രതയെതാറുമാറാക്കിയിട്ടുണ്ടായിരുന്നു. അതുകൊണ്ടാണ് സാമ്പത്തിക കുഴപ്പങ്ങൾ അവസാനിപ്പിക്കുന്നതിന്ന് വേണ്ടിഒരുവിപ്ലവപ്രസ്ഥാനവുമായി അദ്ദേഹം രംഗ പ്രവേശം ചെയ്തതു്.

അക്കാലത്ത് സുൽത്താന്മാരും അമീറന്മാരും ഉയൎന്ന പദവിയിലുള്ള ഉദ്യോഗസ്ഥന്മാരും ചെറുതും വലുതുമായ ജാഗീർ ദാറുമാരും ഉണ്ടായിരുന്നു. അവരെല്ലാം ഉയൎന്ന നിലവാരത്തിലുള്ള ജീവിതം നയിക്കുന്നതിന്നു കർഷകരുടെ രക്തം ഊററിക്കുടിച്ചുകൊണ്ടിരുന്നു. ആശ്രമവാസം ജീവിതത്തിന്നുപയോഗിച്ചിരുന്ന ഫക്കീർമാരും മഖ്ബറ പൂജാരികളും പണ്ഡിത വേഷധാരികളും ക്രൈസ്തവ ദേവാലയങ്ങളുടെ ഭരണ സ്വഭാവത്തെ അപ്പടി പകൎത്തി ഇന്ത്യയിൽ നടപ്പാക്കി. ഇക്കൂട്ടരാരും തന്നെ ജോലിചെയ്ത് ജീവിക്കണമെന്ന ആഗ്രഹമുള്ളവരായിരുന്നില്ല. അറുമടിയന്മാരും പരാന്ന ഭുക്കുകളും വഞ്ചകന്മാരുമായിരുന്നു അവർ. രാഷ്ട്രത്തിന്റെധനത്തിന്ന് ഇവർമൂലം യാതൊരു വൎദ്ധനവും ഉണ്ടാകുന്നില്ല, പ്രത്യുത ഷാഹ്സാഹിബ് അഭിപ്രായപ്പെട്ടുംപോലെ ''ഇവർ രാഷ്ട്രത്തിന്ന് കനത്ത ഭാരമാണ്;''

ഹുജ്ജത്തുല്ലാഹിൽ ബാലിഗയിലെ ഖിയാസത്തുൽ മദനിയ്യ. എന്ന അദ്ധ്യായത്തിന്റെ അവസാനത്തിൽ അദ്ദേഹം ഇങ്ങനെ എഴുതുന്നു. ,,ആധുനിക കാലത്തെ രാഷ്ട്രത്തിന്റെ നാശത്തിന്ന് പ്രധാനമായ രണ്ടു കാരണങ്ങളും ഉണ്ട്.

1. യാതൊരദ്ധ്വാനവും ചെയ്യാതെ തങ്ങളുടെ മഹത്വത്തിന്റേയും പദവിയുടേയും അടിസ്ഥാനത്തിൽ ഉയൎന്ന നിലവാരത്തിലുള്ള ജീവിതം നയിക്കുന്ന കൂട്ടരാണ് അവർ ഭരണകൎത്താക്കളിൽ നിന്ന് സംഭാവനകളും സൗജന്യങ്ങളും പററിക്കൊണ്ടിരിക്കുന്നു. ഇത്തരത്തിലുള്ള തെണ്ടലിന്ന് അവർ പ്രത്യേകമായ ചില നീതികളും സൃഷ്ടിക്കുന്നുണ്ട്. അവർ രാജകീയ ഭണ്ഡാരങ്ങളെ ശോഷിപ്പിച്ചു. ഉദരപൂരണത്തിന്ന് അവർ അനുഷ്ഠിച്ചുവരുന്ന കുതന്ത്രങ്ങൾ ബഹു വിചിത്രങ്ങളാണ്. ഖാരി, ആലിം, കവി എന്നിങ്ങനെയുള്ള വേഷങ്ങളിൽ അവർ സുൽത്താന്മാരെയും അമീർമാരെയും സമീപിക്കും. അവരുടെ ലക്ഷ്യം രാഷ്ട്രസേവനമല്ല. പ്രത്യുത ഉദരപൂരണം മാത്രമാണ്- ഈ നി

ലയിൽ നാട്ടിൻെറ സാമ്പത്തിക ഭദ്രതയ്ക്കവർ കത്തിവെക്കും. പരിഷ്കൃത സ്വാഭാവത്തിലുള്ള ഇത്തരം ഭിക്ഷാടനം തൊഴിലായി സ്വീകരിച്ചിട്ടുള്ളവരുടെ ഒരു വിഭാഗം പോകുമ്പോഴേക്കും മറെറാരു കൂട്ടർവരും. ഇങ്ങനെ രാഷ്ട്രത്തിന്ന് താങ്ങാൻ കഴിയാത്ത ഭാരം വന്നുചേരുന്നു.

2. കർഷകർ, വ്യാപാരികൾ, വ്യവസായികൾ മുതലായവരുടെ മേൽ വമ്പിച്ച നികുതി ചുമത്തപ്പെടുന്നു. അവ വസൂൽ ചെയ്യാനായി കഠിനമായ മർദ്ദന നടപടികൾ സ്വീകരിക്കുന്നു. തൽഫലമായി ശാന്തസ്വഭാവികളും സമാധാന പ്രിയരുമായ ജനങ്ങൾ വിപ്ലവത്തിന്ന് മുതിരുന്നു. ആ വിപ്ലവം അടിച്ചമർത്തുന്നതിന്ന് മർദ്ദന നടപടികൾ എടുക്കേണ്ടതായും അതിന്ന് പട്ടാളത്തെ ഉപയോഗിക്കേണ്ടതായും വരുന്നു. എന്നാൽ നികുതിഭാരം കുറക്കുകയും ചുരുക്കുകയും സംരക്ഷണനടപടികൾക്കുള്ള ചിലവ് ആവശ്യത്തിന്ന് മാത്രമായി പരിമിതപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്. അതിലാണ് നാട്ടിൻെറ രക്ഷയും അഭിവൃദ്ധിയും സ്ഥിതി ചെയ്യുന്നത്. സാമ്പത്തിക ഭദ്രതയുടെ ഫലം ആദ്ധ്യാത്മിക പുരോഗതിയെ ആശ്രയിച്ചാണിരിക്കുന്നത്.

ഇന്ത്യയ്ക്കിപ്പോഴും അതിൻെറ വൈശിഷ്ട്യത്തെക്കുറിച്ച് അഭിമാനം കൊള്ളാവുന്ന ഒരവസ്ഥാ വിശേഷമുണ്ട്. അതിൻെറ സംസ്കാരവും ഭരണവും ഒരിക്കലും മതത്തിന്നും ദൈവ വിശ്വാസത്തിന്നും വിരുദ്ധമല്ലെന്നുള്ളതാണത്.

ഭാരതത്തിലെ ഒരുൽകൃഷ്ട സന്താനത്തെ ചരിത്രം മറന്നുകളഞ്ഞുവെന്നുള്ളത് ഖേദകരമാണ്. ആ സന്താനമാണ് ഇന്ത്യയുടെ മഹൽ ഗുണത്തെ തെളിയിച്ചു കാണിക്കുന്ന കണ്ണാടി. അദ്ദേഹം മത വിഷയങ്ങളിൽ അഗാധ പാണ്ഡിത്യം സിദ്ധിച്ചിട്ടുള്ള ഒരു ഉന്നത വ്യക്തിയാണ്. ആദ്ധ്യാത്മികമായി ഉൽകൃഷ്ട പദവിയിലെത്തിയിട്ടുമുണ്ട്. തത്വജ്ഞാനിയും ചിന്തകനുമാണ്. വലിയ വലിയ പുരോഹിതന്മാർപോലും അദ്ദേഹത്തിൻെറ ശിഷ്യത്വം സ്വീകരിച്ചിട്ടുണ്ട്.

എന്നാൽ ഈ ഉൽകൃഷ്ട പണ്ഡിതൻെറ ആദ്ധ്യാത്മിക വീക്ഷണഗതി ഏതു നിലയിലായിരുന്നുവെന്നു് അല്പമൊന്നു് വിചിന്തനം ചെയ്യാം. സാമ്പത്തികമായ അവ്യവസ്ഥിതിയാണു് ഇന്ത്യാ ഭൂഖണ്ഡത്തിൻെറ എല്ലാവിധ കുഴപ്പങ്ങൾക്കും നിദാനമെന്നാണു് അദ്ദേഹത്തിൻെറ മതദ്രഷ്ട്യായുള്ള വീക്ഷണഗതി. അതുകൊണ്ടുതന്നെ സാമ്പത്തിക കുഴപ്പം ആദ്യമായി അവസാനിപ്പിക്കണമെന്നാണു് അദ്ദേഹത്തിൻെറ പക്ഷം.

ഈ മതനേതാവിൻെറ തീരുമാനം ഭാരതത്തിൻെറ പ്രത്യേക നിലമാത്രം ആസ്പദമാക്കിയുള്ളതല്ല, പ്രത്യുത ലോകത്തു് അടിക്കടിയുണ്ടായിക്കൊണ്ടിരിക്കുന്ന സാമ്പത്തിക അസമത്വമാണു് മതത്തിൻെറ അടിത്തറതന്നെ പുഴക്കാൻ കാരണമായിത്തീരുന്നതെന്നാണു് അദ്ദേഹത്തിൻെറ അഭിപ്രായം. ആകയാൽ സമുദായത്തിൻെറ സാമ്പത്തികനില ശുദ്ധീകരിക്കുന്നതാണു് മതത്തിൻെറയും സ്വഭാവത്തിൻെറയും ശുദ്ധീകരണത്തിന്നും ആദ്ധ്യാത്മിക പരിപൂൎണ്ണതക്കു മുതകുന്ന ഒന്നാമത്തെ ഏണിപ്പടി എന്നദ്ദേഹം അഭിപ്രായപ്പെടുന്നു. ചുരുക്കിപറഞ്ഞാൽ ഈ മതനേതാവു് അഥവാ ശാഹ്‌വലിയ്യുല്ല. സൊസൈററിയുടെ സാമ്പത്തിക നില നന്നാക്കാനായി നബിമാരുടെ പ്രബോധനത്തെയാണു് പ്രധാനമായെടുത്തിട്ടുള്ളതു്, അദ്ദേഹത്തിൻെറ ഹുജ്ജത്തുല്ലാഹിൽ ബാലിഗ: എന്ന സുപ്രസിദ്ധ ഗ്രന്ഥത്തിൽ ജീവിത മാർഗ്ഗങ്ങളെപ്പററി സവിസ്തരം പ്രതിപാദിച്ചുകൊണ്ടു് ഇങ്ങനെ എഴുതുന്നു.

"പ്രവാചക വര്യനായ മുഹമ്മദ് തിരുമേനിയുടെ നിയോഗമന കാലത്തു് ലോകത്തിൻെറനില വളരെ ശോചനീയമായിരുന്നു. അതിരു കവിഞ്ഞ ആഡംബരഭ്രമവും രാജോചിതമായ ജീവിതവും, നയിക്കണമെന്നുള്ള ആഗ്രഹവും എല്ലാവൎക്കുമുണ്ടായി. ഈ രോഗം രാഷ്ട്രത്തിൻെറയും സമുദായത്തിൻെറയും സാമ്പത്തിക നിലയെ പററെ താറുമാറാക്കിയിരുന്നു. ഈറാൻ, റോമ തുടങ്ങിയ വൻകോയ്മകളുടെ രാജ്യങ്ങളിൽ ആ പകർച്ചവ്യാധി സർവ്വത്ര വ്യാപിച്ചുകഴിഞ്ഞിരുന്നു. ഈ സന്ദർഭത്തിൽ

അല്ലാഹു തന്റെ പ്രവാചകന്റെ ഹൃദയത്തിൽ ഇങ്ങനെ തോന്നിപ്പിച്ചു. ഈ മഹാവ്യാധിക്ക് ചികിത്സ ചെയ്യണം. അതുകൊണ്ട് രോഗം മാറിയാൽ മാത്രം പോരാ, രോഗം ഉൽപാദിപ്പിക്കുന്ന വിഷാണുക്കളെ നശിപ്പിക്കുക കൂടി വേണം.'' അങ്ങനെ നബി (സ) ആ രോഗങ്ങളുണ്ടാക്കിത്തീർക്കുന്ന അണുക്കളെ സംബന്ധിച്ച് ഗാഢമായി ചിന്തിക്കാൻ തുടങ്ങി. പിന്നീട് ഓരോ രോഗത്തെയും കണ്ടുപിടിച്ച് അവ ഉന്മൂലനം ചെയ്തു.

ഈ ആശയം മറ്റൊരു ഭാഗത്ത് കൂടി വിവരിച്ചിട്ടുണ്ട് അത് വളരെ ദീർഘമേറിയതാണ്. സ്ഥലപരിമിതി മൂലം അതിപ്പോൾ ഇവിടെ ഉദ്ധരിക്കുന്നില്ല. ഒരത്ഭുത സംഭവം ഇവിടെ പറയാം, അതായത് 18–ാംനൂററാണ്ടിലെ ഒരു മുസ്ലിം മതപണ്ഡിതനെ 20—ാം നൂററാണ്ടിലെ കമ്മ്യൂണിസ്റ്റിന്റെ ഭാഷയിൽ സംസാരിക്കുന്നതായി നിങ്ങൾക്ക് കാണാം, റസൂൽ തിരുമേനിയുടെ ആഗമന കാലത്ത് അഥവാ ക്രി. 7-ാം നൂറാണ്ടിൽ ഇറാനിലേയും റോമിലെയും ഗവൺമെൻറുകൾ ഉൽക്കർഷത്തിന്റെ പരമകാഷ്ടയിലെത്തിയിരുന്നെങ്കിലും സാമ്പത്തികമായ അസമത്വം അവയുടെ അടിത്തറ പൂഴക്കിക്കളഞ്ഞു. ഹസ്രത്ത് ശാഹ്സാഹിബ് ആ രണ്ട് ഗവൺമെൻറുകളുടെ ചരിത്രപരമായ ഉദാഹരണങ്ങളെയാണ് സാമ്പത്തിക കുഴപ്പങ്ങളെക്കുറിച്ച് പഠനം നടത്താൻ ഉപയോഗിച്ചത്, ഇക്കാര്യം കൂടുതൽ വ്യക്തമാക്കാനായി തന്റെ കാലത്തെ സുൽത്താന്മാരുടെ ഉദാഹരണങ്ങൾ അദ്ദേഹം അവതരിപ്പിക്കുന്നു

## സാമ്പത്തീകാധഃപതനവും അതിന്റെ കാരണങ്ങളും:-

ഇറാനിലേയും റോമിലേയും പഴയചരിത്ര സംഭവങ്ങൾ നമുക്ക് നല്ല തെളിവുകളാണ്, നിങ്ങൾ നിങ്ങളുടെ നാട്ടിൽ എന്തെല്ലാം കാണുന്നുണ്ടോ അതിൽനിന്നു തന്നെ ഇറാന്റെയും റോമിന്റെയും സ്ഥിതിഗതികൾ എ



പ്രകാരമായിരുന്നു വെന്ന് നിങ്ങൾക്കനുമാനിയ്ക്കാവുന്നതാണ്.'' എന്ന് ശാഹ്സാഹിബ് പ്രസ്താവിക്കുന്നു.

സമ്പത് സമൃദ്ധിയോടൊപ്പം ഫിലോസഫി സയിൻസ് തുടങ്ങിയ വൈജ്ഞാനിക നേട്ടം നൂതനങ്ങളായ കണ്ടുപിടുത്തങ്ങൾക്കുവഴിതെളിയിച്ചു. പുതിയപുതിയ വ്യവസായങ്ങൾ ഉടലെടുക്കുകയുംചെയ്തു. രാഷ്ട്രം നാഗരീകമായി അത്യുന്നത പദവിയിലെത്തിച്ചേർന്നു. എന്നാൽ നിർഭാഗ്യമെന്നുപറയട്ടെ സമ്പന്ന വിഭാഗത്തിലും അധികൃത വർഗ്ഗത്തിലും ഫാഷൻഭ്രമം വല്ലാതെ കടന്നുകൂടി. പരസ്പരമുള്ള കിടമത്സരവും ആഭിജാത്യവും മൂലം പ്രശാന്തതയും സമാധാനവുമില്ലാതായി. ആകപ്പാടെ രാഷ്ട്രത്തിന്റെയും സമുദായത്തിന്റേയും നില പററെ വഷളായിത്തീർന്നു.

ഭരണാധികാരിഗളിൽ നവംനവങ്ങളായ പരിഷ്ക്കാരഭ്രമവും രാജപദവിയിലുള്ള ജീവിതക്രമം വേണമെന്നുള്ള അതിരററ മോഹവും ദുർവ്യയശീലവും കടന്നുകൂടിയതിന്റെ ഫലമായി അവർ താഴെ കിടയിലുള്ളവരെ കൊള്ളയടിക്കാൻ തുടങ്ങി. ജമീൻദാർമാരും ജാഗീർദാർമ്മാരും കർഷകരുടെ രക്തം വാന്നെടുക്കുവാൻ മുതിർന്നു. തൊഴിലാളികളുടെമേൽ ആധിപത്യം പുലർത്തുന്നവർ പാവപ്പെട്ട തൊഴിലാളികളുടെ രക്തവും നീരും ഊററിക്കുടിക്കുവാൻ പുറപ്പെട്ടു. എന്തിനേറെ ഈ അധികൃത വിഭാഗത്തിന്റെ മുഴുപ്രവൃത്തിയും സമയവുമെല്ലാം രാഷ്ട്രത്തിന്റെ പുരോഗതിയ്ക്കും സമ്പത്തിന്റെ വളർച്ചയ്ക്കും കടക വിരുദ്ധമായിട്ടാണു് പരിണമിച്ചതു്. ആർഭാടഭ്രമയിഷ്ടമായ ജീവിതം നയിയ്ക്കാനായി അവർ പാവപ്പെട്ടവരെ ചൂഷണം ചെയ്യാൻ തുടങ്ങി. തന്നിമിത്തം താഴേക്കിടയിലുള്ളവരുടെ ജീവിതനിലഉഴവു കാളകളെപ്പോലെയും ഭാരം വഹിക്കുന്ന കഴുതകളെപ്പോലെയും ആയിത്തീർന്നു. പണം പിടുങ്ങാനും സംഭരിക്കാനുമായി പുതിയ പുതിയ നിയമങ്ങൾ സൃഷ്ടിച്ചു.

തൊഴിലാളി–കർഷകവർഗ്ഗം ഈ അക്രമ പരമായ നയത്തിന്നും പ്രവൃത്തികൾക്കും വഴങ്ങാതിരുന്നാൽ അവർ ക

ററക്കാരായിത്തീരും. വിവിധ തരത്തിലുള്ള ശിക്ഷകരം അനുഭവിക്കേണ്ടതായും വരും അഥവാ ഈ ശിക്ഷകളിൽ നിന്നൊഴിവാകണമെങ്കിൽ അവർ ഭാരം ചുമക്കുന്ന കഴുത കളെപ്പോലെ ജീവിക്കാൻ നിർബന്ധിതരായിത്തീരും,

എന്നാൽ ഈ രണ്ടു വിഭാഗവും അവരുടെ യഥാർത്ഥ നിലയിൽനിന്നു് തികച്ചും അകന്നുപോയിരിക്കുകയാണു് മനുഷ്യൻ എന്തിന്നു് വേണ്ടി ജനിച്ചുവെന്നും അവൻെറ ജന്മാവകാശം എന്താണെന്നുമുള്ള ബോധവും ചിന്തയുംആക്കു മില്ല. യഥാർത്ഥമായ ആത്മാവം പറെറ നഷ്ടപ്പെട്ടിരിക്കുന്നു, ഒരു വിഭാഗത്തിന്നു് കണക്കററ സമ്പത്തും പ്രതാപവുമുള്ള തു കൊണ്ടു് അവരുടെ ഉരംക്കാഴ്ച നശിച്ചിരിക്കുകയാണു്. മറേറ വിഭാഗത്തിന്നാവട്ടെ വയറിനേ കുറിച്ചുള്ള ചിന്തമാത്രമേയുള്ളു. തന്മൂലം അവരുടെ ബുദ്ധി മരവിച്ചുപോയി രിക്കുന്നു. ഭാവിയെ കുറിച്ചുള്ള ബോധവും അവക്കില്ല, അങ്ങിനെ തലതിരിഞ്ഞ നിലയിലാണു് അവരുടെ ഇരുപ്പു് ഈ ദുഷിച്ച പ്രവണതയുടെ ഫലമായി സമ്പത്തെല്ലാം ഏതാനും ചില വ്യക്തികളുടെ അധീനത്തിൽ അടിഞ്ഞുകൂടി യിരിക്കയാണു്. അവരുടെ തലക്കു് മുകളിലാകട്ടെ രാജാവും!.

സാമ്പത്തീക അസമത്വവും ആഡംബര ജീവിതവും ദുർവ്യയവും മൂന്നാമതൊരു വിഭാഗത്തെക്കൂടി സൃഷ്ടിച്ചിരിക്കുന്നു. സുഖലോലുപന്മാരും മുഖസ്തുതി പാഠകന്മാരും രാജഭക്തന്മാരുമാണവർ. രാജാക്കന്മാരെയും നാടുവാഴികളേയും ഉദ്യോഗസ്ഥവൃന്ദത്തെയും അവർ വലയം ചെയ്യുന്നു. പല കുതന്ത്രങ്ങളും പ്രയോഗിച്ചു് അവർ സമ്പത്തു് കരസ്ഥമാക്കുന്നു. ഇവരുടെ കൂട്ടത്തിൽ നല്ല കലാകാരന്മാരും വിദ്വാന്മാരും ഉണ്ടായെന്നുവരും. കലയുടേയും വിജ്ഞാനത്തിൻെറയും പേരിലാണവർ പണമുണ്ടാക്കുന്നതു്. രാഷ്ട്ര സേവനം അവരുടെ ലക്ഷ്യമേയല്ല. പ്രത്യുത സ്വന്തം താല്പര്യങ്ങരം നേടലും അന്തസ്സും പ്രതാപവും നിലനിത്തലുമാണു് അവരുടെ പരമലക്ഷ്യം. സൈനികശാസ്ത്രത്തിലും രാഷ്ട്രീയ വിജ്ഞാനത്തിലും ഉന്നതപദവി ലഭിച്ചവരും ഇത്ത

രം പരിഷ്കൃത ഭിക്ഷാടനത്തിന്നു് മുതിന്നതായി കാണ പ്പെടുന്നു. ആശ്രമ ജീവിതം നിത്യ തൊഴിലായി അംഗീ കരിച്ചിട്ടുള്ള യോഗികളും അനാശാസ്യമായ നിലയിൽ ഗ വണ്മെൻറിൻെറ ഈ ആനുകൂല്യം അനുഭവിക്കുന്നുണ്ട്, സാ ഹിത്യകാരന്മാരും കവികളും ഇതു് തന്നെ തൊഴിലായി ഉപയോഗിക്കുന്നു.

രാജാക്കന്മാരെയും നാടുവാഴി പ്രഭുക്കന്മാരെയും പ്രീണി പ്പിക്കുക വെടിയും തമാശയുമൊക്കെപ്പറഞ്ഞ് സദസ്യരെ രസിപ്പിക്കുക മുതലായവ ഒരുകലയായി അംഗീകരിക്ക പ്പെട്ടിരിക്കുന്നു. ഇത്തരത്തിലുള്ള കലാവിരുതന്മാർ പല വിധ പൊടിക്കൈകരം പ്രയോഗിച്ച് പണം തട്ടിക്കൊ ണ്ടിരുന്നു. രാജാക്കന്മാരെ പൂജിക്കലും സേവിക്കലും അ വരെ ബഹുമാനിച്ചുകൊണ്ടുള്ള ആചാരക്രമങ്ങരം രാജദർ ബാറുകളിൽ അനുഷ്ഠിക്കേണ്ടമാർഗ്ഗങ്ങരം എന്നിവയെല്ലാം പ്രത്യേക കലയായിത്തീൻു. ഇവരിൽപെട്ട ഓരോ വിഭാ ഗവും അവരുടേതായ കഴിവുകരം ഉപയോഗപ്പെടുത്താൻ തുടങ്ങി. ഇവക്കെല്ലാം അംഗീകാരവും ലഭിച്ചു.

വാസ്തവത്തിൽ ഈ പരാന്നഭുക്കുകരം നാട്ടിന്നും രാഷ്ട്ര ത്തിന്നും സമുദായത്തിന്നും വേണ്ടി ഒന്നുംചെയ്യാതെ ചില രാജാക്കന്മാരെ പൂജിക്കുക വഴിതങ്ങളുടെ സ്വാത്ഥം നേടി ക്കൊണ്ടിരിക്കുകയാണു്. ഈ വിഷയത്തിലാണവർ അവ രുടെ മുഴവൻ സമയവും വ്യയം ചെയ്യുന്നതു്. നാട്ടിന്നും നാട്ടിലെ തൊഴിലാളികരക്കും കർഷകക്കും ഇവർകനത്ത ഭാരമായിത്തീന്നിരിക്കുന്നു, ഈ നിലയിൽ ഈശ്വരസൃഷ്ടി കളെല്ലാം അന്നന്നു ദരിദ്രന്മാരായിത്തീരുകയാണു്. അവ രുടെ ആത്മബോധവും ധൈര്യവും നഷ്ടപ്പെട്ടിരിക്കുകയാ ണു്. ചുരുക്കിപ്പറഞ്ഞാൽ നാട്ടുമുഴവൻ തിരഞ്ഞാലും ഭാ വിയെപ്പററി ചിന്തയുള്ള ഒരു വ്യക്തി പോലും കാണപ്പെ ടുകയില്ല. അല്ലാഹുവാണു് എല്ലാസൃഷ്ടികളുടേയുംരക്ഷിതാ വ് എന്നവിചാവും വിശ്വാസവും അവരിൽ നിന്നു്പാടെ

നശിച്ച കഴിഞ്ഞിരിക്കുന്നു. ആത്മീയശുദ്ധീകരണത്തോടൊപ്പം സാമ്പത്തിക കുഴപ്പം അവസാനിപ്പിക്കുവാനും ജീവിതമാർഗ്ഗങ്ങൾ പറഞ്ഞുകൊടുക്കുവാനുമാണ് അല്ലാഹു പ്രവാചകരെ നിയോഗിച്ചത്. സാമ്പത്തികരംഗത്ത് കടന്നുകൂടിയിട്ടുള്ള വിഷാണുക്കളെ പററെനശിപ്പിക്കാനും നബിയോട് കല്പിക്കപ്പെട്ടിട്ടുണ്ട്.

ഹസ്രത്ത് ശാഹ്‌വല്ലിയുല്ലാ സാഹിബ് അതിഗഹനവും അത്ഥഗർഭവുമായ ഈ തത്വം മനസ്സിലാക്കാനായി സാമ്പത്തികനില ആദ്ധ്യാത്മികസംസ്കരണത്തിന്ന് എത്രത്തോളം സഹായകമായിത്തീരുമെന്ന് ഒരുദാഹരണം ഉദ്ധരിച്ചുകൊണ്ട് ഇങ്ങനെ പറയുന്നു.

„രാജവാഴ്ചയും അധീശാധിപത്യത്തിന്റെ പ്രതാപവും ആഡംബര പൂണ്ണമായ ജീവിത രീതിയുമില്ലാത്ത ഒരു രാഷ്ട്രത്തെക്കുറിച്ച് നമുക്ക് വിഭാവനം ചെയ്യാം അതിലെ എല്ലാ വ്യക്തികളും സാമ്പത്തികമായി സ്വതന്ത്രന്മാരായിരിക്കും. നികുതികളുടെ ഭാരംമൂലം ആരുടേയും നട്ടെല്ല് കേട്ടുവരുന്നതല്ല. ഇങ്ങനെയുള്ള രാഷ്ട്രത്തിന്ന് ദീനിന്റെയും (മതത്തിന്റെയും) മില്ലത്തിന്റെയും (സമുദായത്തിന്റെയും) പ്രവൃത്തികൾ നിഷ്പ്രയാസം നിർവ്വഹിക്കാൻ സാധിക്കും. സാംസ്ക്കാരികവും ആദ്ധ്യാത്മികവുമായ പുരോഗതിയും ഉണ്ടാകും. എന്നാൽ ഈ രാഷ്ട്രത്തിന്റെ പിരടിയിൽ രാജവാഴ്ചയുടേയും അധിശത്വത്തിന്റേയും മുതലാളിത്വത്തിന്റേയും പ്രേതം പിടികൂടിയാൽ അതിന്റെ കാന്തിയും ചൈതന്യവും കുറഞ്ഞുപോകും മാനുഷിക മഹത്വം ഇല്ലാതെ അതിലെ ജനത മൃഗതുല്യരായിത്തീരും. മൃഗങ്ങൾ അഹോരാത്രം വയറിന്റെ ചിന്തയിലാണല്ലൊ കഴിഞ്ഞുകൂടുന്നത് ഒരിക്കലും അവയുടെ വയറ് നിറയാറുമില്ല. (ഹുബാ; 1-ാം ഖണ്ഡം)

# പൊതുജനങ്ങളുടെ സുഖ സൗകര്യങ്ങളും സാമ്പത്തി കാധഃപതനത്തെ തടയാ നുള്ള മാർഗ്ഗങ്ങളും:-

സുഖ സമ്പൂർണ്ണമായ അന്തരീക്ഷം സംജാതമാകുന്നത് വളരെ ആവശ്യമാണ്, കഴിഞ്ഞ 150 കൊല്ലങ്ങൾക്കുള്ളിൽ ലോക രാഷ്ട്രീയ വേദികളിൽ മുഴങ്ങിക്കേട്ടിട്ടുള്ള മുദ്രാവാക്യങ്ങളുടെ പ്രഥമവും പ്രധാനവുമായ ലക്ഷ്യവും താത്പര്യവും നാട്ടിലെ മുഴുവൻ ജനങ്ങളുടേയും സന്തുഷ്ടിയും മനഃസ്സമാധാനവും സ്ഥാപിക്കുക എന്നതാണ്. ജനസാമാന്യത്തിന്റെ സുഖസൗകര്യങ്ങൾക്കായി നിരവധിപരിപാടികൾ ആസൂത്രണം ചെയ്യപ്പെട്ടിട്ടുണ്ട്. അവ ഇപ്പോൾ പരീക്ഷണങ്ങൾക്കും ഗവേഷണങ്ങൾക്കും വിധേയമായിരിക്കുകയാണ്. എന്നാൽ അവയൊന്നും പരിപൂർണ്ണമായി വിജയിച്ചിട്ടില്ല. വിപ്ലവത്തിന്റെ നീർച്ചുഴിയിൽ പെട്ട നിരവധി ആളുകളുടെ ജീവൻ നഷ്ടപ്പെട്ടു. കണക്കററ മനുഷ്യ രക്തത്തിന്റെ നദികൾ തന്നെഒഴുകി. എന്നാൽ അന്വേഷണത്തിലിരിക്കുന്ന സത്തവല്ലവക്കും ലഭിച്ചോ? മനഃസ്സമാധാവും സാർവ്വത്രികമായ ശാന്തതയും സംതൃപ്തിയും കൈവരേണ്ടതിന്നു് എന്തെല്ലാം വിളയാട്ടങ്ങൾ നടന്നു? എന്നിട്ടെന്തുണ്ടായി? ദാർശനികനായ അദ്ദേഹം കമ്യൂണിസത്തിന്റെ നേരെയാണോ വിരൽ ചൂണ്ടിയതു് എന്നു് തോന്നിപ്പോകുന്നു. കമ്യൂണിസ്റ്റേതരക്കു് കൂടി സുഖസൗകര്യങ്ങൾ ഉണ്ടാക്കിത്തീക്കയാണ് കമ്യൂണിസത്തിന്റെ ഉദ്ദേശ്യമെന്നു് കമ്യൂണിസ്റ്റുകാർ പ്രഖ്യാപനം ചെയ്യുന്നുണ്ടല്ലോ. എന്നാൽഅവക്കു് അങ്ങനെ ശാന്തവും സമാധാനപരവുമായ ഒരന്തരീക്ഷം കൈവരുത്താൻ സാധിച്ചിട്ടുണ്ടോ?

ശാഹ്സാഹിബിന്റെ ചിന്താഗതികൾ മുമ്പിൽ വെച്ച്കൊണ്ട് വീക്ഷിക്കുകയാണെങ്കിൽ അവരുടെ പരാജയത്തിന്റെ കാരണം ഒരുപ്രത്യേക സൂക്ഷ്മവസ്തുവാണെന്നു് കാണാവുന്നതാണ്. കമ്യൂണിസ്റ്റുകാരുടെ എല്ലാവിപ്ല

വ പ്രസ്ഥാനങ്ങളും അതിനെ പരിത്യജിക്കുകയാണ് ചെയ്തതു്.

ഈ വിപ്ലവങ്ങളുടെ ഫലമായി രാജവാഴ്ചയും മുതലാളിത്തത്തിന്റെ പ്രമത്തതയും തീർച്ചയായും അവസാനിച്ചിട്ടുണ്ട്. എന്നാൽ മാനുഷീകഹൃദയങ്ങളിലും മസ്തിഷ്കങ്ങളിലും വിതക്കപ്പെട്ടിട്ടുള്ള രണ്ടു വസ്തുക്കൾ നശിക്കാതെ അവശേഷിക്കുന്നുണ്ട്. രാജഭക്തിയുടെയും മുതലാളിത്തപ്രേമത്തിന്റേയും ബീജങ്ങളാണ് ചിന്തയുടേയും പ്രവൎത്തനത്തിന്റേയും വൈരുദ്ധ്യം അതിന്റെ ഫലമായി മുതലാളിത്തവും രാജവഴ്ചയും അവസാനിച്ചിട്ടുകൂടി പ്രസ്തുത രണ്ടു ബീജങ്ങൾ വളൎന്നുകൊണ്ടേ ഇരിക്കുകയാണ്. പലഘട്ടങ്ങളിലും വിപ്ലവകാരികളായ നേതാക്കന്മാരുടെ പ്രവൎത്തനസ്വഭാവം ആബീജത്തെ വെള്ളം പകൎന്നു് വളൎത്തുന്നതിന്നു് കൂടി സഹായകരമായിത്തീരുന്നു.

പൊന്നും വെള്ളിയും കുമ്പാരമാക്കി വെക്കുന്നതിനേക്കാൾ ആപല്ക്കരമാണ് അമീറും ഗരീബും തമ്മിലുള്ള വ്യത്യാസം നിലനിൎത്തിക്കൊണ്ടുള്ള സാമൂഹ്യസാമുദായിക ജീവിതം. ദരിദ്രന്റെ ഹൃദയത്തിൽ ധനത്തിലുള്ള ആശയും രാജവാഴ്ചയിലുള്ള പ്രേമവും ഉളവാക്കാൻ ഈ വ്യത്യാസം വഴിതെളിയിക്കുന്നു. ഇത്തരത്തിലുള്ള വിവേചനം ഇസ്ലാമിക ദൃഷ്ട്യാ തെററാണെന്നു് അദ്ദേഹം സ്ഥാപിക്കുന്നു. വെള്ളികൊണ്ടും പൊന്നുകൊണ്ടും നിൎമ്മിക്കപ്പെട്ടിട്ടുള്ള പാത്രങ്ങളും കസവുനൂലുകൊണ്ട്മോടിപിടിപ്പിച്ചിട്ടുള്ള പട്ടുവസ്ത്രങ്ങളും ധനികന്മാരുടെ അഹങ്കാരത്തേയും അധികാരപ്രമത്തതയേയും വൎദ്ധിപ്പിക്കുന്നു. ദരിദ്രന്മാരുടെഹൃദയങ്ങളിൽ അത്യാശയും ദുരാഗ്രഹവും പരിഭ്രമവും ജനിപ്പിക്കുന്നു. കൈക്കൂലി, കളവ്, വഞ്ചന, പിടിച്ചുപറി, കൊള്ള, മാനവില്പന മുതലായ അവിശുദ്ധപ്രവൃത്തികൾ ചെയ്യാനുള്ളവാഞ്ഛന ജനങ്ങളിൽ ജനിപ്പിക്കുന്നു. സാമൂഹ്യജീവിതത്തിന്നു് കളങ്കം ചാൎത്തുന്നതു് മുതലാളിത്തവും രാജവാഴ്ചയുമാണ്. നിയമം അനുവദിക്കുന്നകാലത്തോളം മുതലാളിത്തത്തിന്റെ അടിവേരുകൾക്കു് യാതൊരുകോട്ടവും തട്ടുകയില്ല. ആ വിഷാണുക്കൾ യഥേഷ്ടം വളൎന്നുകൊണ്ടേയിരിക്കും. മ

റുഭാഗത്ത് ദരിദ്രന്മാരുടെ ഹൃദയങ്ങളിൽ കുററം ചെയ്യാനുള്ള വാസനയും വദ്ധിക്കും.

ഒരുവിഭാഗത്തിൻേറതുമാത്രമായ സുഖസമ്പൂർണ്ണവും ആഡംബര ഭൂയിഷ്ഠവുമായ ഈ ജീവിതക്രമത്തെ ശാഹ് സാഹിബ് ''റഫാഹിയ്യതെ ബാലിഗ'' എന്നാണ് വിശേഷിപ്പിക്കുന്നതു്, അതായത് അതിരുകവിഞ്ഞ നിലയിലുള്ള പരിഷ്കാരവും സുഖജീവിതവുമെല്ലാം സാമൂദായി കുന്നമനത്തിന്നു് വേണ്ടിയായിരിക്കണം. അതിന്നെതിരായി സമരം ചെയ്യുന്നതിനെ ''മുഖദസ്സ്'' ( ജീഹാദ്) എന്നാണ് അദ്ദേഹം പറയുന്നതു്. അദ്ദേഹത്തിൻെറ ഗ്രന്ഥങ്ങളിൽ അതിര് കവിഞ്ഞ സുഖജീവിതത്തേയും പരിഷ്കാരത്തേയും വളരെയധികം വിമർശിച്ചതായി കാണാം.

## ജിഹാദ്:-

ശാഹ്വലിയുല്ലായുടെ പ്രവത്തന പരിപാടിയിൽ '' ജിഹാദ് '' എന്നപദം ഉപയോഗിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ കഴിഞ്ഞ നൂററാണ്ടിൽ പാശ്ചാത്യ പത്രക്കാരും ഗ്രന്ഥകാരന്മാരുമെല്ലാം ''ജീഹാദ്'' എന്നപദത്തെകുറിച്ച വളരെയധികം ആക്ഷേപങ്ങരം ഉന്നയിച്ചിട്ടുണ്ട്. ഒരൊററ ബുദ്ധിജീവിപോലും ആപദത്തെ ഇസ്ലാമികമായി വിഭാവനം ചെയ്യുകയില്ല എന്ന്വരെ പറഞ്ഞിട്ടുണ്ട്. ആകയാൽ ജിഹാദിനെ കുറിച്ച് ഒരു വിശദവിവരണം അത്യന്താപേക്ഷിതമായിത്തീന്നിരിക്കുകയാണ്. അങ്ങിനെഒരു വിശദീകരണമെഴുതുമ്പോരം ശാഹ്വലിയുല്ലായുടെ ജിഹാദിനെക്കുറിച്ചുള്ള പരമാർശവും വ്യക്തമാക്കപ്പെട്ടും,

## ഭാഷാർത്ഥം:-

ശത്രുവിൻെറ ഉപദ്രവം തടയാനായി പരമാവധി ഭഗീരഥപ്രയത്നം ചെയ്യുക എന്നതാണ് ജിഹാദിൻെറ ഭാഷാത്ഥം.

ഈ പരമ പരിശ്രമമാകട്ടെ സ്വാർത്ഥതാൽപര്യം ഒട്ടും തന്നെയില്ലാതെ സത്യത്തിൻെറ വിജയത്തിന്നും നീതിയുടെ പൂർത്തീകരണത്തിന്നും വേണ്ടിയാണെങ്കിൽ അത്യധികം പരിശുദ്ധവും പരിപാവനവുമാണെന്നുള്ളതിൽആക്ഷം തന്നെ സംശയമോ ആക്ഷേപമോ ഉണ്ടായിരിക്കുകയില്ല.

സ്വാർത്ഥതാൽപര്യങ്ങൾ വെടിയുന്നതോടൊപ്പം സാമുദായികമോ വംശപരമോ ആയ ഉദ്ദേശ്യങ്ങളുടെ കണികയെങ്കിലും ഈ ത്യാഗ പരിശ്രമത്തിൻെറ മടിത്തട്ടിൽ അവശേഷിക്കുന്നുണ്ടെങ്കിൽ അതിനെ ജിഹാദായിഖുർആൻ ഒരിക്കലും തന്നെ പരിഗണിക്കുകയില്ല. സാർവ്വത്രികമായി സത്യവും നീതിയും നിലനിർത്തുവാനും മാനുഷികമായ കുലീനതയും മഹത്വവും സ്ഥാപിക്കുവാനും ഉൽകൃഷ്ടഗുണങ്ങളുടെ നാമധേയത്തിൽ ഉൽഭൃതമാകുന്ന അശ്രാന്തപരിശ്രമത്തെയാണ് ഖുർആൻ യഥാർത്ഥ ജിഹാദായി പരിഗണിക്കുന്നത്. സാമുദായികമോ വംശപരമോ ആയഏതെങ്കിലും നേട്ടങ്ങളെക്കുറിച്ചുള്ള വിഭാവനയോടുകൂടിയോ, വർഗ്ഗീയമനഃസ്ഥിതിയോ മറേറതെങ്കിലും വിധത്തിലുള്ള ഗ്രൂപ്പുകൾ സൃഷ്ടിച്ചുകുഴപ്പത്തിൻെറ വിത്ത് വിതക്കാനുള്ള ശ്രമമോ ഉണ്ടായാൽ ആഭഗീരഥ യത്നം ജിഹാദായിത്തീരുകയില്ല.

സ്വാർത്ഥതാല്പര്യം തൊട്ടു തീണ്ടാത്ത വിധത്തിൽ ദേഹേച്ഛകൾ കേവലം വെടിഞ്ഞുകൊണ്ടുള്ള ശൗര്യപരാക്രമങ്ങൾ പ്രദർശിപ്പിക്കലാണ് യഥാർത്ഥ ജിഹാദ്. സ്വന്തം ഗോത്രത്തിൻേറയോ അതല്ലെങ്കിൽ കുടുംബത്തിൻേറയോ ആഭിജാത്യം നിലനിർത്തുന്നതിന്നും യശസ്സും പ്രതാപവും പ്രദർശിപ്പിക്കുന്നതിന്നും, രാഷ്ട്രീയമണ്ഡലങ്ങളിൽ കീർത്തിനേടുന്നതിന്നും, അതുമല്ലെങ്കിൽചരിത്രത്തിൻെറ താളുകളിൽ സ്ഥലം പിടിക്കുന്നതിന്നും വേണ്ടിയുള്ള, ദുരാഗ്രഹത്തോടുകൂടിയ അത്യദ്ധ്വാനം അതൊരിക്കലും ജിഹാദായിരിക്കുകയില്ല.

ജിഹാദിൽ ഏർപ്പെട്ടു കഴിഞ്ഞാൽ തൻെറ പ്രതിയോഗിയെ അമ്പെ പരാജയപ്പെടുത്തണമെന്നുള്ളപ്രത്യാശ സ്വാഭാവികമായും ഉണ്ടായിരിക്കും. എന്നാൽ ആപ്രത്യാശ



സ്വാർത്ഥതാൽപര്യത്തിൽ നിന്നും സങ്കുചിത വീക്ഷണത്തിൽ നിന്നും മോചിതമായിരിക്കും. സംസ്കരണത്തിൻെറ എല്ലാവിധപരിശ്രമങ്ങളും പരാജയപ്പെടുന്ന സന്ദർഭത്തിലാണ് ഇതുണ്ടാവുക. മനുഷ്യത്വത്തിൻെറ ഉൽകൃഷ്ടലക്ഷ്യം സംരക്ഷിക്കാൻ ഈ ശസ്ത്രക്രിയ കൂടാതെ മററുയാതൊരു പരിഹാരമാർഗ്ഗവും ഇല്ലെന്നുവരുമ്പോൾ ഈ അടിസ്ഥാനത്തിൽ പ്രസ്തുതപ്രത്യാശ പരിശുദ്ധമായ ആവേശമെന്നും ഈ ശത്രുത പരിപാവനമായ ''(മുഖദ്ദസ്സ)'' വൈരം എന്നും പറയപ്പെടുന്നു.

## മതത്തിൻെറ ഭാഷയിൽ:-

അർത്ഥഗർഭവും വളരെ ചുരുങ്ങിയതുമായ പദങ്ങളിലാണ് ശാഹ്‌വലിയുല്ലാ ജിഹാദിനെ നിർവ്വചിച്ചിട്ടുള്ളത് അതിപ്രകാരമാണ് ''വധത്തിൻേറയും തടങ്ങലിൻേറയും രൂപത്തിൽ പ്രത്യക്ഷപ്പെടുന്ന പരിപാവനമായ വിരോധമാണ് ജിഹാദ്.''

വിരോധത്തോടും ശത്രുതയോടും കൂടി പരിശുദ്ധമെന്നപദം ഉപയോഗിച്ചുകൊണ്ടുള്ള പ്രയോഗം അപ്രസക്തവും അസാധാരണവുമായിതോന്നാം, എന്നാൽ ജിഹാദിന്ന് ഈഅസാധാരണമായ വിശേഷണം ആവശ്യവുമാണ് എന്തുകൊണ്ടെന്നാൽ സ്വന്തം ജീവനെ ബലികഴിക്കുക അപരൻെറ ജീവനെ കവർന്നെടുക്കുക മുതലായവ യാതൊരു സ്വാർത്ഥതാൽപര്യവും കൂടാതെയും മനസ്സിൽ ദുർവ്വിചാരങ്ങൾ ഒട്ടുംതന്നെ ഇല്ലാതെയും ആയിത്തീർന്നിട്ടില്ലെങ്കിൽ അങ്ങിനെയുള്ള പ്രവർത്തനങ്ങൾ ജിഹാദ് എന്ന് പറയപ്പെടുകയില്ല. ദുർവ്വാസനകളും സ്വാർത്ഥതാൽപര്യങ്ങളും ലവലേശം സ്പർശിക്കാതെയുള്ള കഠിനാദ്ധ്വാനത്തിന്നാണ് ജീഹാദ്എന്ന് പറയുക. ദുർമ്മോഹങ്ങളും ദുശ്ചെയ്തികളും മുൻനിർത്തിക്കൊണ്ടുള്ള പ്രവർത്തനം ജിഹാദേയല്ല, പ്രത്യുത അക്രമവും കാട്ടാളത്തവും മൃഗീയതയുമാണ്.

ജിഹാദിൽ വ്യാപൃതനാകുന്ന സന്ദർഭത്തിൽ ഒരു സത്യവിശ്വാസി തനിക്ക് താൻ ഒന്നുമല്ലാതായിത്തീരുന്നു,

സത്യത്തേയും ധർമ്മത്തേയും നീതിയേയും സ്ഥാപിക്കാനുള്ളഒരായുധം മാത്രമായിരിക്കും അയാരം. സത്യവും നീതിയും നിലനിൎത്തുക എന്ന ആഗ്രഹമായിരിക്കും അയാളുടെ പ്രഥമവും പ്രധാനവുമായ ലക്ഷ്യം. അതിൻെറ പരിപൂൎണ്ണതക്കായി അയാരം തൻെറ സർവ്വസ്വവും ബലിയപ്പിക്കുന്നു. എന്നിപ്രകാരമാണു് ശാഹ്‌വലിയ്യുല്ലാ സാഹിബിൻെറ വീക്ഷണം.

സ്വാൎത്ഥികളായ മനുഷ്യരുടെ സ്വാൎത്ഥതാത്പര്യങ്ങരം ഒരു പൊതുരൂപം കൈക്കൊണ്ടു്, നാട്ടിൻെറ ശാന്തിയേയും സമാധാനത്തെയും ജനങ്ങളുടെ സ്വൈര്യ ജീവിതത്തേയും സ്വതന്ത്രമായ ഏർപ്പാടുകളേയും അവരുടെ സുഖകരമായ അന്തരീക്ഷത്തെയും അഭിപ്രായ സ്വാതന്ത്ര്യത്തേയും മററും മററും അപകടപ്പെടുത്താൻ തുടങ്ങിയാൽ, അങ്ങനെയുള്ള അക്രമ ശക്തിയെ ഉന്മൂലനം ചെയ്യേണ്ടതു് ഒഴിച്ചുകൂടാത്ത കടമയാണ്, നീതി ന്യായം നിലനിൎത്താൻ അതാവശ്യമാണ്. എന്നാണ് ശാഹ് സാഹിബിൻെറ വിശ്വാസം. എന്തുകൊണ്ടെന്നാൽ മൎദ്ദനങ്ങളും അക്രമങ്ങളും നടത്തുന്നതിൽ വാസനയുള്ള ഗൻമ്മെൻറാകട്ടെ ഇതരശക്തികളാകട്ടെ മനുഷ്യവംശത്തിൻെറ നില നില്പാന്നു് ആപത്താണെന്നു" മാത്രമല്ല അർബുദം പോലെയുള്ള ഒരു മഹാവ്യാധിയും കൂടിയാണതു്. മനുഷ്യ സ്നേഹികളായ എല്ലാ നല്ലവരായ ജനങ്ങളും പ്രസ്തുത വ്യാധിയെ ഓപ്പാറഷൻ ചെയ്തു് നീക്കം ചെയ്യാൻ ശ്രമിക്കും. അല്ലാത്തപക്ഷം നാടുമുഴുവനും നാശഗൎത്തത്തിലേക്കു് അധപതിക്കും. ആകയാൽ സത്യവിശ്വാസിയായ ഒരു മനുഷ്യൻെറ മതപരവും സാംസ്കാരികവുമായ കൎത്തവ്യം ആ അർബ്ബുദ രോഗത്തെ അയോടെ പിഴുതെറിഞ്ഞു് ജീവനെ രക്ഷിക്കുക എന്നുള്ളതാണു്.

ഇസ്ലാമിക പ്രബോധനത്തിന്നും ശാഹ്‌സാഹിബിൻെറ വിശ്വാസത്തിന്നും അനുസൃതമായ പരിശുദ്ധമായ ജിഹാദ്.—അതിൻെറ പരിശുദ്ധതയോടുകൂടി പൂൎത്തീകരിക്കാൻ— പ്രത്യേക പരിശീലനം സിദ്ധിച്ചിട്ടുള്ളപാർട്ടിയാ

ലെ അംഗങ്ങൾക്ക് മാത്രമേ സാധിക്കുകയുള്ളു. ആ പാർട്ടിയിലെ ഓരോ അംഗവും സ്വാർത്ഥതാല്പര്യങ്ങളെ പററെ വലിച്ചെറിഞ്ഞ് ഉൽകൃഷ്ടമായ ഉദ്ദേശ്യങ്ങൾ സാധിക്കാനായി അവരുടെ ജീവൻ തന്നെ ദാനം ചെയ്തിരിക്കയാണ്.

ഈയവസരത്തിൽ മററൊരു സംഗതികൂടി വ്യക്തമാക്കേണ്ടതുണ്ട്. അതായത് ജിഹാദിൻെറ ആന്തരീകശക്തി സ്ഥിതിചെയ്യുന്നത് ആത്മനിയന്ത്രണം, സഹനം, ദൃഢനിശ്ചയം, ത്യാഗ സന്നദ്ധത, വിപത്തുകളെ സസന്തോഷം നേരിടാനുള്ള മതക്കരുത്ത്, മരണത്തെ സ്വാഗതം ചെയ്യാനുള്ള ഉത്തമ വിശ്വാസം എന്നിവയിലാണ്.

മഹാത്മാഗാന്ധിയുടെ സ്വാതന്ത്ര്യപ്രസ്ഥാനം അഹിംസയുടേയും സത്യാഗ്രഹത്തിൻെറയും മൗലിക തത്വങ്ങളെ ആസ്പദമാക്കിയാണ് നടത്തപ്പെട്ടത്, അത് നൂറ് ശതമാനം വിജയിക്കുകയും ചെയ്തു. എന്നാൽ സത്യാഗ്രഹം അഹിംസ, ജിഹാദ് എന്നീ പദങ്ങൾ തമ്മിൽ വളരെ വ്യത്യാസമുണ്ട്. എന്നിരുന്നാലും ഒരു സ്പിരിററ് എല്ലാററിലും പ്രവർത്തിക്കുന്നുണ്ട്, അതായത് ലക്ഷ്യപ്രാപ്തിക്കായി ത്യാഗസന്നദ്ധമാകുക എന്ന അഭിനിവേശം.

വളരെയധികം ചികഞ്ഞ് നോക്കുകയാണെങ്കിൽ അഹിംസ ജിഹാദിൻെറ ഒരു ഭാഗമാണെന്ന് കാണാം ആ രൂപം ചില പ്രത്യേക അവസരങ്ങളിൽ മാത്രമേ പ്രവൃത്തിപഥത്തിൽ വരികയുള്ളു. മക്കാ ജീവിതകാലത്ത് ഈ പരിപാടിയനുസരിച്ചായിരുന്നു മുസ്ലിംകൾ പ്രവർത്തിച്ചിരുന്നത്. നബി തിരുമേനി ഇങ്ങനെ ഉപദേശിക്കുകയുണ്ടായി:— നിങ്ങളുടെ കൈകളെ നിങ്ങൾതന്നെ നിയന്ത്രിക്കുകയും നമസ്കാരം മുറപ്രകാരം നിർവ്വഹിക്കുകയും ചെയ്യുവിൻ. ശത്രുക്കളുടെ കൈയ്യേററത്തെ തടയേണ്ടത് സഹനശക്തി ഉപയോഗിച്ചായിരിക്കണം. അല്ലാഹുവുമായുള്ള ബന്ധം നിലനിത്താനും അവനിലുള്ള വിശ്വാസം സുദൃഢമാക്കാനുമായിട്ടാണ് നമസ്കരിക്കാൻ തന്നെ നബി ഉപദേശിച്ചത്.

ദേശീയ സ്വാതന്ത്ര്യം വീണ്ടെടുക്കുന്ന കാര്യത്തിൽ മഹാത്മാഗാന്ധിയുടെ സത്യാഗ്രഹവും അഹിംസാവ്രതവും പരിപൂർണ്ണ വിജയത്തിലെത്തിയെന്ന് മുമ്പ് പറഞ്ഞുവല്ലൊ. ആയിരത്തിത്തൊള്ളായിരത്തി നാല്പത്തേഴിലെ പരിവർത്തനം സാധിച്ചത് ഈ സമരത്തിൻെറ ഫലമായിട്ടാണ്. പക്ഷെ ഗാന്ധിജിയുടെ മുപ്പത് വർഷത്തെ നേതൃത്വത്തിൻെറ വെളിച്ചത്തിൽ അഹിംസാ സിദ്ധാന്തപ്രകാരം പരിപൂർണ്ണ പരിശീലനം സിദ്ധിച്ച എത്ര ജവാന്മാർ ഉണ്ടെന്ന് കണക്കാക്കാൻ പ്രയാസമുണ്ട്- എന്നാൽ പ്രചാരണത്തിന്നും പ്രസിദ്ധീകരണത്തിന്നുമുള്ള ആധുനിക ഉപകരണങ്ങളും സൗകര്യങ്ങളും അദ്ദേഹത്തിന്നുണ്ടായിരുന്നു. എന്ന് മാത്രമല്ല സർവ്വജന വിഭാഗങ്ങളുടേയും വമ്പിച്ച പിന്തുണയും ആനുകൂല്യങ്ങളും അദ്ദേഹത്തിന്ന് ലഭിച്ചിരുന്നു. കൂടാതെ ജനസാമാന്യത്തിൻെറ ഇടയിൽ സ്വാതന്ത്ര്യ വാഞ്ഛയും വളർന്നുകൊണ്ടിരുന്നു. എന്നിട്ടുപോലും അതു് സാദ്ധ്യമാവാതെവന്നു. എന്നാൽ ശാഹ് വലിയ്യുല്ലായുടെ സ്ഥിതിയാകട്ടെ ഇതിൽ നിന്ന് കേവലം വ്യത്യസ്ഥമായിരുന്നു. ഇരുപതാം നൂററാണ്ടിലെ പോലുള്ള പ്രചരണ പ്രസിദ്ധീകരണ സൗകര്യങ്ങളോ ഉപകരണങ്ങളോ അന്നുണ്ടായിരുന്നില്ല. തന്നിമിത്തം അതുവഴി ജനങ്ങളെ ആകർഷിക്കാനും കഴിഞ്ഞിരുന്നില്ല.

ആയിരത്തിത്തൊള്ളായിരത്തി പതിനേഴിലാണ് ഗാന്ധിജി അഹിംസാ പ്രസ്ഥാനം ആരംഭിച്ചതു്. അതേ കൊല്ലത്തിൽ തന്നെയാണ് റഷ്യൻ വിപ്ലവം ജയിച്ചതും, പക്ഷെ രണ്ടു വിപ്ലവങ്ങളുടേയും പ്രവർത്തനപരിപാടികൾക്കിടയിൽ യാതൊരു സാമ്യവുമുണ്ടായിരുന്നില്ല. ദുർഭരണങ്ങൾ അവസാനിപ്പിക്കുകയെന്ന തത്വത്തിൽ ഏകോപിച്ചിരുന്നെങ്കിലും രക്തദ്രുഷിതമായ വിപ്ലവത്തിലൂടെയാണ് റഷ്യ സ്വാതന്ത്ര്യം നേടിയത്. പ്രത്യുത ഗാന്ധിജിയുടെ വിപ്ലവമാകട്ടെ അഹിംസാപരമായിരുന്നു. ഈ വിപ്ലവത്തിന്ന് അത്ഭുതാവഹവും അനിതര സാധാരണവുമായ വൈശിഷ്ട്യങ്ങളും മഹത്വങ്ങളുമുണ്ടായിരുന്നു. ലോകം

ഇതിന്നു് മുമ്പൊരിക്കലും അങ്ങനെയുള്ള ഒരു സമര മുറയെപ്പററി ഓർത്തിട്ടുപോലുമുണ്ടായിരിക്കുകയില്ല. ആ സമരം ആരംഭിക്കപ്പെട്ടപ്പോൾ ഇന്ത്യയിലെയും വിദേശ രാജ്യങ്ങളിലേയും ചിന്തകന്മാരും ബുദ്ധിജീവികളും രാഷ്ട്രമീമാംസയിൽ അഗാധ പരിചയവും പരിജ്ഞാനവും സിദ്ധിച്ചിട്ടുള്ളവരും അതിനെ പുച്ഛിച്ചു തള്ളുകയാണുണ്ടായതു്. ആരംഭത്തിൽ അധികൃത വർഗ്ഗം അതിന്റെ നേരെ കണ്ണടച്ചു. ഗാന്ധിയൻ സമരത്തിന്റെ ആദ്ധ്യാത്മിക ചൈതന്യത്തെക്കുറിച്ചു അവർ ഒട്ടും തന്നെ മനസ്സിലാക്കിയില്ല. പ്രസ്ഥാനത്തിന്റെ പ്രവർത്തനപരമായ പരിപാടികൾ മെല്ലെ മെല്ലെ ആരംഭിച്ചപ്പോൾ ലങ്കാഷയറിലെയും മററും മില്ലുടമകൾ കിടുകിടെ വിറക്കാൻ തുടങ്ങി. പരേതനായ മൗലാനാ മുഹമ്മദലി തദവസരത്തിൽ പറഞ്ഞവാക്കു് ഏററവും ശ്രദ്ധേയമാണു്. ''വെള്ളക്കാരുടെ തോക്കുകളിൽ നിന്നു് പുറപ്പെടുന്ന വെടിയുണ്ടകൾക്കു് അറുപത്തഞ്ചോ എഴുപത്തഞ്ചോ നാഴിക അകലത്തിലെത്താൻ സാധിക്കുമെങ്കിൽ ഈ യോഗീശ്വരന്റെ (ഗാന്ധിജിയുടെ) തോക്കിൽ നിന്നു് പുറപ്പെടുന്ന വെടിയുണ്ടകൾ ഏഴായിരം നാഴിക അകലെയുള്ള ലങ്കാഷയറിലെ മില്ലുകളുടെ ഉറപ്പേറിയ ഭിത്തികളെ തകർത്തുകളയും.''

പതിനെട്ടാം നൂററാണ്ടിലെ വിപ്ലവത്തോടു് ഏറെക്കുറെ സാമ്യമുള്ളതാണു് ഇരുപതാം നൂററാണ്ടിലെ ഗാന്ധിയൻ വിപ്ലവം. ശാഹ്‌സാഹിബു് തന്റെ വിപ്ലവ പരിപാടിയെപ്പററി വളരെയധികം എഴുതിയിട്ടുണ്ടായിരുന്നെങ്കിലും പ്രസ്സിന്റെ സഹായമില്ലായ്കയാൽ അദ്ദേഹത്തിന്നു് പ്രസിദ്ധീകരിക്കാൻ കഴിഞ്ഞില്ല. വെറും വാചാ പ്രസംഗം മാത്രമായിരുന്നു അദ്ദേഹത്തിന്റെ പ്രചരണായുധം എന്നു് മാത്രമല്ല ഇക്കാലത്തെപ്പോലെയുള്ള യാത്രാ സൗകര്യങ്ങളും എന്നു് വിരളമായിരുന്നു. രാഷ്ട്രീയ പ്രവർത്തനങ്ങളോടൊപ്പം തന്നെ സാമൂഹ്യ മത പരിഷ്കരണ സംരംഭങ്ങളും ആരംഭിച്ചതു്കൊണ്ടു് അദ്ദേഹത്തിന്നു് വളരെയധികം അപകടകരമായ മേഖലകൾ തരണം ചെയ്യേണ്ടതായി വന്നു. എല്ലാ മണ്ഡലങ്ങളിലും അതിരൂക്ഷമായ വിപ്ലവ

പ്പെടുത്താൻ കഴിയുകയില്ല. പ്രസ്തുത രോഗിയുടെ രോഗം സുഖപ്പെടുത്തി അവൻെറ ആരോഗ്യനില ഭദ്രമാക്കാൻ ശ്രമിക്കുന്ന ഡോക്ടർ ആ ശരീരത്തിൽ ഓപ്പറേഷൻ നടത്തുക തന്നെവേണം. ചെറിയതോതിലുള്ള വേദന അനുഭവിക്കുന്നതു് മൂലം വമ്പിച്ച തോതിലുള്ള ഗുണം സിദ്ധിക്കാൻ ഇടയുണ്ടെങ്കിൽ അതു് ചെയ്യൽ നിർബന്ധമാണു്''(ബാബുൽ ജിഹാദ്. ഹു:ബാ:)

ശാഹ്‌വലിയ്യുല്ലായുടെ പ്രസ്ഥാനത്തിൻെറ സുപ്രസിദ്ധ നേതാവായ ശാഹ് ഇസ്മായീൽ ശഹീദ്‌ശാഹ്‌വലിയ്യുല്ലായുടെ തത്വങ്ങൾക്കു് വിപുലമായ തോതിലുള്ള വ്യാഖ്യാനം എഴുതിയിട്ടുണ്ടു്. അതിൽ ഇമാമത്തിൻേറയും (രാഷ്ട്രീയനേതൃത്വത്തിൻെറ) ഇസ്ലാമിക തത്വങ്ങളുടേയും വകുപ്പുകളും വിവരിക്കപ്പെട്ടിട്ടുണ്ടു്. അതിൻെറ വിശദീകരണത്തോടൊപ്പംതന്നെ മുസ്ലിം ജനസാമാന്യം ഏതു നേതൃത്വത്തെഅല്ലെങ്കിൽ ഏതു് മാർഗ്ഗത്തെ പിൻതുടരണമെന്നും വ്യക്തമാക്കപ്പെട്ടിട്ടുണ്ടു്.

ദുഷിച്ച നേതൃത്വത്തിൻെറ രണ്ടടയാളങ്ങൾ അതിൽ പ്രതിപാദിക്കപ്പെട്ടിട്ടുണ്ടു്.മുഗൾ ഭരണകാലത്തുള്ള നേതാക്കന്മാരിൽ അതുണ്ടായിരുന്നു. തദനന്തരം അതിനെസംബന്ധിച്ചു് ഇപ്രകാരമൊരു തീർപ്പും ഉണ്ടാക്കിയിട്ടുണ്ടു്;—

''ഇങ്ങനെയുള്ള ഒരു ദുഷിച്ച നില സംജാതമാകുമ്പോൾ വിപ്ലവ പതാക കൈയ്യിലേന്തിക്കൊണ്ടു് ആ മാർഗ്ഗ ഭ്രംശം വന്ന വിഭാഗത്തെ ഉന്മൂലനം ചെയ്യേണ്ടതാണു് അതു് രാഷ്ട്രത്തിന്നും മതത്തിന്നും ജനങ്ങൾക്കും ഗുണകരമായിത്തീരും. അതു് ചെയ്യാതിരുന്നാൽ നാട്ടിലെ സാമാന്യജനങ്ങളും ഉത്തമന്മാരും എല്ലാം ഒന്നു്പോലെ വളരെയധികം കഷ്ടപ്പാടുകൾ സഹിക്കേണ്ടിവരും. (മൻസിബു് ഇമാമത്തു്)

അടുത്ത പേജിൽ അദ്ദേഹം ഇങ്ങനെ എഴുതുന്നു, ''അവക്കെതിരായി സമരം ചെയ്യുന്നതു് ഇസ്ലാമിൻെറ ഒഴിച്ചുകൂടാത്ത കടമയാണു്. ആ സമരത്തെ നിന്ദിക്കുന്നതു് റസൂൽ തിരുമേനിയെ അവഹേളിക്കലായിരിക്കും. തദ

നന്തരമുള്ള പേജുകളിൽ അതില കടുത്ത പദങ്ങൾ ഉപയോഗിച്ചിട്ടുണ്ട്

ചുരുക്കിപ്പറഞ്ഞാൽ മുഗൾ ഭരണകൂടത്തിന്റെ വീഴാറായ ഭിത്തി സൂക്ഷിക്കലായിരുന്നു ശാഹ്‌വലിയ്യുല്ലാസാഹിബിന്റെ രാഷ്ട്രീയ ലക്ഷ്യം എന്ന അഭിപ്രായം ശാഹ് സാഹിബിന്റെ മാത്രമല്ല പ്രിയപ്പെട്ട മാതൃഭൂമിയുടെ മഹത്തായ ചരിത്രത്തിന്റെ നേരെയും ഉള്ള കടുത്ത ആക്രമണമാണ്, സംഭവം ഇപ്രകാരമാണ്;– ഹസ്രത്ത് ശാഹ്‌സാഹിബ് സാംസ്കാരിക രാഷ്ട്രീയ സമര സംരംഭങ്ങളിൽ ഏർപ്പെട്ടുടനെത്തന്നെ ഹിജാസിലേക്ക് യാത്രതിരിച്ചു. അവിടെ താമസിക്കുന്ന അവസരത്തിൽ ഒരുദിവസം രാത്രി, ഹിജ്റ 1144 ദുൽഖഅദ 21 വെള്ളിയാഴ്ച–ക്രി 1731 മക്കയിൽ വെച്ച് അദ്ദേഹത്തിന്റെ ഹൃദയത്തിൽ നിന്ന് ഇപ്രകാരമുള്ള ഒരു ശബ്ദം പുറപ്പെട്ടതായി കേട്ടു:– ''രാഷ്ട്രത്തിന്റേയും മതത്തിന്റേയും സമുദായത്തിന്റേയും രക്ഷക്കും നന്മക്കും ഒരേയൊരു മാർഗ്ഗമാണുള്ളത്. നടപ്പുകാലത്തെ ഭരണഘടനകളെല്ലാം പാടെ അടിച്ചുടക്കുക. ഒരു സാർവ്വത്രികമായ പ്രക്ഷോഭം സംഘടിപ്പിക്കുക'' അദ്ദേഹം പരിശുദ്ധ യാത്രയിൽ നിന്ന് തിരിച്ചെത്തിയപ്പോൾ തന്റെ പരമലക്ഷ്യം ഇതായിരുന്നു–''ഫക്കകുല്ലിനിസാം''

അതായത് രാഷ്ട്രീയവും സാമൂഹികവുമായ ജീവിതത്തിന്റെ എല്ലാതുറകളിലും സമ്പൂർണ്ണ വിപ്ലവം എന്നർത്ഥം. അക്കാലത്തെ സൈനിക തലവന്മാരെപോലെ പടവാളും കയ്യിലേന്തിക്കൊണ്ട് രംഗത്തിറങ്ങി സമരം ചെയ്തു ഏതെങ്കിലും നാട് അധീനപ്പെടുത്താൻ മതിനുവെങ്കിൽ അതും എളുപ്പത്തിൽ സാധ്യമായിരുന്നു. എന്നാൽ പാർട്ടിയുടെ പരമലക്ഷ്യമായ സാർവ്വത്രികമായ വിപ്ലവം വിജയിപ്പിക്കുവാൻ സാധിക്കുമായിരുന്നില്ല. പൊതുജനാഭിപ്രായം സാംസ്കാരികലക്ഷ്യങ്ങൾക്കു അനുകൂലമായിത്തീരുമ്പോഴേ ഉദ്ദിഷ്ടലക്ഷ്യത്തിലെത്തുകയുള്ളൂ. അതിന്ന് സമരത്തിൽ പ്രവേശിക്കുന്നതിന്ന് മുമ്പ് വിജ്ഞാനവും പരിശീലനവും നേടേണ്ടത് അവശ്യം ആവശ്യമാണ്. ആകയാൽ



നാട്ടിൽ അതിനുള്ള ചില കേന്ദ്രങ്ങൾ സ്ഥാപിക്കുക എന്നതായിരുന്നു പാർട്ടിയുടെ പ്രഥമപരിപാടി.

## പാർട്ടിയും നേതാക്കന്മാരും

ആ പാർട്ടിയുടെ എല്ലാ അംഗങ്ങളുടേയും പേരുകൾ രേഖപ്പെടുത്തിട്ടുള്ള ഒരു പട്ടിക സൂക്ഷിച്ചില്ല എന്നത് ചരിത്രത്തിന്ന് വലിയ ഒരു കോട്ടം തന്നെയാണ്. എന്നാൽ അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളിൽ തന്റെ ചില സഹപ്രവർത്തകന്മാരുടെ പേരുകൾ കാണുന്നുണ്ട്. അവരാണ് ആ പ്രസ്ഥാനത്തെ വളർത്തിയതും ഗ്രന്ഥങ്ങൾ എഴുതാൻ അദ്ദേഹത്തിന്ന് നിർദ്ദേശം നൽകിയതും അവരെപ്പററി ചുരുങ്ങിയ വിവരം ഇവിടെ കുറിക്കാം.

### 1 മൗലാനാ മുഹമ്മദ് ആശിഖ് സാഹിബ്

ഇദ്ദേഹം ശാഹ്‌സാഹിബിന്റെ അമ്മാവന്റെ മകനായിരുന്നു.

ആരംഭം മുതൽ ശാഹ്‌സാഹിബിന്റെ കൂട്ടാളിയും ഹിജാസ് യാത്രയിൽ ഒന്നിച്ചുണ്ടായിരുന്ന വ്യക്തിയുമാണ്. ശാഹ്‌സാഹിബ് അദ്ദേഹത്തെ പരിചയപ്പെടുത്തുന്നതിപ്രകാരമാണ്, ''മൗലാനാ മുഹമ്മദ് ആശിഖ് എന്റെ രഹസ്യങ്ങൾ അറിയുന്ന വ്യക്തിയാണ്. എന്റെ ഗ്രന്ഥങ്ങളുടെ ലൈബ്രേറിയാണ്. അദ്ദേഹത്തിന്റെ നിർബന്ധപ്രകാരം വളരെ ഗ്രന്ഥങ്ങൾ ഞാൻ എഴുതിയിട്ടുണ്ട്. എന്റെ കാലശേഷം എന്റെ അഭിപ്രായങ്ങളും ആദർശങ്ങളും അദ്ദേഹംമുഖേന പ്രചരിക്കും.

ശാഹ്‌സാഹിബിന്റെ മരണാനന്തരം അദ്ദേഹത്തിന്റെ പാർട്ടിയിലെ അംഗങ്ങൾ പ്രത്യേകിച്ച് ശാഹ് സാഹിബിന്റെ മകൻ ശാഹ് അബ്ദുൽഅസീസും മൗലാനാ മുഹമ്മദ് ആശിഖിന്റെ ശിക്ഷണത്തിലായിരുന്നു വളർന്നത്.

## 2 മൗലാനാ നൂറുല്ലാഹ് സാഹിബ്

ഇദ്ദേഹം ശാഹ്‌വലിയുല്ലാ സാഹിബിൻെറ ശിഷ്യനാണ്. സുപ്രസിദ്ധ ഗ്രന്ഥമായ 'തഫ്ഹീമാതെ ഇലാഹിയ്യാ' ശാഹ് വലിയ്യുല്ലാ നിർമ്മിച്ചത് ഇദ്ദേഹത്തിൻെറ അപേക്ഷപ്രകാരമാണ്. മൗലാനാ നൂറുല്ലാ,ശാഹ്‌അബ്ദുൽ അസീസിൻെറ ഉസ്താദും ശ്വശുരനമാണ്. മൗലാനാഹിബത്തുല്ല മൗലാനാ നൂറുല്ലായുടെമകനും മൗലാനാ അബ്ദുൽ ഹയ്യ് അദ്ദേഹത്തിൻെറ പൗത്രനമാണ്.

## 3 മൗലാനാ അബ്‌ദുൽഹയ്യ്

പ്രസ്ഥാനത്തിൽ സജീവമായി പങ്കെടുത്തു വടക്ക് പടിഞ്ഞാറ് അതിർത്തി പ്രദേശത്ത് വെച്ചായിരുന്നു അദ്ദേഹം നിര്യാതനായത്. അവിടെ സയ്യിദ് അഹമദ് ശഹീദിൻെറ കൂടെ ജിഹാദിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു.

## 4 മൗലാനാമുഹമ്മദ് അമീൻ കാശ്‌മീരി

ശാഹ് സാഹിബിൻെറ ഉററ സഖാവാണ് ശാഹ് സാഹിബിന്നു് ശേഷം പാർട്ടിയുടെ നേതൃത്വം ഏറെറടുത്തു.

## 5 ഹസ്രത്ത്‌ശാഹ് അബൂസഈദ്

അദ്ദേഹം സുപ്രസിദ്ധ യോഗിവര്യനായ ശാഹ്‌അലമുല്ല സാഹിബിൻെറ പൗത്രനായിരുന്നു. ഇംഗ്ലീഷുകാരുടെ ഭരണത്തിന്നെതിരായി പൊതുജനാഭിപ്രായം സംഘടിപ്പിച്ച ഹസ്രത്ത് സയ്യിദ് അഹമദ് ശാഹ് അലമുല്ലാ



യുടെ പേരക്കുട്ടിയാണു്. വടക്കുപടിഞ്ഞാറെ അതിർത്തി പ്രദേശത്ത് അദ്ദേഹം സമരപതാക ഉയർത്തി. ടിപ്പുസുൽത്താൻെറ കുടുംബം അദ്ദേഹമായും അദ്ദേഹത്തിൻെറ മകൻ ശാഹ്‌അബ്ദുല്ലൈസുമായും ഒരു കരാറിലേർപ്പെട്ടുണ്ടായിരുന്നു.

## 6 ഹസ്രത്ത്‌ശാഹ് അബ്‌ദുൽ അസീസ്

അദ്ദേഹം ശാഹ് വലിയുല്ലാ സാഹിബിൻെറ മൂത്ത പുത്രനാണ്.

## പാർട്ടിയുടെ കേന്ദ്രം

1 ഡൽഹി;_വിജ്ഞാനത്തിൻെറയും പ്രവർത്തന പരിശീലനത്തിൻെറയും ഏററവും വലിയ കേന്ദ്രമായിരുന്ന ഡൽഹി. ശാഹ്‌വലിയുല്ലാ സാഹിബിൻെറ നിര്യാണാനന്തരം അദ്ദേഹത്തിൻെറ പുത്രനും പിൻഗാമിയുമായ മൗലാനാശാഹ് അബ്ദുൽഅസീസ് ആ കേന്ദ്രത്തിൻെറ രക്ഷാകർത്തൃത്വം ഏറെറടുക്കുകയും അതിനെ പൂർവ്വാധികം ഉത്തേജിപ്പിക്കുകയും ചെയ്തു.

2 റായിബറേലി:- രണ്ടാമത്തെ കേന്ദ്ര റായിബറേലി ആയിരുന്നു. അവിടെയാണ ശാഹ്‌അലമുല്ലാ സാഹിബിൻെറ തക്യ സുപ്രസിദ്ധമായിരുന്ന ഈ കേന്ദ്രവുമായി ടിപ്പുസുൽത്താന്നു് ആദ്ധ്യാത്മിക ബന്ധമുണ്ടായിരുന്നു.

ബ്രിട്ടീഷ് ഗവമ്മെൻറിന്നെതിരായി ഡൽഹികേന്ദ്രത്തിൽനിന്നു് സ്വാതന്ത്ര്യസമരത്തെക്കുറിച്ചുള്ള ഫത്ത്‌വ: പുറപ്പെട്ടപ്പോഠം റായ്‌ബറേലി കേന്ദ്രത്തിൽനിന്നു് വിപ്ലവപ്രസ്ഥാനം ഉയൻ്ന വന്നു- ശത്രുക്കരം അതിന്നു് വ

ഹ്ഹാബി പ്രസ്ഥാനമെന്ന പേരുനൽകി അപലപിച്ചു. എന്നാൽ വഹ്ഹാബി പ്രസ്ഥാനം അവർ പ്രഖ്യാപിച്ച പോലെ ദൂഷിച്ച ഒരു പ്രസ്ഥാനമായിരുന്നില്ല. പ്രത്യുത മഹത്തായ ഉദ്ദേശ്യങ്ങളോടുകൂടി അല്ലാമാമുഹമ്മദ്അബ്ദുൽ വഹ്ഹാബ് നടത്തിയ അതിവിശിഷ്ടമായ ഒരുശിരൻ ഇസ്ലാമിക പ്രസ്ഥാനമായിരുന്നു അതു്. അതിനെക്കുറിച്ച് വിശദമായി പിന്നീട് എഴുതുന്നതാണ്.

ഈ കേന്ദ്രത്തിൽ പ്രവത്തിച്ചിരുന്നവർ വംശപരമായി ഹസ്രത്ത് ശാഹ് അലമുല്ലാ സാഹിബുമായി ബന്ധമുള്ളവരായിരുന്നു. വിജ്ഞാനപരമായും കമ്മപരമായും ഹസ്രത്ത് ശാഹ് വലിയുല്ലാ സാഹിബിൻെറ പരിശീലനകേന്ദ്രത്തോടും അവർക്ക് ബന്ധമുണ്ടായിരുന്നു,

ഹസ്രത്ത് ശാഹ് മുഹമ്മദ് സാഹിബ്, ഹസ്രത്ത് ശാഹ് അബൂ സ ഈദ്, ഹസ്രത്ത് സയ്യിദ് മുഹമ്മദ് മുഈൻ, ഹസ്രത്ത് സയ്യിദ് മുഹമ്മദ് ലുഖ്മാൻ എന്നിവർ ഹസ്രത്ത്ശാഹ് വലിയുല്ലാ മുതലായ മഹാപണ്ഡിതന്മാരിൽ നിന്നു് ആദ്ധ്യാത്മികവും ഭൗതികവുമായ വിജ്ഞാനങ്ങളും പരിശീലനവും സമ്പാദിച്ചവരായിരുന്നു, മദ്രസ്സ മുല്ലാമുഈനും അതിന്നപ്പുറമെ ഔധിൻെറ തലസ്ഥാനമായ ലഖ്നോവും വിപ്ലവകേന്ദ്രങ്ങളായിരുന്നു.

ഈ രണ്ട് കേന്ദ്രങ്ങൾക്ക് പുറമെ ഹസ്രത്ത് മൗലാനാ ഉബൈദുല്ലാ സിന്ധി മററു രണ്ടു കേന്ദ്രങ്ങൾകൂടി ഉണ്ടായിരുന്നുവെന്നു് രേഖപ്പെടുത്തീയിട്ടുണ്ട്.

മാർഗ്ഗതടസ്സങ്ങൾ:— അധീശാധിപത്യത്തിൻെറയും രാജവാഴ്ചയുടേയും ഭൃ [പത്രുത്വത്തിൻെറയും ഉഗ്രമായ കൊടുങ്കാററുകൾ ഇന്ത്യയിൽഅടിച്ചുവീശിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടമായിരുന്നു ക്രിസ്താബ്ദം പതിനെട്ടാം നൂററാണ്ട് ആ നൂററാണ്ടിലാണ് നടപ്പുള്ള എല്ലാ ഭരണസമ്പ്രദായങ്ങളും അടിച്ചുടച്ച് ജനങ്ങളുടേതായ ഒരു ഭരണവ്യവസ്ഥ നടപ്പിൽവരുത്തണമെന്ന പരമലക്ഷ്യത്തെ ഉന്നംവെച്ച് പ്രവത്തിക്കുന്നതും സാർവ്വത്രികവുമായ വിപ്ലവത്തിലേക്ക് വെളിച്ചംവീശുന്നതുമായ ഒരു ദീപം കത്തിജ്വലിച്ചത്.

മുഗൾ ചക്രവർത്തിയുടെ സൈനീക ശക്തിക്ക് ക്ഷയം നേരിട്ടിട്ടുണ്ടായിരുന്നെങ്കിലും രണ്ടു നൂററാണ്ടു കാലത്തെ അവരുടെ ഭരണ ചരിത്രം മതപരമായ സ്വാധീനം ജനഹൃദയങ്ങളിൽ അങ്കുരിപ്പിയ്ക്കാൻ പര്യാപ്തമായിത്തീൎന്നു. അതായത്തു് മുഗൾ സുൽത്താന്മാരെ ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്യുക എന്നതു് മതദൃഷ്ട്യാ ഒരാവശ്യമാണെന്നു് ജനങ്ങൾ വിശ്വസിച്ചു് തന്നിമിത്തം കുഴപ്പങ്ങൾ സൃഷ്ടിച്ചു് മുഗൾ സുൽത്താന്മാരെ വധിക്കാൻ മുതിരുന്നവർ പോലും അക്ബർ ചക്രവർത്തിയുടേയും ആലംഗീറിൻെറയും മക്കളിൽ നിന്നു് ആരെങ്കിലും ഭ്രഷ്ടാക്കപ്പെടുകയോ വധിക്കപ്പെടുകയോ ചെയ്താൽ തൽസ്ഥാനത്തു് ആ രണ്ടു ചക്രവർത്തിമാരുടെ മക്കളിൽപെട്ടവരെത്തന്നെ വാഴിക്കണ മെന്ന സിദ്ധാന്തക്കാരായിരുന്നു. മുഗൾ സുൽത്താന്മാർ തന്നെയാണ് നാട്ടിൻെറ യഥാൎത്ഥമായ അവകാശികൾ എന്നവർ വിശ്വസിച്ചിരുന്നു. സംസ്ഥാനങ്ങളിലെ ഗവർണ്ണർമാർ സ്വയം സ്വതന്ത്രരായിട്ടും തങ്ങളുടെ ഗവൺമെൻറിൻെറ നടത്തിപ്പിന്നു് മുഗൾ സുൽത്താൻെറ "സനദ്" ആവശ്യമാണെന്നു് അവർ ധരിച്ചിരുന്നു. ബുർഹാനുൽ മുൽക്കനവാബ്സആദത്തു് അലിഖാൻ മുഗൾ സുൽത്താൻെറ ഗവൺമെൻറിൻെറ ലേബലൊട്ടിച്ചു് "ഔധിൽ" തൻെറ ഗവൺമെൻറ് ഏർപ്പെടുത്തി, നിസാമുൽ മുൽക്കു് ആസഫ്ജാഹ് അമീറുൽ ഉമറായുടെ മുദ്രാവാക്യത്തോടുകൂടി ഡെക്കാനിൽ തൻെറ സ്വാതന്ത്ര്യപതാക പറപ്പിച്ചു. മറാട്ടികളുടെ കലഹത്തിൻെറ പ്രധാന ലക്ഷ്യം ഏതെങ്കിലും ഒരു രാജകീയ ചിഹ്നം അധീനപ്പെടുത്തണ മെന്നതായിരുന്നു. ബാജീറാവു പേശ്വാസിന്നും മാധോജി സിന്ധിയക്കും അമീറുൽ ഉമറാഅ് എന്ന ബഹുമതി ലഭിച്ചപ്പോൾ തളർച്ച ബാധിച്ചു മരിക്കാറായ മുഗൾ സാമ്രാജ്യത്തെ അവർ ബഹുമാനിക്കാൻ നിർബ്ബന്ധിതരായി.

എന്തിനേറെ, ഈസ്റ്റിന്ത്യാ കമ്പനിക്കു് അവരുടെ ആധിപത്യം നിലനിൎത്താൻ മുഗൾ സിംഹാസനത്തിൻെറ അനുമതി പത്രം ആവശ്യമായിരുന്നു. ഡൽഹി കൈവശപ്പെടുത്തിയ ശേഷവും അരനൂററാണ്ടിലധികം കാലത്തോ

ൠം ഡൽഹിയിലെ മുഗൾ സുൽത്താൻെറ സിംഹാസന
ത്തിൽ അദ്ദേഹത്തിൻെറ പ്രതിനിധി തന്നെ അഭിഷേകം
ചെയ്യപ്പെട്ടിരുന്നു.

പരിപൂൎണ്ണവും സാർവ്വത്രികവുമായ വിപ്ലവ ശബ്ദം
സുൽത്താന്മാരെയും ഭൂപ്രഭുക്കന്മാരെയും മാത്രം നശിപ്പി
ക്കാനുള്ള സന്ദേശമായിരുന്നില്ല. പ്രത്യുത മുഗൾ ആധിപ
ത്യത്തിൻെറ പിൻ തുടർച്ചാവകാശികളായിത്തീരാൻ
വ്യാമോഹിക്കുന്ന ദുശ്ശക്തികൾക്കുള്ള മരണ സന്ദേശമായി
രുന്നു അത്. അല്ലെങ്കിൽ വേതനം പററുന്ന പട്ടാളക്കാരുടെ
സഹായത്തോടുകൂടി നാട്ടിൻെറ മുക്കിലും മൂലയിലും ഭൂപ്ര
ഭുത്വത്തിൻെറ പതാക പറിപ്പിക്കുന്നവൎക്കുള്ള അന്ത്യ സ
ന്ദേശമായിരുന്നു.

സുൽത്താന്മാരെയും നവാബ്മാരെയും അമീർമാരെ
യും കൂടാതെ ഉലമാക്കളും ശൈഖന്മാരും കവികളുമെല്ലാം
ഹസ്രത്ത് ശാഹ്‌വലിയുല്ലായുടെ കഠിനമായ വിമർശന
ത്തിന്നു് വിധേയമായിത്തീൎന്നിട്ടുണ്ട്. അദ്ദേഹത്തിൻെറ
വിമർശന ലേഖനങ്ങൾ "തഫ്ഹീമാതെ ഇലാഹിയ്യ"
യിൽ ധാരാളമുണ്ട്. ഓരോലേഖനവും കൂരമ്പുപോലെ തുള
ച്ചുകയറുന്നവയാണ്. ജന സാമാന്യം ആ ഉലമാക്കളുടേയും
ശൈഖന്മാരുടേയും കവികളുടേയും അടിമകളായി പരിണ
മിച്ചിരിക്കുകയാണ്". ആകയാൽ ബഹു ജനങ്ങളും അധി
കാര ശക്തിയുള്ളവരും എല്ലാം പരമ പ്രധാനമായ ഈ ല
ക്ഷ്യത്തിൻെറ കഠിന ശത്രുക്കളുമായിത്തീൎന്നിരിക്കയാണ്.
അത്രയ്ക്കു ശക്തമായ കൊടുങ്കാററുകൾ എതിരായി അടിച്ചു
കൊണ്ടിരുന്ന കാലത്താണ് ശാഹ്‌വലിയ്യുല്ലാ സാർവ്വത്രി
കമായ വിപ്ലവത്തിലേക്കു് വെളിച്ചം വീശുന്ന ദീപം
ജ്വലിപ്പിച്ചതു്,

## പ്രചാരണ പ്രസിദ്ധീകരണ വൈഷമ്യങ്ങൾ പ്രസിൻെറ സൗകര്യക്കുറവ്

മാൎക്സും ഏംഗൽസും ലെനിനും മഹാഭാഗ്യവാന്മാ
രായിരുന്നു. പ്രസിദ്ധീകരണത്തിന്നും പ്രചാരണത്തിന്നുമു

FAROOK COLLEGE

ള്ള സാങ്കേതികോപകരണങ്ങൾ അവർക്ക് സുലഭമായിലഭിച്ചിരുന്നു. പ്രസ്സുകൾ വേണ്ടത്ര കൈവശമുണ്ടായിരുന്നതു് കൊണ്ട് ഗ്രന്ഥങ്ങളും ലഘുലേഖനങ്ങളും മുദ്രണം ചെയ്യാൻ യാതൊരു പ്രയാസവും അവർക്ക് നേരിട്ടിരുന്നില്ല. ചുരുങ്ങിയ സമയത്തിന്നുള്ളിൽ ലക്ഷക്കണക്കിലും കോടിക്കണക്കിലുമുള്ള ആളുകളിലേക്ക് തങ്ങളുടെ സന്ദേശങ്ങളും ചിന്താഗതികളും ആദർശ നിർദ്ദേശങ്ങളും എത്തിക്കാൻ കഴിഞ്ഞിരുന്നു. എന്നാൽ ശാഹ്‌വലിയ്യുല്ലാ സാഹിബിന്റെ സ്ഥിതിയാവട്ടെ ഇതിൽനിന്ന് കേവലം വ്യത്യസ്തമായിരുന്നു. പ്രസിദ്ധീകരത്തിന്നും പ്രചാരണത്തിന്നും വാചാപ്രസംഗമല്ലാതെ മറ്റൊരു മാർഗ്ഗവും ഉണ്ടായിരുന്നില്ല. അദ്ദേഹമാകട്ടെ ഉയർന്ന നിലവാരത്തിലുള്ള ചിന്തകനും ഗദ്യ പദ്യങ്ങൾ എഴുതുന്നതിൽ അതി വൈദഗ്ധ്യം സിദ്ധിച്ച ഒരു മഹാ സാഹിത്യ സാമ്രാട്ടുമായിരുന്നു, പ്രസ്സിന്റെ സഹായമില്ലാത്തതിനാൽ തന്റെ വിലപ്പെട്ട ഗ്രന്ഥങ്ങളെല്ലാം കൈയ്യെഴുത്തു കോപ്പികളായി നീണ്ടകാലം വെളിച്ചം കാണാതെ കിടക്കേണ്ടിവന്നു. ഏതാണ്ട് 150 കൊല്ലത്തിന്ന് ശേഷമാണവമുദ്രണം ചെയ്തതു്.

## മാനിഫെസ്റ്റോ:-

നാടാകെ അരാജകത്വം വ്യാപിച്ചിരിക്കയാണ്, ഭയങ്കരങ്ങളായ വിപ്ലവകോലാഹലങ്ങൾ അഹോരാത്രം നടക്കുന്നു. ഡൽഹിയുടെ നേരെ മറാട്ടികൾ പാഞ്ഞുകയറുന്നു. നാദിർഷാ കൂട്ടക്കൊല നടത്തുന്നു. ഡൽഹി നിരന്തരമായി കൊള്ളചെയ്യപ്പെടുന്നു. അഹമദ്‌ശാ അബ്ദാലി പാനിപ്പത്തിൽ യുദ്ധം നടത്തുന്നു. ഈ വക വിപൽക്കരങ്ങളായ സംഭവങ്ങൾ മൂലം ശാഹ് സാഹിബിന്ന് തന്റെ വിപ്ലവാദർശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള മാനി ഫെസ്റ്റോ രചിക്കാൻ സാധിക്കാതെ വന്നു.

തന്നിമിത്തം അദ്ദേഹം വിപ്ലവാദർശങ്ങൾ പ്രകാശിപ്പിക്കുന്നതിന്ന് ചില പ്രത്യേക മാർഗ്ഗങ്ങൾ ഉപയോഗിക്കാൻ നിർബ്ബന്ധിതനായി. ചിലപ്പോൾ പരിശുദ്ധ

ഖുർആന്റെ പരിഭാഷയുടെ രൂപത്തിലും മററു ചിലപ്പോൾ തസവ്വുഫിന്റെയും ഇസ്ലാമിക ഫിലോസഫിയുടേയും മറയിലും ചിലപ്പോഴൊക്കെ ഉപദേശ നിർദ്ദേശങ്ങളുടെ പരിവേഷത്തിലും ചുരുക്കം ചില സന്ദർഭങ്ങളിൽ ഇസ്ലാമിക ചരിത്രത്തിന്റെയും സഹാബാക്കളുടെയും താബിളുകളുടേയും നടപടി ക്രമങ്ങളുടേയും രൂപത്തിലുമായിരുന്നു അത്.

ഇപ്രകാരമെല്ലാം സൂക്ഷിച്ച പ്രവർത്തിച്ചിട്ടും അദ്ദേഹവും പിൻഗാമികളും ശത്രുക്കളുടെ ഭയങ്കരങ്ങളായ ആക്രമണങ്ങൾക്ക് വിധേയരായിത്തീർന്നിട്ടുണ്ട്. വധശ്രമം പോലും അവരുടെ മേൽ നടത്തപ്പെട്ടു. ഹസ്രത്ത് മൗലാനാ ശാഹ് സാഹിബിന്റെ വിപ്ലവ പാന്ഥാവിലേക്കുള്ള ആദ്യത്തെ കാൽവെപ്പ് വിശുദ്ധ ഖുർആനിനെ പേഴ്സ്യൻ ഭാഷയിലേക്ക് വിവർത്തനം ചെയ്തതോടു കൂടിയായിരുന്നു: അതോടുകൂടി ശത്രുക്കൾ അദ്ദേഹത്തെ വധിക്കാനുള്ള ശ്രമം നടത്തി. ദൈവാനുഗ്രഹത്താൽ അത്ഭുതമാം വിധം ആ മഹാനുഭാവൻ രക്ഷപ്പെട്ടുവെന്ന് പറയാം.

## അമുസ്ലിംകളോടുള്ള സമ്പർക്കം:-

മുസ്ലിംകളോടെന്നപോലെ ഇതര മതക്കാരുമായും അദ്ദേഹം സമ്പർക്കം പുലർത്തിവന്നിരുന്നു. അവരിലും വിപ്ലവ ബോധം ജനിപ്പിക്കാൻ ഉരാക്കൊണ്ടു പ്രവർത്തിച്ചുവന്നു. മൗലാനാ ഉബൈദുല്ലാ സിന്ധി ഇങ്ങനെ പറയുന്നു:— ഹസ്രത്ത് ശാഹ്സാഹിബ് ഹൈന്ദവ യുവാക്കളിൽ വിപ്ലവ സ്പിരിററ് ജനിപ്പിക്കേണ്ടതിന്ന് ഭഗവൽ ഗീതയിലെ ഉപദേശങ്ങൾ എടുത്തു ഉദ്ധരിച്ചുകൊണ്ടായിരുന്നു പ്രവർത്തിച്ചിരുന്നത്. എന്നാൽ നാട്ടിന്റെ ഭരണം മിക്കവാറും മുസ്ലീം അധീനത്തിലായതുകൊണ്ട് മുസ്ലിം യുവാക്കളുമായിട്ടായിരുന്നു അദ്ദേഹത്തിന്ന് കൂടുതൽ അടുപ്പം ഉണ്ടായിരുന്നത്. മുസ്ലിം യുവാക്കളിൽ വിപ്ലവബോധവും പ്രവർത്തന വാഞ്ഛയും ഉദ്ദീപിപ്പിക്കുകയാണ് വിപ്ലവം



സംഘടിപ്പിക്കാനുള്ള ഏററവും എളുപ്പമാർഗ്ഗം എന്നായിരുന്നു അദ്ദേഹത്തിന്റെ നിഗമനം. കാരണം, ഒന്നാമതായി ഉത്തരേന്ത്യ മുഴുവനും ദക്ഷിണേന്ത്യയിലെ ഭൂരിഭാഗവും മുസ്ലിംകളുടെ അധീനതയിലായിരുന്നു. എന്ന് മാത്രമല്ല ഉത്തരേന്ത്യയിലേയും മദ്ധ്യേന്ത്യയിലേയും രജപുത്താന സ്റ്റേററുകൾ മുസ്ലിംകളുടെ അധിശാധിപത്യത്തിൻ കീഴിലുമായിരുന്നു, മുഗൾ ഭരണത്തിന്ന് ക്ഷയം പററിയകാലത്ത് ആ പ്രദേശത്തുള്ള ഒരൊററ ഹിന്ദു സ്റ്റേററ് പോലും മുഗിള സിംഹാസനത്തിന്റെ മങ്ങിക്കിടക്കുന്ന ചൈതന്യം കെടുത്താൻ ശ്രമിക്കുകയുണ്ടായിട്ടില്ല. എന്തിനേറെ മുഗൾ സുൽത്താന്മാരെ നശിപ്പിക്കാൻ മഹാരാഷ്ട്രപോലും ശ്രമിക്കുകയുണ്ടായിട്ടില്ല എന്നതാണ് സത്യം. ക്രി. 1857ൽ മഹാരാഷ്ട്രക്കാരുടെ അവശേഷിച്ച ശക്തി നിർവീര്യമാക്കുകയോ മുഗൾ ആധിപത്യത്തിന്റെ ഏതെങ്കിലും ഒരവകാശിയെ സിംഹാസനത്തിൽ വാഴിക്കുകയോ ആയിരുന്നില്ല വിപ്ലവത്തിന്റെ ലക്ഷ്യം. ആകയാൽ വിപ്ലവത്തിന്ന് മുമ്പുതന്നെ യുവാക്കളെ സമുദ്ധരിക്കണമെന്ന് അദ്ദേഹം തീരുമാനിച്ചു. അപ്രകാരംതന്നെ ഏഷ്യയിലെ സർവ്വ സമുദായങ്ങളുടേയും മേലുള്ള ഭരണഭാരം മുസൽമാന്മാരുടെ കൈയ്യിലായിരുന്നു. തന്നിമിത്തം മുസ്ലിം യുവാക്കളുടെ സംസ്കരണം ഏഷ്യമുഴുവനുമുള്ള ജനതയുടെ സംസ്കരണത്തിന്ന് തുല്യമാണെന്നും യൂറോപ്പിൽനിന്നും ഇരമ്പിപ്പാഞ്ഞുവരുന്ന വെള്ളപ്പൊക്കത്തെ തടഞ്ഞുനിർത്താൻ എങ്കിൽ മാത്രമേ സാധിക്കുകയുള്ളൂവെന്നും അദ്ദേഹം മനസ്സിലാക്കി.

ശാഹ്സാഹിബിന്റെ പാർട്ടിയുടെ പ്രവർത്തനത്തിന്റെ ഒരു സാമാന്യ രൂപമാണ് മുകളിൽ കൊടുത്തിട്ടുള്ളത്. ആ പാർട്ടിയുടെ പ്രധാന പ്രവർത്തകരിൽ ചിലരുടെ പേരുകളും ഇവിടെ ഉദ്ധരിച്ചിട്ടുണ്ട്. അവരെല്ലാം മുസ്ലിംകളുമാണ്. എന്നുവെച്ച് പ്രസ്തുത പാർട്ടിയുടെ പ്രവർത്തന പരിപാടികളോട് അമുസ്ലിംകളാരും യോജിച്ചിരുന്നില്ലെന്നും അതൊരു തനി വർഗ്ഗീയ പാർട്ടിയായിരുന്നുവെന്നും ധരിക്കരുത്. പിന്നീട് പ്രതി

പരാമർശിക്കുന്നത് അസ്ഥാനത്തായിരിക്കുകയില്ലല്ലോ. ക്രി. 1763-ൽ ഹസ്രത്ത് ശാഹ് സാഹിബ് നിര്യാതനായി. അദ്ദേഹത്തിന്റെ ജീവിതകാലത്ത്തന്നെ പല കെടുതികളും സംഭവിക്കുകയുണ്ടായി. അതിന്റെ ഒരു സംക്ഷിപ്തവിവരം താഴെ ചേർക്കുന്നു.

ക്രി. 1737—ൽ നാദിർഷാ ഇന്ത്യയെ എതിർത്തു. ഡൽഹിയിൽ കൂട്ടക്കൊല നടത്തി. ഭാരതഭൂഖണ്ഡത്തിന്റെ ചോരയും നീരും ഊററിക്കുടിച്ചു. ഈ കൂട്ടക്കൊലയിൽ മരണപ്പെട്ടവരുടെ കണക്ക് ശരിയായി രേഖപ്പെടുത്തിയിട്ടില്ലെങ്കിലും 8000 മുതൽ ഒന്നരലക്ഷംവരെ എന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്, രാജഭണ്ഡാരത്തിൽ നിന്നു് ഇരുപത്തിരണ്ടുകോടി ഉറുപ്പികയും തൊണ്ണൂറ്കോടിയോളം രൂപവിലവരുന്ന രത്നങ്ങളും ചെങ്കോട്ടയിൽ നിന്ന് മയൂരസിംഹാസനവും മററും കൊള്ളചെയ്യപ്പെട്ടു. പട്ടണത്തിൽ നിന്നു് കൊള്ളചെയ്ത മുതലാകട്ടെ എഴപത്കോടിയോളം വരും എന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. ഈ ധനപരമായ നാശനഷ്ടങ്ങൾക്ക് പുറമെ ഒരു വമ്പിച്ചനഷ്ടം വേറെയുണ്ടായിട്ടുണ്ട്. അത് രാഷ്ട്രത്തിന്റെ ഏകതാസ്വഭാവം താറുമാറാക്കി എന്നതാണ്. വടക്കുപടിഞ്ഞാറ് സിന്ധുസമുദ്രം വരെയുള്ള എല്ലാ പ്രദേശവും പഞ്ചാബിന്റെ ചിലഭാഗങ്ങളും ഇറാനോട്ട് കൂട്ടിച്ചേർക്കപ്പെട്ടു, സിന്ധുസമുദ്രംമുതൽ ഡൽഹിവരേയുള്ള നാടുകൾ മുഹമ്മദ്ഷായുടെ ഭരണത്തിത്തിലായിരുന്നുവെങ്കിലും നാട്ടിലുണ്ടായ കലഹംമൂലം കേന്ദ്ര ഗവർമ്മെണ്ടിന്റെ ശക്തിക്ക് ക്ഷയംനേരിടുകയും ആ പ്രദേശത്ത് കേന്ദ്രത്തിന്റെ അധീശത്വം ഇല്ലാതാകുകകയും ചെയ്തു. ആകയാൽ മുഹമ്മദ് ഷാ ഗവമ്മെൻറിന്നു് യാതൊരു വിലയുംനിലയുമില്ലാതെയായി. ഈ സന്ദർഭം കിഴക്കു അലീവർ ദീഖാൻ മഹാബത്ത് ജാഗ് ശരിക്കും ഉപയോഗപ്പെടുത്തിക്കൊണ്ട്ഒരു സ്വയംഭരണമുള്ളഗവമ്മെണ്ട് ആ പ്രദേശത്തു സ്ഥാപിച്ചു. ഇത് പോലെ ബംഗാളും ബീഹാറും ഒറീസയും കേന്ദ്രത്തിൽനിന്നു് വേർപ്പെട്ടു. നാദിർഷായുടെ ആക്രമണം കഴിഞ്ഞു പത്ത്കൊല്ലത്തിന്നു് ശേഷം ആയിരത്തി എഴനൂററി നാല്പത്തേഴിൽ അഹമ്മദ്

ശാ അബ്ദാലി ഇന്ത്യയുടെ നേരെ ആക്രമണം ആരംഭിച്ചു ഒന്നാമത്തെ ആക്രമണവേളയിൽ പഞ്ചാബ് സംസ്ഥാനവും മുൽത്താനും വിട്ടുകൊടുത്തുകൊണ്ട് ഡൽഹി സുൽത്താന്ന് തൻെറ ജീവനെ രക്ഷപ്പെടുത്തേണ്ടി വന്നു. രണ്ടാം ഘട്ടത്തിൽ അബ്ദാലി ഇറാൻസൈന്യത്തോടുകൂടി ഡൽഹിയിലെത്തി. രണ്ടുമാസക്കാലത്തോളം നിരന്തരമായി കൊള്ളയും കവർച്ചയും നടത്തിക്കൊണ്ടിരുന്നു. നാദിർഷായുടെ ആക്രമണത്തിൻെറ കാഠിന്യത്തെപ്പോലും നിസ്സാരമാക്കുന്ന ആക്രമണമായിരുന്നു അത്. അത്രയും ക്രൂരമായിരുന്നു അബ്ദാലിയുടെ ആക്രമണം, ആയിരത്തി എഴുന്നൂററിഅമ്പത്തേഴിൽ നാദിർഷാ സമരത്തിൻെറഇരുപത്കൊല്ലങ്ങൾക്ക്ശേഷം പ്ലാസിയുദ്ധം ഉണ്ടായി. ആ യുദ്ധത്തിലാണ് അലീവർദിഖാൻെറ പൗത്രനായ സിറാജുദൗല വധിക്കപ്പെട്ടത്. അലവെർദിഖാനിൽ നിന്ന് പിടിച്ചെടുക്കപ്പെട്ട പ്രദേശത്ത് ഈസ്റ്റിന്ത്യാകമ്പനിക്കാരുടെ പതാക പറക്കാൻതുടങ്ങി. അങ്ങനെയാണ ഇന്ത്യയുടേയും ഇന്ത്യക്കാരുടേയും ഒരു കഠിനശത്രു—കച്ചവടത്തിൻെറ പേരിൽ ഇന്ത്യയിൽ കടന്നുകൂടിയ ആ വഞ്ചകർ—ഇന്ത്യയിൽ കാലൂന്നിയത്.

പ്ലാസി യുദ്ധം കഴിഞ്ഞ് നാലര കൊല്ലത്തിന്ന് ശേഷം ക്രി. ആയിരത്തിഎഴുന്നൂററി അറുപത്തൊന്നിൽ അഹമദ്ശാ അബ്ദാലി വീണ്ടും ഇന്ത്യയെ ആക്രമിച്ചു. അത് മൂന്നാമത്തെ ആക്രമണമായിരുന്നു. ആയിരത്തി എഴുന്നൂററി അറുപത്തൊന്ന് ജനവരി പതിനാലിന്ന് പാനിപ്പത്തിൽ യുദ്ധം പൊട്ടിപ്പുറപ്പെട്ടു. അതിൽ മഹാരാഷ്ട്രാ ഗവൺമെൻറിന്ന് അപാരമായ നാശനഷ്ടങ്ങൾ നേരിടുകയുണ്ടായി. റോഹൽഖണ്ഡിയിൽ ഹാഫിസ്റഹ്മത്ത്ഖാൻെറ ഗവൺമെൻറും ദക്ഷിണേന്ത്യയിൽ ആസഫ്ജാഹിൻെറ ഗവൺമെൻറും സ്വതന്ത്ര ഗവൺമെൻറായിത്തീർന്നു.

ശാഹ് സാഹിബിൻെറ ദേഹവിയോഗ കാലത്ത് രാഷ്ട്രത്തിൻെറ ഏകതാ സ്വഭാവം താറുമാറായിത്തീരുകയും ഭരണകൂടത്തിന്ന് താങ്ങാനാവാത്ത നഷ്ടം സംഭവിക്കുക

യും ചെയ്തിരുന്ന വെങ്കിലും പൊതുജന ഹൃദയങ്ങളിൽ
ഒരു തരത്തിലുള്ള ഐക്യബോധം അവശേഷിച്ചിരുന്നു.
അതായത്ു് നാട്ടിൻെറ യഥാൎത്ഥമായ ഭരണത്തലവനും ഉടമ
യും മുഗൾസുൽത്താനാണ് എന്നുള്ളതായിരുന്നു ആ ബോധം
മുഗൾസുൽത്താന്മാരെ അവർ ആത്മീയഗുരുക്കന്മാരെപ്പോ
ലെ സേവിച്ചും സ്നേഹിച്ചും വന്നിരുന്നു. അധീനപ്പെടുത്തി
യ രാജ്യങ്ങളിൽ ഭരണം നടത്താൻ സുൽത്താൻെറ സമ്മത
വും ആശീർവാദവും ആവശ്യമാണെന്നു് ഗവണ്മെൻറിനെ
തിരായി പ്രവൎത്തിച്ച രാജ്യം അധീനപ്പെടുത്തിയവർപോ
ലും വിശ്വസിച്ചിരുന്നു,

## പ്ലാസ്സിയുദ്ധം:-

ബങ്കാൾ സംസ്ഥാനം സിറാജുദ്ദൗലയുടെ അധികാര
ത്തിലിരിക്കുമ്പോൾ മറാട്ടികളുടെ ശക്തി എങ്ങും വ്യാപി
ച്ചിട്ടുണ്ടായിരുന്നു. ബങ്കാൾ അതൃത്തി മുതൽ കാത്യവാർ വ
രെയും ഗൊളിയോർ മുതൽ സത്താറാവരെയും അവരു
ടെ ശക്തി വ്യാപിച്ചിരുന്നു. അങ്ങ് യൂറോപ്പിൽ പോൎത്തു
ഗീസുകാരും ഡച്ചുകാരും അവരുടെ കച്ചവടവും നാവിക
ശക്തിയും കളഞ്ഞുകളിച്ചു നിശ്ശബ്ദമായി ഇരിക്കുകയായി
രുന്നു. എന്നാൽ ഫ്രാൻസും ഇംഗ്ളണ്ടും തമ്മിലുള്ളമത്സരം
വളരെ മൂർഛരിച്ചിരുന്നു, ഇരുകൂട്ടരുടേയും നോട്ടം അമേരി
ക്കയുടെയും ഇന്ത്യയുടെയും നേരെയായിരുന്നു. കൽക്കത്ത
യിലെ ഇംഗ്ലീഷുകാൎക്കു് ഇവിടെ മറാട്ടികളെ കുറിച്ചുള്ള
ഭയവും അവിടെ ഫ്രഞ്ചുകാർ തങ്ങളുടെ നേരെ യുദ്ധം ചെ
യ്യുമോ എന്ന ഭീതിയും ഉണ്ടായിരുന്നു. ആകയാൽമറാട്ടികളു
ടെ ആക്രമണത്തെ തടുക്കാനായി അവർ ഫോർട്ടിവില്യം
റിപ്പേർ ചെയ്യാൻ തുടങ്ങി, സിറാജുദ്ദൗല അതിനെ ആ
ക്ഷേപിച്ചു എന്നാൽ ഇംഗ്ലീഷുകാർ ആ എതിൎപ്പിനെ ലവ
ലേശം വകവെച്ചില്ല. തന്മൂലം യുദ്ധം പൊട്ടുപുറപ്പെട്ടു.
ഈ യുദ്ധത്തിൽ പലരും അറസ്റ്റ്ചെയ്യപ്പെട്ടു. ഇംഗ്ലീഷു
കാർ ഇരുട്ടറയുടെ കഥ കെട്ടിച്ചമച്ചു. അതിൽ നിന്നാണ്
ഇംഗ്ലീഷുകാൎക്ക് സിറാജുദ്ദൗലയുടെ നേരെയുള്ള വെറുപ്പും

വിരോധവും അ തൃപ്തി കഠിനമായ നിലയിൽപൊന്തിവ
ന്നത്. ഈ കള്ളവാർത്ത മദിരാശിവരെ എത്തി ഇംഗ്ലീഷു
കാർ ഫ്രഞ്ചുകാരുടെ ആക്രമണത്തെ ഭയന്ന് ക്ലൈവിൻെറ
നേതൃത്വത്തിൽ കുറെ സേനകളെ കപ്പൽവഴി മദിരാശിയി
ലേക്കയച്ചിട്ടുണ്ടായിരുന്നു. ഈ യുദ്ധക്കപ്പൽ മദിരാശിയി
ലെത്തിയപ്പോഠ കൽക്കത്തയിലെ അതിഭയങ്കരമായ ഈ
വാർത്തയാണ് കേട്ടതു്. ഉടനെ ആ കപ്പൽ ബങ്കാളിലേക്കു
തിരിച്ചു. അവിടെ എത്തിയ ഉടനെ ബജുബജും ഫോർ
ട്ടവില്യവും അധീനപ്പെടുത്തി. പിന്നെ കൽക്കത്ത പ്രവ
ർത്തന രംഗമാക്കിക്കൊണ്ട് ഒരു ഗൂഢാലോചനയുടെ ച
ങ്ങല പണിയാൻ തുടങ്ങി. ആഗ്ഗൂഢാലോചനയിൽമീർജാ
ഫറും അമ്മീചന്തും പങ്കെടുത്തു. ആംഗ്ലേയ ചരിത്രകാരന്മാക്കു്
സംഭവങ്ങഠ എഴുതുന്നതിലല്ല സ്വന്തം താല്പര്യമനുസരിച്ച്
സംഭവങ്ങഠ കെട്ടിച്ചമക്കുന്നതിലാണ് വൈദഗ്ദ്ധ്യമുള്ള
ത്. ഗൂഢാലോചനയുടെ ഫലമായി ഹിന്തുക്കളും മുസൽമാ
ന്മാരും തമ്മിലുണ്ടായിരുന്ന സൗഹൃദബന്ധത്തിന്നു് ഉല
ച്ചിൽ തട്ടി. ആകപ്പാടെ ഗൂഢാലോചന പരിപൂർണ്ണദശ
യിലെത്തിയപ്പോഠ യുദ്ധം പൊട്ടിപ്പുറപ്പെട്ടു. പ്ലാസിമൈ
താനിയിൽ രണ്ടുകൂട്ടരുടേയും പട്ടാളക്കാർ തമ്മിൽ ഏററുമു
ട്ടി. സിറാജുദ്ദൗലക്ക് 40,000കാലാറപ്പട്ടാളവും 15000 കു
തിരപട്ടാളവും ഉണ്ടായിരുന്നു. എന്നാൽ ഇംഗ്ലീഷുകാക്കാവ
ട്ടെ വെറും 3000 പട്ടാളം അവരാണ് സിറാജുദ്ദൗലയുടെ
ഈ വമ്പിച്ച സേനയോട് എതിർത്തതു്. പക്ഷെ അന്ത്യജ
യം ഇംഗ്ലീഷുകാക്കായിരുന്നു. അവരുടെ ശക്തി എണ്ണത്തെ
യും വണ്ണത്തെയും ആശ്രയിച്ചായിരുന്നില്ല. പ്രത്യുന്നത വ്യ
വസ്ഥയുടെയും പരിശീലനത്തിൻെറയും ചിട്ടയുടേയും അ
ടിസ്ഥാനത്തിലും മററുചില സംഗതികളെ ആശ്രയിച്ചും
ആയിരുന്നു. ഈ മററുചില സംഗതികഠ എന്താണ്? വ
ഞ്ചനയും നന്ദികേടും ചതിപ്രയോഗങ്ങളും ഗൂഢാലോചന
യും തന്നെ! സിറാജുദ്ദൗല ആ വഞ്ചനയിലും ഗൂഢാലോ
ചനയിലും ഓക്കാത്തനിലയിൽ അകപ്പെട്ടുപോയി. വ
മ്പിച്ച സൈനീകശക്തി അദ്ദേഹത്തിന്നുണ്ടായിരുന്നെങ്കി
ലും വാസ്തവത്തിൽ അദ്ദേഹം ഏകനും നിസ്സഹായകനുമാ

യിരുന്നു. കാലത്ത് 8 മണി മുതൽ തുടങ്ങിയ യുദ്ധം 12 മണിയോടുകൂടി അവസാനിച്ചു. 4 മണിക്കൂറ് നേരം നീണ്ടുനിന്ന ചരിത്രപ്രാധാന്യമുള്ള ഈ യുദ്ധത്തിൻെറ അന്ത്യം സീറാജുദ്ദൗലക്ക് എതിരായിട്ടാണ് പരിണമിച്ചത്. തിന്നചോറിന്നും ഉപ്പിന്നും നന്ദികേട് കാണിച്ചതിന്നു പ്രതിഫലമായി, സിറാജുദ്ദൗലയുടെ വസീർ ആയ മീർജഅഫറിന്ന് ഇംഗ്ലീഷുകാർ മൂർഷിദാബാദിൻെറ ആധിപത്യം സംഭാവനയായി നൽകി. ഈ യുദ്ധത്തിൻെറ പ്രാധാന്യം എത്രത്തോളമുണ്ടെന്ന് താഴെ വിവരിക്കുന്ന സൈനീക നഷ്ടത്തിൽനിന്നുതന്നെവ്യക്തമാകുന്നതാണ്. ഇംഗ്ലീഷുകാക്ക് വെറും 32 പട്ടാളക്കാരുടെ നഷ്ടമുണ്ടായപ്പോാം നവാബിൻെറ പട്ടാളത്തിൽനിന്ന് 500 പേരാണ് വധിക്കപ്പെട്ടത് വളരെ ചുരുങ്ങിയ നിലയിലുള്ള സൈനീക നഷ്ടമാണ് വെള്ളക്കാക്ക് നേരിടേണ്ടിവന്നതെങ്കിലും വമ്പിച്ച നേട്ടമാണ് അവക്കുലഭിച്ചത്. വിശാലവും സമ്പന്നവുമായ ഒരു രാജ്യം നിഷ്പ്രയാസം അധീനപ്പെടുത്താൻ ഈ ചുരുങ്ങിയ കാലയളവിൽ നിസ്സാരമായ നഷ്ടത്തോടുകൂടി വെള്ളക്കാക്ക് സാധിച്ചുഎന്നത് ചെറിയ കാര്യമല്ല. മീർജഅഫർ 3 ലക്ഷം പവൻ— 30 ലക്ഷം ഉറുപ്പിക— അന്ന് പവന്ന് വെറും 10ക യായിരുന്നുവില— ക്ലൈവിന്നു കാണിക്ക വെച്ചു. ഇതിന്നുപുറമെ കൽക്കത്തയുടെ തെക്കൻ പ്രദേശം അയാാക്ക് ജാഗീറായി നൽകി. അതിൻെറ വാർഷിക വരുമാനം 10ലക്ഷം ഉറുപ്പികയായിരുന്നു. ഇതെല്ലാം അദ്ദേഹത്തിന്ന് സ്വന്തമായികിട്ടിയ വരുമാനങ്ങളായിരുന്നു. കമ്പനിക്ക് ഈ യുദ്ധം മൂലം നേരിട്ട ചിലവിൻെറയും നഷ്ടത്തിൻെറയും പിഴയുടേയും തുക ഇതിൽ ഉാംപ്പെടുന്നില്ല. അതുമുഴവനും വീട്ടാനുള്ള സംഖ്യ ഖജാനാവിൽ ഉണ്ടായിരുന്നില്ല. അതുകൊണ്ട് പകുതി സംഖ്യ മാത്രമെ കൊടുക്കുവാൻ സാധിച്ചുള്ളു. ഇരുപത്തിനാല് ഫർഗാനാ കമ്പനിക്കു ജാഗീറായി നൽകി, മെക്കാളെ ഇങ്ങനെ പറയുന്നു:—കമ്പനിയുടെമേലും അതിൻെറ ഉദ്യോഗസ്ഥന്മാരുടെമേലും ഗംഭീരമായ വെള്ളിമഴ വർഷിക്കാൻ തുടങ്ങി. 80 ലക്ഷം ഉറുപ്പിക സമുദ്രമാഗ്ഗം മൂർഷിദാബാദിൽ നിന്നു

കൽക്കത്തയിലേക്കയക്കപ്പെട്ടു. 100 ലധികം കപ്പലുകൾ വിജയക്കൊടികൾ പറപ്പിച്ച് തമ്പോറടിച്ചും കൊണ്ടുപുറപ്പെട്ടു. ഏതാനും മാസങ്ങൾക്കുമുമ്പ് ദരിദ്രമായിരുന്ന കൽക്കത്ത മുമ്പൊന്നും ഇല്ലാത്ത വണ്ണം സമ്പന്നമായി. കച്ചവടം അഭിവൃദ്ധിപ്പെട്ടു. എല്ലാ ഇംഗ്ലീഷുകാരുടെ വീട്ടിലും ഐശ്വര്യദേവത നൃത്തം ചെയ്യാൻ തുടങ്ങി. 1757ൽ കമ്പനിയുടെ വെറും വ്യാപാരസംഘമെന്ന സ്വഭാവം– അതു 1600ൽ ആരംഭിച്ചതാണ്,– അവസാനിച്ചു

150 കൊല്ലക്കാലത്തെ കച്ചവടത്തിന്നുശേഷം കച്ചവടത്തോടുകൂടി തന്നെ രാജ്യഭരണമെന്നഘട്ടവും ആരംഭിച്ചു. ഇത്ര വമ്പിച്ച നേട്ടം ഈ ചെറിയ യുദ്ധത്തിൻെറ ഫലമായാണ് ലഭിച്ചത്.

## വിജയ കാരണങ്ങൾ:-

കച്ചവടാവശ്യാർത്ഥം ഇന്ത്യയിൽ പ്രവേശിച്ച ഈസ്റ്റിന്ത്യാ കമ്പനിക്കാർക്ക് ഇന്ത്യയുടെ ഭരണാധികാരവും കൂടി കരസ്ഥമാക്കാനുള്ള വഴിതെളിയിച്ചുകൊടുത്തതിൻെറ കാരണങ്ങളെ അനീബസൻറ്മദാമ്മ ഇപ്രകാരമാണ് വിവരിച്ചിരിക്കുന്നതു്.

''കമ്പനിക്കാരുടെ യുദ്ധം സൈനിക യുദ്ധമായിരുന്നില്ല. നേരെമറിച്ച് കച്ചവടയുദ്ധമായിരുന്നു, ഇംഗ്ലണ്ട് ഇന്ത്യയെ ആയുധം പ്രയോഗിച്ചു കീഴ്പെടുത്തിയിട്ടില്ല. ഇംഗ്ലീഷുകാർ അതിന്നായി തങ്ങളുടെ ആയുധം പ്രയോഗിച്ചിട്ടുമില്ല. എന്നാൽ ഇന്ത്യക്കാരുടെ ആയുധംകൊണ്ടും അവർക്ക് കൈക്കൂലി കൊടുത്തു. വൃത്തിഹീനമായ ഗൂഢാലോചനകൾ നടത്തിയും ദ്വിമുഖ നയപ്രയോഗം കൊണ്ടും ഒരു കൂട്ടരെ മറെറാരുകൂട്ടരെക്കൊണ്ട് അടിപ്പിച്ചും ആണ് ഈ രാജ്യം കൈവശപ്പെടുത്തിയതു്.

ശ്രീമതി അനീബസൻറിൻെറ ഈ പ്രസ്താവന ഏററവും ശരിയാണെങ്കിലും ഈ ചിത്രത്തിന്ന് ഒരു ഇരുണ്ടവശവുംകൂടിയുണ്ട്. അത് മറച്ചുപിടിക്കുന്നത് ഒരുവിധത്തി



ലും ഭംഗിയല്ല. തൊഴുത്തിൽകുത്തും അഭ്യന്തര കലഹവും ആണ് അന്യന്മാരുടെ പ്രവേശനത്തിന്ന് എളുപ്പമുണ്ടാക്കികൊടുത്തത്. മുഗൾ സാമ്രാജ്യത്തിൻെറ ശക്തി തെല്ലൊന്ന് ക്ഷയിച്ചപ്പോൾ സംസ്ഥാനാധികാരികൾ സ്വയം സ്വാതന്ത്ര്യരായി തീരുകയും കേന്ദ്രത്തിന്ന് കൊടുക്കാനുള്ള കപ്പവും കരവും നിർത്തുകയും ചെയ്തു. ഈ അഭ്യന്തരകലഹം മൂർഛിച്ചപ്പോൾ 150 കൊല്ലക്കാലം ഇവിടെ വ്യാപാരാർത്ഥം പ്രവർത്തിച്ചിരുന്ന ഇംഗ്ലീഷുകാർ ഈ കലഹകാരികളോടുകൂടിചേർന്ന് കാര്യംനേടി. മുഗിലർആഫ്ഗാൻകാർ എന്നവരെപ്പോലെ തന്നെ ആയിരക്കണക്കായ നാഴികക്കപ്പുറത്ത് നിന്നു വന്നവർ ഇവിടത്തെ ജനങ്ങളുമായി അലിഞ്ഞുചേൻ ഇന്നാട്ടുകാരായി മാറിയിട്ടുണ്ടായിരുന്നു. അവർ ഈ അവസരം ബുദ്ധിപൂർവ്വമായി ഉപയോഗപ്പെടുത്തി എന്നുമാത്രം. പ്ലാസി യുദ്ധത്തിന്നുശേഷം ബങ്കാൾ ഗവണ്മെൻറ് പേരിന്നു മാത്രം അവശേഷിച്ചു. ഭരണത്തിൻെറ മേൽനോട്ടം മുഴവനും കമ്പനിക്കായിരുന്നു. ഉത്തരവാദിത്വം നവാബായമീർജഅഫറിന്നും''

## വഹ്ഹാബി പ്രസ്ഥാനം:-

വഹ്ഹാബി എന്ന അറബിപദം ഭാരതീയ ഭാഷകളുടെ നിഘണ്ഡുവിൽ 19–ാം നൂററാണ്ടിൽ ആണ് സ്ഥലം പിടിച്ചത്. അതൊരു ഇസ്ലാമിക മതപരമായ പ്രസ്ഥാനമാണ്. എന്നാൽ അതുമൂലം ലക്ഷക്കണക്കിലുള്ള ആളുകളുടെ ജീവനും കോടാനുകോടി പണവും വ്യയം ചെയ്താൽ പോലും സമ്പാദിക്കാൻ കഴിയാത്ത വമ്പിച്ച നേട്ടം ഉണ്ടായിട്ടുണ്ട്. ഈ പ്രസ്ഥാനത്തിൻെറ ജനയിതാവ് നജ്ദിലെ മഹാ പണ്ഡിതനായ അബ്ദുൽ വഹാബിൻെറ പുത്രൻ ശൈഖ്മുഹമ്മദ* അവർകളായിരുന്നു. അദ്ദേഹത്തിൻെറയും തൽപ്രസ്ഥാനത്തിൻെറയും ഒരു ചുരുങ്ങിയ വിവരണം താഴെ ചേർക്കാം;

യാക്കേണ്ടതിന്നു ബസറയിലേക്കുപോയി. അവിടെ നി
ന്ന് പഠനം പൂർത്തിയാക്കിയശേഷം സ്വന്തം നാട്ടിലേക്കുമ
ടങ്ങി. ജനങ്ങളുടെ ഇടയിൽ വേരൂന്നീട്ടുള്ള അന്ധവിശ്വാ
ങ്ങൾക്കും അനാചാരങ്ങൾക്കും എതിരായി ശബ്ദം ഉയർത്തി
എന്നാൽ സ്വന്തം നാട്ടിൽ പ്രഥമഘട്ടത്തിൽ അദ്ദേഹത്തി
ൻെറ അഹ്വാനം ആരും ചെവിക്കൊള്ളുകയുണ്ടായില്ല. ത
ന്നിമിത്തം അദ്ദേഹം ദർഇയയിലേക്കുപോകാൻ നിർബ്ബ
ന്ധിതനായി. ദർഇയഅമീർ മുഹമ്മദ്ബിൻസുഊദ് അദ്ദേ
ഹത്തിൻെറ ആഹ്വാനം നിറഞ്ഞ സന്തോഷത്തോടെ സ്വാ
ഗതം ചെയ്തു,

സാംസ്കാരിക പ്രവർത്തനങ്ങളിൽ അമീർ അദ്ദേഹ
ത്തിൻെറ വലംകൈയായിപ്രവർത്തിച്ചു. തൽഫലമായി മു
ഹമ്മദ്ബിൻസുഊദിന്നു രാഷ്ട്രീയമായ പലനേട്ടങ്ങളും ഉ
ണ്ടായി. അമീർഇബ്നുസുഊദും അദ്ദേഹത്തിൻെറ സന്താന
ങ്ങളും ശൈഖിൻെറ ഭക്തന്മാരായിരുന്നു. ഏതാണ്ട് 90 വ
യസ്സായപ്പോൾ മുഹമ്മദുബ്നുഅബ്ദുൽവഹ്ഹാബ് (റ)
നിര്യാതനായി. ഇസ്ലാമിക ലോകത്തിലെ അക്ഷോഭ്യനും
അജയ്യനുമായ പരിഷ്കർത്താവും ഭക്തനുമായിരുന്നു ശൈ
ഖമുഹമ്മദ്

## നജ്ദ്-

യാതൊരു പരിഷ്കാരവും നാഗരികതയും ഇല്ലാത്ത
സംസ്ഥാനമായിരുന്നു നജ്ദ്, അതു അഭ്യന്തരകലഹങ്ങ
ളുടെയും അരാജകത്വത്തിൻെറയും സങ്കേതമായിരുന്നു. ഓ
രോ ഗ്രാമത്തിന്നും പ്രത്യേകം പ്രത്യേകം ഗ്രാമത്തലവന്മാ
രുണ്ടായിരുന്നു. ചിലഗ്രാമങ്ങളിൽ രണ്ടുവീതവും. അല്ലാമാ
മുഹമ്മദുബിൻഅബ്ദുൽവഹ്ഹാബ് ഇങ്ങനെയുള്ള ഒരു
പ്രദേശത്താണ് തൻെറ സാംസ്കാരിക പ്രസ്ഥാനത്തി
ൻെറ പരിപാടികൾ നടപ്പാക്കാനായി രംഗപ്രവേശം ചെ
യ്തതു്. വെറും പ്രബോധനം കൊണ്ടും വിജയ സാദ്ധ്യത
വിരളമാണെന്നു കണ്ടപ്പോൾ അന്യോന്യം സഹകരണവും
യോജിപ്പും ഇല്ലാതെ കിടക്കുന്ന ചെറു സ്റ്റെയിററുകളെ
സംഘടിപ്പിക്കാനും പൂർണ്ണസ്വാതന്ത്ര്യമുള്ള ഒരു അധീശ ശവ

ണ്മെണ്ടിന്നു രൂപം നൽകാനും മുതിന്നു. ഈ ഉദ്യമം സാദ്ധ്യമാകണമെങ്കിൽ രാഷ്ട്രീയപരിപാടികഠം കൂടിയുള്ള ഒരു പ്ര. സ്ഥാനം വേണമെന്ന് അദ്ദേഹത്തിന്നുതോന്നി. നജ്ദിൻെറ തെക്കുവശമുള്ള ഒരു ചെറു ഗ്രാമമായ ദർഇയയിലെ അമീർ മുഹമ്മദ്ബിൻസുഊദ് ശൈഖിൻെറ ആഹ്വാനം സ്വീകരിച്ചു തൻെറ ശക്തിമുഴുവനും സാംസ്കാരിക സംഘടനകഠം സ്ഥാപിക്കാൻ ഉപയോഗിച്ചു. അദ്ദേഹം ശൈഖിൻെറ സഹപ്രവത്തകനും സഹായിയും ആയിത്തീർന്നു, ഇതോടുകൂടി ശൈഖിൻെറ ചിന്താഗതിഅദ്ദേഹത്തിൻെറ മനസ്സിൽ സ്ഥലം പിടിച്ചു ചുററുപാടുമുള്ള സ്റ്റെയിററുകളുടെ നേരെ കണ്ണോടിച്ചു.

ഭഗീരത പ്രയത്നത്തിൻെറ ഫലമായി ശൈഖിന്ന് കുറെ ശിഷ്യന്മാരെയും ഭക്തന്മാരെയും സമ്പാദിക്കാൻകഴിഞ്ഞു. അവരെല്ലാവരും ഇബ്നുസുഊദിൻെറ കൊടിക്കൂറയിൽ കീഴിൽ സംഘടിച്ചു. തന്നിമിത്തം അമീർ ഇബ്നുസുഊദിൻെറ ശക്തി അയൽ പ്രദേശങ്ങളിലുള്ള ഗ്രാമത്തലവന്മാരെക്കാഠം വളരെയധികം വദ്ധിച്ചു. എന്തിനേറെ, അഖിലനജ്ദ ഭരണത്തിാൻെറ സാരഥ്യം ഇബ്നുസുഊദിൻെറ കയ്യിൽ അമന്നു. ഇങ്ങിനെയെല്ലാമാണെങ്കിലും നേതൃത്വത്തിൻെറ മഹത്തായ പദവി ശൈഖിന്നു തന്നെയായിരുന്നു. അഭിപ്രായ വ്യത്യാസവും പ്രവത്തന വൈരുദ്ധ്യവും ഇല്ലാതെ യോജിച്ചു പ്രവത്തിച്ചതിൻെറ ഫലമായി കനത്തനേട്ടങ്ങഠം ഉണ്ടാവാൻ തുടങ്ങി. ചുററുപാടുമുള്ള എല്ലാ സ്റ്റെയിററുകളും ചിന്താഗതിയിലും ഭരണ വിഷയത്തിലും ദർഇയ്യയുടെ മേൽകോയ്മസ്ഥാനം സ്വീകരിച്ചു. തൽഫലമായി ഹിജ്റ 1159 ക്രി. 1746ൽ നജ്ദിൻെറ കേന്ദ്രമായ രിയാദ് പട്ടണത്തിൽ ശൈഖിൻെറ അനുയായികഠം വിജയക്കൊടിപറപ്പിച്ചുകൊണ്ടു പ്രവേശിച്ചു. ഇബ്നുസുഊദിൻെറ പതാക രാജകീയ കൊട്ടാരത്തിൽ പാറിക്കളിക്കാൻ തുടങ്ങി. അനന്തരം അപരിഷ്കൃതയായ നജ്ദിൻെറശക്തി വളരെ അധികം വദ്ധിച്ചു, പരിഷ്കാരത്തിലും നാഗരികതയിലും മുൻപന്തിയിൽ നിൽക്കുന്ന

തുക്കിയുടെ പ്രദേശങ്ങളെപ്പോലും ആക്രമിക്കാനുള്ള കഴി
വ് ഉണ്ടാവുകയും അതിന്നു മുതിരുകയും ചെയ്തു.

ഇസ്ലാം ലോകത്തിൻെറ ആത്മീയ കേന്ദ്രങ്ങളായ
പരിശുദ്ധ മക്കയുടേയും മദീനയുടെയും പദവിയും ബഹുമ
തിയും പൂർവ്വകാലത്തെപോലെ നിലനിർത്താൻ സൂ ഊദി
ഭരണകൂടം ശ്രമിച്ചു—നജ്ദും ഉത്തരോത്തരം പുരോഗതി
പ്രാപിച്ചുവന്നു—ജനങ്ങൾ നജ്ദിന്നു അഭിവാദ്യങ്ങൾ അർ
പ്പിക്കാൻ തുടങ്ങി—പ്രകാശത്തിൻെറ ശത്രുക്കൾ ഭയവിഹ്വ
ലരായി. നജ്ദിലെ സന്നദ്ധഭടന്മാർ പ്രബോധനത്തിന്നു
വേണ്ടി ഹിജാസിൽ പ്രവേശിച്ചു. എന്നാൽ ഹറമിലെ
മതപണ്ഡിതന്മാർക്ക് അതൊട്ടും സഹിക്കാൻ കഴിഞ്ഞില്ല.
അവർ മക്കാശരീഫിൻെറ ആസ്ഥാനത്തു ആവലാതി
ബോധിപ്പിച്ചു. ഹിജറ 1162 ക്രി 1749ൽ നജ്ദികൾക്ക
ഹിജാസിൽ പ്രവേശിക്കാൻ പാടില്ലെന്ന് ശരീഫ് കല്പി
ച്ചു. അതോടുകൂടി നജ്ദികൾക്ക് ഹജ്ജ്കർമ്മം നിർവ്വഹി
ക്കാനും കഴിയാതെവന്നു.

നജിദിലെ ഭരണകർത്താക്കൾ ഹിജാസിലേക്കുള്ള
മാർഗ്ഗതടസ്സം നീക്കാനായി ബുദ്ധിപൂർവ്വം പ്രവർത്തിച്ചു.
അവർ ഇറാഖിൻെറ നേരെ തിരിഞ്ഞു. ശരീഫിന്നു സാമ്പ
ത്തികക്കുഴപ്പം ഉണ്ടാക്കാനായി ഇറാക്കിയൻ വ്യാപാരസം
ഘങ്ങളെ കൊള്ളയടിക്കാൻ തുടങ്ങി. മാരകായുധങ്ങളുപ
യോഗിച്ചു മാർഗ്ഗതടസ്സം നീക്കുന്നത് ഉചിതമല്ലെന്ന അ
വർക്കുതോന്നി. അതുകൊണ്ട് പൊന്നുംവെള്ളിയും കൊണ്ടു
ള്ള സമരമാണ് അവർ തൊടുത്തുവിട്ടത്. ഈ യുക്തിന
ന്നെ ഫലിച്ചു ശരീഫിന്നു സാമ്പത്തികവിഷമം വളരെ
അധികം അനുഭവിക്കേണ്ടതായി വന്നു. എന്നാൽ നജ്ദ്
കാർക്കും കുറച്ചൊക്കെ നഷ്ടമുണ്ടാകാതിരുന്നില്ല എന്തുകൊ
ണ്ടെന്നാൽ അവർ ഇറാഖുമായി സംഘട്ടനത്തിൽ ഏർപ്പെ
ടേണ്ടിവന്നു. പക്ഷെ നവനജ്ദ് എല്ലാററിന്നും ഒരുക്കമാ
യിരുന്നു. അവർ ശക്തിയെ ശക്തികൊണ്ടുതന്നെ നേരിട്ട്
അവസാനം വിജയിച്ചു

## മുഹമ്മദ് ബ്നു സൂഊദിന്റെ നിര്യാണവും സുൽത്താൻ അബ്ദുൽഅസീസിന്റെ സ്ഥാനാരോഹണവും

ഇബ്നു സൂഊദിന്റെ പുത്രൻ അബ്ദുൽ അസീസ് പിതാവിനേക്കാളധികം ശൈഖിൽ വിശ്വാസവും ഭക്തിയുമുള്ള ഒരു വ്യക്തിയായിരുന്നു, ശൈഖിന്റെ ശിഷ്യത്വത്തിലും ശിക്ഷണത്തിലുമാണ് രാജകുമാരൻ വളന്നത്, ഹിജറ 1179ക്രി1765ൽ അമീറ്മുഹമ്മദ്ബിൻസൂഊദ്അന്ത്യശ്വാസം വലിച്ചു. തദനന്തരം സമത്ഥനും ധീരനും നിഷ്കളങ്കനുമായ പുത്രൻ അബ്ദുൽഅസീ സ് സ്ഥാനാരോഹണം ചെയ്തു രാജ്യങ്ങൾ അധീനപ്പെടുത്തുന്നതിൽ പിതാവിനെക്കാൾ അധികം അഭിലാഷം പുത്രനിലുണ്ടായിരുന്നു. അതുപോലെതന്നെ ശൈഖിലുള്ള വിശ്വാസത്തിൽ കൂടുതൽ ശ്രദ്ധാന്തിയും സ്ഥൈര്യവും ഉണ്ടായിരുന്നു, ശൈഖിന്റെ നിദ്ദേശോപദേശങ്ങൾ കൂടാതെ ഒരു പൈസപോലും വ്യയംചെയ്തിരുന്നില്ല, അബ്ദുൽഅസീസ് ഹിജാസുമായി സന്ധിയിലേർപ്പെടാനുള്ള നടപടികൾ കൈയ്ക്കൊണ്ടു. നജ്ദ്കാക്ക് ഹിജാസിൽ പ്രവേശിക്കാനുള്ള അനുമതി ലഭിക്കേണ്ടതിനും ഹിജാസും നജ്ദും തമ്മിൽ ഉള്ളവഴക്കവസാനിപ്പിച്ചു. സന്ധിയുണ്ടാക്കേണ്ടതിന്നും ഹജ്ജിന്ന് അനുമതി ലഭിക്കേണ്ടതിന്നും വേണ്ടി സംസാരിക്കുവാൻ ഒരു നിവേദക സംഘത്തെ ഹിജാസിലേക്കയച്ചു. ആ നിവേദക സംഘാംഗങ്ങൾ ഹറമിലെ ഉലമാക്കളുമായി ശക്തിയായ വാദപ്രതിവാദം നടത്തി അതിൽ നജ്ദികൾ വിജയിച്ചു നജ്ദികൾക്ക് ഹിജാസിൽപ്രവേശിക്കാനും ഹജ്ജുകമ്മം നിർവ്വഹിക്കാനും ഉള്ള അനുമതി ഹിജാസ്ഗവമ്മെണ്ടിൽ നിന്നു ലഭിച്ചു. തൗഹീദിന്റെയും സുന്നത്തിന്റെയും വിജയമായിരുന്നു അത്.

# ശൈഖിൻെറ വഫാത്ത്- നിര്യാണം

ഏതാണ്ട് 90 വയസ്സ് പ്രായമെത്തിയ ശൈഖ് മുഹമ്മദ് ബ്നു അബ്ദുൽ വഹ്ഹാബ് ഹിജ്റ 1206 ക്രി 1792ൽ ഇഹലോകവാസം വെടിഞ്ഞു. 50കൊല്ലക്കാലം അദ്ദേഹം നടത്തിയ പ്രബോധനത്തിൻെറയും തബ്ലീഗിൻെറയും ഫലമായി സു ഊദി ഗവമ്മെണ്ടിൻെറ നയപരിപാടികൾ ശൈഖ് മുഹമ്മദ് അബ്ദുൽ വഹ്ഹാബിൻെറ നയപരിപാടികൾക്ക് തികച്ചും അനുസൃതമായിരുന്നു. എന്നുവെച്ചാൽ സുഊദി ഗവമ്മെണ്ടും ഇബ്നു അബ്ദുൽ വഹ്ഹാബിൻെറ നയപരിപാടിയും ഒരേഒരു ആത്മാവിൻെറ രണ്ട്പേര് അഥവാ ഒരേ ശക്തിയുടെ രണ്ടുരൂപം ആയിതീൎന്നു. ചിന്താരംഗത്തും കൎമ്മരംഗത്തും അവ ഒന്നായി വിലസി എന്നൎത്ഥം.

സുൽത്താൻ അബ്ദുൽ അസീസ് മഹാപണ്ഡിതനും ബുദ്ധിമാനും ദാർശനികനും ശൈഖിൻെറ നേരെ പാറപോലെ ഉറച്ച വിശ്വാസമുള്ളവനുമായിരുന്നു. അങ്ങിനെ ഹിജാസും നജ്ദും തമ്മിൽ മുമ്പുണ്ടായിരുന്ന വിരോധവും വെറുപ്പും താല്ക്കാലികമായി അവസാനിച്ചു.

എന്നാൽ ഹിജാസിലെ ആറിതണുത്ത പഴയ കാലം വീണ്ടും ചൂടുപിടിച്ചു. അതിന്നൊരു പ്രത്യേക കാരണമുണ്ടായി. നജ്ദികളുടെ തീഷ്ണതയുള്ള വാദഗതിയോട് ഹറമിലെ ഉലമാക്കൾക്ക് യോജിക്കാൻ കഴിഞ്ഞില്ല- അവർ വീണ്ടും ശരീഫിനെ സമീപിച്ചു. ശരീഫ് ഒരിക്കൽകൂടി നജ്ദികൾക്ക് ഹിജാസിൽ പ്രവേശിക്കാൻ പാടില്ലെന്ന ഉത്തരവ് പുറപ്പെടുവിച്ചു. നജ്ദികൾ പഴയപടി സാമ്പത്തിക ഉപരോധത്തിന്നു തുനിഞ്ഞു, ഇറാഖി ഇറാൻ വ്യാപാരസംഘങ്ങളെ അലോരസപ്പെടുത്താൻ തുടങ്ങി. എന്നാൽ ഇത്തവണ ഈ തീപൊരികൾ മദ്ധ്യഇറാഖിലും ഇറാനിലും എത്തി. ഹിജറ 1216 ക്രി.1802ൽ കർബലാമുഅല്ല നജ് അശ്റഫ് ബലദൽ ഹുസൈൻ തുടങ്ങിയ

രാജ്യങ്ങളെ നജ്ദ്കാർ ആക്രമിച്ചു. അവിടങ്ങളിലെ ധനങ്ങളും ഖജാനകളും രത്നങ്ങളുമെല്ലാം പിടിച്ചെടുത്ത്. അവ പട്ടാളക്കാരുടെ ഇടയിൽ വിതരണം ചെയ്തു. ഖബറുകളുടെ മേൽ പടുത്തുയർത്തിയിരുന്ന എടുപ്പുകൾ പൊളിച്ചുനീക്കി.

നജ്ദ് പട്ടാളക്കാർ ഇറാഖിൽനിന്നു ഹിജാസിലേക്ക നീങ്ങി. ഹിജ്റ 1217 ക്രി 1803 നജ്ദിലെ രാജകുമാരൻ സുഊദ്ബ്നു അബ്ദുൽഅസീസ് നജ്ദ് പട്ടാളത്തിന്റെ നേതൃത്വം വഹിച്ചുകൊണ്ട് ഹറമിന്റെ സമീപംഎത്തി. അക്കാലത്തു മക്കയിലെ ശരീഫ് ഗാലിബായിരുന്നു. എന്നാൽ ആ പേരിനു അയാൾ ഒരുവിധത്തിലും അർഹനായിരുന്നില്ല, ഭീരുവായ ഗാലിബ് മക്കയിൽ നിന്ന് ത്വായിഫിലേക്കോടിപ്പോയി. അവിടെയും നിലനില്ക്കാൻ അയാൾക്ക് ധൈര്യമുണ്ടായില്ല. പിന്നെ ത്വായിഫിൽനിന്ന് ജിദ്ദയിലെത്തി. തുർക്കിപട്ടാളത്തെ അഭയം പ്രാപിച്ചു.

ഹിജ്റ 1318 മുഹർറം 8 ക്രി 1803 ഏപ്രിൽ 3ൽ ഉബ്നു അബ്ദുൽ അസീസ് വിജയഭേരി മുഴക്കിക്കൊണ്ട് പരിശുദ്ധ മക്കയിൽ പ്രവേശിച്ചു.

പരിപാവനമായ കഅബയിൽ ഉണ്ടായിരുന്ന വിലപിടിച്ച എല്ലാ സാധനങ്ങളും രത്നങ്ങളും നാണ്യങ്ങളും അടക്കംചെയ്ത ഭണ്ഡാരം അധീനപ്പെടുത്തി. അവ പട്ടാളക്കാർക്ക വീതിച്ചുകൊടുത്തു. ഖബറുകളുടെ മേൽ തുർക്കികളും മററും നിർമ്മിച്ചിരുന്ന ഗോപുരങ്ങളും ഖുബ്ബകളും പൊളിച്ചുനീക്കി. എന്നാൽ നാട്ടുകാരെ യാതൊരുവിധത്തിലും ഉപദ്രവിച്ചിരുന്നില്ല. അവരുടെ നേരെ വളരെ മമതയോടും സൗഭ്രാത്രതയോടുംകൂടി പെരുമാറി. പിറെറ ദിവസം ഷാപ്പുകളെല്ലാം തുറന്നു ജനങ്ങൾ വ്യാപാരത്തിൽ വ്യാപൃതരായി.

പിറെറകൊല്ലം മദീന മുനവ്വറയും കൈവശപ്പെടുത്തി. അവിടെയും മക്കയിൽ ചെയ്തപോലുള്ള പ്രവൃത്തികൾ ചെയ്തു. ഖബറുകളിലെ ഖുബ്ബ പൊളിച്ചതു വലിയ എതിർപ്പിന്നു കാരണമായി.



# ഒരു കപടസന്യാസിയുടെ പകപോക്കൽ

മദീനാ വിജയത്തിന്ന് ഏതാനും മാസങ്ങൾക്ക മുമ്പ് അമീർ അബ്ദുൽഅസീസ് വധിക്കപ്പെട്ടു. സംഭവം ഇപ്രകാരമാണ്, ഹിജ്റ 1218 റജബ18 ക്രി. 1803 നവമ്പർ 4നു ആണ് അമീർ അബ്ദുൽഅസീസ് വധിക്കപ്പെട്ടത്. പതിവുപോലെ അദ്ദേഹം പള്ളിയിൽ അസർ നമസ്കാരം നടത്തുകയായിരുന്നു, തന്റെ അതിഥിയായി താമസിച്ചിരുന്ന ഒരു സന്യാസി വേഷധാരി തദവസരത്തിൽ പാഞ്ഞടുത്ത് കഠാരിയെടുത്തു അമീറിനെ കുത്തിക്കൊലപ്പെടുത്തി. ഈ കപടസന്യാസി ഈറാനിലെ ഒരു ശീയാ ആയിരുന്നു. കർബലാ കലാപത്തിൽ അയാളുടെ മക്കൾ നജ്ദികളാൽ വധിക്കപ്പെട്ടിട്ടുണ്ടായിരുന്നു. ആ പക പോക്കാനാണ് ഈ കഠിനകൃത്യം ചെയ്തതു്. അബ്ദുൽഅസീസിന്റെ മുറിവേററ ദേഹം രക്തത്തിൽകിടന്നു പിടക്കുന്നതുകണ്ടപ്പോൾ അയാളുടെ കോപാഗ്നി ആറിത്തണുത്തു

അമീർ അബ്ദുൽ അസീസിന്റെ രക്ത സാക്ഷിത്വത്തിന്നുശേഷം അദ്ദേഹത്തിന്റെ പുത്രൻ സുഊദ് സ്ഥാനാരോഹണം ചെയ്തു. പിതാവിന്റെ ജീവിതകാലത്തു തന്നെ മകനെ തന്റെ പിൻഗാമിയായി നിശ്ചയിച്ചിട്ടുണ്ടായിരുന്നു.

സുഊദ് തന്റെ പിതാവിന്റെയും പിതാമഹന്റെയും ശരിയായ അവകാശിയും പിൻഗാമിയും ആയിരുന്നു. മതപരമായ വിഷയങ്ങളിൽ വളരെ നിഷ്ഠയും ദൃഢതയും ഉള്ള ഒരു വ്യക്തിയുമായിരുന്നു. ഭരണനൈപുണ്യവും അദ്ദേഹത്തിന്നു വേണ്ടത്രയുണ്ടായിരുന്നു. തന്റെ പുത്രൻ അബ്ദുല്ലയായിരുന്നു സർവ്വസൈന്യാധിപൻ ഇദ്ദേഹം ഹിജാസ് മുഴവൻ അധീനപ്പെടുത്തിക്കൊണ്ട് ഖൈബർ വരെഎത്തി ബഹ്റൈൻ, ഉമ്മൽ, റസൂൽ, ഖൈമ തുടങ്ങിയ ഗൾഫ് രാജ്യങ്ങളും നജ്ദിന്റെ ഭരണത്തിൻ കീഴിലായി.

# വൈരുദ്ധ്യത്തിന്റെ ഉഗ്രത

കർബലാമുഅല്ലനജ്ഫ്അശ്റഫബലദുൽഹുസൈൻ എന്നിവിടങ്ങളിൽ നടന്ന സംഭവങ്ങൾ ഷീശി ആ വർഗ്ഗത്തിന്റെ കടുത്ത വിരോധത്തിന്നും വെറുപ്പിന്നും വഴിതെളിയിച്ചു. നജ്ദികളെഅവർ തങ്ങളുടെകഠിനശത്രുക്കളായി കരുതിഅതുപോലെതന്നെ പരിശുദ്ധമക്കയിലും മദീനയിലുമുള്ള നേതാക്കൾക്കും നജ്ദികളുടെനേരെ സഹിക്കവയ്യാത്ത വിരോധം ജനിച്ചു. മുസ്ലിംലോകമാകെ മുഹമ്മദുബ്നിൻ അബ്ദുൽവഹ്ഹാബിന്റെഅനുയായികളുടെ നേരെ വെറുപ്പും വിദ്വേഷവും ജനിപ്പിക്കാനുള്ള ദൂഷിച്ച പ്രചാര വേലകൾ ആരംഭിക്കപ്പെട്ടു.

''കുനിന്മേൽകുരു'' വെന്നോണം അക്കാലത്ത് ഈസ്റ്റിന്ത്യാ കമ്പനിയുമായും നജ്ദികൾ ഏററുമുട്ടേണ്ടിവന്നു. അങ്ങിനെ ഈസ്ററിന്ത്യാ കമ്പനിക്കാരുടെ എതിർപ്പിന്നു നജ്ദികൾ വിധേയരാവേണ്ടി വന്നതു പേഴ്സ്യൻ ഗൾഫിലെ നിവാസികളായ ജഖാസിം ഗോത്രവുമായി നജ്ദുകാർക്കു ബന്ധമുള്ളതുകൊണ്ടാണ്. ഇക്കൂട്ടർ ഈസ്ററിന്ത്യാ കമ്പനിക്കാരുടെ വ്യാപാര കപ്പലുകളെ ആക്രമിച്ചു. സൂഊദി ഗവണ്മെണ്ടിന്റെ ഭരണമായിരുന്നു ആ പ്രദേശത്ത് നടന്നിരുന്നത്. പണ്ടേതന്നെ ഈറാന്റെയും ഇറാഖിന്റെയും നേരെ നോട്ടമിട്ടിരുന്ന ഇംഗ്ലീഷുകാർക്ക് നവനജ്ദിഗവണ്മെണ്ട് വലിയ പ്രതിബന്ധമായി തീർന്നിട്ടുണ്ടായിരുന്നു. ഈ ആക്രമണം അവക്ക് അനുകൂലമായ ഒരന്തരീക്ഷം സൃഷ്ടിച്ചു. ക്രി. 1809 സപ്തെമ്പറിൽ ബോംബെ ഗവണ്മെണ്ട് റാസുൽഖൈമയുടെ നേരെ ഘോരമായ യുദ്ധം ആരംഭിച്ചു. നജ്ദി സേനയെ താറുമാറാക്കി. 1809 നവമ്പറിൽ റാസുൽഖൈമയെ ചുട്ടു ഭസ്മമാക്കി.

നജിദ് ഗവണ്മെണ്ടും ഈസ്ററിന്ത്യാ കമ്പനിയും തമ്മിൽ നടന്ന ഏററുമുട്ടലിന്റെ ഫലമായി റാസുൽഖൈമ. നശിക്കുക മാത്രമല്ല ഉണ്ടായതു്. അതിനെക്കാൾ വളരെ

നീചവും ദുഷിച്ചതും ആയ ഫലവും കൂടി അനുഭവപ്പെട്ടു. അതു് ഇതാണ്, ദുഷിച്ച പ്രചാരവേല നടത്താൻ സാമർത്ഥ്യവും കുതന്ത്രവും ഉള്ള ഒരു ജനവിഭാഗവുമായി നജ്ദ് എതിരിടേണ്ടിവന്നു. ഏഷ്യാഭൂഖണ്ഡത്തെ അവഹേളിക്കുകയും അപമാനിക്കുകയും ചെയ്യുക എന്നത് ആ കൂട്ടരുടെ ലക്ഷ്യമായിരുന്നു. ജിബ്രാൾടർ – വാഷിംഗ്ടൻ മുതൽ ഹോംകോങ്ങ്– സിങ്കപ്പൂർ വരെ ഈ ഹീനമായ പ്രചാരവേലയിൽ അവർ വ്യാപൃതരായി.

## ബാബെ ആലിയും നജ്ദ് ഗവർമ്മെണ്ടും

കഴപ്പം ഹിജാസ് നജ്ദ് അതിർത്തികളിൽ ഒതുങ്ങി നിന്നപ്പോൾ തുർക്കി ഗവണ്മെണ്ടിൻെറ കേന്ദ്രമായ കോൺസ്റ്റാൻെറി നേപ്പിൾ– അതിനെ ബാബഅലി എന്നാണ് പറയുന്നതു്. ആ വിഷയത്തിൽ ഉൾപെട്ടില്ല. എന്നാൽ ഈറാക്കും സിറിയയും യമനും നജ്ദികളുടെ ആക്രമണത്തിന്നു് വിധേയമായപ്പോൾ ബാബ ആലി അതിൽ ശ്രദ്ധപതിച്ചു. ഈജിപ്പിലെ ഖുദൈവ് മുഹമ്മദാലിപാഷ തുർക്കി സാമ്രാജ്യത്തിലെ ഏററവും ശക്തിമാനായ ഗവർണ്ണറായിരുന്നു, അദ്ദേഹത്തോടു് നജ്ദ്കളുമായി യുദ്ധം നടത്തേണ്ടതിന്നു് തുർക്കി ഗവണ്മെണ്ട് കൽപിച്ചു. ഖുദൈവ് മിസ്റ് മേൽകോയ'മയിൽ നിന്നുള്ള കൽപന അനുസരിച്ചു് പ്രവർത്തിക്കാൻ ഉടനെ തയ്യാറായി

## ഈജിപ്ത നജ്ദ്യുദ്ധം

മുഹമ്മദാലിപാഷാ തൻെറ മകനും പ്രതിനിധിയുമായ തൂസൂനെ 10,000 പട്ടാളക്കാരോടു കൂടി ഹിജാസിലേക്കയച്ചു. ഹിജ്റ 1226 ക്രി. 1811ൽ അവർ ഹിജാസിൻെറ കടൽക്കരയിൽ ഇറങ്ങി. വലിയ പ്രയാസം കൂടാതെ യമ്പുഅ് അധീനപ്പെടുത്തി. അനന്തരം മദീനമുനവ്വറയെ ലക്ഷ്യമാക്കികൊണ്ടു് നീങ്ങി. ഹിജ്റ 1227 ദുൽഖഅദ്

ക്രി. 1812 നവമ്പറിൽ മദീനയിലെത്തി. തദനന്തരം ഒന്ന രമാസക്കാലത്തിന്ന ശേഷം, ഹിജ്റ 1228 മുഹറം ക്രി. 1813 ജനവരിയിൽ പരിശുദ്ധമക്കയിൽ വീണ്ടും തുർക്കി പതാക നാട്ടപ്പെട്ടു.

മക്കാവിജയത്തിന്ന ശേഷം നജ്ദികളുമായുള്ള യുദ്ധം മുമ്പത്തെക്കാൾ രൂക്ഷമായി തീൎന്നു. നജ്ദികൾ എതിൎപ്പിന്ന മൂൎച്ച കൂട്ടി. ഈജിപ്തുകാരെ ഒന്ന രണ്ടു രംഗങ്ങളിൽ വെച്ച് പരാജയപ്പെടുത്തി. ഈ സംഭവത്തിന്ന ശേഷം മുഹമ്മദലി പാഷ ഹിജാസിലെത്തി.

# ഒരത്യാഹിതം

ഈജിപ്തും നജ്ദുമായുള്ള യുദ്ധം തകൃതിയായി നടക്കുന്നു. ജയവും പരാജയവും ഇരുഭാഗത്തും സംഭവിച്ചുകൊണ്ടിരുന്നു. ഇങ്ങിനെയുള്ള അവസരത്തിലാണ് നജ്ദ് സുൽത്താൻ സുഊദ്ബിൻ അബ്ദുൽ അസീസ് ഐഹിക ജീവിതത്തെ വെടിഞ്ഞതു്. ഹിജ്റ 1229 ജമാദുൽ അവ്വൽ 11 ക്രി. 1814 മെയ് 1ന് ആണ് ഈ സംഭവം നടന്നതു്. തദനന്തരം പരേതനായ സുൽത്താന്റെ പുത്രൻ അബ്ദുല്ല നജ്ദ് ഗവണ്മെണ്ടിന്റെ ഉടമസ്ഥനായി തീൎന്നു. ഇദ്ദേഹമാവട്ടെ പേരെടുത്ത സർവ്വസൈന്യാധിപനായിരുന്നെങ്കിലും ഭരണ തന്ത്രജ്ഞനായിരുന്നില്ല. ഈ ദുശ വിഷമഘട്ടത്തിൽ ബുദ്ധിശക്തിയും ഭരണ നൈപുണ്യവും ഉള്ള ഒരു ഭരണാധികാരി നജ്ദിന്നാവശ്യമായിരുന്നു. പക്ഷെ ആ ഭാഗ്യം തദവസരത്തിൽ നജ്ദിന്നുണ്ടായില്ല. അതുമൂലം പഴയ അന്തസ്സും പ്രതാപവും എല്ലാം നഷ്ടപ്പെട്ടു. പരാജയം കണ്ടു ദയവിഹ്വലനായ അബ്ദുല്ല സൗഹാൎദ്ദഹസ്തം ഈജിപ്തിന്റെ നേരെ നീട്ടി പക്ഷെ യാതൊരു ഫലവുമുണ്ടായില്ല. ഈ സന്ദർഭത്തിൽ തൂസൂൽ ഈജിപ്പ്തിൽ മടങ്ങിയെത്തി. ഒരു കൊല്ലത്തിന്നശേഷം അദ്ദേഹം നിര്യാതനായി.

മുഹമ്മദലി പാഷ പിറ്റെ കൊല്ലം തന്റെ രണ്ടാമത്തെ മകൻ ഇബ്രാഹിം പാഷയെ പ്രസ്തുത യുദ്ധ രംഗത്തെ

ക്കു് നിയോഗിച്ചയച്ചു. ഹിജ്റ 1231 ദുൽഖഅദ് 6 ക്രി. 1816 സപ്തെമ്പർ 28നു അദ്ദേഹം വമ്പിച്ച ഒരു സേനയെ നയിച്ചുകൊണ്ടു് ഖബൂഇൽ എത്തി. തദവസരത്തിൽ നജ്ദിൻെറ ശക്തി താരതമ്യേന ഈജിപ്തിനെക്കാൾ കുറവായിരുന്നു. പരാജയം നജ്ദ്കാരുടെ കൺമുമ്പിൽ തെളിഞ്ഞു കാണുന്നുണ്ടായിരുന്നെങ്കിലും യാതൊരു ക്ഷീണവും വെളിക്കു് കാണിക്കാതെ 2 കൊല്ലക്കാലത്തോളം യുദ്ധം മുറക്കു് നടത്തിക്കൊണ്ടിരുന്നു. അവസാനം ഹിജ്റ 1233 ദുൽഖഅദ് 7 ക്രി. 1818 സപ്തെമ്പർ 8നു നജ്ദ്ഗവൺമെൺടിൻെറ തലസ്ഥാനമായ ദർഇയ്യ കീഴടങ്ങി. നൂറുകണക്കായ ആളുകൾ വധിക്കപ്പെട്ടു. ശൈഖ്മുഹമ്മദുബിൻ അബ്ദുൽ വഹ്ഹാബിൻെറ കുടുംബാംഗങ്ങൾ മിക്കവരും മൃത്യുവക്ത്രത്തിലേക്കു് തള്ളപ്പെട്ടു. തൽസമയം ദർഇയ്യയിൽ ഉണ്ടായിട്ടില്ലാത്തവർ മാത്രമാണു് രക്ഷപ്പെട്ടതു്. അബ്ദുല്ലാഇബിൻ സുഊദ് ആയുധം വെച്ചു കീഴടങ്ങാൻ നിർബ്ബന്ധിതനായി. രണ്ടുദിവസത്തിന്നു ശേഷം അദ്ദേഹത്തെ അറസ്റ്റ്ചെയ്തു മിസ്റിലേക്കയച്ചു. ഹിജ്റ 1234 മുഹറം 19നു അദ്ദേഹത്തെ ''ആസ്ഥാന''യിലേക്കു് കൊണ്ടുപോയി അവിടെ മരണം അദ്ദേഹത്തെ പ്രതീക്ഷിച്ചുകൊണ്ടിരുന്നു. ക്രി. 1818 ഡിസമ്പർ 17 ഹിജ്റ 1234 സഫർ 18നു് അദ്ദേഹവും അദ്ദേഹത്തിൻെറ സഹപ്രവൎത്തകരും അബാസോഫിയയിൽ വെച്ചു തൂക്കിക്കൊല്ലപ്പെട്ടു.

മക്കായിലെയും മദീനയിലേയും നിവാസികൾ പണ്ടെ ആശിച്ചിരുന്നതും പ്രതീക്ഷിച്ചിരുന്നതുമായ കാര്യം ഇപ്പോൾ ഒരു യാഥാൎത്ഥ്യമായിത്തീൎന്നു. നജ്ദ്കാരുടെ കേന്ദ്രം കീഴടങ്ങിയ ശേഷം ഹിജാസിൽ അവരുടെപേരും ചൂരും പററെ ഇല്ലാതെയായി. നജ്ദിൻെറ പുറത്തു് ഒരൊററ നജ്ദ്കാരൻ പോലും കാണപ്പെടാതെയായി.

നജ്ദ് ഗവൺമെൻറിനേയും വഹ്ഹാബിപ്രസ്ഥാനത്തെയും മണൽക്കുന്നുകളോടാണു് ഡോ: ഹെൻറ് സാദൃശ്യപ്പെടുത്തുന്നതു്. അദ്ദേഹം ഇങ്ങിനെ പറയുന്നു. '' ഒരു വമ്പിച്ച ഭരണ കൂടം ആശ്ചര്യകരമാം വിധം ഭൂമുഖത്തു് ദൃശ്യമായി. അതേവിധത്തിൽ തന്നെ, ആശ്ചര്യകരമായ രീതി

യിൽ മരുഭൂമിയിലെ മണൽക്കുന്നുകളെപ്പോലെ അദൃശ്യമായി'' മി. ഹെൻററ്ൻെറ വാദപ്രകാരം ക്രി. 1818 അവസാനത്തിൽ നജ്ദ് ഗവണ്മെണ്ട് പററെ നശിക്കുകയും മക്കാമദീനാ പുണ്യഭൂമികളിൽ നജ്ദികളുടെ പേരുപോലും ഉച്ചരിക്കുന്നതും അന്നാട്ടിലെ നിവാസികൾക്ക് അരോചകമായിത്തീരുകയും ചെയ്തു'' എന്നാണ് ഡോ; ഹെൻററ് തൻെറ ഗ്രന്ഥത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രസ്തുത ഗ്രന്ഥത്തിൻെറ മറെറാരു ഭാഗത്ത് പ്രതിപാദിക്കുന്നത് ഇതിനു വിപരീതമായ നിലയിലാണ് ''നാലു കൊല്ലം കഴിഞ്ഞശേഷം 1822ൽ സയ്യിദ്അഹമ്മദ് സാഹിബ് ഹജ്ജുകർമ്മംനിർവ്വഹിക്കാനായി പരിശുദ്ധമക്കയിൽ പോയിരുന്നു എന്നും തദവസരത്തിൽ വ്യവസ്ഥാപിതമായ നിലയിൽ രൂപം കൊണ്ട ഒരുസാംസ്കാരിക പ്രസ്ഥാനം അവിടെ ഉള്ളതായി അദ്ദേഹം കണ്ടു എന്നും മരുഭൂമിയിലെ ഒരു ബദ്ദു ആയിരുന്നു അതിൻെറ സ്ഥാപകനെന്നും ആ ബദ്ദുവിൻെറ വിശ്വാസ പ്രമാണങ്ങളാണ് അവിടെ പ്രചരിച്ചിരുന്നതെന്നും ഡോക്ടർ പറയുന്നു.

''കളവ് പറയുന്നവക്ക് ഓർമ്മശക്തി ഉണ്ടാവുകയില്ല'' എന്ന് പേഴ്സ്യൻ ഭാഷയിൽ ഒരു പഴമൊഴിയുണ്ട്. മി. ഹെൻററ് സായിപ്പിനെ സംബന്ധിച്ചേടത്തോളം ഈ പഴമൊഴി തികച്ചും അത്ഥവത്താണ്. മുൻവരികളിൽ അദ്ദേഹം പറഞ്ഞത് 1818 ൽ ആശ്ചര്യകരമാം വണ്ണം ഉടലെടുത്ത അതിഗംഭീരമായ ഭരണകൂടം മരുഭൂമിയിലെ മണൽക്കുന്നുപോലെ അൽഭുതകരമായ നിലയിൽ തന്നെ അപ്രത്യക്ഷമായി എന്നാണ്. ഈ സംഗതി രേഖപ്പെടുത്തിയ അതേ ഗ്രന്ഥത്തിൻെറ താളുകളിൽ തന്നെയാണ് മരുഭൂമിയിലെ ഒരു ബദ്ദുവിൻെറ സാംസ്കാരിക പ്രസ്ഥാനത്തിൻെറ പ്രവത്തനങ്ങൾ നാലുകൊല്ലത്തിനു ശേഷം സയ്യിദ് അഹമദ് സാഹിബ് കണ്ടു എന്നു പറയുന്നത്.

ഇതിനുശേഷം ആ പ്രസ്ഥാനത്തിന്നു അദ്ദേഹം ഒരു വ്യാഖ്യാനം കൂടി നൽകിയിട്ടുണ്ട് അദ്ദേഹം പറയുകയാണ്, ''ആ ബദ്ദുവിൻെറ പ്രസ്ഥാനത്തോടുബന്ധപ്പെട്ട

സയ്യിദ്ദ്അഹമദ് സാഹിബിനെ സുന്നി, ശീയി എന്നീ വിഭാഗങ്ങളിൽപ്പെട്ട എല്ലാ മുസ്ലീംകളും വെറുത്തിരുന്നു'' എന്ന് ഇതിനു പുറമെ മറെറാരു വാസ്തവം കൂടി അദ്ദേഹം പറയുന്നുണ്ട്. ''സയ്യിദ്ദ്അഹമദ് സാഹിബ് മക്കയിൽ ഉള്ളപ്പോൾ അദ്ദേഹം മരുഭൂമിയിലെ ബദ്ദുക്കളുടെ സംഘവുമായി യോജിപ്പുള്ള ആളാണെന്നും ആബദ്ദുക്കൾ വഴിയായി പുണ്യസ്ഥലങ്ങൾക്ക് വലിയ കേടുപാടുകൾ സംഭവിച്ചിട്ടുണ്ടെന്നും ഉള്ള വിവരം ഗവണ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടു. ആകയാൽ അദ്ദേഹം മക്കയിൽ നിന്നു പുറത്താക്കപ്പെടുകയും ചെയ്തു. ഈ ശിക്ഷ സയ്യിദ്ദ് സാഹിബ് അനുഭവിക്കേണ്ടിവന്നതു് അബ്ദുൾ വഹാബിന്റെ ഭക്തനായതുകൊണ്ടാണ്'' ഈ ആരോപണം വളരെ വലുതാണ് മുസ്ലീം പൊതുവെ അതിലും വിശേഷിച്ച് അതിർത്തിയിലെ അക്ഷരജ്ഞാനവും പരിഷ്കാരവും വിവേചന ബോധവും ഇല്ലാത്ത ജനങ്ങളും സയ്യിദ്ദ്സാഹിബ് മതദൃഷ്ട്യാ വധിക്കപ്പെടേണ്ടവനാണെന്ന് ധരിച്ച് അദ്ദേഹത്തിന്റെ നേരെ ആക്രമണത്തിന്നു പുറപ്പെടാൻ പ്രേരണ നൽകുന്ന ഒരു പ്രസ്താവനയാണിതു്. സത്യാസത്യങ്ങൾ തിരിച്ചറിയാൻ കഴിവില്ലാത്ത ഈ വിഭാഗത്തിനു് അവരുടെ സർദാർമ്മാരിൽ നിന്നു വല്ല കൽപനയും കിട്ടിയാൽ അതാക്കും തടുക്കാൻ കഴിയുകയില്ല.

ഡോ: ഹെൻറ് ഈ ദുശ്പ്രസ്താവനകൾ ചെയ്തതു് ഗൌരവതരമായ രണ്ടുദ്ദേശ്യങ്ങൾ മുൻനിർത്തിക്കൊണ്ടാണ്. 1. മക്കയിലെയും മദീനയിലേയും ഉലമാക്കൾ തെററാണെന്നു വിധികൽപിച്ചിട്ടുള്ള നജ്ദികളുടെ വിശ്വാസ പ്രമാണങ്ങളെ അനുകൂലിക്കുന്ന വ്യക്തിയാണ് സയ്യിദ്അഹമദ് സാഹിബ് എന്നു വരുത്തിത്തീർക്കുക, ഇതിനുപുറമെ നജ്ദികളെ കൊന്നൊടുക്കാൻ പ്രേരണ നൽകുക.

2 തങ്ങളുടെ ഗവർമെണ്ടും തുർക്കി ഗവർമെൻറിനെപ്പോലെത്തന്നെ വ്യവസ്ഥാപിതമായ ഒരു ഗവർമെൻറിയതുകൊണ്ട് തുർക്കികളുടെ നേരെ എതിർപ്പിനു പുറപ്പൊന്നതു് മതപരമായും തെററായതുപോലെത്തന്നെ തങ്ങളുടെ ഗവർമ്മെൻറിന്റെ നേരെയും എതിർപ്പ് സംഘടിപ്പു

കുന്നതു് തെററാണെന്നു് സ്ഥാപിക്കുക. രണ്ടാമത്തെ സംഗതി വളരെ തുറന്നു് പറഞ്ഞിട്ടില്ലെങ്കിലും തുർക്കി ഗവർമ്മെണ്ടു് ന്യായാനുസൃതം സ്ഥാപിതമായ ഒരു ഗവർമെൻറ് ആയതുകൊണ്ടു് അതിനെ ബഹുമാനിക്കുംപോലെ ന്യായമായ നിലയിൽ അധികാരത്തിൽവന്ന ഒരു ഗവർമ്മെണ്ടാണ് തങ്ങളുടെതെന്നബോധം ജനഹൃദയങ്ങളിൽ അടിച്ചേല്പിക്കാനുള്ള ഒരുദ്ദേശ്യം കൂടി ഇതിലുണ്ടു്.

ഈ വിശദീകരണത്തിനു ശേഷം സയ്യിദ് സാഹിബിൻെറ സമരോദ്ദേശ്യം വർഗ്ഗീയമായിരുന്നില്ലെന്നു് വ്യക്തമാകുന്നതാണ്. അദ്ദേഹം ഇന്നാട്ടിലെ മുസ്ലീമേതര സമുദായങ്ങളുടെ വിരോധിയായിരുന്നില്ല. പ്രത്യുത അവരുടെ ഗുണകാംക്ഷിയും കളങ്കരഹിതനായബന്ധുവും ആയിരുന്നു. മുസ്ലീമിങ്ങളെപ്പോലെത്തന്നെ മററുള്ള ജനങ്ങളും അദ്ദേഹത്തിൻെറ ശിഷ്യത്വം സ്വീകരിച്ചിരുന്നു. താൻ പരമ ശത്രുക്കളായി പരിഗണിച്ചിരുന്നത് ഇംഗ്ലീഷുകാരെയാണ്. തൻെറ ജിഹാദിൻെറ ലക്ഷ്യത്തെക്കുറിച്ച് എഴുതിയിട്ടുള്ള ഒരു പ്രസ്താവനയിൽ ഇങ്ങനെ കാണുന്നു, ''വ്യാപാരാർത്ഥം ഇന്ത്യയിൽ വന്നിട്ടുള്ള ആവിദേശികളെ ഇവിടെ നിന്നു് നിഷ്കാസനം ചെയ്തു് ഇന്ത്യയുടെ ഭരണം ഭരിക്കാൻ അർഹതയുള്ള ഇന്ത്യക്കാരുടെ കയ്യിലേക്ക് ഏല്പിക്കേണ്ടതാണ്. സ്റ്റേററിൻെറ ഉദ്യോഗങ്ങളിൽ ഇന്ത്യക്കാരെ തന്നെ നിയമിക്കണം.''

ഗാന്ധിജിയുടെ 'ക്വിററിന്ത്യാ' പ്രസ്ഥാനം ഉടലെടുക്കുന്നതിനു എത്രയോ മുൻപാണ് സയ്യിദ് അഹമ്മദ് സാഹിബ് ഈ പ്രഖ്യാപനം പുറപ്പെടുവിച്ചതു്! ഇന്ത്യക്കാരുടെ കയ്യിലേക്ക് ഏല്പിക്കണം എന്നല്ലാതെ ഇന്ത്യയുടെ ഭരണസാരഥ്യം മുസ്ലീംകളുടെ അധീനതയിൽ ആവണം എന്നു് അദ്ദേഹം പറഞ്ഞിട്ടേ ഇല്ല, എന്നിരിക്കെ ഡോ: ഹെൻ്ററിൻെറ താഴെ പറയും പ്രകാരമുള്ള പ്രസ്താവന കേവലം അർത്ഥശൂന്യവും ദുരുദ്ദേശ്യപരവും ആണ്. ആ പ്രസ്താവന ഇപ്രകാരമാണ്.

''ഹജ്ജ്‌യാത്രക്കുമുൻപ് സയ്യിദ്‌സാഹിബ് എന്തൊന്നിനെ സംബന്ധിച്ച ചിന്തിക്കുകയും സ്വപ്നം കാണുക



യും ചെയ്തിരുന്നുവോ അതു് ഇന്ത്യയിലെ എല്ലാ ജില്ലകളിലും ഇസ്ലാമിക പതാക അദ്ദേഹം നാട്ടുമെന്നും കുരിശിനെ കാഫിറുകളായ ഇംഗ്ലീഷുകാരുടെ മൃതദേഹത്തിൻെറ ചുവട്ടിൽ കുഴിച്ചുമൂടുമെന്നുമായിരുന്നു. 'ഈ സ്വപ്നവും ആഗ്രഹവും ഒരു യാഥാർത്ഥ്യമായിത്തീരുമെന്നു് അദ്ദേഹം കരുതിയിരുന്നു.'

എന്നാൽ, സയ്യിദ് അഹമദ് സാഹിബിനു് ഇന്ത്യ ഒരിസ്ലാമിക സ്റ്റേററാക്കി മാററണമെന്ന ഉദ്ദേശ്യംഉണ്ടായിരുന്നില്ലെന്നും അതിനുവേണ്ടി ആയിരുന്നില്ല അദ്ദേഹം സമരം സംഘടിപ്പിച്ചതെന്നും വ്യക്തമായ ഭാഷയിൽ സംശയരഹിതമാംവണ്ണം പ്രതിപാദിച്ചിരിക്കെ ഡോ: ഹെൻ്റർ് ഇങ്ങനെ ഒരു പ്രസ്താവനയുമായി പുറപ്പെട്ടതു്, സാമുദായിക മൈത്രീബന്ധത്തിനു് ഹാനിതട്ടിക്കേണ്ടതിനായിട്ടാണ്. സയ്യിദ് സാഹിബ്, അമീറലിഖാൻ, ജസ്വന്തറാവു ഹൽക്കർ എന്നിവരുമായി ചേർന്നു് ഏതാണ്ടു് ആറുകൊല്ലക്കാലത്തോളം ഇംഗ്ലീഷുകാരുമായി പൊരിഞ്ഞ യുദ്ധം നടത്തി.

ഈ സ്വാതന്ത്ര്യാവേശത്തിൻെറ ഫലമായി ഇംഗ്ലീഷുകാരുടെ മറെറാരു ശത്രുവായ ദൌലത്തുറാവു സിന്ധ്യയുമായി സഹകരിച്ചുകൊണ്ടു് അദ്ദേഹം അവസാനംവരെ ഇംഗ്ലീഷുകാരെ എതിർക്കുകയും സിന്ധ്യയുമായുള്ള സൌഹൃദബന്ധം നിലനിർത്തുകയും ചെയ്തു. എന്നുമാത്രമല്ല അമീറലിഖാൻ സയ്യിദ് സാഹിബിൻെറ അഭിപ്രായത്തിനെതിരായി ഇംഗ്ലീഷുകാരുമായി സന്ധിക്കു മുതിർന്നപ്പോൾ അമീറലിഖാനെ തൻെറ സംഘത്തിൽ നിന്നു പുറത്താക്കുകയും ചെയ്തു.

## വഹാബികൾ

വഹാബി പ്രസ്ഥാനത്തെയും .വഹാബികളേയും ബ്രിട്ടീഷുകാർക്ക് ടിപ്പുസുൽത്താനെ എന്നപോലെ ഭയമായിരുന്ന തങ്ങൾക്കെതിരായി പ്രവർത്തിക്കുന്നഏവരേയും വഹ്ഹാബി മുദ്രകുത്തിക്കൊണ്ടു് മുസൽമാന്മാർക്ക് വെ

റപ്പു ജനിപ്പിക്കാൻ ഇംഗ്ലീഷുകാർ നിരന്തരം പരിശ്രമിച്ചു പോന്നു. മുസ്ലീം സമുദായ മദ്ധ്യത്തിൽ കടന്നുകൂടീട്ടുള്ള അനാചാരങ്ങളും അന്ധവിശ്വാസങ്ങളും നിർമ്മാജ്ജനം ചെയ്യാൻ തീവ്രശ്രമം ചെയ്യുന്ന വിഭാഗത്തെയാണ് വഹ്ഹാബികളായി പരിഗണിക്കുന്നത് ഭിന്നിപ്പിച്ച് ഭരിക്കുക എന്ന ആ പഴയ നയം ഇംഗ്ലീഷുകാർ ഇവിടെയും പ്രയോഗിക്കാതിരുന്നില്ല. താൽക്കാലികമായി ചില പരാജയങ്ങൾ തീവ്രവാദികളായ മുസ്ലീംകൾക്ക് അനുഭവിക്കേണ്ടി വന്നെങ്കിലും അവരെ പററെ നശിപ്പിക്കാൻ ഇംഗ്ലീഷുകാർക്ക് സാധിച്ചില്ല. ഇന്ത്യയിൽ ചില പരാജയങ്ങൾ നേരിട്ടപ്പോൾ അവർ അതിർത്തിക്കപ്പുറം പോയി സമര സന്നാഹങ്ങൾ ശക്തിപ്പെടുത്തി. വിദേശ ശക്തികളുമായി സൌഹൃദബന്ധം പുലർത്താൻ അവരിൽനിന്ന് സൈനികസഹായവും മററും നേടാനും അവർ ശ്രമിച്ചു. ഒന്നാം ലോകമഹായുദ്ധം ആരംഭിക്കുന്നതിന്നുമുമ്പും ഈ പരിശ്രമം നടക്കുകയുണ്ടായി. അൻവർപാഷ മുതലായ തുർക്കി നേതാക്കന്മാർ ഇന്ത്യയെ ഇംഗ്ലീഷുകാരുടെ ആധിപത്യത്തിൽനിന്ന് മോചിപ്പിക്കേണ്ടതിന്ന് വേണ്ട സഹായം ചെയ്യാമെന്ന് വാഗ്ദാനം ചെയ്തിട്ടുണ്ടായിരുന്നു. ആയുദ്ധത്തിൽ തുർക്കിക്ക് പരാജയം നേരിട്ടതുകൊണ്ട് വാഗ്ദാനം നിറവേറാൻ സാധിച്ചില്ല. എന്നിരുന്നാലും വഹാബികൾ ഇംഗ്ലീഷുകാർക്കൊരു പേടിസ്വപ്നം തന്നെയായിരുന്നുവെന്നത് അനിഷേധ്യ ചരിത്ര വസ്തുതയത്രെ.

ഇതുപോലെ തന്നെയാണ് മലബാറിലെ മാപ്പിളമാരും. അവർ ഇംഗ്ലീഷുകാരുടെ ഭരണം തുടങ്ങിയതുമുതൽ അതിൻെറ ശത്രുക്കളായി പ്രവർത്തിച്ചു. അൻപതിലേറെ ചെറിയചെറിയ സമരങ്ങൾ മാപ്പിളമാർ നടത്തിയിട്ടുണ്ട്. അതൊന്നും സാമുദായിക ലഹളകളായിരുന്നില്ല. പ്രത്യുത ബ്രിട്ടീഷ് ഭരണത്തിന്നെതിരായ പോരാട്ടങ്ങളായിരുന്നു. ചില സമരങ്ങളിൽ മാപ്പിളമാരോടൊപ്പം ഹിന്ദുക്കളും പങ്കെടുത്തിട്ടുണ്ട്. ഉദാഹരണത്തിന്ന് മലപ്പുറം സംഭവംതന്നെ എടുക്കാം മലപ്പുറം നേർച്ചയിൽ അവസാ

ന്നം വരുന്ന പെട്ടി ‹തട്ടാൻെറ പെട്ടി' എന്നപേരിൽ അറി
യപ്പെടുന്നതാണ്, ആ ആചാരം ഇപ്പോഴും നടന്നുവരുന്നു
ണ്ട് മുസൽമാന്മാരെപോലെ തന്നെ ഹിന്ദുക്കളും അതിന്നു
വളരെ പ്രാധാന്യം കല്പിക്കുന്നുണ്ട്.

1921ലെ വിപ്ലവം ഒരു സാമുദായിക ലഹളയായി
രുന്നുവെന്ന് ചിലരൊക്കെ ജല്പിക്കുന്നുണ്ടെങ്കിലും അതു്
തീർച്ചയായും സ്വാതന്ത്ര്യസമരത്തിൻെറ ഒരു ഭാഗം മാത്ര
മായിരുന്നു. പക്ഷെ ചില അപാകതകൾ അതിൽ വന്നി
ട്ടുണ്ട്. കാരണം രാഷ്ട്രീയമായി വലിയ പാണ്ഡിത്യവും
പാടവവും സിദ്ധിച്ചവരായിരുന്നില്ല അതിന്നു് നേതൃത്വം
നൽകിയതു്. പട്ടാളത്തിൻെറയും പോലീസിൻെറയും മർദ്ദ
ന നടപടികൾ അതിരൂക്ഷമായി തീർന്നപ്പോൾ ഗാന്ധി
യൻ സിദ്ധാന്തത്തിൽ നിന്നു് അവർ വ്യതിചലിച്ചു എന്നു
മാത്രം 1942ലെ ക്വിററിന്ത്യാ സമരകാലത്തും ഇങ്ങിനെ
യുള്ള വ്യതിയാനം ഉണ്ടായിട്ടുണ്ട്. ജനങ്ങൾ ക്ഷോഭിച്ചു.
എന്തോചിലതൊക്കെ ചെയ്തുഎന്നാണ് ഗാന്ധിജി അ
തിന്നു നൽകിയ മറുപടി. ആ മറുപടി എന്തുകൊണ്ട്
1921ന്നു് ബാധകമായിക്കൂടാ? നിസ്സഹകരണ പ്രസ്ഥാന
ത്തിൻെറ പരിപാടികളനുസരിച്ചുള്ള പ്രവർത്തനങ്ങളിൽ
ഏററവും മുന്നിട്ടു നിന്നിരുന്ന ഒരു പ്രദേശമായിരുന്നു മല
ബാർ. മലബാറിലെ മാപ്പിളമാർ പെട്ടെന്നു് ക്ഷോഭിക്കു
ന്ന പ്രകൃതക്കാരാണെന്നുള്ള ആക്ഷേപം പരക്കെ ഉണ്ടെങ്കി
ലും അത്ഭുതാവഹമായ സ്വഭാവമാണ് നീണ്ടകാലത്തോ
ളം അവർ പുലർത്തിപോന്നതു്, സഹിമുട്ടിയപ്പോൾ
അവർ ക്ഷുഭിതരായി. പ്രതിക്രിയക്ക് മുതിർന്നു. രാഷ്ട്രീ
യമായി നടന്ന എല്ലാ പ്രസ്ഥാനങ്ങളുടെയും സ്ഥിതി ഇ
തുതന്നെയാണ്, 1921ലെ സംഭവത്തിന്നു് വർഗ്ഗീയഛായ
കൊടുക്കാൻ ശ്രീ. കെ. മാധവൻനായരെ പോലെയുള്ള
കോൺഗ്രസ്സ് നേതാക്കൾ തുനിഞ്ഞതു് ഖേദകരമാണ്,
അതു് വർഗ്ഗീയ കലാപമായിരുന്നുവെങ്കിൽ അതു് നട
ത്തിയവർ താമ്രപത്രത്തിന്നും രാഷ്ട്രീയപെൻഷനും അർ
ഹരാകുന്നത് എങ്ങിനെയാണ്? അവരണ്ടും 21ലെ സംഭ
വത്തിൽ പങ്കെടുത്തവർക്ക് അനുവദിക്കപ്പെട്ടിട്ടുണ്ട്.

മാപ്പിളമാർഅടങ്ങാത്തമൂർഖസ്വഭാവമുള്ളവരാണെന്നു
അന്ധവിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ അഥവാ
ഭയം മൂലം 'മാപ്പിള ഔട്ട്റേജസ് ആക്ട്' എന്ന ഒരു നി
യമം ബ്രിട്ടീഷ് ഗവർമ്മെണ്ട് ഉണ്ടാക്കിയിട്ടുണ്ടായിരുന്നു
പരേതനായ ജനാബ്. മുഹമ്മദ്അബ്ദുറഹിമാൻ സാഹി
ബിന്റെ ഭഗീരഥ പ്രയത്നത്തിന്റെ ഫലമായി ശ്രീ രാജ
ഗോപാലാചാരിയുടെ ഗവമ്മെണ്ട് അതെടുത്തു കളഞ്ഞു,
ഇപ്പോൾ ഒരു വിശദീകരണത്തിന്നു് ഞാൻ ഉദ്ദേശിക്കാത്ത
തുകൊണ്ട് ആ ഭാഗം നിർത്തുകയാണ്

ബ്രിട്ടീഷുകാൎക്ക് മറെറാരു പേടി സ്വപ്നമാണ് ടി
പ്പുസുൽത്താൻ ഇന്ത്യയിൽ തങ്ങളുടെ ഏററവും വലിയ ശ
ത്രു ടിപ്പുസുൽത്താനാണെന്ന് സർജോൺമൽക്കം പറയുക
യുണ്ടായി. ബ്രിട്ടീഷ് ആധിപത്യത്തെ ഇന്ത്യയിൽ നിന്ന്
നിഷ്ക്കാസനം ചെയ്യാൻ ടിപ്പുസുൽത്താൻ ആവുന്നതും
പരിശ്രമിച്ചിട്ടുണ്ട്. അതിന്നുവേണ്ടിയാണ് അദ്ദേഹം ഫ്ര
ഞ്ചുകാരുമായി സമ്പക്കം പുലർത്തിയത്, ബ്രിട്ടീഷ് ഭര
ണത്തെ ഇന്ത്യയിൽ നിന്ന് നശിപ്പിക്കേണ്ടതിന്നു് മററുള്ള
വരുടെ സഹായം കൂടാതെ കഴിയുകയില്ലെന്നുള്ള അഭിപ്രാ
ക്കാരനായിരുന്നു ടിപ്പു. ടിപ്പുവിന്നു്മാത്രമല്ല ഇന്ത്യയിലെ
പല മഹാനേതാക്കന്മാൎക്കും ഈ അഭിപ്രായം ഉണ്ടായിരു
ന്നു. നേതാജി സുഭാഷ്ചന്ദ്രബോസ്പോലും ഈ അഭി
പ്രായക്കാരനായിരുന്നു. അതുകൊണ്ടാണ് അദ്ദേഹം പരസ്സ
ഹായം തേടേണ്ടതിന്നായി ഇന്ത്യയിൽ നിന്നു് ബ്രിട്ടീഷു
കാരുടെ കണ്ണു വെട്ടിച്ചുകൊണ്ട് കടന്നു കളഞ്ഞത് സമര
ത്തിന്നുള്ള ഗംഭീരമായ പല പരിപാടികളും അദ്ദേഹം ആ
സൂത്രണം ചെയ്യുകയുണ്ടായി. സൈന്യങ്ങളെ സംഘടി
പ്പിച്ചു. ഇങ്ങിനെ സമര സന്നാഹങ്ങൾ നടത്തിക്കൊണ്ടി
രിക്കുന്ന അവസരത്തിലാണ് വിമാനാപകടത്തിൽ പെ
ട്ട് മൃതിയടഞ്ഞത്ു് എന്നാൽ നേതാജിയുടെ നയത്തോട്

മഹാത്മജിക്കും കോൺഗ്രസ്സിന്നും യോജിപ്പുണ്ടായിരുന്നി ല്ലെങ്കിലും ഇപ്പോഠം അതിന്നംഗീകാരം സിദ്ധിച്ചു കഴി ഞ്ഞു. നേതാജിയെ അനുകൂലിച്ച് പ്രവത്തിച്ചവക്ക് രാഷ്ട്രീ യ പെൻഷൻ അനുവദിക്കപ്പെട്ടിട്ടുണ്ട്, നേതാജി ബോസി ൻെറ പ്രവത്തനങ്ങളെ ആദ്യകാലത്ത് കോൺഗ്രസ്സിലെ തീവ്രവാദികഠം അനുകൂലിക്കുകയുണ്ടായി. അക്കാലത്തവരു ടെ നേതാവ് ജയപ്രകാശ്നാരായണനായിരുന്നു. ജയപ്ര കാശിൻെറ കാൽമാററത്തോടുകൂടി ആ തീവ്രന്മാരും നേതാ ജിയെ ഉപേക്ഷിക്കുകയുണ്ടായി. അവർ വലത്തോട്ട് ചാ ഞ്ഞു. ഇത് തിരുപ്പുരി സമ്മേളനത്തിൽ വെച്ച് നടന്നതാ ണ്. പക്ഷ കോൺഗ്രസ്സിലെ മുസ്ലിം വിഭാഗം ആദർശ ത്തെമുറുകെ പിടിച്ചുകൊണ്ടുതന്നെ നിന്നു.

ജപ്പാൻ മുതലായ വിദേശശക്തികളുടെ സഹായത്തോ ടുകൂടി ഇന്ത്യയുടെ സ്വാതന്ത്ര്യം നേടാനുള്ള പരിശ്രമം വി പൽകരമായി തീരുമെന്നാണ് ഗാന്ധിജി അഭിപ്രായപ്പെ ട്ടത്. അത് പിന്നീട് ഒരു വിനയായി പരിണമിക്കുമെ ന്നു് അദ്ദേഹം കരുതിയിരുന്നു. അതുകൊണ്ടാണ് നേതാജി യുടെ അഭിപ്രായത്തോടദ്ദേഹത്തിന്നു് എതിർപ്പുണ്ടായത് മൌലാനാ അബുൽകലാം ആസാദും ഗാന്ധിജിയുടെ അഭി പ്രായക്കാരനായിരുന്നു, വിദേശാധിപത്യത്തെ ഇന്ത്യയിൽ നിന്നവസാനിപ്പിക്കാൻ ആ രണ്ടു മഹാനേതാക്കന്മാരും ര ണ്ടുപദ്ധതികഠം ആസൂത്രണം ചെയ്തു ഒന്നു് നോൺകോ ഓപ്പറേഷൻ മററൊന്നു് തർക്കൽമുവാലാത്ത്. ഇവ രണ്ടും അക്ഷരത്തിൽ വ്യത്യസ്തങ്ങളാണെങ്കിലും അത്ഥത്തിൽ ഒന്നു തന്നെയാണ്. 1919 ലാണ് ഗാന്ധിജി കോൺഗ്രസ്സിലേ ക്ക് വന്നതും അതിൻെറ നേതൃത്വം ഏറെറടുത്തതും. അതോ ടുകൂടി കോൺഗ്രസ്സ് സമരവീര്യമുള്ള ഒരു സംഘടനയായി രൂപാന്തരപ്പെട്ടു. ബ്രിട്ടീഷ് ആധിപത്യത്തോടു ഇന്ത്യയുടെ സ്വാതന്ത്ര്യം അനുവദിക്കേണ്ടതിന്നു് അദ്ദേഹം സൌമ്യമാ യി ആവശ്യപ്പെട്ടു. അതുകൊണ്ടു് ഫലമില്ലെന്നു കണ്ട പ്പോഠം അദ്ദേഹം നിസ്സഹകരണ പ്രസ്ഥാനത്തിൻെറ പരി പാടികഠം ആസൂത്രണം ചെയ്തു. ഈ അവസരത്തിൽ

തന്നെയാണ് ഇന്ത്യൻ മുസ്ലീമിങ്ങൾ മുന്നോട്ടുവന്നതും പ്രസ്ഥാനത്തിന്ന് പിന്തുണ നൽകണമെന്ന് മൌലാനാ ആസാദ്ദ് ആഹ്വാനം ചെയ്തതും. ഖിലാഫത്ത് ആൻറ് ജസിറത്തുൽ അറബ്ബ്— എന്ന ഒരു ഗ്രന്ഥം അദ്ദേഹം രചിച്ചു, ആ ഗ്രന്ഥം വലിയ കോളിളക്കമുണ്ടാക്കി. വിദ്യാലയങ്ങളിൽ നിന്ന് മററുള്ളവരെ പോലെ തന്നെ മുസ്ലിം വിദ്യാൎത്ഥികളും വെളിക്കുവരാൻ തുടങ്ങി, ആകപ്പാടെ മൌലാനാആസാദിൻെറ തക്കൽമുവാലാത്തും ഗാന്ധിജിയുടെ നോൺകോ ഓപ്പറേഷൻ മൂവ്മെൻറും താത്വികമായും പ്രാവൎത്തികമായും ഏകമായിരുന്നു, അങ്ങിനെ സമരം ഇന്ത്യയിൽ സാൎവ്വത്രികമായിതീൎന്നു സമരം പുരോഗമിച്ചുകൊണ്ടിരിക്കവെ സാമുദായിക കലഹങ്ങൾ പലതും പൊട്ടിപുറപ്പെട്ടതുകൊണ്ട് താൽക്കാലികമായി സമര പരിപാടികൾ നിൎത്തിവെക്കാൻ ഗാന്ധിജി ആജ്ഞാപിച്ചു. പിന്നീട് ഇന്ത്യയിൽ പലതും സംഭവിച്ചു. ഗാന്ധിജി നടത്തിയ അവസാനത്തെ സമരമാണ് ക്വിററിന്ത്യാ സമരം അതിൻെറ ഫലമായിട്ടത്രേ ഇന്ത്യസ്വതന്ത്രയായത്, ഇന്ത്യയുടെ സ്വാതന്ത്ര്യം സായുധ സമരത്തിൻെറയോ രക്തച്ചൊരിച്ചിലിൻെറയോ ഫലമായി കരസ്ഥമായതല്ല. ലോകത്തിന്ന് പരിചയമില്ലാത്ത ഒരു സമരത്തിൻെറഫലമായിട്ടാണ്. ഇന്ത്യ സ്വതന്ത്രയായത് ഗാന്ധിജിയുടെ പരിശ്രമം ബുദ്ധിഭ്രമത്തിൽ നിന്ന് ജനിച്ചതാണെന്ന് പലരും ആക്ഷേപിച്ചിരുന്നെങ്കിലും ഒടുവിൽ എല്ലാവരും അദ്ദേഹത്തിൻെറആദൎശധീരതയെ വാഴ്ത്താൻനിൎബന്ധിതരായി. അദ്ദേഹത്തെ ദൈവസ്ഥാനത്തേക്കുയൎത്താനാണ് ചിലർ സന്നദ്ധരായത്! ഈ ചിന്താഗതിക്കാരെ എതിൎത്ത് തോൽപിക്കണം— ആ പ്രവണത വളൎത്തിക്കൂടാ-

ഹസ്റത്തഷാഹ് വലിയുല്ല ആസൂത്രണം ചെയ്ത് ബൃഹൽ പദ്ധതിയെ കുറിച്ചുഅദ്ദേഹത്തിൻെറ ജീവിതകാലത്ത് ചില പ്രത്യേക വ്യക്തികൾ മാത്രമായിരുന്നു ശരിക്കും മനസ്സിലാക്കീട്ടുണ്ടായിരുന്നത്. ജന സാമാന്യത്തിൻെറ ഇടയിൽ അതിന്നു വേണ്ടത്ര സ്വീകരണം ലഭിച്ചിട്ടുണ്ടായിരു

ന്നില്ല. ഹിജ്റ: 1176- ക്രി: 1763ൽ ശാഹ്‌വലിയുല്ല ചരമം പ്രാപിച്ചു. അക്കാലത്ത് അദ്ദേഹത്തിൻെറ മൂത്ത പുത്രനായ ശാഹ്അബ്ദുൽ അസീസ് സാഹിബിന്നു വെറും പതിനേഴ് വയസ്സ് മാത്രമേ പ്രായമുണ്ടായിരുന്നുള്ളു. പിതാവിൻെറ മരണാനന്തരം പുത്രൻ പ്രസ്ഥാനത്തിൻെറ ഉത്തരവാദിത്വം ഏറെറടുത്തു.

ശാഹ്അബ്ദുൽ അസീസിൻെറ ജീവിതകാലത്താണ് പ്രസ്ഥാനം വളർന്നുപന്തലിച്ചതും പൊതുജന ഹൃദയങ്ങളിൽ അതിൻെറ നേരെയുള്ള വിശ്വാസവും ബഹുമാനവും സ്ഥലം പിടിച്ചതും ചുരുക്കിപറഞ്ഞാൽ അതൊരു ബഹുജന പ്രസ്ഥാനമായി രൂപാന്തരപ്പെട്ടു. ആയിരക്കണക്കായ യുവാക്കൾ തങ്ങളുടെ ജീവൻപ്പോലും ബലിയർപ്പിക്കാൻ സന്നദ്ധത പ്രകടിപ്പിച്ചുകൊണ്ട് മുന്നോട്ട് കുതിച്ചു. പ്രസ്ഥാനത്തിൻെറ പ്രവർത്തന ശക്തി സാർവ്വത്രികമായിതീർന്നു. അതിൻെറ പ്രതിധ്വനി ഭാരത ഉപഭൂഖണ്ഡത്തിൻെറ നാലതിരുകളിൽ നിന്നു ഏഷ്യൻവൻകരയിലെ വിദൂര പ്രദേശങ്ങൾവരെ എത്തിച്ചേർന്നു, ഷാസാഹിബിൻെറ പരിശീലന കേന്ദ്രത്തിൽ നിന്നു് ശിക്ഷണം ലഭിച്ചവരുടെ സ്ഥിതിവിവരങ്ങൾ പേർഷ്യൻ ഉറുദു ഭാഷകളിലുള്ള നിരവധി ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. പ്രസ്തുത പരിശീലന ശാലയിൽ താഴെ പറയുന്ന സംഗതികളാണ് പഠിപ്പിക്കപ്പെട്ടിരുന്നത്.

1. ഹസ്റത്ത്ഷാഹു വലിയുല്ലാ സാഹിബിൻെറ വീക്ഷണങ്ങളും അഭിപ്രായങ്ങളും ഹൃദിസ്ഥമാക്കിക്കുക.

2. ദൈവവിശ്വാസം- ശരിയായ ദൈവ ഭക്തിയും ഭയവും ശിഷ്യഗണത്തിൽ ഉണ്ടാക്കിത്തീർക്കുക.

3. രാജവാഴ്ചയുടേയും രാജഭക്തിയുടേയും ബീജങ്ങൾ ഹൃദയങ്ങളിൽ നിന്നു നിഷ്കാസനം ചെയ്യുക.

4. ത്യാഗസന്നദ്ധത— എന്നുവെച്ചാൽ പരമ ലക്ഷ്യ

ത്തിലെക്ക് എത്തിച്ചേരാൻ ആത്മാർപ്പണം ചെയ്യാനുള്ള അഭിലാഷം ജനിപ്പിക്കുക.

5. സൃഷ്ടിസേവ– മനുഷ്യ വംശത്തിന്റെ നേരെ പ്രത്യേകമായ ആർദ്രത മററുള്ളവരുടെ സുഖസൗകര്യങ്ങൾക്കായി കഷ്ടപ്പാടുകൾ സഹിക്കാനുള്ള മനശ്ശക്തി ഉണ്ടാക്കിത്തീർക്കുക.

6. ആഡംബര ജീവിതത്തിനുള്ള ഭ്രമം ഇല്ലാതെയാക്കിത്തീർത്തു ലളിത ജീവിതം നയിക്കാൻ ശീലിക്കുക.

7. സൈനീക മനോഭാവം വളർത്തുക. സഹനശക്തി, അദ്ധ്വാനശീലം, തുടങ്ങിയ നല്ല ഗുണങ്ങൾ ജനിപ്പിക്കുകയും സർവ്വവിധ ക്ലേശങ്ങളും ബുദ്ധിമുട്ടുകളും സഹിക്കാനുള്ള മനഃസാന്നിദ്ധ്യം ഉളവാക്കുകയും ചെയ്യുക.

8. സമൂഹത്തെ അധപ്പതനത്തിലേക്ക് ഉന്തിനീക്കുന്ന ആചാര മര്യാദകൾ ഉൻമൂലനം ചെയ്യുക.

9, സമൂഹത്തിന്റെ മഹത്വത്തിന്നും യശസിന്നും കോട്ടം തട്ടിക്കുന്ന എല്ലാവിധ ദുർഗ്ഗുണങ്ങളും ഉപേക്ഷിക്കുക

## പരിശീലനത്തിന്റെ മാർഗ്ഗങ്ങൾ

1. ദർസും തദ്‌രീസും =അദ്ധ്യയനവും, അദ്ധ്യാപനവും.

ഹസ്രത്തഷാഹ് വലിയുല്ലാ സാഹിബിന്റെ മരണശേഷം മദ്രസാറഹീമിയ്യയിൽ – അതിന്റെ സ്ഥാപകൻ ഷാഹ് അബ്ദുറഹീം സാഹിബായിരുന്നു. അദ്ധ്യാപക പ്രവൃത്തിയിൽ ഏർപ്പെട്ട, ഷാഹ് സാഹിബിന്റെ വിജ്ഞാനവൈഭവത്തെ പററിയുള്ള ശ്രുതി നാടെങ്ങും പരന്നപ്പോൾ എല്ലാഭാഗത്ത് നിന്നും വിദ്യാർത്ഥികൾ റഹിമിയ മദ്രസ്സയിൽഎത്തിച്ചേരാൻതുടങ്ങി. മദ്രസ്സക്ക്സ്ഥലം പോ



രാതെ വന്നപ്പോൾ ഒരു ഗംഭീരമായ എടുപ്പ് മുഹമ്മദ്ഷ സുൽത്താൻ മദ്രസ്സക്ക്വേണ്ടി സംഭാവനചെയ്തു പുതിയമദ്രസ്സഒരുയൂനിവേഴ്സിററിയുടെപദവിയിലെത്തിക്രി:1857 വരെഅതു ഭംഗിയായിനിലനിന്നു എന്നാൽ 1857ലെ വിപ്ലവകാലത്ത് അതുകൊള്ളചെയ്യപ്പെട്ടു എന്നുമാത്രമല്ല അത്പററെ നശിപ്പിക്കുകയുംചെയ്തു.അതിന്റെ ഭൂമി ബ്രിട്ടീഷ്കാർഅധീനപ്പെടുത്തി.

2. ആത്മീയപരിശീലനം – ഈ വിഷയം പഠിക്കാനായി സൂഫിയാക്കളുടെ മാർഗ്ഗമാണ് അംഗീകരിക്കപ്പെട്ടത്, പഠിച്ചവിഷയം പ്രവൃത്തിയിൽ കൊണ്ടുവരിക എന്നുള്ളതാണ് അതിലെ പ്രധാനകാര്യം. അക്കാര്യത്തിൽ വളരെ നിഷ്കർഷ ചെലുത്തിയിരുന്നു. സ്വാർത്ഥതാൽപര്യം, ആത്മ പ്രശംസ, അധികാരമോഹം എന്നീ ദുർഗ്ഗുണങ്ങളിൽ നിന്നു ഹൃദയത്തെ ശുദ്ധീകരിക്കുകയും സാഹസം നിയന്ത്രണം, ത്യാഗമനോഭാവം, പരസ്നേഹംഎന്നീ മഹൽഗുണങ്ങൾ വളർത്തുകയും ചെയ്യുക എന്നത് അവിടത്തെ പഠന വിഷയങ്ങളിൽ പെട്ടതാണ്. എല്ലാററിലും ഉപരിയായി ദൈവസൃഷ്ടികളെ സേവിക്കുകയും വേണം അതിനുവേണ്ടി എല്ലാവിധത്തിലുള്ള ത്യാഗത്തിന്നും സന്നദ്ധമായിരിക്കുക.

3. പബ്ളിക്ക് സമ്മേളനങ്ങളിൽ പ്രസംഗം നടത്തുക.

ഹസ്റത്ത്ഷാഹ്അബ്ദുൽ അസീസ് സാഹിബ് ആഴ്ചയിൽ രണ്ടുപ്രാവശ്യം പൊതുയോഗങ്ങളിൽ പ്രസംഗിക്കാറുണ്ടായിരുന്നു. ചൊവ്വ, വെള്ളി, എന്നീ രണ്ടു ദിവസങ്ങളായിരുന്നു അതിനുവേണ്ടി നീക്കിവെച്ചിരുന്നത്, ദൽഹിയിലെയും അടുത്ത പ്രദേശങ്ങളിലേയും കണക്കററ ജനം അദ്ദേഹത്തിന്റെ പ്രസംഗം കേൾക്കാൻ എത്തിച്ചേരാറുണ്ടായിരുന്നു. കഠിനമായ രോഗം ബാധിച്ചിട്ടപോലും അദ്ദേഹം തന്റെ പരിപാടിക്ക്യാതൊരു മാററവും വരുത്തിയിരുന്നില്ല.

ഹസ്റത്ത്അബ്ദുൽഅസീസ് സാഹിബ് മാത്രമ ല്ല അദ്ദേഹത്തിൻെറ കുടുംബം മുഴുവൻ ഭൗതികവും ആത്മീ യവുമായ പരിജ്ഞാനവും പരിചയവും സിദ്ധിച്ചവരായി രുന്നു. ആ കുടുംബം ഒരിക്കലും രാജകീയമായ പദവിയും ബഹുമതിയും ഇഷ്ടമില്ലാത്തവരായിരുന്നു. രാജാവ് നൽ കുന്ന സൗജന്യങ്ങളൊന്നും അവർ സ്വീകരിച്ചിട്ടില്ല. ശാ ഹ്അബ്ദുൽഅസീസ് സാഹിബിൻെറ പിതാമഹൻഷാ ഹ്അബ്ദുൽറഹീം സാഹിബ് ആലംഗീർ സുൽത്താൻെറ കാലത്തുള്ള ഉലമാക്കളിൽ അഗ്രഹണ്യനായിരുന്നു. ഫത്താ വാ ആലംഗീരിയുടെ നിർമ്മാണാർത്ഥം സുൽത്താൻ ഉലമാ ക്കളുടെ ഒരു ബോർഡ്രൂപവൽകരിച്ചു. അതിൽ മെമ്പറാ വാൻ സുൽത്താൻ ശാഹ്അബ്ദുൽറഹീം സാഹിബിനോ ടാവശ്യപ്പെട്ടു, എന്നാൽ ഹസ്റത്ത്അബ്ദുൽറഹീം സാ ഹിബാവട്ടെസുൽത്താന്ന്വ്യക്തമായമറുപടിനൽകിക്കൊ ണ്ട് തന്ത്രപൂർവ്വം അതിൽ നിന്ന് ഒഴിഞ്ഞുമാറി. പ്രസ്തു ത ബോഡിൽ മെമ്പറാകുന്നത് പലവിധത്തിലും നല്ലതാ ണെന്നും വീട്ടിലെ ദാരിദ്ര്യത്തിന്ന് അതുമൂലം ശമനമുണ്ടാ കുമെന്നും അദ്ദേഹത്തിൻെറ മതാവിന്ന് അഭിപ്രായമുണ്ടാ യിരുന്നു- എന്നാൽ മാതാവിനോടദ്ദേഹം മാപ്പ് അപേക്ഷി ച്ചുകൊണ്ടുപറഞ്ഞു. '' ചോളറൊട്ടി ഭക്ഷിച്ചുകൊണ്ടു കാലം കഴിക്കുകയും അല്ലാഹുവിൻെറ സൃഷ്ടികളെ സേവിക്കു കയും ചെയ്യുകയാണ് ഏററവും സുഗമമായ മാർഗ്ഗം '' എ ന്നാൽ ബോർഡിൽ മെമ്പരായിരുന്നില്ലെങ്കിലും പല അ വസരങ്ങളിലും ആവശ്യം വരുമ്പോൾ ബൊർഡിലെഅം ഗങ്ങൾക്ക് ഉപദേശങ്ങളും നിർദ്ദേശങ്ങളും നൽകാറു ണ്ടായിരുന്നു,

മൗലാനാ റഹീം ബക്ഷ്ദഹ്ലവി ഇങ്ങിനെ പറ യുന്നു. '' ദൽഹിയിലെ പഴയ ഒരു മദ്രസയിൽ ഹസ്റത്ത് ഷാഅബ്ദുൽഅസീസ്വെള്ളിയാഴ്ചയും ചൊവ്വാഴ്ചയും പ തിവായി പ്രസംഗം നടത്താറുണ്ട്. അദ്ദേഹത്തിൻെറ ആ ശയങ്ങളേയും ആദർശങ്ങളേയും എതിർക്കണമെന്ന ഉദ്ദേ ശത്തോടുകൂടി വരുന്നവർ വളരെ തൃപ്തിയോടും മനസ്സമാ

ധാനത്തോടും കൂടി മടങ്ങിപ്പോകുകയായിരുന്നു പതിവ്, മൂക്കിലെ ചൂളപോലും ആക്കും അദ്ദേഹത്തിന്നെതിരായിവി ടാനുള്ള സന്ദർഭം ലഭിച്ചിരുന്നില്ല. നാനാ ജാതിമതസ്ഥ ന്മാരും പ്രസംഗം കേരംക്കാൻ സമ്മേളിച്ചിരുന്നു. കഠിനമാ യരോഗം പിടിപ്പെട്ടു് അനങ്ങാൻപോലും സാധിക്കാത്ത ഒരവസരത്തിൽ മററുള്ളവരുടെ സഹായത്തോടുകൂടി അദ്ദേ ഹം പ്രസംഗസ്ഥലത്തെത്തിച്ചേൎന്നു പതിവുപോലെ പ്ര സംഗം ആരംഭിച്ചു ക്ഷീണമുണ്ടായിരുന്നെങ്കിലും അതൊ ന്നും ലവലേശം പുറത്തുകാണിക്കാതെയാണ് പ്രഭാഷണം തുടങ്ങിയതും അവസാനിപ്പിച്ചതും, ഒടുവിൽ ചില വസി യ്യത്തുകളും ചെയ്തു. ഇതിന്നുശേഷം അധികദിവസം അ ദ്ദേഹം ജീവിച്ചിരുന്നില്ല.

ശാഹ്അബ്ദുൽഅസീസ് സാഹിബിൻെറ പരിശീ ലന കേന്ദ്രത്തിൽ നിന്നു ശിക്ഷണം ലഭിച്ചിട്ടുള്ള ഉലമാ ക്കരം നിരവധിയുണ്ട്. അവർ ഇന്ത്യയിൽ പലഭാഗങ്ങളി ലും സഞ്ചരിച്ചു സാമൂഹ്യവും രാഷ്ട്രീയവും ആയ സേവന ങ്ങരം നടത്തിയിട്ടുണ്ട്.

## ഗവർമ്മണ്ടുദ്യോഗസ്ഥ ന്മാരുടെ സ്വേഛാപ്രഭുത്വം

മുഗരം സുൽത്താന്നു് ഷാഹ് സാഹിബിൻെറ കുടുംബ ത്തിൻെറ നേരെ അളവററ ഭക്തിയും സ്നേഹവും ഉണ്ടായിരു ന്നു. എന്നാൽ ഖേദകരം എന്നുപറയട്ടെ, സുൽത്താൻ സ്വത ന്ത്രനായിരുന്നില്ല. ഉദ്യോഗസ്ഥന്മാരുടെ ദുർഭരണമായിരു ന്നു നടന്നിരുന്നതു്, ആ ഉദ്യോഗസ്ഥന്മാർ മിക്കവരും ഷാ ഹ്അബ്ദുൽ അസീസ് സാഹിബിൻെറ സാംസ്കാരി ക പ്രവൎത്തനങ്ങരംക്കെതിരായിരുന്നു അദ്ദേഹത്തെ പല വിധത്തിലും ഹിംസിച്ചിരുന്നു.

ഈ ഉദ്യോഗസ്ഥ വൃന്ദം ഇംഗ്ലീഷുകാരുടെ അനുകൂലിക ളായിരുന്നു. നിർഭാഗ്യവശാൽ അവർ ഷീയാക്കളുമായിരു

ന്നു. നജ്ഫ്ഖാനായിരുന്നു അവരുടെ നേതാവ്. ഇംഗ്ലീഷു കാരുടെ നിർബ്ബന്ധം മൂലം ശുജാഉദ്ദൗല അയാളെ അമീറുൽ ഉമറാ ആക്കി. റോഹിലാ സർദാറിനെ അമീറുൽ ഉമറാ ക്കേണമെന്നായിരുന്നു മാറാട്ടാ രാജാവിൻെറ ആഗ്രഹം.

# ഗുണ്ടായിസം

ഹസ്റത്ത്ഷാ സാഹിബ് പറയുന്നു, ഞാൻ പഴയ പട്ടണത്തിലായിരുന്നപ്പോൾ എൻെറ സ്വന്തക്കാരിൽ നിന്നു തന്നെ പലവിധ മർദ്ദനങ്ങളും ഏൽക്കേണ്ടിവന്നു. അവർ തെമ്മാടികളേയും പോക്കിരികളേയും എനിക്കെതിരായി ഇളക്കിവിട്ടു. എൻെറ വീട്ടിന്നെതിരായി ഒരു മാളികയിൽ കൂടാരം വെച്ചിട്ടുണ്ടായിരുന്നു. അവിടെ നിന്നു റസൂൽ തിരുമേനിയുടെ അനുയായികളെ ചീത്തപറയുന്ന ഗാനങ്ങൾ ആലപിക്കാൻ തുടങ്ങി. റംസാൻ മാസത്തിൽ മസ്ജിദിൽ ത്രാവീഹ്നമസ്കാരം നടന്നുകൊണ്ടിരിക്കുമ്പോൾ ഒരു വേശ്യാസ്ത്രീയെ കള്ളുകുടിപ്പിച്ചു അങ്ങോട്ടയച്ചു. അവൾ ഹാഫിസ്ഷീറാസിയുടെ ഒരു കവിത ആലപിച്ചുകൊണ്ടു ഗുണ്ടകളെ ഇളക്കിവിട്ടു. അവർ പല തോന്ന്യാസങ്ങളും വിളിച്ചുപറഞ്ഞുകൊണ്ട് കുഴപ്പം സൃഷ്ടിക്കാൻ മുതിർന്നു. ആ ഗുണ്ടകൾക്കെതിരായി വല്ലതും പ്രവൎത്തിച്ചിരുന്നുവെങ്കിൽ പ്രസ്ഥാനത്തിന്നു തന്നെ ദോഷം നേരിടുമായിരുന്നു. അതുകൊണ്ട് എല്ലാം സഹിച്ചു.

# വസ്തുവഹകൾ ജപ്തിചെയ്തു

ഗുണ്ടകളുടെ താന്തോന്നിത്വം വിജയിച്ചില്ലെന്നു കണ്ടപ്പോൾ ഹസ്റത്ത് സാഹിബിൻെറ ഭവനം പിടിച്ചടക്കി, അദ്ദേഹത്തെ ദൽഹിയിൽ നിന്നു പുറത്താക്കി. ഹസ്രത്ത്ഷാഫഖ്റുദ്ദീൻ സാഹിബ് തക്ക സമയത്ത് സഹായത്തിനെത്തി. ശാഹ്സാഹിബിൻെറ താമസത്തിന്നും മ

ററുമുള്ള സൗകര്യങ്ങരം ഏപ്പെടുത്തി. പിന്നീടദ്ദേഹം വേണ്ടപ്പെട്ടവരുമായി സമ്പക്കം പുലർത്തി, സുൽത്താൻ മുഖേന വീട്ട മടക്കിക്കൊടുപ്പിച്ചു.

## നാടുകടത്തൽ

ഈ കഥ അവസാനിച്ചപ്പോരം പുതിയ മറെറാരു കഥ ഉൽഭവിക്കുന്നു. അതായത് അദ്ദേഹത്തെ.കുടുംബസമേതം നാടുകടത്താനുള്ള പരിശ്രമം ആരംഭിക്കുകയും അത് പ്രവൃത്തിയിൽ വരുത്തുകയും ചെയ്യുന്നു. ഈ സന്ദർഭത്തിൽ ഹസ്റത്ത്ഫഖുറുദ്ദീൻ സാഹിബിൻെറ ഇടപെടൽ കൊണ്ട് യാതൊരു പ്രയോജനവും ഉണ്ടായില്ല, അങ്ങിനെ ഷാഹ്അബ്ദുൽഅസീസ് സാഹിബും അദ്ദേഹത്തിൻെറ സഹോദരന്മാരും കുടുംബങ്ങളും കാൽനടയായി ഷാഹ്ദറയിൽ എത്തിച്ചേർന്നു. ഷാഹ്ദറയിൽ നിന്നു ഹസ്റത്ത് ഷാഹ്ഫഖുറുദ്ദീൻ സാഹിബ് കുടുംബങ്ങരംക്കായി വാഹനം ഏർപ്പാടുചെയ്തു. പല അവസരങ്ങളിലും മന്ത്രിമാരുടേയും ഉമറാക്കളുടേയും ദൂഷിച്ച പെരുമാററത്തെപററിയുള്ള വിവരം റസിഡണ്ടിന്നുകിട്ടിക്കൊണ്ടിരുന്നു. എന്നാൽ റസിഡണ്ട്ഷാഹ്സാഹിബിൻെറ വിരോധിയായതുകൊണ്ടു യാതൊരു ഗുണവും അദ്ദേഹത്തിൽ നിന്നു ലഭിച്ചില്ല.

## കൊല്ലാനുള്ള ഗൂഢശ്രമം

വിരോധികരം ഇതുകൊണ്ടുമാത്രം മതിയാക്കിയില്ല. രണ്ടുതവണ അദ്ദേഹത്തിന്നു വിഷം കൊടുത്തു. അല്ലാഹുവിൻെറ അനുഗ്രഹത്താൽ അദ്ദേഹം ആ വിഷം കഴിച്ചിട്ടും മരണപ്പെട്ടില്ല. പക്ഷെ ശാരീരികമായ പലദോഷങ്ങളും ആ വിഷം ഉണ്ടാക്കിതീർത്തു. അദ്ദേഹത്തിൻെറ ശരീരത്തിൽ വ്രണങ്ങളും വെള്ളപ്പാണ്ടും ഉണ്ടായി. കണ്ണിൻെറ കാഴ്ച നഷ്ട്പ്പെട്ടു. മററുപല രോഗങ്ങളും ബാധിച്ചു.

# രാഷ്ട്രീയരോഗം അധികാര മോഹികൾ തമ്മിൽ സംഘട്ടനം

ഷാസാഹിബിന്റെ പാണ്ഡിത്യത്തേയും ത്യാഗത്തേയും സംബന്ധിച്ച ഒരു ചെറുവിവരണമാണ് മുകളിൽ കൊടുത്തിട്ടുള്ളത്. ഇനി നമുക്ക് അക്കാലത്തെ രാഷ്ട്രീയ രോഗത്തിന്റെ സ്ഥിതിയെക്കുറിച്ച് തെല്ലൊന്നു പരാമർശിക്കാം. അതിൽനിന്നു ഷാസാഹിബിന്റെ രാഷ്ട്രീയവും സാമുദായികവുമായ സേവനങ്ങൾ മനസ്സിലാക്കാൻ കഴിയും. ഹിജ്റ 1170 റംസാൻ മാസത്തിൽ–ക്രി: 1757 മേയിൽ പ്ളാസിയുദ്ധം നടന്നു. അതിനുശേഷം സിറാജുദ്ദൗലയുടെ രക്തംകൊണ്ട് ബങ്കാൾ ഗവണ്മെണ്ടിന്റെ പട്ടയം ഈസ്റ്റിന്ത്യാ കമ്പനിയുടെ പേരിൽ എഴുതപ്പെടുകയുണ്ടായി. മുഗൾ ആധിപത്യത്തിന്റെ സിംഹാസനം ജാട്ടുകൾ മഹറാട്ടുകൾ സിക്ക്കാർ അഹമദ്ഷാഅബ്ദാലി തുടങ്ങിയവരുടെ നീർച്ചുഴിയിൽ അകപ്പെട്ട കാലമായിരുന്നു അത്,

ദൽഹിയുടെ തെക്കുഭാഗത്ത് ഏതാണ്ട് 150 നാഴികക്കപ്പുറത്ത് ഡീഗ്, കാമ, ബയാന, തുടങ്ങിയ ഗ്രാമങ്ങൾ സ്ഥിതിചെയ്യുന്നു, ഭരത പൂരാണ അവയുടെ കേന്ദ്രം. അത് സ്റ്റെയിററിന്റെ രാജധാനി കൂടിയായിരുന്നു. 1947നു ശേഷം സ്റ്റെററ്കൾ അവസാനിച്ചപ്പോൾ ഈ സ്ഥലം നാട്ടുരാജാക്കന്മാരുടെ ജില്ലയുടെ തലസ്ഥാനമായി തീൎന്നു. ഈ പ്രദേശത്തിന്റെ അതൃത്തികൾ ആഗ്ര മിഥ്റ എന്നിവയുമായി ബന്ധിക്കുന്നു. ഭരതപൂർ ആഗ്രയിൽ നിന്നു ഏതാണ്ട് 34 മയിൽ അകലെയാണ്. ശ്രീകൃഷ്ണഭഗവാന്റെ പിതൃവ്യന്റെ പേരിൽ ആണ് ഭരതപൂർ സ്ഥാപിക്കപ്പെട്ടത് എന്നൊരൈതിഹ്യമുണ്ട്. കാമായിലാണ് ശ്രീകൃഷ്ണ ഭഗവാന്റെ മാതാമഹൻ താമസിച്ചിരുന്നത് ആകയാൽ ആ സ്ഥലത്തിന്നു ഹൈന്ദവർ വളരെ അധികം പവിത്രത കൽപിക്കുന്നുണ്ട്. മുഗൾ സുൽത്താന്മരുടെ ഭരണത്തിന്റെ പ്രതാപവും പ്രശസ്തിയും നാടെങ്ങും പരന്ന കാ

ലത്ത് ഈ പ്രദേശം രാജകീയ കുടുംബത്തിലെ അംഗങ്ങൾക്ക് ജംഗീറായി നൽകപ്പെട്ടിരുന്ന നൂർജഹാൻ രാജ്ഞിക്ക് ഈ പ്രദേശത്തിൽ ജാഗീറ് ലഭിക്കുകയുണ്ടായി. ജാട്ടുകൾ ജനസംഖ്യയിൽ കുറവായിരുന്നെങ്കിലും സുശക്തമായ ഒരു സമുദായമായി ജീവിച്ചിരുന്നു. അവരിൽ വളരെ പേർ ഇസ്ലാംമതം സ്വീകരിച്ച് മേവാത്തികൾ എന്നപേരിൽ അറിയപ്പെടാൻ തുടങ്ങി. മതം മാറിയെങ്കിലും അതുകൊണ്ട് അവരുടെ ഇടയിൽ യാതൊരു ജാതീയസ്പർദ്ധയുമുണ്ടായിരുന്നില്ല പഴയപടി എല്ലാ വിഷയത്തിലും - സമാധാനാകാലത്തും യുദ്ധകാലത്തും അന്യോന്യം സഹകരിച്ചുകൊണ്ടുതന്നെയാണ് പ്രവർത്തിച്ചിരുന്നത്. മുഗൾ സുൽത്താനേററിൻെറ കേന്ദ്രീയശക്തിയിൽ ക്ഷയം ആരംഭിച്ചപ്പോൾ നാട്ടിൽ അരാജകത്വം വ്യാപിക്കാൻ തുടങ്ങി. തദവസരത്തിൽ അവിടെയുള്ള ജാട്ടുകൾ തങ്ങളുടേതായ ഭരണം ഏർപ്പെടുത്താൻ മുതിന്നു. അവരുടെ സർദാർ ബദൻസിംഗ് ആയിരുന്നു. ക്രി: 1723ൽ സീഗ് എന്ന സ്ഥലത്ത് ആയാൾ രാജ്തിലകനായിതീർന്നു. പിന്നീടദ്ദേഹം സ്വതന്ത്ര രാജാവെന്നനിലയിൽ ഭരണം നടത്താൻ തുടങ്ങി. ഭരതപൂരിനെ തൻെറ രാജധാനിയാക്കി. അദ്ദേഹത്തിന്നു 22 മക്കളുണ്ടായി. സൂരജമൽ എന്ന പുത്രനായിരുന്നു ഏററവും യോഗ്യനും രാഷ്ട്രീയതന്ത്രജ്ഞനും. ബദൽസിംഗ് അയാളെ പിൻഗാമിയായി നിശ്ചയിച്ച് ഭരണകാര്യങ്ങൾ അയാളെ ഏൽപ്പിച്ചുകൊടുത്തു. ബദൻസിംഗ് 33 വർഷം 2 മാസം 10 ദിവസം ഭരണം നടത്തുകയുമുണ്ടായി. 1756ൽ നിര്യാതനായി. സൂരജ്മൽ രാജകുമാരൻ സ്വയം ഭരണാധികാരമുള്ള ഭരണാധികാരി എന്ന നിലയിൽ ഭരണഭാരം കയ്യേററ് നടത്തി. 1757ൽ ജാട്ടുകളുടെ രാജാവായ അദ്ദേഹത്തെ യാതൊരു ശക്തിക്കും നിഷേധിക്കാൻ സാധിച്ചിരുന്നില്ല.

അഹമദ്ഷാ അബ്ദാലിക്കെതിരായി മറാട്ടികൾ അദ്ദേഹത്തെ തങ്ങളുടെ പക്ഷത്തേക്കു ആകർഷിക്കേണ്ടതിന്നു വളരെ തന്ത്രപൂർവ്വം പ്രവർത്തിച്ചെങ്കിലും അദ്ദേഹം തൻെറ ഭാഗത്തെ ശരിക്കു നിയന്ത്രിച്ചുകൊണ്ടു ഉയർന്ന പ്രചാരത്തിലുള്ള നയമാണു കയ്ക്കൊണ്ടത്. എന്നുവച്ചാൽ

സ്റ്റേററിനെ സുശക്തമാക്കിത്തീർക്കയും മറാട്ടകളോട് വമ്പിച്ചതോതിലുള്ള ഉപകരണങ്ങളും, സാമാനങ്ങളും, രാജകീയക്കൂടാരങ്ങളും. ഗോപുരങ്ങളും ഒന്നും ഫലപ്രദമായിത്തീരുകയില്ലെന്നും ആവക രാജപദവിയിലുള്ള ഉപകരണങ്ങളെല്ലാം നിഷ്ഫലമാണെന്നും ഉപദേശിക്കുകയുണ്ടായി. അദ്ദേഹം എപ്പോഴും ഗൊറില്ലയുദ്ധം ആണ് നല്ലതെന്ന അഭിപ്രായക്കാരനായിരുന്നു. ആ യുദ്ധംമൂഖേന അബ്ദാലിയെ പരാജയപ്പെടുത്താൻ സാധിക്കുമെന്നും അദ്ദേഹം പറഞ്ഞു. അതുകൊണ്ടു വിലപിടിച്ച ഉപകരണങ്ങളും സാമാനങ്ങളുമെല്ലാം ഭരതപൂരിലെ കോട്ടകളിൽവെച്ചു സൂക്ഷിച്ചു അബ്ദാലിയെ കതിരപ്പട്ടാളം മുഖേന നേരിടാം എന്നാണ് അദ്ദേഹം അഭിപ്രായപ്പെട്ടത്. മറാട്ടാ സർദാർമാർ ഈ അഭിപ്രായത്തോടെ പൂർണ്ണമായി യോജിച്ചു. എന്നാൽ കമാണ്ടർ ഇൻചീഫ് ആയിരുന്ന സദാശിവറാവു അതിനോടു യോജിക്കുകയുണ്ടായില്ല "സൂരജ്മൽ ഒരു സമീന്താറിന്റെ നിലയിലുള്ള വ്യക്തിയാണ്. യുദ്ധത്തെപററി അദ്ദേഹത്തിന്നു എന്തറിയാം. ഓരോരുത്തരുടെയും ചിന്ത അവരുടെ സ്ഥിതിക്കനുസരിച്ചായിരിക്കും." എന്നു പറഞ്ഞുകൊണ്ട് അതിനെ നിഷേധിക്കുകയുണ്ടായി.

ഏതായാലും സൂരാജ്മൽ യുദ്ധത്തിൽ പങ്കെടുക്കേണ്ടതായിരുന്നില്ല. എന്നാൽ അദ്ദേഹം ഒരു വമ്പിച്ച തെററു ചെയ്യുകയുണ്ടായി. തന്റെ പഴയ സ്നേഹിതനായ നജീബുദ്ദൗലയെ ഒരു നിസ്സാര കാര്യത്തിന്നുവേണ്ടി ശത്രുവാക്കിത്തീർത്തു. നജീബുദ്ദൗല രോഗശയ്യയിൽ കിടക്കുമ്പോൾ ദൽഹിയുടെ നേരെ ആക്രമണം നടത്തി. എന്നാൽ ഫലം നേരെമറിച്ചാണുണ്ടായത്. ശത്രുസേന സൂരാജമല്ലിനെ വധിച്ചു. സൂരാജ്ജമൽ മുറിയേററുകിടക്കുമ്പോൾ അദ്ദേഹത്തിന്റെ ഉററ സഖാക്കൾ മുറിയേററ ദേഹം കാത്തുകൊണ്ടിരുന്നു. അക്കൂട്ടത്തിൽ ഷത്പൂർസ്വദേശിയായ ഒരു മുസ്ലിം യുവാവുണ്ടായിരുന്നു. അയാൾ രാജ്മല്ലിന്റെ ഒരു മന്ത്രിയായിരുന്നു. അയാളും ശത്രുക്കളാൽ വധിക്കപ്പെട്ടു. ക്രി 1764ലാണ് ഈ സംഭവം നടന്നത്. 8 കൊല്ലം 2 മാസം



15 ദിവസം മാത്രമായിരുന്നു. അദ്ദേഹത്തിന്റെ ഭരണകാലം.

ഈ വക ഘോരയുദ്ധങ്ങൾക്കുപുറമെ ഗവൺമെണ്ടുദ്യോഗസ്ഥന്മാരും മന്ത്രിമാരും നാടുവാഴി പ്രഭുക്കന്മാരും തമ്മിൽ യാതൊരു സ്വരച്ചേർച്ചയുമുണ്ടായിരുന്നില്ല. മുഗൾ ഭരണകൂടത്തിന്നു ബാധിച്ച ഒരു മഹാരോഗമായിരുന്നു അത്. 1757 സപ്തെമ്പർ മാസത്തിൽ സുൽത്താൻ ആലംഗീർ 2-ാമന്റെ വധത്തിന്നു കാരണമായി തീർന്നത് ഈ രോഗമാണ്.

നിസാമുൽമുൽക് ആണ് ഡെക്കാനിൽ തന്റെ ഭരണത്തിന്ന് അടിത്തറ പാവിയത്- ദൽഹി ഗവൺമെണ്ടിനെപോലും അധീനപ്പെടുത്തണമെന്ന് അയാൾ ആശിച്ചിരുന്നു. അയാളാണ് ആദ്യമായി മറാട്ടകൾക്ക് ദൽഹിയിലേക്കുള്ള മാർഗ്ഗം കാണിച്ചുകൊടുത്തത്. 1736ൽ മറാട്ടകൾ വിജയക്കൊടി പറപ്പിച്ചുകൊണ്ട് ദൽഹിയിൽ പ്രവേശിച്ചു. ഏതാനും ദിവസങ്ങൾ അവിടെ താമസിച്ച ശേഷം ഒരു കരാറിൽ ഏർപ്പെട്ടു തിരിച്ചുപോയി. ആലംഗീറിന്റെ കാലം മുതൽക്ക് നിർത്തൽ ചെയ്തിരുന്ന നാലിലൊന്നു കരം ഈ കരാറു പ്രകാരം അനുവദിക്കപ്പെട്ടു. എന്നാൽ നിസാമുൽമുൽക്കിന്നു ഒരു നേട്ടമുണ്ടായി. തന്റെ പുതിയ സ്റ്റേററിന്നു മറാട്ടകളുടെ ഉപദ്രവം ഇല്ലാതെയായി. അദ്ദേഹത്തിന്റെ എതിരായ മന്ത്രിമാർ തലതാഴ്ത്തേണ്ടിവന്നു എന്നാൽ മാററാട്ടകളുടെ ഈ ഉപദ്രവം ഉണ്ടാക്കിത്തീർത്തത് നിസാമുൽമുൽക്കാണെന്നായിരുന്നു സുൽത്താന്റെ വിശ്വാസം ആ ഉപദ്രവം തടയാൻ നിസാമുൽ മുൽക്കിന്റെ സന്തോഷവും സ്വാധീനവും കരസ്ഥമാക്കുകയല്ലാതെ മററൊരുമാർഗ്ഗവും ഇല്ലെന്നും സുൽത്താൻ വിശ്വസിച്ചു. അങ്ങിനെ മറാട്ടകൾ പോയതിനുശേഷം ക്രി: 1737ൽ സുൽത്താൻ നിസാമുൽമുൽക്കിന്നു സ്നേഹം വഴിഞ്ഞൊഴുകുന്ന ഒരു "ഫർമാൽ" അയച്ചു അദ്ദേഹത്തെ അതുവഴി ദൽഹിയിലേക്ക് ക്ഷണിക്കുകയും ചെയ്തു. നിസാമുൽമുൽക്കിനെ സ്വാധീനിക്കാനായി "വക്കാലത്ത് മുത്ല

ക്ക് ''എന്ന വലിയ ഉദ്യോഗവും ആസഫുജാഹ് എന്ന സ്ഥാനവും ദേശസേനയുടെ മേലുള്ള അധികാരവും നൽകി

ഈ സമരത്തിന്നുശേഷം മറാട്ടക്കാർ ദൽഹിയുമായി പുതിയ ബന്ധം സ്ഥാപിച്ചു. നിസാമുൽമുൽക്കിന്റെ ഈ പ്രവൃത്തിയിൽ കോപിഷ്ടരായ ഷീ ആ മന്ത്രിമാർ നാദർഷാഹിനെ ഇന്ത്യയിലെക്കു വരുവാൻ ക്ഷണിച്ചു, കി 1739ൽ നാദർഷാ ഇന്ത്യയെ ആക്രമിച്ചു, ദൽഹി സിംഹാസനം മുഹമ്മദ്ഷാഹിനെ ഏല്പിച്ചുകൊണ്ട് അദ്ദേഹം മടങ്ങിപ്പോയി. എന്നാൽ കാബൂൽ സംസ്ഥാനവും സിന്ധുസംസ്ഥാനവും പഞ്ചാബിന്റെ ഏതാനും ജില്ലകളും ഇറാൻ ഗവർമ്മെണ്ടിന്റെ അധികാരത്തിൽപെടുത്തി.

ഈ വിഭജനംമൂലം പുതിയൊരു കുഴപ്പത്തിന്റെ കവാടം തുറന്നു. എന്തുകൊണ്ടെന്നാൽ ഈറാനിലെ രാജാവ് ഈ പ്രദേശത്തെ തന്റെ ഭരണം സ്ഥാപിക്കാൻ ഉദ്ദേശിച്ചിരുന്നു. ഇന്ത്യയിലെ വളർന്നുവരുന്ന ശക്തികളാവട്ടെ ഈ പ്രദേശത്തെ തങ്ങളുടെ അധീനത്തിൽപെടുത്താൻ ആഗ്രഹിക്കുകയും ചെയ്തിരുന്നു. ഈറാൻ തങ്ങളുടെതായി പരിഗണിച്ചിരുന്ന പ്രദേശത്തെ മറാട്ടകൾ കൊള്ളയും പിടിച്ചുപറിയും നടത്തിയിരുന്നതുകൊണ്ടാണ് അബ്ദാലി യുദ്ധത്തിന്നു പുറപ്പെട്ടതെന്നു പറയപ്പെടുന്നുണ്ട്.

കപൂർത്തലയിലെ സിക്ക്സദാർ ജസാസിംഗു ക്രി 1743ൽ ലാഹോറിനെ ആക്രമിക്കുകയും ലാഹോറിലെസംസ്ഥാനധികാരിസകരിയാഖാനെ വധിക്കുകയും ചെയ്തു. തദനന്തരംതുടർച്ചയായി സമരങ്ങൾ നടന്നുകൊണ്ടിരുന്നു 1766ൽജസാസിംഗ് ദൽഹിപട്ടണം വളഞ്ഞു. വിവരംഅറിഞ്ഞയുടനെ അബ്ദാലി ദൽഹിയിലെക്കു കുതിച്ചു. അബ്ദാലിയുടെ ആഗമനവാർത്തകേട്ടപ്പോൾ ജസാസിംഗ് ദൽഹിയിൽ നിന്നു തിരിച്ചോടി. മലകളിൽപോയി രക്ഷപ്രാപിച്ചു. അതിന്നുശേഷം ദൽഹിയുടെനേരെയുദ്ധമുണ്ടായില്ല. എന്നാൽ പഞ്ചാബിൽ അയാൾ കൊള്ളയും പിടിച്ചുപറിയുമെല്ലാം മുറക്കു നടത്തിക്കൊണ്ടിരുന്നു. 1783ൽ അയാൾ മൃതിയടഞ്ഞു-

അഹമ്മദ്ഷാ ദുർറാനി അഥവാ അബ്ദാലി ഒരു അഫ്ഗാൻ പട്ടാളക്കാരനായിരുന്നു. നാദിർഷായുടെ സൈന്യത്തിലായിരുന്നു അയാളുടെ ഉദ്യോഗം. പ്രമോഷൻലഭിച്ച ലഭിച്ച ഒടുവിൽ സൈനിക ആപ്പീസറായിതീർന്നു. നാദിർഷായുടെ സ്നേഹവും സമ്പാദിച്ചു. 1747ൽ നാദിർഷാ തന്റെ കീഴിലുള്ള ഉദ്യോഗസ്ഥന്മാരാൽ വധിക്കപ്പെട്ടപ്പോൾ സൈനിക ഗവമ്മെണ്ടിന്റെ ഭരണസാരഥ്യം അഹമ്മദ്ഷാ ദുർറാനിയുടെ കയ്യിൽ ഒതുങ്ങി. എന്നാൽ പഞ്ചാബ് സംസ്ഥാനത്തിൽ കുഴപ്പം നടക്കുന്നതുകൊണ്ട് ഭരണം കാത്തുരക്ഷിക്കേണ്ടതിന്നു അഹമ്മദ്ഷാക്ക ഇന്ത്യയിലേക്ക തിരിക്കേണ്ടതായിവന്നു. ഇങ്ങിനെയാണ് അബ്ദാലിയുടെ സമരങ്ങളുടെ തുടക്കമുണ്ടായത്. ഒടുവിൽ രഘുനാഥറാവു ശംശീർ,ബഹദൂർ ബാലാജിറാവു വിന്റെ സഹോദരന്മാർ മുതലായവർ ചേന്നു പഞ്ചാബിന്റെ നേരെ ആക്രമണം തുടങ്ങി. ലാഹോർ പട്ടണം കയ്വശപ്പെടുത്തി. അബ്ദാലിയുടെ മകൻ തൈമൂർഷാ കാബൂളിലേക്ക് ഓടിപ്പോയി. അനന്തരം അഹമ്മദ്ഷാ വീണ്ടും ഇന്ത്യയിലേക്കവന്നു. പാനിപത്തിൽ ആക്രമണം നടത്തി. ചരിത്രത്തിലെ ഒരു സുപ്രസിദ്ധ യുദ്ധമായിരുന്നു അത്.

ആലംഗീർ സുൽത്താന്റെ വിയോഗാനന്തരം കുറെകാലത്തോളം ഇന്ത്യയിൽ സാദാത്ത് ബാറഹ'' (12സെയ്യിദ്മാർ)യുടെ അധികാരം ഉണ്ടായിരുന്നു. ഹസ്സൻഅലീഖാനും അബ്ദുൽഖാനും രാജാക്കന്മാരായി വാഴാൻ തുടങ്ങി. മുഗൾകിരീടവും സിംഹാസനവും അവരുടെ അധികാരത്തിൽ അകപ്പെട്ടു. അവർക്ക യഥേഷ്ടം എന്തും പ്രവർത്തിക്കാൻ സാധിച്ചിരുന്നു. ആരെയും അധികാരത്തിൽനിന്നു നിഷ്കാസനം ചെയ്യാനും തൽസ്ഥാനത്തെ മററുള്ളവരെ വാഴിക്കാനും അവർക്ക യാതൊരു പ്രയാസവുമുണ്ടായിരുന്നില്ല. ഇവരുടെ അക്രമപരമായ ഭരണംമൂലം ജനത നിരവധി ദുരിതങ്ങളും ദുഃഖങ്ങളും അനുഭവിക്കേണ്ടിവന്നു. ഒടുവിൽ സുൽത്താനും നിസാമുൽമുൽക്ക് ആസഫ്ജാഹ് ഒന്നാമനും തമ്മിൽ ഗൂഢമായ ആലോചന നടത്തി. അവരുടെ അധി

കാരവും വാഴ്ചയും അവസാനിപ്പിച്ചു. ഈ അവസരത്തിൽ മറെറാരുഭാഗത്തെ മീർ മുഹമ്മദും അമീൻ ബുർഹാനൽമുൽക് നവാബ് സാദത്ത്ലീഖാൻ തലപൊക്കി. അദ്ദേഹം ഔധിൽതൻെറ സിംഹാസനം ഉറപ്പിച്ചുകൊണ്ട് സുൽത്താനെ കീഴ്പ്പെടുത്താൻ ശ്രമിച്ചു. മറെറാരുഭാഗത്ത് നിസാമുൽമുൽക് തൻെറ അവകാശവും അധികാരവും സ്ഥാപിക്കാനായി ഹസൻഅലീഖാൻെറയും ഒബ്ദുല്ലാഖാൻെറയും പിടുത്തത്തിൽ നിന്ന സുൽത്താനെ രക്ഷപ്പെടുത്തി. അവർ ഒരുവിധത്തിലും അധികാരം ഉപേക്ഷിക്കാൻ തെയ്യാറുണ്ടായിരുന്നില്ല. എന്നാൽ ബുർഹാനൽമുൽകിൻെറ ശക്തി വദ്ധിക്കാൻ തുടങ്ങിയപ്പോൾ നിസാമുൽമുൽക് ദൽഹിയെ ആക്രമിക്കാനായി മറാട്ടകൾക്ക് സൂചന നൽകി. തദനന്തരം ഭരണകൂടം ബുർഹാനൽ മുൽകിന്ന് അധീനമായി. എന്നാൽ വക്കാലത്തമുത്ലഖ എന്ന ഉയന്നപദവി നിസാമുൽമുൽകിന്നുതന്നെ സാദ്ധിച്ചു. പ്രതികാര നടപടികൾ എടുക്കേണ്ടതിന്ന ബുർഹാനൽമുൽകിൻെറ പക്കൽ ഭാരതീയമായ കഴിവ് ഒന്നും ഉണ്ടായിരുന്നില്ല. അപ്പോൾ അയാൾ ഇൗറാനിലെ രക്തകൊതിയനായ് നാദിർഷായെ ക്ഷണിച്ചു. നാദിർഷായുടെയുദ്ധം വിജയകരമായതിന്നുശേഷവും നിസാമുൽമുൽക്കിൻെറ തന്ത്രം ഫലിക്കുകയുണ്ടായില്ല. എന്നുവെച്ചാൽ രണ്ടുകോടി ഉറുപ്പിക നൽകാമെന്ന അടിസ്ഥാനത്തിൽ സംസാരം നടക്കുകയും ഒടുവിൽ ആയാളെ മടക്കി അയക്കുന്ന വിഷയത്തിൽ നിസാമുൽമുൽക് വിജയിക്കുകയും ചെയ്തു. ഈ വാശിഷ്ടമായ് പ്രവർത്തനത്തിന്ന പ്രതിഫലമെന്ന നിലയിൽ മുഗൾ ഡർബാറിൽ നിന്ന അമീറുൽ ഉമറായുടെ പദവി അയാൾ സമ്പാദിച്ചു. എന്നാൽ ബുർഹാനൽമുൽകിന്നു തൻെറ അവസാനത്തെ പരാജയത്തെ മൂകമായിരുന്നു സഹിക്കാൻ കഴിഞ്ഞില്ല. അയാൾ നാദിർഷാക്കു ദൽഹി ആക്രമിക്കേണ്ടതിന്നും അവിടെ കൊള്ളനടത്തേതിന്നും വേണ്ടി പ്രത്യേക ക്ഷണനമയച്ചു. ആ ക്ഷണനം സ്വീകരിച്ചു കൊണ്ടുവീണ്ടും നാദിർഷാ ദൽഹിയ് ൽവന്നു. കൂട്ടക്കൊല നടത്തി. എന്നാൽ ബുർഹാനൽ മുൽകിൻെറ

മുക്കിന്നുമേലെ മുത്യുദ്ദതൻ പതിയിരിക്കുന്നുണ്ടെന്നുള്ള വിവരം അയാശക്കുണ്ടായിരുന്നില്ല. തൻെറ ഈ സേവനത്തിനുള്ള പ്രതിഫലം നാദൃഷായിൽ നിന്നു അയാശക്ക വാങ്ങുവാനും സാധിച്ചില്ല. ശക്തിയായ അർബുദരോഗം അയാളെ ബാധിച്ചു. ഈ ലോകത്തിൽ നിന്നു അയാശ പരലോകത്തിലേക്ക യാത്രചെയ്തു,

ഈ കാലഘട്ടത്തിൽ ദൽഹിയുടെ വടക്കുകിഴക്ക പ്രദേശത്തു് മൂന്നാമത്തെ ഒരു ശക്തി ജന്മമെടുത്തു. ഇതു് റോഹിലാപഠാൻമാരുടെശക്തിയായിരുന്ന അലീമുഹമ്മദ് ഖാനും അദ്ദേഹത്തിൻെറ യുവാവായ സഖാവ് ഹാഫിസ് റഹ്മത്ഖാനും ആയിരുന്നു അവരുടെ നേതാക്കന്മാർ ഈ നേതൃത്വം അടിക്കടി അഭിവൃദ്ധി പ്രാപിച്ചുകൊണ്ടിരുന്നു. കാണക്കാണെ ഏതാനും നാളുകശക്കകം സുശക്തമായി ഭരണക്കൂടം ഉടലെടുത്തു. അതിൻെറ വാഴ്ച അവസാനിപ്പിക്കേണ്ടതിന്നു വാറൻഹേസ്റ്റിങ്ങ്സ് വളരെഅധികം പ്രതിപ്രയോഗങ്ങളും കുതന്ത്രങ്ങളുംപ്രയോഗിക്കേണ്ടതായി വന്നു. ഈറോഹിലാശക്തിയുടെ ഒരുഭാഗം ബങ്കീഷ്ഗോത്രമായിരുന്നു. ആ ഗോത്രത്തലവൻ നവാബമുഹമ്മദ്ഖാൻ ബങ്കീഷായിരുന്നു. ഇതേശക്തിയുടെ മററൊരുംഗംനജീബ്ഖാനായിരുന്നു, അദ്ദേഹംരാജകീയദർബാറിൻെറ പ്രീതി സമ്പാദിക്കുകയും ശക്തി സംഭരിക്കുകയും ചെയ്തു. ഇതിന്നുപുറമെ നജീബുദ്ദൗല എന്ന പദവി നേടുകയും ഉണ്ടായി. റോഹിലികളുടെ ഈ സുശക്തമായ ഗവമ്മെണ്ട് വാസ്തവത്തിൽ പ്രകൃത്യാതന്നെ ബുർഹാനുൽമുൽകിൻെറ പിൻഗാമികളായ സഫ്ദർജങ്ങിനും (ശുജാഉദ്ദൗലക്കും)(ഔധിലെ നവാബുമാർ) ആപത്തായിരുന്നു. എന്നുവെച്ചാൽ ഒരു പുതിയ കുഴപ്പംകൂടി നേരിട്ടു. അതായതു് നാദർഷായുടെ ശേഷം അബ്ദാലിയുടെ വരവിന്നുള്ള കാരണം ഉൽഭവിച്ചു. എന്നത്ഥം.

ഈദൃശ ഭയങ്കര സമരങ്ങശക്ക് പുറമെ ഗവമ്മെണ്ടുദ്യോഗസ്ഥന്മാരും മന്ത്രിമാരും നാടുവാഴികളും തമ്മിൽ രഞ്ജിപ്പില്ലാതെയായിതീൎന്നു. ഇതു് മുഗശഭരണക്കൂടത്തിന്നു

ബാധിച്ച ഒരു അർബുദരോഗമായിരുന്നു. ഈ രോഗം 1759ൽ സുൽത്താൻ ആലംഗീർ രണ്ടാമന്റെ വധത്തിന്റെ രൂപത്തിൽ വെളിപ്പെട്ടു. ആ സംഭവമാണ് ഒരവസാനത്തെ സമരത്തിന്നു അബ്ദാലിയെ നിർബ്ബന്ധിതനാക്കിയതും മറാട്ടകളുടെ ശക്തി അതിന്നിരയായി തീർന്നതും.

ക്രി 1737ൽ നിസാമുൽമുൽക് ആസഫ്ജാഹ് 1–ാമന്നു വക്കാലത്തെ–മുത്‌ലഖാ പദവി ലഭിച്ചു എന്നു മുമ്പ് പറഞ്ഞിട്ടുണ്ടല്ലോ. നിസാമുൽമുൽക് ഈ പദവി സമ്പാദിച്ച ശേഷം കുറച്ചുകാലം ദൽഹിയിൽ താമസിച്ചു, പിന്നെ ഹൈദറാബാദിലേക്കു പോയി. മൂത്തപുത്രൻ ഗാസിദ്ദീൻഖാനെ തന്റെ പ്രതിനിധിയായി നിശ്ചയിച്ചു നിസാമുൽമുൽക്കിന്നും മകൻ ഗാസിദ്ദീൻഖാനും മറാട്ടകളുടെ പിൻതുണയുണ്ടായിരുന്നു ഗാസിദ്ദീൻഖാനു സുൽത്താന്റെ മേൽ സ്വാധീനം ചെലുത്താൻ സാധിച്ചപ്പോൾ അദ്ദേഹം മറാട്ടകളെ ബുർഹാനുൽ മുൽകിന്റെ പിൻഗാമികളായ ഔധിലെ നവാബ്മാർക്കെതിരായി ഉപയോഗിച്ചു നജീബുദ്ദൗലയെ കീഴ്പ്പെടുത്താനായി ഈ ശക്തി സഹായകമായിതീർന്നു. സുൽത്താനും നജീബുദൗലയുടെ നേരെ അനുഭാവമുണ്ടായിരുന്നു. എന്നാൽ മറാട്ടകൾക്ക് ഔധിലെ നവാബായ ശുജാഉദൗലയോട് ഏററുമുട്ടിയതിൽ പരാജയം നേരിടുകയാണുണ്ടായത്. അനന്തരം മറാട്ടകൾ റോഹിലീകളെ എതിർത്തപ്പോൾ ഹാഫിസുറഹ്മത്തഖാനും നജീബുദൗളയും അഹമ്മദ്ഖാൻ ബംഗാഷും ഒന്നായിചേർന്നു ശുജാഉദൗലയുടെ സഹായത്തോടുകൂടി മറാട്ടകളെ പരാജയപ്പെടുത്തി. ഗാസുദ്ദീൻഖാന്റെ തന്ത്രങ്ങളൊന്നും നടക്കാതെ വന്നപ്പോൾ മറെറാരു അപകടം നേരിട്ടു. നജീബുദൗലയും ശുജാഉദൗലയും (ഔധിലെയും റോഹിൽകന്ധയിലേയും ഭരണാധികാരികൾ) മുമ്പ് മറാട്ടികൾക്കെതിരായി യോജിച്ചപോലെ ഒരൈക്യനിരസൃഷ്ടിച്ചു. ഈ യോജിപ്പിന്റെ ഫലമായി അവർക്കു ഡൽഹി അധീനപ്പെടുത്തി സുൽത്താനെ കീഴ്പ്പെടുത്താനും ഗാസിദീൻഖാനെ പൊടിയിൽനിന്നു മുടിനീക്കം ചെയ്യുന്നപോലെ നിഷ്പ്രയാസം അധികാരത്തിൽനിന്നു നിഷ്കാസനം ചെയ്യാനും സാധിക്കുമെ



ന്നായിരുന്നു അവരുടെ പ്രതീക്ഷ. എന്നാൽ അയാൾ സുൽത്താനെവധിച്ചു വിജയിയായിതീർന്നു. ഇക്കാര്യം അയാൾക്കു വളരെ പ്രയാസമുള്ളതായിരുന്നില്ല. ഈ കടുത്ത അക്രമം സഹിക്കവയ്യാതെയായപ്പോൾ നജീബുദൗല മുതലായവർ അബ്ദാലിയുടെ സഹായം തേടി.

നജീബുദൗലയും എല്ലാ അഫ്ഗാൻകാരും ഗാസിദീന്റെ ഈ കടുത്ത അക്രമ പ്രവൃത്തികൾ പ്രതിവിധിയുണ്ടാക്കാനായി അഹമ്മദ്ഷാ അബ്ദാലിയുടെ സഹായം തേടി. ഇവരുടെ അപേക്ഷപ്രകാരം അയാൾ ഇന്ത്യയിൽ വന്നു.

ഈ അവസരത്തിൽ ഒരു സംഗതി പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്, അഹമ്മദ്ഷാ അബ്ദാലിയെ ഇന്ത്യയിലേക്കു ക്ഷണിച്ചത് മുസ്ലീംകൾ മാത്രമായിരുന്നില്ല. ആക്കൂട്ടത്തിൽ ഹൈന്ദവ രാജാക്കന്മാരുമുണ്ടായിരുന്നുഅതേപോലെ തന്നെ അബ്ദാലിയെ എതിർത്തിരുന്ന മറാട്ടകൾമാത്രമായിരുന്നില്ല. ഗാസിദീൻഖാനും ഹൈദരബാദിലെ ഭരണാധിപൻ നിസാമുൽമുൽക് ആസഫ്ജാഹും ചേർന്നായിരുന്നു. ഈ സ്ഥിതിയിൽ അത് ഹിന്ദുമുസ്ലീം സമരമെന്നും ഷിയാസുന്നി പോരാട്ടമെന്നും പറയാവുന്നതല്ല. പ്രത്യുത രണ്ടു ഗ്രൂപ്പുകൾ തമ്മിലുള്ളസമരമായിരുന്നു:—ദക്ഷിണേന്ത്യയും ഉത്തരേന്ത്യയും തമ്മിലുള്ള വടംവലി.

ഈ വക എല്ലാവിധ കുഴപ്പങ്ങളും കോലാഹലങ്ങളും കോളിളക്കങ്ങളും നടന്നുകൊണ്ടിരുന്നിട്ടുപോലും സുൽത്താൻ തന്റെ കടമ നിർവ്വഹിക്കുന്നതിൽ യാതൊരു വീഴ്ചയും വരുത്തിയില്ല. പ്ലാസിയുദ്ധത്തിന്നു ശേഷം ഇന്ത്യയുടെ കിരീടവകാശി എന്ന നിലയിൽ അദ്ദേഹത്തിന്റെമേൽ ഉണ്ടായിരുന്ന ആ കടമകളാണ് അദ്ദേഹം ആവുംവിധം നിർവ്വഹിച്ചുപോന്നത്, എന്നാൽ നിർഭാഗ്യമെന്നു പറയട്ടെ സുൽത്താനത്തിന്റെ ശരീരത്തിന്നു ബാധിച്ച ആ അർബ്ബുദ രോഗം ഭരണകൂടത്തെ ആകെ തളർത്തിക്കളഞ്ഞു. തന്നിമിത്തം കടമകൾ നിർവ്വഹിക്കുന്നതിന്നു പ്രതിബന്ധം നേരിട്ടു. അനന്തരം പ്രതിരോധത്തിന്നുള്ള കഴിവില്ലാതെ

യായി. മറാട്ടകളുടെ പ്രവാഹത്തെ ദില്ലിവരെ എത്തിക്കാനുള്ള ശ്രമം ചെയ്ത നിസാമുൽമുൽക് ആസഫ്ജാഹ് ഒന്നാമനായിരുന്നു എന്ന വസ്തുത സാധാരണക്കാരായ ചരിത്ര വിദ്യാർത്ഥിക്ക് പോലും അറിയാവുന്നതാണ്.

ബുർഹാനുൽമുൽക് മുതലായവരെ ഹിംസിക്കാനു സുൽത്താൻെറ മേൽ ആധിപത്യം സ്ഥാപിക്കാനും വേണ്ടയായിരുന്നു. നിസാമുൽമുൽക് ആസഫ്ജാഹ് ഒന്നാമൻ ദൽഹിയിലെക്ക് മറാട്ടകളെ പ്രവേശിപ്പിക്കാൻ ഉത്സാഹിപ്പിച്ചതും പിന്നീടദ്ദേഹം നിർബ്ബന്ധംചെലുത്തി സുൽത്താനിൽ നിന്നു വക്കാലത്തെ– മുത്‌ലഖാ എന്ന പദവി സമ്പാദിച്ചതും- ഈ വിവരം മുമ്പ് പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്.

നിസാമുൽമുൽകിൻെറ അസൽപേര് ഫക്രുദ്ദീൻഖാൻ എന്നായിരുന്നു. ചീൻഖലജ്ഖാൻബഹാദൂർ എന്ന പദവിയും അയാൾക്ക് ലഭിച്ചിട്ടുണ്ടായിരുന്നു. പിന്നീട് ഫത്ഹ്ജംഗ് നിസാമുൽമുൽക് ആസഫ്ജാഫ് എന്ന രാജകീയ ബഹുമതികൾ ലഭിച്ചു. അദ്ദേഹത്തിൻെറ പിതാമഹൻ ആബിദ്ഖാൻ ആയിരുന്നു. സമർഖണ്ഡിൽ നിന്ന് 3കാതം അകലെയുള്ള അലിആബാദിലാണ് അദ്ദേഹം ജനിച്ചത്. വിദ്യാഭ്യാസം പൂർത്തിയാക്കിയശേഷം ശൈഖുൽ ഇസ്ലാം എന്ന ബഹുമതിപട്ടം ലഭിച്ചു. സുൽത്താൻ ഷാജഹാൻെറ കാലത്ത് അദ്ദേഹം ദൽഹിയിൽവന്നു. പദവിയും ജാഗീറും സമ്പാദിച്ചു. പിന്നീട് ആലംഗീർസുൽത്താനുമായി ബന്ധപ്പെടുകയും അദ്ദേഹത്തിൻെറ വിശ്വസ്ത സ്നേഹിതനായിത്തീരുകയും ചെയ്തു. മാഹുലീ കോട്ടയുടെ മേൽനോട്ടത്തിൽ അദ്ദേഹം നിയമിതനായി. ഗോൽഗുണ്ട കോട്ടയുടെ നേരെ യുദ്ധം ഉണ്ടായപ്പോൾ ആബിദ്ഖാന്ന് വെടി കൊണ്ടു. ക്രി: 1686ൽ അദ്ദേഹം നിര്യാതനായി. നല്ല സഹന ശക്തിയും ധൈര്യവും ദൃഢനിശ്ചയവുമുള്ള ഒരു വ്യക്തിയായിരുന്ന അദ്ദേഹം, വെടികൊണ്ട ശേഷം അസദ്ഖാൻ അദ്ദേഹത്തെ കാണാൻവന്നു. ആ സമയം ശാസ്ത്രക്രിയ നടത്തുന്ന വിദഗ്ദൻ മുറിവിൽ നിന്ന് ഉണ്ട എടുത്തുമാററുകയും ചില ഞരമ്പുകൾ നീക്കം ചെയ്യുകയും ചെ



യ്തിരുന്നു. അദ്ദേഹം ചമ്രംപടിഞ്ഞിരുന്നു സംസാരിക്കാൻ തുടങ്ങി. വേദന വകവെക്കാതെ കൈകൊണ്ടു കാവ എടുത്തു കുടിക്കുകയും പുഞ്ചിരി തൂകിക്കൊണ്ട് ശസ്ത്രക്രിയ നടത്തിയ ആളെ സ്തുതിക്കുകയും ചെയ്തു, മുറിവ് ഭേദപ്പെടുകയില്ലെന്നും പറഞ്ഞു, ഹിജ്റ; 1098 റബീഉൽ അവ്വൽ 14നു അദ്ദേഹം മൃതിയടഞ്ഞു.

നിസാമുൽമുൽക് ആസഫജാഹിൻെറ പിതാവ് മീർ ശിഹാബുദ്ദീൻഖാൻ അന്ന് ഗാസിദീൻഖാൻബഹാദൂർ ഫൈറൂസ്ജംഗ്, താത്താറിലാണ് ജനിച്ചത്. അതാണ് അദ്ദേഹത്തിൻെറ പൂർവ്വപിതാക്കളുടെ ജന്മദേശം. അബിദ്ഖാൻ ഇന്ത്യയിൽ വന്നു രാജകീയ ബഹുമതികൾ സമ്പാദിച്ചപ്പോൾ തൻെറ പ്രിയ പുത്രനെക്കൂടി അദ്ദേഹം ഇന്ത്യയിലേക്കുവരുത്തി. ക്രി; 1668ൽ അദ്ദേഹവും ഇന്ത്യയിലെത്തി, ഗവമ്മെണ്ടുദ്യോഗത്തിൽപ്രവേശിച്ചു. ക്രമേണ ക്രമേണ അദ്ദേഹം ഉയന്ന ഒരു മഹൽ വ്യക്തിയായിതീന്നു, ഹിജ്റ 1100ൽ നാട്ടിലാകെ വിഷൂചിക മുതലായ സാംക്രമിക രോഗങ്ങൾപടന്നുപിടിച്ചു. ആ രോഗം അദ്ദേഹത്തെയും പിടികൂടി അദ്ദേഹത്തിന്നു കാഴ്ച നഷ്ടപ്പെട്ടു മരണംവരെ കാഴ്ച വീണ്ടുകിട്ടിയിട്ടുണ്ടായിരുന്നില്ലെങ്കിലും തൻെറ ജോലികൾ നിർവ്വഹിക്കുന്ന കാര്യത്തിൽ ജാഗരൂകനായിരുന്നു, ഹിജ്റ 1122ൽ നിര്യാതനായി

മീർശിഹാബുദീൻ സുൽത്താൻഷാജഹാൻെറ മന്ത്രീസഅദ്ദുല്ലാഖാൻെറ മകളുമായി വൈവാഹികബന്ധത്തിലേർപ്പെട്ടു. നിസാമുൽമുൽക് ആസഫ്ജാഹ് ആ മഹിളാരത്നത്തിൻെറ ഉദരത്തിൽ നിന്നാണ് ജനിച്ചത് അദ്ദേഹം 79 കൊല്ലം ജീവിച്ചിരുന്നു.

ബങ്കാളിലും ബീഹാറിലും ഇന്ത്യക്കാരുടെ ഭരണം അവസാനിച്ചപ്പോൾ വെള്ളക്കാരുടെ ആധിപത്യം ശക്തിപ്പെട്ടു. ഔധിലെ നവാബ്മാരെയും റോഹിൽഖണ്ഡിലെ ഭരണാധിപന്മാരെയും ആക്രമിച്ചിട്ടു പഞ്ചാബിലെക്കുള്ള വഴി കാണിച്ചുകൊടുത്തശേഷം അബ്ദാലിയുമായി എ

യ്തിരുന്നു. അദ്ദേഹം ചിമ്രംപടിഞ്ഞിരുന്നു സംസാരിക്കാൻ തുടങ്ങി. വേദന വകവെക്കാതെ കൈകൊണ്ടു കാവ എടുത്തു കുടിക്കുകയും പുഞ്ചിരി തൂകിക്കൊണ്ട് ശസ്ത്രക്രിയ നടത്തിയ ആളെ സ്തുതിക്കുകയും ചെയ്തു, മുറിവ് ഭേദപ്പെടുകയില്ലെന്നും പറഞ്ഞു, ഹിജ്റ; 1098 റബീഉൽ അവ്വൽ 14ന അദ്ദേഹം മൃതിയടഞ്ഞു.

നിസാമുൽമുൽക് ആസഫജാഹിന്റെ പിതാവ് മീർ ശിഹാബുദ്ദീൻഖാൻ അന്ന് ഗാസിദീൻഖാൻബഹാദൂർ ഫൈറൂസ്ജംഗ്, താത്താറിലാണ് ജനിച്ചത്. അതാണ് അദ്ദേഹത്തിന്റെ പൂർവ്വപിതാക്കളുടെ ജന്മദേശം. അബിദുഖാൻ ഇന്ത്യയിൽ വന്നു രാജകീയ ബഹുമതികൾ സമ്പാദിച്ചപ്പോൾ തന്റെ പ്രിയ പുത്രനെകൂടി അദ്ദേഹം ഇന്ത്യയിലേക്കുവരുത്തി. ക്രി; 1668ൽ അദ്ദേഹവും ഇന്ത്യയിലെത്തി, ഗവമ്മെണ്ടുദ്യോഗത്തിൽപ്രവേശിച്ചു. ക്രമേണ ക്രമേണ അദ്ദേഹം ഉയന്ന ഒരു മഹൽ വ്യക്തിയായിതീന്നു, ഹിജ്റ 1100ൽ നാട്ടിലാകെ വിഷൂചിക മുതലായ സാംക്രമിക രോഗങ്ങൾപടന്നുപിടിച്ചു. ആ രോഗംഅദ്ദേഹത്തെയും പിടികൂടീ അദ്ദേഹത്തിന്നു കാഴ്ച നഷ്ടപ്പെട്ടു മരണംവരെ കാഴ്ച വീണ്ടുകിട്ടിയിട്ടുണ്ടായിരുന്നില്ലെങ്കിലും തന്റെ ജോലികൾ നിർവ്വഹിക്കുന്ന കാര്യത്തിൽ ജാഗരൂകനായിരുന്നു, ഹിജ്റ 1122ൽ നിര്യാതനായി

മീർശിഹാബുദീൻ സുൽതാൻഷാജഹാന്റെ മന്ത്രീസഅദുല്ലാഖാന്റെ മകളുമായി വൈവാഹികബന്ധത്തിലേർപ്പെട്ടു. നിസാമുൽമുൽക് ആസഫ്ജാഹ് ആ മഹിളാരത്നത്തിന്റെ ഉദരത്തിൽ നിന്നാണ് ജനിച്ചത് അദ്ദേഹം 79 കൊല്ലം ജീവിച്ചിരുന്നു.

ബങ്കാളിലും ബീഹാറിലും ഇന്ത്യക്കാരുടെ ഭരണം അവസാനിച്ചപ്പോൾ വെള്ളക്കാരുടെ ആധിപത്യം ശക്തിപ്പെട്ടു. ഔധിലെ നവാബ്മാരെയും റോഹിൽഖണ്ഡിലെ ഭരണാധിപന്മാരെയും ആക്രമിച്ചിട്ടു പഞ്ചാബിലെക്കുള്ള വഴി കാണിച്ചുകൊടുത്തശേഷം അബ്ദാലിയുമായി എ

തുക്കേണ്ടതിന്നു സന്നദ്ധത പ്രകടിപ്പിച്ചു, ആ മാന്യവ്യക്തി നിസാമുൽമുൽക് ആസഫ്ജാഹിൻെറ മൂത്തപുത്രൻ ഹിമാദുൽമുൽക് ഗാസിട്ടീൻഖാൻ അല്ലാതെ മററാരും ആയിരുന്നില്ല.

മീർമുഹമ്മദ്പനാഹ് എന്നാണ് ആദ്യത്തെ പേർ. ഫൈറൂസ് ജംഗ് ഗാസുദീൻ എന്നീ സ്ഥാനപേരുകളായിന്നു. എന്നുവെച്ചാൽ പിതാമഹൻെറ സ്ഥാനമാനങ്ങളും പേരക്കുട്ടിക്കും കിട്ടി. ഈ മീർമുഹമ്മദപനാഹ് ക്രി: 1709ൽനിസാമുൽമുൽക് ആസഫ്ജാഹ് ഒന്നാമൻ മരണപ്പെടുന്ന കാലത്ത് ദൽഹിയിൽ അമീറുൽ ഉമറാ ആയിരുന്നു. നിസാമുൽമുൽകിൻെറ 2_ാ മത്തെ മകൻ മീർഅഹമദ്ഖാൻ നാസിർജംഗ് പിതാവിൻെറ സ്ഥാനത്തെ ഡക്കാനിൽ രാജാവായി വാണു. ക്രി:1750ൽ നാസിർജംഗ് യുദ്ധക്കളത്തിൽ വെച്ചു മരണപ്പെട്ടു, നിസാമുൽമുൽകിൻെറ വസ്യത്ത് പ്രകാരം അദ്ദേഹത്തിൻെറ പേരക്കുട്ടി സഅദുല്ലാഖാൻ മുസഫർജംഗ് അധികാരത്തിൽ വന്നു. അദ്ദേഹം ഫ്രഞ്ച്കാരുടെ സ്നേഹിതനായിരുന്നു. അധികാരമേറെറടുത്ത് 2 മാസത്തിന്നുശേഷം അദ്ദേഹം വധിക്കപ്പെട്ടു. പിന്നീട് നിസാമുൽമുൽക് ആസഫ്ജാഹിൻെറ 3-ാമത്തെ മകൻ മീർമുഹമ്മദ്ഖാൻ സ്ഥാനമേറെറടുത്തു- ആസഫുദൗല സലാബത്ത് ജംഗ്ഗ മുതലായ സ്ഥാനപേരുകൾ ലഭിച്ചു. 3-ാം മത്തെ സഹോദരൻെറ സ്ഥാനാരോഹണത്തിന്നു ശേഷം ഗാജിട്ടീൻഖാൻ ക്ഷുഭിതനായി അബ്ദാലിയുടെ യുദ്ധത്തിന്നും മറാട്ടകളുടെ പരാജയത്തിന്നും ശേഷം അദ്ദേഹത്തിന്നു അമീട്ടൽ ഉമറായുടെ സ്ഥാനത്തിൽ അഭിരുചി ഇല്ലാതെയായി. സുൽത്താനിൽ നിന്നു ഡക്കാനിലെ സംസ്ഥാനാധിപത്യത്തിൻെറ അനുമതിപത്രം കരസ്ഥമാക്കി അങ്ങോട്ടു പോയി. ആസീർ കോട ബുർഹാൻപൂർ ഔറങ്കാബാദ് മുതലായവ അധീനപ്പെടുത്തി. എന്നാൽ ഒരവസാന യുദ്ധത്തിൻെറ അവസരം വരുന്നതിന്നു മുമ്പായി മരണ മണി അടിക്കപ്പെട്ടു. ക്രി: 1754ൽ നിര്യാതനായി. പ്രകൃതിയുടെ വിധി ഏററവും വിചിത്രമാണ്. സയ്യിദ്മുഹമ്മദ്ഖാൻ ആസഫുദ്ദൗലസാഹാബത്ത്ജംഗിനെയും വി

ധി ഒഴിവാക്കിയില്ല. മൂത്ത സഹോദരന്റെ ആക്രമണ ത്തിൽ നിന്നു് രക്ഷപ്രാപിച്ച് എളയ സഹോദരൻ മീർനിസാം അലിഖാൻ സ്ഥാന ഭ്രഷ്ടനാക്കപ്പെടുകയും കോട്ടയിൽ തടവുകാരനായി പാർപ്പിക്കപ്പെടുകയും ചെയ്തു. ഒരു കൊല്ലം മൂന്നുമാസം അയാൾ തടവിൽ കഴിച്ചുകൂട്ടി. ക്രി 1763ൽ ജെയിൽ മുക്തനായി. മീർനിസാം അലി 42 കൊല്ലത്തോളം ഭരണം നടത്തി. ടിപ്പുസുൽത്താൻ ഫ്രഞ്ചുകാരും ഇംഗ്ലീഷുകാരും തമ്മിലുണ്ടായ യുദ്ധത്തിൽ ഫ്രഞ്ചുകാരോടൊപ്പം മുൻപന്തിയിൽ നിന്നിരുന്നു. രാഷ്ട്രീയമായി വിവിധ തരത്തിലുള്ള ചതിപ്രയോഗങ്ങൾ നടന്നെങ്കിലും ഭരണാധികാരത്തിൽ നിന്നു അദ്ദേഹം പിരിഞ്ഞത് മരണത്തിന്നു ശേഷമാണ് 42 കൊല്ലക്കാലം അദ്ദേഹം പ്രശസ്തമാം വിധം ഭരണം നടത്തി. എഴുപതര വയസ്സിലാണ് അദ്ദേഹം മൃതിയടഞ്ഞത് - ഹിജ്റ 1217 റബീഉൽആഖർ 17 ക്രി:1803 ആഗസ്റ്റ് അദ്ദേഹത്തിന്റെ നിര്യാണത്തോടു കൂടി നിസാമുൽമുൽക് ആസാഫ്ജാഹ് ഒന്നാമന്റെ സന്താനങ്ങളുടെ പരമ്പര അവസാനിക്കുന്നു.

ഗാസിഇമാദുദ്ദീൻ സന്ദർഭത്തിനൊത്തുപ്രവർത്തിക്കാൻ അറിയാവുന്ന ഒരു വ്യക്തിയായിരുന്നു. പാനിപ്പത്തിലെ ഭയങ്കര യുദ്ധകാലത്ത് സ്വരക്ഷാർത്ഥം അയാൾ തന്റെ സ്നേഹിതനായ ഭരതപൂർ രാജാവിന്റെ കോട്ടയിൽ അഭയം പ്രാപിച്ചു. പ്ലാസി യുദ്ധത്തിന്നു ഏതാണ്ട് 6 മാസം മുമ്പെ ക്രി: 1757ൽ അഹമദ്ഷാ അബ്ദാലി അഞ്ചാമത്തെ യുദ്ധം ജയിച്ചു തിരിച്ചുപോകുമ്പോൾ റോഹിലയിലെ നജീബുഖാന്നു അമീറുൽഉമറ പദവിയും നജീബുദ്ദൗല എന്ന സ്ഥാനവും നൽകിക്കൊണ്ടു ഭരണത്തിന്റെ ഉത്തരവാദിത്വം അദ്ദേഹത്തെ ഏൽപിച്ചു, എന്നുവെച്ചാൽ മുഗൾ ആധിപത്യത്തെ റോഹിലയിലെ പഠാന്മാരുടെ മേൽകോയ്മയിലാക്കിഎന്നർത്ഥം.

അബ്ദാലിയുടെ ഈ നീക്കം വളരെ സന്ദർഭോചിതമായിരുന്നു. അദ്ദേഹം ഇന്ത്യയുടെ ഭരണകൂടത്തിന്റെ മേൽകോയ്മ പദവി ഒരു വൻശക്തിയെയാണ് ഏൽപിച്ചത്

എന്നാൽ നിർഭാഗ്യമെന്നു പറയട്ടെ ഈ വൻശക്തി രാഷ്ട്രീ
യമായ കെണിയിൽ അകപ്പെട്ടുപോയി. മറാട്ടക്കാരുമായും
ജാട്ടുകളുമായും അദ്ദേഹത്തിന്നുണ്ടായിരുന്ന കൂട്ടുകെട്ടും ബന്ധ
വും പററെ മറിഞ്ഞുപോയി ഇംഗ്ലീഷുകാക്കാവട്ടെ അദ്ദേഹ
ത്തിൻെറ നേരെ യാതൊരനുഭാവവുമുണ്ടായിരുന്നില്ല ഈ
ഒററപ്പെടലോടു കൂടിതന്നെ അഭ്യന്തര കലഹവും തലപൊ
ക്കി ഒരുകൊല്ലം കഴിയുന്നതോടുകൂടി ഗാസിദ്ദീൻഖാൻ
രാഷ്ട്രീയ കുതന്ത്രങ്ങൾ പ്രയോഗിച്ചു നജീബുദ്ദൗലയെ ദൽ
ഹിയിൽ നിന്നു പുറത്താക്കി. അയാൾ ബംഗീഷ്ഖാനെ
കൂട്ട്പിടിച്ചുകൊണ്ടു നജീബുദ്ദൗലയെ തോൽപിച്ചു.

അഹമദഷാഅബ്ദാലി ദൽഹിയിൽ നിന്നു മടങ്ങി
പോകുമ്പോൾ ഗാസിദ്ദീൻഖാൻ ഫർഖാബാദിൽ ഉണ്ടായി
രുന്നു. നജീബുദൗലയുടെ നേരെയുള്ള എതിപ്പ് മൂലം അ
യാൾ അഹമ്മദ്ഖാൻബംഗിഷിനെ അമീറുൽ ഉമറാ ആ
യി നിശ്ചയിച്ചു. പിന്നീട് ഷാഹാബാദിലെക്ക് പോയി
എന്നാൽ നജീബു ദ്ദൗലയെ അങ്ങിനെ നിസ്സാരമായി വി
ട്ടുകളയുന്നത് ശരിയായ നടപടിയായിരിക്കുകയില്ല എന്നു
അയാൾക്കറിയുമായിരുന്നു. മറാട്ടകളുടെശക്തിയും അധികാ
രവും ചരമഘട്ടത്തിൽ എത്തിയ ഒരവസരമായിരുന്നു അ
ത്. ആകയാൽ രഘുനാഥറാവുവിനേയും മൽഹാദ്ദ റാവു
വിനേയും അയാൾ ഡക്കാനിൽ നിന്നു ക്ഷണിച്ചുവരുത്തി.
ഷാഹ്ജനാബാദ് വളഞ്ഞു. 2-ാം ആലംഗീർ നജിബുദൗ
ലയെ തടവിൽ പാർപ്പിച്ചു. 27 ദിവസത്തോളം വെടിമുഴ
ങ്ങിക്കൊണ്ടിരുന്നു. ഒടുവിൽ സുൽത്താൻ ഹൽക്കറിന്നു വള
രെ അധികം കയ്ക്കൂലി കൊടുത്തു തടവിൽ നിന്നു രക്ഷ
പ്പെട്ടു. ഇവാദുൽമുൽക്ഗാസിദിനു നജീബുദ്ദൗലയെ നാടുക
ടത്താൻ വലിയ പ്രയാസമൊന്നും നേരിടേണ്ടിവന്നില്ല.
അദ്ദേഹം ബിജ്നൂരിലേക്ക് പോയി- തദനന്തരം സുൽതാ
ൻെറ അനുയായികളായിരുന്ന ഉദ്യോഗസ്ഥന്മാരെയും തട
ങ്ങലിൽ പാർപ്പിച്ചു. ക്രി: 1757 മെയ്മാസത്തിലാണ്
പ്ലാസിയുദ്ധമുണ്ടായത്, മുഗൾ സുൽത്താനത്തിലെ ഏററ
വും ഉയർന്ന ഉദ്യോഗസ്ഥനായിരുന്നു നജീബുദ്ദൗല. നജീ
ബുദ്ദൗലയാവട്ടെ വെറും അധികാര മോഹിയായിരുന്നില്ല.

പ്രത്യുത മത ഭക്തനും സമുദായ സ്നേഹിയും ദേശപ്രേമിയും ആയിരുന്നു. അദ്ദേഹം സുൽത്താന്റെ നിർദ്ദേശ പ്രകാരം രാജകുമാരനെ – ആലിഗോഹറിനെ – അദ്ദേഹമാണ് പിന്നീട് ഷാഹ്ആലം എന്ന പേരിൽ സുപ്രസിദ്ധനായത് ദൽഹിയിൽ നിന്ന് രാജകീയ പദവികളോടു കൂടി ഹാൻസിയിലെക്കയച്ചു. '' നിങ്ങൾ നാട്ടിന്റെ അവകാശിയാണ് സകല ശക്തിയുമുപയോഗിച്ചു ഭരണം ഭംഗിയായി നടത്തണം എന്നൊരു വസിയ്യത്തും നൽകുകയുണ്ടായി ''

ഇങ്ങിനെ വലിയ ബഹുമാനത്തോടും ആശീർവ്വാദത്തോടുംകൂടി നജീബുദ്ദൗലയെ യാത്രഅയച്ചെങ്കിലും ഏതാനും മാസങ്ങൾക്കശേഷം സംഭവിക്കാവുന്ന ഒരു വലിലവിപത്തു അദ്ദേഹത്തിന്റെ പിന്നിൽ പതിയിരിക്കുന്നുണ്ടായിരുന്നു, നജീബുദ്ദൗലയുടേയും സുൽത്താന്റെയും ദേശസ്നേഹവും സാമുദായിക ബോധവും മതഭക്തിയുമെല്ലാം ശരിക്ക പ്രകടമാക്കിയെങ്കിലും അധികകാലം നജീബുദൗലക്ക് ഭരണം തുടരാൻ കഴിഞ്ഞില്ല- നജീബുദ്ദൗലയുടെ ശോഭനമായ ഭരണം ചുരുങ്ങിയ ദിവസങ്ങളിൽ മാത്രമേ ഉണ്ടായിരുന്നുള്ളൂ. പിന്നീട് ഇരുളടഞ്ഞ ഒരു കാലഘട്ടമാണ് ആരംഭിക്കുന്നത്, രാജകുമാരന്റെ സ്വാതന്ത്ര്യബോധവും ശക്തിപ്രകടനവും ഗാസിദ്ദീന്ന ഒട്ടും സഹിക്കാൻ കഴിഞ്ഞില്ല. അയാൾ രാജകുമാരനെ ദൽഹിയിലെക്ക മടക്കിവിളിക്കാനുള്ള കല്പന പുറപ്പെടുവിക്കാൻ സുൽത്താനെ പ്രേരിപ്പിച്ചു. ഗത്യന്തരമില്ലായ്കയാൽ രാജകുമാരൻ ദൽഹിയിലേക്ക തിരിച്ചുവന്നു. അലിമറുവാൻഖാന്റെ കൊട്ടാരതുല്യമായ ഭവനത്തിൽ താമസമാക്കി. എന്നാൽ ഗാസിദ്ദീൻഖാനാവട്ടെ രാജകുമാരനെ അറസ്റ്റ്ചെയ്തു ജയിലിൽ താമസിപ്പിക്കണമെന്നുള്ളചിന്തയിലായിരുന്നു. അങ്ങിനെ അയാൾ പട്ടാളത്തെ അയച്ചു ആ ഭവനം വളയിച്ചു, രാജകുമാരൻ ഒരു തടങ്ങൽ തടവുകാരന്റെ നിലയിൽ ആ ഭവനത്തിൽ അകപ്പെട്ടു. എന്നാൽ രാജകുമാരനാവട്ടെ ഒട്ടും നിരാശപ്പെടാതെ ധീരമായി പ്രവർത്തിച്ചു. ഏതാനും ചില കൂട്ടകാരുടെ സഹായത്തോടുകൂടി രാത്രിയുടെ കൂരിരുട്ടിൽ വിളക്കമാടത്തിൽകൂടി പുറത്തെക്കചാടി. മതിലുകൾ

ചാടിക്കടന്നു യമുനാനദിയുടെ കരയിലെത്തി. അവിടെ
നിന്നു നദിയുടെ അങ്ങേകരയിലേക്കു നടന്നു. ഒരു മറാ
ട്ടാരാജാവിൻെറപട്ടാളക്കാർ ക്യാമ്പ്ചെയ്യുന്ന ഒരു ചെറിയ
കുന്നിൻപ്രദേശത്ത് എത്തിച്ചേർന്നു. ആ രാജാവാകട്ടെ രാജ
കുമാരനെ വളരെ ആദരവോടുംഭക്തിയോടുംകൂടി സ്വീ
കരിച്ചു. ഫർഖ്നഗർവരെ രാജാവ് അദ്ദേഹത്തോടുകൂടി
പോയി. അവിടെ മൂസാഖാൻബലൂചിയുടെ സമീപത്തെ
ത്തി. അദ്ദേഹം ആയിരക്കണക്കിനുള്ള സംഖ്യ രാജകുമാര
ന്നു നൽകി. പിന്നെ മറാട്ടാസർദാർ യാത്രപറഞ്ഞുപിരി
ഞ്ഞു. രാജകുമാരൻ സഹാറംപൂരിൽ നജീബുദ്ദൗലയുടെ
അടുക്കലേക്കുപോയി. 8മാസക്കാലം അവിടെ താമസി
ച്ചു. അക്കാലത്ത് ബംഗാളിൽഭയങ്കരമായ വിപ്ലവംപൊട്ടി
പ്പുറപ്പെട്ടിരുന്നു. മീർജാഫർ ഇംഗ്ലീഷുകാരുടെ സഹായ
ത്തോടുകൂടി ബങ്കാറം കൈവശപ്പെടുത്തികഴിഞ്ഞിരുന്നു.
തന്നിമിത്തം നജീബുദ്ദൗല രാജകുമാരനോട് ബംഗാളി
ലേക്കുപോവാൻ നിർദ്ദേശിച്ചു.

## വധശ്രമം

സുൽത്താൻെറ നിർദ്ദേശപ്രകാരം രാജകുമാരൻ യാത്ര
ആരംഭിച്ചു. മുറാദാബാദ്, ബ്രൈലി, ലക്നൊ, അലഹ
ബാദ്, വഴിയായി അദ്ദേഹം പാററ്നയിൽ എത്തിച്ചേ
ൎന്നു. ഇംഗ്ലീഷുകാരോടു യുദ്ധം ആരംഭിക്കുകയും ചെയ്തു
എന്നാൽ സുൽത്താൻെറ ഈ ധീരതയും ദൃഢനിശ്ചയവും
അപകടത്തിന്നു വഴിതെളിയിക്കുന്നതായിരുന്നു.

ഗാസിദ്ദീൻഖാൻ പ്രധാനമന്ത്രി സ്ഥാനം മാത്രമല്ല
തൻെറ അഭിലാഷങ്ങറം സാധിപ്പിക്കുന്നതിന്നു ഉപയോ
ഗിച്ചിരുന്നത്. അയാറംരാജാവായിപോലും അഭിനയിക്കു
കയുണ്ടായി. എല്ലാവിധ കഴിവുകളും നശിച്ച സുൽത്താ
നെ വധിക്കുന്നതിൽ അയാറം ഔത്സുക്യം പ്രകടിപ്പിച്ചു.
ക്രീ. 1759 നവമ്പ്രീൽ അയാറം തൻെറ ഉദ്യമം നിറവേ
റ്റുന്നതിൽ വിജയിയായിതീർന്നു..



'സാദാത്തബാറ'യുടെ അധഃപതനാനന്തരം ജാല
വിദ്യക്കാരനായ നിസാമുൽമുൽക്ക് ആസ്ഫ്ജാഹും അ
യാളുടെ പ്രതിനിധിയും പുത്രനുമായ ഗാസിദ്ദീൻഖാൻ
ഏതാനും കൊല്ലങ്ങറംക്കുമുമ്പ് ശ്രീ: 1167 ശാഅബാൻ 12
ക്രീ: 1754 ജൂലായി അഹമ്മദ്ഷാ ബാദഷായെ സ്ഥാന
ഭ്രഷ്ടനാക്കി മുഇസ്സുദ്ദീൻ ജഹാന്താർഷാഹിൻെറ മകൻ ഇസ്സു
ദ്ദീനെ സിംഹാസനത്തിൽ ഇരുത്തി. ആലംഗീർ2_ാമനെ
ന്ന സ്ഥാനപേർ നൽകിയിട്ടുണ്ടായിരുന്നു. ഒരു മാസത്തി
ന്നുശേഷം സ്ഥാനഭ്രഷ്ടനായ സുൽത്താൻെറയും അദ്ദേഹ
ത്തിൻെറ മാതാവിൻെറയും കണ്ണുകറം കുത്തിപ്പൊട്ടിച്ചു.

സെയ്യിദ് അൽത്താഫ് അലി ബി. എ ഇങ്ങിനെ
എഴുതുന്നു. ഈ ഭയങ്കരസംഭവത്തിൻെറ വിശദവിവരം
ഇപ്രകാരമാണ്. അഹമ്മദ്ഷാ ദുർറാനി വീണ്ടുംവരുമ്പോ
റംതൻെറദുഷ്കൃത്യങ്ങറം സുൽത്താൻആലംഗീർ രണ്ടാമൻ
ദുർറാനിയെ ധരിപ്പിക്കുമെന്നും അയാറംസുൽത്താനെ പീ
ഡിപ്പിക്കുമെന്നും അധികാരത്തിൽ അവരോധിക്കുമെന്നുംഗാസിദ്ദീനുഭയ
മുണ്ടായിരുന്നു. ആകയാൽ നിസാമുദ്ദൗല സുൽത്താനെ
വധിക്കുകയല്ലാതെ മററു യാതൊരു പോംവഴിയുമില്ലെന്നു
അയാറംമനസ്സിൽ കരുതിയിരുന്നു. അക്കാലത്തെശക്തി
മുഴുവനും ക്ഷയിച്ച സുൽത്താൻ ആലംഗീർ 2ാംമൻ ഭരണ
കാര്യങ്ങളിൽ നിന്നെല്ലാം വിട്ടൊഴിഞ്ഞു ഏകാന്തജീവി
തം നയിക്കുകയായിരുന്നു സുൽത്താനാവട്ടെ ഫഖീർമാരി
ലും സന്ന്യാസിമാരിലും അന്ധമായ വിശ്വാസമുള്ള വ്യ
ക്തിയായിരുന്നു. ഒരു ദിവസം ഗാസിദ്ദീൻഖാൻെറ ഗ്രൂ
ഢപ്രവത്തനങ്ങളിൽ പങ്കാളിയായിരുന്ന മഹ്ദിഅലീ
ഖാൻ ഒരു കള്ളവാർത്ത സൃഷ്ടിച്ചു. സന്യാസിമാരുടേയും
ഫഖീർമാരുടേയും അമാനുഷിക പ്രവത്തനങ്ങളിൽ വി
ശ്വസിക്കുന്ന സുൽത്താനെ വശീകരിച്ചു. വളരെ പ്രശസ്ത
നും ദിവ്യനുമായ ഒരു മഹാവ്യക്തി വന്നിട്ടുണ്ടെന്നും അ
ദ്ദേഹത്തെ ദർശിക്കാനായി പോകാമെന്നും സുൽത്താനോ
ട് പറഞ്ഞു. സുൽത്താൻ വഞ്ചിതനായി അയാളൊടൊ
പ്പം പുറപ്പെട്ടു. ഒന്നാമത്തെ കവാടത്തിലെത്തിയപ്പോഴും
മഹ്ദിഅലിഖാൻ സുൽത്താൻെറ കയ്യിൽനിന്നു വാറം

വാങ്ങിച്ചു. യാതൊരു ആയുധവും കൂടാതെ അകത്തു പ്രവേശിച്ച വാതിൽ അകത്തുനിന്നു ബന്ധിച്ചു. മിർസ്ബാബർ-ബാദഷായുടെജാമാതാവ് ഒന്നിച്ചുണ്ടായിരുന്നു. അദ്ദേഹം വാൾ ഉറയിൽനിന്നു ഊരി ഒരു മനുഷ്യനെമുറിപ്പെടുത്തി. അയാളെ ചില ആളുകൾ എതിർത്തുപരാജയപ്പെടുത്തി. അവിടെനിന്നു കൊണ്ടുപോയി. സുൽത്താൻ അകത്തുകടന്നപ്പോൾ മൃത്യുരാക്ഷസന്മാരാണ് അദ്ദേഹത്തിനു് വരവേല്പ് നൽകിയത്. 4 അസബുക്കൊർ ഊരിപ്പിടിച്ച വാളുകളുമായി സുൽത്താനെ നേരിട്ടു. സുൽത്താന്റെ ശിരസ്സു ഉടലിൽനിന്നു വേർപെടുത്തി. തലയില്ലാത്ത ശരീരം യമുനാനദിയുടെ കരയിലെക്കെറിഞ്ഞു. മൃതദേഹത്തിലുണ്ടായിരുന്ന വസ്ത്രംകൂടി ഈ ദുഷ്ടജന്തുക്കൾ ഊരിയെടുത്തു. ഏതാനും ദിവസങ്ങൾക്കുശേഷം സുൽത്താന്റെ മൃതദേഹം ഹുമയൂണിന്റെ മക്ബറയിൽ ഖബറടക്കി.

ഗാസിദ്ദീൻഖാൻസുൽത്താനെ വധിച്ചുകളഞ്ഞതിനുശേഷം അതേദിവസംതന്നെ തൽസ്ഥാനത്ത് സുൽത്താൻ ഔറംഗസീബിന്റെ ഒരു പേരക്കുട്ടിയെ ശാഹ്ജഹാൻ രണ്ടാമൻ എന്നസ്ഥാനപ്പേരു നൽകി സിംഹാസനത്തിൽ വാഴിച്ചു എന്നാൽ അയാളെ യാതൊരാളും സുൽത്താനായി സ്വീകരിച്ചില്ല. ആലിഗൊഹർ രാജകുമാരനെത്തന്നെയാണ് ജനങ്ങൾ രാജാവായി സ്വീകരിച്ചത്.

## പുതിയ അദ്ധ്യായം

ചരിത്രത്തിലെ ഒരു നൂതന അദ്ധ്യായമാണ് ഇപ്പോൾ ആരംഭിക്കാൻ പോകുന്നത് അഹമദഷാഅബ്ദാലിയുടെ പ്രസിദ്ധമായ സമരത്തിന്റെ ഒരു ചുരുങ്ങിയ ചരിത്രമാണ് ഇവിടെ വിവരിക്കുന്നത്. ആ സമരം മറാട്ടകളെ വംശവിച്ഛേദനം ചെയ്യുന്ന തരത്തിലുള്ളതായിരുന്നെങ്കിലും അത് ഗാസിദീന്നു എതിരായ സമരമായിരുന്നു അയാളുടെ അക്രമ പ്രവർത്തനങ്ങൾ സീമാതീതമായി തീർന്ന്, നാടുവാഴികൾക്കും മന്ത്രിമാർക്കും എന്നുവേണ്ട രാജാക്കന്മാർക്കു



പോലും രക്ഷയില്ലാത്ത ഒരു സ്ഥിതിവിശേഷം സംജാതമായി അതിനെയാണ് ഇന്ത്യയിലെ സകല വിഭാഗങ്ങളും ഒന്നായിചേർന്നുകൊണ്ട് അബ്ദാലിയെ ഇന്ത്യയിലേക്ക് ക്ഷണിച്ചത്. മീർഗുലാംഹുസൈൻഖാൻ തബാതബായി അതിനെ കുറിച്ചു ഇപ്രകാരമാണ് എഴുതിട്ടുള്ളത് '' നജീബുദ്ദൗലയും അഫ്ഗാൻകാർ മുഴുവനും ഇന്ത്യയിലെ സകലരാജാക്കന്മാരുംമറാട്ടകളുടെയും ഇമാദുദ്ദീനഗാസിദിന്റെയും അതിദാരുണങ്ങളായ അക്രമങ്ങൾ മൂലംവീർപ്പുമുട്ടിയപ്പോൾ അഹമദ്ഷാ അബ്ദാലിയെ ഇന്ത്യയിലേക്ക് വരാൻ ക്ഷണിച്ചുകൊണ്ട് ഒരപേക്ഷാപത്രം അയക്കുകയുണ്ടായി ''

ഈ നിലവെച്ചു നോക്കുമ്പോൾ അബ്ദാലി ഇന്ത്യയിൽ നടത്തിയ ഈ യുദ്ധം ഹിന്ദുമുസ്ലിം യുദ്ധമോ ഷിയാസുന്നീവഴക്കോ ആയിരുന്നില്ല. പ്രത്യുത അത് ഉത്തരേന്ത്യയിലെയും ദക്ഷിണേന്ത്യയിലേയും രണ്ടു ഗ്രൂപ്പുകൾ തമ്മിലുള്ള ഏററുമുട്ടലായിരുന്നു. പുരാതന കാലം മുതൽക്കെ അത് നടത്തിവരുന്നുണ്ട്, ഈ പ്രാവശ്യം അത് യുദ്ധത്തിന്റെ രൂപം കൈക്കൊണ്ടു എന്നുമാത്രം.

## ആലിഗൗഹറിന്റെ യാത്രക്കുശേഷം

ആലിഗൗഹർ രാജകുമാരൻ ദൽഹിയിൽ നിന്നു നജീബുദൗലയുടെ അടുക്കലേക്കുപോയി എന്നു പറഞ്ഞിട്ടുണ്ടല്ലോ. സഹാറംപൂരിലെത്തിയ ശേഷം 8 മാസക്കാലത്തോളം അദ്ദേഹം അവിടെ താമസിച്ചു, നജീബുദൗല ഈ സന്ദർഭത്തിൽ രാജകുമാരന്റെ യാത്രക്കു വേണ്ടുന്ന എല്ലാവിധ ഉപകരണങ്ങളും ശരിപ്പെടുത്തി. വളരെ ബഹുമാനത്തോടുകൂടി ബങ്കാളിലേക്കയച്ചു. നജീബഅബാദ് മുറാദാബാദ് ബ്രയിലി വഴിയായി ലക്നൊവിൽ എത്തിച്ചേർന്നു. അവിടെ ശുജാഉദ്ദൗല രാജകുമാരനു ഗംഭീരമായ

സ്വീകരണം നൽകി. 3 ലക്ഷം ഉറുപ്പിക വിലവരുന്ന സ മ്മാനങ്ങരം നൽകുകയും ചെയ്തു.

രാജകുമാരൻ ലക്നോവിൽ നിന്നു അല്ലഹബാദിലേക്കു പോയി. മുഹമ്മദ്ദഅലീഖാനായിരുന്നു അവിടുത്തെ ഗവർണ്ണർ. അയാരം രാജകുമാരനെ എല്ലാവിധത്തിലും സഹായിക്കാൻ സന്നദ്ധനായി. രാജകുമാരനിൽ നിന്നു് ബീഹാർ ബങ്കാരം സംസ്ഥാനത്തിൻെറ അധികാര പത്രം സൂത്രത്തിൽ കരസ്ഥമാക്കി. വലിയ ഒരു സേനയോടു കൂടി രാജകുമാരനോടൊപ്പം ബീഹാറിലേക്കു് പുറപ്പെട്ടു. അസീംആബാദ് അധീനപ്പെടുത്തി. ക്രി: 1759ൽ രാജകുമാരൻെറ പിതാവു് ആലംഗീർ രണ്ടാമൻ ചതിയായി വധിക്കപ്പെട്ടു. ഈ വിവരം ഒരു മാസത്തിന്നുശേഷമാണ് രാജകുമാരന്നു ലഭിച്ചതു്. അക്കാലത്തു് അദ്ദേഹം ഷാഹ് ആലം എന്ന സ്ഥാനപ്പേര് സ്വീകരിച്ചു സിംഹാസനത്തിലിരിക്കുകയായിരുന്നു.

ഗാസിദ്ദീൻഖാൻ മുസ്ലീമായിരുന്നുവെങ്കിലും ഡക്കാനിലെ ഭരണത്തലവൻെറ പ്രതിനിധി ആയതുകൊണ്ടു മറാട്ടകളുടെപക്ഷക്കാരനായിരുന്നു,

മുഹമ്മദ്ഖുലിഖാൻ അല്ലഹബാദിൽ ഉണ്ടാകുന്നതു് ശുജാഉദ്ദൗലക്കു് ഇഷ്ടമായിരുന്നില്ല. അതിന്നൊരു പ്രത്യേക കാരണമുണ്ടു്, സാഫ്ദർ ജംഗിൻെറ മരണാനന്തരം ശുജാഉദ്ദൗല അധികാരത്തിൽ വാഴുന്നതിന്നു് അനുകൂല മല്ലാത്ത ഒരു വിഭാഗം അവിടെ ഉണ്ടായിരുന്നു. അവർ മുഹമ്മദ്ഖുലിഖാനു് ആ പദവി ലഭിക്കണമെന്നപക്ഷക്കാരായിരുന്നു.

ശുജാഉദ്ദൗലക്കു് ദൽഹിദർബാറിൽ മന്ത്രിപദവി ലഭിച്ചപ്പോരം അദ്ദേഹം നവാബ്വസീർശുജാഉദ്ദൗലഎന്ന പേരിൽ അറിയാൻ തുടങ്ങി. എന്നാൽ മുഹമ്മദ് ഖുലീഖാൻെറ മുമ്പിൽ ഒരപകടം പതിയിരിക്കുന്നുണ്ടായിരുന്നു, മന്ത്രിപദം ലഭിച്ചപ്പോരം ശുജാഉദ്ദൗല മുഹമ്മദ്ഖുലിഖാൻെറ അധികാരപരിധിയിൽ പ്രവേശിച്ചു. കോട്ട അധീനപ്പെടുത്തി- മുഹമ്മദ്ഖുലിഖാൻെറ കുടുംബങ്ങളെ തടങ്ങ

ലിൽ വെച്ചു. സുൽത്താൻെറ അടുത്ത സ്നേഹിതന്മാരായ രാജാബീനിബഹാദുറിനോട് രാജാബലവന്തുസിംഗിനോടും മുഹമ്മദാഖുലീഖാൻ തിരിച്ചുവന്നാൽ അറസ്ററു ചെയ്യണമെന്നു കൽപിച്ചു,

കുഴപ്പം പിടിച്ച ഈ സംഭവ വാത്ത കേട്ടഉടനെ മുഹമ്മദ്ഖുലീഖാൻതൻെറ ഒന്നിച്ചുണ്ടായിരുന്ന ഫ്രഞ്ച്പട്ടാളത്തലവൻ മോഷീർലൂസ്സ് തടസ്സം പറഞ്ഞിട്ടുപോലും സ്വീകരിക്കാതെ തൻെറ പ്രദേശത്തേക്ക് മടങ്ങി. എന്നാൽ അതിത്തിയിൽ പ്രവേശിച്ചു ഉടനെ അദ്ദേഹം അറസ്ററ് ചെയ്യപ്പെട്ടു.

സ്വന്തം അഭിപ്രായത്തെ മാനിച്ചു കൊണ്ടാണ് മററുള്ളവരുടെ ഉപദേശ നിർദ്ദേശങ്ങരം നിരസിച്ചു മുഹമ്മദ്ഖുലിഖാൻ തൻെറ അധികാര പരിധിയിൽ പ്രവേശിച്ചത് ശുജാഉദ്ദൗലയുമായി മുഖത്തോടു മുഖം നോക്കി സംസാരിച്ചാൽ എല്ലാ കുഴപ്പങ്ങളും അവസാനിക്കുമെന്നായിരുന്നു അദ്ദേഹത്തിൻെറ വിശ്വാസം. അന്നാൽ തൻെറ സൈന്യത്തെ അലഹബാദിൽ നിറുത്തിക്കൊണ്ട് ഏതാനും ചില സ്നേഹിതന്മാരോടു കൂടി അദ്ദേഹം സുൽതാനെ ദർശിക്കാനായി ലക്നോവിലേക്കു പോയി. ശുജാഉദ്ദൗല വളരെ സ്നേഹാദരവോടു കൂടി മുഹമ്മദാഖുലിഖാനെ ആലിംഗനം ചെയ്തു പിന്നീട് ആ സ്ഥിതിക്ക് മാററം സംഭവിച്ചു. അദ്ദേഹം അറസ്ററ് വരിക്കേണ്ടതായിവന്നു. ശുജാഉദ്ദൗല അഹമ്മദ്ഷാ അബ്ദാലിയുടെ സഹായത്തിന്നായി പാനിപ്പത്തിലേക്ക് പോകുന്ന അവസരത്തിൽ മുഹമ്മദ്ഖുലീഖാനെവധിക്കാനുള്ളകൽപന പുറപ്പെടുവിച്ചു. ആവധം നടന്ന ശേഷം ശുജാഉദ്ദൗലമിസ്ററർ മൂശീർലാസ്ഗാർഖാൻമാരരോടുകൂടിിലേർഖാമുൻതലായ അഫ്ഘാൻ സർദാർ നസീമാബാദിനെ ആക്രമിച്ചു. എന്നാൽ പരിതസ്ഥിതി അനുകൂലമല്ലാത്തതുകൊണ്ട്പരാജയത്തോടെതിരിച്ചുപോകേണ്ടിവന്നു. ഈ ഘട്ടത്തിലാണ് പാനീപത്തിൽ അഹമദ്ഷാ അബ്ദാലി ഭയങ്കരമായ പോരാട്ടം നടത്തിയത്.

തുടർച്ചയായുണ്ടായ പരാജയത്തിന്നു ശേഷം സുൽതാൻ ശാഹ്ആലം ശുജാഉദ്ദൗലയുടെ സഹായം തേടേണ്ടി വന്നു. ഈ സന്ദർഭത്തിൽമീർഖാസിം (മീർജാഫഫറിൻെറ ജാമാതാവ് ) ബീഹാറിലെ സ്വതന്ത്ര അധിപതിയായിരുന്നു. സിറാജ്ജുദ്ദൗലയെ വധിക്കാനുള്ള ഗൂഢ ശ്രമം അയാരം ചെയ്തിരുന്നു. ഇംഗ്ലീഷുകാർ അയാളോടു ചെയ്തിരുന്ന വാഗ്ദാനം നിറവേററാത്തത് മൂലം അയാരം ഇംഗ്ലീഷുകാരുമായി പിണങ്ങി ഇരിക്കുകയായിരുന്നു. പിന്നീട് വെള്ളക്കാർ പരാജയപ്പെട്ടു് ഓടിപ്പോകാൻ നിർബ്ബന്ധിതരായപ്പോരം ശുജാഉദ്ദൗലയുടെ സഹായംതേടി ഔധിൽ എത്തി.

മുഹമ്മദ്കലീഖാൻ വധിക്കപ്പെട്ടശേഷം ബീഹാർ കയ്‌വശപ്പെടുത്താനുള്ള സ്വപ്നം കലീഖാനെപ്പോലെ തന്നെ ശുജാഉദ്ദൗലയും കണ്ടിരുന്നു. അദ്ദേഹം മീർഖാസിമിൻെറ സഹായത്തിൻെറ പേരിൽ സുൽതാനോടുകൂടി ബീഹാറിലേക്ക് തിരിച്ചു.

ശാഹ്ആലാമും ശുജാഉദ്ദൗലയും ഒരു പററം വിവേകശൂന്യമായ സൈന്യത്തോടുകൂടി വളരെ ആഭാസപരമായി ബീഹാറിൻെറ ഭാഗത്തേക്ക് മാച്ച് ചെയ്തു. എന്നാൽ യാതൊരു പരിശീലനവും ചിട്ടയും ഇല്ലാത്ത ഒരു സേനയായിരുന്നു അത്. ആ സൈന്യത്തിലെ തലവന്മാരിൽ ആത്മാർത്ഥതയുടെ കണികപോലും കാണപ്പെടുകയില്ല. മര്യാദയും നീതിയും ഇല്ലാത്ത ഒരു സൈന്യം. അവർ നാട്ടിൽ പല അനർത്ഥങ്ങളും വരുത്തിത്തീർത്തു, അവരുടെ അക്രമങ്ങരം മൂലം ഗ്രാമവാസികരം പൊറുതിമുട്ടി. ഇംഗ്ലീഷുകാർ തന്നെ മടങ്ങിവരണെ എന്നു് ജനം പ്രാർത്ഥിക്കാൻ തുടങ്ങി.

പട്ടാളക്കാർ തമ്മിൽ തമ്മിൽ തന്നെ കൊല നടത്താനും കൊള്ളചെയ്യാനും തുടങ്ങി. ആരുടെ ഉപദേശത്തിന്നും അവർ കീഴടങ്ങാതെയായി.

സൈനീക തലവന്മാരുടേയും ജന നേതാക്കളുടേയും ബുദ്ധിയും വിവേകവും നശിച്ചു. മീർഖാസിമിന്നും ശുജാ

ഉദ്ദൗലയും സുൽത്താനും പേറാൻ കഴിയാത്ത ഭാരമായി പരിണമിച്ചു. ശുജാഉദ്ദൗലയുടെ സംരക്ഷണതയിൽ കഴിഞ്ഞുകൂടുക എന്നത് സുൽതാനും അസുഖമായി തീൎന്നു. ഗൂഢാലോചനയുടെയും കുതന്ത്രങ്ങളുടേയും ഫലമായി ഒരപകടാവസ്ഥ സംജാതമായി. ശുജാഉദ്ദൗലയുടെ സേനയിലുണ്ടായിരുന്ന ബീനീബഹാദൂം, രാജാ ബലവന്തും ഇംഗ്ലീഷുകാരുടെ കൂടെ ചേർന്നു,

സുൽതാൻെറ ഏററവും അടുത്ത സ്നേഹിതനായിരുന്ന നെജിഫ്ഖാൻ ഈറാനിലെ ഒരു ഷീയാ കുടുംബത്തിലെ അംഗമാണ്. യൗവനകാലത്ത് തന്നെ തൻെറ സഹോദരിയോടു കൂടി അയാരം ഇന്ത്യയിൽ വന്നു. പ്രകൃത്യാതന്നെ സമൎത്ഥനായ നജ്ഫ്ഖാൻ മുഹമ്മദ്ഖുലിഖാനുമായി എളുപ്പത്തിൽ പരിജയപ്പെട്ടു. ഈ പരിജയം താമസംവിനാ ബന്ധുത്വമായി പരിണമിച്ചു - നെജ്ഫ്ഖാൻെറ സഹോദരി മുഹമ്മദ്ഖുലിഖാൻെറ പത്നിയായി തീൎന്നു എന്നൎത്ഥം. മുഹമ്മദ്ഖുലിഖാൻ വധിക്കപ്പെട്ടപ്പോരം നജ്ദ് ഖാൻ ശാഹ്ആലമിനെ സമീപിച്ചു- നിഷ്പ്രയാസം സുൽതാൻെറ സ്നേഹം സമ്പാദിച്ചു.

നജ്ഫ്ഖാൻ ഇംഗ്ലീഷുകാരുടെ ഉപകരണമായിരുന്നു പരിശീലനവും പരിജയവുമില്ലാത്ത പട്ടാളം പരാജയം മൂലം ഛിന്നഭിന്നമായപ്പോരം മീർഖാസിം അസ്വസ്ഥചിത്തനായി. ശുജാഉദ്ദൗലയുമായി വേർപിരിഞ്ഞു. യുദ്ധം അവസാനിക്കുന്നതിന്നു മുൻപായി ശാഹ്ആലം ശുജാഉദ്ദൗലയുടെ സഹായം കൊണ്ട് ഫലമില്ലെന്നു കണ്ടപ്പോരം രാജകീയമായ അധികാരങ്ങളെല്ലാം ഇംഗ്ളീഷുകാരെ ഏല്പിച്ചു.

ആ അവസരം ഇംഗ്ലീഷുകാർ ശരിക്കും ഉപയോഗപ്പെടുത്തി. ശുജാഉദ്ദൗലയുടെ നേരെ വളരെ ഔദാര്യത്തോടുകൂടി പെരുമാറി, ക്രി: 1774ൽ സുൽതാനിൽ നിന്നു ബീഹാറിൻേറയും ബങ്കാളിൻെറയും ആധിപത്യത്തിന്നുള്ള രേഖ സമ്പാദിച്ചു. തന്മൂലം ഇന്ത്യാ ഉപഭൂഖണ്ഡത്തിൻെറ അധികാരികരം ഇംഗ്ലീഷുകാരായി തീർന്നു.

ഏകാധിപത്യ ഗവമ്മെണ്ടുകളുടെ കാലത്ത് രാജ്യം അധീനപ്പെടുത്തിയവർ നാടിന്റെ ഉടമസ്ഥരായി പരിഗണിക്കപ്പെട്ടിരുന്നു. എന്നാൽ മുഗൾ സുൽത്താന്മാരവരുടെ 200 കൊല്ലത്തെ ഭരണകാലത്ത് പ്രജകളുമായുള്ള പെരുമാററം വളരെ നല്ല നിലയിലായരുന്നു സുൽത്താനെ അവതാര പുരുഷനായിട്ടാണ് ജനങ്ങൾ കരുതിപ്പോന്നത്.

ദൈവദത്തമായ രാജകീയവകാശം ( Divine Right Theory of Kingship) ഒരംലംഘനീയ വിശ്വാസമായി ജനങ്ങൾ എമ്പാടും കരുതി പോന്നു. മനുഷ്യരുടെ ഭരണ നിർവ്വാഹണത്തിന്നായി അല്ലാഹുവാൽ തെരഞ്ഞെടുക്കപ്പെട്ട. ആ അവകാശങ്ങളോടുകൂടി അയക്കുന്ന രാജാക്കന്മാരെ ചോദ്യം ചെയ്യുന്നത് ദൈവത്തെ ചോദ്യം ചെയ്യുന്നതിന് സമമായി കണക്കാക്കുകയും ചെയ്തിരുന്നു. ദൈവ പ്രതിനിധിയായിട്ടാണ് ചക്രവത്തിമാരെ പരിഗണിച്ച പോന്നിരുന്നത്. ചില രാജ്യങ്ങളിൽ ദൈവമായി തന്നെ കണക്കാക്കിയിരുന്നു. പഴയ നമ്മുടെ പാഠ പുസ്തകത്തിലെ ചില വരികളിതാ-

കുട്ടി — രാജാവെന്നാൽ ആരമ്മേ?

അമ്മ — ''രാജാവീശ്വരനെൻമകനെ''

പ്രഭാത സമയത്ത് സുൽതാൻ ആഗ്ര കോട്ടയുടെ ഝറൂക്കയിൽ വന്നിരിക്കും. യമുനാ നദിയിൽ നിന്നു സ്നാനം ചെയ്ത് വരുന്നവർ അപ്പോൾ അദ്ദേഹത്തിന്റെ അടുത്ത് ദർശനത്തിന്നായി എത്തിച്ചേരുക പതിവായിരുന്നു. ഇന്ത്യയുടെ ശരിയായ അവകാശി മുഗൾ സുൽത്താനാണെന്ന് ജനങ്ങൾ വിശ്വസിച്ചിരുന്ന, ഒരു നീണ്ട കാലത്തോളം അബ്ബാസി ഖലീഫമാരെ പററിയും മുസൽമാൻന്മാരുടെ വിശ്വാസം ഇത്തരത്തിൽ തന്നെയായിരുന്നു. മുഹമ്മദ ഗസ്നവി തന്റെ ഭരണം നടത്തുന്ന കാലത്ത് അബ്ബാസി ഖലീഫയിൽ നിന്നു അനുമതി പത്രം സമ്പാദിച്ചിട്ടുണ്ടായിരുന്നു. ഖിലാഫത്ത ദർബാറിൽ നിന്നു സൈഫുൽലാ എന്ന ബഹുമതി അദ്ദേഹത്തിന്നു ലഭിച്ചപ്പോൾ മുസൽമാൻമർ അദ്ദേഹത്തെ യഥാത്ഥമായ സുൽതാനായി കരുതി. ഇ

മുഗൾ സുൽതാ
ന്ത്യയിൽ ഹിന്ദുക്കളും മുസ്ലീംകളുമെല്ലാം
ൻെറ അനുമതി പത്രം ലഭിച്ചവരെ മാത്രമെ ഭരണാധിക
ളായി പരിഗണിച്ചിരുന്നുള്ളു. മുഗളരുടെ പ്രതാപവും
പ്രശക്തിയും അവസാനിച്ച ശേഷവും കുറെക്കാലത്തോളം
അവരുടെ വരുമാനത്തിൻെറ വലിയഭാഗം മുഗൾ സുൽതാ
ന്മാർക്ക് കാഴ്ചവെച്ചിരുന്നു. ആയുധബലം കൊണ്ട് അധീന
പ്പെടുത്തിയ പ്രദേശത്തെ അധികാരം സ്ഥാപിക്കാൻ സുൽ
താൻെറ സന്നിധിയിൽ ഹാജരായി സന്നത് സമ്പാദിക്കേ
ണ്ടത് ഒരു ആവശ്യമായിരുന്നു. ശുജാഉദ്ദൗല മന്ത്രിപദത്തി
ന്നുള്ള അനുമതി പത്രം സമ്പാദിക്കുന്നതിന്നായി രണ്ടു കോ
ടി ഉറുപ്പിക സുൽതാന്നു കാഴ്ചവെച്ചു. മറാട്ടകളുടെ യുദ്ധത്തി
ൻെറ യഥാർത്ഥമായ ഉദ്ദേശ്യം തങ്ങളുടെ പ്രദേശം ഭരിക്കാനു
ള്ള അധികാര പത്രം സമ്പാദിക്കേണ്ടതിന്നായിരുന്നു. അ
തായത് ദേശ്മുഖ് അല്ലെങ്കിൽ കരം പിരിക്കുന്ന അധി
കാര പദവി ലഭിക്കേണ്ടതിന്നായിരുന്നു, ഈ പതിവനുസ
രിച്ച് ഇംഗ്ലീഷുകാരും മുഗൾ സുൽത്താന്മാരിൽ നിന്നു അ
നുമതി പത്രം ലഭിക്കേണ്ടതാവശ്യമാണെന്നു കരുതി. അ
തുകൊണ്ടാണ് പരാജയപ്പെട്ടു പെൻഷൻ പററിക്കൊണ്ടി
രിക്കുന്ന സുൽതാന്മാരിൽ നിന്നു അതിന്ന് യാതൊരർത്ഥമി
ല്ലെങ്കിലും അവർ സന്നത വാങ്ങിയത്.

ശുജാഉദ്ദൗല കോഹിലികളുടെയും മറാട്ടകളുടേയും സ
ഹായത്തോടുകൂടി ഇംഗ്ലീഷുകാരുമായി യുദ്ധം ചെയ്യാൻ തു
ടങ്ങി. ആ യുദ്ധം കൊണ്ട് പറയത്തക്ക ഫലമൊന്നു മുണ്ടാ
വുകയില്ലെന്നും സന്ധിയിലാകുകയാണ് നല്ലതെന്നും പി
ന്നീടദ്ദേഹത്തിന്നു തോന്നി.

ക്രി: 1765ൽ ജഹാനാബാദിൽ ചെന്നു ഒരു കോൺ
ഫ്രൻസ് നടന്നു. അതിലാണ് ശുജാഉദ്ദൗലയുടെരാജ്യം വി
ഭജിക്കാൻ തീരുമാനമെടുത്തത്. ഔധ് മാത്രം ശുജാഉദ്ദൗ
ലക്ക് നൽകപ്പെടുകയും അല്ലഹബാദും, ഗാസിപൂരും സുൽ
താൻെറ ജാഗീറായി നിശ്ചയിക്കപ്പെടുകയും ബീഹാർ ബ
ങ്കാൾ, ഒറീസ എന്നിവിടങ്ങളിൽ ഇംഗ്ലീഷുകാരുടെ ആധി
പത്യം സ്വീകരിക്കപ്പെടുകയും ചെയ്തു. അവയുടെ വാർ

ഷിക വരുമാനം 26 ലക്ഷം ഉറുപ്പികയായിരുന്നു. അതിൽ നിന്നു് 2 ലക്ഷം ഉറുപ്പിക നജീബ്ഖാന്നു കൊടുക്കണമെന്നു നിബന്ധനയു മുണ്ടായി. ആ പ്രദേശങ്ങളുടെ ഭരണാധികാരം ജനീബ്ഖാനെ ഏൽപിക്കുകയും ചെയ്തു.

ശാഹ്ആലം ദൽഹിയിൽ നിന്നു ബങ്കാളും, ബീഹാറും അധീനപ്പെടുത്തണമെന്ന ഉദ്ദേശത്തോടു കൂടി പുറപ്പെട്ടു. ഫലം എന്തുണ്ടായി, അദ്ദേഹം ഇംഗ്ലീഷുകാരിൽ നിന്നു പെൻഷൻ പററുന്ന ഒരു വ്യക്തിയായി തീർന്നു. എന്നാൽ ഈ കരാറുകൊണ്ടു് വല്ല നേട്ടവുമുണ്ടായിട്ടുണ്ടെങ്കിൽ നജീബ്ഖാന്നുമാത്രമാണ്. ഒരവസരത്തിൽ അയാൾ ഇംഗ്ളീഷുകാരുടെ ഒററുകാരനും ശുജാഉദ്ദൗലയുടെ ഗുണകാംക്ഷിയും ആയിരുന്നു. ഇതിന്നു പുറമെ അയാൾ സുൽത്താൻ ശാഹ്അലമിൻെറ സ്നേഹവും സമ്പാദിച്ചു. ശാഹ്ആലം ദൽഹിയിൽ എത്തിയപ്പോൾ നജീബ്ഖാൻ അദ്ദേഹത്തിൻെറപ്രധാനമന്ത്രിയായി.

ഈ അവസരത്തിൽ ഒരു സംഗതി പ്രത്യേകം ഓർക്കേണ്ടതാണ്. ഈ നജീബ്ഖാൻ മന്ത്രി ആയിരുന്ന അവസരത്തിലാണ് . ക്രി: 1782ൽ മൗലാനാ ശാഹ് അബ്ദുൽ അസീസ് സാഹിബിനെ പല തവണ നാടുകടത്തിയതും അദ്ദേഹത്തെ നിർദ്ദയമായി മർദ്ദിച്ചതും. അതെപോലെ തന്നെ ഒരു മഹാദിവ്യനായിരുന്ന ഹസ്റത്ത്മീർസാ മസ്ഹർ ജാൻജാനെ വധിക്കുകയും ചെയ്തിട്ടുണ്ട്.

## ആംഗ്ലേയരുമായി ഉടമ്പടി ഉണ്ടാക്കിയശേഷം

ജഹാനാബാദിലെ കരാറിന്നു ശേഷം ഭാരതീയ രാജാക്കന്മാരുടെ കൂട്ടുകെട്ടിൻെറ സൗലീത്തിൻെറയും ഉദ്ദേശവും ലക്ഷ്യവും പാടെ മാറി. മുമ്പ് ജാതിയുടേയും വംശത്തിൻെറയും വിശ്വാസത്തിൻെറയും അടിസ്ഥാനത്തിലുള്ള ഗ്രൂപ്പുകളായിരുന്നു ഇന്ത്യയിലുണ്ടായിരുന്നത്. അതാണ് മറാട്ട, മുഗൾ, പഠാൻ, രജപുത്ത്, ശീഅ, സുന്നി തുട



ങ്ങിയ ഗ്രൂപ്പുകൾ. പിന്നീടത് ആംഗ്ളോക്കാരുടെ അനുകൂല പ്രതികൂല ഗ്രൂപ്പുകളായി രൂപാന്തരപ്പെട്ടു. എന്നുവെച്ചാൽ ഇന്ത്യയിലെ ഒരു വൻ ശക്തിയായി തീർന്നു. ഈസ്റ്റിന്ത്യാ കമ്പനിക്കാക്ക് അനുകൂലവും പ്രതികൂലവുമായ രണ്ടുവിഭാഗങ്ങൾ ഇന്ത്യയിൽ ഉടലെടുത്തു വെന്നത്ഥം. ശുജാഉദ്ദൗലയും ശാഹ്ആലമും ഇംഗ്ളീഷുകാരുടെ അനുകൂലികളായി തീർന്നു, ഏതാനും ദിവസങ്ങൾക്ക് ശേഷം ഹൈദ്രാബാദിലെ നവാബന്മാരുടെ ആനുകൂല്യവും ഇംഗ്ളീഷുകാക്ക് സമ്പാദിക്കാൻ സാധിച്ചു. വിഷമകരമായ സന്ദർഭങ്ങളിൽ ഹൈദരബാദിൻെറ ആനുകൂല്യം ഇംഗ്ളീഷുകാർക്ക് വളരെ സഹായകരമായി തീർന്നിട്ടുണ്ട്.

ഇംഗ്ളീഷുകാരുടെ കഠിന ശത്രുക്കളായി നിലകൊണ്ടത് റോഹില — ബേലിഖേത്ത് ശാഹ്ജഹാംപൂർ മുതൽ കഹാറമ്പൂർ വരെ അവരുടെ അധീനത്തിലായിരുന്നു. ഹാഫിസ് റഹ്മത്ത്ഖാനായിരുന്നു നേതാവ്.

2. മറാട്ട- തെക്ക് പടിഞ്ഞാറ് ഇന്ത്യ ലൊഹ മധ്യഭാരതത്തിലെ വിവിധ ഭാഗങ്ങൾ എന്നിവയുടെ ഭരണാധിപത്യം അവർക്കായിരുന്നു.

8. മറെറാരു ശക്തി ദക്ഷിണേന്ത്യയിൽ വളർന്നു വന്നിട്ടുണ്ടായിരുന്നു. അതിൻെറ പരമ്പര ശാഹ്അബൂസഈദ് സാഹിബും ശാഹ്അബുല്ലൈസ് സാഹിബും വഴിയായി ഹസ്റത്ത് ശാഹ്വലിയ്യുല്ലാഹിയിൽ ചെന്നു ചേരുന്നു. ഈ ശക്തിയാണ് മൈസൂറിൽ ഉത്തരോത്തരം അഭിവൃദ്ധി പ്രാപിച്ചിരുന്ന ഹൈദറാലിയുടെ ഗവമ്മെണ്ട് ഈ ഹൈദറലിയുടെ ധീര പുത്രനാണ് ടിപ്പുസുൽത്താൻ എന്നപേരിൽ ഖ്യാതിനേടിയ ആശഹീദ്. അദ്ദേഹത്തിൻെറ പേരായിരുന്നു, കുറെ കാലത്തോളം യൂറോപ്യന്മാർ തങ്ങളുടെ കുട്ടികളുടെ കരച്ചിലും ശ്യാഠ്യവും നിറുത്താൻ ഉപയോഗിച്ചിരുന്നത്. ഠിപ്പു എന്ന പേരുകേട്ടാൽ യൂറോപ്പിലെ കുട്ടികൾ പേടിച്ചു വിറച്ചിരുന്നു.

മൗലാനാ അബുൽഹസ്സൻഅലി സാഹിബ് നദ്‌വീ ഠിപ്പുവിൻെറ കുടുംബത്തെ പററി വളരെ വാഴ്ത്താറു. അ

ടിമാനം കൊള്ളാറും ഉണ്ട്. മൗലാനാ സയ്യിദ് അബുസ്ലാ ഈദിനെ പററി ഇങ്ങിനെ എഴുതിക്കാണുന്നു. അദ്ദേഹത്തിന്നു് മടിരാശിയിലും ചിന്നപട്ടണത്തിലും വളരെ സ്വാധീന മുണ്ടായിരുന്നു, ശാഹ്അബുസഊദിൻെറ ദാനധർമ്മത്തെ കുറിച്ചു ഇങ്ങിനെ എഴുതിക്കാണുന്നു, ഒരു പ്രാവശ്യം അദ്ദേഹത്തിന്നു ഒരു ലക്ഷം ഉറുപ്പിക ആരോ അയച്ചുകൊടുത്തു. അത് മുഴുവനും വീട്ടിന്നു വെളിയിൽ വെച്ചുതന്നെ ആവശ്യക്കാരുടെ ഇടയിൽ വിതരണം ചെയ്തു. നവാബ് ഹൈദരലി ആണ് ആ ഭാരിച്ച സംഖ്യ അയച്ചു കൊടുത്തതെന്നാണ് റിപ്പോർട്ട്.

ടിപ്പുസുൽത്താനെ പററി മൈസൂർ സ്റെറയിററിൽ മുമ്പ് ചീഫ്മിനിസ്ററരായിരുന്ന മിസ്ററർ ഹനുമന്തയ്യ ഒരു സന്ദേശത്തിൽ ഇങ്ങിനെ പറയുന്നു. " ടിപ്പുസുൽത്താൻ നെപ്പോളിയൻെറ സ്നേഹിതനായിരുന്നു. ടിപ്പുസുൽത്താന്നു രണ്ടു ലക്ഷ്യങ്ങളുണ്ടായിരുന്നു, ഒന്നു് ഇന്ത്യയെ ഇംഗ്ളീഷുകാരുടെ ആധിപത്യത്തിൽ നിന്ന് വിമുക്തമാക്കുക രണ്ടാമത്തെത് ഇന്ത്യയിൽ ജനാധിപത്യ സ്വഭാവത്തിലുള്ള ഭരണം സ്ഥാപിക്കുക. എന്നാൽ ടിപ്പുസുൽത്താൻ ശഹ്വീടിപ്പു എന്ന പേരിൽ ചില രേഖകൾ എഴുതിയിട്ടുണ്ടായിരുന്നു. അദ്ദേഹം അന്തരിച്ചു 150 കൊല്ലം കഴിഞ്ഞതിന്നു ശേഷമാണ് അദ്ദേഹത്തിൻെറ സ്വപ്നത്തിൻെറ ചിലഭാഗങ്ങളെങ്കിലും ഇന്ത്യൻ നേഷനൽ കോൺഗ്രസ്സ് നടപ്പിൽ വരുത്തിയത്. സ്വന്തം ജനറൽമാരുടെയും മന്ത്രിമാരുടേയും വഞ്ചന മൂലമാണ് അദ്ദേഹം രക്തസാക്ഷിയായി തീന്നത്.

## ഹാഫിസ്റഹ്മത്തഖാൻ

ജനറൽ എസ്കംഗ്സിൻെറ സഹായത്തോടും പ്രോത്സാഹനത്തോടും കൂടി ശൂജാഉദ്ദൗല റോഹൽകന്ത് അധീനപ്പെടുത്താനായി അങ്ങോട്ടു് മാർച്ചു് ചെയ്തു. ആദ്യമായി അയാൾ ചെയ്ത പ്രവൃത്തി ഫർഹാബാദിലെ നവാബ് മസ്ഫർ ജംഗിനെ കീഴ്പ്പെടുത്തുകയായിരുന്നു. ക്രി: 1774ൽ കട്ടറാമീറാനിൽ വെച്ചു് ഘോരമായ യുദ്ധം നട

ന്നു. ആ യുദ്ധത്തിലാണ് ഹാഫിസ്റഹ്മത്ത്ഖാൻ രക്ത സാക്ഷിയായത്- റൊഹിലികളെ കൂട്ടക്കൊല ചെയ്തു, അവരുടെ ഭൂസ്വത്തുക്കൾ ജപ്തി ചെയ്യുകയും ധനസമ്പത്തുകൾ നശിപ്പിക്കപ്പെടുകയും ചെയ്തു. നവാബ ഫൈസുല്ലാഖാൻ മലംപ്രദേശത്തുള്ള ഒരു ഘോരവനത്തിൽ പോയി രക്ഷ പ്രാപിച്ചു, അദ്ദേഹത്തിന്റെ കുടുംബങ്ങളും ക്രമേണ അവിടെ എത്തിച്ചേർന്നു. ഏതാണ്ട് 6മാസക്കാലത്തോളം ആ പ്രദേശത്ത് കുടുങ്ങിയ ശേഷം ഇംഗ്ളീഷുകാരുടെ സഹായത്തോടു കൂടി ശുജാഉദ്ദൗലയുമായി യോജിപ്പിലെത്തി. റാംപൂർ പ്രദേശം അദ്ദേഹത്തിന്നു ജാഗീറായി നൽകപ്പെട്ടു. റൊഹിലികളുടെ അധീനത്തിലുണ്ടായിരുന്ന ബാക്കി പ്രദേശങ്ങൾ ആംഗ്ളോയരും ശുജാഉദ്ദൗലയും നജിബ്ഖാനും പങ്കിട്ടെടുത്തു.

## നജീബുദ്ദൗല

അമീറുൽഉമറാ നജീബുദ്ദൗല നിര്യാതനായ ശേഷം അദ്ദേഹത്തിന്റെ മകൻ സാബിത്താഖാൻ അമീറുൽ ഉമറാ ആയി. ഇദ്ദേഹം ഇംഗ്ളീഷുകാരുടെ ശത്രുവായിരുന്നു. ശാഹ്ആലം തന്റെ അധികാരങ്ങളെല്ലാം ഇംഗ്ളീഷുകാർക്ക് വിട്ടുകൊടുത്തുകൊണ്ട് ദൽഹിയിലേക്കുപോയി.1770 ഡിസമ്പർ 25 ന് അദ്ദേഹം കോട്ടയിൽ പ്രവേശിച്ചു. സുൽത്താന്റെ ഈ യാത്ര ഇംഗ്ളീഷ് സേനയുടെ തണലിലായിരുന്നു. സാബിത്താഖാൻ തന്റെ നജീബാബാദിലുള്ള ജാഗീറിൽ പോയി രക്ഷ പ്രാപിച്ചു. നജിബുഖാൻ അമീറുൽ ഉമറാ ആയി വാഴിക്കപ്പെട്ടു. ഇതു മൂലം മറാട്ടകൾ കുപിതരായി. അവർ സുൽത്താന്റെ പ്രദേശത്തെ ആക്രമിച്ചു. സാബിത്താഖാനെ അമീറുൽ ഉമറാ ആക്കണമെന്ന നിശ്ചയത്തിൽ സന്ധിയുണ്ടായി. അങ്ങിനെ അദ്ദേഹം 1772ൽ വീണ്ടും അമീറുൽ ഉമറാ ആയിതീർന്നു. എന്നാൽ ഇംഗ്ളീഷുകാരുടെയും ശുജാഉദ്ദൗലയുടേയും ശിപാർശയുടെ അടിസ്ഥാനത്തിൽ ഈ സ്ഥാനം നജിബ്ഖാനക്ക് ലഭിച്ചു. സുൽത്താന്നാവട്ടെ ഈ നിർദ്ദേശത്തിന്നു വഴിപ്പെടുകയല്ലാതെ മററു മാർഗ്ഗമൊന്നുമുണ്ടായിരുന്നില്ല. അങ്ങിനെ 1778ൽ നജീബു

ഖാൻ അമീറുൽ ഉമറാ ആയി നിശ്ചയിക്കപ്പെട്ടു. ഈ വിധത്തിലാണ് ഇംഗ്ളീഷുകാരുടെ ശക്തി ചെങ്കോട്ടയിൽ എത്തിയത്, എന്നാൽ പുറത്തുള്ള കാവൽക്കാർ ആ അവസരത്തിലും മറാട്ടകൾ തന്നെയായിരുന്നു. നജീബ്ഖാനും മറാട്ടകളും തമ്മിൽ നടന്ന യുദ്ധം വാസ്തവത്തിൽ ഇംഗ്ളീഷുകാരും മറാട്ടകളും തമ്മിലുള്ള യുദ്ധമായിരുന്നു.

## ആംഗ്ലേയരുടെ ശക്തിപ്രഭാവം

ഉത്തരേന്ത്യയിൽ മൈമൻസിംഗ്ചിറ്റഗോംഗ് മുതൽ ദൽഹിവരെ ഇംഗ്ളീഷുകാരുടെ ആധിപത്യത്തിന്റെ നാണയം നടപ്പായി കഴിഞ്ഞിരുന്നു. ദക്ഷിണേന്ത്യയിൽ ഹൈദരബാദിന്റെ ഭാഗത്തേക്ക് സ്നേഹഭാവത്തിലുള്ള നോട്ടങ്ങൾ ഉയർന്നു വന്നിരുന്നു. ടിപ്പുസുൽത്താനും മറാട്ടകളും ഇംഗ്ളീഷുകാരുടെ കഠിന ശത്രുക്കളായിരുന്നു എന്നാൽ നിർഭാഗ്യമെന്നു പറയട്ടെ ഈ രണ്ടു കൂട്ടരും തമ്മിൽ സ്വരച്ചേർച്ചയുണ്ടായിരുന്നില്ല. ഇംഗ്ളീഷുകാർ ആദ്യം മൈസൂറിന്റെ നേരെ തിരിഞ്ഞു. മറാട്ടകളെ മർദ്ദിച്ചു നിശ്ശബ്ദരാക്കി. നൈസാമിന്റെ സൈന്യവും ഇംഗ്ളീഷുകാരുടെ സഹായത്തിനുണ്ടായിരുന്നു,. മീർസാദിക്ക് മുതലായ വഞ്ചകന്മാർ ഗൂഢാലോചന നടത്തി സുൽത്താനെ ചതിയിൽ അകപ്പെടുത്താനുള്ള പരിപാടികൾ ആസൂത്രണം ചെയ്തു. ഒരു യുദ്ധം കൂടാതെ കഴിയുകയില്ലാ എന്ന് വന്നപ്പോൾ മൈസൂരിലെ ആ സിംഹത്തെ ശത്രുക്കൾ നാനാ ഭാഗത്ത് നിന്നും വളഞ്ഞു വധിച്ചുകളഞ്ഞു.

ക്രി;1799 മെയ് 4നു വിജയത്തിന്റെ അവസാനത്തെ ദിവസമായിരുന്നു. പകൽ 1 മണി സമയം ശ്രീരംഗപട്ടാളം കോട്ടയിൽ അതിനു മുമ്പ് കേൾക്കാത്ത ശബ്ദകോലാഹലം. ഒരിക്കലും ശത്രുക്കൾക്ക് കീഴടക്കാനൊക്കാത്ത അഗമ്യമായ ആ കോട്ടയുടെ കവാടം ശത്രുക്കൾക്ക് വേണ്ടി തുറന്നു കൊടുക്കപ്പെട്ടു. മക്കളോടും സഹധർമ്മിണിയോ

ടും കൂടി ഉച്ചഭക്ഷണം കഴിച്ചുകൊണ്ടിരുന്ന സുൽത്താന്നു
ശബ്ദായമാനമായ കോട്ടയിലെ സ്ഥിതി സംശയത്തിന്നി
ടം നൽകി. ഒട്ടും താമസിക്കാതെപടയങ്കിയും അണിഞ്ഞു്
തന്റെ വിശ്വസ്തരോടൊപ്പം കോട്ടവാതിൽക്കലേക്കു്
കുതിച്ചു, ഉണ്ടാകാവുന്ന ഭവിഷ്യത്തു് അറിഞ്ഞു
കൊണ്ടു് തന്നെ അദ്ദേഹം ഇംഗ്ളീഷ് സേനയെ എതിരി
ട്ടു. ഹൃത്മനആലവു സ്വാതന്ത്ര്യസമരത്തിലെ ആ ധീരപോ
രാളിതന്റെ സ്വന്തക്കാരോടുകൂടി അതിൽ ത്യാഗിവര്യകളാ
യ കുറെ മഹിളകളും ഉണ്ടായിരുന്നു. ഇംഗ്ളീഷുകാരുടെ ആ
ക്രമണത്തെ തടുക്കാൻ തുടങ്ങി. മെയ്മാസത്തിലെ എരി
പൊരി കൊള്ളുന്ന ചൂടു് സഹിച്ചു്കൊണ്ടു് ദാഹവും വിശ
പ്പും പരിഗണിക്കാതെ 7 മണിക്കൂറു് സമയത്തോളം ശത്രു
ക്കളോടു് ധീരമായി അടരാടി. വെട്ടി വീഴ്ത്തി. അതി
നിടക്കു് വെള്ളക്കാരന്റെ ഖഡ്ഗം അദ്ദേഹത്തിൽ നിപ
തിച്ചു. ചോര വാർത്തുകൊണ്ടു് ആ ധീരസേനാനി നിലത്തു
വീണു. സുൽത്താനാണതെന്നു് അറിയില്ലായരുന്നു ഇംഗ്ളീ
ഷ് പടയാളികൾ അദ്ദേഹം അണിഞ്ഞിരുന്ന സ്വർണ്ണ അ
ങ്കിയും വാളുറയും മൊക്കെ അഴിച്ചുകൊണ്ടിരിക്കുകയായി
രുന്നു. ശേഷിച്ച ശക്തി സംഭരിച്ചുകൊണ്ടു് ആ പോരാ
ളി അടുത്തു്കിടന്ന വാളെടുത്തു് അവരിൽ ആഞ്ഞുവെട്ടി.
വേദന കൊണ്ടു് പിടഞ്ഞ ആ വെള്ളക്കാരൻ തന്റെ കൈ
വശമുള്ള പിസ്റ്റൽ കൊണ്ടു് ടിപ്പുവിന്റെ കഴുത്തിൽ
നിറയൊഴിച്ചു. അങ്ങിനെ ലോകം കണ്ടതിൽ വെച്ചു് മ
ഹാനായ സ്വാതന്ത്ര്യപ്രേമി രക്തസാക്ഷിത്വത്തിലൂടെ
തന്റെ സ്വാതന്ത്ര്യം സംരക്ഷിച്ചു.

സൂര്യാസ്തമനത്തിന്നു ശേഷം ത്യാഗിവര്യനും പരാ
ക്രമശാലിയും ആയ ടിപ്പുസുൽത്താൻ ശെഹിദായി. ഭൂമി
യിൽ നിലം പതിച്ചു. ചരിത്രത്തിന്റെ താളുകളിൽ രക്
തം കൊണ്ടെഴുതപ്പെട്ട ഒരു വാക്യം ഇവിടെ ചേർക്കാം.

'' ഷേർകീ സിന്ദഗീകാ ഏക്ലംഹാ ഗീ ഢ്കീ സ
ഉ്സാല സിന്ദഗീ സെബഹ് തർഹെ ''

സിംഹത്തിൻെറ ജീവിതത്തിലെ ഒരു നിമിഷം കുറുനരിയുടെ നൂറു കൊല്ലത്തെ ജീവിതത്തെക്കാറം വളരെ മെച്ചപ്പെട്ടതാണ്.

ിപ്പുസുൽത്താൻെറ രക്തത്തിൽ കുളിക്കുന്ന മൃതദേഹംകണ്ടപ്പോറം ലോഡ്ഹാരീസ് ഇങ്ങിനെ ആക്രോശിച്ചു '' ആജ് ഹിന്ദുസ്ഥാൻ ഹമാറാഹെ ''

To day India is Ours

ഇന്ന് ഇന്ത്യ നമ്മുടെതായി

ഇംഗ്ളീഷുകാരിൽ നിന്നും പണവും വാഗ്ദാനവും വാങ്ങി കോട്ട കാവൽക്കാരെ ശമ്പള വിതരണ സ്ഥലത്തേക്ക് പറഞ്ഞയച്ച് കോട്ടവാതിൽ തുറന്നുകൊടുക്കുകയാണുണ്ടായതു്. ചതിയും വഞ്ചനയും കൊണ്ടാണ് ജനറൽ ഹാരീസും കൂട്ടരും അകത്തു കടന്നതും ടിപ്പുസുൽത്താന് അപ്രതീക്ഷമായ തിരിച്ചടി ഉണ്ടായതും.

## 18-ാം നൂററാണ്ടിൻെറ അവസാനം

ഭാരത ഉപ ഭൂഖണ്ഡത്തിൻെറ പ്രതാപത്തിനും പ്രശസ്തിക്കും 18-ാം നൂററാണ്ടിൻെറ അന്ത്യത്തോടു കൂടി ഉടവ്തട്ടിക്കൊണ്ടിരുന്ന അവസരം അടിമത്വത്തിൻെറ കൂരിരുട്ട് അതിവേഗത്തിൽ നാടാകെ വ്യാപിച്ച സന്ദർഭം ആംഗ്ളേയ ശക്തിയുടെ പ്രഭാതത്തിൻെറ വെളിച്ചം എങ്ങും വെളിപ്പെട്ടു.

ഈ അവസരത്തിൽ സ്വതന്ത്ര ഇന്ത്യയിൽ മറാട്ടകളുടെ അധികാരത്തിൻെറ ഒരു മങ്ങിയ വെളിച്ചം മാത്രമേ ഉണ്ടായിരുന്നുള്ളൂ മറെറാരു ദീപം വടക്കു പടിഞ്ഞാററ് പ്രദേശത്ത് ആളിക്കത്തിയിരുന്നു. രാജാറഞ്ചിത്ത്സിംഗിൻെറ ശക്തിയായിരുന്നുഇത്. മുസൽമാൻമ്മാരുടെതായി യാതൊരു ഗവമ്മെണ്ടുകളും ഉണ്ടായിരുന്നില്ല. എല്ലാം അവസാനിച്ചു കഴിഞ്ഞിരുന്നു എന്ന് മാത്രമല്ല ആംഗ്ളേയ ശക്തി

യുടെ മുമ്പിൽ അവർ തല കുനിക്കുകയും ചെയ്തിരുന്നു. ക്രി: 1800ന്റെ മദ്ധ്യത്തിൽ ലോഡ്ലെയിക്ക് ഇംഗ്ലീഷു പട്ടാളക്കാരെ നയിച്ചു കൊണ്ട് ദൽഹിയുടെ ഭാഗത്തേക്ക് കുതിച്ചു. ഇന്ത്യയുടെ രാജകീയ സേനകൾ അവരെ എതിരിട്ടു, എന്നാൽ ഇംഗ്ളീഷുകാരുടെ സൈനിക ശക്തി മറാട്ടകളുടെ ശക്തിയെ പരാജയപ്പെടുത്താൻ തക്കവണ്ണം വലുതായിരുന്നു. പരാജയപ്പെട്ട ദൽഹി ഇംഗ്ളീഷുകാരെ സ്വാഗതം ചെയ്യാൻ നിർബ്ബന്ധിതമായി. ലെയിക്ക പ്രഭു ദൽഹി പിടിച്ചടക്കിയ ശേഷം ശാഹ് ആലയുമായി ഒരു പുതിയ കരാറുണ്ടാക്കി.

സിന്ധ്യ പിൻമാറിയപ്പോൾ അൽക്കറും അമീർ അലീഖാനും ശത്രുക്കളെ നേരിട്ടു. എന്നാൽ ദൽഹി പടക്കളത്തിൽ അവരും പരാജയപ്പെടുകയുണ്ടായി. തദനന്തരം ധീരന്മാരായ സിക്കുകാരിൽ നിന്നു സഹായം ലഭിക്കുമെന്ന പ്രതീക്ഷയോടെ അവർ പഞ്ചാബിലെത്തി. അവിടെ നിന്നവർക്ക് സാമ്പത്തികമായ സഹായം ലഭിച്ചെങ്കിലും സൈനിക സഹായം ചെയ്യാൻ സിക്ക്സർദാർമാർ ആരും തന്നെ തെയ്യാറില്ല. മഹാരാജാ രജ്ഞിത്തസിംഗിൽ നിന്നു സഹായം ലഭിക്കുമെന്നായിരുന്നു അവരുടെ കാര്യമായ പ്രതീക്ഷ, പക്ഷെ അതും ഉണ്ടായില്ല.

അവരും തദനന്തരം ഇംഗ്ളീഷുകാരുടെ മുമ്പിൽ ആയുധം വെച്ചു കീഴടങ്ങേണ്ടിവന്നു. 1806ൽ ലോഡ്ലെയിക്കുമായി ഒരു കരാറുണ്ടാക്കി. നാട്ടിലേക്കു തിരിച്ചു. എന്നിരുന്നാലും ഇംഗ്ലീഷുകാരുടെ നേരെയുള്ള വെറുപ്പും ക്രോധവും അവരുടെ ഹൃദയങ്ങളിൽ ആളിക്കത്തിയിരുന്നു. നിർഭാഗ്യമെന്നു പറയട്ടെ ഇന്ത്യയിൽ എവിടേയും ആരും അവർക്ക് സഹായത്തിനെത്തിയില്ല. പക്ഷെ ഒരു രാജാവും ഒരു ഫഖീറും അവരുടെ നേരെ അനുതാപം പ്രദർശിപ്പിച്ചു, രാജാവ മാധവ്ജി സിന്ധ്യായും. ഫഖീറ ശാഹ് അബ്ദുൽ അസീസും ആയിരുന്നു. ഹൽക്കറും സിന്ധ്യായും തമ്മിൽ ബദ്ധ വൈരാഗികളായിരുന്നു. ഈ വിരോധം വളരെക്കാലം മുതൽക്കേ നീല നിന്നു വരുന്നതാണ്, പക്ഷെ ഇംഗ്ളീഷുകാരുടെ നേരെയുള്ള അടക്കവെയ്യാത്ത വിരോധം അവരെ

തമ്മിൽ യോജിപ്പിച്ചു, അങ്ങിനെ അമീർഅലിഖാനും അലക്കറും സിന്ധ്യയും ഏകോദര സഹോദരന്മാരെപ്പോലെ ശത്രുക്കളെ ധീരമായി നേരിടാൻ സന്നദ്ധരായി.

## ഒരു സങ്കീർണ്ണ പ്രശ്നം

1865ൽ പാററ്നയിലും ബക്സറിലും ശൂജാഉദ്ദൗലയും ഷാഹ്ആലയും പരാജയപ്പെട്ടപ്പോൾ ദൽഹി അധീനപ്പെടുത്തുക ഇംഗ്ലീഷുകാരെ സംബന്ധിച്ചിടത്തോളം പ്രയാസമുള്ള കാര്യമായിരുന്നില്ല. എന്തുകൊണ്ടെന്നാൽ ഇംഗ്ലീഷുകാരുടെ സൈനികശക്തി വളരെ ഉയർന്ന നിലവാരമുള്ളതായിരുന്നു. ഈ സ്ഥിതിയിൽ ദൽഹി അധീനപ്പെടുത്തുക എന്നതു എളുപ്പത്തിൽ അവർക്കു സാധിക്കുമായിരുന്നു എന്നാൽനിഷ്പ്രയാസം സാധിക്കാവുന്നആപ്രവൃത്തിക്കു തുനിയാതെ അവർ മറെറാരു മാർഗ്ഗമാണ് കൈക്കൊണ്ടത്. സ്വാഭാവികമായും മരിക്കാൻ പോകുന്നവരുടെ നേരെ വെടിയുണ്ടകൾ ഉതിർത്തുകൊല്ലുന്നതു ഭംഗിയല്ലെന്നും അതൊരനാവശ്യ പീഡനമാണെന്നും അവർ കരുതി. രോഗികളെ ചികിത്സിച്ചു സുഖപ്പെടുത്താൻ തുനിയാതെ വിഷംകലർന്ന ഔഷധങ്ങൾ കൊടുത്ത് നിർജ്ജീവിന്റെ വായിലേക്ക് തള്ളിവിടുകയായിരിക്കും നല്ലതെന്നു അവരിലെ ചിന്തകന്മാർ തീർച്ചപ്പെടുത്തി. അടുത്തുകൊല്ലും മരിക്കാൻപോകുന്നവരെ സൈനികശക്തിമുഖേന വേഗം കൊല്ലുന്നതു അഭികാമ്യമല്ലെന്നു് അവർ നിശ്ചയിച്ചു. എന്നുമാത്രമല്ല അങ്ങിനെ ചെയ്യുന്നതു തങ്ങളുടെവ്യാപാരഏർപ്പാടുകൾക്കും ചൂഷണത്തിന്നും നാട്ടിന്റെ സ്വാധീനം ലഭിക്കുന്നതിന്നും ഹാനികരമായിരിക്കുമെന്നും അവർക്കുതോന്നി. അങ്ങിനെ ജനങ്ങളെ വേഗംകൊന്നൊടുക്കാൻ തൽക്കാലം അവർ മുതിർന്നില്ല, 1803ൽ ദൽഹി അധീനപ്പെടുത്തിയപ്പോഴും ഈ നയംതന്നെയാണ് അവർ അംഗീകരിച്ചത്. എന്നുവെച്ചാൽ സുൽത്താനെ സ്ഥാനഭ്രഷ്ടനാക്കി രാജസിംഹാസനവും കിരീടവും കൈവശപ്പെടുത്തുന്നതിനുപകരം ഇംഗ്ലണ്ടിലെ പാർലിമെണ്ടിന്റെ നടപടിക്രമത്തിലുള്ള മാതൃകതന്നെയാണ് ഇന്ത്യയിലും അവർ സ്വീകരിച്ചത്.



പലകൊല്ലങ്ങളായി ഇംഗ്ലണ്ടിൽ നടന്നുവരുന്ന രീതി ഇപ്രകാരമായിരുന്നു. അധികാരമെല്ലാം പാർലിമെണ്ടിന്ന് രാജാവുനാമമാത്രം, ഇവിടെയും രാജാവിനെയും കിരീടത്തെയും സിംഹാസനത്തെയും നിലനിർത്തിക്കൊണ്ട് അധികാരമെല്ലാം ഈസ്റ്റിന്ത്യാകമ്പനിക്കു വിട്ടുകൊടുത്തു. അതിന്റെ അർത്ഥം ജനങ്ങൾ ദൈവത്തിന്റെ രാജ്യം രാജാവിന്റെ അധികാരങ്ങളെല്ലാം ഈസ്റ്റിന്ത്യാകമ്പനിയിൽ നിക്ഷിപ്തം എന്നത്രെ,

## വിനാശകാലേ വിപരീതബുദ്ധി

ഗൗരവപരമായ ഒരു പ്രശ്നത്തെ സംബന്ധിച്ചു കാലവിചിന്തനം ചെയ്യാതിരുന്നതിന്റെ ദോഷഫലം നാംവേണ്ടുവോളം അനുഭവിച്ചുകഴിഞ്ഞു. ഈശ്വരന്റെ അസ്തിത്വത്തെയും അവന്റെ പരിപൂർണ്ണ ശക്തിയെയും സ്വീകരിക്കുന്നതോടൊപ്പം മതത്തിന്നു സംരക്ഷണം നൽകുമെന്ന ഉറപ്പു തന്നിട്ടുണ്ട്. സുൽത്താന്റെ സൽഭരണത്തിന്നും തൈമൂർ വംശത്തിന്റെ പദവിക്കും യാതൊരു ഹാനിയും പററുകയില്ലെന്ന ഉറപ്പ് നൽകുകയും ചെയ്യിട്ടുണ്ട. അങ്ങിനെ ഇതെല്ലാം നിലനിർത്തിക്കൊണ്ട് ഭരണകാര്യങ്ങൾ ഹിന്ദുക്കളും മുസൽമാന്മാരുമായ ഉദ്യോഗസ്ഥന്മാരിലും മന്ത്രിമാരിലും അർപ്പിതമായിരുന്നു. ഇപ്പോൾ ആ നിലക്ക് അല്പം വ്യത്യാസം വന്നിട്ട്. അതു് ഈസ്ററിന്ത്യാ കമ്പനിയുടെ അധീനതയിലായിതീർന്നു അവരാകട്ടെ താൽക്കാലികമായി വളരെ തന്മയത്വത്തോടും തന്റേടത്തോടും കൂടിയാണ് കാര്യങ്ങൾ കൈകാര്യംചെയ്യാൻ തുടങ്ങിയത് മതത്തിന്നും സംസ്കാരത്തിന്നും സംരക്ഷണം നൽകണമെന്നുള്ള വാഗ്ദാനത്തിന്നു പുറമെ ഹൈന്ദവ സാമൂഹ്യകാര്യങ്ങൾ ഹിന്ദുപണ്ഡിതന്മാരുടെ തീരുമാനത്തിന്നും മുസ്ലീംകളുടെ മതപരമായ പ്രശ്നങ്ങൾ ഖാസിമാരുടെ വിധിക്കും അനുസരിച്ചായിരിക്കുമെന്നും ഉറപ്പുവരുത്തി. ഇരു സമുദായക്കാർക്കും സാംസ്കാരികസ്വയം നിർണ്ണായകാവകാശം അനുവദിക്കപ്പെട്ടു.

# വിവേകമില്ലായ്മ ഇരുവിഭാഗത്തിലും

ജനസാമാന്യത്തിനെന്നപോലെ വിദ്വൽവൃന്ദത്തിന്നും ഭവിഷ്യൽഫലങ്ങളെപ്പററി വിചിന്തനം ചെയ്യാനുള്ള വിവേകം ഉണ്ടായിരുന്നില്ലെന്നുള്ളതു ഖേദകരമാണ്. പഴയകാലത്തെ ഉദ്യോഗസ്ഥന്മാരുടേയും മന്ത്രിമാരുടേയും ഇംഗ്ലണ്ടിലെ പാർലിമെണ്ടിന്റെയും ക്യാബിനററിന്റെയും ഇന്ത്യയിലെ ബോർഡ് ഓഫ് ഡയറക്ടേഴ്സിന്റെയും (ഡയറക്ടർസമിതിയുടെ) സ്ഥിതിവിശേഷങ്ങളെ സംബന്ധിച്ച പഠനം നടത്താനൊ ചിന്തിക്കാനോ ഇവിടത്തെ വിദ്വൽവിഭാഗത്തിന്നു സാധിച്ചില്ല. തങ്ങളുടെ മതവും സംസ്കാരവും വിശിഷ്യ സുൽത്താനും സുരക്ഷിതമാണെന്നു മാത്രമേ അവർ ചിന്തിച്ചുള്ളു. എന്നാൽ ഏററവും സങ്കീർണ്ണമായ ഒരു പ്രശ്നം തദവസരത്തിൽ ഉൽഭവിച്ചിട്ടുണ്ടായിരുന്നു ആ പ്രശ്നം ഇതാണ് മുകളിൽപറഞ്ഞ നിലയിലുള്ള ഒരവസ്ഥാവിശേഷം സംജാതമാകുമ്പോൾ അതു് സ്വാതന്ത്ര്യമോ അടിമത്വമോ ആണെന്നുള്ളതാണ് ആ പ്രശ്നം. ഇസ്ലാമിക നിയമദൃഷ്ട്യാ ഈ സങ്കീർണ്ണ പ്രശ്നത്തെ ഇങ്ങിനെ സംഗ്രഹിക്കാം, ഇപ്പോൾ ഭാരതഭൂഖണ്ഡത്തെ പഴയപടി ദാറുൽ ഇസ്ലാമായി പരിഗണിക്കാമൊ അല്ലെങ്കിൽ 'ദാറുൽ ഹർബ്'ായി കണക്കാക്കി ഇവിടത്തെ ഗവമ്മെണ്ടിനോട് യുദ്ധം ചെയ്യുക അല്ലെങ്കിൽ ഇന്നാട്ടിൽ നിന്നുവിട്ടുപോകുക മതപരമായി നോക്കുമ്പോൾ നിർബ്ബന്ധമാണൊ അഥവാ ഇവിടെ ഭരണം നടത്തുന്നതു അമുസ്ലീം ഗവമ്മെണ്ടാണെങ്കിലും മുസൽമാൻമാരുടെ സ്വത്തിന്നും ജീവനും രക്ഷയുള്ളതുകൊണ്ടും മതപരമായ സ്വാതന്ത്ര്യം അവൎക്കനുവദിക്കപ്പെട്ടതുകൊണ്ടും എന്നെ ദാറുൽ അംന് ആയി സ്വീകരിക്കാമോ ഈ അടിസ്ഥാനത്തിൽ ആ ഗവമ്മെണ്ടിന്നു നേരെ സമരം ചെയ്യാൻ പാടുണ്ടോ.

എന്നാൽ ക്രി 19-ാം നൂററാണ്ടിന്റെ ആരംഭത്തിൽ ഏററവും വിഷമകരമായ ഒരു പ്രശ്നമാണ് രാഷ്ട്രീയചിന്തകന്മാൎക്കും നേരിടേണ്ടിവന്നത്. ഈ പ്രശ്നത്തിന്റെ മറുപ

ടി, ഏക സ്വഭാവത്തിലുള്ളതായിരുന്നില്ല, തന്നിമിത്തം
വഞ്ചകരും തന്ത്രജ്ഞന്മാരും ഭരണവിഷയത്തിൽ വൈദ
ഗ്ദ്ധ്യം സിദ്ധിച്ചവരുമായ കൂട്ടർക്ക് ഉലമാക്കളുടെ ഇട
യിലുണ്ടായ ഈ ഭിന്നാഭിപ്രായം ഉപയോഗപ്പെടുത്തി
ക്കൊണ്ട് അവർ ജനങ്ങളെ വഴിപിഴപ്പിച്ചു. എളുപ്പ
ത്തിൽ ഉദ്ദിഷ്ടകാര്യങ്ങളിൽ അവർ വിജയികളായിതീർ
ന്നു, എന്നാൽ ഹസ്റത്ത് ഷാഹ് വലീയുള്ള സാഹിബി
ന്റെ രാഷ്ട്രീയ പാഠശാലയിൽ നിന്നു പരിശീലനം സി
ദ്ധിച്ച വ്യക്തികളെ അവൎക്കു വഞ്ചിക്കാൻ കഴിഞ്ഞില്ല.
ആ പാർട്ടിയുടെ അനിഷേധ്യനേതാവായശാഹ് അബ്ദുൽ
അസീസ് സാഹിബ് ഈ സങ്കീർണ്ണപ്രശ്നത്തിന്റെ മറ
പടിയായി ഒരു ഫത്തുവ പുറപ്പെടുവിച്ചു, 'ഫാർസി'(പേ
ർസ്യൻ)ഭാഷയിലുള്ള ആ ഫത്തുവയുടെ തർജ്ജമ അതിപ്ര
കാരമാണ്:—''ഇവിടെ വൈദേശിക ക്രൈസ്തവ ഉദ്യോ
ഗസ്ഥന്മാരുടെ അധികാരവും നിയമവും യാതൊരു തട
സ്സവും പ്രതിബന്ധവും കൂടാതെ നടക്കുന്നുണ്ട് അവരുടെ
അധികാരവും ഭരണവുമെല്ലാം നടക്കുക എന്നതിന്റെ അ
ൎത്ഥം പ്രജാസംരക്ഷണം കരംപിരിവ് തുടങ്ങിയ ധനാഗ
മമാർഗ്ഗങ്ങൾ കച്ചവടഏർപ്പാടുകൾ രാജ്യരക്ഷാവ്യവ
സ്ഥകൾ എന്ന വേണ്ടാസിവിൽപട്ടാളം പോലീസ്കോ
ടതി കസ്റ്റംസ് ഡ്യൂട്ടി മുതലായവയെല്ലാം അവരുടെ
അധികാരത്തിലും ഉടമസ്ഥതയിലും ആണ്. ഇന്ത്യക്കാ
രന്റെകാര്യത്തിൽ യാതൊരുപങ്കും ഇല്ല. എന്നാൽ മു
സൽമാൻന്മാരുടെ ജുംഅപെരുന്നാൾ മുതലായ നമസ്കാര
ങ്ങളും യാതൊരു തടസ്സവും ഇല്ല. ഗോവധവും അനുവദിക്ക
പ്പെട്ടിട്ടുണ്ട്. ഇങ്ങിനെയെല്ലാമാണെങ്കിലും എല്ലാററി
ന്റെയും നാരായ വേരായ സ്വാതന്ത്ര്യം പറെറ തടയപ്പെ
ട്ടിരിക്കയാണ്. എന്നുവെച്ചാൽ മനസ്സാക്ഷിക്കനുസരിച്ച്
അഭിപ്രായ പ്രകടനം ചെയ്യാനൊ അതുപോലെയുള്ള കാ
ര്യങ്ങൾ നിർവ്വഹിക്കാനോ നിവൃത്തിയില്ല. അതായത്
അഭിപ്രായ സ്വാതന്ത്ര്യവും പൗര സ്വാതന്ത്ര്യവും, നിശ്ശേഷം
തടയപ്പെട്ടിരിക്കുന്നു. മുസ്ലിം ദേവാലയങ്ങൾ നശിപ്പിക്കാ
റും ഉണ്ട്. നാട്ടിലെ ബഹുജനങ്ങളുടെ പൗരസ്വാതന്ത്ര്യം കേ

വലം നാമ വിശേഷമായിരിക്കുന്നു. എന്തിനേറെ പറയുന്നു. ഇന്ത്യയിലെ ഒരു മുസൽമാനോ ഹിന്തുവിനോ ആ വിദേശാധികാരികളുടെപാസ്സ്പോർട്ടും. പെർമിററും കൂടാതെ ഈ പട്ടണത്തിലൊ അല്ലെങ്കിൽ അതിൻെറ ചുററുപാടുമുള്ള രാജ്യങ്ങളിലോ പ്രവേശിക്കാവുന്നതല്ല. മുസാഫിർകൾക്കും വ്യാപാരികൾക്കും പട്ടണത്തിൽ പ്രവേശിക്കാൻ അനുമതി നൽകപ്പെടുന്നുണ്ടെങ്കിൽ അത് നാട്ടിൻെറ നന്മയെ ഉദ്ദേശിച്ചോ പൊതു ജനങ്ങളുടെ പൗര സ്വാതന്ത്ര്യത്തിൻെറ അടിസ്ഥാനത്തിലോ അല്ല. എന്നാൽ അത് ആ വിദേശികളുടെ സ്വാത്ഥ താൽപര്യത്തെ ലാക്കാക്കി മാത്രമാണ് എന്തിനേറെ ശ്രുജാഉൽമുൽക് ഹലായത്തീ ബീഗം മുതലായവരെപ്പോലെയുള്ള ഉൽകൃഷ്ട വ്യക്തികൾക്കുപോലും ആ വിദേശാധികാരികളുടെ അധികാര പത്രം കയ്യിലില്ലാതെ ഈ പട്ടണത്തിൽ പ്രവേശിക്കാൻ പാടില്ല. ദൽഹിമുതൽ കൽക്കത്ത വരെ അവരുടെ ഭരണത്തിൽ കീഴിലാണ് എന്നാൽ ഹൈദരബാദ് ലക്നോ രാംപൂർ മുതലായ തെക്കും വടക്കുമുള്ള രാജ്യങ്ങളിലെ രാജാക്കന്മാർ അവക്ക് കീഴടങ്ങി എന്നുള്ളത് ഒരു വസ്തുതയാണ്. അവിടങ്ങളിൽ വൈദേശിക ക്രൈസ്തവ ഭരണാധികാരികളുടെ ഭരണം നേർക്കുനേരെ നടക്കുന്നില്ല. ( എന്നാൽ ഇതുകൊണ്ടൊന്നും രാജ്യം മുഴവനും ദാറുൽഹറബ് ആവാതിരിക്കുന്നില്ല)

" ഫത്താവാ അസീസി ഒന്നാം വാള്യം പേജ് "

എതിരുകാരുടെ ആക്ഷേപങ്ങൾക്ക് മറുപടി നൽകിക്കൊണ്ട് പുറപ്പെടുവിച്ച മറെറാരു ഫത്തുവയിലും ഇന്ത്യാ ദാറുൽഹറുബാണെന്ന് അദ്ദേഹം സ്ഥാപിച്ചിട്ടുണ്ട്. ഫത്താവാ അസീസി പേജ് 105.

മതത്തിൻെറ ഭാഷയിലാണ്ഫത്വ പുറപ്പെടുവിച്ചിട്ടുള്ളതെങ്കിലും ദാറുൽഹറബ് എന്ന സാങ്കേതിക പദം ആണ് അദ്ദേഹം ഉപയോഗിച്ചിട്ടുള്ളത്. ബാഹ്യമായി അത് ഇസ്ലാമിക വിധിയെ വ്യക്തമാക്കുന്നുണ്ടെങ്കിലും അത് രാഷ്ട്രീയ ചൈതന്യമുള്ളതാണ്. അതിനെ ഇങ്ങിനെ വിശകലനം ചെയ്യാം. ( 1 ) നിയമ നിർമ്മാണത്തിനുള്ള

അധികാരങ്ങളെല്ലാം വൈദേശിക ക്രൈസ്തവരുടെ കയ്യിൽ അധിഷ്ടിതമാണ്. (2) മതത്തിന്റെ നേരെയുള്ള ബഹുമാനവും അതിന്റെ പദവിയും നിശ്ശേഷം ഇല്ലാതെ യായിരിക്കുന്നു. (3)പൗര സ്വാതന്ത്ര്യം എടുത്ത് കളയപ്പെട്ടിരിക്കുന്നു. ആകയാൽ ഈ വൈദേശിക ശക്തിക്കെതിരായി യുദ്ധം പ്രഖ്യാപിക്കേണ്ട എല്ലാ ദേശാഭിമാനികളുടെയും ഒഴിച്ചുകൂടാത്ത കടമയാണ്. ആ വിദേശികൾ ഈ നാട്ടിൽ നിന്നു വിട്ടുപോകാത്ത കാലത്തോളം ഈ നാട്ടിൽ ജീവിക്കുക പ്രയാസമാണ്.

## ശ്രദ്ധേയമായ ഒരുവാർത്ത

ക്രി: 1782ൽ മീർസാനജിബഖാൻ നിര്യാതനായി. അദ്ദേഹത്തിന്റെ വിയോഗാനന്തരം അദ്ദേഹത്തിന്റെ സ്ഥാനത്തിന്നു രണ്ട്അവകാശികൾ രംഗത്തുവന്നു. ഒന്ന്അഫ്രാസിയാബും മററൊന്ന് മീർസാശാഫിയും ആയിരുന്നു, നജിബ്അലിഖാനും അദ്ദേഹത്തിന്റെ സഹോദരിയുമാണ് അഫ്രാസിയാബിനെ വളത്തിയത്, മീർസാശാഫീ നജിബലിഖാന്റെ കുടുംബത്തിലെ ഒരംഗമായിരുന്നു. വളരെ അധികം ബഹളവും ഒച്ചപ്പാടും നടന്നശേഷം മീർസാ മുഹമ്മദ്ശാഫീ അമീറുൽ ഉമറായുടെ പദവി നേടി. ഏതാനം ദിവസങ്ങൾക്കശേഷം മുഹമ്മദബേഗ് എന്ന പേരായ ഒരാൾ, അയാൾ ഈ കുഴപ്പത്തിലെ ഒരു പ്രധാന വ്യക്തിയായിരുന്നു, മീർസാമുഹമ്മദ്ശാഫീയിനെ വകവരുത്തി. തദനന്തരം. അഫ്രാസിയാബുഖാൻ അമീറുൽഉമറാ ആയി തീൻ. അങ്ങിനെ കുറെ നാളുകൾക്ക് ശേഷം മീർസാമുഹമ്മദ്ശഫീയുടെ സഹോദരൻ സൈനൽആബിദീൻ അഫ്രാസിയാബിന്റെ കഥ കഴിച്ചു. ഈ ഒളിയുദ്ധം മൂലം സുൽത്താൻ നന്നെ വിഷമിച്ചു. അദ്ദേഹം പരിസര പ്രദേശങ്ങളിലുള്ള നാടുവാഴി പ്രഭുക്കന്മാരിൽ നിന്നു സഹായം തേടാതെ മറാട്ടക്കാരുടെ നേരെ സഹായഹസ്തം നീട്ടി. മറാട്ടകൾ അദ്ദേഹത്തെ സന്തോഷത്തോടുകൂടി സ്വാഗതം ചെയ്തു. പിന്നീട് പേഷ്വായെ അമീറുൽഉമറാ ആയും മാധോലീസിന്ധ്യായെ നായിബ് അമീറുൽ ഉമറാ ആയും നി

ശ്ചയിച്ചു. മാസംതോറും 65000ക സുൽത്താന്നു പാരിതോഷികമായി കൊടുക്കാനും തീർച്ചപ്പെ4ത്തി.

താരീഖ് ഹിന്തുസ്ഥാൻ പേജ് 328 മുതൽ 331വരെ

നജിബ്ഖാൻെറ മരണം നടന്നശേഷം മുതൽ ഏതാണ്ട് 20 കൊല്ല കാലത്തോളം ഭരണാധികാരം മറാട്ടകളുടെ കയ്കളിൽ ഒതുങ്ങി. മറാട്ടകളുടെ നേതാവായ മാധവ്നാറായ പിന്നീടദ്ദേഹം ബാലീറാവു എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങി, അമീറുൽ ഉമറാ ആയിതീർന്നു മാധവജി സിന്ധ്യനായിബു അമീറുൽ ഉമറായും ആയി. അങ്ങിനെ ലോകം 20 കൊല്ലം മുമ്പുള്ള ഒരു സ്ഥിതി വിശേഷം വീണ്ടും കാണാൻ തുടങ്ങി,

മുമ്പ് നിയമം ഈ സ്ററിന്ത്യാ കമ്പനിയുടേതായിരുന്നെങ്കിൽ ഇപ്പോൾ പേഷ്വായുടെയും സിന്ധ്യായുടെയും ആയിതീർന്നു എന്നർത്ഥം. എന്നുവെച്ചാൽ തലസ്ഥാന നഗരത്തിലും അതിൻെറ പരിസര പ്രദേശങ്ങളിലും ഒരു അമുസ്ലിം ഗവമ്മെണ്ട് ഉടലെടുത്തു അതായത്മറാട്ടകൾ അധികാരത്തിൽ വന്നു എന്ന്.

അക്കാലത്ത് ശാഹ്അബ്ദുൽ അസീസ് സാഹിബും അദ്ദേഹത്തിൻെറ പാർട്ടിയിലെ എല്ലാ അംഗങ്ങളും ഡൽഹിയിൽതന്നെ ഉണ്ടായിയിരുന്നു. അവരുടെ കൺമുമ്പിലാണ് ഇതെല്ലാം നടന്നത്. അവരുടെ വായിൽ നാവുണ്ടായിരുന്നു. കൈകളിൽ പേനയുണ്ടായിരുന്നു, എന്നാൽ മറാട്ടകൾ അമുസ്ലീംകളായതുകൊണ്ട് അവരാരും തന്നെ മറാട്ട ഗവർമ്മെണ്ടിൻെറ നേരെ യുദ്ധം പ്രഖ്യാപിച്ചില്ല. എന്നാൽ ഭരണത്തിലുള്ള അപാതകൾ അവർ ധീര ധീരം ചൂണ്ടിക്കാണിക്കുകയും എതിക്കുകയും ചെയ്തിരുന്നു. ഈ 20 കൊല്ലക്കാലഘട്ടങ്ങളിൽ ഒരവസരത്തിലും തങ്ങളുടെ ജന്മ ഭൂമിയായ ഇന്ത്യാരാജ്യം ദാറുൽഹറബായി പ്രഖ്യാപിക്കുകയോ ഇന്ത്യക്കാർ ഇവിടെ നടക്കുന്നത് അമുസ്ലീമുകളുടെ ഭരണമായതുകൊണ്ട് സ്വാതന്ത്ര്യത്തിന്നുവേണ്ടി പോരാടണമെന്നും അല്ലെങ്കിൽ നാട്ട് വിട്ട്പോകണമെന്നും അവർ ഫത്ത്വ പുറപ്പെടുവിച്ചില്ല.

ശാഹ് അബ്ദുൽ അസീസിൻെറ ഉത്തമ ശിഷ്യന്മാരാ യ റോഹില പഠാന്മാർ മറാട്ടകളുമായി ആത്മാർത്ഥമായ ബന്ധത്തിൽ ഏർപ്പെട്ടിരുന്നു. ഒരിക്കലും അവർ ആ അമുസ്ലീം ഗവർമ്മെണ്ടിന്ന് എതിരായി പ്രവർത്തിക്കുക യോ നാവനക്കുകയോ ചെയ്തിട്ടില്ല. ഈ അവസരത്തിൽ ഒരു സംഗതികൂടി നാം ഓർക്കേണ്ടതുണ്ട് ശാഹ് അബ്ദുൽ അസീസ് സാഹിബ് പൊതു രംഗത്ത് പ്രവർത്തിക്കാൻ തുടങ്ങിയപ്പോൾ വളരെ അധികം കഷ്ടപ്പാടുകളും മർദ്ദനങ്ങളും ഏൽക്കേണ്ടിവന്നിട്ടുണ്ടെന്ന് റിപ്പോർട്ടു ചെയ്യപ്പെടുന്നുണ്ട്. ഇംഗ്ലീഷുകാരുടെ ഉററബന്ധുവും അവരുടെ സഹായിയും ആയിരുന്ന നജീബലിഖാനാണ് അതിൽ മുൻപന്തിയിൽ നിന്നിരുന്നത്.

## സ്തംഭനാവസ്ഥ

ഇംഗ്ലീഷുകാരുടെ ശീഘ്രഗതിയിലുള്ള നീക്കവും ശക്തിയും കണ്ടു ഇതികർത്തവ്യതാമൂഢരായി നിന്നിരുന്ന മുസ്ലീമുകൾക്ക് ഈ ഫത്തുവ ഒരു മാർഗ്ഗം തുറന്നു കൊടുക്കുകയും അവരിലുണ്ടായ സ്തംഭനത്തെ അവസാനിപ്പിക്കുകയും ചെയ്തു. തന്മൂലം ചിന്നിച്ചിതറി കിടന്നിരുന്ന യോദ്ധാക്കൾ വീണ്ടും സംഘടിച്ചു ആംഗ്ലേയരുടെ നേരെ യുദ്ധം ചെയ്യാൻ സന്നദ്ധരായി. മറാട്ടകൾ മാത്രമായിരുന്നു തദവസരത്തിൽ ഇംഗ്ലീഷുകാരുടെ നേരെ ഉറച്ചു നിന്നെതിർത്തിരുന്നത്. എന്നാൽ മുസൽമാൻന്മാരും മറാട്ടകളും പഴയ കാലത്ത് ഉണ്ടായിരുന്ന വിരോധം പറെറ അവസാനിപ്പിച്ചു. ഇരു കൂട്ടരും വളരെ യോജിപ്പോടു കൂടി അന്ത്യം വരെ ഇംഗ്ലീഷുകാരോട് യുദ്ധം ചെയ്യാൻ ഒരുങ്ങിക്കൊണ്ട് രംഗത്തിറങ്ങി. ഈ അവസരത്തിൽ ഹസ്രത്ത്ശാഹ് അബ്ദുൽ അസീസ് സാഹിബ് തൻെറ പ്രത്യേക അനുയായികളേയും ശിഷ്യന്മാരെയും സയ്യിദ് അഹമ്മദ് സാഹിബിനേയും അമീർ അലിഖാൻെറ അടുക്കലേക്കയച്ചു. അദ്ദേഹം ജസ്വന്തറാവു അൽക്കറുമായി യോജിച്ചുകൊണ്ട് ഒരു നീണ്ടകാലം മുതൽക്കേ ഇംഗ്ലീഷുകാരോട് ഒളിയുദ്ധം നടത്തുകയായിരുന്നു.

## ഭരണമാററങ്ങൾ

ക്രി: 1798 മുതൽ 1805 വരെ—ഏഴുകൊല്ലക്കാലം ഇന്ത്യയിൽ വെല്ലസ്ലി പ്രഭുവിൻെറ ഭരണമായിരുന്നു. തദനന്തരം ഈസ്ററിന്ത്യാ കമ്പനിക്കാരുടെ ഭരണഘട്ടമായി 1999 ൽ ടിപ്പു സുൽത്താൻ മരണം പ്രാപിച്ചു, അതിന്നു ശേഷം 1802ൽ പേഷ്വാവയെ നിർബ്ബന്ധിച്ച് ഒരു കരാറിൽ ഒപ്പുവെപ്പിച്ചു. ഇംഗ്ലീഷുകാരുടെ ഒരു സൈനിക വിഭാഗം പേഷ്വാവയുടെ അധീനത്തിലുള്ള പ്രദേശത്ത് ഉണ്ടായിരിക്കണമെന്ന നിബന്ധന ആ കരാറിൽ ചേർത്തിട്ടുണ്ടായിരുന്നു. പിന്നീട് സിന്ധ്യായുടെ പട്ടാളക്കാരെ പരാജയപ്പെടുത്തികൊണ്ട് 1803ൽ ദൽഹി അധീനപ്പെടുത്തി, മഹാരാജാ യസ്വന്തറാവുഹൽക്കറിൻെറയും അദ്ദേഹം സ്വസഹോദരനെപ്പോലെ കരുതിവരുന്ന അമീർഅലിഖാൻെറയും ശക്തി പററെ ക്ഷയിച്ചു. ഇവർ രണ്ടു പേരും പരാജയപ്പെട്ടു പിൻതിരിയേണ്ടതിന്നു നിർബ്ബന്ധിതരായി തീർന്നു. എന്നിരുന്നാലും ഇംഗ്ലീഷുഗവൺമെണ്ടിൻെറ നേരെയുള്ള കടുത്ത വെറുപ്പും ശക്തിയായ അമർഷവും അവരുടെ ഹൃദയങ്ങളിൽ ആളിക്കത്തികൊണ്ടിരുന്നു വീണ്ടും ശക്തി സംഭരിക്കാനുള്ള ഭഗീരഥ യത്നം ഒട്ടും തളരുകയുണ്ടായില്ല. അങ്ങിനെ ഏതാനും കൊല്ലങ്ങൾക്കു ശേഷം ഈ പരിശ്രമം പൂർണ്ണ വിജയത്തിലെത്തി. ജസ്വന്തറാവു ഹൽകറും അമീർ അലിയും വീണ്ടും യുദ്ധത്തിന്നു പുറപ്പെട്ടു. പേഷ്വാവയും തൻെറ സൈന്യത്തെ സജ്ജമാക്കി. ദൗലത്ത്റാവു സിന്ധ്യാവട്ടെ ഇംഗ്ലീഷുകാരുടെമാതൃകയിലാണ് യുദ്ധ ഉപകരണങ്ങളും സൈന്യവും ശരിപ്പെടുത്തിയത് എന്ന് മാത്രമല്ല നേപ്പാൾ മഹാരാജാവുമായി രഹസ്യമായ കൂട്ടുകെട്ടും ഉണ്ടാക്കി. മദ്ധ്യ ഇന്ത്യയിലെ രണ വീരന്മാരായ പിണ്ഡാരികൾ വമ്പിച്ച കലാപത്തിന്നൊരുങ്ങി ഇംഗ്ലീഷുകാരുടെ അധീനത്തിലുള്ള പ്രദേശങ്ങളിലും അവരുമായി സഖ്യത്തിലേർപ്പെട്ടിട്ടുള്ള സ്റ്റേററ്കളിലും ഒളിയുദ്ധം ആരംഭിച്ചു. എന്നു വെച്ചാൽ ഇന്ത്യയിലെ എല്ലാ ശക്തികളും ഒരിക്കൽ കൂടി ഇംഗ്ലീഷുകാർക്കെതിരായി യുദ്ധ രംഗത്തിറങ്ങി.



യൂറോപ്പിൽ നെപ്പോളിയൻ ബൊണാപ്പാർട്ടിൻെറ വിജയക്കൊടികൾ പാറിപ്പിക്കുന്ന ഒരു സന്ദർഭമായിരുന്നു ഇത്. അദ്ദേഹം ഇംഗ്ലീഷുകാരുടെ നേരെ ഇന്ത്യയിൽ നടന്നു കൊണ്ടിരിക്കുന്ന പോരാട്ടത്തിൽ ഇന്ത്യക്കാരെ സഹായിക്കേണ്ടതിന്നു അപേക്ഷിച്ചു കൊണ്ട് ഒരു പ്രതിനിധി സംഘത്തെ ഇറാനിലേക്കയച്ചു ഈ വിവരം മണത്തറിഞ്ഞ ഇംഗ്ലീഷുകാർ 1808ൽ മഹാരാജാരഞ്ജിത് സിംഗുമായി ഒരു കരാറിലൊപ്പിട്ടു പട്ട്യാല, നാഭാ, കപൂർത്തല മുതലായ സ്റ്റെയിററുകൾ യാതൊരു പ്രേരണയും കൂടാതെ ഇംഗ്ലീഷുകാരുടെ ഭരണത്തിന്നു വഴങ്ങുകയും അവരുമായി സഖ്യത്തിലേർപ്പെടുകയും ചെയ്തിട്ടുണ്ടായിരുന്നു. ആകപ്പാടെ 1808 മുതൽ ആരംഭിക്കുന്ന ഈ കാലഘട്ടം ഭാരതീയ രാജാക്കന്മാരു, ഇംഗ്ലീഷുകാരും തമ്മിലുള്ള ശക്തി പരീക്ഷണത്തിൻെറ ഏററവും ഒടുവിലത്തേതും ഭയാനകവുമായ കാലഘട്ടമായിരുന്നു. ഈ വിഷമ ഘട്ടത്തിൽ ശാഹ്വലിയുല്ലായുടെ പാർട്ടിയുടെ നേതാവ് മൗലാനാ അബ്ദുൽ അസീസ് സാഹിബ് നിശ്ശബ്ദമായി ഇരിക്കാതെ തൻെറ അനുയായികളേയും ഭക്തന്മാരേയും സയ്യിദ് അഹമദ് സാഹിബിനോടൊപ്പം ജശുവന്തുറാവുഹൽക്കറിൻെറ ആത്മ സുഹൃത്തായ നവാബ അമീർ അലിഖാൻെറ സൈന്യത്തിൽ ചേർക്കുകയുണ്ടായി. ഈ വിധത്തിലാണ് അദ്ദേഹത്തിൻെറ ഹുജ്ജുവ പ്രാവർത്തികരൂപത്തിൽ മുസൽമാൻമാരുടെ മുമ്പിൽ പ്രദർശിപ്പിക്കപ്പെട്ടത്.

## പിണ്ഡാരികൾ

എങ്ങും സ്ഥിരമായി താമസ മുറപ്പിക്കാത്ത ദിക്ക് സഞ്ചാരികൾ മദ്ധ്യേന്ത്യയിൽ ഉണ്ടായിരുന്നു. പിണ്ഡാരികൾ എന്ന പേരിലാണ് അവർ അറിയപ്പെട്ടിരുന്നത്. അക്കാലത്തെ അധികാര വൃന്ദത്തിന്ന് അവർ വലിയ ശല്യങ്ങളുണ്ടാക്കിത്തീർത്തിരുന്നു. സന്ദർഭം ലഭിച്ചാൽ കോഹിലികൾ അസ്സംബാക്കുകൾ, മറാട്ടകൾ എന്നിവരെ പോലെ

അധികാരവും സ്ഥാപിക്കാറുണ്ടായിരുന്നു, ക്രി: 1794 ൽ മാധവജിസിന്ധ്യ പിണ്ഡാരികളുടെ രണ്ടു വലിയ സർദാർമാക്ക് മലവാര പ്രദേശത്ത് കുറെ ഭൂമികൾ സൗജന്യമായി നൽകി. ഇതിൽ ഒരു സർദാർ മരണപ്പെട്ടപ്പോൾ അദ്ദേഹത്തിന്റെ മക്കളായ ദോസ്തമുഹമ്മദും വാസിൽമുഹമ്മദ്ഖാനും നേതാക്കളായി തീർന്നു. തദനന്തരം മറ്റൊരു സർദാറായ കരീംഖാൻ വളരെ ശക്തി സംഭരിച്ചു അയാൾ ഹൽകറും കൂടി പ്രവത്തിക്കാൻ തുടങ്ങി. 1806ൽ അയാൾ 11പർഗനയുടെ (താലൂക്ക്) ഉടമസ്ഥനായി തീർന്നു. ഏതാണ്ട് അവയുടെ വരുമാനം 15ലക്ഷം ആയിരുന്നു. സിന്ധ്യ ആയാൾക്ക് നവാബ് എന്ന ബഹുമതി നൽകി. അയാൾ ബോപാലിലെ ചില പ്രദേശങ്ങൾ കൂടി അധീനപ്പെടുത്തി.

ദൗലത്ത്റാവു സിന്ധ്യ എന്തോ സംഗതിക്ക് അയാളുമായി പിണങ്ങി, അയാളെ തടവിൽ വെച്ചു. അങ്ങിനെ അയാൾ 5കൊല്ലക്കാലം ഗ്വാളിയോർജെയിലിൽ കിടന്നു. അക്കാലത്ത് ചിത്തൊ വളരെ ശക്തി സമ്പാദിച്ചു. ദോസത മുഹമ്മദിന്റെയും വാസിൽഖാന്റെയും പാർട്ടിക്കാരും ചിത്തൊവിനോടു കൂടി ചേർന്നു. കരീംഖാൻ 6ലക്ഷം ഉറുപ്പിക കൊടുത്തു തടവിൽ നിന്നു് മോചനം നേടി. ഇംഗ്ളീഷുകാർ രാജസ്ഥാനിലെ രാജാക്കന്മാരുമായി കരാറിലേർപ്പെട്ട ശേഷം പിണ്ഡാരികൾക്കെതിരായി നടപടികൾ ആരംഭിച്ചു. ഓരോരുത്തരെയായി തിരഞ്ഞുപിടിച്ചു ശിക്ഷിക്കാൻ തുടങ്ങി. 1813ൽ അവർ ആയുധം വെച്ചു കീഴടങ്ങി, കരീംഖാനും വാസിൽമുഹമ്മദ്ഖാനും ടോർപൂരിലും ഗാസിപൂരിലും പോയി താമസമുറപ്പിച്ചു. പിന്നെ അവസാനം വരെ പൊരുതി. അയാളുടെ അധീനത്തിൽ 15000 കുതിരപ്പട്ടാളമുണ്ടായിരുന്നു. പൗരുഷത്തോടുകൂടി അടരാടി പരാജയമടഞ്ഞപ്പോൾ കാട്ടിൽ പോയി ഒളിച്ചു 1817ൽ അയാളെ പുലി കൊന്നുകളഞ്ഞു. സീതു മേവാത്തിയും ധീരനായ മുസൽമാനായിരുന്നു.

# സയ്യിദ് അഹമദ് സാഹിബ് ബറേൽവി

19-ാം നൂററാണ്ടിൻെറ ആരംഭത്തിൽ മൗലവിശരീഅത്തുല്ല സാംസ്കാരിക പ്രവത്തനങ്ങളിൽ ഏർപ്പെട്ട, ബങ്കാളായിരുന്ന അദ്ദേഹത്തിൻെറ പ്രവത്തനകേന്ദ്രം. അദ്ദേഹത്തിൻെറ ശേഷം സയ്യിദ് അഹമദസാഹിബ് ആ പ്രസ്ഥാനത്തിൻെറ പ്രവത്തകനായി തീൎന്നു. വടക്കെ ഇന്ത്യയിൽ നിന്നാരംഭിച്ച പ്രവത്തനം ഇന്ത്യ മുഴവനും വ്യാപിച്ചു. സയ്യിദ് അഹമ്മദ് സാഹിബ് വലിയ മത ഭക്തനായിരുന്നു. ചെറു പ്രായത്തിൽ തന്നെ ജോലി അന്വേഷിച്ച വീട്ടിൽ നിന്നു ലക്ക്നൊവിലേക്ക് പോയി. അവിടെ അക്കാലത്ത് ഔധ് സുൽത്താൻെറ തിരശീലക്കള്ളിൽ ഒളിഞ്ഞു നിന്നുകൊണ്ട് ഇംഗ്ലീഷുകാർ നൃത്തം വെക്കുന്നുണ്ടായിരുന്നു സുൽത്താൻ നാമമാത്രമായ ഭരണ കത്താവായിരുന്നു. വാസ്തവത്തിൽ അധികാരമെല്ലാം ഇംഗ്ലീഷുകാരുടെ കയ്യിലായിരുന്നു. ലക്നൊവിലെ അന്തരീക്ഷം സയ്യിദ് സാഹിബിൻെറ ഹിതത്തിന്നു ഒട്ടും പററുന്നതായിരുന്നില്ല അദ്ദേഹം അവിടെ നിന്നു തനിയെ ദൽഹിയിലേക്കു പുറപ്പെട്ടു. ദൽഹിയിൽ ഉണ്ടായിരുന്ന ശാഹ് അബ്ദുൽഅസീസ് സാഹിബും അദ്ദേഹത്തിൻെറ സഹോദരന്മാരും സയ്യിദ് അഹമ്മദിനെ സബഹുമാനം സ്വീകരിച്ചു. തന്നിമിത്തം അദ്ദേഹം ശാഹ്അബ്ദുൽഅസീസ് സാഹിബിൻെറ ഏററവും പ്രിയപ്പെട്ട ഒരു സഹപ്രവത്തകനായി തീർന്നു.

ലൗകിക വിദ്യാഭ്യാസത്തിൽ വളരെ ഉയൎന്ന നിലവാരത്തിലുള്ള ഒരു പണ്ഡിതനായിതീരാൻ സയ്യിദ്സാഹിബിന്ന് സാധിച്ചിരുന്നില്ലെങ്കിലും അദ്ദേഹം ആത്മീയ വിജ്ഞാനങ്ങളിൽ പരിപൂൎണ്ണമായ നിലയിൽ എത്തിച്ചേൎന്ന ഒരു വ്യക്തിയായിരുന്നു. തൻെറ അഭിലാഷങ്ങളും ആഗ്രഹങ്ങളും നിറവേററാൻ പററിയ ഒരു പ്രദേശമാണ് ദൽഹി എന്നദ്ദേഹത്തിന്നു തോന്നി, അന്നാട്ടിലെ നിവാസികരം ഇംഗ്ലീഷുകാൎക്ക് എതിരായി സമരം ചെയ്യാനുള്ള മനക്കരുത്തുള്ള യോദ്ധാക്കളായി തീരുമെന്ന് അദ്ദേഹം മന

സ്സിലാക്കി. സയ്യിദ് അഹമ്മദ് സാഹിബിൻെറ ധീരതയും സൈനികസ്സിരിട്ടും ശാഹ്അബ്ദുൽഅസീസ് സാഹിബിന്നു വളരെ അധികം മതിപ്പു ജനിപ്പിച്ചു, അദ്ദേഹത്തെ നവാബ് അമീർഅലിഖാൻെറയും ജസ്വന്ത്റാവുഹൽകറുടെയും സൈന്യത്തിൽ ചേൎന്നു പ്രവൎത്തിക്കാനയച്ചു.

ജാസ്വന്ത്റാവുഹൽക്കറിൻെറ സഹപ്രവൎത്തകനായ അമീറലീഖാൻ യാതൊരു നവാബ് കുടുംബത്തിലെയും രാജവംശത്തിലെയും അംഗമായിരുന്നില്ല. എന്നാൽ അദ്ദേഹം പാവപ്പെട്ട ഒരു പട്ടാൻകാരൻെറ ഉത്തമനായ പുത്രനായിരുന്നു. മുഹമ്മദ് ഹയാത്ത്ഖാൻ എന്നാണ് പിതാവിൻെറ പേര്. പിതാവ് ആദ്യകാലത്ത് റോഹിലനവാബായ ദുന്ദേഖാൻെറ സൈന്യത്തിൽ ഉദ്യോഗസ്ഥനായിരുന്നു ഇംഗ്ലീഷുകാരുടെ സഹായത്തോടു കൂടി ശുജാഉദ്ദൗല റോഹില ഭരണകൂടം അവസാനിപ്പിച്ചപ്പോൾ മുഹമ്മദഹയാത്ത്ഖാൻ ലൗകീക ബന്ധങ്ങളെല്ലാം പരിത്യജിച്ചു സമ്പലിൽ പോയിതാമസമാക്കി. അവിടെ കൃഷിപ്പണി ചെയ്തായിരുന്നു ജീവിച്ചിരുന്നത്. അമീർഅലിഖാൻ നല്ല സ്ഥിരതയും ധൈര്യവുമുള്ള ഒരു വ്യക്തിയാണ്. 20 വയസ്സ് പ്രായമായ അദ്ദേഹം പല രാജ്യങ്ങളിലും സഞ്ചരിച്ചു ഒരു പാൎട്ടി ഉണ്ടാക്കി ജസ്വന്ത്റാവുഹൽക്കറുമായി മെല്ലെ മെല്ലെ സൗഹൃദബന്ധത്തിലേൎപ്പെട്ടു. ക്രമേണ ഹൽക്കറുടെ സൈന്യത്തിലെ സൎവ്വ സൈന്യാധിപനായിതീൎന്നു,

നിൎഭാഗ്യമെന്നുപറയട്ടെ ക്രി: 1808മുതൽ 1818വരെ നടന്ന അവസാനത്തെ യുദ്ധത്തിൻെറ പരിണതഫലം ഇന്ത്യക്കാൎക്കൊട്ടും അനുകൂലമായിരുന്നില്ല. എല്ലാ രംഗങ്ങളിലും തികഞ്ഞ പരാജയമാണ് ഇന്ത്യക്കാർ അനുഭവിക്കേണ്ടി വന്നത് മറാട്ടകളുടെ ഏററവും വലിയ സൎദാറായ ബാജിറാവു പേശ്വവായെ സ്ഥാനഭ്രഷ്ടനാക്കി കാൻപൂരിന്നു സമീപമുള്ള ഒരു ചെറിയ ഗ്രാമത്തിലേക്കയച്ചു. സയ്യിദ് സൈൻ അറബിൻെറ കമ്മാണ്ടറിംഗിലുള്ള അറേബ്യൻസേനയും റോഹല പട്ടാണന്മാരുടെ സൈന്യത്തിൻെറ ഒരു വിഭാഗവും, അവർ അവസാനം ബാജിറാവുഖാൻെറ കൂടെയാ

യിരുന്നു. ഛിന്നഭിന്നമായി. നാഗപൂരിലെ നാടുവാഴിയായിരുന്ന അപ്പാസാഹിബും അതേവർഷം സ്ഥാനഭ്രഷ്ടനാക്കപ്പെടുകയും അറസ്ററ് ചെയ്യപ്പെടുകയും ചെയ്തു. അറബികളുടെ ഒരു സേനാവിഭാഗം രാജാവ് സ്ഥാനഭ്രഷ്ടനാക്കപ്പെട്ടതിന്നു ശേഷം കുടിവളരെ ദിവസങ്ങളോളം അദ്ദേഹത്തിൻെറ രാജധാനിയെ കാത്തുപോന്നു, എന്നാൽ ഒടുവിൽ അവരും ആയുധംവെച്ചു കീഴടങ്ങാൻ നിർബ്ബന്ധിതരായി പിണ്ഡാരികളുടെ സർദാർ പീതോമഹാരാജാ ദൗലത്ത് റാവു സിന്ധ്യായൊടും ചോദ്പൂരിലെ രാജാവായ മാൻ സിംഗിനോടും അപേക്ഷിക്കാറുണ്ടായിരുന്നു. എൻെറ സന്താനങ്ങൾക്കും കുടുംബത്തിന്നും താമസിക്കാനുള്ള സ്ഥലം കിട്ടുകയാണെങ്കിൽ ഞാൻ ഇംഗ്ലീഷുകാരുടെ കൽക്കത്ത ഉൾപ്പെടെയുള്ള എല്ലാ പ്രദേശങ്ങളും കൊള്ളയടിച്ചു നശിപ്പിക്കുന്നതാണ്. അദ്ദേഹവും ജീവരക്ഷാൎത്ഥം ഒളിച്ചോടിപ്പോവാൻ നിർബ്ബന്ധിതനായി. അദ്ദേഹത്തിൻെറ കൂട്ടുകാരനായ കാദിർബഖിഷും അനുയായികളും ആയുധം വെച്ചു കീഴടങ്ങി. അനന്തരം അവർ ഗോക്പൂരിലെക്കയക്കപ്പെട്ടു.

തുടരെത്തുടരെയുണ്ടായ പരാജയംമൂലം സമനിലതെററിയ മഹാരാജാ ഹൽക്കർ ഇന്തൊറിലെ ഒരു ചെറിയ പ്രദേശത്ത് അധിവാസമുറപ്പിച്ചു. അമീർഖാനിന്നും അദ്ദേഹത്തിൻെറ സഹപ്രവൎത്തകൻ ഗഫൂർഖാനിന്നും ചെറിയ ഓരോ പ്രദേശങ്ങൾ നൽകി നിശ്ശബ്ദരാക്കി.

പിന്നെ അവശേഷിക്കുന്ന സിന്ധ്യാമാത്രമാണ്. അദ്ദേഹത്തിൻെറ സമരസാമൎത്ഥ്യങ്ങൾ പറയത്തക്ക കുറവുകളൊന്നും ഉണ്ടായിതന്നില്ല.

## ബന്ധം ഉപേക്ഷിക്കപ്പെട്ടു

അമീർ അലിഖാൻ സയ്യിദ്സാഹിബിൻെറ അഭിപ്രായത്തിന്നു വിപരീതമായി ആയുധംവെച്ചു നവാബ് സ്ഥാനം സ്വീകരിക്കുകമൂലം അമീർഅലിയെസയ്യിദ്സാ

ഹിബ്ബ് തന്റെ സംഘത്തിൽനിന്നു. പിരിച്ചുവയക്കുകയു ണ്ടായി.

നവാബ് അമീർഖാൻ സയ്യിദ്സാഹിബിനെ ഗുരു വെന്നോണമാണ് കരുതിവന്നിരുന്നത്. ഈ വേർപാട് അദ്ദേഹത്തിന്നു വളരെഅധികം മനോവേദന ഉണ്ടാക്കു ത്തീത്തു. എന്നാൽ അഭിപ്രായ വ്യത്യാസം വന്നശേഷം സയ്യ്ദ്സാഹിബിന്റെ സൈന്യത്തിൽ നിൽക്കുക എന്ന ത് അസാദ്ധ്യമായിതീൻ. എന്നിരുന്നാലും അദ്ദേഹത്തി ന്നു ഗുരുവിന്റെനേരെയുള്ള ഭക്തിക്ക് ഒട്ടും കുറവ്വന്നില്ല. ക്രി. 1818 അവസാനിക്കുന്നതിന്നു മുമ്പായിതന്നെ ഇന്ത്യ യിലെ ചെറുതും വലുതുമായ എല്ലാ ഗവമ്മെണ്ടുകളുംഇംഗ്ലീ ഷുകാരുടെ മുമ്പിൽ തലചായിച്ചു. ആംഗ്ലേയ ശക്തിയുടെ പതാക ഖൈബർപാസ്മുതൽ കന്യാകുമാരിവരെയും ബോംബെമുതൽ ആസാം ബൎമ്മ തീരപ്രദേശങ്ങാംവരെ യും പാറിക്കളിക്കാൻ തുടങ്ങി. പിന്നെ ഇംഗ്ലീഷുകാരുടെ മുമ്പിൽ ധീരതയോടുകൂടി തലയുയത്തി നിൽക്കത്തക്കയൊ തൊരു ഇന്ത്യക്കാരനും ഇല്ലാതെയായി. എന്നാൽ ഒരെ ഒരു ശക്തി യാതൊരുവിധത്തിലും ഇംഗ്ലീഷ്ആധിപത്യത്തി ന്റെ മുമ്പിൽ കമ്പസാരിക്കാൻ തയ്യാറുണ്ടായിരുന്നില്ല ആ ഒരു ശക്തി ശാഹ്വലിയുല്ലായുടെ തത്വങ്ങാംക്കനുസരിച്ചു പരിശീലനം സിദ്ധിച്ച ഒരു മഹാവ്യക്തിയായിരുന്നു. സ മ്പൂൎണ്ണ വിപ്ലവം' വ്യാപിപ്പിക്കുകയായിരുന്നു അദ്ദേഹ ത്തിന്റെ ലക്ഷ്യം. ഇത് കുറെമുമ്പുതന്നെ ആസൂത്രണം ചെ യ്യപ്പെട്ടിട്ടുള്ള ഒരു സംഗതിയാണ്. നിരാശയുടെ കൂരിരുട്ട് ഭാരതമൊട്ടാകെ വ്യാപിച്ച ഈ ദീർഘടഘട്ടത്തിൽ വാദ്ധ ക്യംമൂലവും കണ്ണിന്നു കാഴ്ച നഷ്ടപെടുത്തിയും അവശതയ നുഭവിക്കുന്ന ഹസ്രത്ത്ശാഹ് അബ്ദുൽഅസീസ് തന്റെ ക്ഷീണമൊന്നും വകവെക്കാതെ വിപ്ലവത്തിന്നുള്ള ഒരു പ രിപൂൎണ്ണ പ്രൊഗ്രാം ശരിപ്പെടുത്തി. തന്റെ ശിഷ്യന്മാരു മായും അനുയായികളുമായും ആലോചിച്ചു പരിപാടികളു ടെ ഓരോ ഇനവും നടത്തേണ്ടതിന്നായി പ്രത്യേകം പ്ര ത്യേകം ആളുകളെ നിശ്ചയിച്ചു.

# വിപ്ളവപരിപാടിയുടെ പ്രവർത്തനങ്ങളും ഗ്രൂപ്പ്നിർമ്മാണവും

വിപ്ലവപരിപാടിയുടെ പ്രവത്തനങ്ങരം നടത്തേണ്ട തിന്നു 2ഗ്രൂപ്പുകരം നിമ്മിക്കപ്പെട്ടു. ഒന്നാമത്തെ ഗ്രൂപ്പ് 3 അംഗങ്ങരം അടങ്ങിയതാണ്. മൗലാനാ അബ്ദുൽഹയ്യ് സാഹിബും മൗലാനാ ഇസ്മായിൽസാഹിബും സയ്യിദ് അഹ്യദ് സാഹിബും ആയിരുന്നു ആ മൂന്നംഗങ്ങരം. താഴെപറയുന്ന കാര്യങ്ങളാണ് ആ കമ്മററിനിർവ്വഹിക്കേണ്ടത്. കമ്മററിയുടെ കൺവീനർ സയ്യിദ്സാഹിബാണ്.

എ ദിക്ക്സഞ്ചാരംചെയ്തു്, ജനങ്ങളുടെ ഇടയിൽ വിപ്ലവബോധം ജനിപ്പിക്കുക-

ബി വളണ്ടിയർമാരെ ചേക്കുകയും അവക്കു സൈനികപരിശീലനം നൽകുകയും ചെയ്യുക.

സി ധനം ശേഖരിക്കുക

ഡി ഇതര രാഷ്ട്രങ്ങളുമായി ബന്ധംസ്ഥാപിക്കുക.

ഇ സൈനിക നടപടികരം നടത്തുക, ജ്ഞാന സമരം ചെയ്യുക.

രണ്ടാമത്തെ ഗ്രൂപ്പിൻെറ നേതൃത്വം ഹസ്രത്ത് ശാഹ് അബ്ദുൽഅസീസ സാഹിബിൻെറ കയ്യിൽ തന്നെയായിരുന്നു. അതിലെ അംഗങ്ങരം അദ്ദേഹത്തിൻെറ പ്രായംചെന്ന ശിഷ്യന്മാരായിരുന്നു. താഴെ പറയുന്ന സംഗതികളാണ് ആ കമ്മററി നിർവ്വഹിക്കേണ്ടതു്.

എ കേന്ദ്രം സംരക്ഷിക്കുക.

ബി പഠനവും പരിശീലനവും ശാഹ് വലിയുള്ളായുടെ കാലംമുതൽക്ക് നടപ്പുള്ള പരിപാടിയനുസരിച്ചായിരിക്കണം സമ്പൂണ്ണ വിപ്ലവം വിജയിപ്പിക്കേണ്ടതിന്നുള്ള ചുമതല ആ കമ്മററിക്കുണ്ട്.

സി ആദ്യത്തെ ഗ്രൂപ്പ് യുദ്ധരംഗത്തെത്തിയാൽ രാജ്യത്തെ പാകപ്പെടുത്തുകയും തെയ്യാറാക്കുകയും ചെയ്യുന്നതിന്നു പുറമെ പുതിയ വളൻറിയർമാരെ ചേർക്കുക ധനം സംഭരിക്കുക മുതലായവ ആ ഗ്രൂപ്പിൻെറ ചുമതലയാ ശാഹ് അബ്ദുൽ അസീസിനെ കൂടാതെ മററ് ഏഴ് പ്രധാന അംഗങ്ങൾകൂടി ഈ ഗ്രൂപ്പിലുണ്ടായിരുന്നു.

## സെയ്യിദ്സാഹിബിൻെറ നേതൃത്വം

അറിവ് കുടുംബമാഹാത്മ്യം പ്രസംഗവൈഭവം എഴുതാനുള്ള കഴിവ് പ്രായം എന്നീ ഗുണങ്ങളിൽ മുന്തിയനേതാക്കന്മാർ ഉണ്ടായിരിക്കെ ഈ വിഷയത്തിൽ അവരെക്കാളെല്ലാം താഴ്ന്ന നിലവാരത്തിലുള്ള സയ്യിദ് സാഹിബിനെ നേതാവായി സ്വീകരിച്ചതിലുള്ള രഹസ്യം എന്താണെന്ന ഒരു ചോദ്യം ഉൽഭവിക്കുന്നുണ്ട്. അതിന്നുള്ള മറുപടി ഇപ്രകാരമാണ്. മൗലാനാ അബ്ദുൽഹയ്യ്സാഹിബും മൗലാനാ ഇസ്മായിൽ സാഹിബും പ്രായംകൊണ്ടും മറെറല്ലാവിഷയത്തിലും സയ്യിദ്സാഹിബിനെക്കാൾ മേലെയാണെങ്കിലും സമരരംഗത്ത് പ്രവർത്തിച്ചിട്ടുള്ള പരിചയം അവർക്കില്ല ഇതിനുപുറമെ ആത്മീയ വിഷയത്തിലും സയ്യിദ്സാഹിബ് അവരെക്കാൾ മേലെയാണ്. അവരെക്കാൾ എന്നുമാത്രമല്ല ആ സംഘത്തിലുള്ള എല്ലാവരെക്കാളും മേലെയാണ്, അതുകൊണ്ടാണ് നേതൃത്വം അദ്ദേഹത്തിൽ സമർപ്പിക്കപ്പെട്ടത്.

സമ്പൂർണ്ണ വിപ്ളവത്തിലെ ലക്ഷ്യവും ഉദ്ദേശവും രാഷ്ട്രീയം മാത്രമല്ല സാമൂഹ്യ സംസ്ക്കാരം അതിലെ ഏററവും പ്രധാനപ്പെട്ട ഒരിനമാണ്. സംഘടനയുടെ ലീഡർ രണതന്ത്രജ്ഞനോ ചിന്തകനൊ ജനറലൊ മാത്രം ആയാൽപോരാ സാമൂഹ്യ സംസ്ക്കാരം വിജയിക്കേണ്ടതിന്നുനേരെമറിച്ച അയാളിൽ ആത്മീയചൈതന്യം കൂടി ഒരുപോലെ ഉണ്ടായിരിക്കേണ്ടത് അവശ്യം ആവശ്യമാണോ എന്നാലേ വിജയസാദ്ധ്യത ഉണ്ടാകയുള്ളൂ. സയ്യിദ്സാ



ഹിബിൻെറ ആധ്യാത്മികവും സ്വാഭാവികവുമായ പൂർണ്ണനിലവാരം ഒരു വസ്തുതയാണോ. മഹാപണ്ഡിതന്മാർകൂടി അത് സമ്മതിച്ചു കഴിഞ്ഞിട്ടുണ്ട്. ഡോക്ടർ ഹെൻറു സാഹിബ് ഇങ്ങിനെ പറയുന്നു. 'അദ്ദേഹത്തിൻെറ അനുയായികൾ അദ്ദേഹത്തിൻെറ മഹത്വത്തെ സമ്മതിച്ചുകൊണ്ട് അദ്ദേഹം കല്പിക്കുന്ന ഏതു തരംതാഴ്ന്ന പ്രവൃത്തികളും വളരെ സന്തോഷത്തോടുകൂടി നിർവ്വഹിച്ചിരുന്നു. മൗലാനാമാരായ അബ്ദുൽ ഹയ്യ്സാഹിബ്, മുഹമ്മദ് ഇസ്മായിൽസാഹിബ്, ഇനായത്തലിസാഹിബ് വിലായത്തലി സാഹിബ് തുടങ്ങിയ മഹാപണ്ഡിതന്മാർ സാധാരണ കൂലിക്കാരെപോലെ അദ്ദേഹത്തിൻെറ പല്ലക്കിയൊടൊപ്പം പാദരക്ഷകൂടാതെ അനുഗമിക്കുന്നത് അഭിമാനകരമായി കരുതിയിരുന്നു.

## വിപ്ളവജനകമായ സഞ്ചാരങ്ങൾ

പരാജയംമൂലം ക്ഷുഭിതരായ ജനസഞ്ചയം പ്രതികാരനടപടികളിലുള്ള ആവേശംകൊണ്ട് തുള്ളിച്ചാടിയിരുന്നുവെങ്കിലും വൈദേശിക ആധിപത്യത്തിൻെറ സൈനികശക്തി അവരെ കഠിനമായി മർദ്ദിച്ചമർത്തിനിർത്തി. അതൊരുഭാഗത്ത്. മറുഭാഗത്തെ വലിയുല്ലായുടെ പരിശീലനകേന്ദ്രത്തിൽ നിന്നു പഠനം സിദ്ധിച്ചവർ വ്യത്യസ്ത നിലയിൽ സമ്പൂർണ്ണവിപ്ലവ ബീജം വളരെഅധികം ജനങ്ങളുടെ ഹൃദയങ്ങളിൽ വിതറീട്ടുണ്ടായിരുന്നു പ്രസ്തുത പാർട്ടി പുനരുദ്ധരിക്കപ്പെട്ടുവെന്നുള്ള വിവരം പരന്നതോടുകൂടി വിവിധ സ്ഥലങ്ങളിൽ നിന്നു ക്ഷണക്കത്തുകൾകിട്ടിക്കൊണ്ടിരുന്നു. അങ്ങിനെ സഞ്ചാരപരിപാടികൾ ആസൂത്രണം ചെയ്യപ്പെട്ടു. ഏഴുകൊല്ലക്കാലത്തിന്നുള്ളിൽ ഈ ഗ്രൂപ്പ് സ്വന്തംനാട്ടിലും വിദേശങ്ങളിലും മൂന്നുതവണ സഞ്ചരിച്ചു

ഈശ്വരഭക്തി, ത്യാഗശീലം, സൃഷ്ടിസ്നേഹം, സഹവർത്തിത്വവും സൗഹൃദബന്ധവും, ക്ഷമ, സഹനശക്തി, സത്യസന്ധത, ആത്മസമർപ്പണം എന്നിവയായിരുന്നു ഈ

സംഘത്തിന്റെ മൂലധനം. ഈ മൂലധനത്തെ ആശ്രയിച്ചു കൊണ്ടാണ് അവർ സഞ്ചാരം ആരംഭിച്ചത്.

## യാത്രയുടെ പ്രഥമഘട്ടം

ഇന്ത്യയിലെ സുൽത്താൻമാരുടേയും രാജാക്കന്മാരുടേയും സിംഹാസനങ്ങൾ മാർക്വീസ് ഹേസ്റ്റിംഗ്സിന്റെ അതികർശനമായ നയംമൂലം തകർന്നുകൊണ്ടിരിക്കുന്ന ഘട്ടത്തിലാണ് സയ്യിദ്സാഹിബിന്റെ സംഘത്തിന്റെ ആദ്യത്തെ യാത്ര ആരംഭിച്ചത്. ബാജിറാവുപേഷ്വാ അപ്പാസാഹിബ് പിണ്ഡാരികൾ എന്നിവരുടെമേലെ ബ്രിട്ടീഷ്പട്ടാളം കഠിനമായ പോരാട്ടം നടത്തിക്കൊണ്ടിരുന്നു, ഹൽക്കർ നവാബ് അമീർഖാൻസി എന്നിവരുടെ അധികാരപരിധികളിൽ സൈനികവലയംസൃഷ്ടിക്കപ്പെട്ടു. സ്വാതന്ത്ര്യപ്രേമികളും ജനസേവകന്മാരും അടങ്ങിയ കേവലം അൻപതോളംപേരുണ്ടായിരുന്നഈ സംഘം 1818ൽ ദൽഹിയിൽ നിന്നു പുറപ്പെട്ടു.

സാമൂഹ്യവും സാമ്പത്തികവുമായസമ്പൂർണ്ണ വിപ്ലവമായിരുന്നു അതിന്റെ ലക്ഷ്യം. എന്നാൽ വെറും സാമൂഹ്യ സാംസ്കാരിക പ്രവർത്തനങ്ങളാണ് തങ്ങളുടെ ലക്ഷ്യം എന്നാണവർ വെളിവിൽ പറഞ്ഞിരുന്നത്. ഹേസ്റ്റിംഗ്സിന്റെ ഭരണഘട്ടത്തിൽ ഇത് ഏററവും ബുദ്ധിപൂർവ്വകമാണ്. സയ്യിദ്സാഹിബ് മൗലാനാ അബ്ദുൽഹയ്യ്, മൗലാനാ ഇസ്മയിൽ സാഹിബ് എന്നിവർക്ക് പുറമെ ഈ സംഘത്തിൽ പല പ്രധാന അംഗങ്ങളുമുണ്ടായിരുന്നു. നാലുമാസകാലത്തിനിടക്ക് ഉത്തരേന്ത്യയിലെ വിവിധ പ്രദേശങ്ങളിൽ സഞ്ചരിച്ചു വിപ്ലവ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരുന്നു. ഈ അവസരത്തിൽ സയ്യിദ്സാഹിബിന്റെ സ്വന്തം സഹോദരൻ മൃതിയടഞ്ഞുവെന്ന ദുഃഖകരമായ വാർത്ത ലഭിക്കുകയുണ്ടായി. തന്നിമിത്തം അദ്ദേഹം സംഘത്തിലെ മുഴുവൻ ആളുകളോടുകൂടി ആ അവസരത്തിൽ സംഘത്തിൽ എൺപത്പേരുണ്ടായിരുന്നു. സ്വന്തം നാട്ടിലേക്കുപുറപ്പെട്ടു. റൈബ്രലിയിലുള്ള സ്വ കുടുംബത്തിലെ

ആശ്രമത്തിലാണു താമസിച്ചിരുന്നത്. ഈ അവസരത്തിൽ ഒന്നിച്ചുണ്ടായിരുന്നവരിൽ പുതുജീവൻ ഉല്പാദിപ്പിക്കാൻ അദ്ദേഹം ശ്രമിച്ചുകൊണ്ടിരുന്നു. സയ്യിദ്സാഹിബിൻെറ സംഘത്തോടൊപ്പം പുറപ്പെടാൻ തരപ്പെടാതിരുന്ന കുറെപേരും പിന്നീട് അവിടെ എത്തിച്ചേർന്നു. ഈ നവാഗതരുംകൂടെ സംഘത്തിലെ ആളുകളുടെ എണ്ണം നൂററിഎഴുപതായി. സംഘത്തിൻെറ ആഗമനോദ്ദേശത്തെ സംബന്ധിച്ചുള്ള വാർത്ത ഔധ്സംസ്ഥാനം മുഴുക്കെ ചർച്ചാവിഷയമായി. വിവിധ സ്ഥലങ്ങളിൽ നിന്നു സംഘത്തിന്നു ക്ഷണക്കത്തുകൾ കിട്ടിക്കൊണ്ടിരുന്നു. ബ്രൈലിൽ നിന്നു അലഹബാദിലേക്ക് പുറപ്പെട്ടു. ഗ്രാമങ്ങളും ചെറുനഗരങ്ങളും കടന്നു ഒരു മാസത്തിന്നുശേഷം അലഹബാദിലെത്തിച്ചേർന്നു. അവിടെനിന്നു കാൻപൂർ, ബനാറസ്സ്, സുൽത്താൻപൂർ, മുതലായ രാജ്യങ്ങളിൽ സഞ്ചരിച്ചു വീണ്ടും സ്വന്തംനാട്ടിൽ തന്നെ തിരിച്ചെത്തി. രണ്ടാഴ്ച കാലത്തോളം റായ്ബ്രൈലിയിൽ താമസിച്ചശേഷം ഔധ്സംസ്ഥാനത്തിൻെറ തലസ്ഥാനനഗരിയായ ലക്നോവിലെക്കുപോയി.

## അധഃകൃതോദ്ധാരണം

ഈ യാത്രയിൽ സയ്യിദ് അഹമ്മദ് സാഹിബ് കൂടുതൽ ശ്രദ്ധിച്ചിരുന്നത് അധഃകൃതോദ്ധാരണ വിഷയത്തിലും സാമൂഹ്യ സാംസ്കാരിക പ്രവത്തനങ്ങളിലും ആയിരുന്നു. സഹാരംപൂരിൽ മനുഷ്യസഹജമായ സുഖസൗകര്യങ്ങൾ നിഷേധിക്കപ്പെട്ടിട്ടുള്ള ഒരു വിഭാഗം ജനങ്ങൾ ഉണ്ടെന്നുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടപ്പോൾ "ഖാഫില" അവരുടെ കോളനിയിലേക്കു യാത്രതിരിച്ചു. അവിടെ അദ്ദേഹവും അനുയായികളും 20 ദിവസക്കാലം താമസിച്ചു. അക്കൂട്ടരുടെ അവശതകൾ പരിഹരിക്കാൻ ഊർജ്ജിതമായി പരിശ്രമിച്ചു. അവരുടെ പരിശ്രമം സമ്പൂർണ്ണമായി വിജയിച്ചു. പ്രഭുക്കന്മാരുടേയും പ്രമാണിമാരുടേയും വസതികളിൽ പാകംചെയ്യുന്നമാതിരിയുള്ള ഭക്ഷണങ്ങൾ ഈ അധകൃതകോളനിയിൽ അധിവസിക്കുന്നവർക്കു പാകംചെ

യ്യാൻപോലുമുള്ള സ്വാതന്ത്ര്യം തടയപ്പെട്ടിരുന്നു. (2) ഉയർന്ന വിഭാഗത്തിൽപെട്ട ജനങ്ങളുമായി ഇവർക്കു സമ്പർക്കം നിഷേധിക്കപ്പെട്ടിരുന്നു. (3) ഉൽകൃഷ്ട കുടുംബങ്ങളിലെ കുട്ടികൾക്കു വെക്കാനുള്ള പേര ഇവരുടെ കുട്ടികൾക്കു വെക്കാൻ പാടില്ല. ഇത്തരത്തിലുള്ള നികൃഷ്ടവും നീചവുമായ നടപടികൾ നിശ്ശേഷം അവിടെനിന്നു തുടച്ചുനീക്കാൻ സയ്യിദ്സാഹിബിന്നും സംഘത്തിന്നും സാധിച്ചു. ഇപ്പോൾ അതു് വെറും കടംകഥയായി തീർന്നിരിക്കയാണ്. മഹാത്മാഗാന്ധി അധഃകൃതോദ്ധാരണത്തിന്നു പുറപ്പെട്ടതു് ഈ സംഭവത്തിന്റെ 100 കൊല്ലത്തിന്നുശേഷമാണ്. അവശതകൾ പരിഹരിക്കുക മനുഷ്യരുടെ ഇടയിൽ നിന്നുച്ചനീചത്വം ഉച്ചാടനം ചെയ്യുക തുടങ്ങിയ മഹൽ കൃത്യങ്ങൾ നിർവ്വഹിക്കേണ്ടതു് മാനുഷിക കടമയാണ്. ഇസ്ലാം അസമത്വത്തെ അനുവദിക്കുന്നില്ല. മനുഷ്യരെല്ലാം ഒരേപിതാവിന്റെയും മാതാവിന്റെയും സന്താനങ്ങളാണെന്നാണ് ഇസ്ലാം ഉൽഘോഷിക്കുന്നതു്, ഗാന്ധിജിയുടെ ഹരിജനപ്രസ്ഥാനത്തിന്റെ ഫലമായിട്ടാണ് താഴ്ന്ന പടിയിൽ കിടന്നിരുന്ന മനുഷ്യകീടങ്ങൾ ഉയർന്നുവരാൻ സാധിച്ചതു്.

അടുത്തകാലംവരെ ഈ ഉച്ചനീചത്വം കേരളത്തിലും നടപ്പുണ്ടായിരുന്നു. ജനങ്ങൾക്കു് യാതൊരു സ്വാതന്ത്ര്യവും അനുവദിക്കപ്പെട്ടിരുന്നില്ല. ചെററകുടിലുകളിൽ താമസിക്കാനല്ലാതെ കല്ലുകൊണ്ടും ഇഷ്ടികകൊണ്ടും മററുമുള്ള വീടുകൾ നിർമ്മിക്കാൻ അനുവദിക്കപ്പെട്ടിരുന്നില്ല. ശീലക്കുട പാദരക്ഷ മുതലായവ അവർക്കുപയോഗിക്കാൻ പാടില്ലായിരുന്നു. ഇതു് മുസ്ലീം സമുദായത്തിനിടയിലുള്ള അഴിമതികളാണ് ഇതിലും എത്രയോ ഭയങ്കരങ്ങളായ ദുരാചാരങ്ങളായിരുന്നു ഹൈന്ദവ സമുദായത്തിലുണ്ടായിരുന്നതു്. ഈഴവർ മുതൽ താഴോട്ടുള്ള എല്ലാ ഹൈന്ദവവിഭാഗങ്ങളും ദുരന്തദുഃഖങ്ങൾ അനുഭവിക്കേണ്ടിവന്നിട്ടുണ്ട്. പൊതുറോഡുകളിൽപോലും സഞ്ചരിക്കാൻ അവർക്കു് സ്വാതന്ത്ര്യമുണ്ടായിരുന്നില്ല. ഉയർന്നു ജാതിക്കാരെന്നു പറയുന്നവരോടു് അടിയൻ എന്നല്ലാതെ ഞാൻ എന്നുപറയുവാൻ

താഴെകിടയിലുള്ളവൎക്ക് അനുവദിക്കപ്പെട്ടിട്ടില്ലായിരുന്നു. അഥവാ വല്ലവരും ഞാൻ എന്നുപറഞ്ഞുപോയാൽപിന്നെ അവരുടെ കാര്യം മഹാ അപകടത്തിലാണ്. ഗാന്ധിജിയുടെ ത്യാഗത്തിന്റെയും കഠിനാദ്ധ്വാനത്തിന്റെയും ഫലമായി ഇപ്പോൾ ആ ദുഷിച്ച സമ്പ്രദായങ്ങളെല്ലാം മാറിക്കഴിഞ്ഞിരിക്കയാണ്. എന്നാലും ചിലദിക്കുകളിൽ ഇപ്പോഴും മനുഷ്യർ കന്നുകാലികളെപോലെ വിക്രയംചെയ്യപ്പെടുന്ന പതിവ് പറെറ മാറിയിട്ടില്ലെന്ന കേൾക്കുന്നുണ്ടല്ലോ.

## ദുരാചാര ദൂരീകരണം

ഇസ്ലാമിക വിജ്ഞാനത്തിന്റെ കേന്ദ്രമായ ദേവ്ബന്തിൽപോലും മുസ്ലീംകൾ തമ്മിൽ കണ്ടുമുട്ടുമ്പോൾ സമത്വത്തേയും സൗഹൃദബന്ധത്തെയും സൂചിപ്പിക്കുന്ന 'അസ്സലാമു അലൈക്കും' എന്നുപറയുന്ന പതിവ് വളരെ വിരളമായിരുന്നു. പ്രായംകുറഞ്ഞവരും താഴ്ന്ന നിലവാരത്തിലുള്ളവരും പ്രായമുള്ളവരെയും ഉയൎന്ന പദവിയിലുള്ളവരെയും കാണുമ്പോൾ ആദാബ് ബന്തഗി നമസ്കാരം അഭിവാദ്യം എന്നിങ്ങനെയെല്ലാം പറയണം. അതിന്നു വിപരീതമായി ചെറിയവർ വലിയ്യവരോടും അനുജന്മാർ ജ്യേഷ്ഠസഹോദരന്മാരോടും മക്കൾ പിതാക്കളോടുംഅസ്സലാ അലൈക്കും എന്നു പറയുന്നതു കടുത്ത മര്യാദകേടായി അവിടെയുള്ള ജനങ്ങൾ കരുതിവന്നിരുന്നു. ദേവബന്തിലെ ശൈഖ് ഹഫീസുല്ലാ സാഹിബ് തന്റെ പിതാവിനോട് അസ്സലാമു അലൈക്കും എന്നു പറഞ്ഞപ്പോൾ പിതാവ് അതികോപത്തോടുകൂടി മകനോട് പറഞ്ഞു, നിനക്കാരാണ് ഇത് പഠിപ്പിച്ചുതന്നതെന്നു എനിക്കറിയാം. നിന്നെയും ഈ കൊള്ളരുതായ്മ നിന്നെ പഠിപ്പിച്ചവനെയും ഞാൻ വെറുതെ വിടുകയില്ല.

സയ്യിദ് സാഹിബിന്റെ വിപ്ലവസംഘത്തിന്റെ അടിസ്ഥാനപരമായ ലക്ഷ്യവും ഉദ്ദേശവും മനുഷ്യന്മാർ തമ്മിലുള്ള സാഹോദര്യം നിലനിൎത്തുകയും ഉച്ചനീചത്വ

ത്തിൻെറ ബീജങ്ങൾ മനുഷ്യഹൃദയങ്ങളിൽ നിന്നു ഉൻമൂലനം ചെയ്യുകയും ആയിരുന്നു. ആദ്യമായി സ്വന്തം കടുംബത്തിലാണ് ഇത് നടപ്പാക്കിയത്. ഇപ്പോൾ ദേവ്ബന്തിലെ ജനങ്ങൾ മററൊരു ആചാരപദങ്ങൾ ഉപയോഗിക്കുന്നതും ഇഷ്ടപ്പെടുന്നില്ല.

## ഹിന്തുമുസ്ലീം ഭായി,ഭായി

മുസൽമാൻമാരെപോലെതന്നെ ഹൈന്ദവ സമുദായക്കാരും സയ്യിദ് സാഹിബിൻെറ സംഘത്തെ ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്തിരുന്നു. ഗാസിട്ടീൻ നഗരിൽവെച്ച് ജനങ്ങൾ അതിൽ ഹിന്തുക്കളും മുസ്ലീകളുമുണ്ടായിരുന്നു. സംഭാവനകൾ നൽകികൊണ്ട് അദ്ദേഹത്തിൻെറ നേരെയുള്ള വിശ്വാസവും സ്നേഹവും പ്രകടിപ്പിച്ചു. അക്കൂട്ടത്തിൽ ഹരീറാം എന്നുപേരായ ഒരു താസിൽദാറുമുണ്ടായിരുന്നു.

സഹാറംപൂറിയിൽ താമസിച്ച അധഃകൃതോദ്ധാരണ പ്രവത്തനങ്ങൾ നടത്തുന്ന അവസരത്തിൽ അവിടത്തെ മുസൽമാൻമാരെപോലെ തന്നെ ഹിന്തുക്കളും സയ്യിദ്സാഹിബുമായി ബന്ധംസ്ഥാപിച്ചു. അദ്ദേഹം അവരുടെ വസതികളിൽ പോകുകയും അവരോടൊപ്പം ഭക്ഷണം കഴിക്കുകയും ചെയ്തിരുന്നു. അക്കാലത്തുണ്ടായ ഒരു സംഭവം പറയാം. അവിടെ താസിൽദാരായിരുന്ന ധോക്കൽ സിംഗ് ഒരു ദിവസം സയ്യിദ്സാഹിബിൻെറ അടുക്കൽ ചെന്നു് ഇരിക്കാതെ നിന്നുകൊണ്ട് അപേക്ഷിച്ചു, നാളെ ഈ 'ഗുലാമി'ൻെറ വസതിയിൽവരാൻ അങ്ങയെ ക്ഷണിക്കാനാണ് ഞാൻ വന്നത് സയ്യിദ്സാഹിബ് താസിൽദാരോട്ട് ഇരിക്കാൻ ആംഗ്യംകാണിച്ചപ്പോൾ പറഞ്ഞു എൻെറ 'ദാവത്ത്' സ്വീകരിക്കാതെ ഞാൻ ഇരിക്കുകയില്ല. ഖബൂൽ എന്ന മറുപടി ലഭിച്ചപ്പോൾ താസിൽദാർ ഉപവിഷ്ടനായി. നാളെ ഏത് സമയത്താണ് വാഹനവുമായി ഈയുള്ളവൻ വരേണ്ടത് എന്ന് ആരാഞ്ഞു. പകൽ 2മണിക്ക് ആരെയെങ്കിലും അയച്ചാൽ ഞങ്ങളവിടെ

ഹത്തിക്കൊള്ളാം എന്നായിരുന്നു മറുപടി. പിറെറദിവസം നിശ്ചിതസമയത്ത് 200ആളുകളോടുകൂടി അതിൽ വളരെ അധികം ഉന്നതന്മാരായ മുസൽമാൻമാരും ഉണ്ടായിരുന്നു. താസിൽദരർ സയ്യിദ് സാഹിബിൻെറ അടുക്കൽവന്നു് എല്ലാവരും കൂടി താസിൽദാരുടെ വസതിയിലെക്കു പുറപ്പെട്ടു. താസിൽദാർ വിഭവസമൃദ്ധമായ ഒരു സദ്യനടത്തിയാണ് അവരെ സ്വീകരിച്ചത്.

# കായികാഭ്യാസവും, കുറിവെടിയും

സാംസ്കാരിക പ്രവൎത്തനങ്ങളൊടും ആദ്ധ്യാത്മീക ധൎമ്മങ്ങളോടും കൂടി തന്നെ സൈനിക സ്വഭാവത്തിലുള്ള കായികാഭ്യാസങ്ങളും നിത്യേന നടത്താറുണ്ട്. ശാഹ്‌വലിയുല്ലായുടെ കുഡുംബത്തിൻെറ ജന്മസ്ഥലമായ പഹ്‌ലത്ത ഗ്രാമത്തിൽ രണ്ടാഴ്ചകാലത്തോളം താമസിക്കേണ്ടിവന്നപ്പോൾ മണൽകുന്ന്ഉണ്ടാക്കി അതിനെ ലക്ഷ്യമാക്കി വെടി നടത്തിക്കൊണ്ടിരുന്നു.

ലക്നോവിൽ ഏതാണ്ട് 3 മാസക്കാലം താമസിച്ചു. താമസസ്ഥലത്തുനിന്നു പുറത്തേക്ക് പോകുമ്പോൾ മിക്കവാറും ഒരു സൈനിക ശിപായിയെപോലെ സകല ആയുധങ്ങളും ധരിക്കാറുണ്ട്, ഒരവസരത്തിൽ കണ്ഡഹാരികളുടെ ക്യാമ്പിൽ പോകുമ്പോൾഅദ്ദേഹം അദ്ദേഹത്തിൻെറ അനുയായികളും എല്ലാവിധ യുദ്ധ സാമഗ്രികളും അണിഞ്ഞത് കണ്ടപ്പോൾ അബ്ദുൽ ബാഖിഖാൻ എന്നൊരു മാന്യൻ അദ്ദേഹത്തോടു പറഞ്ഞു. „ഹുരൊ! അങ്ങയുടെ എല്ലാ പ്രവൃത്തികളും വളരെ നല്ലതാണ്. എന്നാൽ വാള് തോക്ക് മുതലായ യുദ്ധായുധങ്ങൾ ധരിക്കുന്നത് അജ്ഞാതകാലത്തെ ജനങ്ങളുടെ നടപടിയാണ്. അതെ അങ്ങയുടെ ശരീരത്തിന്നു മോടി കൂട്ടുന്നില്ല. അങ്ങ് ഏതൊരു കുഡുംബത്തിൻെറ കണ്ണിലുണ്ണിയാണൊ ആ കുഡുംബത്തിൻെറ ആചാരമര്യാദകൾക്ക് ഒട്ടും യോജിക്കാത്തതാണ് ഇത്. ഈ വാക്ക്കേട്ടപ്പോൾ അദ്ദേഹത്തിന്നു കോപം

വന്നു. അബ്ദുൽ ബാഖിയോട് അദ്ദേഹം പറഞ്ഞു. റസൂൽ തിരുമേനി ഉപയോഗിച്ചിരുന്ന ഉപകരണങ്ങൾ അജ്ഞാതകാലത്തെതാണെന്നൊ നിങ്ങൾ പറയുന്നത് നബിതിരുമേനി യുദ്ധായുധങ്ങൾ അണിഞ്ഞുകൊണ്ടു യുദ്ധരംഗത്ത്പോയിരുന്നു. ആയുധങ്ങൾ അണിയുന്നത് മഹൽവ്യക്തികൾക്ക് ചേർന്നതല്ലെന്നാണൊ താങ്കളുടെ അഭിപ്രായം ശരി ഇങ്ങിനെയുള്ള മഹത്വം ഞാൻ വെറുക്കുന്നു!

## ത്യാഗം, സഹനം, ക്ഷമ

റായ്ബ്രെയിലിയിലെ ഏതാനും മാസകാലത്തെ താമസത്തെ സംബന്ധിച്ച ആത്മകഥാകൃത്തുക്കൾ ഇങ്ങിനെ രേഖപ്പെടുത്തി, മദീനയിൽ നബിയുടെ അനുയായികളായ മുഹാജിറ്കളുടെ സ്ഥിതിയോടു സാമ്യമുള്ളതാണ് ഈ താമസം. സെയ്യിദ് സാഹിബിൻെറ അനുയായികളുടെ കൂട്ടത്തിൽ ഇന്ത്യയിലെ എണ്ണപ്പെട്ട വലിയ ഉലമാക്കളും ശൈഖ്മാരും എല്ലാം ഉണ്ടായിരുന്നു. അവരെല്ലാം സ്വന്തം കൈകൊണ്ടു ഭാരമേറിയ പണികൾ ചെയ്തിരുന്നു, വിറക് കീറുക, ഇഷ്ടികകൾ ചുട്ട്പള്ളികൾ നിർമ്മിക്കുക, കറിസാമാനങ്ങൾ ശരിപ്പെടുത്തുക തുടങ്ങിയവ ഭക്ഷണസാധനങ്ങൾ ലഭിക്കാതെ പലപ്പോഴും നിരാഹാരവ്രതം അനുഷ്ടിക്കേണ്ടിവന്നിരുന്നു, അതുകൊണ്ടൊന്നും അവർക്ക് യാതൊരു വെറുപ്പും നിരാശയുമുണ്ടാവാറില്ല. വലിയ സമ്പൽ സമൃദ്ധമായ കുഡുംബത്തിൽ ജനിച്ചവരും അമീർമാരുടെയും നാട്ടുവാഴി പ്രഭുക്കന്മാരുടേയും സന്താനങ്ങൾപോലും വളരെ ഉന്മേഷത്തോടും സംതൃപ്തിയോടുംകൂടി എല്ലാ കഷ്ടപാടുകളും സഹിച്ചിരുന്നു. ആയിരക്കണക്കിൽ ഭക്തജനങ്ങളുള്ള സിദ്ധന്മാരും ഇക്കൂട്ടത്തിലുണ്ടായിരുന്നു. ലൗകികമായ എല്ലാ സുഖസൗകര്യങ്ങളും പരിത്യജിച്ച നാട്ടിൻെറ സ്വാതന്ത്ര്യം വീണ്ടെടുക്കാനും നിലനിർത്താനുള്ള ആന്തരമായ ഉദ്ദേശത്തോടുകൂടിയാണ് അവർ സയ്യിദ്സാഹിബിൻെറ ഖാഫിലയിൽ ചേർന്നത്. അതിൽ അമീറെന്നും ഈസെന്നും ഖാദിം മഖ്ദൂം എന്ന വ്യത്യാസമൊന്നും ഉണ്ടായിരുന്നില്ല. എല്ലാവരും ഒരെ ഒരു തരക്കാർ



സാധാരണ ജനങ്ങളോടൊപ്പം വിഷമകരങ്ങളായ പ്രവൃത്തികൾ ചെയ്യുന്നതിൽപോലും സയ്യിദ്സാഹിബും അനുയായികളും ത്യാഗശ്രുകരായിരുന്നു.

ഭിക്ഷാടനം കഠിനമായി നിരോധിക്കപ്പെട്ടിരുന്നു. കയ്മലത്തിക്കൊണ്ട് മറ്റുള്ളവരിൽ നിന്ന് ധർമ്മംചോദിക്കുന്നവരെ പാർട്ടിയിൽ നിന്നു പുറത്താക്കി. പാർട്ടിയിൽ കരുതൽധനം ഇല്ലാതെയായാൽ വളരെ സന്തോഷത്തോടുകൂടി നിരാഹാരവ്രതം അനുഷ്ടിക്കും. ഏതു കഷ്ടപാടുകൾ സഹിക്കാനും നിരാഹാരവ്രതം ശീലിച്ചിട്ടുള്ളവർക്കു യാതൊരു പ്രയാസവും ഉണ്ടായിരിക്കുകയില്ല. സയ്യിദ്സാഹിബിൻെറ അനുയായികളെല്ലാം ഈ ഗുണം സിദ്ധിച്ചിട്ടുള്ളവരാണ്. ഈ ദൈവികസേനക്ക് പട്ടിണികിടക്കുക എന്നത് ഒരു പ്രശ്നമേയല്ലായിരുന്നു.

മൗലാനാമുഹമ്മദലി സയ്യിദ്സാഹിബിൻെറ മരുമകനായിരുന്നു. അദ്ദേഹം 'മുഹ്സിൽ അഹ്മദി' എന്നൊരു ഗ്രന്ഥം നിർമ്മിച്ചിട്ടുണ്ട്. അതിൽ ഇങ്ങിനെ എഴുതുന്നു 'താനും ഖാഫിലയിൽ പ്രവേശിച്ച ഏതാനും ദിവസംകഴിഞ്ഞപ്പോൾ സംഘത്തിൽ പട്ടിണിയുടെ ഊഴംവന്നു. യാദൃശ്ചികമായി അന്നു കഠിനമായ മഴയും ഉണ്ടായി, എല്ലാവരും പട്ടിണിയേയും ഘോരാമാരിയെയും നേരിടേണ്ടിവന്നു. മഴകുറവൊ, പട്ടിണിക്ക് മാററമോ ഒന്നുംതന്നെ ഉണ്ടായില്ല. മൗലാനാസാഹെബ് പുത്തൻ വ്യക്തിയാണ്. അദ്ദേഹം വിശപ്പ് സഹിക്കാനാവാതെ വല്ലാതെ വിഷമിച്ചു. കൂട്ടുകാർ അദ്ദേഹത്തെ കളിയാക്കുവാൻ തുടങ്ങി. ഇങ്ങിനെ ഒരു സ്ഥിതി പെട്ടെന്നുണ്ടാകുമെന്നു അദ്ദേഹം ഊഹിച്ചിട്ടേ ഉണ്ടായിരുന്നില്ല.

സെയ്യിദ്സാഹിബിൻെറ അനുയായികൾ നിരാഹാരവ്രതം ശീലിച്ചിട്ടുള്ളവരാണ്. ധാരാളം ഭക്ഷണം ലഭിച്ചാൽപോലും അവർ വയറ്നിറയെ കഴിക്കുകയില്ല. മൂന്നിലൊന്നൊ നാലിലൊന്നൊ മാത്രമെ കഴിക്കാറുള്ളു തന്നിമിത്തം കുറച്ചു ഭക്ഷണം കിട്ടിയാൽ വളരെപേർക്ക് അതു കഴിക്കുവാൻ സാധിക്കും. സയ്യിദ്സാഹിബും അനുയായി

കളും നബിതിരുമേനിയുടെ ഉപദേശത്തിന്നനുസരിച്ചായിരുന്നു ജീവിച്ചിരുന്നത്. മൂമിനിന്നുസത്യവിശ്വാസികൾക്ക് കുറച്ചു ഭക്ഷണം മതി എന്നു നബി പറയുന്നു. അൽപം ഭക്ഷണംകൊണ്ടു തൃപ്തിപ്പെടുന്നതാണു മൂമിനിന്റെ കടമ. വയററിന്റെ മൂന്നിലൊരു ഭാഗം വെള്ളത്തിന്നും വായുവിന്നുമായി ഒഴിച്ചുവെക്കണം എന്നതാണ് ഇസ്ലാമിന്റെ വിധി.

സത്യവിശ്വാസി അൽപംമാത്രം ഭക്ഷിക്കുകയും അവിശ്വാസി വയർ നിറയെ ആഹരിക്കുകയും ചെയ്യുന്നു. ആദ്ധ്യാത്മിക പരിപൂർണ്ണത നേടാൻ ആഗ്രഹിക്കുന്നവൻ നന്നകുറച്ചെ ആഹാരം കഴിക്കുകയുള്ളു. എന്ത്കൊണ്ടെന്നാൽ ഭക്ഷണം ജീവനെ നിലനിർത്താൻ മാത്രമാണ്. ആദ്ധ്യാത്മിക ബോധമില്ലാത്തവർ ആഹാര വിഭവങ്ങളിൽ അതിയായ ആകാംക്ഷയുള്ളവരായിരിക്കും. അവന്റെ ആഹാരത്തിലുള്ള കൊതി എത്ര ഭക്ഷിച്ചാലും അവസാനിക്കുകയില്ല.

ഹൃദയശുദ്ധി എല്ലാററിനും ഒഴിച്ചുകൂടാത്തതാണ്. ഹൃദയശുദ്ധിയില്ലാത്തവന്ന യാതൊരു നേട്ടവും ഉണ്ടായിരിക്കുകയില്ല. ഹൃദയശുദ്ധിയുള്ളവനും എല്ലാവിധ വിഷമങ്ങളും സഹിക്കാൻ സാധിക്കും.

സയ്യിദ് സാഹിബിന്റെ സംഘം അലഹബാദിൽ എത്തിയപ്പോൾ ശെയിഖ്ഗുലാം അലിഎന്നൊരു മഹാൻ വിലപിടിച്ച പല സാധനങ്ങളും അദ്ദേഹത്തിന്ന സംഭാവന ചെയ്തു. ഈ കൂട്ടത്തിൽ വളരെ ഭംഗിയുള്ള ഒരു രത്ന കമ്പോളവും ഉണ്ടായിരുന്നു. അതിൽ ശെയിഖു സാഹിബിന്റെ ഇഷ്ടത്തിന്നുവേണ്ടി ഒരു പ്രാവശ്യം സയ്യിദ്സാഹിബ് ഇരുന്നു. അതിന്നുശേഷം കൂട്ടത്തിലുണ്ടായിരുന്ന ഒരാൾ തനിക്കു പുതപ്പില്ലെന്നു പറഞ്ഞപ്പോൾ സയ്യിദ് സാഹിബ് ആ കമ്പളം ആയാൾക്ക് കൊടുത്തു.

ബനാറസ്സിൽവെച്ചു തൈമൂരി രാജകുമാരൻ ശിഷ്യത്വം സ്വീകരിച്ചപ്പോൾ വളരെ അധികം വിലപിടിച്ച വസ്ത്രങ്ങൾ സംഭാവനയായി നൽകി. സെയ്യിദ്സാ

ഹിബ് തന്റെ ഖജാൻജിയോട പറഞ്ഞു. ഇതെല്ലാം വി റ്റുകിട്ടുന്ന സംഖ്യകൊണ്ട ഖദറിന്റെയും ഖാദിയുടെയും കുത്ത്‌വാങ്ങി കൂടെയുള്ളവക്കെല്ലാം വീതിച്ചുകൊടുക്കണം.

## സ്വാതന്ത്ര്യസമരം

ഒരു തവണ ലക്നൊവിൽവെച്ച കുറെ ആളുകൾ ശി ഷ്യത്വം സ്വീകരിച്ചപ്പോൾ അവർ സെയ്യിദ്സാഹി ബിൽനിന്നു ദക്ഷിണ ആവശ്യപ്പെടുകയുണ്ടായി. അദ്ദേ ഹം അവർക്ക കുറെ പണം ദക്ഷിണയായി നൽകിക്കൊ ണ്ട് ഇങ്ങിനെ ഉപദേശിച്ചു. നിങ്ങൾ വീട്ടിലെത്തിക്കാൻ ഓരോരുത്തരും അവരവരുടെ വീട്ടിലുള്ള സ്ത്രീകളൊട് ഒരിക്കലും അള്ളാഹുവിനൊട മററാരെയും കൂറ് ചേർക്കരു തെന്ന കർശനമായിഉപദേശിക്കണം, അള്ളാഹു നിങ്ങൾ ക്ക് ജീവിക്കാനുള്ള ഭക്ഷണസാമഗ്രികൾ നൽകിയാൽ അ ള്ളാഹുവിന്റെ വഴിയിൽ ജിഹാദ് ചെയ്യും എന്ന പരി ശുദ്ധമായ ഉദ്ദേശം നിങ്ങളിൽ ഓരോരുത്തരുടെയും ഹൃദ യങ്ങളിൽ ഉണ്ടായിരിക്കണം. ജിഹാദ് ജീവനെ ബലി അർപ്പിച്ചു ധനം വ്യയം ചെയ്തും ആകാം. എന്നാൽ ഉ ദ്ദേശ്യം പരിശുദ്ധമല്ലെങ്കിൽ നിങ്ങൾക്ക് വലിയ നാശം സംഭവിക്കും. ഇക്കാര്യം ശക്തമായി ചിന്തിക്കവേ്ൻ.

അവരിങ്ങിനെ അപേക്ഷിച്ചു, ഞങ്ങൾ ഞങ്ങളുടെ ജീവനെ ബലിയർപ്പിച്ചുകൊണ്ട് ജിഹ ദ്ചെയ്യാൻ പോ യാൽ ഇവിടെ ഞങ്ങടെ ഭാര്യാസന്താനങ്ങളെ സംരക്ഷി ക്കാനുള്ള ധനം ഞങ്ങളുടെ കൈവശമില്ല. സയ്യിദ്സാഹി ബ് പറഞ്ഞു. അള്ളാഹ നിങ്ങൾക്ക് സ്വത്തും ധനവും ത ന്നാൽ അപ്പോൾ ഈ വിധി നിങ്ങളുടെമേൽ നിബ്ബന്ധമാ ണ് സാമ്പത്തിക കഴിവില്ലെങ്കിൽ അങ്ങിനെ ചെയ്യേണ്ട തില്ല ഇതുകേട്ടപ്പോൾ 'ഇൻശാ അള്ളാ ഞങ്ങളെല്ലാവരും അപ്രകാരം ചെയ്യുമെന്ന ഉറപ്പുതരുന്നു.' എന്നവർ പറഞ്ഞു.

കൊള്ളയും കവർച്ചയും നടത്തുന്ന ഒരു സംഘമാളു കൾ അക്കാലത്ത് ലക്നൊവിലുണ്ടായിരുന്നു സയ്യിദ് സാഹിബ് അവർക്ക്നല്ലഉപദേശങ്ങൾ നൽകി. ആ ഉ

പദേശം അവരുടെ സ്വഭാവത്തിന്നു പാടെ മാററമുണ്ടാക്കി. എല്ലാവിധ അക്രമപ്രവത്തനങ്ങളും ഉപേക്ഷിച്ചു ഞങ്ങൾ മേലിൽ നല്ലവരായി നടക്കാമെന്നു പറഞ്ഞുകൊണ്ട് സംഘത്തിൻെറകൂടെ പുറപ്പെടാൻ സന്നദ്ധരായി. ഇവരെപോലെതന്നെ സംഘത്തിലുള്ള മററംഗങ്ങളും ചെയ്തുപോയ തെററുകളെ സംബന്ധിച്ചു ഖേദംപ്രകടിപ്പിച്ചു. അവരും സയ്യിദ്സാഹിബിൻെറ മുമ്പിൽ വന്നു. സയ്യിദ്സാഹിബ് ലക്നൊവിൽനിന്നു പുറപ്പെടുമ്പോൾ കൂടെ പുറപ്പെടാൻ ആ ഗാംഗിലെ അംഗങ്ങൾ ആഗ്രഹം പ്രകടിപ്പിച്ചെങ്കിലും സയ്യിദ് സാഹിബ് അവരോടിങ്ങനെ പറഞ്ഞു—''ഇപ്പോൾ നിങ്ങൾ നിങ്ങളുടെ സ്ഥലത്തുതന്നെ താമസിക്കുവിൻ ഞങ്ങൾ 'ഹിജ്റ' ക്കു പുറപ്പെടുമ്പോൾ തീർച്ചയായും നിങ്ങളെയും ഒരുമിച്ചുകൊണ്ടുപോകുന്നതാണ്.

ഒരു വിഭാഗം പട്ടാളത്തിൻെറ നേതാവായ ഫഖീർ മുഹമ്മദ്ഖാൻ ശിഷ്യത്വം സ്വീകരിച്ചു അദ്ദേഹം സയ്യിദ് സാഹിബിൻെറ സംഘത്തിലുള്ളവക്ക് സൈനിക പരിശീലനം ഏർപ്പാട്ചെയ്തു.

പുരുഷന്മാരെപ്പോലെതന്നെ വനിതകളും സെയ്യിദ് സാഹിബിൻെറ ശിഷ്യത്വം സ്വീകരിക്കുകയുണ്ടായി. അവക്കും പ്രത്യേകതരത്തിലുള്ള സാംസ്ക്കാരിക നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് അവരെ സൈന്യത്തിൽ ചേർത്തു.

ലക്നൊവിൽ താമസിക്കുന്ന അവസരത്തിൽ സയ്യിദ്സാഹിബ് യുദ്ധായുധങ്ങൾ ധരിക്കുകയും മററുള്ളവക്ക് അതിൻെറ പ്രാധാന്യത്തെ മനസ്സിലാക്കികൊടുക്കുകയും അവക്കതിൽ ആശജനിപ്പിക്കുകയും ചെയ്തിരുന്നു. തൻെറ ഒരു ഭക്തന് ഒരു തോക്ക് നൽകിക്കൊണ്ടു സയ്യിദ് സാഹിബ് പറഞ്ഞു. അള്ളാഹുവിൻെറ മാർഗ്ഗത്തിൽ ജിഹാദ് ചെയ്യുമെന്ന ഉദ്ദേശത്തോടുകൂടി ആയുധം ധരിക്കുക. വയർനിറയെ ഭക്ഷണം കഴിച്ചു യുദ്ധായുധങ്ങൾ ഉപയോഗിക്കാൻ ശീലിക്കുക. ''അതിനെക്കാൾ മെച്ചപ്പെട്ട സന്യാസവും ത്യാഗവും ഇല്ല''

'വഖായി അ അഹ്മദ' എന്ന ഗ്രന്ഥത്തിൻെറ കർത്താവ് ഇങ്ങിനെ പറയുന്നു. "അദ്ദേഹം വളരെഅധികം ശ്രദ്ധിച്ചിരുന്നത് ജിഹാദിൻെറ കാര്യത്തിലാണ്. ജിഹാദിനെ ശക്തിപ്പെടുത്താനുള്ള പ്രവൎത്തനങ്ങൾ കാണുമ്പോൾ ഇതു നമ്മുടെ പ്രത്യേക ചുമതലയാണെന്നദ്ദേഹം പറയും. നല്ല ശരീരശേഷിയും ഉന്മേഷവും ഉള്ള നാലുയുവാക്കൾ സയ്യിദ്സാഹിബിനെ ദർശിക്കാൻവന്നു. അവരെ കണ്ടപ്പോൾ സയ്യിദ്സാഹിബിന്നു വളരെ സന്തോഷം തോന്നി. ഇതുപോലെയുള്ള ധീരയുവാക്കളാണ് നമുക്കാവശ്യം സന്യാസിമാരുടേയും ഋഷിമാരുടേയും മക്കൾ നമുക്കാവശ്യമില്ല എന്നുപറഞ്ഞു. സയ്യിദ്സാഹിബിൻെറ പെരുമാററവും സംസാരവും ആ യുവാക്കളെ ആകർഷിച്ചു. അവർ അദ്ദേഹത്തിൻെറ സംഘത്തിൽ ചേൎന്നു.

കാലക്രമേണ സയ്യിദ്സാഹിബിൻെറ കേമ്പ്സൈനിക പരിശീലനകേന്ദ്രമായി രൂപാന്തരപ്പെടുകയും ചെയ്തു ജപം, ധ്യാനം തുടങ്ങിയവ നിർവ്വഹിക്കാനുള്ള സമയം സൈനികപരേഡിനും യുദ്ധശാസ്ത്രപഠനത്തിന്നും ആയി ഉപയോഗിക്കാൻ തുടങ്ങിയപ്പോൾ ചിലൎക്ക് നീരസം ജനിപ്പിക്കാതിരുന്നില്ല. ചില പ്രത്യേക വ്യക്തികൾ അദ്ദേഹത്തെ സമീപിച്ചു സംശയങ്ങൾ പ്രകടിപ്പിക്കുകയുണ്ടായി. തദവസരത്തിൽ സയ്യിദ്സാഹിബ് ഇങ്ങിനെ പറഞ്ഞു, സൈനിക സ്വഭാവത്തിലുള്ള പ്രവൎത്തനങ്ങൾ പരിശീലിക്കുന്നത് പ്രത്യക്ഷത്തിൽ ഭൗതികമാണ്. എന്നാൽ അതുകൊണ്ടു ഉദ്ദേശിക്കപ്പെടുന്നത് ധനസമ്പാദനമോ ശ്രുതിയോ അല്ല. പ്രത്യുത അതിൻെറ ആന്തരമായ ഉദ്ദേശം സൃഷ്ടിക്കുകയാണ്, മറ്റിതവിഭാഗത്തെ സഹായിക്കലാണ് അത്യുൽകൃഷ്ട പദവി ലഭിക്കേണ്ടതിനുവേണ്ടി സ്വന്തംപ്രാണനെപ്പോലും ബലിയർപ്പിക്കലാണ്.തസവ്വുഫ്(ആത്മജ്ഞാനം) സന്യാസിജീവിതം എന്നിവയുടെ യഥാൎത്ഥമായ ആത്മാവ് ഇതുതന്നെയാണ്, ഈ ആത്മാവില്ലാത്ത ആത്മജ്ഞാനം നിരൎത്ഥകമാണ്. അപ്പോൾ ഈ വക കാര്യങ്ങളിൽ വ്യാപൃതരാവുന്നത് ഒരിക്കലും ഭൗതികമല്ല. യഥാൎത്ഥമായ ആധ്യാത്മികത്വമാണ്. ഇതാണ് ഏററവും

ഉൽകൃഷ്ടമായ തസവ്വുഫ് സംശയങ്ങൾ മുഴവൻ തീർത്തു കൊടുക്കേണ്ടതിന്നായി അദ്ദേഹം ശാഹ്അബ്ദുറഹിമി നെ ഏല്പിച്ചു. ശാഹ്സാഹിബാവട്ടെ അക്കാലത്തെ ഒരു മഹായോഗിയായിരുന്നു. അദ്ദേഹത്തിന്നു ആയിരക്കണെ ക്കിനുള്ള ശിഷ്യന്മാരുണ്ട്. സഹാറൻപൂരിൽനിന്നു അദ്ദേ ഹം സയ്യിദ്സാഹിബിൻെറ സംഘത്തിൽ ചേരുകയുണ്ടാ യി, അബ്ദുറഹീം പറയുകയാണ് ഞാൻ സയ്യിദ്സാ ഹിബിനെ കണ്ടപ്പോൾ എൻെറ ശിഷ്യഗണത്തോട് പറ ഞ്ഞു നിങ്ങളെല്ലാവരും സയ്യിദ്സാഹിബുമായി ബന്ധ പ്പെടുവിൻ സയ്യിദ്സാഹിബ് ഏതൊരുമാർഗ്ഗം അംഗീ കരിച്ചിട്ടുണ്ടോ ആ മാർഗ്ഗം മാത്രമാണ് ആത്മീയ വിജ യത്തിനുള്ള മാർഗ്ഗം. നിങ്ങൾ കാണുന്നവരല്ലാ ഞാൻ ആശ്രമത്തിലെ സ്വൈരജീവിതത്തെ കയ്യൊഴിഞ്ഞു ഈ ഖാഫിലയിൽ ചേർന്ന് കഠിനാദ്ധ്വാനം ചെയ്യുന്നത് ആ ശ്രമത്തിലെ സ്വൈരജീവിതവും ഇതും തമ്മിൽ എത്രഎത്ര അന്തരമുണ്ട്. ഞാൻ ഇഷ്ടിക ചുടുന്നു മതിലുകൾ കെട്ടുന്നു. പല്ലക്കറി മുറിക്കുന്നു, വിറക് കീറുന്നു. ഇതിനെല്ലാം എ നിക്ക് മനസ്സമാധാനവും സംതൃപ്തിയുമുണ്ട്, ആശ്രമജീവി തത്തിൽ ഇതിൻെറ നൂറിലൊരംശംപോലും തൃപ്തിപോ ലും ഉണ്ടാവില്ല

ഹാജിഅബ്ദുറഹീംസാഹെബ് ആദ്ധ്യാത്മിക വി ജ്ഞാനത്തിൽ പരിപൂർണ്ണതലഭിച്ച ഒരു മഹാവ്യക്തിയാ ണ്. അദ്ദേഹത്തിൻെറ പ്രസംഗം കേട്ടാൽ എല്ലാവരും ത ലതാഴ്ത്തിപ്പോകും. എന്നുമാത്രമല്ല ശ്രോതാക്കൾ മുഴവനും ജിഹാദിൻെറ പ്രവൎത്തനങ്ങളിൽ വ്യാപൃതരാവും. ഇങ്ങി നെയുള്ള ഒരു വ്യക്തിയാണ് കാവൽഭടനെപ്പോലെ പാ റാവ് നിൽക്കുന്നതും അമ്പെയ്ത്തും വാൾപയററും മററു സൈനിക പ്രവൎത്തനം പരിശീലിക്കുന്നത്.

സയ്യിദ്സാഹിബ് ചെല്ലുന്ന എല്ലാ സ്ഥലങ്ങളി ലും തൻെറ പ്രസ്ഥാനത്തിൻെറ പ്രവൎത്തനങ്ങൾക്കായി പ്രതിനിധികളെ നിശ്ചയിക്കുക പതിവാണ് ആ പ്രതി നിധി നഖീബ് എന്നപേരിലാണറിയപ്പെടുക. സയ്യി ദ്സാഹിബിൻെറ വിപ്ലവപ്രസ്ഥാനവും ഈ നാട്ടിലെ

ല്ലാം ഉള്ള വിപ്ലവപ്രസ്ഥാനങ്ങളും പ്രവൎത്തനരൂപത്തിൽ വ്യത്യസ്ഥമാണ്, സയ്യിദ്സാഹിബിന്റെ പ്രസ്ഥാനത്തിന്റെ പ്രവൎത്തനങ്ങൾ സൂക്ഷിക്കുന്ന റിക്കാർഡ്കളില്ല തിരഞ്ഞെടുക്കപ്പെടുന്ന സിക്രട്ടറിമാരോ പ്രസിഡണ്ടുമാരൊ ഇല്ല. രഹസ്യമായുള്ള റിക്കാർഡുകളും ഇല്ല. എല്ലാം വ്യക്തമായ രൂപത്തിലാണ് നടത്തുക.

## യാത്ര തുടരുന്നു

സഹാറംപൂരിൽ അദ്ദേഹത്തിന്നു വലിയ നേട്ടങ്ങളുണ്ടായിട്ടുണ്ട്. അധഃകൃതോദ്ധാരണം ഷാഹ്അബ്ദുറഹീമിന്റെ സഹകരണം മുതലായവയാണ് അവ. അവിടെ നിന്നദ്ദേഹം ദൽഹിയിലേക്കുതിരിച്ചു. ദൽഹിയിൽ അദ്ദേഹത്തിന്റെ ഗുരുനാഥനും രാഷ്ട്രീയനേതാവുമായ ഷാഹ്അബ്ദുൽഅസീസ് സാഹിബ് സയ്യിദ്സാഹിബിന്റെ വരവ് പ്രതീക്ഷിച്ചുംകൊണ്ടിരിക്കുന്നുണ്ടായിരുന്നു. ഏതാനും ദിവസങ്ങൾ ദൽഹിയിൽ താമസിച്ചശേഷം മെയ് അവസാനത്തിൽ ഗുരുനാഥരിൽനിന്നു സമ്മതം വാങ്ങി റായിബ്രെയിലിയിലേക്കു പുറപ്പെട്ടു. ശിഷ്യനും ഗുരുവും തമ്മിലുള്ള അവസാനത്തെ കൂടിക്കാഴ്ചയായിരുന്നു ഇത്.

കൊടുംകാററും വെള്ളപ്പൊക്കവുംമൂലം യമുനാനദി കടക്കാൻ പ്രയാസം നേരിടുകയാൽ രാത്രി നദിയുടെ കരയിൽ താമസിക്കേണ്ടതായി വന്നു. പിന്നെ പ്രഭാതത്തികലാണ് യാത്ര തുടർന്നത്. ഗാസിആബാദിൽ ശിഷ്യൻ ആബ്ദുള്ളയുടെ വസതിയിൽ താമസിച്ചു. അവിടെ വെച്ചാണ് സ്വന്തം സഹോദരൻ നിര്യാതനായ വാൎത്ത അറിഞ്ഞത്. ആ സഹോദരനായിരുന്നു തന്റെ അസാന്നിദ്ധ്യത്തിൽ കുടുംബകാര്യങ്ങൾ മുഴവനും നിർവ്വഹിച്ചിരുന്നത് ഈ വിപത്ത് സയ്യിദ്സാഹിബിന്നു വളരെഅധികം ദുഃഖമുണ്ടാക്കിതീൎത്തു. സഹോദരൻ നിര്യാതനായ വിവരമറിഞ്ഞു സ്വവസതിയിലേക്കു പോകുമ്പോഴും സാംസ്കാരിക പരിപാടിയുടെ പ്രവൎത്തനങ്ങൾക്ക് യാതൊരു തടസ്സവും നേരിട്ടില്ല. മുറക്ക് അതു നടന്നുകൊണ്ടിരുന്നു. റായ

ബ്രേലിയിൽ ഏതാണ്ട് 4മാസത്തോളം താമസിച്ചു. ദ ൽഹിയിൽ നിന്നു പുറപ്പെട്ടപ്പോൾ സംഘത്തിൽ 50ഓ 60ഓ ആളുകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ പിന്നീട് ആ സംഘത്തിലെ എണ്ണം 200ഓളം വർദ്ധിച്ചു.

ഈ താമസത്തിൽ ആദ്ധ്യാത്മിക പരിശീലനങ്ങൾ നൽകുന്നതോടൊപ്പംതന്നെ സൈനികപരിശീലനങ്ങളും ശിഷ്യഗണങ്ങൾക്ക് നൽകിക്കൊണ്ടിരുന്നു.

റായബ്രെലിയിൽ നിന്നു അല്ലഹബാദിലേക്കു പുറപ്പെട്ടപ്പോൾ സംഘത്തിൽ 50ഓ 60ഓ ആളുകൾ മാത്രമെ ഉണ്ടായിരുന്നുള്ളു. പിന്നീട് ആ സംഘത്തിലെ എണ്ണം 200 ഓളം വർദ്ധിച്ചു.

ഈ താമസത്തിൽ അദ്ധ്യാത്മിക പരിശീലനങ്ങൾ നൽകുന്നതിനോടൊപ്പംതന്നെ സൈനിക പരിശീലനങ്ങളും ശിഷ്യഗണങ്ങൾക്ക് നൽകിക്കൊണ്ടിരുന്നു.

റായബ്രെലിയിൽ നിന്നു അലഹാബാദിലെക്കു പുറപ്പെട്ട ദൂരം വെറും 4ദിവസമായിരുന്നുവെങ്കിലും ഒരുമാസം കൊണ്ട് ഉദ്ദിഷ്ടസ്ഥലത്ത് എത്തുകയുണ്ടായുള്ളു. കാരണം വഴിമദ്ധ്യെ ആളുകൾ കൂട്ടം കൂട്ടമായി നിന്നു ദർശനം നടത്തിക്കൊണ്ടിരുന്നു. എന്നു മാത്രമല്ല പലരും അവരുടെ സ്ഥലങ്ങളിൽ താമസിക്കാൻ ക്ഷണിക്കുകയും ചെയ്തു. ആ ക്ഷണം സ്വീകരിക്കുകയാണെങ്കിൽ വളരെ അധികം ദിവസങ്ങൾ വേണ്ടി വരുന്നത്കൊണ്ട് അദ്ദേഹം അവരോടെല്ലാം മാപ്പപേക്ഷിച്ചുകൊണ്ട് യാത്ര തുടൎന്നു. ഈ യാത്രമദ്ധ്യെ പല സംഭവങ്ങളും ഉണ്ടായി. എല്ലാവിധ അനാചാരങ്ങളിലും മുഴുകിയ ഒരു വലിയ വ്യക്തി- അയാൾ ബനാറസ് മഹാരാജാവിന്റെ ഒരു ഉയൎന്ന ഉദ്യോഗസ്ഥൻ കൂടിയായിരുന്നു.- സയ്യിദ് സാഹിബിനെ ദർശിക്കാൻ വന്നു. സയ്യിദ് സാഹിബിന്റെ ശാന്തസ്വരത്തിലുള്ള സദുപദേശങ്ങൾ കേട്ട ആ വ്യക്തി പശ്ചാത്താപം പ്രകടിപ്പിക്കുകയും തന്റെ ദുഷ്കൃത്യങ്ങളിൽ നിന്നെല്ലാം വിമുക്തനാകയും ചെയ്തു.



ബനാറസ്സിലെത്തിയപ്പോൾ ഒരു പഴയസ്നേഹിതനായ മൗലവി അബ്ദുൽ കാദർ സാഹിബ് അദ്ദേഹത്തെ സന്ദർശിക്കാൻ വന്നു. പ്രസ്തുത മൗലവിയാവട്ടെ അവിടത്തെ ഒരു വലിയ പ്രഭുവായിരുന്നു. അന്നു രാത്രി അദ്ദേഹത്തിന്റെ കൂടെ സയ്യിദ് സാഹിബ് താമസിക്കുമെന്നായിരുന്നു അനുയായികൾ പ്രതീക്ഷിച്ചിരുന്നത്. പക്ഷെ അതു ഉണ്ടായില്ല. മൗലവി അബ്ദുൾഖാദർ സാഹിബ് നമ്മുടെ അഭിപ്രായത്തോടും ആദർശത്തോടും യോജിക്കാത്ത ആളായതുകൊണ്ട് നാം അദ്ദേഹത്തിന്റെ കൂടെ താമസിക്കുന്നത് പന്തികേടാണെന്ന് സയ്യിദ് സാഹിബ് പറഞ്ഞു. അങ്ങിനെ അന്ന് പള്ളിയിലാണ് താമസിച്ചത്. ഏതാണ്ട് 1 മാസകാലത്തോളം അവിടെ ആൾപെരുമാററമില്ലാത്ത ഒരു പള്ളിയിൽ താമസിച്ചു. ഇതിന്നിടയിൽ പതിനയ്യായിരത്തോളം-ഇതിൽ ധാരാളം സ്ത്രീകളും ഉണ്ടായിരുന്നു-വളരെപേർ അദ്ദേഹത്തിന്റെ ശിഷ്യത്വം സ്വീകരിച്ചു. അക്കാലത്ത്ബനാറസിൽ വിവിധതരത്തിലുള്ളഅനാചാരങ്ങൾ നടപ്പുണ്ടായിരുന്നു. അതിലേററവും ഭയങ്കരമായ അനാചാരം ഇതായിരുന്നു- ആറാറ് മാസം കൂടുമ്പോൾ ഒരു ആചാര്യൻ ബനാറസ്സിൽ വരും. ആ അവസരത്തിൽ അന്നാട്ടുകാർ വിവിധ തരത്തിലുള്ള നേർച്ചകളും വഴിപാടുകളുമായി ദർശനത്തിന്നായി ആചാര്യന്റെ അടുക്കൽ എത്തും. നമസ്കാരം നോമ്പ് മുതലായ മത കൎമ്മങ്ങൾ നിർവ്വഹിക്കാത്ത കുററങ്ങളെല്ലാം മാപ്പ് ചെയ്ത് കൊടുത്തതായി അദ്ദേഹം എഴുതിക്കൊടുക്കും. ഈ ദുഷിച്ച അനിസ്ലാമികമായ പ്രവൃത്തിയുടെ ഭയങ്കരതയെ പററി മൗലാനാ അബ്ദുൽഹയ്യ് സാഹിബ് പല ദിവസങ്ങളോളം ഉജ്വലപ്രസംഗങ്ങൾ നടത്തി. തൽഫലമായി എല്ലാവരും ആ ദുഷ്കൃത്യം ഉപേക്ഷിച്ചു നല്ലവരായി തീൎന്നു. തിമൂർ രാജവംശത്തിലെ ചില രാജകുമാരന്മാരും നാട്ടുപ്രമാണിമാരുമെല്ലാം സയ്യിദ് സാഹിബിന്റെ ശിഷ്യത്വം സ്വീകരിച്ചു. പിന്നീടദ്ദേഹം സുൽത്താൻപുരിലെക്കും അവിടെ നിന്നു ലക്നോവിലെക്കും പുറപ്പെട്ടു. നായിബ്സൽതനത്ത് ആഗാമീറിന്റെ ക്ഷണപ്രകാരമാണ് ലെക്നോവിലേക്കു പു

റപ്പെട്ടതെന്ന് മുഹ്സീൽ അഹമദിയ്യായിൽരേഖപ്പെടുത്തി ട്ടുണ്ട്. ഈ ക്ഷണം സദുദ്ദേശപരമായിരുന്നില്ല- ആഗാമീറി ന്നു ഇതിൽ ഗണ്യമായ ദുരുദ്ദേശമുണ്ടായിരുന്നു. അത് താ ഴെ പറയുന്ന വരികളിൽ നിന്നു വ്യക്തമാകുന്നതാണ്.

## തലസ്ഥാന നഗരി

ഔധ് സംസ്ഥാനത്തിന്റെ തലസ്ഥാനമാണ് ലഖ നൊ, ക്രി: 1819ൽ റായബ്രൈയിലിയിൽ നിന്നു സയ്യിദ് സാഹിബിന്റെ സംഘം ലക്നൊവിൽ എത്തിച്ചേർന്നു. തദവസരത്തിൽ ലക്നൊ ആംഗ്ലോ ഇന്ത്യൻ ഭരണത്തി ന്റെ വലിയ കേന്ദ്രമായിരുന്നു. ഗാസിദ്ദീൻഹൈദർ രാജാ വും മുഅൗത്തമിദ്ദൗല ആഗാമീർ നായിബുസൽതനത്തും പ്രധാനമന്ത്രിയും ആയിരുന്നു.

ദൽഹിയിലെ സുൽത്താൻ മുഹമ്മദ്ശാഹ് റഫീഇദ്ദൗ ല റഫീഉൽ മുൽക് ശിഹാമത്ത ജംഗ് എന്നീ സ്ഥാന പേ രുകൾ ദൽഹി ദർബാർ മുമ്പ് തന്നെ അദ്ദേഹത്തിന്നു നൽ കിയിരുന്നു. പൈതൃകമായ അസീറുൽ മമാലിക് എന്ന സ്ഥാനവും സുൽത്താൻ മുമ്പുതന്നെ നൽകുകയുണ്ടായിട്ടുണ്ട് എന്നാൽ ഇതുകൊണ്ട് മാത്രം ഗാസിദ്ദീൻ ഹൈദർ തൃപ്തി പ്പെട്ടില്ല. രാജാവാകണമെന്നായിരുന്നു അദ്ദേഹത്തിന്റെ മോഹം . ഈസ്റ്റിന്ത്യാ കമ്പനിയുടെ നിർദ്ദേശ പ്രകാരമോ സമ്മതത്തോടു കൂടിയോ അദ്ദേഹം ആ ആശ പ്രകടമാക്കി. ക്രി: 1818ൽ പട്ടാഭിഷേകം നടത്തി. ശാഹ് സമൽ എന്ന സ്ഥാനപ്പേര് സ്വയം സ്വീകരിച്ചു. അപ്പോഠം അദ്ദേഹത്തി ന്റെ പൂർണ്ണ നാമവും സ്ഥാനപ്പേരും ഇപ്രകാരമാണ്, റഫീ ഉദ്ദൗല റഫീഉൽമുൽക്, ശഹാമത്ത്ജംഗ് അബുൽമുസഫ് ഫർ, മുഇസ്സുദ്ദീൻ, ഷാഹ്സമൽ, ഗാസിദ്ദീൻ, ഹൈദർ, ബാദ്ഷാഗാസി.

മിതവ്യയശീലനും ബുദ്ധിമാനുമായ പിതാവ് സംഭ രിച്ച സംഖ്യയിൽ നിന്നു രണ്ടുകോടി ഉറുപ്പിക സിംഹാസ നത്തിന്നും രാജകീയ ആഡംബരങ്ങഠംക്കുമായി ധൂർത്തടി ച്ചു. രാജാവിന്റെ അധികാരങ്ങളിലും നാട്ടിന്റെ അതി

ത്തികളിലും ഇംഗ്ലീഷുകാരുടെ ആധിപത്യത്തിൻെറ മുദ്ര പ
തിഞ്ഞിട്ടുണ്ടായിരുന്നു. രാജാവിൻെറ യാതൊരധികാരവും
പട്ടാള ക്യാമ്പുകളിൽനടക്കുകയില്ല എന്നാൽ നാണയങ്ങൾ
അടിക്കുന്ന കമ്മട്ടത്തിൻമേൽ അദ്ദേഹത്തിന്നു പൂർണ്ണഅധികാ
രമുണ്ടായിരുന്നു രാജാവിൻെറ പേരിൽ നാണയങ്ങൾ അ
ടിച്ചിറക്കുന്നതിന്നു യാതൊരു കണക്കുമുണ്ടായിരുന്നില്ല. അ
വയെല്ലാം ബജററ്കളിൽ നടപ്പിലുണ്ടായിരുന്നു. അങ്ങ
നെയാണ് തൻെറ രാജാധിപത്യത്തെ ഗാസിദ്ദീൻ പ്രകട
മാക്കിയത്.

ക്രി: 1813ൽ ഗാസിദ്ദീൻ മന്ത്രിപദം സ്വീകരിച്ചു. ഏ
താനും വർഷങ്ങൾക്കു ശേഷം 1818ൽ സ്വയം രാജാവായി
പ്രഖ്യാപനം ചെയ്തു. 1827ൽ നിര്യാതനായി.

ഇവിടെ ചരിത്രത്തിൻെറ മറുവശം കൂടി വ്യക്തമാ
ക്കേണ്ടത് ഒരാവശ്യമാണ് സംഭവം ഇപ്രകാരമാണ്, ദൽ
ഹി ദർബാർ ഏതാനും കൊല്ലങ്ങൾ തൊട്ട് ഈസ്ററി
ന്ത്യാ കമ്പനിയുടെ അധീനതയിൽ അകപ്പെട്ടു പോയിട്ടു
ണ്ടായിരുന്നു. അങ്ങനെയാണെങ്കിലും പൈതൃകമായ ചക്ര
വത്തിത്വത്തിൻെറ മണം മൂളയിൽ നിന്നു് പററെ വിട്ടുമാ
റീട്ടുണ്ടായിരുന്നില്ല. ആദർബാർഇദം പ്രഥമമായി കമ്പ
നിയുടെ നയത്തിന്നു വിപരീതമായി ധീരമായ ഒരു പ്രവ
ത്തനം നടത്തുകയുണ്ടായി. ഗാസിദ്ദീൻ ഹൈദറിൻെറ
പിതാവായ നവാബ്സ്അദത്തലീഖാന്ന മന്ത്രിപദം നൽ
കിയില്ലെന്നുള്ളതാണത്. എന്തുകൊണ്ടെന്നാൽ അയാൾ
ഇംഗ്ളീഷുകാരുടെ വാലാട്ടിയായിരുന്നു. കുടുംബ വ്യവ
സ്ഥയനുസരിച്ച് ശുജാഉദ്ദൗലയുടെ മകൻ ആസഫ്ദ്ദൗ
ലയുടെ മരണത്തിന്നുശേഷം അദ്ദേഹത്തിൻെറ മൂത്ത മകൻ
വസീർ അലീഖാൻ ആണ് സ്ഥാനം നൽകേണ്ടത്. എ
ന്നാൽ ആസഫ്ദ്ദൗലയുടെ മരണാനന്തരം വസീർ അലീ
ഖാന്നാണ് ആ പദവി ലഭിച്ചത്. എന്നാൽ കമ്പനി ഉ
ദ്യോഗസ്ഥന്മാർ 4 മാസത്തിന്നുശേഷം അദ്ദേഹത്തെ അ
റസ്ററുചെയ്തു കൽക്കത്തയിലേക്കയച്ചു. തദനന്തരം ന
വാബ് ശഹാദത്തലീഖാനെ മന്ത്രിയാക്കി നിശ്ചയിച്ചു.
പ്രസ്തുത ശഹാദത്തലീഖാൻ തനിക്ക് ദൽഹി ദർബാറിൽ

നിന്നു ആ പദവി ലഭിക്കേണ്ടതിന്നു ഊൎജ്ജിതമായ പരിശ്രമം നടത്തിക്കൊണ്ടിരുന്നു. പക്ഷെ ആ പരിശ്രമം വിജയിച്ചില്ല. ദൽഹി ദർബാർ കമ്പനിയുടെ അഭീഷ്ടത്തിന്നു് എതിരായി പ്രവൎത്തിച്ചു. ഇതായിരുന്നു. ദൽഹിദർബാർ ആദ്യമായി പ്രകടിപ്പിച്ച ധീരത. ദർബാറിൻെറ രണ്ടാമത്തെ ധീര കൃത്യം ഗവൎണ്ണർ ജനറലുടെ ഇഷ്ടത്തിന്നു വിപരീതമായി പ്രവൎത്തിച്ചു എന്നുള്ളതാണു്. ക്രി: 1806ലാണു് അക്ബർ രണ്ടാമൻെറ പട്ടാഭിഷേകം നടന്നതു്. അക്കാലത്തു് ഗവൎണ്ണർ ജനറൽ ദൽഹിക്കു പോവാനായി ഫർഖാബാദ്‌വരെ എത്തി. ദൽഹിയിൽ പ്രവേശിക്കാനും അതോടൊപ്പം ദർബാറിൽ ഒരു സീററു് ലഭിക്കാനും അദ്ദേഹം ആവശ്യപ്പെട്ടു. എന്നാൽ സുൽതാൻ അങ്ങിനെ നിഷേധിച്ചു. ഗവൎണ്ണർ ജനറൽ സർ നാപോസ്‌മേററർ കൊപിഷ്ടനായി. ഫർനബാദിൽ നിന്നു കൽക്കത്തയിലെക്കു് മടങ്ങി പോയി. പിന്നീടു് മറെറാരു സുൽത്താനെ നിശ്ചയിച്ചു ദൽഹി സുൽത്താൻെറ അഹങ്കാരവും ധിക്കാരവും നശിപ്പിക്കണമെന്നു കമ്പനി തീർച്ചപ്പെടുത്തി. ( കൈസറുത്തവാരീഖു് )

ഔധിലെ നാണ്യങ്ങളിൽ മൽസ്യങ്ങളുടെ അടയാളം സ്റ്റെററു്സ്ഥാപകൻ ബുർഹാനുൽ മുൽക്കിൻെറ കാലം മുതൽ നടപ്പുണ്ടായിരുന്നു. അതിനുള്ള കാരണം ഇപ്രകാരമാണെന്നു് റിപ്പോർട്ടു് ചെയ്യപ്പെടുന്നു, ബുർഹാനുൽ മുൽക്കു് ദൽഹി സുൽത്താനിൽ നിന്നു് അധികാര പത്രം സമ്പാദിച്ചു. ആ സംസ്ഥാനം അധീനപ്പെടുത്തേണ്ടതിന്നു പോകുന്ന അവസരത്തിൽ ഗംഗാ നദി കടക്കുമ്പോൾ ഒരു മൽസ്യം സമുദ്രത്തിൽ നിന്നു പിടിച്ചു സൊദിലെക്കു് ചാടി. അതു് ബുർഹാനുൽ മുൽക്കിൻെറ മടിയിൽ വന്നു വീണു. ബുർഹാനുൽ മുൽക്കു് അതു് ശുഭലക്ഷണമായി കരുതി ഈ മൽസ്യത്തിൻെറ മുള്ളുകൾ വാജിദലീ സാഹിബിൻെറ കാലം വരെ ഭണ്ഡാരത്തിൽ സൂക്ഷിക്കപ്പെട്ടിരുന്നു. ( കൈസറുത്തവാരീഖു് ) നാണ്യത്തിൻെറ മറുപുറത്തെ ദൽഹി സുൽത്താൻെറ നാമവും പട്ടാഭിഷേക കൊല്ലവും മററും ഉണ്ടായിരുന്നു, ഗാസിയു്ദ്ദീൻ ഹൈദർ മൽസ്യങ്ങളുടെ അടയാളങ്ങളു

ടെ മദ്ധ്യത്തിലും അതിൻെറ പുറവും കമ്പനിക്കാരുടെ പ്രീതി നേടുന്നതിന്നായി രണ്ടു സിംഹത്തിൻേറയും ദൽഹി സുൽത്താൻെറ പേരിന്നു പകരം തന്നെ വാഴ്ത്തികൊണ്ടു രചിക്കപ്പെട്ടിട്ടുള്ള ഒരു കവിതയുടെ ശകലവും കൊത്തീട്ടുണ്ടായിരുന്നു

# ബ്രിട്ടീഷ് ആദിപത്യം

ക്രി: 1865ൽ ഓടാജഹാനാബാദിൽ നടന്ന ഉടമ്പടിയുടെ അടിസ്ഥാനത്തിൽ ഇംഗ്ളീഷുകാരാനായ ഒരു റസിഡണ്ട നിയമിതനായി. അയാളുടെ അധികാരങ്ങൾ അടിക്കടി വദ്ധിച്ചുകൊണ്ടിരുന്നു. എന്തിനേറെ എല്ലാം അയാൾ തന്നെയായി. സ്ഥാനത്തിരുത്തുന്നതും സ്ഥാനഭ്രഷ്ടനാക്കുന്നതും അയാൾ തന്നെയാണ്.

# മാനസിക രോഗിയായ ഹൈദർ

സുൽ: ഗാസിട്ടീൻ ഹൈദർ താന്തോന്നിയും അന്ധവിശ്വാസിയും വിഡ്ഢിയും ആയതിന്നുപുറമെ മനോരോഗികൂടിയായിരുന്നു. കുടി, വെടി, ഡാൻസ്, പാട്ട്, കളി എന്നിവയിൽ നിന്നു് ഒഴിഞ്ഞ ഒരവസരം ഉണ്ടായിരുന്നില്ല. രാജാവിൻേറയും മന്ത്രിമാരുടേയും നാടുവാഴി പ്രഭുക്കന്മാരുടേയും താന്തോന്നിത്തം മൂലം രാജ്യം വിവിധ തരത്തിലുള്ള കഷ്ടപ്പാടുകൾക്ക് വിധേയമായി. അവിഹിത കൂട്ടുകെട്ടിൽ ഏർപ്പെടാത്ത ആരും തന്നെ അന്നാട്ടിലുണ്ടായിരുന്നില്ല. ഈവക ദുഷിച്ച ആചാരങ്ങളും നടപടികളും സാർവ്വത്രികമായി തീൎന്നെങ്കിലും ലക്നോ പട്ടണത്തിന്നു ഒരു വിശേഷത ഉണ്ടായിരുന്നു. അതു് ഔധി സംസ്ഥാനത്തിൻെറ തലസ്ഥാന നഗരി എന്നുള്ളതാണ്. തന്നിമിത്തം സംസ്ഥാനത്തിൻെറ വിവിധ ഭാഗങ്ങളിൽ നിന്നു മഹാന്മാരായ പലരും അവിടെ വന്നു താമസിക്കാൻ തുടങ്ങി.

സുൽത്താൻ ഗാസിദ്ദീൻ പരമ വിഡ്ഢിയും കടുത്ത മനോരോഗിയും അന്ധവിശ്വാസിയും ആയതുകൊണ്ട് സമർത്ഥനായ പ്രധാനമന്ത്രി ആഗാമീർമുഅ്ത്തമിദ്ദൗലാക്ക് വമ്പിച്ച നേട്ടങ്ങളുണ്ടായി. സമർത്ഥനായ പ്രധാനമന്ത്രി തന്റെ സാമർത്ഥ്യം മുഴുവനും പ്രയോഗിച്ചത് രാജാവിന്റെ അന്ധവിശ്വാസങ്ങളും ബുദ്ധി ശൂന്യതയും അവിവേകവും വർദ്ധിപ്പിക്കുന്നതിലാണ് അതിൽ അദ്ദേഹം പരിപൂർണ്ണമായി വിജയിച്ചു. തന്നെപ്പോലെ തന്നെ മഹാന്മാരായ പല വ്യക്തികളും സ്ത്രീലംബട്ടന്മാരായിരുന്നുവെന്നുപോലും രാജാവ് വിശ്വസിച്ചു. അധഃ കൃതവർഗ്ഗത്തിലുള്ള ഒരു കന്യകയെ അദ്ദേഹം ഒരു അരമനയിൽ താമസിപ്പിച്ചു. അവൾ ഒരായിരം കൊല്ലങ്ങൾക്ക് മുമ്പ് മരിച്ചുപോയ ഒരു ദിവാനുമായി വൈവാഹിക ബന്ധത്തിലേർപ്പെട്ടിരുന്നുവെന്നും സങ്കൽപിച്ചു എന്ന് മാത്രമല്ല മററാർക്കും അവളുമായി വൈവാഹിക ബന്ധത്തിൽ ഏർപ്പെടാൻ പാടില്ലെന്നു കൽപിച്ചു. നാട്ടിന്റെ വരുമാനത്തിൽ വമ്പിച്ച ഒരു ഭാഗം അവൾക്ക് വേണ്ടിയാണ് ചിലവഴിച്ചത്. ഒരിക്കൽ രാജാവ് ഒരാളെ കാണണമെന്ന് ഉത്തരവിട്ടപ്പോൾ പ്രധാന മന്ത്രി അയാൾ മരിച്ചുപോയെന്നു റിപ്പോർട്ട് ചെയ്തു. രാജാവിനെ ആ മനുഷ്യൻ കാണുന്നത് പ്രധാമന്ത്രിക്ക് അത്ര ഇഷ്ടമായിരുന്നില്ല. അതുകൊണ്ടാണ് അങ്ങിനെ റിപ്പോർട്ട് ചെയ്യാൻ കാരണം. അങ്ങിനെയിരിക്കെ ഒരു ദിവസം ആ മനുഷ്യൻ പെട്ടെന്ന് രാജാവിന്റെ വാഹനത്തിന്റെ മുമ്പിൽ വന്നെത്തി. ഇത് പ്രധാനമന്ത്രിക്ക് വലിയ വിഷമത്തിന്നിടയാക്കി. ഉടനെ പ്രധാനമന്ത്രിക്ക് ഒരു യുക്തി തോന്നി. അദ്ദേഹം പറഞ്ഞു മഹാരാജാവെ ആ മനുഷ്യൻ മരിച്ചുപോയത് ശരിയാണ് പക്ഷെ അദ്ദേഹം ഒരു മഹാ ദിവ്യനാണ്. മനുഷ്യ ദൃഷ്ടികൊണ്ട് അദ്ദേഹത്തെ കാണാൻ കഴികയില്ല. തന്നിമിത്തം ഈ ഗുലാമിന്ന് ആദിവ്യാത്മാവിനെ കാണുക സാദ്ധ്യമല്ല, അങ്ങ് ആത്മലോകത്തെപോലും ദർശിക്കാൻ കഴിവുള്ള ദിവ്യ പുരുഷനാണല്ലോ. അതുകൊണ്ടാണ് മഹാരാജാവ് അദ്ദേഹത്തെ കാണുന്നത് അടിയന്ന് ആ ശക്തിയില്ല. ഇതുകേട്ടപ്പോൾ



സുൽത്താൻ പറഞ്ഞു. അത് അദ്ദേഹം തന്നെയാണ്. തദവസരത്തിൽ സദസ്യർ ഏകസ്വരത്തിൽ എവിടെ, എവിടെ എന്നു പറഞ്ഞു. ആകപ്പാടെ സുൽത്താൻ താനുദ്ദേശിച്ചിരുന്ന വ്യക്തിയുടെ ആത്മാവ് വസ്ത്രധാരണം ചെയ്തുകൊണ്ട് മനുഷ്യരൂപം ധരിച്ചു പ്രത്യക്ഷപ്പെട്ടതാണെന്നു വിശ്വസിച്ചു.

ലക്നൊവിലെ പറങ്കിമഹൽ മഹാ പണ്ഡിതന്മാരുടെയും ദിവ്യന്മാരുടേയും കേന്ദ്രമായിരുന്നു. അവിടെയുള്ള പല നേതാക്കന്മാരും നാടുവാഴി പ്രഭുക്കന്മാരും സയ്യിദ് സാഹിബുമായി വിദേശാധിപത്യത്തിന്നെതിരായുള്ള സമരത്തെ സഹായിക്കാമെന്ന കരാറിലേർപ്പെട്ടു.

## സൈനിക വൃത്താം

ഔധ് ഗവമ്മെണ്ടിന്റെ സൈനിക വൃത്തം വളരെ ചുരുങ്ങിപ്പോയി. ആ ചുരുങ്ങിയ സേനാ വിഭാഗം തന്നെ ഒരു പ്രദർശനത്തിന്റെ നിലയിലുള്ളതായിരുന്നു. എന്നിരുന്നാലും അക്കൂട്ടത്തിൽ നല്ല തന്റേടവും മനശ്ശക്തിയുമുള്ള പല യോദ്ധാക്കളുമുണ്ടായിരുന്നു. അവരെല്ലാം ധീരന്മാരായ കുസഹാരികളായിരുന്നു. ആ സേനാ വിഭാഗത്തിന്റെ നായകൻ ഫഖീർ മുഹമ്മദ്ഖാൻ സ്വന്തം നിലയിൽ തന്നെ സയ്യിദ് സാഹിബിന്റെ ഭക്തനായിരുന്നു. അദ്ദേഹം സയ്യിദ് സാഹിബിനോടൊപ്പം നവാബ അമീറലീഖാന്റെ സേനയിൽ ചേർന്നു പ്രവർത്തിക്കുന്ന അവസരത്തിലാണ് സയ്യിദ് സാഹിബിന്റെ യഥാർത്ഥ നില മനസ്സിലാക്കാനുള്ള അവസരം ലഭിച്ചത്. അന്നുമുതൽ ഫഖീറ് മുഹമ്മദ്ഖാൻ സയ്യിദ് സാഹിബിന്റെ ഭക്തനും വിശ്വസ്ഥ സ്നേഹിതനുമായി തീർന്നു ചുരുക്കിപ്പറഞ്ഞാൽ ആ സേനയിൽ തന്നെ സയ്യിദ് സാഹിബിന്റെ പ്രസ്ഥാനവുമായി ബന്ധം പുലർത്തുന്ന ഒരു വിഭാഗം സേനാനികളുണ്ടായിരുന്നു.

## താമസം

ആദ്യമായി അക്ബർ ഗൈററിന്ന സമീപം മീർമിസ്കീൻ എന്ന ഭവനത്തിലാണ് സയ്യിദ് സാഹിബും സംഘവും താമസമാക്കിയത്. തദവസരത്തിൽ ഒരുന്നൂററിഎഴപത് ആളുകൾ സംഘത്തിലുണ്ടായിരുന്നു. ഈ ഭവനം അവരുടെ താമസത്തിന്ന് മതിയാകാത്തത്കൊണ്ട് ഗോമതി നദിയുടെ കരയിലുള്ള ഒരു വലിയ ഭവനത്തിലേക്ക് താമസം മാററി. ആ ഭവനം ശൈഖ ഇചാംബക്ഷി എന്നൊരു കച്ചവടക്കാരന്റെ തായിരുന്നു.

സയ്യിദ് സാഹിബിനായി ബുസൽനഹത്ത് ആഗാമീറിന്റെ ക്ഷണനപ്രകാരമാണ് ലക്നോവിൽ എത്തിയത്. എന്നാൽ രാജോചിതമായ സ്വീകരണങ്ങൾ അദ്ദേഹം ഇഷ്ടപ്പെട്ടില്ല മുന്നറിയിപ്പുകൂടാതെ ആണ് അദ്ദേഹം അവിടെ എത്തിയത്. ലക്നോവിൽ ഒരു സൈനിക ഉദ്യോഗസ്ഥനായിരുന്ന തന്റെ ഇളയ മരുമകൻ സയ്യിദ് അബ്ദുറഹ്മാനെ കത്ധഹാരികളുടെ കാമ്പിലേക്കയച്ചു അവിടെ തനിക്കും അനുയായികൾക്കും താമസത്തിന്ന ഏർപ്പാട് ചെയ്യണമെന്നു പറഞ്ഞു. രാത്രി കുറെ കഴിഞ്ഞശേഷം പട്ടാളക്കാമ്പിൽ പോയി ഏർപ്പാട് ചെയ്താൽ മതി എന്നായിരുന്നു നിർദ്ദേശം. അങ്ങിനെ യാതൊരു ഒച്ചപ്പാടും കൂടാതെ അന്ന് കാലത്ത് സയ്യിദ് സാഹിബും പരിവാരങ്ങളും കസഹാരി കാമ്പിലെത്തിച്ചേർന്നു് പ്രാഥമിക ആവശ്യങ്ങളെല്ലാം നിർവ്വഹിച്ച ശേഷം കാമ്പിൽ ആദ്യമായി ശരിപ്പെടുത്തിവെച്ചിരുന്ന ഭക്ഷണ പദാത്ഥങ്ങൾ, കടല പുഴുങ്ങിയത്, ഉപ്പ്, മുളക്, ശക്കര എന്നിവയായിരുന്നു ഭക്ഷണ പദാത്ഥങ്ങൾ എല്ലാവരും കൂടി കഴിച്ചു വെള്ളം കടിച്ച ശേഷം അവിടെ വിശ്രമിച്ചു. ളുഹർ നമസ്കാര സമയമായപ്പോഴേക്ക് സയ്യിദ് സാഹിബിന്റെ ആഗമന വാർത്ത കാട്ടുതീപോലെ എങ്ങും പരന്നു. പണ്ഡിത, പാമര, പ്രഭു എന്നീ വ്യത്യാസമെന്യെ ജനങ്ങൾ തുരുതുരെ വരാൻ തുടങ്ങി. പലരും ഗണ്യമായ സംഭാവനകൾ അർപ്പിച്ചു.



## ശാന്തഗംഭീരമായ വരവേൽപ്പ്

ജാഥയുടെ വരവ് അക്ഷമമായ നിലയിൽ ജനങ്ങൾ മുഴുവൻ പ്രതീക്ഷിക്കുന്നുണ്ടായിരുന്നു. ജാഥ സ്ഥലത്തെത്തിയപ്പോൾ ജാഥാംഗങ്ങൾക്ക മുഴുവനും വിവിധ വിഭവങ്ങൾ അടങ്ങിയവിരുന്ന് ആദ്യമായി നൽകിയത് സുൽത്താനുൽ ഉലമമൗലാന അബ്ദുൾറബ്ബ് സാഹിബാണ്.

പട്ടണത്തിലെ അഞ്ഞൂറോളം നേതാക്കളും ഭരണത്തലവൻമാരും അടങ്ങിയ ഒരു സദസ്സിൽ വെച്ച് മഹാ പണ്ഡിതനായ ഹസ്റത്ത്മിർഷാ ഹസൻ അലിസാഹിബ് ജാഥാ നേതാവിന് രാജോചിതമായ സംഭാവനകൾ നൽകി.

വ്യാപാരികളെ പ്രതിനിധികളായി അംഗീകരിച്ച് ഷേയ്ക്ക് ഇമാം ഭക്ഷിത് സാഹിബ് തന്റെ വില പിടിച്ചതും പുതുതായി പണിചെയ്തതും ആയ ബംഗ്ലാവ് ജാഥയുടെ താമസത്തിനു വേണ്ടി വിട്ടുകൊടുത്തു.

പട്ടണത്തിലെ എണ്ണപ്പെട്ട പ്രധാനികളിൽ ഒരാളായ മിർഷാ അസംബേക്ക് ജാഥക്ക് ഒരു ഗംഭീര സൽക്കാരം നൽകി. മിർസാ അസദ് അലിബേദ്ഗ് ജാഥയുടെ ആഗമന വാത്ത കേട്ടയുടനെ തന്നെ സ്വീകരണത്തിന് വേണ്ട ഏർപ്പാടുകളിൽ വ്യാപൃതനായിരുന്നു.

താജംദ്ദീൻ ഹുസൈൻഖാൻ സുൽത്താനുമായി ഏററവും അടുപ്പമുള്ള ഒരു വ്യക്തിയും ഷിഗ വിഭാഗത്തിന്റെ നേതാവും ആയിരുന്നു. അദ്ദേഹം സയ്യിദ് സാഹിബുമായി കൂടിക്കാഴ്ച നടത്താൻ ആഗ്രഹം പ്രകടിപ്പിക്കുകയും സാഹിബിന്റെ സന്നിധിയിൽ പ്രവേശിക്കുകയും ചെയ്തു. പല മണിക്കൂറുകളോളം സ്വകാര്യമായി സംഭാഷണം നടത്തി.

പ്രധാനമന്ത്രി മുത്ത്നാബിദ്ദൗലയുടെ പ്രതിനിധി അല്ലാമാ സുബഹിൻ അലിഖാൻ തികഞ്ഞ ആദരവോടെ സയ്യി

ദ് സാഹിബിനെ സമീപിച്ചു. നീണ്ടസമയം ഇരുവരും തമ്മിൽ സംഭാഷണം നടത്തി. ഈ കൂടിക്കാഴ്ചകളും സൽക്കാരങ്ങളുമെല്ലാം നടക്കുന്നതോടൊപ്പം തന്നെ ജാഥയിലെ ഉജ്ജ്വല പ്രാസംഗികൻമാരുടെ പ്രസംഗങ്ങൾ പട്ടണത്തിൽ നടന്നുകൊണ്ടിരുന്നു. വെള്ളിയാഴ്ച ദിവസങ്ങളിൽ മസ്ജിദുകളിൽ സ്ഥലം പോരാതെ വന്നതുകൊണ്ട് പള്ളിക്കു വെളിയിൽ പ്രാർത്ഥന നടത്തുവാനുള്ള ഏർപ്പാടുകൾ ചെയ്തിരുന്നു.

ഇങ്ങനെ ഏതാനും ദിവസങ്ങൾ കഴിഞ്ഞശേഷം വിവാദ സംബന്ധമായ കാര്യങ്ങളെ കുറിച്ചുള്ള ചർച്ച ആരംഭിച്ചു. പട്ടണത്തിലെ ഏതാണ്ട് എല്ലാ മത പണ്ഡിതന്മാരും, ജനനായകന്മാരും ഈ വിഷയത്തിൽ ഏർപ്പെട്ടു. ടൗണിന്റെ എല്ലാ ഗല്ലികളിലും, തെരുവുകളിലും സയ്യിദ് സാഹിബിന്റെ പദവിയെ സംബന്ധിച്ചുള്ള സംസാരം പരന്നു. സുഖലോലുപൻമാരായ പലരും പശ്ചാത്താപം പ്രകടിപ്പിച്ച് സന്മാർഗ്ഗത്തിലൂടെ ചലിക്കാൻ തുടങ്ങി. വേശ്യാവൃത്തിയിൽ ജീവിതം നയിച്ചിരുന്ന സ്ത്രീകൾ പോലും ആ ചീത്ത നടപടികൾ ഉപേക്ഷിച്ച് സദ്വൃത്തകളായിത്തീർന്നു. ഇതൊക്കെയാണ് സയ്യിദ് സാഹിബിന്റെ ആഗമന മൂലമുണ്ടായ നേട്ടങ്ങൾ.

ജാഥയുടെ സ്വാധീന ശക്തിയെക്കുറിച്ചുള്ള വാർത്ത സൈനിക കേമ്പിൽ കൂടി എത്തി. റിസാൽദാർ [ പട്ടാള തലവൻ ] മീർദ്ഖാൻ ഭാവിയിൽ നേരിട്ടേക്കാവുന്ന വിപത്തുകളെക്കുറിച്ചൊന്നും ചിന്തിക്കാതെ സയ്യിദ് സാഹിബിനെ തന്റെ താവളത്തിലേക്ക് ക്ഷണിച്ചു. അദ്ദേഹത്തിൽ നിന്നു് ഉപദേശം തേടി. അദ്ദേഹത്തിന്റെ ശിഷ്യത്വം സ്വീകരിക്കുകയും ചെയ്തു.

# സർക്കാർ വൃത്തങ്ങളിൽ പരിഭ്രമം

സയ്യിദ് സാഹിബിന്റെ അനിതര സാധാരണമായ സ്വാധീന ശക്തി സിന്ധിങ്ങിനേയും അയാളുടെ കീഴ്ജീ

വനക്കാരെയും പരിഭ്രമചിത്തരാക്കി. തന്നിമിത്തം സയ്യി
ദ് സാഹിബിന്റെ സ്വാധീന ശക്തി നശിപ്പിക്കേണ്ട
തിന് വിവിധ തരത്തിലുള്ള കുതന്ത്രങ്ങൾ പ്രയോഗി
ക്കാൻ റസിഡണ്ടും മററും മുതിർന്നു. ആദ്യമായി ഷീയാക്ക
ളും സുന്നികളും തമ്മിൽ ഭിന്നിപ്പിക്കാനുള്ള ശ്രമമാണ് ആ
രംഭിച്ചത്. ലക്നോ പട്ടണത്തിൽ ഷിയാ- സുന്നിവഴ
ക്ക് വളരെ കേമമായ നിലയിൽ നടന്നിരുന്നു വെങ്കിലും
അത് ഒതുങ്ങിക്കിടക്കുകയായിരുന്നു ആറിത്തണുത്ത് കിട
ന്നിരുന്ന ആ തീപ്പൊരി ഊതിക്കത്തിക്കാനാണ് റസിഡ
ണ്ടും അനുയായികളും ഒരുമ്പെട്ടത്. എന്നാൽ സയ്യിദ് സാ
ഹിബിന്റെ ബുദ്ധിവൈഭവം മൂലവും അദ്ദേഹത്തിന്റെ
ഒന്നിച്ചുള്ള പണ്ഡിതവര്യന്മാരുടെ സന്ദർഭോചിതമായ
സദുപദേശങ്ങളാലും ആ വിരോധാഗ്നി കത്തിജ്വലിച്ച്
അന്തരീക്ഷം വഷളായി തീർന്നില്ല. ഹീനവും നിന്ദ്യവുമാ
യ ഈ പരിശ്രമം പരാജയപ്പെട്ടപ്പോൾ അതിദാരുണങ്ങ
ളായ മർദ്ദന നടപടികൾ ലോപം കൂടാതെ ഉപയോഗിപ്പാ
നും ജാഥയുടെ താമസസ്ഥലങ്ങൾ തോക്കിന്നു് ഇരയാകു
മെന്ന് ചില പ്രത്യേക വ്യക്തികൾ മുഖേന ഭീഷണിപ്പെ
ടുത്താനും തുടങ്ങി. സയ്യിദ് സാഹിബ് ഭീഷണികളും ഏ
ഷണികളും വഴങ്ങുന്ന സ്വഭാവക്കാരനായിരുന്നില്ലെങ്കിലും
തദവസരത്തിൽ ശത്രുക്കളുമായി സമരത്തിലേർപ്പെടാൻ ഉ
ദ്ദ്യോഗമില്ലാതിരുന്നത് കൊണ്ട് യാത്രക്കുള്ള പരിപാടി
കൾ തയ്യാറാക്കി.

സുൽത്താനും മന്ത്രിയും ഷിയാവർഗ്ഗത്തിൽ പെട്ടവരും
ഇംഗ്ലീഷുകാരുടെ സ്നേഹിതന്മാരും ആയിരുന്നുവെങ്കിലും
സേനയിലും പട്ടണത്തിലും സുന്നി മുസൽമാന്മാർക്ക് ഭൂരി
പക്ഷമുള്ളതുകൊണ്ട് പ്രക്ഷോപണം പൊട്ടിപ്പുറപ്പെട്ടുമോ
എന്നവർ ഭയപ്പെട്ടു. തന്നിമിത്തം മർദ്ദന നടപടികൾ ഉ
പേക്ഷിച്ച് കുറെക്കൂടി ബുദ്ധിപൂർവ്വമായ നിലയിൽ
പ്രവർത്തിക്കാൻ തുടങ്ങി. എന്നുവെച്ചാൽ ഭീഷണി മുഴക്കുന്ന
തോടൊപ്പം തന്നെ സയ്യിദ് സാഹിബിന്നു് ഗംഭീരമായ
നിലയിൽ യാത്ര അയപ്പ് നൽകാനുള്ള പരിശ്രമങ്ങളും
ആരംഭിച്ചു. സയ്യിദ് സാഹിബ് ലെക്നോ പട്ടണ

ത്തിൽ നിന്നു് പുറപ്പെട്ടപ്പോൾ പ്രധാനമന്ത്രി നവാബ് മ റത്തമിദ്ദൗല ജാഥാംഗങ്ങൾക്ക് അതി വിശിഷ്ടമായ വിരുന്നു നൽകി. മൌലാനാ അബ്ദുൽഹയ്യ് സാഹിബി നെ കൊണ്ടു് പ്രസംഗിപ്പിച്ചു, 5000ക സംഭാവന നൽകി. സയ്യിദ് സാഹിബുമായി സ്വകാര്യമായി കൂടിക്കാഴ്ച നട ത്താൻ അപേക്ഷിച്ചു. പുറപ്പെടുന്ന ദിവസം ഏതാണ്ടു് രണ്ടു മണിക്കൂർ സമയത്തോളം സയ്യിദ് സാഹിബും പ്രധാന മ ന്ത്രിയും തമ്മിൽ രഹസ്യ സംഭാഷണം നടത്തി. സയ്യിദ് സാഹിബ് എല്ലാവരോടും നീതിയായി പെരുമാറണമെ ന്നു് അനീതിയുടേയും അക്രമണത്തിൻെറയും അനന്തര ഫ ലങ്ങൾ ഭയങ്കരമായിരിക്കുമെന്നു് അദ്ദേഹത്തെ ഉപദേശി ച്ചു. വളരെ രഹസ്യമായ സംഭാഷണം അവസാനിച്ച ശേ ഷം സയ്യിദ് സാഹിബ് നല്ല ഒരു പെൺകുതിരയെ പ്രധാ നമന്ത്രിക്കു് സംഭാവനയായി നൽകി. പ്രധാനമന്ത്രിക്കു് അതു് സ്വീകരിക്കാൻ വളരെയധികം വൈമനസ്യം കാ ണിച്ചെങ്കിലും സയ്യിദ് സാഹിബിൻെറ നിർബ്ബന്ധം കാ രണം ഒടുവിൽ അതു് സ്വീകരിക്കുകയുണ്ടായി. ജാഥ യാ ത്ര പുറപ്പെട്ടപ്പോൾ താനും കൂടിക്കാഴ്ചനടത്താൻ ആഗ്രഹി ക്കുന്നുണ്ടെന്നുള്ള ഒരു സന്ദേശം സുൽത്താനിൽ നിന്നു ലഭി ച്ചു. സയ്യിദ് സാഹിബ് വീണ്ടും ദർബാറിൽ പോകാൻ ഇഷ്ടപ്പെടാത്തതു്കൊണ്ടു് മൌലാനാ അബ്ദുൽ ഹയ്യ് സാഹിബിനേയും അങ്ങോട്ടയച്ചു. ഈ രണ്ടു് മഹാ പണ്ഡി തന്മാർ ലക്നോവിൽ പിന്നീടു് രണ്ടാഴ്ചക്കാലത്തോളം താമസിച്ചു. അതിന്നു ശേഷമാണു് അവർ അവിടെ നിന്നു പുറപ്പെട്ടതു്.

## യാത്രയുടെ രണ്ടാം ഘട്ടം

ജാഥ ലക്നോവിൽ നിന്നു് മടങ്ങിയശേഷം ഏതാ നും മാസങ്ങളോളം റായബ്രേലിയിൽ താമസിച്ചു. പി ന്നീടാണു് യാത്രയുടെ രണ്ടാംഘട്ടം ആരംഭിക്കുന്നതു്. ഇര

സഞ്ചാരത്തിൻെറ ലക്ഷ്യവും ഉദ്ദേശവും എന്തായിരുന്നുവെന്നുള്ളതു് അജ്ഞാതമായിരുന്നു. ഹജ്ജ്കർമ്മം നിർവ്വഹിക്കാനാണെന്നാണ് വെളിവിൽ പ്രസ്താവിക്കപ്പെട്ടിരുന്നതു്. എന്നാൽ ഈ പ്രസ്താവന അത്ഭുതാവഹവും ശ്രദ്ധേയവുമാണ്. കാരണം സയ്യിദ്സാഹിബ്ബിൻെറയും അദ്ദേഹത്തിൻെറ അനുയായികളുടേയും സാമ്പത്തിക നില ഭദ്രമല്ലാത്തതുകൊണ്ട് ഹജ്ജ് മതദൃഷ്ട്യാ നോക്കുകയാണെങ്കിൽ നിർബ്ബന്ധമല്ലെന്നുള്ളതു് വ്യക്തമാണ്. അതുകൊണ്ടാണ് ജനങ്ങൾക്ക് ഈ വിഷയത്തിൽ സംശയം ജനിച്ചതു്. ഹജ്ജ്നിർബ്ബന്ധമാകണമെങ്കിൽ കുടുംബത്തെ പുലർത്താനുള്ള എല്ലാകഴിവും ഉണ്ടാകുന്നതിന്നുപുറമെ യാത്രാസൗകര്യവും യാത്രക്കുവേണ്ട സാമ്പത്തിക കഴിവും എല്ലാം ഉണ്ടായിരിക്കണം. അതൊന്നും ഇല്ലാത്ത ഒരു കൂട്ടർ ഹജ്ജിന്നു് പുറപ്പെടുന്നതിനെ മതം അനുവദിക്കുകയില്ല. 'അരിമണിയൊന്ന്കൊറിക്കാനില്ല തരിവളയിട്ട് കിലുക്കാൻ മോഹം' എന്നുപണ്ടാരോ പറഞ്ഞതുപോലെയാണ് ജാഥയുടെ സാമ്പത്തികനില.

ഈ യാത്രയുടെ ഉദ്ദേശം ജനങ്ങളുടെ ഇടയിൽ വ്യാപിച്ചതെററായ ഒരു വിശ്വാസത്തെ തിരുത്താനായിരുന്നുവെന്നാണ് ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുള്ളത്. ക്രി 18-ാം നൂററാണ്ടിൽ പോർച്ചുഗലിലെ കടൽകൊള്ളക്കാരുടെ ആക്രമണം അതിരൂക്ഷമായിതീന്നപ്പോൾ അക്കാലത്തെ ചില മതപണ്ഡിതന്മാർ മാർഗ്ഗം സുരക്ഷിതമല്ലാത്തതുകൊണ്ട് ഹജ്ജ്കർമ്മം നിർബ്ബന്ധമില്ല എന്നു് ഫത്ത്വ പുറപ്പെടുവിച്ചു. അതിൻെറ ഫലമായിട്ടാണ് ഇന്ത്യൻ മുസൽമാന്മാക്ക് ഹജ്ജ്നിർബ്ബന്ധമല്ല എന്ന തെററിദ്ധാരണ പരന്നതു്. സയ്യിദ്സാഹിബിൻെറയും അനുയായികളുടെയും യാത്രയുടെ ആന്തരമായ ഉദ്ദേശം ഈ തെററിദ്ധാരണ നീക്കുക എന്നതായിരുന്നു എന്നാണ് ചരിത്രകാരന്മാര പറയുന്നത് എന്നാൽ ചരിത്രകാരന്മാരുടെ ഈ അഭിപ്രായം സ്വീകാര്യമോ ശരിയോ അല്ല. എന്തുകൊണ്ടെന്നാൽ അങ്ങിനെ ഒരു തെററിദ്ധാരണ ജനങ്ങളുടെ ഇടയിൽ ഉണ്ടായിട്ടുണ്ടെങ്കിൽ അതു് നീക്കാൻ ഉലമാക്കളുടെഫത്ത്വകൾ

മാത്രം മതി. അതിഗംഭീരമായ നിലയിലുള്ള ഒരു ജാഥ യുടെ ആവേശം ഇല്ല. മൌലാനാ അബ്ദുൽഹയ്യ് സാഹി ബും മൌലാനാ ഇസ്മായിൽസാഹിബും ഹസ്രത്ത് മൌലാ നാ അബ്ദുൽഅസീസ് സാഹിബിൻെറ നിദ്ദേശമനുസരി ച്ച് ഇക്കാര്യത്തിൽ ഒരു ഫത്ത്വ പുറപ്പെടുവിച്ചിട്ടുണ്ട്. ആ ഫത്ത്വ തന്നെ ഈ തെററിദ്ധാരണ ദൂരീകരിക്കാൻ പോന്നതാണ്'എന്നിരിക്കെ ഇതിന്നായിട്ടാണ് ജാഥ ന യിച്ചതെന്നു് ചരിത്രകാരന്മാരുടെ അഭിപ്രായത്തിന്നു് യാ തൊരു കഴമ്പുമില്ല.

ഈ യാത്രയുടെ പൂണ്ണവിവരങ്ങൾ പ്രസിദ്ധപ്പെടുത്തി യതിൽനിന്നു് വ്യക്തമാകുന്നത് ഉദ്ദേശ്യം മറെറാന്നായിരു ന്നുവെന്നാണ്. ജാഥാംഗങ്ങളുടെ എണ്ണം വദ്ധിച്ച് എണ്ണൂ റായിതീൎന്നു. അവരുടെ കരുതൽധനം ദൈവവിശ്വാസം മാത്രമായി. എന്നുവെച്ചാൽ നാട്ടിൽനിന്നു് പുറപ്പെടുന്ന അവസരത്തിൽ അവരുടെ മടിശ്ശീല കാലിയായിരുന്നു. എല്ലാ കാര്യവും ഈശ്വരനിൽ അർപ്പിച്ചുകൊണ്ട് യാത്ര ആരംഭിച്ചു. ഇങ്ങിനെയുള്ള ദയനീയമായ ഒരവസരത്തിൽ ഹജ്ജ് ഒരിക്കലും നിർബ്ബന്ധമായി തീരുകയില്ലല്ലോ. എന്നുമാത്രമല്ല ഹജ്ജിന്നുവേണ്ടിയുള്ള യാത്ര ഷറഹ' അനു വദിക്കുമോ എന്ന കാര്യംതന്നെ സംശയത്തിലാണ്. ചി ല അനുയായികൾ അങ്ങേഅററത്തെ ത്യാഗത്തിന്നു തെയ്യാ റായി. അവർ തങ്ങൾക്കുണ്ടായിരുന്ന ഭൂമിയും മററു വസ്തുവ ഹകളുമെല്ലാം വിററുയാത്രയിൽ പങ്കെടുത്തു ഇതൊരു മ ഹൽത്യാഗമാണെങ്കിലും ഹജ്ജ് നിർബ്ബന്ധമാക്കാൻ ശരീ അത്തിൻെറ വിധിപ്രകാരം മതിയായ കാരണമായി തീ രുമോ എന്നതാണ് പ്രശ്നം.

എന്നാൽ ത്യാഗവും ആത്മാർപ്പണവും ഏററവും മഹ ത്തായ കമ്മമാണെങ്കിലും വിശ്വാസത്തിൽ വന്നിട്ടുള്ളതെ റ്റിദ്ധാരണ നീക്കാനുള്ള ഉദ്ദേശത്തോടുകൂടിമാത്രമാണ്. ആ യാത്രയെങ്കിൽ ഷറഇൗൻെറ വിധി അതിനു് അനുകൂല മായിരിക്കുമോ എന്നത് സംശയകരമായ ഒന്നാണ്. വി ശ്വാസത്തിൽ വന്നിട്ടുള്ള ഒരു തെററിദ്ധാരണ അകററാ നായി ഇത്ര ഗംഭീരമായ നിലയിലുള്ള പ്രതിരോധപ്രവ

ത്തനം നടത്തണമെന്നു് ആവശ്യപ്പെടുന്നില്ല. അതിന്നനുമ
തി നൽകുന്നില്ല, വിശ്വാസത്തിലെ വിടവുമാററാൻ. ഒ
ററക്കൊററക്കു് പ്രവത്തിച്ചാൽമതി സ്വയം ഇല്ലാതെയായ
ഒരപകടത്തെ തടുക്കാൻ സൈന്യത്തെ സംഘടിപ്പിക്കുക
എന്നുള്ളതു് ബുദ്ധിശൂന്യമായ പ്രവത്തിയാണു്. പോർച്ചു
ഗലിലെ കടൽക്കള്ളന്മാരുടെ ഭീഷണി ഇപ്പോഠം നിലവി
ലില്ല. കാരണത്തോടുകൂടി കാര്യവും ഇല്ലാതെയായിതീരു
മല്ലോ. പിന്നെ ഇത്തരത്തിലുള്ള ഗംഭീരമായ പുറപ്പാടി
ൻെറ യഥാത്ഥമായ ഉദ്ദേശവും താല്പര്യവും എന്താണെന്നുള്ള
താണു് ഇപ്പോഠം ഉത്ഭവിക്കുന്ന പ്രശ്നം. അതിനെക്കുറി
ച്ചു് ഒരു ചുരുങ്ങിയ വിവരണം താഴെ ചേക്കാം.

വൈദേശിക ശക്തികളുടെ സഹായം കൂടാതെ ഇം
ഗ്ലീഷുകാരുടെ ആധിപത്യത്തെ ഇന്ത്യയിൽനിന്നു് അവ
സാനിപ്പിക്കാൻ കഴികയില്ലെന്നു് ഭാരതത്തിലെ രാഷ്ട്രീ
യചിന്തകന്മാർ ഏതാണ്ടു് നൂററിഅൻപതുകൊല്ലങ്ങഠംക്കു
മുമ്പു് തീരുമാനിച്ചിട്ടുള്ളതാണു്. അതുകൊണ്ടു് തന്നെയാ
ണു് ടിപ്പുസുൽത്താൻ ഫ്രാൻസുകാരുമായി സമ്പക്കം പു
ലത്തിക്കൊണ്ടിരുന്നതു്, സുൽത്താൻ ഫ്രാൻസുകാരുടെ സ
ഹായം തേടുകയും ചെയ്തു. തക്കസമയത്തു് ടിപ്പുവിന്നു്
ഫ്രാൻസുകാരിൽനിന്നു് സഹായം ലഭിച്ചിരുന്നുവെങ്കിൽ
ഇന്ത്യയുടെ രാഷ്ട്രീയചിത്രം മറെറാന്നാകുമായിരുന്നു. നിർ
ഭാഗ്യമെന്നു പറയട്ടെ ആ സഹായം ടിപ്പുസുൽത്താന്നു് ല
ഭിച്ചില്ല. മറാഠികളുടെ അഭിപ്രായവും ഇതുതന്നെയായിരു
ന്നു. എന്നാൽ അവരുടെ സേനയിൽ ഫ്രെഞ്ചുകാരായ വ
ലിയ ഉദ്യോഗസ്ഥന്മാർ ഉണ്ടായിരുന്നു.

ടിപ്പുസുൽത്താൻ പോണ്ടിച്ചേരിയിലെ ഫ്രെഞ്ചു്ഗ
വണ്മെന്റിനോടു് തനിക്കു് 6000 ഫ്രഞ്ചു് പട്ടാളക്കാരെ, ഇം
ഗ്ലീഷുകാരെ ഇന്ത്യയിൽനിന്നു് പുറത്താക്കേണ്ടതിന്നായി
സഹായത്തിന്നു് അനുവദിക്കണമെന്നപേക്ഷിക്കുകയുണ്ടാ
യി. ഈ അപേക്ഷ അദ്ദേഹം ലൂയി 16-ാമന്നു് അയച്ചു
കൊടുത്തു. പക്ഷെ ഫ്രാൻസിലെ വിപ്ലവത്തെ ഭയന്നു്
ആ അപേക്ഷ സ്വീകരിക്കപ്പെടുകയുണ്ടായില്ല.

നൂറിൽപ്പരം വർഷങ്ങൾക്ക്മുമ്പുള്ള ഒരു വസ്തുതയാണിതു്. എന്നാൽ സയ്യിദ്സാഹിബിൻെറ കാലത്താകട്ടെ ഇംഗ്ലീഷുകാരുടെ ശക്തി അന്നുള്ളതിൻെറ 50 ഇരട്ടിയായി വർദ്ധിക്കുകയും ഇന്ത്യയിലെ രാജാക്കന്മാരുടെയും സുൽത്താൻമാരുടേയും ശക്തി 50 ഡിഗ്രി താഴുകയും ചെയ്തിരിക്കുന്നു. എന്നിരിക്കെ ഇന്ത്യയിലെ രാജാക്കന്മാരുടേയും സുൽത്താൻന്മാരുടേയും സഹായത്തെ ആശ്രയിച്ച് ബ്രിട്ടനു് എതിരായി പോരാടുക എന്നുള്ളതു് ഒരു പാഴ്വേലയായിരിക്കും. എന്നുമാത്രമല്ല ഇംഗ്ലീഷുകാരുടെ മുമ്പിൽ ഇവരെല്ലാം ആയുധംവെച്ച് കീഴടങ്ങിജീവിക്കാൻ ഉദ്ദേശിക്കുന്നവരുമാണ്. ഹൽക്കറും, ഖാനും—അവർ രണ്ടു പേരുമായിരുന്ന അക്കാലത്തെ ധീരയോദ്ധാക്കൾ അവർക്ക് കൂടി ഇടർച്ചപററിപ്പോയിരിക്കുന്നു. കമ്പനി ഉടമകളായ സായിപ്പുമാരുമായി യുദ്ധം ചെയ്യുന്നത് പരമാബദ്ധമാണെന്നും അത് ആരോഗ്യപരമായ ഒരു ഏർപ്പാടല്ലെന്നു മുള്ള ഒരു ബോധം അവരിൽ കടന്നു കൂടിയിരിക്കുന്നു. യുദ്ധത്തിനു് പുറപ്പെടാതെ ഇംഗ്ലീഷുകാരുമായി സഖ്യമുണ്ടാക്കി സ്റ്റേററ് ഭരിക്കുകയാണ് നല്ലതെന്ന് അവർ തീരുമാനിച്ചു.

ആകപ്പാടെ നിരാശയും ഭയവും അവരിൽ കടന്നുകൂടി ഈ മഹാവിപത്ത് ദൂരീകരിക്കേണ്ടതിന്നു് രണ്ടേ രണ്ടു മാർഗ്ഗമേയുള്ളു എ. ജനങ്ങളിൽ വിപ്ലവബോധം വളർത്തുക ഉൽപ്പാദിപ്പിക്കുക ബി. പാശ്ചാത്യ ശക്തികൾക്ക് എതിരായി ഏഷ്യൻ ശക്തികളെ സംഘടിപ്പിക്കുക.

## ഒരു ഏകീകൃത ഏഷ്യൻ ബ്ലോക്ക്

ഈ ബ്ലോക്കിൻെറ ഏകീകരണം ഹസ്രത്ത്ഷാഹ് വലിയുള്ള സാഹിബിൻെറ സാമ്പത്തിക പരിപാടികളുടെ അടിസ്ഥാനത്തിലായിരിക്കേണ്ടതാണ്. എന്നാൽ വിപ്ലവ ചൈതന്യമില്ലാത്ത സാമ്പത്തിക പരിപാടികളൊന്നും തന്നെ ആകർഷണീയമായിരിക്കുകയില്ല പക്ഷെ



മതത്തിൻെറ നില ഇതിൽ നിന്ന് കേവലം വ്യത്യസ്തമാണ്. മതത്തെ ആസ്പദമാക്കി നടത്തപ്പെടുന്ന വിപ്ളവങ്ങൾക്ക് വമ്പിച്ച വിജയമുണ്ടാകുമെന്നുള്ളത് ഒരു വസ്തുതയാണ്. ഏഷ്യയിലെ വൻ ശക്തികൾക്കെല്ലാം ഇന്ത്യയുമായി നീണ്ടകാലം മുതൽക്കെ ബന്ധമുണ്ടായിരുന്നു. എല്ലാവരും ഒരു മതത്തിൻെറ അനുയായികളായിരുന്നു. ആകയാൽ രാഷ്ട്രീയമായ വിപ്ലവവും ഏഷ്യൻ ഐക്യവും മതത്തിൻെറ ലേബൽ ഒട്ടിച്ചുകൊണ്ടുള്ളതായിരുന്നു. ഇത് ഒരു എളുപ്പ വഴിയും കൂടുതൽ വിജയകരവുമായിരുന്നു.

## യാത്രയുടെ പരമ ലക്ഷ്യം

സയ്യിദ് സാഹിബിൻെറ യാത്രഹജ്ജ് കർമ്മം നിർവ്വഹിക്കാനാണെന്നുള്ള പ്രസ്താവന അത്രത്തോളം പ്രസക്തമല്ല. കാരണം ജാഥാ നേതാവും അനുയായികളും കടുത്ത സാമ്പത്തിക വിഷമങ്ങൾ അനുഭവിക്കുന്ന അവസരത്തിൽ അവരുടെ മേൽ ഒരു വിധത്തിലും ഹജ്ജ് നിർബ്ബന്ധമായി തീരുന്നില്ല. എന്നിരിക്കെ യാത്രയുടെ താൽപര്യം മതപരമല്ല രാഷ്ട്രീയമാണ് എന്നുള്ളത് ഒരു വസ്തുതയാണ്. പ്രത്യേക ഒരു വിപ്ളവം നയിക്കേണ്ട കടപ്പാട് അവർക്കുണ്ട്. കാരണം ജന്മ ഭൂമി ഒരു വൈദേശിക ശക്തിക്ക് അധീനമായിരിക്കയാണ്. ആ വൈദേശികാധിപത്യത്തെ സ്വന്തം നാട്ടിൽ നിന്നു് നിഷ്കാസനം ചെയ്യേണ്ടതിന്നു് പുറപ്പെടേണ്ട കടപ്പാട് തങ്ങൾക്കുണ്ടെന്നുള്ള വിശ്വാസത്തെ അടിസ്ഥാനമാക്കിയാണ് സയ്യിദ് സാഹിബ് ജാഥ നയിക്കുന്നത്. ഈ കടമ എല്ലാ വ്യക്തിക്കും ഉണ്ട്. സ്വന്തം നാട്ടിൽ നിന്നു് വൈദേശിക ആധിപത്യം അവസാനിക്കുന്നതുവരെ സമരം തുടരേണ്ടതാണ്, അതാണ് ഇസ്ലാമിൻെറ വിധി.

ഭാര്യാസന്താനങ്ങളേയും കുടുംബങ്ങളേയും പട്ടിണിക്ക് വിധേയമാക്കിക്കൊണ്ട് മതിയാംവണ്ണം ഉപഭോഗ വസ്തുക്കളില്ലാതെ ഹജ്ജിന്നു് പുറപ്പെടണമെന്നു് യാതൊരു മുസൽമാനോടും ഇസ്ലാം കൽപിക്കുന്നില്ല. ഇസ്ലാമികദൃഷ്ട്യാ അതനുവദനീയവുമല്ല. എന്നാൽ വിപ്ളവത്തിന്നുള്ള

പുറപ്പാട് അതിൽ നിന്നു വ്യത്യസ്തമാണ്. അതിന്നായുള്ള കാൽവെപ്പ് ഏററവും പ്രശസ്തനീയവും ആദരണീയവുമാണ്. വിദേശികളെ നാട്ടിൽ നിന്ന് ആട്ടിയോടിക്കുക എന്നത് ഒരു പരിശുദ്ധകർമ്മമാണ്, ഇസ്ലാം അതിന്നു വലിയ വില കൽപിക്കുന്നുണ്ട്.

സയ്യിദ് സാഹിബിൻെറ യാത്ര ബാഹ്യാത്ഥത്തിൽ ഹജ്ജിന്നായിരുന്നുവെങ്കിലും ആന്തരാത്ഥത്തിൽ സമ്പൂണ്ണ വിപ്ളവം നടത്താനായിരുന്നു. അതായത് രാഷ്ട്രീയവും സാമൂഹ്യവുമായ ഒരു പരിപൂണ്ണ പരിവത്തനം വരുത്തുക എന്നത്.

സയ്യിദ സാഹിബിൻെറ ഈ പ്രസ്ഥാനത്തിൻെറ ഏതാണ്ട് 80 വർഷത്തിന്നുശേഷം-ക്രി: 1857ൽ ദേശീയ വിപ്ളവത്തിന്നുള്ള സ്കീം തെയ്യാർ ചെയ്യപ്പെട്ടു. ആ അവസരത്തിലും അതിന്നു മതപരമായ ലേബൽ ഒട്ടിച്ചിട്ടുണ്ടായിരുന്നു. എന്നുവെച്ചാൽ മൃഗക്കൊഴുപ്പ് ചേത്താണ് തോക്കിൻെറ തോട്ടകൾ തെയ്യാർ ചെയ്യപ്പെട്ടതെന്നും, ആട്ടയിൽ എല്ലിൻ പൊടി കലത്തിയിട്ടുണ്ടെന്നുമുള്ള പ്രചാര വേല ശക്തിയായി നടക്കുകയുണ്ടായി. സഘർഷബഹാദൂർ ചെയ്ത അഭ്യർത്ഥനയിൽ മതത്തിനെ ആസ്പദമാക്കിയുള്ളതായിരുന്നു. ഇംഗ്ളീഷുകാർ എല്ലാ മതങ്ങളേയും നശിപ്പിക്കാനാണ് ശ്രമിക്കുന്നതെന്ന് അദ്ദേഹം തൻെറ അഭ്യത്ഥനയിൽ പ്രസ്താവിക്കുകയുണ്ടായി. അങ്ങിനെ ഹിന്ദുക്കളും മുസൽമാന്മാരും ഒന്നായി ഇളകിവശാകുകയും ഇംഗ്ളീഷുകാക്കെതിരായി സമരത്തിന്നു പുറപ്പെടുകയും ചെയ്തു.

എന്നാൽ അദ്ദേഹം ഹജ്ജ്കർമ്മങ്ങൾ പൂത്തിയാക്കുന്നതിന്നു മുമ്പായി മിനായിൽ വെച്ചു തൻെറ അനുയായികളുമായി റസൂൽ തിരുമേനി അൻസാരികളുമായി നടത്തിയ പോലുള്ള ഒരു കരാറിൽ ഏർപ്പെടുകയുണ്ടായി. റസൂൽ തിരുമേനി നടത്തിയ കരാർ ജിഹാദു സംബന്ധിച്ചായിരുന്നു. ആ മാതൃകയാണ് സയ്യിദ് സാഹിബ് അനുകരിച്ചത്. ഏഷ്യൻ ബ്ളോക്കിന്നു ഇതുകൊണ്ട് എന്തു നേട്ട

മുണ്ടാകും എന്നതാണ് പ്രശ്നം. താഴെ പറയുന്ന സംഗതികളിൽ നിന്ന് ആ പ്രശ്നത്തിന്ന് മറുപടി ലഭിക്കുന്നതാണ്.

സയ്യിദ് സാഹിബിൻെറ പ്രസ്ഥാനം വിവിധോദ്ദേശങ്ങൾ ഉൾക്കൊള്ളുന്നതാണ്. അതിന്ന് വളരെ പ്രാധാന്യം കൽപിക്കപ്പെടുന്നുണ്ട് രാഷ്ട്രീയ വിപ്ളവത്തോടു കൂടി സാമൂഹ്യ വിപ്ളവും നടത്തപ്പെടും "ഫക്കുകുല്ലിനിസാം" എന്ന സിദ്ധാന്തത്തിൻെറ പൂർത്തീകരണത്തിന്ന് അതാവശ്യമാണ്. വിപ്ളവത്തിന്നുശേഷം ഭരണംസംസ്കാര സമ്പന്നരും സാമൂഹ്യ സാമജത്തെ വിജയകരമായ നിലയിൽ പുനർ നിർമ്മാണം ചെയ്യാൻ കഴിവും ത്രാണിയുമുള്ള ശിൽപികളും ഏറെറടുത്തു വടത്തേണ്ടതാണ്. സയ്യിദ് സാഹിബിൻെറ സംഘത്തിലുള്ള ഈ 800പേർ വെറും രാഷ്ട്രീയ പ്രദർശന വസ്തുക്കളെല്ല. എന്നാൽ വാസ്ഥവത്തിൽ അവർ ഉയർന്ന നിലയിലുള്ള സംസ്കാരവും പരിശീലനം സിദ്ധിച്ചവരും ജനങ്ങളെ നയിക്കാൻ കഴിവുള്ളവരുമായിരുന്നു. ഈ സംഘം സാംസ്ക്കാരിക പ്രവത്തനങ്ങൾ നടത്തുന്നു. സഞ്ചരിക്കുന്ന ആശ്രമം പോലെയാണ്. അതിലെ ഓരോ മെമ്പറും കാഴ്ചക്കാരുടെ ഹൃദയങ്ങളെ കൂടി കവന്നെടുത്തിരുന്നു.

മൌലനാഉബൈദുള്ള സിന്ധി ഇങ്ങിനെ പറയുന്നു. "ഇമാം അബ്ദുൽ അസീസ് ഹിജ്റ 1231ൽ സയ്യിദ് അഹമ്മദിൻെറ ബോഡിന്ന ആദ്യത്തെ തവണ റിക്രൂട്ടിന്നുള്ള അനുമതി നൽകി. രണ്ടാമത്തെ തവണ ഹിജ് 1236ൽ ജിഹാദിന്നു വേണ്ടി സഞ്ചരിക്കാനുള്ള അനുമതി നൽകി. അതിന്നുശേഷം സംഘത്തിലെ സർവ്വ അംഗങ്ങളോടു കൂടി ഹജ്ജിന്ന് പോകാനും കൽപിച്ചു. ഇത് കുംഘടനാപരമായ ശക്തിയെ പരീക്ഷിക്കാനായിരുന്നു."

## രത്നച്ചുരുക്കം

ഈ യാത്രയുടെ വിവരം ഇങ്ങിനെ സംഗ്രഹിക്കാം. കാൻപൂർ കോടജഹാനാബാദ്, കജുഹ്, ഫത്ത്ഹ്പൂർ

തുടങ്ങിയ നാട്ടുകളിലെ നിവാസികൾ കുറെക്കാലമായി സയ്യിദ് സാഹിബിന്റെ സംഘത്തെ ക്ഷണിച്ചുകൊണ്ടിരിക്കുകയായിരുന്നു. സയ്യിദ് സാഹിബ് ആദ്യമായി ആ അപേക്ഷ സ്വീകരിച്ചു. സ്വദേശമായ റായബ്രേയിലിയിൽ നിന്ന് അങ്ങോട്ടു പുറപ്പെട്ടു. ഈ യാത്രക്ക വേണ്ടി കൂട്ടുകാരെ ശേഖരിക്കുകയും യാത്രോദ്ദേശങ്ങൾ അവരെ ഗ്രഹിപ്പിക്കുകയും ചെയ്തു.

ക്രി: 1821ൽ ഷാഹ് ആലമുല്ലാ ആശ്രമത്തിൽ നിന്ന് യാത്ര ആരംഭിച്ചു. അപ്പോൾ 400 പേരാണ് സംഘത്തിലുണ്ടായിരുന്നത്. സംഘത്തിന്റെ യാത്രച്ചിലവിന്റെ ഉത്തരവാദിത്വം മുഴുവനും സയ്യിദ് സാഹിബിന്നു തന്നെയായിരുന്നു. സംഘത്തിന്റെ കൃഷ്യർ മൌലനാ മുഹമ്മദ് യൂസുഫ് ആണ്. അദ്ദേഹത്തിന്റെ ഭണ്ഡാരം പരിശോധിച്ചപ്പോൾ 100ക യാണ് അതിലുള്ളവെന്ന് കണ്ടു. ഈ സംഖ്യ മുഴുവനും അദ്ദേഹം റായബ്രേയിലിയിലെ പാവങ്ങൾക്കും ഭജികൾക്കും, ഡോബികൾക്കും, ക്ഷുരകന്മാർ മതലായവക്ക് വീതിച്ചുകൊടുത്തു. ഒരുമൈൽ സഞ്ചരിച്ചശേഷം സംഘത്തിൽ എത്രആളുണ്ടെന്ന് പരിശോധിച്ചു. അപ്പോൾ 485 പേർ ഉള്ളതായിക്കണ്ടു. കാഷ്യർ മൌലനായൂസുഫിനോട് ചോദിച്ചു. ഇനി നിങ്ങളുടെ മടിശ്ശീലയിൽ എത്ര പണം ബാക്കിയുണ്ട്? 7ക മാത്രം എന്നായിരുന്നു മറുപടി.

" 7ക സംഘത്തിന്റെ ഒരു നേരത്തെ ഭക്ഷണത്തിന്നുകൂടി മതിയാവുകയില്ലല്ലോ അതിങ്ങോട്ടുതരു അത് പാവങ്ങൾക്കുകൊടുക്കാം" എന്നു സയ്യിദ് സാഹിബ് പറഞ്ഞു

മൌലനാമുഹമ്മദ് യൂസുഫ് കൽപന അനുസരിച്ച് പ്രവത്തിച്ചശേഷം സയ്യിദ് സാഹിബ് ഇങ്ങിനെ പ്രാത്ഥിക്കുകയുണ്ടായി. പരമകാരുണികനും കരുണാനിധിയുമായ ദൈവമേ, നീ ഈ ജനങ്ങളുടെ മേലുള്ള ഉത്തരവാദിത്വം ഈ എളിയവന്റെ മേൽ ചുമത്തിയിരിക്കുകയാണല്ലോ, ദൈവമേ നീ തന്നെയാണ് എല്ലാകാര്യങ്ങളും നടത്തുന്നവൻ. ഈ സംഘത്തിൻറമേൽ നിന്റെ കാരുണ്യം ഉണ്ടാവണമേ അവരുടെ ഉദ്ദേശ്യങ്ങളും ലക്ഷ്യങ്ങളും വിജയകരമായി തീരാൻ നീ അനുഗ്രഹിക്കേണമേ.

നാന്നൂറിലധികം മെമ്പർമാരുള്ള ഈ സംഘം ഒരേ ഒരു കുടുംബം പോലെയായിരുന്നു. പുതുതായി വരുന്നവരെ അവർ സ്നേഹ ഭാവത്തോടെ സ്വീകരിക്കുകയും അവർക്കു വേണ്ട ഒത്താശകരം ചെയ്തുകൊടുക്കുകയും ചെയ്തിരുന്നു. ജാഥ സർവ്വവിധ കഷ്ടപ്പാടുകളും സഹിക്കാൻ തയ്യാറായിക്കൊണ്ട് ദൈവസ്മരണയോടുകൂടി യാത്ര ആരംഭിച്ചു മഴയും വെയിലും കടുത്ത തണുപ്പും ചളിയും നദികളും പുഴകളും ഒന്നുംതന്നെ അവരുടെ മാർഗ്ഗത്തിന്നു തടസ്സമുണ്ടാക്കിയില്ല. എല്ലാവിധ കഷ്ടപ്പാടുകളും അല്ലാഹുവിനെ സ്തുതിച്ചുകൊണ്ട് സഹിക്കാൻ അവർ സന്നദ്ധരായി. അവർ ഇങ്ങിനെ ഉരുവിട്ടുകൊണ്ടാണ് യാത്ര തുടർന്നത്. അല്ലാഹുവെ നിൻെറ മാർഗ്ഗത്തിൽ ഞങ്ങരം ഞങ്ങളുടെ ആത്മാവിനെ സമർപ്പിക്കാൻ തയ്യാറാണ്. എല്ലാവിധ കഷ്ടപ്പാടുകളും ഞങ്ങരം സന്തോഷത്തോടുകൂടി സഹിക്കും. നീ ഞങ്ങളെ രക്ഷിക്കേണമേ. ഞങ്ങളുടെ ലക്ഷ്യം സഫലമാക്കി തീർക്കേണമേ.

## ആദ്യത്തെ താവളം

ജാഥ ഡൽമോയി ഗ്രാമത്തിൽ സമുദ്രത്തിന്നടുത്തുള്ള ഒരു കോട്ടയിൽ താമസമുറപ്പിച്ചു. ചുററുപാടുമുള്ള പ്രദേശങ്ങളിലെ ആയിരക്കണക്കായ ജനങ്ങരം ദർശനത്തിന്നായി വന്നു. മൌലനാ അബ്ദുൽഹയ്യ് സാഹിബും, മൌലനാ മുഹമ്മദ് ഇസ്മായിൽ സാഹിബും ആഗതരെ അഭിമുഖീകരിച്ച് ഉജ്ജ്വല പ്രസംഗങ്ങരം ചെയ്തു. ആ പ്രസംഗങ്ങരം പുതിയ ഉന്മേഷത്തേയും ഉൽസാഹത്തേയും പ്രദാനം ചെയ്തു.

ക്രി: 1821 ആഗസ്ത് 31–ാം തി പ്രസ്തുത പട്ടണത്തിൽ നിന്നു് സമുദ്രമാർഗ്ഗം യാത്ര ആരംഭിച്ചു. 500ക വാടകക്ക് അഞ്ചു ബോട്ടുകരം വാങ്ങി. സ്ത്രീകളേയും കുട്ടികളേയും അവശരായ പുരുഷന്മാരേയും അതിൽ കയററി യാത്ര അയച്ചു. ബാക്കിയുള്ള പുരുഷൻമാർ രണ്ടു ഗ്രൂപ്പുകളായി തിരിഞ്ഞു. ഒരു ഗ്രൂപ്പിൻെറ നേതൃത്വം മൌലനാ

അബ്ദുൽ ഹയ്യ് സാഹിബിന്നായിരുന്നു. അവർ കടൽക്കരയിൽകൂടെ യാത്ര ആരംഭിച്ചു, 70 അംഗങ്ങളുള്ള രണ്ടാമത്തെ ഗ്രൂപ്പിന്റെ നേതൃത്വം മൌലനാമുഹമ്മദ് യൂസുഫിൽ അർപ്പിക്കപ്പെട്ടു.

ഈ സംഘം മററൊരു മാർഗ്ഗത്തിൽ കൂടി യാത്ര ആരംഭിച്ചു. രണ്ടു സംഘത്തിന്നും ഇപ്രകാരമാണ് നിർദ്ദേശം നല്കപ്പെട്ടത്. യാത്ര മദ്ധ്യേ ഗ്രാമ പ്രദേശങ്ങളിലും പട്ടണങ്ങളിലുമെല്ലാം യാത്രയുടെ ഉദ്ദേശത്തെക്കുറിച്ചുള്ള സന്ദേശങ്ങൾ വിവരിച്ചുകൊണ്ട് പ്രസംഗിക്കണം.

സയ്യിദ് സാഹിബ് ഡൽമയിൽ തടിച്ചു കൂടിയ ജനങ്ങളോടായി പ്രസംഗിക്കവെ കപ്പലിൽ യാത്രചെയ്യുന്നവരോടായി ഇങ്ങിനെ പറഞ്ഞു. ഒരു മാതാവിന്റെയും പിതാവിന്റെയും മക്കളെപോലെ പരസ്പരം സ്നേഹത്തോടും ഐക്യത്തോടും കൂടിപ്രവത്തിക്കണം. മററുള്ളവരുടെ കഷ്ടപ്പാടുകൾ സ്വന്തം കഷ്ടപ്പാടായി കരുതണം. മററുള്ളവരുടെ കഷ്ടപ്പാടുകൾ നീക്കി അവർക്ക് ശാന്തവും സുഖകരവുമായ ഒരന്തരീക്ഷം സൃഷ്ടിക്കാനായി സ്വയം കഷ്ടപ്പാടുകളനുഭവിക്കണം. ദൈവ ഭക്തിനമ്മുടെ പ്രത്യേക ഗുണമാണ്. അതെല്ലാവരിലും ഉണ്ടായിരിക്കണം. നമ്മുടെ യാത്രക്ക് ഒതക്കിയ ഭക്ഷ്യ പദാത്ഥങ്ങൾ അല്ലാഹുവിലുള്ള വിശ്വാസം മാത്രമാണ്. നാം ആരുടെ മുമ്പിലും യാചിച്ച് കൊണ്ട് കൈ നീട്ടരുത്. ജീവിക്കാൻ വേണ്ടി കൂലിപ്പണി എടുക്കണം. അങ്ങിനെ സമ്പാദിക്കുന്ന സംഖ്യ പകുതി നമ്മുടെ ഭക്ഷണത്തിന്നും പകുതി സമുദായത്തിന്റെ ആവശ്യങ്ങൾക്കുമായി കരുതി വെക്കണം.

തദനന്തരം സയ്യിദ്സൈനുൽആബിദീൻ സാഹിബിനോടു കയ്യിൽ വല്ല സംഖ്യയും ബാക്കിയുണ്ടോ എന്നുചോദിച്ചു. അഞ്ചുറുപ്പികയുണ്ടെന്നായിരുന്നു മറുപടി ആ സംഖ്യ വാങ്ങി ആവശ്യക്കാരുടെ ഇടയിൽ വിതരണം ചെയ്തുകൊണ്ട് പറഞ്ഞു. റബ്ബിന്റെ ഖജാന നിറഞ്ഞതാണ്.

കപ്പലുകൾ പുറപ്പെട്ടു കരവഴിയായി യാത്ര ചെയ്യുന്നവരും മുന്നോട്ടു നീങ്ങി ചെറുഗ്രാമങ്ങളും പട്ടണങ്ങളും താ

ങ്ങിക്കൊണ്ട് ജാഥ അല്ലഹബാദിൽ എത്തി. അവിടെ കപ്പലുകരം നങ്കൂരമിട്ട രാജാഔദത്തു നാരായണൻെറ ബാറാദരിയിൽ— 12പ്രവേശന ദ്വാരങ്ങളുള്ള ബംഗ്ളാവിൽ താമസമാക്കി അലഹബാദിലെ നേതിവും രാജാവിൻെറ പ്രധാനമന്ത്രീയുമായിരുന്ന ഷൈഖ്ഗുലാംഅലി സാഹിബായിരുന്നു ആതിഥേയൻ. 12 ദിവസം ഈ സംഘം അവിടെ താമസിച്ചു. ഏതാണ്ട് രണ്ടായിരം പേർക്കുള്ള ഭക്ഷണം രണ്ടുസമയത്തേക്കും തെയ്യാറാക്കിയിരുന്നു. ജാഥ അവിടെ നിന്നു തിരിക്കുമ്പോരം 3000 ഉറുപ്പിക വിലവരുന്ന ആയുധങ്ങളും, ഒരു വലിയ കൂടാരവും, പന്ത്രണ്ട്ചെറിയ കൂടാരങ്ങളും അയ്യറയീരം ഉറുപ്പികയുടെ നാണ്യവും സയ്യിദ് സാഹിബിനു നൽകി. ജാഥയിലെ ഓരോ അംഗത്തിനും ഓരോ ജോഡി വസ്ത്രവും ഓരോ ഉറുപ്പികയും അതിന്നുപുറമെ കൊടുത്തിരുന്നു.

ഇതുകൂടാതെ സയ്യിദ് സാഹിബിൻെറ കുടുംബങ്ങരംക്കു വേണ്ടി വില പിടിച്ച വസ്ത്രങ്ങളും മററു വിശേഷപ്പെട്ട സാമാനങ്ങളും നൽകി. ഈ സംഭവത്തെ സംബന്ധിച്ച് '' വാഖാ ഇന്ന് അഹമദിയ്യാ'' യിൽ അത്ഥവത്തായ ഒരു സംഗതി കൂടി രേഖപ്പെടുത്തീട്ടുണ്ട്. അത് ഇതാണ്. അലഹബാദിലെ നാടുവാഴി ശൈഖ്ഗുലാംഅലി സാഹിബ് ദിനംതോറും സയ്യിദ് സാഹിബിനെ സന്ദർശിക്കുക പതിവായിരുന്നു. സന്ദർശനാവസരത്തിലെല്ലാം അതി വിശിഷ്ടമായ ആയുധങ്ങരം സമ്മാനിക്കും. ദിവസത്തിൽ ഒരു പ്രാവശ്യമോ രണ്ടു പ്രാവശ്യമോ വന്നാലും ഇങ്ങിനെ ചെയ്യും. സയ്യിദ് സാഹിബ് പറഞ്ഞു '' ഇപ്പോരം ഞങ്ങരം ഹജ്ജ് കമ്മം നിർവ്വഹിക്കാൻ പോകയാണ്. അങ്ങോട്ട് ആയുധങ്ങരം കൊണ്ടുപോകേണ്ട ആവശ്യമില്ല. താങ്കരം എല്ലാ അവസരത്തിലും പതിവായി ഇങ്ങിനെ ബുദ്ധിമുട്ടുന്നത് എന്തിനാണ്?. അള്ളാഹുവിൻെറ അനുഗ്രഹത്തോടു കൂടി ഹജ്ജ് കമ്മം നിർവ്വഹിച്ചുയാതൊരു കഷ്ടപ്പാടുകളും ഇല്ലാതെ തിരിച്ചെത്തിയാൽ താങ്കളിൽ നിന്ന് ആയുധങ്ങരം ഞങ്ങരം സ്വീകരിച്ചുകൊള്ളാം '' ഇതിനു ശൈഖ് സാഹിബ് പറഞ്ഞമറുപടി ഇപ്രകാരമാണ്. '' അങ്ങ്

എവിടെ വെച്ചാണ് ജിഹാദ് ആരംഭിക്കുക എന്നെനിക്കറിഞ്ഞുകൂടാ, മറ്റൊന്ന് അങ്ങ് മടങ്ങി എത്തുന്നതുവരെ ഞാൻ ജീവിച്ചിരിക്കുമോ എന്ന് തീർച്ചയാക്കാൻ കഴിയുകയില്ലല്ലോ. ഞാൻ മരിച്ചുപോയിട്ടുണ്ടെങ്കിൽ എന്റെ ആശയും ആഗ്രഹവും പൂർത്തിയാക്കാൻ കഴിയാതെന്നുവന്നേക്കും. അതുകൊണ്ട് എന്റെ അപേക്ഷ സ്വീകരിക്കണമെന്നാണ് എനിക്കുപറയാനുള്ളത്, ഈ ആയുധങ്ങൾ സ്വീകരിച്ചതിനുശേഷം അങ്ങേക്ക് ഇഷ്ടമുള്ള സ്ഥലത്ത് സൂക്ഷിക്കാവുന്നതാണ്. ''

ഇതായിരുന്നു ശൈഖ് സാഹിബിന്റെ നിഷ്ക്രിയമായുള്ള നടപടി ക്രമം. അദ്ദേഹം സയ്യിദ് സാഹിബിന്റെ ശിഷ്യത്വം സ്വീകരിച്ചുകൊണ്ട് വിലപിടിച്ച പല സാധനങ്ങളും കാഴ്ചവെച്ചു. രാജാക്കന്മാരുടേയും അമീർമാരുടേയും ആയുധ ശാലകളിൽ മാത്രം കാണപ്പെടുന്ന വിശേഷപ്പെട്ട 17 ആയുധങ്ങളും നൽകി. ഈ സംഘത്തെ സ്വീകരിക്കാനും സൽക്കരിക്കാനും മററുമായി ഇരുപതിനായിരം ഉറുപ്പിക ഗുലാം അലി സാഹിബ് ചിലവഴിച്ചിട്ടുണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്.

## അപദാനങ്ങൾക്കുപരി ലഭിച്ച പ്രതിഫലം

ശൈഖ് ഗുലാംഅലി സാഹിബ് സബഹുമാനം നൽകിയ സംഭാവനകൾക്കു പ്രതിഫലമെന്നോണം ഭാരമേറിയ ചുമതല അദ്ദേഹം ഏറെറടുക്കേണ്ടിവന്നു സയ്യിദ് സാഹിബ് ഇങ്ങിനെ പറഞ്ഞു. ശൈഖ് സാഹിബും സംസ്ഥാനമൊട്ടുക്കുമുള്ള സാംസ്കാരിക പ്രവർത്തനങ്ങളുടെ മുഴുവൻ ഉത്തരവാദിത്തവും താങ്കളിൽ അർപ്പിതമാണ്, സെമിന്ദാർമാർക്കും കർഷകർക്കും പലകാര്യങ്ങളിലും സർക്കാരുമായി ഇടപെടേണ്ടിവരുന്നു, താങ്കൾ പാവപ്പെട്ട കർഷകരെ സഹായിക്കണം. നികതി പിരിവിൽ അയവു വേണം. കരം പിരിവിൽ കർക്കശമായ നടപടി സ്വീകരിക്കരുത്. താങ്കൾ ജന ഹൃദയങ്ങളിൽ വീടു പണി തീർക്ക



ണം. എന്നാൽ അവർ താങ്കളുടെ ചൊൽപടി അനുസരിച്ചു പ്രവർത്തിക്കുക മാത്രമല്ല. താങ്കൾക്കുവേണ്ടി ജീവനെപ്പോലും ബലികഴിക്കാൻ തെയ്യാറാവുകയും ചെയ്യും

അലഹബാദ് കോട്ടയിലുണ്ടായിരുന്ന മുന്നൂറോളം മുസ്ലീം പട്ടാളക്കാർ സയ്യിദ് സാഹിബിനെ കോട്ടയിലേക്കു ക്ഷണിച്ചുകൊണ്ടുപോയി. മുസ്ലീം ബാദ്ഷാമാരുടെ സിംഹാസനത്തിൽ സബഹുമാനം ഇരുത്തി സ്വീകരിച്ചു. അവരെല്ലാവരും സയ്യിദ് സാഹിബിന്റെ അനുയായികളായിത്തീർന്നു. നാൽപതു രൂപയും ഒരു പിസ്റ്റുളും ഒരു ഇംഗ്ലീഷ് ബ്യൂഗ്ളും മററും കാഴ്ചവെച്ചതിനു പുറമെ സദർ അമീൻ മൌലവി കറാത്തലി കുറെ വെളുത്ത തുണികളും ഒരുകെട്ട് വൂളൻ വസ്ത്രങ്ങളും 40 രൂപയും ശാഹുഅജ്മൽ സാഹിബ് 50 കയും വിശേഷപ്പെട്ട കുറെ പുതപ്പുകളും സമ്മാനിച്ചു. 12 ദിവസം അലഹബാദിൽ താമസിച്ചശേഷം വീണ്ടും യാത്ര തുടന്നു. സ്ത്രീകളേയും കുട്ടികളേയും നടക്കാൻ കഴിയാത്ത പുരുഷന്മാരെയും ബോട്ടുകളിൽ കയററി അയച്ചുകൊണ്ടു ബാക്കിയുള്ളവരെ ഓരോ വിഭാഗമായി തിരിച്ചു ഗ്രാമങ്ങൾ പലതും താണ്ടി മിർസാപൂരിൽ എത്തി. ഒരു പ്രമുഖ വ്യാപാരിയാണ് താമസത്തിനും മററും ഏർപ്പാടു ചെയ്തത്. ഒരാഴ്ചക്കാലം മിർസാപൂരിൽ താമസിച്ചശേഷം അവിടെ നിന്നു പുറപ്പെടുമ്പോൾ പ്രസ്തുത മാന്യൻ നാലായിരം രൂപയും ഒരു പിസ്റ്റുളും സംഭാവന നൽകികൊണ്ടു ജാഥയോടൊപ്പം ചേർന്നു. മൌലാനഫർസത്ത്അലി സാഹിബ് 80 കയും ജാഥാംഗങ്ങളെ ഉടുപ്പിക്കുന്നതിന്നായി 40 കെട്ട് ഖദറും നൽകി.

മിർസാപൂരിൽ നിന്നു ചുനാർഗഡ് വഴി ജാഥബനാറസിൽ എത്തി. ഈ യാത്രക്കു ഒരു മാസവും 26 ദിവസവും വേണ്ടിവന്നു. ഒരു മാസക്കാലം ബനാറസിൽ താമസിച്ചു. അവിടെ നിന്നു വേറെ ബോട്ടുകൾ വാടകക്ക് വാങ്ങി ഹിജ്റ 1236 മുഹറം 10-ാംനു വൈകുന്നേരം ബനാറസിൽ നിന്നു യാത്ര ആരംഭിച്ചു. ആദ്യത്തെ താവളം ഗാസിപ്പൂർ ജില്ലയിലെ സമാനിയ എന്ന സ്ഥലമായിരുന്നു. പിന്നെ പലസ്ഥലങ്ങളിലും ചുററിക്കറങ്ങി ഛപ്രായിൽ എത്തി. അ

വിടത്തെ ഒരു പ്രധാന വ്യക്തിയായ ഹർഹത്ത് അലിയുടെ വസതിയിൽവെച്ച് ഒട്ടവളരെ പേർ ശിഷ്യത്വം സ്വീകരിച്ചു. ഛപ്രായിൽ നിന്നു ദാനാപൂരിലെത്തി. അവിടെ അവർ ഒരാഴ്ചതാമസിച്ചു.

ദാനാപൂരിൽ നിന്നു പാട്നാ ജില്ലയിലെ അസീം ആബാദിലേക്കു പുറപ്പെട്ടു. അവിടെ രണ്ടാഴ്ചക്കാലം താമസിച്ചു. ആയിരങ്ങൾ ശിഷ്യത്വം സ്വീകരിച്ചു. അസീമാബാദിൽ നിന്നു പല ദിക്കുകളും കടന്ന് മുർഷിദബാദിൽ എത്തി. ഹുഗ്ളിയിൽ ബോട്ടുകൾ നങ്കൂരമിട്ടു. ഒരാഴ്ച അവിടെ താമസിച്ചു.

ഹുഗ്ളിയിൽ താമസത്തിനും സൽക്കാരത്തിനും വേണ്ടപ്പെട്ട ഏർപ്പാടുകൾ ചെയ്തതു് വൻകിട കച്ചവടക്കാരനായ ശൈഖ് അമീറുദ്ധീൻ സാഹിബായിരുന്നു. അദ്ദേഹം തൻെറ ഉദ്യാനവും അതിലുള്ള ശാന്തഗംഭീരമായ ബംഗ്ളാവും ജാഥാംഗങ്ങളുടെ സൌകര്യത്തിന്നായി ഒഴിഞ്ഞു കൊടുത്തു

എന്നാൽ സയ്യിദ് സാഹിബിൻെറ പക്കൽ ധാരാളം ആയുധങ്ങൾ ഉണ്ടായിരുന്നു. കൽക്കത്തയിൽ ആയുധങ്ങൾ കടത്തുന്നത് നിരോധിക്കപ്പെട്ടിരുന്നു. അമീറുദ്ധീൻ സാഹിബ് ഇടപെട്ട് ആ തടസ്ഥം നീക്കി. ജാഥ എല്ലാ ആയുധങ്ങളോടും കൂടി താമസ സ്ഥലത്ത് പ്രവേശിച്ചു.

കൽക്കത്തയിൽ മുജാഹിദുകൾ രണ്ടുമാസം താമസിച്ചു ജാഥയെകുറിച്ചുള്ള ചർച്ച ബങ്കാൾ അതിർത്തിയെഭേദിച്ച് ആസാം ബർമ്മ, ജാവ മുതലായ സ്ഥലങ്ങളിൽ എത്തി. ബർമ്മയിലെ ഗ്രൂവിൽ നിന്നു സയ്യിദ് ഹംസ എന്നൊരു മാന്യൻ സ്വപ്നം വാങ്ങാനായി കൽക്കത്തയിൽ വന്നു. പെഗ്രുവിലെ സർക്കാർവൃത്തങ്ങളിൽ വേണ്ടത്രേ സ്വാധീനശക്തിയുള്ള ഒരാളായിരുന്നു അദ്ദേഹം സയ്യിദ് സാഹിബിൻെറ ശിഷ്യത്വം സ്വീകരിച്ചു. ഇതുപോലെ തന്നെ സിൽഹട്ട് ചിററാഗോങ്ങ് തുടങ്ങിയ സ്ഥലങ്ങളിൽ നിന്നു വളരെപ്പേര് വന്നു സംഘത്തിൽ ചേർന്നു

കുറിപ്പ്:— മുൻഷി അമീറുദ്ദീൻസാഹിബ് ബങ്കാളിലെ ഉൽകൃഷ്ട കുടുംബത്തിലെ അംഗവും ആംഗ്ളേയ കമ്പനിയുടെ വക്കീലുമായിരുന്നു. കമ്പനിക്കാരുടെ ഇന്ത്യയൊട്ടുക്കമുള്ള സംസ്ഥാനങ്ങളിൽ നിന്നു കൽക്കത്തയിലുള്ള കേന്ദ്ര ഗവർമ്മെണ്ടിൽ എല്ലാ കേസ്സുകളും അദ്ദേഹം മുഖേനയായിരുന്നു നടത്തിയിരുന്നത്. അദ്ദേഹത്തിന്ന് ശമ്പളം നിശ്ചയിച്ചിരുന്നില്ല. എന്നാൽ നാൽപതിനായിരം ഉറുപ്പിക വീതം മാസം തോറും ഫീസ്സായി ലഭിച്ചിരുന്നു. വലിയ ധീരനും-ഉദാരമനസ്കനുമായിരുന്നു. അഞ്ഞൂറോളംവിദ്യാർത്ഥികളെ സ്വന്തം ചിലവിൽ പഠിപ്പിച്ചിരുന്നു.

ബങ്കാളിനു സിറാജുദ്ദൌലയുടെ കാലത്തു ഏൽക്കേണ്ടിവന്ന വ്രണം മൌലാനാശരീ അത്തുൽലാസാഹിബിനെപ്പോലെയുള്ള ത്യാഗിവര്യന്മാർ വീണ്ടും വീണ്ടും പുതുക്കിക്കൊണ്ടിരുന്നു. സയ്യിദ് സാഹിബിൻെറ ആഗമനത്തോടുകൂടി ആ വ്രണത്തിനു പുതിയ സുഷിരങ്ങളുണ്ടായി.

കുറിപ്പ്:—മൌലാന ശരീ അത്തുൽലാസാഹിബ് ഫരിദ്പൂർ ജില്ലയിലെ ബഹാദൂർ പൂർ സ്വദേശിയായിരുന്നു, 18ാംമത്തെ വയസ്സിൽ ദൈവഭക്തനായ ആ ചെറുപ്പക്കാരൻ കഅബാദർശനത്തിനു പോയി 20 കൊല്ലം ഹിജാസിൽ പഠനാർത്ഥം താമസിച്ചു. ക്ര: 1802ൽ ഇന്ത്യയിലേക്കുമടങ്ങി ''തബ്ലീഗി 'ലും (ദൌത്യം) ''ഇസ്ലാഹി'' ലും(സാംസ്കാരിക പ്രവർത്തനം)വ്യാപൃതമായി ക്രി; 1804ൽ ''ഹറായിസി''എന്നപേരിൽ ഒരു സാംസ്കാരിക സംഘടനക്കുരൂപം കൊടുത്തു ബഹാദൂർപ്പൂർ കേന്ദ്രമാക്കാക്കൊണ്ടുകർഷകരുടെ ഇടയിൽ ദൌത്യം ആരംഭിച്ചു. മതപരമായ ദൌത്യത്തിനു പുറമേ പാവപ്പെട്ടവരെ സംഘടിപ്പിക്കുകയും അവരിൽ സൌഹൃദ സഹവർത്തിത്വബോധം ജനിപ്പിക്കുകയും സെമീന്ദാർമാരുടെ കയ്യേററത്തിൽ നിന്നു അവരെ മോചിപ്പിക്കുകയും ചെയ്യുകയായിരുന്നു. അദ്ദേഹത്തിൻെറ ഉദ്ദേശ്യം.

ബങ്കാളിൻെറ വിവിധ ഭാഗങ്ങളിൽ നിന്നു ആയിരക്കണക്കിനുള്ള ബങ്കാളികൾ വെളിച്ചം കണ്ട പാററകളെപ്പോലെ കൂട്ടം കൂട്ടമായി ആത്മാർപ്പണം ചെയ്യാൻ സന്ന

ഡരായി വരാൻ തുടങ്ങി. പ്രഭാതം മുതൽ പ്രദോഷം വരെ പ്രസംഗങ്ങളുടേയും ഉപദേശങ്ങളുടേയും ധാരയോടൊപ്പം തന്നെ '' ബൈഅത്തും '' മുറക്കു നടന്നു. ഏകദേശം അറുപതിനായിരത്തോളം പേർ അദ്ദേഹത്തിൻെറ ശിഷ്യത്വം സ്വീകരിച്ചതായി കണക്കാക്കപ്പെട്ടിരിക്കുന്നു.

ഈ പുണ്യകർമ്മം ബങ്കാളിൻെറ ശുദ്ധീകരണത്തിനുള്ള ആരംഭം കുറിച്ചു. വേശ്യാലയങ്ങൾ ഉറക്കം തൂങ്ങി. മദ്യഷാപ്പുകളും ചാരായക്കടകളും അടച്ചുപൂട്ടി. അവയുടെ കരാർകാർ മേലിൽ ഇത്തരം ദുഷ്കർമ്മങ്ങൾക്കു തെയ്യാറില്ലെന്നു അധികൃതരെ അറിയിച്ചു.

സയ്യിദ് സാഹിബിനെ കൊള്ളക്കാരനായി ചിത്രീകരിച്ചു. അദ്ദേഹത്തിൻെറ പദവിക്കും മഹത്വത്തിനും മാലിന്യം തട്ടിക്കാൻ നിരന്തരം പരിശ്രമിച്ചുകൊണ്ടിരുന്ന മി: ഹെൻറർ ഒരു സത്യം തുറന്നു പറയാൻ നിർബ്ബന്ധിതനായി തീർന്നു. അദ്ദേഹം പറഞ്ഞ വസ്തുത ഇവിടെ ചേർക്കാം.

'' ആമുജാഹിദ് ( സേനാനി ) മെല്ലെ മെല്ലെ തൻെറ യാത്ര ദക്ഷിണ പ്രദേശത്തേക്കു തിരിച്ചു. ക്രി: 1820 ലാണ അതുണ്ടായത്. അദ്ദേഹത്തിൻെറ അനുയായികൾ എത്ര താഴ്ന്നനിലവാരത്തിലുള്ള ജോലിയാണെങ്കിലും യാതൊരുമടിയും കാണിക്കാതെ ഭംഗിയായി ചെയ്തു തീക്കൽ പതിവായിരുന്നു. വലിയ കുബേരന്മാരും പണ്ഡിതന്മാരും പാദുകങ്ങൾപോലും ഉപയോഗിക്കാതെ അദ്ദേഹത്തിൻെറ വാഹനത്തിലിരുന്നകമ്പടി സേവിക്കുന്നത് അഭിമാനമായി കരുതിയിരുന്നു. പററ്നയിലെ നീണ്ടകാലത്തെ താമസത്തിനുശേഷം അനുചരന്മാരുടെ സംഖ്യ ക്രമാതീതമായി തീന്നപ്പോൾ ഒരു പെരുമാററച്ചട്ടം — ഭരണ സമിതി—കൂടാതെ കഴിയുകയില്ലെന്നായി, അങ്ങിനെ അദ്ദേഹം വില്പന നികുതി വസൂൽചെയ്യാനായി ഒരു ഏജൻറിനെ നിശ്ചയിച്ചു. പിന്നീട് വിവിധ വകുപ്പുകളുടെ മേൽനോട്ടത്തിനായി നാലു ഖലീഫമാരേയും നിശ്ചയിച്ചു. മുസ്ലിം സുൽത്താന്മാർ സംസ്ഥാനങ്ങളിൽ ഗവർണ്ണർമ്മാരെ നിയ

മിക്കുന്ന അവസരത്തിൽ നൽകാറുള്ള 'ഫർമാൻ ' രാജകീയ ശാസനയുടെ മാതൃകയിലുള്ള ഫർമാൻ പ്രസ്തുത ഖലീഫമാർക്കും നൽകി:— ഹെൻഡർ തുടർന്നു പറയുകയാണ്.

'അങ്ങനെ പാട്നയിൽ ഒരു സ്വതന്ത്ര കേന്ദ്രം സ്ഥാപിച്ചശേഷം ജാഥ കൽക്കത്തയിലേക്കു പുറപ്പെട്ടു. എല്ലാ സ്ഥലങ്ങളിലും ആളുകൾ ആവേശത്തോടെ ശിഷ്യത്വം സ്വീകരിക്കാൻ കൂട്ടം കൂട്ടമായി വന്നിരുന്നു. വലിയ വലിയ പട്ടണങ്ങളിൽ പ്രതിനിധികളെ നിയമിച്ചു- കൽക്കത്ത പട്ടണത്തിൻെറ പരിസര പ്രദേശങ്ങളിൽ നിന്നുള്ള ജനസാമാന്യത്തിൻെറ തള്ളിക്കയററം നിസ്സീമമായിരുന്നു. ഒരു പുതിയ മാർഗ്ഗത്തിലൂടെയാണ് ജനത ശിഷ്യത്വം സ്വീകരിച്ചത്. ഓരോരുത്തരെയും പ്രത്യേകം പ്രത്യേകം സമീപിക്കാൻ വിഷമമായപ്പോൾ തലപ്പാവ് നീട്ടിക്കൊടുത്തു അതുതൊട്ടവരെല്ലാം 'മുരീദായി'

## ടിപ്പുസുൽത്താൻെറ കുടുംബം

മാർഹൂം ടിപ്പുസുൽത്താൻെറ ഭാര്യാസന്താനങ്ങൾ കൽക്കത്തയിൽ തടങ്ങലിൽ താമസിക്കുകയായിരുന്നു. നവാബ്ഹൈദരലി, ടിപ്പുസുൽത്താൻെറ വന്ദ്യപിതാവ് സയ്യിദ് സാഹിബിൻെറ മാതാമഹൻ മൌലാനഅബുസഈദിൻെറ ശിഷ്യനായിരുന്നു. രാജകുമാരന്മാരും രാജകുമാരികളും ആ പഴയ ബന്ധം പുതുക്കി. ജാഥക്ക് വിഭവസമൃദ്ധമായ വിരുന്നും വിലപിടിച്ച പല സാധനങ്ങളും നൽകി.

## ഹജ്ജ്യാത്ര

ഹിജറ 1237 റബീഉൽ ആഖർ അവസാനം മുജാഹിദീങ്ങൾ കപ്പലുകൾവഴി ജിദ്ദയിലേക്കു പുറപ്പെട്ടു. നാലുമാസത്തോളം സമുദ്രതിരമാലകളുമായി മല്ലടിച്ചുകൊണ്ടു ജിദ്ദയിൽ എത്തിച്ചേർന്നു. ഹിജറ 1237 ശഅബാൻ മാസം 28നു പരിശുദ്ധമക്കയിൽ പ്രവേശിച്ചു അഞ്ചുരമാസം അ

വിടെ താമസിച്ചു ഹജ്ജ്കർമ്മം നിർവ്വഹിച്ചശേഷം സഫർമാസം 15ന മദീന മുനവ്വറയിലേക്ക പുറപ്പെട്ടു റബീഉൽഅവ്വൽ 29ന മദീനയിൽനിന്ന തിരിച്ചു മക്കയിൽ വന്നു 'ഖൈമ' അടിച്ചു. ഹിജറ 1238 ശവ്വാൽ 15ന ഇന്ത്യയിലേക്ക തിരിച്ചു മാസങ്ങളോളം കടലിൽ കഴിച്ചുകൂട്ടിയശേഷം ഹിജറ 1239 ആദ്യത്തിൽ ബോംബായി കടൽക്കരയിൽ വന്നണഞ്ഞു.

# മാറിയ പരിതസ്ഥിതിയിൽ

ബോംബെ തുറമുഖത്തിന്റെയും നഗരത്തിന്റെയും മുഖച്ഛായ മാറിക്കഴിഞ്ഞിരിക്കുന്നു. അതു പോർത്തുഗീസുകാരുടേയും ഇംഗ്ലീഷുകാരുടേയും കളിത്തൊട്ടിലായിതീർന്നിരിക്കയാണ്. എന്നാൽ ആ തൊട്ടിലിന്റെ ഉള്ളിൽതന്നെ ഹൽക്കറിന്റെയും അമീർഅലിഖാന്റെയും സ്വാതന്ത്ര്യസമര കാഹളവും മുഴങ്ങുന്നുണ്ട്. സയ്യിദ്സാഹിബ് ബോംബെതുറമുഖത്തു കാലൂന്നിയതോടുകൂടി ബോംബെപട്ടണം അതിന്റേതായ കഥകൾ കേൾപ്പിക്കാൻ തുടങ്ങി. സ്വാതന്ത്ര്യസമരത്തിന്റെ പഴയ കുഴലൂത്ത് ജനഹൃദയങ്ങളിൽ പുതിയ ഉന്മേഷവും ഉണർവും ജനിപ്പിച്ചു. അദ്ദേഹം ബോംബെ മറെറാരു കൽക്കത്തയാക്കിത്തീർത്തു. അവിടത്തെ 18 ദിവസത്തെ താമസക്കാലത്തു ആയിരക്കണക്കിലുള്ള ആളുകൾ ശിഷ്യത്വം സ്വീകരിക്കുകയും സ്വാതന്ത്ര്യസമരമുറ അഭ്യസിക്കുകയും ചെയ്തു. ഹജ്ജ്കർമ്മം ചെയ്തുമടങ്ങിഎത്തിയതിലുള്ള സന്തോഷം പ്രകടിപ്പിക്കുന്നതിനായിരുന്നു ജനങ്ങൾ അവിടെ സമ്മേളിച്ചെന്നതായിരുന്നു ചരിത്രമെഴുത്തുകാരുടെ അഭിപ്രായം. എന്നാൽ ബ്രിട്ടീഷ് ഇമ്പീരിയലിസത്തിന്റെ രാഷ്ട്രീയ നിരൂപകന്റെ അഭിപ്രായം മറെറാരു വിധത്തിലാണ്. അതിപ്രകാരമാണ്.

‘‘സയ്യിദ്സാഹിബ് ഇദംപ്രഥമായി കപ്പലിറങ്ങിയപ്പോൾ ധാരാളം ജനങ്ങൾതടിച്ചുകൂടി അദ്ദേഹത്തിന്റെ ഉപദേശം കേൾക്കുവാൻ അല്ലെങ്കിൽ ശിഷ്യത്വം സ്വീകരിക്കുവാൻ. അദ്ദേഹം ഏവിടെപ്പോയാലും ഇതാണ ഗതി. മ

ക്കായാത്രക്കുള്ള സ്ഥിതിയും ഇത്തരത്തിൽ തന്നെ ആയിരു ന്നു. ജനങ്ങളെ ആവേശഭരിതമാക്കാനുള്ള ഊർജ്ജസ്വലത അദ്ദേഹത്തിൻെറ പ്രസംഗത്തിനുണ്ട്. ഇപ്പോൾ അങ്ങ്‌വ ളരെ അകലെ സ്ഥിതിചെയ്യുന്ന അതൃത്തിയിലെ രണശൂ രന്മാരുടെ നേരെയാണദ്ദേഹത്തിൻെറ നോട്ടം. അങ്ങോട്ടു പോകണമെന്നാണു മോഹം.

ആംഗ്ലേയമിഷ്‌നറിമാർ അദ്ദേഹത്തിൻെറ പ്രസ്ഥാന ത്തെ പരാജയപ്പെടുത്താനായി അതിനീന്ദ്യവും നികൃഷ്ട്യ വും ആയ പ്രചാരവേലകൾ നടത്തിക്കൊണ്ടിരുന്നു മി സ്റ്റർ ഹെൻറർ തൻെറ ഗ്രന്ഥത്തിൽ എഴുതിയിരിക്കുന്നതു ഇപ്രകാരമാണ്:—

''സയ്യിദ്‌സാഹിബ് പരിശുദ്ധമക്കയിൽ താമസി ക്കുമ്പോൾ അദ്ദേഹം മരുഭൂമിയിലെ ബദുക്കളുടെ വിശ്വാ സംവെച്ചുപുലർത്തുന്ന ആളാണെന്നും അങ്ങിനെയുള്ളവർ ഹിജാസിൽ ഉണ്ടാവുന്നതു പുണ്യസ്ഥലങ്ങൾക്കു മാലിന്യ മുണ്ടാക്കാൻ ഹേതുകമായി പരിണമിക്കുമെന്നും തൽഗവർ മ്മെണ്ടിൻെറ ശ്രദ്ധയിൽ ആരോപെടുത്തി. ആകയാലദ്ദേ ഹം മക്കയിൽ പരസ്യമായ അവഹേളനത്തിനു വിധേയ നാവുകയും അവിടെനിന്നു പുറത്താക്കപ്പെടുകയും ചെയ്തു, അങ്ങിനെ ഒരു കററവാളിയുടെ നിലയിലാണു ഇന്ത്യയി ലേക്കു മടങ്ങിയതു്. ''ശിർക്''പരമായ അനാചാരങ്ങ ളെയും അന്ധവിശ്വാസങ്ങളെയും എതിർക്കുന്ന 'മുസ്‌ലി ഹ്'. ആയിട്ടോ മതഭ്രാന്തനായിട്ടോ അല്ല മടങ്ങിഎത്തിയ തു്. പ്രത്യുത ശൈഖ് മുഹമ്മദുബ്നുഅബ്ദുൽ വഹ്ഹാ ബിൻെറ പക്ഷാമരിദായിട്ടു്.''

ഈ ആരോപണം കേവലം അടിസ്ഥാനരഹിതമാ ണു. പരിശുദ്ധ മക്കയിൽ താമസിക്കുമ്പോൾ അങ്ങിനെയു ള്ള യാതൊന്നും നടന്നിട്ടില്ല. ആരും അദ്ദേഹത്തെ അവ ഹേളിക്കുകയോ പുറത്താക്കുകയോ ചെയ്തിട്ടില്ല. ഹാജി മാരെ കൊള്ളയടിക്കാറുള്ള ബിദുക്കൾപോലും അദ്ദേഹ ത്തെ ബഹുമാനിക്കയും ആദരിക്കയും ചെയ്തു. എന്നതാ ണു സത്യം. എന്നാൽ മറെറാരു സംഭവം ഉണ്ടായിട്ടുണ്ട്

മൌലവിഅബ്ദുൽഹയ്യ് സാഹിബാണ അതിലെ കഥാപുരുഷൻ. ഹെൻറർ തെററിദ്ധരിച്ചോ അഥവാ കല്പിച്ചുകൂട്ടിയോ വളരെ അതിശയോക്തിയോടുകൂടി അതിലെ കഥാപുരുഷനായി അവതരിപ്പിച്ചത് സയ്യിദുസാഹിബിനെയാണ്, സീറത്തുസയ്യിദ് അഹ്മദ് ശഹീദ് വകാഇഅഹ്മദി, അഹ്മദുസവാനി, അഹ്മദി മുതലയ ഗ്രന്ഥങ്ങളിൽ അതു സവിസ്തരം രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. ഗുലാംറസൂൽ മുഹർ ആ സംഭവം ഇപ്രകാരമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

''മൌലവി അബ്ദുൽ ഹഖ് സാഹിബ് അതിതീക്ഷ്ണതയുള്ള, ഒട്ടും വീട്ടുവീഴ്ചയില്ലാത്ത പ്രകൃതക്കാരനായിരുന്നു. അനിസ്ലാമികാചാരങ്ങളെ അതിരൂക്ഷമായി ഖണ്ഡിക്കും ഏതാനും കൊല്ലങ്ങൾക്കുമുമ്പ് നടന്ന ഹജ്ജ്ദു–ഹിജാസ് യുദ്ധംമൂലം ഹിജാസുകാർക്കു നജ്ദികളുടെ നേരെ അസഹനീയമായ വെറുപ്പും വിരോധവുമുണ്ടായിരുന്നു. അനാചാര ദൂരീകരണാർത്ഥം രംഗത്തിറങ്ങിയവരെല്ലാം അവരുടെ ദൃഷ്ടിയിൽ വഹ്ഹാബികളായിരുന്നു.ഈ ചിന്താഗതിയുടെ അടിസ്ഥാനത്തിൽ ആണ് മൌലവി അബ്ദുൽഹഖ്സാഹിബ് അറസ്റ്റ്ചെയ്യപെട്ടതു്. മൌലാനാന അബ്ദുൽഹയ്യ് സാഹിബിൻെറ ജാമ്യത്തിൽ അദ്ദേഹത്തെ വിട്ടു. കേസ്സുവിചാരണക്കെടുത്ത അവസരത്തിൽ മൌലാനാ അബ്ദുൽഹയ്യ് കോടതിയിൽ ഹാജരായി വാദപ്രതിവാദം നടത്തി മോചിപ്പിച്ചു. അങ്ങിനെ മൌലവി അബ്ദുൽഹയ്യ് ജയിൽമോചിതനായി. സയ്യിദ്സാഹിബ് ഒന്നിച്ചു മക്കയിൽ താമസിച്ചു. പിന്നീടു സഫായിലേക്കുപോയി. ഖാസി ശൌഖാനിയിൽ നിന്നു ഹദീസ് (നബിസൂക്തം) സൌദ്—സർട്ടിഫിക്കററ് സമ്പാദിച്ചു ഇന്ത്യയിലേക്കുമടങ്ങി. (സീറത്തു് സയ്യിദ് അഹ്മദുശഹീദ്)

'ഭൂദുർഗഗോറാഹാഫിസ: ന: ബാശദ്'' എന്നൊരു പേർഷ്യൻ ചൊല്ലുണ്ട്. അസത്യം പറയുന്നവനു് ഓർമ്മശക്തി ഉണ്ടാവില്ലെന്നർത്ഥം.



മി: ഹെൻട്രിനെ സംബന്ധിച്ചിടത്തോളം ഈ പഴമൊഴി അർത്ഥവത്താണ്. കാരണം മുമ്പ്പറഞ്ഞത് ഓർമ്മയില്ലാതെ പരസ്പരവിരുദ്ധമായ പലതും അദ്ദേഹത്തിൻെറ പുസ്തകത്തിൽ സ്ഥലം പിടിച്ചിട്ടുണ്ട്. ഉദാഹരണമായി ക്രി: 1813 മുതൽ ക്രി: 1830വരെയുള്ള കൊല്ലങ്ങളിൽ പരിശുദ്ധ മക്കയിൽ ഏതൊരു വഹ്ബിയുടെയും ജീവവനു രക്ഷ ഉണ്ടായിരുന്നില്ലെന്നു സ്വയം സമ്മതിക്കുന്ന മി: ഹെൻട്രി തന്നെയാണ് പറയുന്നത്. സയ്യിദ മക്കയിൽ നിന്നും മടങ്ങി വന്നത് അബ്ദുൽ വഹാബിൻെറ പക്കാമുരിദായിട്ടാണ് എന്നും ഇതുദോഷ്കല്ലെങ്കിൽ മറെന്താണ്? അദ്ദേഹത്തിൻെറ ഇംഗിതം ജനമദ്ധ്യത്തിൽ സയ്യിദ് സാഹിബിനുള്ള സ്വാധീന ശക്തിയും പദവിയും നശിപ്പിക്കുക എന്നതല്ലാതെ മറെറാന്നും ആയിരുന്നില്ല. പണ്ട് ശൈഖമുഹമ്മദ്ബ്നു അബ്ദുൽവഹാബിൻെറ നേരേയും ഇത്തരത്തിലുള്ള വഞ്ചനകൾ തന്നെയാണ് പ്രയോഗിക്കപ്പെട്ടിരുന്നത്. എന്നാൽ എന്തെല്ലാം ദുഷ്പ്രചരണ വേലകൾ ചെയ്തിട്ടും കുതന്ത്രങ്ങൾ പ്രയോഗിച്ചിട്ടും സത്യം സത്യമായി തന്നെ അവശേഷിച്ചു അതിനെ മാററി മറിക്കാനോ, നശിപ്പിക്കുവാനോ ആർക്കും സാധിച്ചിട്ടില്ല സാധിക്കുകയുമില്ല മി: ഹെൻട്രിപോലും സത്യത്തിൻെറ ദിവ്യ ശക്തിയുടെ മുമ്പിൽ തലകുനിക്കുവാൻ നിർബ്ബന്ധിതനായ കഥയുണ്ട് മുസ്ലിംകളുടെ പ്രസ്ഥാനത്തെ ചിത്രപ്പെടുത്താനുള്ള ഉദ്ദേശം മുൻനിർത്തികൊണ്ടാണ് ഹെൻട്രി തൻെറ ഗ്രന്ഥം രചിച്ചിട്ടുള്ളത്. അതിൽ സയ്യിദ് സാഹിബിനെ കള്ളനായും കൊള്ളക്കാരനായും മററും വർണ്ണിച്ചിട്ടുമുണ്ട്. അങ്ങിനെയുള്ള ആ ഗ്രന്ഥത്തിലാണ് താഴെ പറയുന്ന വാക്യങ്ങൾ എഴുതിച്ചേർത്തിട്ടുള്ളത്;

' ഇക്കൂട്ടർ തങ്ങളുടെ വിശ്വാസത്തിനനുസരിച്ചു പ്രവർത്തിക്കുന്ന മഹദ് ഗുണമുള്ളവരായിരുന്നു വിലമതിക്കാത്ത യാതൊരു ആവശ്യത്തേയും ലക്ഷ്യമാക്കിയായിരുന്നില്ല. അവർ വിപ്ളവത്തിൽ പങ്കെടുത്തത്. സയ്യിദ് സാഹിബിൻെറ ആയുഷ്ക്കാലമത്രയും തൻെറ നാട്ടിൻെറയും നാട്ടുകാരുടേയും മോചനത്തിനുവേണ്ടിയാണ് വ്യക്തം

ചെയ്തത്. അത് ലഭിക്കാത്തതിൽ അദ്ദേഹം സദാ അസ്വസ്ഥനായിരുന്നു, തന്റെ നാട്ടുകാരുടെ പ്രവൃത്തിപരമായ ജീവിതത്തെപ്പററി സാരഗർഭമായ ഉപദേശം ആരംഭിച്ചു. എന്നാൽ വിവാദവിഷയങ്ങളിൽ നിന്നും ഒഴിഞ്ഞുമാറിയിരുന്നു. ശത്രുക്കൾ അതു കഴിവുകേടുകൊണ്ടാണെന്നു് പറയാറുണ്ടായിരുന്നു. തർക്ക വിഷയങ്ങളിൽ ഏർപ്പെടുന്നത് അദ്ദേഹത്തിന്റെ പദവിക്കും പ്രതാപത്തിന്നും എതിരാണെന്നായിരുന്നു മുരീദുമാരുടെവാദം. അദ്ദേഹത്തിന്റെ രാഷ്ട്രീയ മതപരലക്ഷ്യം വിപ്ളവകാരികളുടേതുപോലെ തന്നെയാണ്. അവർ ആശയുടേയും ഭയത്തിന്റേയും നടുവിലാണ്. വാസ്തവത്തിൽ ഈശ്വര ഭക്തന്മാരായ ആയിരമായിരം വ്യക്തികൾ അവരുടെ സമൂഹത്തിലുണ്ട്. സ്വന്തം ആത്മാവിനെ ബലിഅർപ്പിക്കുന്നതാണ് ഏററവും മഹത്തായ കർമ്മമെന്ന് അവർ വിഭാവനംചെയ്യുന്നു. മറെറാരു രസകരവും അപഹാസ്യവുമായ കഥകൂടി പറഞ്ഞ് ഈ അദ്ധ്യായം അവസാനിപ്പിക്കാം. സയ്യിദ് സാഹിബിബുശൈഖ് മുഹമ്മദുബ്നുവഹാബിന്റെ യഥാർത്ഥ അനുയായായിക്കൊണ്ടാണ് മക്കയിൽ നിന്നു ഇന്ത്യയിലേക്കു പുറപ്പെടുന്നതെന്നു മുമ്പു ഉല്ലേഖനം ചെയ്തത്. മസ്തിഷ്കത്തിന്റെ തകരാർകൊണ്ടോ അഥവാ എല്ലാവരുടേയും കണ്ണിൽ പൊടിയിട്ടു പററിക്കാമെന്നു തെററിധരിച്ചിട്ടോ എന്തുകൊണ്ടാണെന്നു വ്യക്തമാവുന്നില്ല. ഭീമമായ മറെറാരു സംഗതിയാണ് ആലോചിക്കുന്നത്. സയ്യിദ് സാഹിബിനെ ഇമാമിയ്യ സംഘത്തിൽ ഒരാളായി പരിഗണിക്കപ്പെട്ടിരുന്നു. ഹാ! ഇതെന്തൊരു വിരോധാഭാസമാണ്!! പരസ്പരം ഇണക്കവും പൊരുത്തവും ഇല്ലാത്ത രണ്ട് ആദർശ പ്രസ്ഥാനങ്ങളാണ് വഹ്ഹബിയ്യത്തും ഇമാമിയത്തും. അന്യോന്യം കാഫിറാക്കുകയും ചെയ്യുന്നു. കളവുപറയാൻ ശങ്ക ഇല്ലാത്തവർക്ക് ഇതും ഇതിലപ്പുറവും പറയാൻ കഴിയും. അവർക്ക് ഓർമ്മശക്തി ഉണ്ടാവുകയില്ലല്ലോ.

സയ്യിദ് സാഹിബും കൂട്ടരും പേർഷ്യായിൽ 18 ദിവസം താമസിച്ചശേഷം സമുദ്രമാർഗ്ഗേന കൽക്കത്തയിലേ

ക്ക പുറപ്പെട്ടു വഴിമദ്ധ്യേ രണ്ടുദിവസം അൽഫായിൽ (ALLEPPEY) ആലപ്പുഴ തുറമുഖത്ത് താമസിച്ചു.

ഹിജ്റ 1239 ശ അബാൻ 29 ക്രി: 1824 ഏപ്രിൽ 29ന്ന അദ്ദേഹം പരിവാരങ്ങളോടുകൂടി സ്വദേശമായബ്രൈലി ലുള്ള സ്വ വസതിയിൽ തിരിച്ചെത്തി. ഈ യാത്രയുടെ കാലയളവ് രണ്ടുവർഷവും പത്തുമാസവുമായിരുന്നു. ഈ നീണ്ട കാലത്തിനുള്ളിൽ പലതും സംഭവിച്ചു. ഹിന്ദു മുസ്ലീം ഭേദമെന്യേ നിരവധി മാന്യവ്യക്തികൾ അദ്ദേഹത്തിനു സ്വീകരണങ്ങളും സൽക്കാരങ്ങളും സംഭാവനകളും നൽകി. യാതൊരു ആപത്തും കൂടാതെ നാട്ടിൽ വന്നുചേർന്നതിന്നുശേഷം വിശ്രമമെടുക്കുകയല്ല പ്രത്യുത യുദ്ധമേഖലയിലേക്കു പുറപ്പെടുവാനുള്ള സത്വര നടപടികൾ സമാരംഭിക്കുന്നതിൽ ജാഗരൂകരാവുകയാണുണ്ടായത്. ഹജ്ജിന്നു പോകുന്നതിനു മുമ്പുള്ളതിനേക്കാൾ കൂടുതലായ സാമർത്ഥ്യം പ്രകടമാക്കുകയും ചെയ്തു.

'മുജാഹിദുകൾ ഖാഫില; നാട്ടിൽനിന്നും പുറപ്പെട്ടപ്പോൾ മടിശ്ശീല കാലിയായിരുന്നു. അല്ലാഹുവിലുള്ള ഉറച്ച വിശ്വാസം മാത്രമായിരുന്നു. കരുതൽ ധനം. രാജകീയമായ വരവേൽപ്പുകളും ഗംഭീരങ്ങളായ വിരുന്നുകളുമൊക്കെ ലഭിച്ചതിനു പുറമെ ധാരാളം ആയുധങ്ങളും കിട്ടി. ജാഥാ നേതാവിൻേറയും അനുയായികളുടേയും ബന്ധുമിത്രങ്ങൾക്ക സമ്മാനിക്കാനുള്ള സാധനങ്ങൾ വാങ്ങിയശേഷം റായ്ബറേലിയിൽ എത്തി ഭണ്ഡാരം പരിശോധിച്ചപ്പോൾ പതിനായിരം ഉറുപ്പിക ബാക്കിയുള്ളതായി കാണുകയുംചെയ്തു.

# സാംസ്ക്കാരിക ശിക്ഷണ പരിപാടികൾ

ഹജ്ജ് ഒരു നിർബ്ബന്ധ കർത്തവ്യമാണെന്നും മററും ഇതിൽ പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ യാത്രയുടെ പരമലക്ഷ്യം ഹജ്ജ്കർമ്മനിർവ്വഹണം മാത്രമായിരുന്നില്ല. പ്രത്യുത ഭരണഘടനയിൽ സാർവ്വത്രികമായ അ

ഴിച്ചുകൂട്ടൽ വരുത്തണമെന്നും പരമപ്രധാനമായ ലക്ഷ്യം മുൻനിർത്തി ഹസ്രത്തുശാ: വലിയ്യുൽലാസാഹിബ് ആവിഷ്ക്കരിച്ചതും ശാഹഅബ്ദുൽ അസീസ് സാഹിബു തൻെറ രാഷ്ട്രീയ വിദ്യാലയത്തിൽ അമ്പതുകൊല്ല ക്കാലം അദ്ധ്യാപനം നടത്തിക്കൊണ്ടിരിക്കുന്നതുമായ തത്വങ്ങളും പ്രവത്തന സ്വഭാവങ്ങളും ജനാവലിയെ ധരിപ്പിക്കുക എന്നതായിരുന്നു സ്വന്തമായ ഉദ്ദേശം, കൂട്ടത്തിൽ ഹജ്ജും.

സംഘത്തിലെ എണ്ണൂറുപേരും ഹാജിമാരായിരുന്നല്ലോ, അവർ വിപ്ലവകാരികളായ മുജാഹിദ്കളായിരുന്നു. സ്വജീവനെപോലും സമ്പൂണ്ണ വിപ്ലവത്തിനായി ബലിഅർപ്പിക്കാൻ ഉഴിഞ്ഞുവച്ചവരായിരുന്നു സ്വപ്രകൃതത്തിൽ സമൂലമാററം സംഭവിച്ചവരുമായിരുന്നു അവർ ആരെയും പരിവർത്തനവിധേയരാക്കാൻ തക്ക ശക്തി അവക്കുണ്ടായിരുന്നു. രാഷ്ട്രീയമായ ഇങ്ക്ലാബിനെ പുറംതോടായും സാംസ്കാരിക സാമൂഹ്യ ഇങ്ക്ലാബിനെ കഴമ്പായും പരിഗണിച്ചിരുന്നു അവർ,

ജാഥാനേതാവാകട്ടെ അനുയായികളാകട്ടെ രാഷ്ട്രീയാധികാരത്തെ മോഹിക്കുന്നവരായിരുന്നില്ല. അവരാണ് നാട്ടിൻെറ മുക്കിലും മൂലയിലുമൊക്കെ നടമാടിയിരുന്ന രാഷ്ട്രീയ സൈനിക വിപ്ലവത്തിൻെറ സൃഷ്ടാക്കൾ. എന്നാൽ അവരാരുംതന്നെ കലഹപ്രിയന്മാരുംചോരക്കൊതിയന്മാരും ആയിരുന്നില്ല. യഥാത്ഥമായ ഇങ്ക് ലാബു സാമാജികളാണെന്നവർ വിശ്വസിക്കുന്നു. അതുകൊണ്ടല്ലാതെ ദരണഘടനക്കു പാടെ വിപാടനം ചെയ്യാൻ സാധ്യമല്ലെന്നവർ ഉറക്കെ ചിന്തിച്ച് തീരുമാനിച്ചതായിരുന്നു നാട്ടിനേയും ജനത്തേയും അന്യരുടെ അടിമത്തത്തിൽനിന്നും പരിപൂണ്ണമായി മോചിപ്പിക്കുവാനാണവർ ആത്മാത്ഥമായി പരിശ്രമിച്ചിരുന്നത്. അവർ ആയുധസമരത്തെക്കാളും വ്യക്തിസംസ്കരണജിഹാദിന്നാണ് പ്രാമുഖ്യം കല്പിച്ചിരുന്നത്. സായുധസമരത്തെക്കാളും മുജാഹിദുകളുടെ ഉദ്ദേശവും ലക്ഷ്യവും മാർഗ്ഗവും പരിശുദ്ധിയും പവിത്രവുമായിരുന്നു.

ആത്മീയ സംസ്കരണം നേടുന്നുവെന്നതാണ് കനത്ത ജിഹാദ് (ജിഹാദ്ബാതൈസ്സഫ്) എന്നവർ വിശ്വസിച്ചിരുന്നു. ഖഡ്ഗപ്രയോഗത്തേക്കാൾ ഖുർആൻ കരീം പ്രാധാന്യം കല്പിക്കുന്നതു സാമൂഹ്യ സംസ്കാരത്തിനുണ്ടെന്നു അവൎക്കു നന്നായി അറിയാം. അതിനെ 'ജിഹാദ്കബീർ എന്നാണ് ഖുർആൻ വിശേഷിപ്പിച്ചിരിക്കുന്നത്.

അന്യന്മാരെ ഉന്മൂലനം ചെയ്യുക എന്നാണു ജിഹാദിനു പൊതുവേ കൽപിക്കപ്പെടുന്ന അർത്ഥം. എന്നാൽ ഇസ്ലാം ജിഹാദിനെ ഏററവും ഉൽകൃഷ്ടമായ ആരാധനയാക്കിയിരിക്കുന്നുവെന്ന വസ്തുത ഗ്രഹിച്ചവരാണു ദൈവഭക്തന്മാരായ മുജാഹിദുകൾ. സ്വയം വിസ്മരിക്കുക എന്നതിനെത്രെ ജിഹാദ്എന്നു പറയുന്നത്. എന്നുവച്ചാൽ അഹംഭാവത്തെ നിശ്ശേഷം നിഷ്കാസനം ചെയ്ത് സ്വന്തം വ്യക്തിത്വത്തെ മറന്ന് നിഷ്വാർത്ഥമായ എല്ലാംകൈകാര്യം ചെയ്യുന്നവനാണ് മുജാഹിദ്.

## നേഷനലിസം

ആധുനിക കാലത്തെ രാഷ്ട്രീയ കളരിയിൽ വളരെ പ്രാധാന്യംകൽപിക്കുന്ന ഒന്നാണ് സോഷ്യലിസം. ആ ഉൽകൃഷ്ട ആദർശത്തെപോലും അദ്ദേഹം രാജവാഴ്ചയുടേയും അധികാരമോഹത്തിൻെറയും പ്രതീകമായിട്ടാണ് പരിഗണിക്കുന്നതു്. എന്തുകൊണ്ടെന്നാൽ അതൊരു സ്വാർത്ഥതാൽപര്യമല്ലെങ്കിൽ സ്വജനപക്ഷപാതം അഥവാ സ്വദേശത്തിൻെറ നന്മ എന്നിവ മുഴച്ചുനിൽക്കുന്ന ആദർശമാകുന്നു. സ്വന്തം കുടുംബത്തിൽ അല്ലെങ്കിൽ സ്വന്തം നാട്ടുകാരിൽ ഈശ്വരസൃഷ്ടികളെ കുതിരകയറാനുള്ള ഇച്ഛാശക്തി പ്രവർത്തിച്ചുകൊണ്ടിരിക്കാം; നിസ്സംശയം തന്മൂലം ലോകസമാധാനം അപകടത്തിലാകും. ദേശീയ്ത്വത്തിൻെറ പേരിൽ ഫിത്നയും, ഫസാദും പൊട്ടിപ്പുറപ്പെടും. ജനങ്ങൾ കടുത്ത നരകയാതന അനുഭവിക്കേണ്ടിവരും. ഇസ്ലാം അതിനെ അജ്ഞാതകാലത്തെ പക്ഷപാതിത്വമായി ചിത്രീകരിക്കുന്നു. സങ്കുചിതമായ ദേശീയം

ദർശത്തെ ഇസ്ലാം ഒരു നിമിഷം പോലും വെച്ച് പൊറു പ്പിക്കുകയില്ല.

# സൃഷ്ടിസ്നേഹവും സേവനതൽപരതയും

ജനങ്ങളുടെ ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിൽ അ വർ വഹിച്ച പങ്കിൻെറയും കഥകൾ ഇതിനുമുമ്പ് വിവ രിച്ചിട്ടുണ്ട്. ഇനി മററ് ചില സംഭവങ്ങൾ കൂടി ഇവി ടെ ചേർക്കുന്നു.

ജാഥ മിർസാപൂരിൽ എത്തിയപ്പോൾ ഒരു കപ്പൽ നങ്കൂരമിട്ടുകിടക്കുന്നതു കണ്ടു. ഉടമസ്ഥർ അങ്ങുമിങ്ങും ഓ ടുന്നു. അയാളുടെ വിഷമങ്ങൾ കണ്ടറിഞ്ഞ് ജാഥാംഗ ങ്ങൾ നേരെ കപ്പലിൻെറ സമീപത്തേക്ക് നീങ്ങി. കപ്പ ലിൽ നിന്നും ചരക്കിറക്കി ഗോഡൗണിൽ എത്തിച്ചു. മുത ലാളി അന്ധാളിച്ചു. പട്ടണവാസികൾ അത്ഭുതം പ്രക ടിപ്പിച്ച്കൊണ്ട് ഈ ദൈവദൂതന്മാർ എവിടെ നിന്നുംവ ന്നു എന്ന് പറയാൻ തുടങ്ങി- അതിന്മുൻപ് ആരും അ വരെ കണ്ടിട്ടുപോലും ഉണ്ടായിരുന്നില്ല. ശുഭവസ്ത്രധാരിക ളായ ആചാര്യന്മാർ കൂലിപ്പണിചെയ്യുന്നു.

# കുശവത്തെരുവിലെ സൽക്കാരം

മിർസാപ്പൂരിൽ ഇഷ്ടിക ഉണ്ടാക്കുന്ന കുശവന്മാരുടെ ഒരു തെരുവും അതിൽ അവരുടേതായ ഏഴുകുടിലുകളും ഉ ണ്ടായിരുന്നു. ഇഷ്ടിക കൊണ്ടുപോകുന്നതിനു് അവർ കഴു തകളെ ഉപയോഗിക്കാറുണ്ടായിരുന്നതുകൊണ്ട് 'ഗധവ് ലകൾ' എന്ന പേരിലാണവർ അറിയപ്പെട്ടിരുന്നത്. പട്ട ണത്തിലെ ഉയന്ന ജാതിക്കാർ അവരെ ഏററവും താഴ്ന്ന ജാതിക്കാരായി പരിഗണിച്ച് അകററിനിർത്തിയിരുന്ന അവരുടെ തെരുവിൽ പോയി വല്ലതും തിന്നുകയോ കുടി

ക്കുകയോ ചെയ്യുന്നതു് കടുത്ത നാണക്കേടായിരുന്നു സവർണ്ണർക്കു്.

സയ്യിദ് സാഹിബിനേയും ശിഷ്യഗണത്തേയും തങ്ങളുടെ തെരുവിലേക്ക് ക്ഷണിച്ച് സൽക്കരിക്കാനുള്ള മോഹം ആ ഗഡ്വാലികളുടെ ഹൃദയങ്ങളിൽ അലതല്ലി. അതോടൊപ്പം ആ ക്ഷണം സ്വീകരിക്കുമോ എന്ന ആശങ്കയും ഉണ്ടാകാതിരുന്നില്ല, ഒരു വിധേന ധൈര്യം അവലംബിച്ച് അപേക്ഷ സമർപ്പിച്ചപ്പോൾ സ്വീകരണ സംഘക്കാർ അതിൽ നീരസം പ്രകടിപ്പിക്കാതിരുന്നില്ല എന്നാൽ അതൊന്നും വകവെക്കാതെ എല്ലാവരേയും സംഭ്രമിപ്പിച്ച്കൊണ്ട് ആ അധ:കൃതവർഗ്ഗക്കാരുടെ ക്ഷണം പുഞ്ചിരിയോടെ സ്വീകരിച്ചു. വളരെ ഔത്സുക്യത്തോടെയും ഉല്ലാസത്തോടെയും കൂടി അവരുടെ മഹല്ലിയിൽ പോയി അവർ നൽകിയ ആഹാരം സന്തോഷത്തോടും തൃപ്തിയോടുംകൂടി കഴിച്ചു. ഭക്ഷണത്തിനുശേഷം ആ കൂട്ടർ ഒരു തളികയിൽ നാന്നൂറ് ഉറുപ്പികയും വേറൊരുതളികയിൽ വിലപിടിച്ച പട്ടുവസ്ത്രങ്ങളും ദക്ഷിണവച്ചു. സയ്യിദുസാഹിബ് അവ അവർക്കുതന്നെ മടക്കികൊടുത്തുകൊണ്ട് ഇങ്ങിനെ പറഞ്ഞു. ഞാൻ നിങ്ങളോടു് മാപ്പപേക്ഷിക്കുന്നു. ഇതു് സ്വീകരിച്ചാൽ വിപരീത ഫലമാണുണ്ടാവുക. ജനങ്ങൾ പറയും പണത്തിനും മററുമുള്ള അത്യാഗ്രഹം മൂലമാണ് നിങ്ങളുടെ സൽക്കാരം സ്വീകരിച്ചത് എന്നു് അതു് സാംസ്ക്കാരിക സംഭവങ്ങൾക്ക് വിഘാതമായി തീരുമോ എന്നു് ഞാൻ ഭയപ്പെടുന്നു,

ബനാറസിൽ താലൂക് എന്ന് പേരായ ദരിദ്രനായ ഒരു ചെരുപ്പ്കുത്തിഉണ്ടായിരുന്നു. പൂല്ലുമേഞ്ഞ ഒരു ചെററക്കുടിലിലാണ് അയാളും ഭാര്യയും താമസം. സയ്യിദ് സാഹിബും ശിഷ്യഗണങ്ങളും പുതിയ സ്വഭാവത്തിൽ ബനാറസിൽ പ്രവേശിച്ചു. നഗരം മുഴക്കെ ഇതൊരു സംസാര വിഷയമായിത്തീർന്നു. ജനങ്ങൾ കൂട്ടമായിവന്നു് വഴിപാടുകൾ അർപ്പിക്കുന്നതും സബഹുമാനം ക്ഷണിക്കുന്നതും കണ്ടപ്പോൾ ആ ഷൂമേക്കറുടെ ഹൃദയത്തിലും സയ്യിദ് സാഹിബിനെ തങ്ങളുടെ ചാളയിലേക്ക് ക്ഷണിക്കണമെന്ന

ആഗ്രഹം അതികലശലായി ഉദിച്ചു അതോടൊപ്പം ഈ പാവപ്പെട്ടവന്റെ പുൽമാടത്തിലേക്ക് രാജപദവിയിലുള്ള ഒരു ദിവ്യൻ വരുമോ?. എങ്ങിനെ ക്ഷണിക്കും, ആർ ആനയിക്കും എന്ന ഭയാശങ്കയും ജനിക്കാതിരുന്നില്ല മൗലവി അബ്ദുല്ലാഉലാചുബുക്സവാർ എന്നീ രണ്ടു സ്നേഹിതരും ഉണ്ടായിരുന്നു അയാൾക്ക്. അവർ ഇരു രും ശിഷ്യത്വം സ്വീകരിച്ച് സയ്യിദ് സാഹിബിന്റെ സൽഗുണങ്ങൾ വിവരിച്ചപ്പോൾ പാവപ്പെട്ട തലുക്ക അസ്വസ്ഥ ചിത്തനായി. സ്നേഹിതന്മാർ അയാളെ ആശ്വസിപ്പിച്ചു. നിങ്ങൾ ക്ഷണിച്ചാൽ തീർച്ചയായും സയ്യിദ് സാഹിബ് നിങ്ങളുടെ കുരയിലേക്ക് വരും. ശാന്തമായിരിക്കുക അങ്ങിനെ അവർ കചേലൻ തലൂക്കായുടെ ആഗ്രഹം സയ്യിദ് സാഹിബിനെ അറിയിച്ചു ഒട്ടും താമസിച്ചില്ല അദ്ദേഹം താലൂക്കായുടെ പുൽമാടത്തിലേക്ക് പുറപ്പെട്ടു. കീറിയ മുഷിഞ്ഞ മുണ്ടുടുത്തു വീട്ടുടമ അതിഥിയെ സ്വീകരിച്ചു തന്നോടൊപ്പം കട്ടിലിൽ ഇരുത്തി. കുറെനേരം അവർ നന്മ സംഭാഷണം നടത്തി. പുറപ്പെടാൻ നേരം തലൂക്ക ഏഴു പൈസ കാണിക്കവെച്ചു അത് സസന്തോഷം സ്വീകരിച്ചുകൊണ്ട് കൂടെയുള്ളവരോട് പറഞ്ഞു, ഈ പാരിതോഷികം വളരെ ഭദ്രമായി വെക്കണം. സരളവും സൗമ്യവും ആയ സംസാരത്തിന്റേയും പെരുമാററത്തിന്റേയും ഫലമായി അയാളുടെ വർഗ്ഗത്തിൽ പെട്ട ഇരുപതതഞ്ചോളം വീട്ടുകാർ ഇസ്ലാമിനെ ആശ്ലേഷിച്ചു. അവരെല്ലാം സയ്യിദ് സാഹിബിന്റെ ശിഷ്യത്വം സ്വീകരിച്ചു.

കൽക്കത്തയിലെ ഒരു പീർസാദ അദ്ദേഹത്തെ തന്റെ വസതിയിലേക്ക് ക്ഷണിച്ചു. വഴിയിൽ പരവതാനികൾ വിരിച്ചിരുന്നു. അതെല്ലാം എടുപ്പിച്ചുകൊണ്ട് സയ്യിദ് പറഞ്ഞു വസ്ത്രം ധരിക്കാനുള്ളതാണ് അനാവശ്യമായി പാഴാക്കാനുള്ളതല്ല.

കൽക്കത്തയിൽ നിന്നും 11 കപ്പൽ വാടകയ്ക്കു വങ്ങി. അതിൽ അറപതു തോക്കുകൾ കയററി അതിയ്യാത്തുറഹ്മാൻ എന്നപേരായ ഒരു വലിയ പടക്കപ്പലും ഉണ്ടായിരുന്നു. സയ്യിദ് സാഹിബിനു അതിൽയാത്ര ചെയ്യണമെന്നതന്റെ ആത്മസുഹൃത്ത് കൽക്കത്തയിലെ വൻകച്ചവടക്കാരനും ആതിഥേയനും ആയ ഗുലാം ഹുസൈൻ അഭിപ്രായപ്പെട്ടു. എന്നാൽ കപ്പൽ അറേബ്യയിൽ എത്തുമ്പോൾ അറബികൾ വലിയ സ്വീകരണം നൽകും എന്നു പറഞ്ഞു.



ഈ വാക്ക് അദ്ദേഹത്തിന്റെ ശാന്ത സ്വഭാവത്തെ പാടെ വിപാടനം ചെയ്തു. നെററി ചുളിച്ചു മുഖം ചുവന്നു. എളിമയും താഴ്മയും ഉയർച്ചയും അല്ലാഹുവിന്റെ കൈയിലാണ് കൃത്രിമമായ മേന്മ നമുക്കാവശ്യമില്ല. എന്നുപറഞ്ഞു ഒന്നിച്ചുള്ളവരെ നല്ല കപ്പലുകളിൽ കയററി അദ്ദേഹം ദരിയാബവി എന്ന പഴയ കപ്പലിൽ കയറി. ഇതുപോലെ തന്നെ ഭക്ഷണം വസ്ത്രം എന്നിവയുടെ കാര്യത്തിലും അദ്ദേഹം പ്രത്യേകം ശ്രദ്ധിക്കാറുണ്ടായിരുന്നു കൽക്കത്തയിലായിരിക്കുമ്പോൾ ആതിഥേയൻ ശൈഖ് അമീനുദ്ദീൻ സാഹിബിനു നിർദ്ദേശം നൽകി. വിഭവസമൃദ്ധമായ സദ്യ വേണ്ട ഒരേ ഒരുതരം ഭക്ഷണം മാത്രം മതി. ഹജ്ജിനു പോകുമ്പോൾ ശിഷ്യഗണത്തിനുഉദാരമതികളായ ധനവാന്മാരിൽ നിന്നു് ആവശ്യത്തിൽ കവിഞ്ഞ വസ്ത്രങ്ങൾ ലഭിച്ചിട്ടുണ്ടെന്നറിഞ്ഞപ്പോൾ ഓരോരുത്തർക്കും രണ്ടുവീതം ലുങ്കികളും ഈരണ്ട് പുതപ്പുകളും മാത്രം എടുത്തുകൊണ്ട് ബാക്കി എല്ലാം മടക്കി കൊടുത്തു, ഇപ്പോൾ ഇതുമതി. ആവശ്യം നേരിടുമ്പോൾ ഏർപ്പാടു ചെയ്യാം. ഇപ്പോൾ തന്നെ ആവശ്യമില്ലാത്ത ഭാരം ചുമക്കുന്നത് വിഡ്ഢിത്തമാണ്. സഹനം, ക്ഷമ, സമത്വം, സമസൃഷ്ടിസ്നേഹം, ഔദാര്യം വിനയം, അധഃകൃതോദ്ധാരണം, മിതവ്യയ ശീലം തുടങ്ങിയ മഹദ് ഗുണങ്ങളുടെ ഉറവിടം ആയിരുന്നു അദ്ദേഹം. അവയെ പ്രകാശിപ്പിക്കുന്ന ചില ഉപകഥകളാണ് മുകളിൽ വിവരിച്ചത്. ഇത് ഗാന്ധിജി ജനിക്കുന്നതിനു് എത്രയോകൊല്ലങ്ങൾക്കു മുൻപാണ് എന്ന വസ്തുത പ്രത്യേകം സ്മരണീയം ആണ്.

# അനാചാര ദൂരീകരണം

സയ്യിദ് സാഹിബ് തൻെറ യാത്രയുടെ രണ്ടാം ഘട്ടത്തിൽ അനാചാരങ്ങളും അന്ധവിശ്വാസങ്ങളും ദൂരീകരിക്കുന്ന വിഷയത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിച്ചു. അക്കാലത്ത് എല്ലാ വീടുകളിലും കൂടാരം വെച്ച് പൂജിക്കുന്നത് പതിവായിരുന്നു ഈ കൂടാരം ഇരിക്കുന്ന സ്ഥലത്തിന് മസ്ജിദിൻെറ പദവി നൽകപ്പെട്ടിരുന്നു.

അവയെല്ലാം ഉടമസ്ഥന്മാരുടെ സമ്മതത്തോടെ അടിച്ചു പൊളിച്ചു. കൂടാരം നിർമ്മിക്കുവാൻ ഉപയോഗിച്ച ഇഷ്ടികക്കഷണങ്ങളും മററും ഭക്ഷണം പാകം ചെയ്യുവാൻ ഗൃഹനാഥയ്ക്കു നൽകി. ഇതുപോലെ തന്നെ ഖബറാരാധനയും തടഞ്ഞു. അന്ധവിശ്വാസങ്ങളും ദുഷിച്ച അനാചാരങ്ങളും എല്ലാ വിധത്തിലും ജനങ്ങളെ അധഃപതിപ്പിക്കും, ആദ്ധ്യാത്മിക ബോധം ഉണ്ടാവുകയില്ല, സാംസ്കാരിക വളർച്ച നിലക്കും, സാമ്പത്തിക തകർച്ച അനുഭവപ്പെടും.

ഒരു സംഗതി പ്രത്യേകം വ്യക്തമാണ്, അദ്ദേഹത്തിൻെറ ശിഷ്യത്വം സ്വീകരിച്ചവരിൽ ഏറിയ പങ്ക് ദൈവ ഭക്തിയും ആത്മീയ ബോധവും തീണ്ടുക പോലും ചെയ്തിട്ടില്ലാത്ത ആഡംബര പ്രിയന്മാരും ദുർവൃത്തന്മാരും ഭൗതിക സുഖങ്ങളിൽ വ്യാപൃതരും ആയിരുന്നു, സയ്യിദ് സാഹിബുമായി സമ്പർക്കം മൂലം അവരുടെ പ്രകൃതത്തിന് സാരമായ മാററം സംഭവിച്ചു. ഇത് അത്ഭുതവഹമായ സംഭവങ്ങൾ തന്നെ ആണെന്നുള്ളതിന് യാതൊരു സംശയവും ഇല്ല. ഉദാഹരണമായി കൽക്കത്തയിലെ അമീനുദ്ദീൻ സാഹിബിനേയും അലഹബാദിലെ ശൈഖ് ഗുലാം അലി സാഹിബിനേയും എടുക്കാം, ഈ രണ്ട് പ്രമുഖ വ്യക്തികളും സ്വാർത്ഥബോധം ലവലേശം ഇല്ലാത്തവരും ശിഷ്യത്വം സ്വീകരിക്കുന്ന സന്ദർഭം വരെ എല്ലാ വിധ ഭൗതിക സുഖങ്ങളിൽ ലയിക്കുന്നവരും ആയിരുന്നു. അത്തരത്തിലുള്ള ജനനായകന്മാരുടെ പരിവർത്തനത്തോടു കൂടി ജാഥക്ക് പല നേട്ടങ്ങളും കൈവന്നു. കൽക്കത്തയിലെ മദ്യപാനികൾ ദീപാളി കുളിച്ചത് കണ്ടുകൊണ്ടിരി

ക്കാൻ സാദ്ധ്യമല്ലെന്നു് അദ്ദേഹം അധികൃതരെ അറിയിച്ചു. ഇതായിരുന്നു അദ്ദേഹം നടത്തിയ സാമൂഹ്യ വിപ്ലവം. അതല്ലാതെ സമരം പ്രധാനമായ സമ്പൂർണ്ണ വിപ്ലവം വിജയിക്കുകയില്ല.

## അഹിംസാ സിദ്ധാന്തം

സാംസ്കാരിക പരിശീലന പരിപാടിയുടെ മൗലിക താൽപര്യങ്ങൾ ഇതാണ്.

മർദ്ദന നടപടികളും ദുസ്വഭാവങ്ങളും വർജ്ജിക്കുക സൗമ്യമായ സംസാരവും, അച്ചടക്കവും, കാര്യക്ഷമതയും, സഹന ശീലവും ആയുധമാക്കി ഉപയോഗിച്ച് വിജയം നേടുക.

കുറച്ചുപേരെ അദ്ദേഹം താവളത്തിലേക്ക് അയച്ചപ്പോൾ നൽകിയ ഉപദേശം മേൽ വിവരിച്ച മൗലിക സിദ്ധാന്തത്തെ ആസ്പദമാക്കി തന്നെയായിരുന്നു. അതിപ്രകാരമായിരുന്നു. '' നിങ്ങളെ ആരെങ്കിലും വടികൊണ്ടു് അടിക്കുകയോ, കല്ലെറിയുകയോ, ചവിട്ടുകയോ, മററുവിധത്തിലുള്ള കഠിനാൽ കഠിനങ്ങളായ മർദ്ദനങ്ങൾ ഏൽപിക്കുകയോ ചെയ്താൽ അതെല്ലാം സഹിക്കണം. വിരോധവും വെറുപ്പും ജനിപ്പിക്കുന്ന യാതൊന്നും നിങ്ങൾ ചെയ്യരുത്. ''

ആസ്സാമിലേക്കും, ബംഗാളിലേക്കും പോകാൻ നിയോഗിച്ചവർക്കു് ഈ ഉപദേശം തന്നെയാണ് നൽകിയത് നിങ്ങളുടെ നേരെ അസഹനീയമായി എന്തു തരം മർദ്ദന നടപടികൾ അഴിച്ചു വിട്ടുയച്ചാലും അക്ഷമരാകരുത്, സദുപദേശം നൽകുന്നതിൽ നിന്നും പിന്മാററരുത്. മക്ക, മദീന വഴിമദ്ധ്യത്തിൽ ബദുക്കളുടെ ഉപദ്രവം ശക്തിയായി (ബദുക്കൾ— അപരിഷ്കൃതരായ അറബികൾ) നടമാടിയിരുന്നു. എങ്കിലും സയ്യിദ് സാഹിബ് അവർക്കാരും ആയുധം കൈവശം വെക്കരുതെന്നനുയായികൾക്കു് ഉപദേശം നൽകി.

# നേതാക്കൻമാരുടെ സ്വഭാവ വൈശിഷ്ട്യങ്ങൾ

ഹസ്രത്ത് ഷാഹ്അബ്ദുൽഅസീസ്സാഹിബിൻെറ ട്രെയിനിംഗ് സമയത്തെ യാതനയെയും അതിൻെറ ആന്തരികമായ ലക്ഷ്യത്തേയും കുറിച്ച് മുൻവരികളിൽ **പര**മാർശം ഉണ്ടായ സ്ഥിതിക്ക് പ്രസ്ഥാനം നയിച്ചവരെ പററി ഒരു വിശകലനം അവശ്യം ആവശ്യമാണ്.

ജാഥാ അംഗങ്ങൾ മൊത്തമായും വ്യക്തിപരമായി ഉത്കൃഷ്ട സ്വഭാവങ്ങൾ ഉള്ളവരായിരുന്നു. സ്വാർത്ഥരഹിതരായിരുന്നു. പരോപകാര തൽപര്യരും അവരുടെ ചര്യയെയും അന്തർഗദത്തെയും കുറിച്ച് പഠനം നടത്തിയാൽ ജിഹാദ് കൊണ്ടവർ ഉദ്ദേശിക്കുന്നത് എന്താണെന്ന് എളുപ്പത്തിൽ മനസ്സിലാക്കുവാൻ കഴിയും.

# സയ്യിദ് അഹമദ് സാഹിബ്

ഭക്തി നിർഭരവും ജന സേവനാ പാരമ്പര്യവുമുള്ള കുലീന കുടുംബത്തിലാണ് സ്മര്യ പുരുഷൻ പിറന്നത്. ഈഗുണങ്ങൾ എല്ലാംഅദ്ദേഹത്തിൽ സമ്മേളിച്ചിരുന്നു ഹ: ശാഹ്‌വലിയുല്ലാഹ് ദഹ്‌ലവി കുടുംബും പൊതുവിൽ വൈജ്ഞാനിക രംഗത്ത് പേരെടുത്തവരും പഠനാർഹങ്ങളായ സാഹിത്യ സമ്പത്തുകളുടെ നിർമ്മാതാക്കളുമായിരുന്നു. ആ പണ്ഡിത തറവാട്ടിലാണ് സയ്യിദ് സാഹിബും ജാതനായത്.

ഹസ്രത്ത് സയ്യിദ്ഷാഹു വലിയുല്ലാഹ് ഹിജ്റ 1033 റബീഉൽഅവ്വൽ 12 തിങ്കളാഴ്ച നസീറാബാദിൽ ജനിച്ചു. പിതാവ് ജനനത്തിനു ഏതാണ്ട് രണ്ടര മാസം മുൻപും മാതാവ് ഏതാണ്ട് മൂന്നു വയസ്സ് പ്രായമായപ്പോഴുംചരമം പ്രാപിച്ചു. സുൽത്താൻെറ പ്രധാന ഉദ്യോഗസ്ഥന്മാരിൽ ഒരാളായിരുന്നു മാതുലൻ സയ്യിദ്അബുമുഹമ്മദ് ഷാഹി ജാൻഖാൻ, അനാഥനായ മരുമകൻെറ രക്ഷാകർത്താവായി. ഷാഹുവലിയുല്ലാഹ് പിതൃ സഹോദ

രന്റെ മകൻ ദിവാൻ ഖാജാ: അഹമദ് സാഹിബ്ഖാ
നിൽ നിന്നു് വിദ്യഅഭ്യസിച്ചു. യൗവന ദശയിൽ എത്തി
യപ്പോരം മാതുലൻ മരുമകനെ സൈനിക പരിശീലന
ത്തിനു നിയമിച്ചു. എന്നാൽ ഉദ്യോഗത്തിൽ പ്രവേശിക്ക
ന്നതിനു മുമ്പുതന്നെ അദ്ദേഹം ലൗകിക സുഖഭോഗങ്ങരം പ
രിത്യജിച്ചുകഴിഞ്ഞിരുന്നു, ഭരണ സംവിധാനങ്ങളെല്ലാം
ജനായത്തസ്വഭാവത്തിലായിരിക്കണമെന്നു തീരുമാനിച്ചു.
രണ്ടുകൊല്ലക്കാലം സൈനിക വിദ്യാലയത്തിൽ പരിശീ
ലനം നേടിയ ശേഷം ആത്മ സംശുദ്ധി വരുത്താനായി
വളരെ ഞെരുക്കവും വിഷമവുമുള്ള ജോലികരം ചെയ്തു
കൊണ്ടിരുന്നു. അക്കാലത്ത് സയ്യിദ് ആദം എന്ന ദിവ്യൻ
അദ്ദേഹത്തെ ആശിർവദിച്ചു. തന്റെ തലപ്പാവു സമ്മാനി
ച്ചു. സ്വദേശത്തേക്കു പോകുവാൻ അനുമതി നൽകി. ശാ
ഹുഅലമുൽല സയ്യിദ് സാഹിബിന്റെ ശിഷ്യത്വം സ്വീ
കരിച്ചു. യാത്ര ആരംഭിച്ച അവസരത്തിൽ അദ്ദേഹം സ
യ്യിദ് ആദമിനോടു വിനയഭാവത്തിൽ ചോദിച്ചു. ഗുരോ
ഔദിൽ ധാരാളം മഹാ പണ്ഡിതന്മാരും ശൈഖുമാരും, ഭ
ക്തന്മാരും ഉണ്ടല്ലോ? അവരുടെ ഇടയിൽ എനിക്ക് വല്ല
സ്ഥാനവും ഉണ്ടോ? സയ്യിദ് ആദം കുറെ നേരം ധ്യാന നി
മഗ്നനായ ശേഷം പറഞ്ഞു. നക്ഷത്രങ്ങളുടെ മദ്ധ്യ
ത്തിലുള്ള സൂര്യനെപ്പോലെ ഹസ്രത്ത് സയ്യിദ
ആദം ഹജ്ജിനു് പുറപ്പെട്ടപ്പോരം ശിഷ്യനും ഗുരുനാഥനു
മൊന്നിച്ച് പോവാൻ തയ്യാറെടുത്തു. സയ്യിദ് ആദം അനു
മതി നൽകിയെങ്കിലും ഒരു കാര്യം അദ്ദേഹത്തെ പ്രത്യേ
കം ധരിപ്പിക്കയുണ്ടായി. ഈശ്വര ഭക്തിയും വിശ്വാസ
വും പരമകാഷ്ഠ പ്രാപിച്ചവർ വല്ലവരും തടുത്താൽ
യാത്ര തടരരുത്. ഹിജാസിലേക്കു പോവാനുള്ള ഉദ്ദേശ
ത്തോടെ നസീറാബാദിൽ നിന്നും പുറപ്പെട്ടു ബ്രൈലി
യിൽ എത്തിയപ്പോരം അബ്ദുശ്ശുക്കൂർ മസ്താനായ
ദിവ്യൻ ശൈഖിന്റെ വസിയ്യത്ത് ഓർമ്മിപ്പിച്ചു. നദീക
രയിൽ ഒരു സ്ഥലം ചൂണ്ടിക്കാട്ടിക്കൊണ്ട് അവിടെ താമ
സിക്കാൻ നിർദ്ദേശിച്ചു. ശാഹു അവിടെ താമസമുറപ്പി
പിന്നീട് രണ്ടു തവണ ഹജ്ജ്കർമ്മം നിർവ്വഹിച്ചു. 63-ാം

എങ്ങിനെ എന്നുവെച്ചാൽ സയ്യിദ് സാഹിബിൻെറ മഹല്ലക്കാരും പരിസര നിവാസികളും അദ്ദേഹത്തെ പുത്രതുല്യമായ വാത്സല്യവായ്പ്പോടെ വീക്ഷിച്ചുപോന്നു പ്രകൃതി ആ ബാലനിൽ നിരവധി മഹത് ഗുണങ്ങൾ നിക്ഷേപിച്ചു. തന്മൂലം സ്വന്തം മഹല്ലിലെയും ഇതര മഹല്ലുകളിലേയും പാവങ്ങളുടേയും ആരും ഏവരും ഇല്ലാതെ കഷ്ടപ്പെടുന്ന സ്ത്രീകളുടേയു, കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കുക പതിവായിരുന്നു. അവരുടെ ആവശ്യങ്ങൾ കേട്ടറിഞ്ഞ് അവ സന്തോഷത്തോടെ നിറവേററിക്കൊടുക്കും. കമ്പോളങ്ങളിൽ നിന്നു വാങ്ങുന്ന സാധനങ്ങൾ ചുമന്നു വീടുകളിൽ എത്തിക്കും. കിണറുകളിൽ നിന്നും വെള്ളം കോരി ആവശ്യക്കാർക്ക് നൽകുക, രോഗികളെ ശുശ്രൂഷിക്കുക തൊഴിലാളികളെ സഹായിക്കുക, അവശരുടെ ഭാരം ചുമന്നു അവരുടെ വീടുകളിൽ എത്തിക്കുക ഇതെല്ലാം ആ ബാലന് നേരംപോക്കായിരുന്നു

പ്രായം കൂടി വരുംതോറും എഴുത്തിലും വായനയിലും അഭിവൃദ്ധികൂടി വന്നില്ല. എന്നാൽ ജനങ്ങളെ സേവിക്കാനും സഹായിക്കാനുമുള്ള അഭിലാഷവും പ്രായത്തിനൊത്ത് വളർന്നുകൊണ്ടിരുന്നു. ജീവിക്കാൻ വേണ്ടി ജോലി അന്വേഷിച്ചു. സ്വന്തം നാട്ടിൽ സമ പ്രായക്കാരോടൊത്തു ലക്നൗവിലേക്കു പോകുമ്പോൾ അവരെ സഹായിക്കുക മാത്രമല്ല അവരുടെ ഭാണ്ഡങ്ങൾ പോലും ചുമന്നിരുന്നു.

ഒരു കഥ പറയാം പതിനേഴാം വയസ്സിൽ ജോലി അന്വേഷിച്ചു. സമ വയസ്സരായ യുവാക്കളോടുകൂടി ലക്നൗവിലേക്കു പോകുകയായിരുന്നു, കുറെ ദൂരം നടന്നപ്പോൾ കൂട്ടുകാർക്ക് തങ്ങളുടെ ഭാണ്ഡങ്ങൾ ചുമക്കാൻ പ്രയാസമായിത്തീർന്നു. അവരുടെ ഞെരുക്കം കണ്ടറിഞ്ഞ സയ്യിദ് സാഹിബ് ഒട്ടും താമസിച്ചില്ല. എല്ലാ മാറാപ്പുകളും ഒന്നായി കെട്ടി തൻെറ തലയിൽ വെച്ചു. അങ്ങനെ സഹയാത്രികരുടെ വിഷമം തീർത്തു. റായ്ബറേലിയിൽ നിന്നും ഏതാണ്ട് അമ്പത് മൈൽ അകലെയാണ് ലക്നൗ. മൂന്നു ദിവസം വേണ്ടിവന്നു അവിടെ എത്താൻ. കൂട്ടുകാർ വിസമ്മതിച്ചിട്ടുപോലും ഉദ്ദിഷ്ടസ്ഥലത്ത് എത്തു

എങ്ങിനെ എന്നുവെച്ചാൽ സയ്യിദ് സാഹിബിൻെറ മഹല്ലുക്കാരും പരിസര നിവാസികളും അദ്ദേഹത്തെ പുത്രതുല്യമായ വാത്സല്യവായ്പ്പോടെ വീക്ഷിച്ചു പോന്നു. പ്രകൃതി ആ ബാലനിൽ നിരവധി മഹത് ഗുണങ്ങൾ നിക്ഷേപിച്ചു. തന്മൂലം സ്വന്തം മഹല്ലിലെയും ഇതര മഹല്ലുകളിലേയും പാവങ്ങളുടേയും ആരും ഏവരും ഇല്ലാതെ കഷ്ടപ്പെടുന്ന സ്ത്രീകളുടേയു, കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കുക പതിവായിരുന്നു. അവരുടെ ആവശ്യങ്ങൾ കേട്ടറിഞ്ഞ് അവ സന്തോഷത്തോടെ നിറവേററിക്കൊടുക്കും. കമ്പോളങ്ങളിൽ നിന്നു വാങ്ങുന്ന സാധനങ്ങൾ ചുമന്നു വീടുകളിൽ എത്തിക്കും. കിണറുകളിൽ നിന്നും വെള്ളം കോരി ആവശ്യക്കാർക്ക് നൽകുക, രോഗികളെ ശുശ്രൂഷിക്കുക തൊഴിലാളികളെ സഹായിക്കുക, അവശരുടെ ഭാരം ചുമന്നു അവരുടെ വീടുകളിൽ എത്തിക്കുക ഇതെല്ലാം ആ ബാലന് നേരംപോക്കായിരുന്നു

പ്രായം കൂടി വരുംതോറും എഴുത്തിലും വായനയിലും അഭിവൃദ്ധികൂടി വന്നില്ല. എന്നാൽ ജനങ്ങളെ സേവിക്കാനും സഹായിക്കാനുമുള്ള അഭിലാഷവും പ്രായത്തിനൊത്ത് വളർന്നുകൊണ്ടിരുന്നു. ജീവിക്കാൻ വേണ്ടി ജോലി അന്വേഷിച്ചു. സ്വന്തം നാട്ടിൽ സമ പ്രായക്കാരോടൊത്തു ലക്നൗവിലേക്കു പോകുമ്പോൾ അവരെ സഹായിക്കുക മാത്രമല്ല അവരുടെ ഭാണ്ഡങ്ങൾ പോലും ചുമന്നിരുന്നു.

ഒരു കഥ പറയാം പതിനേഴാം വയസ്സിൽ ജോലി അന്വേഷിച്ചു. സമ വയസ്സരായ യുവാക്കളോടുകൂടി ലക്നൗവിലേക്കു പോകുകയായിരുന്നു, കുറെ ദൂരം നടന്നപ്പോൾ കൂട്ടുകാർക്ക് തങ്ങളുടെ ഭാണ്ഡങ്ങൾ ചുമക്കാൻ പ്രയാസമായിത്തീർന്നു. അവരുടെ ഞെരുക്കം കണ്ടറിഞ്ഞ സയ്യിദ് സാഹിബ് ഒട്ടും താമസിച്ചില്ല. എല്ലാ മാറാപ്പുകളും ഒന്നായി കെട്ടി തൻെറ തലയിൽ വെച്ചു. അങ്ങനെ സഹയാത്രികരുടെ വിഷമം തീർത്തു. റായ്ബറേലിയിൽ നിന്നും ഏതാണ്ട് അമ്പത് മൈൽ അകലെയാണ് ലക്നൗ. മൂന്നു ദിവസം വേണ്ടിവന്നു അവിടെ എത്താൻ. കൂട്ടുകാർ വിസമ്മതിച്ചിട്ടുപോലും ഉദ്ദിഷ്ടസ്ഥലത്ത് എത്തു

ന്നതുവരെ അദ്ദേഹം തന്നെയാണ് എല്ലാം പേറിയത്. ലക്നൗവിലെ ഒരു നാടുവാഴി സയ്യിദ് സാഹിബിനെ തിരിച്ചറിഞ്ഞു. തന്റെ അതിഥിയായി താമസിക്കാനു നിർബന്ധിച്ചപ്പോൾ കൂട്ടുകാരെ ഉപേക്ഷിച്ചു തനിയെ താങ്കളുടെ വിരുന്നുണ്ട് താമസിക്കാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല എന്നു പറഞ്ഞു. തദനന്തരം ആ മാന്യ വ്യക്തി സയ്യിദ് സാഹിബ് താമസിക്കുന്ന സ്ഥലത്തേക്കു രണ്ടു നേരവും ഭക്ഷ്യ പദാർത്ഥങ്ങൾ എത്തിച്ചു കൊടുക്കുവാൻ തുടങ്ങി. സയ്യിദ് സാഹിബു സ്നേഹിതന്മാരോടൊപ്പം ആ ഭക്ഷണം കഴിച്ചു പട്ടിണികൂടാതെ ദിവസങ്ങൾ തള്ളിനീക്കി.

മാസങ്ങൾ പലതു കടന്നുപോയിട്ടും ജോലി ഒന്നും ലഭിക്കാതിരുന്നതിനാൽ ദില്ലിയിൽ പോയി, ഹ: ശാഹുൽ അബ്ദുൽ അസീസ് സാഹിബിനെ സമീപിക്കണമെന്ന മോഹം മനസ്സിലുദിച്ചു, കൂട്ടുകാരുമായി ആലോചിച്ചു. പക്ഷെ അവരത് ഇഷ്ടപ്പെട്ടില്ല. അപ്പോൾ ഏകനായി പുറപ്പെട്ടു. ഈ യാത്രയിൽ ഒരു സംഭവം ഉണ്ടായി. ശർക്കര രസം നിറച്ച ഒരു മൺകുടം തലയിൽ പേറിക്കൊണ്ട് വൃദ്ധനായ ഒരു കൂലിക്കാരൻ പട്ടാളക്കാരനോടൊപ്പം പോകുന്നു വെറുതെ നടക്കാൻ പോലും ആവതില്ലാത്ത വൃദ്ധൻ ഭാരം തലയിൽ പേറിക്കൊണ്ട് പട്ടാളക്കാരന്റെ പ്രേരണയ്ക്കു വഴങ്ങി പോകുന്നത് കണ്ടപ്പോൾ മനുഷ്യസ്നേഹിയായ സയ്യിദ് സാഹിബിന്റെ മനം നൊന്തു. പട്ടാളക്കാരൻ പ്രതിഫലം 'കൊടുക്കാതെ ബലാൽക്കാരമായി ആ പാവത്തിനെ ഉപയോഗിക്കുകയാണെന്നു അദ്ദേഹത്തിനു തോന്നി. പട്ടാളക്കാരനെ ഉപദേശിക്കുവാൻ തുടങ്ങി. പട്ടാളക്കാരൻ പറഞ്ഞു. വെറുതെ അല്ല ഞാൻ കൂലി നിശ്ചയിച്ചിട്ടാണ് ഇതു എടുപ്പിക്കുന്നത്. പട്ടാളക്കാരൻ പറഞ്ഞതു ശരിവച്ചുകൊണ്ട് തൊഴിലാളി അപേക്ഷിച്ചു. അങ്ങ് അയാളോട് ദയവായി കയർക്കരുത്. വിശപ്പിന്റെ കാഠിന്യം മൂലമാണ് എന്നെ ഇതിനു പ്രേരിപ്പിച്ചത്. വയറാകുന്ന ജഹന്നത്തിൽ(നരകം)എന്തെങ്കിലും ഇട്ടുകൊടുക്കണമല്ലോ? ഇതു കേട്ടപ്പോൾ പട്ടാളക്കാരനിൽ നിന്നും കൂലി വാങ്ങി അയാൾക്കു കൊടുത്തുകൊണ്ട് സാധനം അദ്ദേ



ഹം എടുത്തു പട്ടാളക്കാരന്റെ സ്ഥലത്തെത്തിച്ചു. സയ്യിദ് നല്ല ആരോഗ്യവാനും കായികാ അഭ്യാസിയും ആയിരുന്നു. അതി കാലത്ത് വ്യായാമം ചെയ്യും. ഒരുമന്നും 22 സേറും തൂക്കം ഉള്ള മരക്കഷ്ണം കൈയ്യിലെടുത്ത് പല അഭ്യാസങ്ങളും കാണിക്കും. ഇങ്ങിനെ ശാരീരിക ബലം പുഷ്ടിപ്പെടുത്തുന്നത് ജനത്തെ ദ്രോഹിച്ചു കീഴ്പ്പെടുത്തുവാനോ ഭയപ്പെടുത്തുവാനൊ അല്ലായിരുന്നു നേരെ മറിച്ച് ജനങ്ങളെ സഹായിക്കാനും നാട്ടിനെ സ്വതന്ത്രമാക്കാനും ആയിരുന്നു.

## സൈനീക പരിശീലനം

അമീർഅലിഖാന്റെ സൈന്യത്തിൽ ചേർന്ന് സൈനിക പരിശീലനം നേടിയതിനു പ്രത്യേകം ഉദ്ദേശ്യവും പരമ ലക്ഷ്യവും ഉണ്ടായിരുന്നു. സൈനിക മുറകൾ അഭ്യസിക്കുക മൂലം അദ്ദേഹത്തിനു വളരാനുള്ള അവസരം ലഭിച്ചു. പട്ടാള ജീവിതം നയിക്കുന്ന കാലത്ത് ഈശ്വര ധ്യാനത്തിലും ആരാധനയിലും യാതൊരു വിട്ടുവീഴ്ചയും വരുത്തിയിരുന്നില്ല. ഒരിക്കലും പരദ്രോഹം ചെയ്തിരുന്നില്ല. പട്ടാളക്കാർ ചെയ്യാറുള്ളതുപോലെ വയലുകളിലേക്ക് കുതിരകളെ നയിച്ചിരുന്നില്ല. തന്റെ കുതിരകളെ പ്രത്യേക സ്ഥലത്തായിരുന്നു നിർത്തിയിരുന്നത്. അതിന്റെ തീറ്റിയിലും പ്രത്യേകം ശ്രദ്ധചെലുത്തിയിരുന്നു. അദ്ദേഹത്തിന്റെ കുതിരകൾക്കും ഒരു പ്രത്യേക വിശേഷത ഉണ്ടായിരുന്നു. എത്ര വിശന്നാലും അന്യന്റെ വയലിൽ കടന്ന് കൃഷി നശിപ്പിക്കുകയില്ല. അദ്ദേഹം ഉദാരശീലനായിരുന്നു. അദൃശ്യഹസ്ത സഹായം ഉണ്ടെന്ന് ആളുകൾ വിശ്വസിക്കുന്നു.

ഉദ്യോഗത്തിൽ നിന്നും പിരിഞ്ഞശേഷം ദില്ലിയിലേക്കുപോയി. ശാഹു അബ്ദുൽ അസീസ് സാഹിബ് അദ്ദേഹത്തെ '' അമീർഖാഫ്ല- ജാഥ നേതാവായി നോമിനേററ് ചെയ്തു. ഇപ്പോൾ അദ്ദേഹം ത്വരീഖത്തിന്റെ ''ശൈഖും രാഷ്ട്രീയ നേതാവും ആയി ഉയർന്നിരിക്കുന്നു അങ്ങനെ ഒക്കെ ആണെങ്കിലും സമത്വത്തിന്റെ തത്വങ്ങൾ പാലിക്കുന്നതിനു ബദ്ധശ്രദ്ധനായിരുന്നു. ത

ന്റെ ജോലി മററാരെക്കൊണ്ടും ചെയ്യിക്കാതെ താൻ തന്നെ ചെയ്യും. കൂട്ടുകാരോടൊപ്പം വിറക് കീറുകയും, പച്ചക്കറി മുറിക്കുകയും ഭാരം ചുമക്കുകയും ചെയ്യും. കേന്ദ്രം റായ്ബറേലിയിൽ ആക്കിയപ്പോൾ അവിടെ ഒരു വിശാലമായ ഹാൾ പണിയേണ്ടതായി വന്നു. ജാഥാംഗങ്ങൾ കൂലിക്കാരുടെ സഹായം കൂടാതെ സ്വന്തം കൈകൊണ്ട് ആ ഭവനം പണിതീർത്തു. സയ്യിദ് സാഹിബ് അവരോട് തോളോട് തോൾ ചേർന്ന് പ്രവർത്തിച്ചു. ലോകത്തിന് സമത്വത്തിന്റെയും സോഷ്യലിസത്തിന്റെയും യഥാർത്ഥമായ പാഠം പഠിപ്പിച്ചു. നബി തിരുമേനിയുടെ മാതൃക തന്നെയായിരുന്നു അത്.

(1) വിശ്വാസികളെ ആത്മീയസംസ്കരണമാർഗ്ഗത്തിലേക്ക് നയിക്കുന്ന സൂഫി പ്രസ്ഥാനം ത്വരീഖത്ത് എന്ന പേരിലറിയപ്പെടുന്നു. ഇസ്ലാം ലോകത്ത് നിരവധി ത്വരീഖത്തുകളുണ്ടായിരുന്നു. ഇന്നും ചിലതുണ്ട്.

## ശൈഖുൽ ഇസ്ലാം മൗലാനാ സയ്യിദു അബ്ദുൽ ഹയ്യ്

ശാഹുവലിയുൽലാഹയുടെ പ്രധാന ശിഷ്യനും പാർട്ടിയിലെ പ്രമുഖാംഗവും ആയ മൗ: നൂറുൽലാ സാഹിബിന്റെ പുത്രൻ ഹിബ്ബത്തുൽലായാണ് കഥാ. പുരുഷന്റെ പിതാവ്.

ശാഹ അബ്ദുൽ അസീസ് സാഹിബിന്റെ സുപ്രസിദ്ധ ശിഷ്യനായ അദ്ദേഹം ശാന്തശീലനും സൽസ്വഭാവിയും കുശാഗ്ര ബുദ്ധിയും മൗനിയും മിതഭാഷിയുമായിരുന്നു. എന്നാൽ പ്രസംഗ വേദിയിൽ വെളിപ്പെടുമ്പോൾ സ്ഥിതി ആകെ മാറും. അപ്പോഴാണ് യഥാർത്ഥ രൂപം വെളിപ്പെടുക. ഏതാനും വാക്കുകൾ ആ വക്ത്രത്തിൽ നിന്നു നിർഗ്ഗളിച്ചാൽ സദസ്സാകെ പ്രകമ്പനംകൊള്ളും. ഒരു സമൂല പരിവർത്തനം അനുഭവപ്പെടും. അത്രക്ക് വശ്യ ശക്തിയുള്ളതാണ് അദ്ദേഹത്തിന്റെ വാകധോരണി.



വിജ്ഞാന വൈഭവം, സ്വഭാവ വൈശിഷ്ട്യം, കർമ്മ നിപുണത, ഭരണ പാടവം, മനോവീര്യം, അഭിപ്രായ ദാർഢ്യം, തുടങ്ങിയ ഉൽകൃഷ്ട ഗുണങ്ങൾ അദ്ദേഹത്തെ ഉത്തരേന്ത്യയിലെ പ്രമുഖ നേതാവാക്കി. വലിയവരും, ചെറിയവരും, അമീറും, ഗരീബും ഒക്കെ ഒരുപോലെ ബഹുമാനിക്കാൻ തുടങ്ങി, എന്നാൽ സയ്യിദ് സാഹിബിന്റെ ക്യാമ്പിൽ പ്രവേശിച്ചതോടു കൂടി അതെല്ലാം ഗുരുവര്യന്റെ തൃപ്പാദങ്ങളിൽ ബലിയർപ്പിച്ചു. സയ്യിദ് സാഹിബിന്റെ പാദുകങ്ങൾ എടുക്കുക, കുതിരയുടെ ചവിട്ടു വളയം ജീനിയും പിടിക്കുക, വാഹനത്തിന് അകമ്പടി സേവിക്കുക, പാദ രക്ഷപോലും ഉപയോഗിക്കാതെ പല്ലക്കിനെ അനുഗമിക്കുക തുടങ്ങിയ ഭൃത്യ വേലകൾ സന്തോഷത്തോടു കൂടി ചെയ്തിരുന്നു, എന്നിരുന്നാലും സത്യം തുറന്നു പറയുന്നതിലും, തെററുകൾ ചൂണ്ടിക്കാട്ടുന്നതിലും അദ്ദേഹത്തിന് യാതൊരു സങ്കോചവും ഉണ്ടായിരുന്നില്ല. ബഹുമാനം നിമിത്തമോ ഭയന്നിട്ടോ സത്യം മറച്ചുവെക്കുക ഇല്ല. തെററുകൾ എത്ര നിസ്സാരമാണെങ്കിലും ഏതൊരുത്തന്റെയും മുഖം നോക്കാതെ സധൈര്യം ആരോടും പറയും. ഒരു ഉദാഹരണം പറയാം. സയ്യിദ് സാഹിബ് വൈവാഹിക ബന്ധത്തിലേർപ്പെട്ടപ്പോൾ ഒരു നിസ്സാര കുററം ചെയ്തു. ധീരനായ മുരീദ് അതു ശൈഖിന്റെ ശ്രദ്ധയിൽപ്പെടുത്തി. രണ്ടു ദിവസം സുബ്ഹി നമസ്കാരത്തിനു ശേഷം താമസിച്ചാണ് എത്തിയത്, ഒന്നാം തക്ബീറിനു സംബന്ധിച്ചില്ല. മൗലാനാ അബ്ദുൽഹക്ക് അതിൽ പ്രതിഷേധം പ്രകടിപ്പിച്ചു. സയ്യിദ് സാഹിബു കുററം സമ്മതിച്ചു. സൽക്കാർമ്മോപദേശത്തിന്റെയും ദുഷ്കർമ്മ നിരോധനത്തിന്റെയും പ്രകടമായ മാതൃകയായിരുന്നു അത്.

## വിധവാ വിവാഹം

ഇസ്ലാം വിധവാ വിവാഹത്തിനു അനുമതി നൽകുക മാത്രമല്ല ചിലപ്പോൾ അതൊരു ആവശ്യമായി തീരു

മെന്ന് കൂടി കൽപിക്കുന്നുണ്ട്. എന്നാൽ അതൊരു നിഷിദ്ധമായ ചടങ്ങായിട്ടാണ് പൊതുവെ പരിഗണിക്കപ്പെട്ടിരുന്നത്. സാംസ്കാരിക പ്രസ്ഥാനത്തിൻെറ പരിപാടിയിൽ ഇതാണ് പ്രാധാന്യം കൽപിക്കപ്പെട്ടിരുന്നത്. സയ്യിദ് സാഹിബിൻെറ ജേഷ്ഠ സഹോദരൻ പെട്ടെന്ന് നിര്യാതനായപ്പോൾ ഈ പ്രശ്നം സ്വവസതിയിൽ തന്നെ ഉൽഭവിച്ചു. സയ്യിദ് സാഹിബിനു് സ്വന്തം നിലയെപ്പററിയുള്ള ചിന്ത കുറെയൊരു ആശങ്ക ജനിപ്പിക്കാതിരുന്നില്ല. തൽക്ഷണം ആ ആശങ്ക ശിഷ്യൻ മാററി. സമുദായ മദ്ധ്യേ കടന്ന് കൂടിയുള്ള അന്ധവിശ്വാസങ്ങളും അനിസ്ളാമിക ആചാരങ്ങളും നിഷ്കാസനം ചെയ്യാനുള്ള ബാധ്യത പണ്ഡിത വിഭാഗത്തിനുണ്ട്. പ്രാവർത്തികമായി തന്നെ അതു നിർവ്വഹിക്കണം 'എന്ന് മുരീദപിറിനെ അനുസ്മരിപ്പിച്ചു. പിന്നെ ഒട്ടും താമസിച്ചില്ല. ശിഷ്യോപദേശത്തിനു വഴങ്ങി വിധവാ വിവാഹം നടത്തി. ഗുരുശിഷ്യ ബന്ധത്തിൻേറയും ഐക്യത്തിൻേറയും മാധണ്ഡം സത്യസന്ധതയും പരസ്പര ബഹുമാനവും വാക്കിലും പ്രവർത്തിയിലും ഉള്ള പരിശുദ്ധതയും ആയിരുന്നു. ഒരവസരത്തിൽ സയ്യിദ് സാഹിബ് ഇങ്ങനെ പറഞ്ഞു:— മൗലാനശരീഅത്തിനു എതിരായ വല്ലതും എന്നിൽ നിന്നുണ്ടായാൽ താങ്കൾ എന്നെ അനുസ്മരിപ്പിക്കണം.''

മൗലാനായുടെ മറുപടി ഇപ്രകാരമായിരുന്നു:—

'' ഹസ്രത്ത് ശരീഅത്തിനു വിരുദ്ധമായി വല്ലതും പ്രവർത്തിപ്പാൻ ഈ അബ്ദുൽഹയ്യ് അങ്ങയോട് ഒന്നിച്ചുണ്ടാകയില്ല,''

ഭാരത ഉപ ഭൂഖണ്ഡത്തിൻെറ അതിശ്രേഷ്ഠനും പണ്ഡിതവര്യനും ശൈഖുൽ ഇസ്ളാം എന്ന അപര നാമത്താൽ വിശ്രുതനുമായ മൗലാനഅബ്ദുൽഹയ്യിനെ കലാലയത്തിൽ നിന്നു കർമ്മ രംഗത്തേക്ക് സയ്യിദ് സാഹി

---

1 )ഇസ്ളാം ശരിഅത്തിന്നു വിരുദ്ധമായ യാതൊരു തരീഖത്തും സ്വീകാര്യമല്ലെന്നു ഇതിൽനിന്നു ഗ്രഹിക്കാം.

ബിന്റെ ക്യാമ്പിലേക്ക ആനയിച്ചത് അദ്ദേഹത്തിന്റെ അന്തകരണത്തിൽ ദൃഢമൂലമായി കിടക്കുന്ന മതഭക്തിയും ദേശസ്നേഹവും ആയിരുന്നു.

ശൈഖുൽ ഇസ്ലാം മൗലാന അബ്ദുൽ ഹയ്യ് സയ്യിദ് സാഹിബിന്റെ വലം കയ്യും പ്രധാന ഉപദേഷ്ടാവും ആയിരുന്നു. അതിർത്തി പ്രദേശത്ത് സ്വതന്ത്ര ഗവമ്മെണ്ട സ്ഥാപിക്കപ്പെട്ടപ്പോഠം അദേഹം ഗവർമ്മെണ്ടിന്റെ ചീഫ് അഡൈ്വസറായും അദാലത്ത്ആലിയ സുപ്രീംകേർട്ട് ജഡ്ജിയായും നിയമിതനായി. എന്നാൽ യുദ്ധം ആരംഭിക്കുന്നതിനു് മുൻപ് ഉദര രോഗം മൂലം ആ മഹത്മാവ് കാല യവനികക്കുള്ളിൽ മറഞ്ഞു. അല്ലാഹ അദ്ദേഹത്തെ അനുഗ്രഹിക്കട്ടെ-

# ഹ: ശാഹ്മുഹമ്മദ് ഇസ്മയിൽ

രാഷ്ട്രത്തിനും മില്ലത്തിനും വേണ്ടി ശിരസ്സിനെ പണയപ്പെടുത്തിയ ആ മുജാഹിദിന്റെ പ്രവർത്തി ശാഹുവലിയുൽലാഹിയുടെ തത്വജ്ഞാനത്തിന്റെ വ്യാഖ്യാനമായിരുന്നു. അദ്ദേഹത്തിന്റെ ത്യാഗ സന്നദ്ധതയും ആത്മാർപ്പണവും ഇസ്മാഈൽ നബി( അ )നെ കുറിച്ചുള്ള ഓർമ്മ പുതുക്കാൻ പോന്നതാണ്. രാഷ്ട്രത്തിന്റെ പരിഭവം അദ്ദേഹത്തെ ചിന്താവ്യാകുലനാക്കിയെങ്കിലും ദേശപ്രേമം ഉത്തരോത്തരം തട്ടി ഉണർത്തികൊണ്ടിരുന്നു. വിജ്ഞാന സാഗരവും കർമ്മ നിരതനും ആയിരുന്ന കഥാപുരുഷൻ ചിന്താ സ്വാതന്ത്ര്യത്തിന്റെ പ്രമുഖ കാവൽ ഭടൻ അംഹുരിയ്യത്തിന്റെ— ജനായത്ത ഭരണത്തിന്റെ പതാകാവാഹകൻ, രാജാധിപത്യത്തിന്റെ കടുത്ത ശത്രുവും രാജ ഭക്തന്മാരുടെ കണ്ഠ കോടാലി, മുതലാളിത്തത്തിന്റെ ആത്മവൈരി അടിമത്തത്തെ പിഴുതെറിയാൻ ദൃഢ നിശ്ചയം ചെയ്ത പരാക്രമി അദ്ദേഹത്തിന്റെ ജീവനും ഇടതടവില്ലാത്ത കഠിനാധ്വാനത്തിന്റെ കുമ്പാരമായിരുന്നു.

## കുടുംബ ഗുണം:-

തറവാട്ടു മഹിമ. ·ശാഹ് വലിയുൽലാഹിയുടെ പുത്രനായ മൗ: ശാഹു അബ്ദുൽഗനി ആണ് കഥാനായകന്റെ പിതാവ്. പിതാമഹന്റെ പ്രസ്ഥാനവുമായി ജിഹാദിന്റെ കളരിയിൽ പ്രവേശിച്ചു. ജീവിത ഗ്രന്ഥത്തിന്റെ ആദ്യത്തെ അദ്ധ്യായം ജിഹാദായിരുന്നു. ഒടുവിലത്തെ താളും ജിഹാദ് തന്നെ. പടക്കളത്തിൽ വെച്ച്തന്നെയാണ് ആ വീര മുജാഹിദ് അന്ത്യശ്വാസം വലിച്ചത്.

വിദ്യാഭ്രയിഷ്ടവും ഭക്തി നിർഭരവും ആയ കുടുംബത്തിൽ ജന്മമെടുത്തു. യാതൊരു അരിഷ്ടവും അല്ലലും ഇല്ലാത്ത മാലിന്യവും മനോവ്യഥയും ബാധിക്കാത്ത സംശുദ്ധമായ അന്തരീക്ഷത്തിൽ വളർന്നു. ചെറു പ്രായത്തിൽ തന്നെ പിതാവു അന്തർദ്ധാനം ചെയ്തു. സംരക്ഷകനും ശിക്ഷണത്തിനുമായി വിധി ശാഹുഅബ്ദുൽ അസീസിനെ തിരഞ്ഞെടുത്തു. സഹോദര പുത്രൻ പിതൃവ്യനിലും പിതൃവ്യൻ സഹോദര പുത്രനിലും അഭിമാനം കൊണ്ടിരുന്നു, അദ്ദേഹം എപ്പോഴും പറയാറുണ്ട് " വാർദ്ധക്യ കാലത്ത് എനിക്കു ഇസ്മാഈലിനേയും ഇസ്ഹാക്കിനേയും സംഭാവന ചെയ്ത അല്ലാഹുവിനാണ് സർവ്വ സ്തോത്രങ്ങളും എന്ന്.

വിജ്ഞാന കലാലയത്തിൽ ജനിച്ചു വളന്ന കുട്ടികൾ ജീവിത സുഖങ്ങൾ സ്വാഭാവികമായി അത്യധികം ഇഷ്ടപ്പെടുന്നു. എന്നാൽ കഥാ പുരുഷന്റെ ചിന്ത അങ്ങിനെ ആയിരുന്നില്ല. അദ്ദേഹം ഐഹികേച്ഛകൾ പറ്റെ പരിത്യജിച്ചു. കഠിനാദ്ധ്വാനവും വിഷമകരങ്ങളായ ജോലികളും ചെയ്യാൻ ശീലിച്ചു. ശീതോഷ്ണസ്ഥിതിയെക്കുറിച്ച് ചിന്തിക്കാറില്ല. ഒരു തികഞ്ഞ പണ്ഡിതനും ശാസ്ത്രജ്ഞനും സാഹിത്യകാരനും പുരോഗമനാദർശക്കാരനുമായിരുന്നു. അദ്ദേഹം സൈനിക പരിശീലനം നേടിയ പോരാളി കൂടി ആയിരുന്നു. അഥവാ സൈനിക അദ്ധ്യാപകനായി യുദ്ധ രംഗത്ത് ഉയർന്ന നിലവാരത്തിലുള്ള ജനറലും ഫീൽഡുമാർഷലും ആയിരുന്നു. വലിയ ചിന്തകനും നി

പുണ്ണനും കുശാഗ്ര ബുദ്ധിയും ഒരേണ സാമർത്ഥ്യവു മുള്ള മഹാ വ്യക്തിയുമായിരുന്നു.

നട്ടുച്ച സമയത്ത് ദില്ലിയിലെ ജുമാമസ്ജിദിൻെറ ചെങ്കൽ പാകിയ മേൽക്കൂരയില്ലാത്ത തളത്തിൽ കിടക്കുക പതിവായിരുന്നു. അക്കാലത്തെ ജനങ്ങൾ അതിനു ദൃക്സാക്ഷികളായിരുന്നു. ദില്ലിയിലെ സീനത്തുൽ മസ്ജിദിൽ നിന്നു യമുനാ നദിയുടെ തിരമാലകളുമായി കളിച്ചും കുളിച്ചും ആഗ്രയിലെ താജ്മഹാൽവരെ എത്തും. കോരിത്തരിക്കുന്ന ശൈത്യ സമയത്തും നേർമ്മ വസ്ത്രങ്ങൾ ധരിച്ച് സഞ്ചരിക്കും. ഡിസംബർ, ജനുവരി മാസങ്ങളിൽ ഡൽഹിയിലും മററും തണുപ്പ് അസഹനീയമാണല്ലോ- മനുഷ്യ സമുദായത്തെ സേവിക്കുക എന്നതായിരുന്നു അദ്ദേഹത്തിൻെറ പരമ ലക്ഷ്യം. ദാരിദ്ര്യം മൂലം അവശത അനുഭവിക്കുന്ന കുലീനവംശജന്മാരെപ്പോലെ തന്നെ. കള്ളു കടകളിലും, ചൂതാട്ട കളികളിലും, വേശ്യാലയങ്ങളിലും ആയി കഴിഞ്ഞു കൂടുന്ന മനുഷ്യ അധർമ്മരും തൻെറ സേവനത്തെ അർഹിക്കുന്നു വെന്നു് അദ്ദേഹം കരുതിയിരുന്നു. അവരെ ആ ദുരവസ്ഥയിൽ നിന്നും വീണ്ടെടുത്തു നന്നാക്കി തീർക്കാൻ ആവുന്നതെല്ലാം ചെയ്യുന്നത് അ ശ്യം ആവശ്യമാണെന്നു് അദ്ദേഹം വിശ്വസിച്ചിരുന്നു.

ചിലപ്പോൾ വേഷം മാറി അവരുടെ കൂട്ടത്തിൽ എത്തി തൻെറ ആലാപം'' സദർ '' ഫഖിറന്മാരുടെ സംഭാഷണം– കേൾപ്പിക്കുന്നവരിൽ ഹൃദയ പരിവർത്തനം ഉണ്ടാകും.

സംസ്കാരവും മനുഷ്യത്വവും പാടെ നഷ്ടപ്പെട്ട ആയിരക്കണക്കിനു മനുഷ്യ പ്രാണികളെ നേർവഴിയിലൂടെ നടത്താൻ അദ്ദേഹത്തിനു സാധിച്ചിട്ടുണ്ട്. എന്നാൽ ഈ മനുഷ്യ സ്നേഹിക്കും ഉണ്ടായിരുന്നു കടുത്ത ശത്രുക്കൾ.

കഠിന ഹൃദയന്മാരുടേയും സദാ ദുഷ്കൃത്യങ്ങൾ ചെയ്യുന്ന മനുഷ്യ മൃഗങ്ങളുടേയും ഉപദ്രവത്തെ ഭയന്നു് ആപൽക്കരമായ സാംസ്കാരിക സംരംഭങ്ങളിൽ നിന്നു പിന്തിരിപ്പിക്കാൻ ചില സുഹൃത്തുക്കൾ ഒരു വൃഥാ ശ്രമം നടത്തി,

പക്ഷെ അതു ഫലിച്ചില്ല. സാംസ്കാരിക പതാക കൈയ്യിലേന്തികൊണ്ട് പടക്കളത്തിലിറങ്ങിയ ശാഹു സാഹിബിനെപോലെയുള്ള മനുഷ്യ സ്നേഹികൾക്ക് കണ്ണടച്ച് കർമ്മ നിരതരായിരിക്കാൻ കഴിയുമോ?. അവരുടെ അധഃപതനം എന്റെ അധഃപതനമല്ലേ, എന്നായിരുന്നു സ്നേഹിതന്മാരോട് പറഞ്ഞിരുന്നത്.

## നോട്ട്

ഒരു രസകരമായ സംഭവം ഇവിടെ ചേർക്കുന്നത് സന്ദർഭോചിതമാണ്:

ഡൽഹിയിൽ സമ്പൽ സമൃദ്ധിയും പ്രതാപവുമുള്ള ഒരു വ്യക്തി ഉണ്ടായിരുന്നു. പേർ മോത്തി. മോത്തിയുടെ ബംഗ്ളാവിൽ ദില്ലിയിലെ സകല നർത്തകികളും സമ്മേളിച്ചുകൊണ്ടുള്ള ഗാനമേള സദസ്സ് നടക്കുന്നുണ്ടെന്നു വിവരം ശാഹു സാഹിബിന്നു ലഭിച്ചു. ജുമാമസ്ജിദിൽ നിന്നുള്ള ഇശാ നമസ്കാരം കഴിഞ്ഞ ശേഷം ഫക്കീർമാരുടെ വസ്ത്രം ധരിച്ച് പ്രസ്തുത ഭവനത്തിലേക്ക് തിരിച്ചു. ഉമ്മറപടിയിൽ നിന്നു വാതിലിൽ മുട്ടി, അകത്തു നിന്നും ഒരു പെണ്ണ് വന്ന് ആരാണെന്ന് അന്വേഷിച്ചു. ഒരു ഫക്കീറാണെന്നു മറുപടി. കുട്ടി അകത്തുപോയി മോത്തിയോട് വിവരം പറഞ്ഞു. വീട്ടുടമ കുറച്ചു പൈസ് കൊടുത്തയച്ചു. പെൺകുട്ടി പൈസ നീട്ടിയപ്പോൾ ഫക്കീർ പറഞ്ഞു നിന്റെ ബീവിയുടെ അടുക്കൽ പോയി പറയുക. ഫക്കീർ പറയുന്നു " ഞാനൊരു സദർ ചൊല്ലാൻ ആഗ്രഹിക്കുന്നു " സദർ ചൊല്ലാതെ വല്ലതും ആരിൽ നിന്നും വാങ്ങുന്ന പതിവ് എനിക്കില്ല. അതുകൊണ്ട് ആദ്യമായി എന്റെ ആലാപം നിങ്ങൾ കേൾക്കണം. പെൺകുട്ടി അകത്തു പോയി വിവരം പറഞ്ഞു, മോത്തികരുതി ഫക്കീറിന്റെ സദർ സംഗീത സദസ്സിന്റെ ധാടിയും മോടിയും വർദ്ധിപ്പിക്കുമെന്ന്. അയാൾ ഫക്കീറിനെ സ്വാഗതം ചെയ്തു. ഫക്കീർ സദസ്സിൽ പ്രവേശിച്ചു, സദസ്സാകെ ഫക്കീറിനെ വലയം ചെയ്തു. ഫക്കീർ കണ്ണ് രണ്ടും അടച്ചുകൊണ്ട് സ



ദർ ആലപിക്കാൻ തുടങ്ങി. എന്തായിരുന്നു അദ്ദേഹം ആലപിച്ചത്. അത് പരിശുദ്ധ ഖുർആനിലെ ' വത്തീനി ' എന്ന സൂറത്തി (അദ്ധ്യായത്തി)ന്റെ വ്യാഖ്യാനമായിരുന്നു. ദുഃഖം നിറഞ്ഞ ഹൃദയത്തിന്റെ അടിത്തട്ടിൽ നിന്ന് ഒഴുകി വന്ന ദീന സ്വരം സദസ്സിനെ ആകെ ഇളക്കി മറിച്ചു. ഞൊടിയിട കൊണ്ട് അവരുടെ ഹൃദയങ്ങളിൽ തന്നതായ മാററം നാമ്പെടുത്തു. ഐഹിക സുഖസൗകര്യങ്ങൾ ആസ്വദിക്കുക, ജീവിത ലക്ഷ്യമായി സ്വീകരിക്കുക. ആ കശ്മലന്മാരെ അദ്ദേഹത്തിന്റെ അത്ഥ ഭൂയിഷ്ടമായ ഉജ്വല പ്രസംഗം ഹഠാദാകർഷിച്ചു. നാലു ഭാഗത്തു നിന്നും കരച്ചിലിന്റേയും, അല്ലലിന്റേയും, തെററുകളുടേയും, എണ്ണിപറച്ചിലിന്റേയും പശ്ചാത്താപത്തിന്റേയും, ശബ്ദങ്ങൾ മുഴങ്ങി. മോത്തിയും സഹചാരികളും ദുർനടപടികൾ വെടിഞ്ഞു. വൈവാഹിക ജീവിതത്തിലേർപ്പെട്ട് പരിശുദ്ധജീവിതം നയിക്കുമെന്ന് ശപഥം ചെയ്തു. ഒരു പ്രാവശ്യം കുറച്ചു തെമ്മാടികൾ ശാഹു സാഹിബിന്റെ സാംസ്കാരിക പരിശ്രമങ്ങളെ പരാജയപ്പെടുത്തുന്നതിനു ഒരുമ്പെട്ടു. അവർ കുഴപ്പം സൃഷ്ടിച്ചു. തെമ്മാടികളുടെ താന്തോന്നിത്തം തന്റെ ഒരു സ്നേഹിതനെ ശുണ്ഠിപിടിപ്പിച്ചു. ശാഹുവലിയുൽലായുടെ പുത്രന്റെ നേരെ ഉണ്ടായിരുന്ന അവഹേളനം അയാൾക്ക് സഹിക്കുവാൻ കഴിഞ്ഞില്ല. എന്തിനു വിവേകമോ, സാംസ്കാരമോ ഇല്ലാത്തവരുമായി ഇടപെട്ട് കുടുംബമാഹാത്മ്യം നശിപ്പിക്കുന്നു എന്ന് ദേഷ്യത്തോടെ സ്നേഹിതൻ ചോദിച്ചു. ഉത്തരം ഇപ്രകാരമായിരുന്നു.

' എന്താ അവർ മനുഷ്യരല്ലെ നന്നാവാനുള്ള സാദ്ധ്യത ഇല്ലേ? തായ്ഫിലെ ദുർമ്മാർഗികൾ എന്താണ് പ്രവർത്തിച്ചത്. മക്കയിലേയും തായ്ഫിലേയും ഗുണ്ടകൾ നടുബസാറിൽ വെച്ചു കല്ലെറിയുകയാൽ റസൂൽ തിരുമേനിയുടെ പരിശുദ്ധ ദേഹത്തിൽ നിന്ന് രക്തം ഒഴുകിയില്ലേ? എന്നിരിക്കേ ഈ ഇസ്മായിലിന്നു ഇത് അപമാനമാണോ? എന്നാൽ ഞാനിതിൽ അഭിമാനം കൊള്ളുന്നു.

ഞാൻ അവരുടെ നേരെ അനുഭാവം പ്രദർശിക്കുമ്പോഴും അവരുടെ നന്മക്കും മോക്ഷത്തിനും വേണ്ടി പ്രവർത്തിക്കുമ്പോഴും എനിക്കു് അവരുടെ ഭാഗത്തു് നിന്നും അവഹേളനയും ഉപദ്രവും അനുഭവപ്പെടുന്നു ഞാൻ നബിയുടെ മാതൃക സ്വീകരിക്കുന്നു.'

## ദില്ലിയിലെ സ്ഥിതിക്കു് പാടെ ഒരു മാററം സംഭവിച്ചു

ഷാഹ് സാഹിബിന്റെ യുവത്വം മുററി നിൽക്കുന്ന അവസരത്തിലാണ് ദില്ലിയുടെ പ്രതാപത്തിനും പ്രശസ്തിക്കും കോട്ടം സംഭവിച്ചതു്. നൂററാണ്ടുകളോളം പഴക്കമുള്ള സ്വാതന്ത്ര്യവും വിവിധ സമുദായങ്ങൾ തമ്മിലുള്ള സൌഹൃദ ബന്ധവും മമതയും അപകടത്തിലായി അവിടെ– ദില്ലിയിൽ ബ്രിട്ടീഷ് ഗവർമ്മെണ്ടിന്റെ റസിഡെണ്ടു ഭരണം ആരംഭിച്ചപ്പോഴാണ് ഈ ദുരവസ്ഥയുണ്ടായതു്. ഷാഹ് സാഹിബ് ഇതിന്നെതിരായി സമരം ആരംഭിച്ചു. ജനങ്ങൾ ഇളകി വാശകുമോ എന്ന ആശങ്ക ജനിച്ചപ്പോൾ സാമ്രാജ്യത്വം ചില കുതന്ത്രങ്ങൾ പ്രയോഗിച്ചു. ഒരു മത പണ്ഡിതനെ സ്വാധീനിച്ചു ഷാഹ് സാഹിബിന്നെതിരായി അദ്ദേഹത്തെക്കൊണ്ടു ഫത്‌വ എഴുതിപ്പിച്ചു ഷാഹ് സാഹിബ് മതത്തിൽ നിന്നു തെററിയവനാണെന്നും ആ പണ്ഡിതൻ വിധികൽപിച്ചു. ഇതുകൊണ്ടു് ഒന്നും ഉദ്ദിഷ്ടഫലം ഉണ്ടാവാതിരുന്നപ്പോൾ ചുവടൊന്നു മാററി.

പൊതു സമാധാനത്തിനു ഭംഗം നേരിടുമെന്നു കുതന്ത്രം പ്രയോഗിച്ചു് വായ മൂടിക്കെട്ടുന്ന കൽപന പുറപ്പെടുവിച്ചു. പ്രസ്തുത കൽപനയുടെ ന്യായീകരണത്തിന്നും പിന്തുണ നൽകാനും ദില്ലിയിലെ രാജ ഭക്തന്മാർ കിണഞ്ഞു പ്രവർത്തിച്ചു. അവർ ഒരു മെമ്മോറാണ്ടം തയ്യാറാക്കി. രണ്ടായിരത്തി അഞ്ഞൂറിൽ പരം ആളുകളെ കൊണ്ടു് അതിൽ ഒപ്പു വെപ്പിച്ചു. ശാഹു സാഹിബിനു പ്രസംഗം നി

രോധിച്ചുകൊണ്ടുള്ള കൽപന കൊടുക്കണമെന്നു് മെമ്മോറാണ്ടത്തിലൂടെ അവർ അപേക്ഷിച്ചു. അക്കാലത്തു് അദ്ദേഹം കരുത്തനായ യുവാവായിരുന്നു. എന്നാൽ പത്തുതാനും കാലങ്ങൾക്കുശേഷം ക്രി: 1857ലെ സ്വാതന്ത്ര്യയുദ്ധം ചൂടു പിടിച്ചപ്പോൾ പ്രസ്തുത മാന്യൻ ശാഹു സാഹിബ് ചെയ്തതു തന്നെ ചെയ്തു, വ്യത്യാസം ഇത്രമാത്രം ശ: ഇസ്മായിൽ സാഹിബ് ബാലാകോട്ടിൽ വെച്ചു. ശാഹിദായി മറേറ ആലി അന്തമാനിലേക്കു നടുകടത്തപ്പെട്ടു. അവിടെ വെച്ചു നിര്യാതനായി, അല്ലാഹു ഇരുവരെയും അനുഗ്രഹിക്കട്ടെ.

നിരോധന ഉത്തരവ് കിട്ടിയപ്പോൾ ആ മഹാനായ മുജാഹിദ തനിയെ റസിഡണ്ടിൻെറ ബംഗ്ളാവിൽ എത്തി. റസിഡണ്ടുമായി അഭിമുഖസംഭാഷണം നടത്തി. സത്യവും ന്യായവും ശാഹു ഇസ്മായിൽ സാഹിബിൻെറ ഭാഗത്തായതുകൊണ്ടു് റസിഡണ്ടിനു് ശരിയായ മറുപടി പറയാൻ കഴിഞ്ഞില്ല. തൻെറ കൽപന റദ്ദു ചെയ്യേണ്ടിവന്നു.

## സൗമ്യ സ്വഭാവം

സൗമ്യതയും, ദീനാനുകമ്പയും നിറഞ്ഞ ഹൃദയത്തിൻെറ ഉടമയായ സ്മര്യ പുരുഷൻ ലൗകിക സുഖത്തേയും ആഡംബര ജീവിതത്തേയും ഒട്ടും ഇഷ്ടപ്പെട്ടിരുന്നില്ല. ഏററവും ലഘുവായ ജീവിതം നയിക്കുന്ന വ്യക്തിയാണെന്ന വസ്തുതയും പ്രസിദ്ധമാണ്.

അറിവിലും, കഴിവിലും, എഴുത്തിലും, പ്രസംഗത്തിലുമൊക്കെ വലിയ വൈദഗ്ദ്യം സിദ്ധിച്ച ആ മുജാഹിദിനെ നേരിൽ കണ്ടിട്ടില്ലാത്തവർ, നീണ്ടജുബ്ബയും, വലിയ തലപ്പാവും ധരിച്ച ശൈഖാണെന്നു കരുതും, അങ്ങിനെയുള്ള ഒരു രൂപമായിരിക്കും അവരുടെ മനസ്സിൽ ഉദിക്കുന്നത്, എന്നാൽ മനസ്സിൽ കോലപ്പെട്ട ദിവ്യൻെറ അനുഗ്രഹാംശസകലം സമ്പാദിക്കാൻ വരുന്നവർ കാണുന്നതു് അവരുടെ സംഘത്തിലുള്ള ശൈഖിനെ അല്ല സയ്യിദ് സാ

ഹിബ്ബിന്റെ വാഹനത്തിൽ അകമ്പടി സേവിച്ചുകൊണ്ട് ഓടുന്ന പൊടിപടലങ്ങൾ പിരണ്ട വസ്ത്രം ധരിച്ച അല്ലെങ്കിൽ കുതിരകളെ മാലീസ് ചെയ്യുന്നരാളെയായിരിക്കും ഈ കാഴ്ച അവരിൽ അത്യധികമായ പരിഭ്രാന്തിയും അത്ഭുതവും ജനിപ്പിക്കാതിരിക്കില്ല.

ദേവ്ബന്ദിലെ മഹാ പണ്ഡിതനായ ദുൽഫകാർഅലീ സാഹിബ് ഇങ്ങിനെ പറയുന്നു:—

' സയ്യിദ് സാഹിബിന്റെ ആഗമന വാർത്ത പ്രസിദ്ധമായപ്പോൾ ദേവ്ബന്തിലെ പൗര പ്രമാണികൾ വരിവരിയായി പുറപ്പെട്ടു. പട്ടണത്ത് ന പുറത്ത് ഒരു ദിവ്യന്റെ തിരുകൽപനകൊണ്ട് അവ ടെ ഷത്ത യപ്പോൾ സയ്യിദ് സാഹിബിന്റെ വാഹനത്തിന് രണ്ടുപേർ അകമ്പടി സേവ ച്ച നടക്കുന്നതായി കണ്ടു സ്വീകരണത്തിനു വന്നവർ മുന്നോട്ടുനീങ്ങ സയ്യിദ് സാഹിബ നെ സന്ദർശച്ചു. അകമ്പട സേവ ച്ചിരുന്നവർ ആരാണെന്ന് അവക്ക് അറിഞ്ഞുകൂടായ രുന്നു. സയ്യി ദ് സാഹിബ് ന ർദ്ദേശിച്ചു. അവരെ സമീപിക്കുക അത് മൌ:ഇസ്മായിലും മൌ: അബ്ദുൽ ഹയ്യും ആണ്.

മൗ: ദുൽഫക്കർ ദേവ്ബന്തിലെ പേരെടുത്ത പണ്ഡിതനാണ്. അദ്ദേഹത്തിന്റെ മൂത്ത പുത്രനാണ് റേശ്മീജുറുമാൽ പട്ടുറുമൽ പ്രസ്ഥാനത്തിന്റെ ജനയിതാവും മാൽട്ട തടങ്കൽ തടവുകാരനും ആയിരുന്നു. അദ്ദേഹം പണ്ഡിത ശ്രേഷ്ടനും ധീര ദേശ പ്രേമിയും ശൈഖുൽ ഹിന്ദു എന്ന അപര നാമത്താൽ വിശ്വ വിശ്രുതനായ മൈ: മഹ്മൂദുൽ ഹസൻ സാഹിബ്. പിതാവ് ദുൽഫാകാർഅലി അറബി, പാർസി ഭാഷ സാഹിത്യത്തിൽ തികഞ്ഞ പാണ്ഡിത്യം സിദ്ധിച്ച മദ്രസകളുടെ ഇൻസ്പക്ടരും ആയിരുന്നു.

ലഖ്നൗവിലെ വിദ്യതൽപര്യന്മാർ ശാഹുഇസ്മായിൽ സാഹിബിന്റെ ഉൽകൃഷ്ട ഗുണങ്ങൾ കേട്ടറിഞ്ഞ് ദർശനത്തിനായി വന്നു അപ്പോൾ അവർക്ക് കാണാൻ കഴിഞ്ഞത് സൈനിക ഉടുപ്പിട്ട പരേഡ് നടത്തുന്ന ഒരു മനുഷ്യനെ ആണ്. ചിലപ്പോൾ അദ്ദേഹം കു

തിരപ്പന്തിയിൽ കുതിരകളെ മാലീസഇട്ടന്നതായി കാണപ്പെട്ടു.

സയ്യിദ് സാഹിബിൻെറ '' കാഫില '' കപ്പൽ വഴി കൽക്കത്തയിൽ എത്തിയപ്പോഠം ആതിഥേയൻ ശൈഖ് മുഹമ്മദ് അമീൻ കപ്പലിൽ വെച്ചു സയ്യിദ് സാഹിബിനെ ദർശിച്ചശേഷം മൌ:ഇസ്മായിൽ സാഹിബിനെകാണാൻആഗ്രഹിച്ചവേറെകപ്പലിൽ ആയിരുന്ന മൌലാനയെ അങ്ങോട്ടക്ഷണിച്ചുഒരുസാധാരണക്കാരൻെറനിലയിൽ ആ വിജ്ഞാന സാമ്രാട്ടുവന്നപ്പോഠം ശൈഖ് അമീൻെറ കണ്ണു നിറഞ്ഞൊഴുകി.

## രാജഭക്തൻമാരുടേയും രാജവാഴ്ചയുടേയും ശത്രു

ശാഹു ഇസ്മായിൽ സാഹിബ് പ്രകൃത്യാ തന്നെ രാജ ഭക്തന്മാരുടേയും രാജവാഴ്ചയുടേയും കഠിന ശത്രുവായിരുന്നു, ശാഹുവലിയുൽലാ സാഹിബ് വ്യംഗ്യ ഭാഷയിൽ നിർദ്ദേശിച്ചകാര്യങ്ങളും ശാഹു അബ്ദുൽ അസീസിൻെറ മുദ്രണം ചെയ്യപ്പെടാത്ത തഫ്സീറിലെ വാക്യങ്ങളും അദ്ദേഹം അപഗ്രഥിക്കുകയും വിശകലനം ചെയ്യുകയും ചെയ്തു, അദ്ദേഹത്തിൻെറ '' മൻസിബുഇമാമത്തു '' എന്ന സുപ്രസിദ്ധ ഗ്രന്ഥത്തിൽ മുസ്ളിം സുൽത്താന്മാരുടെ ഭരണം നാട്ടിനും സമുദായത്തിനും ശാപമാണെന്നു രേഖപ്പെടുത്തിയിട്ടുണ്ട്. അതിലെ അതിശ്രദ്ധേയമായ ഒരു ഭാഗം ഇവിടെ ഉദ്ധരിക്കാം, അതിൽനിന്നു മനസ്സിലാക്കാം രാജാക്കന്മാരെയും സുൽത്താന്മാരെയും കുറിച്ചു അദ്ദേഹത്തിനുള്ള വിധിയും അഭിപ്രായവും എന്തായിരുന്നു വെന്നു പേർഷ്യൻ ഭാഷയിൽ എഴുതപ്പെട്ട പ്രസ്തുത ഗ്രന്ഥത്തിലെ ആ പ്രസക്തഭാഗം ഇപ്രകാരമാണ്:

അർത്ഥം: അവരെ ഉന്മൂലനം ചെയ്ത് എറിയുന്നതാണ് ശരിയായ ഭരണം, അവരെ പാടെ നശിപ്പിക്കുന്നതാണ് ശരിയായ ഇസ്ളാം- അധികാരം കൈയടക്കിയ എല്ലാവർക്കും കീഴ്പ്പെടണമെന്നു ശരിഅത്ത് വിധിക്കു

ന്നില്ല. മർദനവും, ഭീഷണിയും ഉപയോഗിച്ച് ഭരണം ന ടത്തുന്നവരുടെ മുമ്പിൽ തലകുനിക്കുന്നതിനെ ദീൻ അനു വദിക്കുന്നില്ല.

ഇതിൽനിന്നും ഒരു കാര്യം നാം പ്രത്യേകം പഠിക്കേ ണ്ടതുണ്ട്. മുസ്ലിം സുൽത്താന്മാരുടെ ഭരണത്തെ പരാമർ ശിച്ചുകൊണ്ടാണ് അദ്ദേഹം ഇത്തരത്തിലുള്ള വിധി എഴു തീട്ടുള്ളത്. ഇപ്പോഴം ഇംഗ്ളീഷുകാരെ പററി അദ്ദേഹത്തി ൻെറ ഇംഗിതം എപ്രകാരമായിരിക്കും എന്നു് പറയേണ്ട തില്ലല്ലോ.

# ഒരു ദിവ്യൻെറ തിരോധാനം

സയ്യിദ് അഹ്മത് സാഹിബിൻെറ '' ഖാഫില '' ഹജ്ജ്യാത്ര കഴിഞ്ഞു ഡൽഹിയിൽ മടങ്ങി എത്തുന്നത് ന്നു മുമ്പായി ആ അത്യാഹിതം സംഭവിച്ചു. രാഷ്ട്രത്തെയും മില്ലത്തിനേയും നിഷ്കളങ്കമായി സ്നേഹിക്കുകയും സേ വിക്കുകയും ചെയ്തിരുന്ന ആ ദിവ്യാത്മാവ്, ഹ: ശാ ഹു അബ്ദുൽഅസീസ് സാഹിബ് ഐഹിക ബന്ധ ങ്ങളെല്ലാം പരിത്യജിച്ചു ശാശ്വത സായൂജ്യം പ്രാപിച്ചു.

# ജനനവും മരണവും

ഹിജ്റാ: 1159 ക്രി: 1746_ൽ ഹ: ശാഹുഅബ്ദുൽ അസീസ്സാഹിബ് ജനിച്ചു.

ഹി: 1239 ക്രി: 1824ൽ നിര്യാതനായി. 17_ാം മ ത്തെ വയസ്സിൽ വന്ദ്യപിതാവിൻെറ സ്ഥാനം കയ്യേററു. രാഷ്ട്രീയ സാമൂഹ്യ സാമ്പത്തിക സാംസ്കാരിക പരി വർത്തന പരിപാടികൾ നടപ്പിലാക്കാനുള്ള പരിശ്രമങ്ങ ളിൽ വ്യാപൃതനായി. നീണ്ട 63 വർഷക്കാലം പൊതു രംഗത്ത് ഉജ്വലമായി പ്രവർത്തിച്ച അദ്ദേഹത്തിനു മൂന്നു പെൺമക്കളെല്ലാതെ ആൺ മക്കൾ ഉണ്ടായിരുന്നില്ല. അദ്ദേ ഹത്തിൻെറ ജീവിതകാലത്ത് തന്നെ പെൺ മക്കൾ ഇഹ ലോകവാസം വെടിഞ്ഞു.

ഈ അത്യാഹിതത്തെ സവിസ്തരം പരാമർശിക്കാൻ ഈ അവസരം ഉപയോഗിക്കുന്നില്ലെങ്കിലും അദ്ധ്യായത്തിൻെറ പരിപൂർണ്ണതക്കായി താഴെ പറയുന്ന ചില സംഗതികൾ ഉൾപ്പെടുത്തുന്നത് ആവശ്യമാണ്. ഒന്ന്-- ഹസ്രത്ത് ശാഹുവലിയുൽല്ലാ സാഹിബ് പാകിയ സമ്പൂർണ്ണ വിപ്ളവവിത്ത് ഹ: ശാഹ്അബ്ദുൽ അസീസ് സാഹിബ് വെള്ളവും വളവും പാകത്തിന് കൊടുത്തു വളർത്തി. അത് നല്ലഉറപ്പുള്ള ഒരുവൃക്ഷമായി തീർന്നു. പരമ ലക്ഷ്യത്തിലേക്കെത്താൻ പഠനവും പരിശീലനവും ആവശ്യമാണല്ലോ അതിന്നായി അദ്ദേഹം ഒരു പ്രത്യേക ട്രൈനിംഗ് സെൻററും സ്ഥാപിച്ചു.

രണ്ട്:—സൈനിക സജ്ജീകരണ വിഷയത്തിൽ പ്രത്യേക താൽപര്യം പ്രകടപ്പിച്ചിരുന്നു. സയ്യിദ് സാഹിബിൻെറ നേതൃത്വത്തിൽ എണ്ണൂറോളം സ്വാതന്ത്ര്യ സമര സേനാനികൾക്ക് സൈനിക പരിശീലനം നൽകപ്പെട്ടു. അവരെല്ലാവരും രാഷ്ട്രീയ സാമാജിക വിപ്ളവത്തിൻെറ ജീവൽപ്രതികങ്ങളായിത്തീർന്നു. അതിലെ ഓരോ ധർമ്മഭടനും ശാഹ്വലിയുൽലാഹിയുടെ തത്വസംഹിതയ്ക്കനുരൂപമായ ആശയാദർശങ്ങൾ ഉൾകൊണ്ടവരായിരുന്നു.

മൂന്ന്:— ജാഥയുടെ തുടരെത്തുടരെയുള്ള സമര പരിപാടികൾ ലക്ഷക്കണക്കിലുള്ള മനുഷ്യ ഹൃദയങ്ങളിൽ വിപ്ളവാഗ്നി കത്തിജ്വലിപ്പിച്ചു. 1857ലെ ഭയാനകമായ സംഭവകാലത്ത് ഒഴുകിയ രക്ത പുഴകൾപോലും അതിനെ കെടുത്തുവാൻ കഴിഞ്ഞില്ല.

നാല്:— കഥാപുരുഷൻെറ പരിപാവനമായ ജീവിതചര്യകളും ആത്മാർത്ഥമായ സേവനങ്ങളും ജനഹൃദയങ്ങളെ തന്നിലേക്ക് ആകർഷിക്കാൻ മതിയായതായിരുന്നു. ഈ വിജ്ഞാന സാമ്രാട്ടിൻെറ ' ജനാസ 'നമസ്കാരം അമ്പത്തി അഞ്ചുതവണ നടത്തേണ്ടിവന്നു.

അഞ്ച്:— സ്മര്യാത്മാവ് മഹാത്മാഗാന്ധിയെപ്പോലെ കടുത്ത ദേശീയ പ്രേമിയും സ്വാതന്ത്ര്യ പ്രസ്ഥാന

നേതാവുമായിരുന്നു. ഹ: ശാഹുവലിയ്യുല്ലാഹിയുടെ സാമ്പത്തിക പരിപാടി നടപ്പിൽ വരുത്തുന്ന വിഷയത്തിൽ അതീവ ഔത്സുക്യം പ്രകടിപ്പിച്ചിരുന്നു. ജീവിതത്തോത് തുല്യ നിലയിൽ ആയിരിക്കണമെന്ന മൗലിക സിദ്ധാന്തത്തിൽ അധിഷ്ഠിതമാണ്. ഹ: ശ: വലിയ്യുല്ലാഹിയുടെ സാമ്പത്തിക പദ്ധതി.(1)

ജീവിതകാലത്ത് ഒരിക്കലും ശാഹുഅബ്ദുൽ അസീസ് നേർമ്മ വസ്ത്രമോ വിദേശ വസ്ത്രമോ ധരിച്ചിട്ടില്ല. തടിച്ച ഖദർ ആയിരുന്നു ധരിച്ചിരുന്നത്. എന്തിനേറെ താൻ പതിവായി ഉപയോഗിക്കാറുള്ള ഖദർ വസ്ത്രത്തിൽ കഫൻ ചെയ്യണമെന്നു മരണ സമയത്ത് വസിയത്തും ചെയ്തിട്ടുണ്ടായിരുന്നു.

ഹസ്രത്ത് ശാഹുസയ്യിദ് വലിയ്യുല്ലാഹ്ലവി ഹ: ശ: അബ്ദുൽ അസീസ്, ഹ: ശാ: ഇസ്മായിൽ എന്നീ പണ്ഡിത ശിരോമണികളുടേയും മററുംഗ്രന്ഥങ്ങളിൽനിന്നു ക്രോഡീകരിച്ച ഈ ചെറു കൃതിയിൽ നിന്നു ഭാരതത്തിലെ രാഷ്ട്രീയ സ്വഭാവത്തെയും ഇന്ത്യൻ രാഷ്ട്രീയ പാർട്ടികളുടെ ആശയാദർശങ്ങളെയും പ്രവർത്തന രീതിയെയും കുറിച്ച് സാമാന്യ അറിവു സമ്പാദിക്കാൻ കഴിയും എന്നു ഞാൻ ആശിക്കുന്നു. ഇതിൻെറ എല്ലാം ഒരു ആകെത്തുക ഏതാനും വാക്കുകളിൽ സ്വരൂപിക്കുന്നു.

ഒന്ന്;— മേൽ രേഖപ്പെടുത്തിയ സംരംഭങ്ങളൊന്നും മുഗൾ സാമ്രാജ്യത്തിൻെറ രാഷ്ട്രീയത്തിന്നു ശാശ്വത നിലനിൽപിനും മുസ്ലീം ഫാസിസത്തിൻെറ ഉത്തേജനത്തിനുംവേണ്ടി ആയിരുന്നില്ല

(1) നബിതിരുമേനിയുടെ പ്രസിദ്ധ സഹാബി (അനുയായി)മാരിൽ ഒരാളായിരുന്നു ഹസ്രത്ത് അബൂദർദ് (റ) അവർകളും ഒരു തരത്തിലുള്ള സാമ്പത്തിക സ്വാതന്ത്ര്യവാദിയായിരുന്നു. പക്ഷെ വ്യക്തിയുടെ സ്വകാര്യ സമ്പാദനത്തെ ഒരു പരിധിവരെ അദ്ദേഹം അനുവദിക്കുന്നു. ശംഹ്വലിയ്യുല്ലാ ഹ്ദഹ്ലവിയും ഏറെക്കുറെ ആ വീക്ഷണത്തെയാണ് അംഗീകരിച്ചിരുന്നത്.



എന്നാൽ ഏററവും ഉൽകൃഷ്ടവും അത്യുജ്വലവുമായ ലക്ഷ്യം മുൻനിറുത്തി ആസൂത്രണം ചെയ്യപ്പെട്ട ആ വിപ്ളവ പ്രസ്ഥാനം വിജയിച്ചിരുന്നുവെങ്കിൽ ലോകത്തിനും കാറൽമാക്സിൻെറയും, എംഗൽസിൻേറയും, ലെനിൻേറയും ആവശ്യം ഉണ്ടാകുമായിരുന്നില്ല.

രണ്ട്:—കമ്മ്യൂണിസത്തിൻെറ സാമ്പത്തിക ലക്ഷ്യം വളരെ ഉയർന്ന നിലവാരത്തിലുള്ളതാണെങ്കിലും അതിന്നു ഗൗരവതരമായ പോരായ്മകളും ഉടവുകളുമുണ്ട്. സാംസ്കാരിക സംശുദ്ധിയും ആത്മീയ ബോധവും ഇല്ലാ എന്നു മാത്രമല്ല അതു നിർമ്മിത നിരീശ്വരവാദത്തിൽ അധിഷ്ഠിതവും ആണ്. ആകയാൽ കമ്മ്യൂണിസ്റ്റുകാർ വിഭാവനം ചെയ്യുന്നതരത്തിലുള്ള ഒരു സ്വർഗ്ഗ രാജ്യം കെട്ടിപടുക്കുക എന്നത് വെറും ദിവാസ്വപ്നമാണ്. സാമ്പത്തികമായ അപാതകാം അവസാനിപ്പിച്ച് സമത്വ സുന്ദരമായ അന്തരീക്ഷം സംജാതമാവുക എന്ന ലക്ഷ്യം അതി വിശുദ്ധയാണെന്നതിൽ ആർക്കും എതിർപ്പില്ല. എന്നാൽ അവരുടെ മാർഗ്ഗം ഒട്ടും പരിശുദ്ധമല്ല. ലക്ഷ്യം നേടാൻ ഏതുമാർഗ്ഗവും അതെത്ര നീചമായാലും സ്വീകരിക്കാമെന്നുള്ളതാണ് അവരുടെ വെപ്പ്. ഈ നില വർദ്ധിക്കുകയല്ലാതെ ലോകത്തിന് യാതൊരു നേട്ടവും കൈവരികയുമില്ല. നേരെമറിച്ച് കമ്മ്യൂണിസം ഏററവും ഉപയോഗ പ്രദവും സാംസ്കാരവും ആയ മാർഗ്ഗം അവലംബിച്ചിരുന്നെങ്കിൽ ഗുണവൈവശിഷ്ടങ്ങളും ആത്മീയ ബോധവും ഉള്ള ഒരു സൊസൈററി ഉടലെടുക്കുമായിരുന്നു. അപ്പോൾ സർവ്വത്ര യഥാർത്ഥമായ ശാന്തിയുടേയും സമാധാനത്തിൻേറയും സംതൃപ്തിയുടേയും സന്തുഷ്ടിയുടേയും പ്രകാശം പരക്കും. ഉച്ച നീചത്തമില്ലാത്ത ഒരു സ്ഥിതി വിശേഷം സംജാതമാകും. അവിടെ മർദ്ദിതരും ദുഃഖിതരും ഇല്ല. ധന്യനും ഖിന്നനും ഇല്ല. എല്ലാവർക്കും എല്ലാവിധ സുഖ ഭോഗങ്ങളും യഥേഷ്ടം അനുഭവിക്കാം. അതുകൊണ്ട് കമ്മ്യൂണിസ്ററു പാർട്ടി ഒരു പുനർവിചിന്തനം നടത്തുന്നത് ഏററവും നന്നായിരിക്കുമെന്നാണ് എൻെറ എളിയ അഭിപ്രായം. ദൈവനിഷേധവും, മത വിരോധവും, വഴക്കും, ....ക്കാണ

ഷ്യം, സൃഷ്ടിക്കാനല്ലാതെ നാട്ടിനും ജനതക്കും യാതൊരു നന്മയും കൈവരുത്തുകയില്ല. ഇസ്ലാം മാത്രമാണ് മനുഷ്യ രാശിക്കഭിഗമ്യമായ പദ്ധതി എന്ന് നിർവിശങ്കം പറയാം.

ഇസ്ലാം മനുഷ്യവംശം ഒരേ മാതാ പിതാക്കളുടെ സന്താനങ്ങളാണെന്നും, അവർ സഹോദരന്മാരും സമത്വ ത്തിൽ വർത്തിക്കേണ്ടവരു മാണെന്നു പഠിപ്പിക്കുന്നു.

മനുഷ്യരാശിക്ക് എക്കാലത്തേക്കും അനുകരണാർഹ മായ സാമ്പത്തിക പദ്ധതിയാണ് ഇസ്ലാം മാതൃകാഭരണ കൂടം മുഖേന നടപ്പിൽ വരുത്തിയിരുന്നത്. മുതലാളിത്ത ത്തിന്റേയും കമ്മ്യൂണിസത്തിന്റേയും നന്മകൾ ഇസ്ലാ മിക സാമ്പത്തിക പദ്ധതിയിലുൾക്കൊള്ളുന്നു. അവയുടെ തിന്മകളിൽ നിന്നു ഇസ്ലാം മാനവ സമൂഹത്തിന്നൊരു വിമോചന മാർഗ്ഗമായി പരിലസിക്കുന്നു. ആ നന്മയുടെ മാ ർഗ്ഗമാണ് ശാഹ്‌വലിയ്യുല്ലാഹ് ദഹ്‌ലവിയും പിൻഗാ മികളും ഇന്ത്യൻ നിവാസികൾക്ക് ശുപാർശിചെയ്തി ട്ടുള്ളതെന്ന് താൽപര്യം.

മൂന്ന്:— ക്രി: 1765- ൽ കോഡാജഹാനാബാദിൽ വെച്ചു നടന്ന കരാറിന്നു ശേഷം ഇംഗ്ലീഷുകാരുടെ നേരെ മുസ്ലിംകൾക്കുണ്ടായിരുന്ന വെറുപ്പും വിരോധവും വല്ലാ തെ വർദ്ധിച്ചു. അവർ മറാട്ടികളുടെ ഉററ മിത്രങ്ങളായി മാറി. 1770-ൽ നജീബുദ്ദൌല നിര്യാതനായ ശേഷം ഹ: ശാഹ്‌വലിയ്യുൽലാഹിയുടെ പിൻഗാമി ഹ: ശാഹ് അ ബ്ദുൽ അസീസ് ഇംഗ്ലിഷുകാരുടെ കഠിന ശത്രുവും മ റാട്ടികളുടെ ഉററ മിത്രവും ആയി-

നാല്:— ക്രി: 1770മുതൽ 1818 വരെ അദ്ദേഹത്തി ന്റെ പാർട്ടി ആംഗ്ലേയരുടെ നേരെ കടുത്ത ശത്രുത്വം പ്രകടിപ്പിക്കുകയും മറാട്ടികളുമായി സഹകരിച്ചു പലസ്ഥ ലങ്ങളിൽ വെച്ചും ആംഗ്ലേയരുമായി പോരാടുകയും ചെയ്തു,

അഞ്ച്:— ആംഗ്ലേയരുടെ 'ഭിന്നിപ്പിച്ചു ഭരിക്കുക' എന്ന ആ ദുഷിച്ച നയം മൂലം നീണ്ടകാലംമുതൽക്കു നില

വിലുണ്ടായിരുന്ന ശാന്തതയും ഹിന്ദു മുസ്ലീം സൗഹൃദ ബന്ധവും താറുമാറായി-

ആലംഗീരിനേയും ശിവാജിയേയും തമ്മിലടിപ്പിച്ചു. പരസ്പരം വിശ്വാസമില്ലായ്മയും വെറുപ്പും ജനിപ്പിച്ചു അവർ വ്യാജ ചരിത്ര നിർമ്മാണം മുഖേന വിഷബീജം നട്ടുവളർത്തി.

ആറ്:— ശാഹുവലിയുൽല: പ്രസ്ഥാനത്തിന്റെ നേതൃത്വം മുസ്ലീം മതപണ്ഡിതന്മാരുടെകൈയ്യിലായിരുന്നു എന്നതൊരനിഷേധ്യ വസ്തുതയാണ്. എന്നാൽ പ്രസ്ഥാനത്തെ നയിക്കുന്നതിലും അതിനെ പൂർവ്വാധികം ശക്തിപ്പെടുത്തുന്നതിലും ഉലമാക്കളല്ലാത്തവരും സാരമായ പങ്കു വഹിച്ചിരുന്നു. മുജാഹിദുകളുടെ ജാഥ എണ്ണൂറ് പേരാംകൊള്ളുന്നതായിരുന്നു, എന്നാൽ ഉലമാക്കളുടെ എണ്ണം നൂറിൽ കൂടുതലുണ്ടായിരിക്കില്ല. ജാഥക്ക എല്ലാവിധ സഹായങ്ങളും ജനതാമദ്ധ്യത്തിൽ നിന്നും ലോഭം കൂടാതെ ലഭിച്ചു- അലഹബാദിലെ നാടുവാഴി, ബനാറസ് മഹാരാജാവിന്റെ സർവ്വാധികാരിയുമായ ശൈഖ് ഗുലാം ഹുസൈൻ ഈസ്റ്റിന്ത്യാ കമ്പനി വക്കീലായ ശൈഖ് അമീനുദ്ദീന നവാബു അമീർ അലിഖാൻ വാസിഫർസത്തു അലി മൗ; ഫത്ഹുഅലി തുടങ്ങിയ മഹാ വ്യക്തികൾ ജാഥയെ എല്ലാവിധത്തിലും സഹായിച്ചു.

# വലിയ്യുൽലാഹി ഫൗജിന്റെ വിപ്ലവ പരമായ നീക്കങ്ങൾ

ഹജ്ജ്‌യാത്രക്ക ശേഷം സയ്യിദ് സാഹിബന്റെ പ്രവർത്തന പരിപാടി എന്തായിരുന്നു വെന്നും ഏതു രൂപ

ത്തിലായിരുന്ന വെന്നുമുള്ള ചോദ്യത്തിന്ന ഡ: ഹെൻട്രി നൽകിയ മറുപടി ഇപ്രകാരമായിരുന്നു:—

'' മുമ്പ് അദ്ദേഹം എന്തൊന്ന സ്വപ്നം കണ്ടിരുന്നു ഏതൊന്നു വിഭാവനം ചെയ്തിരുന്നു. അത് സാക്ഷാൽ കരിക്കപ്പെട്ടതായി ഇപ്പോൾ കാണാൻ തുടങ്ങിയിരിക്കുക യാണ്. സ്വപ്നം കണ്ടതും വിഭാവനം ചെയ്തതും ഇ തായിരുന്നു. ഇന്ത്യയുടെ എല്ലാ പ്രദേശങ്ങളിലും തൻെറ സ്വന്തം കൈ കൊണ്ട് ഇസ്ലാമിക പതാക നാട്ടുക. ആം ഗ്ളേയ വാഴ്ചയെ നിശ്ശേഷം അവസാനിപ്പിക്കുക ''

ഇമാം സാഹിബിൻെറ ആന്തരികമായ ഇംഗിതം അ ദ്ദേഹത്തിന്നും ഈശ്വരനുമല്ലാതെ മററാർക്കും അറിയുകയി ല്ല. എന്നാൽ ഒരു കാര്യം തീർച്ചയാണ്. ഹജ്ജ്കർമ്മ നിർവ്വഹണത്തിന്ന് ശേഷം അദ്ദേഹത്തിൻെറ ബാഹ്യമാ യ നേട്ടങ്ങൾക്ക് സാരമായ മാററം സംഭവിച്ചു. അനന്തരം അദ്ദേഹത്തിൻെറ ജീവിത ലക്ഷ്യം മുരീദുമ്മാരെ സമ്പാ ദിക്കുക മാത്രമായിരുന്നില്ല. എന്നാലതു പരമ പ്രധാനമാ യ ലക്ഷ്യം നേടാനുള്ള പ്രാഥമിക മാർഗ്ഗം മാത്രമായിരുന്നു.

ബോംബേയിൽ കപ്പലിറങ്ങിയപ്പോൾ അദ്ദേഹ ത്തിൻെറ ഉപദേശം ശ്രദ്ധിക്കാനും ശിഷ്യത്വം സ്വീകരി ക്കാനും വേണ്ടി കണക്കററ ജനങ്ങൾ തടിച്ചു കൂടി. അദ്ദേ ഹം എവിടെചെന്നാലും അതായിരുന്നു സ്ഥിതി. മക്കാ യാത്രകഴിഞ്ഞു് തിരിച്ചെത്തിയപ്പോൾ വിജയ സാദ്ധ്യ ത പൂർവ്വാധികം തെളിഞ്ഞു, അദ്ദേഹത്തിൻെറ ഉജ്വല പ്രസംഗങ്ങൾ അന്തരീക്ഷത്തെ ചൂടുപിടിപ്പിച്ചു അദ്ദേഹം എപ്പോഴും സ്വസ്ഥത വളർത്തി- അകലെയുള്ള അതിർത്തി പ്രദേശത്തേക്ക് ഉററുനോക്കിക്കൊണ്ടിരുന്നു, അത് സമര പാരമ്പര്യമുള്ളവരുടെ ആവാസ പ്രദേശമായിരുന്നു, മുക ളിൽ ചേർത്തത് കഥാ നായകൻെറ കഠിന ശത്രുവിൻെറ അഭിപ്രായ പ്രകടനമാണ്

ഇതിന്നു നമുക്ക് അദ്ദേഹത്തിൻെറ മിത്രവും അനുയാ യിയും ആയ മുൻഷി മുഹമ്മദ് ജാഫർ സാഹിബിൻെറ പ്രസ്താവന കൂടി വായിക്കാം:—

''സ്വദേശത്തു തിരിച്ചെത്തിയ ശേഷം സ്വവസതി
യുടെ കേടുപാടുകൾ തീൎക്കുന്നതിന്നായി കുറച്ചുകാലം പ
രിശ്രമിച്ചു. അതുകഴിഞ്ഞശേഷം ജിഹാദിനുള്ള തയ്യാറെടു
പ്പായി. മൌലാനാമുഹമ്മദു ഇസ്മായിൽസാഹിബ് മൌ:
അബ്ദുൽഹയ്യ്സാഹിബ് തുടങ്ങിയ മഹാപണ്ഡിതന്മാ
രെ ഹിജ്റായുടേയും, ജിഹാദിന്റെയും ആവശ്യകതയും
ഗുണവിശേഷങ്ങളേയും കുറിച്ചു ജനങ്ങളെ ബോധവാന്മാ
രാക്കാൻ ഇന്ത്യയുടെ നാനാഭാഗങ്ങളിലേക്കും അയച്ചു. തദ
വസരത്തിൽ സയ്യിദ്സാഹിബിന്റെ വസതിയിലെ ആ
രാധനാ സമ്പ്രദായങ്ങൾക്കു സമൂലമാററം സംഭവിച്ചു ആ
ദ്ധ്യാത്മമോ, ദാർശിനികമോ 'മുറാഖബ: മുശാഹിദ'യോ
ആയിരുന്നില്ല. യോഗികളും സൂഫികളും ദർവേശമാരും താ
പസ്സ്കാരും എല്ലാം പട്ടാളക്കാരായി മാറിയിരുന്നു. തസ്
ബീഹിന്ന്—ജപമാലകൾക്കുപകരം അവരുടെ കൈക
ളിൽ വാളും, കഠാരവും കാണപ്പെടുന്നു. വേറെ ചിലർ കുറു
വടിക്കാരായിരുന്നു മററ്ചിലർ വാളുകളും കുന്തങ്ങളും തു
ടച്ചുവെടിപ്പാക്കുന്നു. ചിലർ കുതിരസവാരി പരിചയിക്കു
ന്നു. തപസ്സികളുടെ വീതിയും നീളവുമുള്ള തലപ്പാവുകൾ
അപ്രത്യക്ഷമായി അവരും യൂനിഫോറം ധരിച്ചു യുദ്ധത്തി
ന്നു ഒരുങ്ങി നിൽക്കുകയാണ്. പണ്ട് ഇവരെ കണ്ടിട്ടുള്ള
വൎക്കു ഇപ്പോഴത്തെ വേഷപകർച്ച കാണുമ്പോൾ അമ്പര
പ്പും അത്ഭുതവും അനുഭവപ്പെടാതിരിക്കില്ല. ഈ അവസര
ങ്ങളിൽ ലഭിച്ചിരുന്ന പാരിതോഷികങ്ങളും സംഭാവന
കളും പ്രായേണ പടക്കോപ്പുകളും പടക്കുതിരകളും ആയിരു
ന്നു. അക്കാലത്തു ശൈഖ്ഫർസത്ത് അലിസാഹിബുഗാ
സ്പുരി വളരെ മെച്ചപ്പെട്ട രണ്ടുകുതിരകളെയും ധാരാളം
പട്ടാള ഉടുപ്പുകളും നാല്പതു ഖുർആൻ ഗ്രന്ഥങ്ങളും കൊണ്ടു
വന്നു കാഴ്ചവെച്ചതിന്നു പുറമേ അംജദ് എന്നുപേരായ ഒരു
യുവാവിനേയും വഴിപാടായി. നൽകികൊണ്ടദ്ദേഹം പറ
ഞ്ഞു. ഇതു എന്റെ മകനാണു ഇബ്രാഹിം ഖലീലുൽലാ:
തന്റെ ഓമനപുത്രനായ ഇസ്മായിൽ പ്രവാചകനേ ബലി
പീഠത്തിൽ കയററിയപോലെ ഞാനിതാ അവനെ അങ്ങ

യെ ഏല്പിക്കുന്നു അങ്ങ് അവനെയും യുദ്ധത്തിലേക്കുകൊണ്ടുപോയി ശത്രുക്കളുടെ വാളിന്നിരയാക്കണം.

ഈ അംജദ് എല്ലായുദ്ധരംഗത്തും മുന്നിൽനിന്നു പൊരുതുക പതിവായിരുന്നു വിജയസാദ്ധ്യതയെപററി ആശങ്ക വഴിപോലും ഇല്ലാത്ത നിരവധി സമരങ്ങളിൽ നിരതനായിരുന്ന ഭടനാണദ്ദേഹം, ചുരുക്കത്തിൽ മൃത്യുവക്ത്രത്തിൽ നിന്നു കുതറിചാടി എന്നർത്ഥം. അതുകൊണ്ടു സയ്യിദ്സാഹിബിൻെറ ദർബാറിൽ നിന്നു അദ്ദേഹത്തിനു സിന്ദാശഹീദ എന്ന ബഹുമതി ലഭിച്ചു. ജീവിച്ചിരിക്കുന്ന രക്തസാക്ഷി.

## സമരയാത്ര

അങ്ങിനെ സൈനിക സജ്ജീകരണവും പരിശീലനവും മററും പൂർത്തിയായശേഷം ഹി: 1241—ക്രി—1826 ൽ ജനിച്ച നാടിനോടു വിടവാങ്ങി സ്വതന്ത്ര ഗോത്രങ്ങളുടെ അധിവാസപ്രദേശങ്ങളിലേക്ക് പുറപ്പെട്ടു. എന്നാൽ പഞ്ചാബിൽ കൂടിയുള്ള യാത്ര സുഗമമല്ലായ്കയാൽ രാജസ്ഥാൻ വഴിസിന്ധിൽ എത്തി, അവിടെ നിന്നും ഖണ്ഡഹാരിൽ പ്രവേശിച്ചു. തദനന്തരം കാബൂളിൽ കൂടി ഭാരതഭൂഖണ്ഡത്തിൻെറ വടക്കുപടിഞ്ഞാറൻ അതൃത്തിയിൽ പ്രവേശിച്ചു അവിടെ കേന്ദ്രം സ്ഥാപിച്ചു.

പഞ്ചാബിൽകൂടിയുള്ള യാത്ര വേണ്ടെന്നു വെച്ചതു പൊതു ആപത്തുകൾ പതിയിരിക്കുന്നുണ്ടെന്നു ശങ്കിച്ചതുകൊണ്ടാണു എന്നാൽ രാജസ്ഥാൻെറ നിലയാവട്ടെ ഒട്ടും വ്യത്യസ്തമല്ല. അപ്പോൾ അവിടുത്തെ അപകടങ്ങൾ കണക്കിലെടുക്കാതിരുന്നതു ഒരു പ്രത്യേക കാരണം കൊണ്ടാവാനേ തരമുള്ളു- രാജസ്ഥാൻ അതിവിശിഷ്ടമായ ഉദ്യാനമാണ്. അവിടെ പുരാതന രാജാക്കന്മാരുടേയും മഹാരാജാക്കന്മാരുടേയും പിന്തുടർച്ചാവകാശികളുടെ തകർന്ന ഹൃദയങ്ങൾ ഉണ്ട്. ഇവരിലെല്ലാം സ്വാതന്ത്ര്യബോധവും വാഞ്ഛയും തിളച്ചുമറിയുന്നു.

ടോങ്കിലെ നാടുവാഴി നവാബുഅമീർ അലീഖാൻെറ ക്ഷണം സ്വീകരിച്ചു അങ്ങോട്ടുപോകുവാൻ ഉദ്ദേശിച്ചിരുന്നു എങ്കിലും ആ പരിപാടി റദ്ദുചെയ്തു ഗ്വാളിയോറിലേക്കു പുറപ്പെടുകയാണുണ്ടായത്. അവിടെ ഒരു ദൌലത്ത്റാവുസിന്ധ്യാ കഠിനരോഗത്തിൽ കിടപ്പിലായിരുന്നു. തന്നെബാധിച്ചരോഗം സുഖപ്പെട്ടു ജീവിക്കുമെന്ന ആശ അദ്ദേഹത്തിന്നു തീരെ ഇല്ലായിരുന്നു. എന്നിരുന്നാലും അദ്ദേഹത്തിൻെറ ഹൃദയാന്തർഭാഗത്ത്രാജ്യസ്നേഹവും സ്വാതന്ത്ര്യബോധവും തളംകെട്ടി നില്ക്കുന്നുണ്ടായിരുന്നു. ആംഗ്ലേയരുടെ മുമ്പിൽ ആയുധംവെച്ചുകീഴടങ്ങാൻ നിർബ്ബന്ധിതനായ ഏററവും ഒടുവിലത്തെ രാജാവായിരുന്നു അദ്ദേഹം അങ്ങിനെ ആ സ്വാതന്ത്ര്യം തടങ്കൽതടവറയായിത്തീന്നു.

അദ്ദേഹത്തിൻെറ സഹധർമ്മിണി എല്ലാവിഷയത്തിലും ഭത്താവിനോടൊപ്പം നിന്നുപ്രവത്തിക്കുകയും ചെയ്തിരുന്നു. എന്നാലവർ ഭയത്തിൻേറയും ആശയുടേയും നടുവിൽ അകപ്പെട്ടുപോയി. നിരാശ അവരേയും ആവരണം ചെയ്തു. ഐഹിക സുഖസൗകര്യങ്ങരം അവരിൽ നിന്നു അപ്രത്യക്ഷമായി. ഇരുട്ടുമൂററിയ ലോകത്താണ് ജീവിക്കുന്നതെന്നവക്കുതോന്നി.

പിന്നീട് മഹാറാണിയുടെ സഹോദരൻ രാജാഹിന്ദുറാവു അധികാരത്തിൻെറ കടിഞ്ഞാൺ കരസ്ഥമാക്കി. പ്രസ്തുത ഹിന്ദുറാവു നീണ്ടകാലംമുതൽ സയ്യിദ്സാഹിബിൻെറ ഭക്തനും അനുയായിയും ആണ്. ഗ്വാളിയോർസ്റ്റേയിററിലെ ഒരു പ്രധാന ഉദ്യോഗസ്ഥനായിരുന്നു ഗുലാം ഹൈദർഖാൻ. ഉദ്യോഗത്തിലായിരിക്കുമ്പോരംതന്നെ സയ്യിദ്സാഹിബിൻെറ ഉററമിത്രമായിരുന്നു നവാബ് അമീർഅലീഖാൻ പാപ്പരായപ്പോരം അദ്ദേഹത്തെ ഗ്വാളിയോറിലേക്ക് കൊണ്ടുവന്നു. മഹാരാജാവ് ആദരപൂർവ്വം സ്വീകരിച്ചു. പ്രധാനപ്പെട്ട ഉദ്യോഗത്തിൽ നിയമിച്ചു.

സയ്യിദ് തൻെറ യാത്ര മററുവഴിക്കു ആക്കിയിരുന്നുവെങ്കിൽ ഇത്തരത്തിലുള്ള ഗുണങ്ങളെല്ലാം നഷ്ടപ്പെടുമായിരുന്നു. അങ്ങിനെ പല നാടുകളും താണ്ടി ഗ്വാളിയോറിൽ

എത്തിച്ചേർന്നു. അവിടെ ഫത്‌വാൻ എന്ന പ്രഭുവിന്റെ ഉദ്യാനത്തിൽ താമസമുറപ്പിച്ചു, താമസത്തിനും ഭക്ഷണത്തിനും മററുമുള്ള എല്ലാ ഏർപ്പാടുകളും മഹാരാജാവിന്റെ വകയായിരുന്നു.

ഒരു ദിവസം മറാട്ടി സമ്പ്രദായത്തിലുള്ള ഭക്ഷണം ശരിപ്പെടുത്തി. അതിലെ പദാർത്ഥങ്ങളുടെ പട്ടിക നീണ്ടതാണ്. സയ്യിദ്‌സാഹിബിന്റേയും പ്രധാന വ്യക്തികളുടേയും കൈകൾ രാജാഹിന്ദുറാവുതന്നെ കഴുകിക്കൊടുത്തു. ആഹാരം കഴിഞ്ഞശേഷം പല സാധനങ്ങളും കാഴ്ചവെച്ചു. അക്കൂട്ടത്തിൽ മുത്തുകൾകോർത്ത വളരെ വിലപിടിച്ച മാലയും സ്വർണ്ണനൂലുകൾ ചാർത്തിയ അതിവിശേഷമായ ഒരു ജൂബായും ഉണ്ടായിരുന്നു. സയ്യിദ്‌സാഹിബിന്റെ ദേശീയ ധർമ്മസമരത്തിന്നു ദേശാഭിമാനികളായ ഹൈന്ദവസഹോദരന്മാർ സർവവിധമായ സഹായസഹകരണങ്ങളും നൽകിയിരുന്നു.

## മഹാരാജാവുമായുള്ള കൂടിക്കാഴ്ച

സുഖക്കേടുകാരണം മഹാരാജാ ദൌലത്തുറാവുവിന്നു സയ്യിദ് സാഹിബിന്റെ അടുക്കൽ പോവാൻ സാധിക്കാതെ വരികയാൽ കത്തുമാർഗ്ഗം അരമനയിലേക്കു ക്ഷണിച്ചു. കൊട്ടാരത്തിലെ വിശാലമായ ഹാളിൽ അനുയായികൾക്കു ഇരിക്കാൻ ഏർപ്പാടുചെയ്തു.

തദവസരം ഹിന്ദുറാവു സയ്യിദ്‌സാഹിബിന്റെ കൈ പിടിച്ചു അദ്ദേഹത്തെ മഹാരാജാവിന്റെ അരമനയിലേക്കാനയിച്ചു. സംസാരവിഷയം എന്താണെന്നുള്ളതു് അജ്ഞാതമാണ്, തദവസരത്തിൽ മഹാറാണി തിരശ്ശീലക്കു പുറകിൽ ഉപവിഷ്ടയായിരുന്നു. അങ്ങ് ഒരു വർഷം ഗ്വാളിയോറിൽ താമസിക്കണം അങ്ങയുടെ അനുയായികളുടെ ഭക്ഷണത്തിനും താമസത്തിനുമുള്ള ഏർപ്പാടുകൾ ഞാൻ ചെയ്തുകൊള്ളാം എന്നു് അപേക്ഷിച്ചു. പക്ഷെ



സയ്യിദ് അതു സ്വീകരിച്ചില്ല. അപ്പോൾ മഹാറാണി അങ്ങ് പരിവാരങ്ങൾ സഹിതം എത്രനാൾ ഇവിടെ താമസിക്കുന്നുവോ അക്കാലത്തെ ചിലവുകൾ മുഴവനും ഞാൻ വഹിച്ചുകൊള്ളാം എന്നു വീണ്ടും അപേക്ഷിച്ചു. അതും സ്വീകരിക്കുകയുണ്ടായില്ല. ഇതിനിടയിൽ അസർനമസ്കാരത്തിന്റെ സമയമായി ശൈഖ്ബാതിർ അലി ബാങ്കു വിളിച്ചു. ഹിന്ദുറാവുവിന്റെ കൽപനപ്രകാരം തോട്ടക്കാരൻ വെള്ളംകൊണ്ടുവന്നു എല്ലാവരും വുളൂഉണ്ടാക്കി പ്രാർത്ഥിച്ചു നമസ്കാരത്തിന്നു നേതൃത്വം നൽകിയതു് സയ്യിദ സാഹിബാണ്. പിന്നീടു മഹാരാജാവിനോട് വിടവാങ്ങി യാത്രതുടർന്നു.

## സൈനിക സജ്ജീകരണം

സാധാരണ തരംതിരിക്കലും പരിശോധനയും യാത്ര ആരംഭിക്കുന്നതിന്നുമുമ്പായി റായിബറേലിയിൽ വെച്ചു നടന്നിരുന്നു. എന്നാൽ ഗ്വാളിയോറിൽ എത്തിയശേഷമാണ് സൈനിക നിയമപ്രകാരമുള്ള തരംതിരിക്കൽ ഉണ്ടായത്. ഭടന്മാരെ അഞ്ചുവിഭാഗമായിതിരിച്ചു.

ഒന്ന് ജമാഅത്തുഖാസ്സ്—പ്രധാന ഗ്രൂപ്പ്കമാണ്ടർ മൌ: മുഹമ്മദ്‌യൂസഫ് സയ്യിദ്‌സാഹിബ് ഈ സംഘത്തോടൊപ്പമായിരുന്നു സഞ്ചരിച്ചിരുന്നത്.

രണ്ട്:—മുഖദ്ദീമത്തുൽ ജൈശു മുന്നണിപ്പട കമാണ്ടർ മൌ: ശാ: ഇസ്മായിൽ ശഹീദ.

മൂന്ന്:—മൈസറാ ഇടഭാഗസേന: കമാണ്ടർ സയ്യിദ സാഹിബിന്റെ സഹോദരപുത്രൻ സയ്യിദ്‌മുഹമ്മദ്‌യഅ്ഖൂബ്.

നാല്—മൈമന—വലതു വിഭാഗസൈന്യം തലവൻ—അംജദ്ഖാൻ.

അഞ്ച്—സാഖത്തുൽജൈശ്— പിന്നണിപ്പടനായകൻ അൻല്ലാബഖ്ഷ്

ഗ്വാളിയോറിൽ പത്തുദിവസത്തോളം താമസിച്ച ശേഷം പലനാട്ടുകളും ചുററിക്കറങ്ങി പാലിയിൽ എത്തി ച്ചേൎന്നു. യാതൊരു പുരോഗതിയും ഇപ്പോഴും പോലുംഇല്ലാത്ത ആ വിജന പ്രദേശത്തു പ്രസ്ഥാനത്തിൻെറ വിവരം കാട്ടുതീപോലെ പരന്നു. ആയിരക്കണക്കായ സ്ത്രീ പുരുഷന്മാർ ശിഷ്യത്വം സ്വീകരിച്ചു.

ശ്രദ്ധേയമായ ഒരു കഥ തദവസരത്തിൽ ഉണ്ടായി. ഒരു വൃദ്ധ സയ്യിദ സാഹിബിനെ ദർശിക്കാനായി പാലിയിൽ വന്നു, അവർ എത്തുന്നതിനു മുമ്പായി സയ്യിദസാഹബും അനുയായികളും സ്ഥലം വിട്ടുകഴിഞ്ഞിരുന്നു. ആ വൃദ്ധ തൻെറ മകളുടെ മകനോടുകൂടി പിന്തുടർന്നു. കംഗഢിൽവെച്ചു് കണ്ടുമുട്ടി ശിഷ്യത്വം സ്വീകരിച്ചു അമ്പതുറുപ്പിക സൈന്യത്തിൻെറ ചെലവിനായി സംഭാവനചെയ്തു പാലായിൽ നിന്നു സിന്ധു ഹൈദരാബാദിൽ എത്തിയപ്പോഴം സിന്ധ് നേതാക്കളുടെ പ്രതിനിധിയുടെ നിലയിൽ സയ്യിദ സാഹിബ് ഗത്തുൽലാ അദ്ദേഹത്തെ സ്വീകരിച്ചു.

അവിടെ ഒരാഴ്ച താമസിച്ചു. ജുംആ നമസ്ക്കാരം സിന്ധ് അധികൃതരുടെ അപേക്ഷപ്രകാരം കോട്ടയിൽവെച്ചാണു നടത്തപ്പെട്ടതു്. കുറെ നാളുകൾക്കുശേഷംയാത്ര തുടരാമെന്നു എല്ലാവരും ആവശ്യപ്പെട്ടു. എന്നാൽ ശൈത്യകാലം സമീപിച്ചതുകൊണ്ടു യാത്ര താമസിക്കാൻ വയ്യ. മഞ്ഞുവീണു മാർഗ്ഗതടസ്സം ഉണ്ടാകും' എന്നു പറഞ്ഞു. പുറപ്പെടാനുള്ള ശ്രമമായി. അപ്പോഴം ആയിരം രൂപയും ഒരു തോക്കും ആറു ജോഡി പിസ്റ്റളും അവർ നൽകി.

ഹൈദ്രബാദ് സിന്ധിൽനിന്നു പുറപ്പെട്ടു. ശികാർപൂരിൽ എത്തിയപ്പോഴം ധർമ്മഭടന്മാൎക്കാവശ്യമായ ഖദർ വസ്ത്രങ്ങളും— അതായതു മിലിട്ടറി യൂണിഫോറം തയ്യാറാക്കി ആ വിഭാഗത്തിൽ പണ്ഡിതാചാര്യന്മാരും പുരോഹിതന്മാരുടെ സന്താനങ്ങളും ഉൽകൃഷ്ഠ കുടുംബങ്ങളിലെ അംഗങ്ങളും ഉണ്ടായിരുന്നു. ശികാർപൂരിൽനിന്നു പുറപ്പെട്ടു ഡ്ഢവറിൽ എത്തി. അവിടെ നിന്നാണു ബോയാൻ താഴ്

വാരം ആരംഭിക്കുന്നതു്. പ്രസ്തുത താഴ്‌വാരത്തിലെ പ്രയാസങ്ങളും കഠിനകഠിനമായ ഞെരുക്കങ്ങളും സഹിച്ചുകൊണ്ടു കാബൂളിൽ ഒരു വിധത്തിൽ എത്തിച്ചേർന്നു. അവിടത്തെ ഭരണാധിപൻ ഗംഭീരമായ സ്വീകരണം നൽകി. ദിവസേന ഭക്ഷ്യപദാർത്ഥങ്ങൾ എത്തിച്ചുകൊണ്ടിരുന്നു. സത്യപ്രതിജ്ഞ എടുത്തശേഷം ജാഥയോടൊപ്പം പുറപ്പെടാൻ തയ്യാറായി. എന്നാൽ സയ്യിദ് സാഹിബു അതിനു അനുമതി നൽകിയില്ല.

കാബൂളിൽനിന്നും ഖണ്ഡഹാർ, ഗസ്നീ കാബൂൽ വഴിയായി പെഷാവറിൽ എത്തി. മൂന്നു ദിവസം അവിടെ താമസിച്ചശേഷം പാർസ്വദയിൽ പ്രവേശിച്ചു: ഏതാണ്ടു പത്തു മാസങ്ങൾക്കു മുമ്പു ഏതുകാര്യം ഉന്നംവെച്ചു സ്വദേശത്തോടു വിടവാങ്ങി യാത്ര ആരംഭിച്ചുവോ ആകാര്യം നേടിയെടുക്കാനാണു വിഷമയദുര്യിഷ്ഠമായ ഈ മലയിടുക്കിൽ കാലുകുത്തിയതു്. ഈ യാത്രയിൽ പുറകെ വരുന്നവർക്കു താമസിക്കാനും മറ്റും വേണ്ടുന്ന എല്ലാ ഏർപ്പാടുകളും ചെയ്തു പൂർത്തിയാക്കി.

ബീഹാരികളേയും ബംഗാളികളെയും കേവലം വിദേശികളായാണു കണക്കാക്കിയിരുന്നതു്. അവരെ സംശയിച്ചിരുന്നു. ആകയാൽ വഴി മദ്ധ്യേ ബുദ്ധിമുട്ടുകളും തടസ്സങ്ങളും നേരിടാതിരിക്കേണ്ടതിന്നു വേണ്ടി എല്ലാ ബന്തവസ്സുകളും ചെയ്തു എല്ലാ സ്ഥലങ്ങളിലും പാറാവുകാരെ നിശ്ചയിച്ചു. താമസ സൗകര്യങ്ങൾ സജ്ജമാക്കി. വഴിക്കൊന്നും പ്രയാസങ്ങളും പ്രതിബന്ധങ്ങളും നേരിടാതിരിക്കാൻ തക്കവണ്ണമുള്ള മുൻ കരുതലുമുണ്ടായിരുന്നു.

## താൽക്കാലിക ഗവർമ്മെണ്ടു്

ഖാഫില ഈ സ്വാതന്ത്ര്യ കേന്ദ്രത്തിൽ താവളമുറപ്പിക്കേണ്ട താമസം സിക്ക സേനയുമായി സംഘട്ടനം ആരംഭിച്ചു. അപ്പോൾ സമര നടത്തിപ്പിന്നും അദ്ധ്യയന പ്രദേശങ്ങളുടെ സംരക്ഷകം പരിപാലനത്തിന്നും ഒരു വ്യവ

സ്ഥാപിത ഭരണസമിതി അത്യന്താവശ്യമാണെന്ന ബോധം ഉദിച്ചു, ആകയാൽ ക്രി:1827 ജനുവരി 10, ഹി:1242

ജമാദിൽ ഇവ്വാ 12ന്നു താൽകാലിക ഗവമ്മെണ്ട രൂപം പൂണ്ടു. പ്രസ്തുത ഗവമ്മെണ്ട സ്ഥാപിക്കപ്പെടാൻ കാരണമാക്കിയതു സിക്കകാരുടെ കടന്നാക്രമണമാണ്. ഇതു സയ്യിദ സാഹിബും അനുയായികളും പ്രതീക്ഷിച്ചിരുന്നില്ല. അങ്ങിനെയാണ പ്രതിരോധ നടപടി കൈക്കൊള്ളാൻ അവർ നിർബ്ബന്ധിതരായതും താൽക്കാലിക ഭരണകൂടം സ്ഥാപിച്ചതും. എന്നാലതൊരു പട്ടാള ഗവമ്മെണ്ടായിരുന്നെങ്കിലും ഓരോ കാര്യത്തിന്നും വെവ്വേറെ വകുപ്പുകളും മേലാളന്മാരും ഉള്ള പരിഷ്കൃത സ്വഭാവമുള്ള ഗവമ്മെണ്ടായിരുന്നു. സിവിൽ ക്രിമിനൽ സൈനികം തുടങ്ങിയ വകുപ്പുകറക്കപെരിയായി ഇതിനെയെല്ലാം മേൽനോട്ടം ചെയ്യുന്ന ഒരു സാംസ്ക്കാരിക വകുപ്പും കൂടിയുണ്ടായിരുന്നു.

സയ്യിദ അഹമദ് സാഹിബ് പ്രസ്തുത ഗവമ്മെണ്ടിന്റെ അമീറായി നിയമിക്കപ്പെട്ടു. നിയമാനുസൃതം എല്ലാവരും അമീറിന്റെ മുമ്പിൽ സത്യപ്രതിജ്ഞ ചെയ്തു. ജാഥാഗങ്ങറക്ക പുറമെ ആ പ്രദേശത്തെ പലരും വാചകം ചൊല്ലി (1)

സ്വതന്ത്ര ഗവമ്മെണ്ടിന്റെ ദൂതന്മാരും പ്രബോധകന്മാരും ഇറാനിലേയും അഫ്ഗാനിസ്ഥാനിലേയും ഗോത്ര പ്രദേശങ്ങളിൽ എത്തി. സാമ്പത്തിക സൈനിക സഹായം അയച്ചുകൊണ്ടിരിക്കുന്ന കേന്ദ്രത്തിൽ സംഘാടകന്മാർ സഞ്ചരിച്ചു ഹൈദരാബാദ ഡക്കനിലേക്കും മദ്രാസ് പ്രദേശിലേക്കും സംഘത്തിലെ പ്രധാന അംഗവും ഉജ്ജ്വല പ്രാസംഗികനുമായ മൌലാനാ സയ്യിദ മുഹമ്മദ സാഹിബു റാംപൂരിയെ നിയോഗിച്ചു അദ്ദേഹത്തെ സഹായിക്കാൻ മററു മൂന്നുപേരെയും ധമ്മഭടന്മാക്ക ഇന്ത്യ

---

ഇസ്ലാമിക ഖിലാഫത്ത്‌രീതിയിലുള്ള ബൈഅത്ത് [പ്രതിജ്ഞ]യാണവർ നടത്തിയിരുന്നതു്.

യിൽനിന്നു അതൃത്തി പ്രദേശത്തു എത്തിച്ചേരാനുള്ള എളുപ്പവും ആയ വഴി കണ്ടുപിടിക്കുക മാർഗ്ഗതടസ്സങ്ങൾ തീർക്കുക മുതലായവയായിരുന്നു അവരുടെ ചുമതല

കുറച്ചു ദിവസങ്ങൾക്കശേഷം മൌ: വിലിയാഖത്ത് അലീസാഹിബിനെ ഹൈദരാബാദിലേക്കു നിശ്ചയിച്ചതായി കൽപന വന്നു. ഈ തീരുമാനം അദ്ദേഹത്തെ വല്ലാതെ വേദനിപ്പിച്ചു. സയ്യിദ് അഹ്മദു സാഹിബിനെ വിട്ടു പിരിയുന്നതു അദ്ദേഹത്തിനു അസഹ്യമായിത്തീർന്നു. സയ്യിദുസാഹിബ് അദ്ദേഹത്തെ സാന്തനപ്പെടുത്തികൊണ്ടു പറഞ്ഞു. „മൌലാനാ ഞങ്ങൾ അങ്ങയെ വിത്തായാണു കണക്കാക്കുന്നതു്'' ഒപ്പം മൂന്നു് പേരെക്കൂടി അയച്ചു.

മൌ: ഇനായത്തുല്ലാ!! സാഹിബിനെ ബംഗാളിലേക്കും മൌ:മുഹമ്മദുഖാസിം സാഹിബിനെ ബൊമ്പായിലേക്കും നവാബുസിദ്ദീഖ് ഹസൻ സാഹിബിൻെറ പിതാവ് മൌ:സയ്യിദ ഔലാദുഹസൻ സാഹിബ് ഖനൂജിയേയും സയ്യിദു സാഹിബിൻെറ മരുമകൻ സയ്യിദുഹമീദുദ്ദീൻ സാഹിബിനേയും തബ്ലീഗി-ദൌത്യ നിർവ്വഹണം തൻസീയാ(സം:ഘടിപ്പിക്കാനും വേണ്ടി യുപിയുടെ വിവിധ പ്രദേശങ്ങളിലേക്കയെച്ചു.

മിയാൻദ്ദീൻ മുഹമ്മദിനെയും മിയാൻപീർ മുഹമ്മദിനെയും വേറെകുറെ പേരെയും ഭാരത ഭൂഖണ്ഡത്തിൻെറ നാനാഭാഗങ്ങളിൽ കത്തുകൾ എത്തിക്കുവാനും പണം പിരിച്ചുകൊണ്ടു വരുവാനുമായി നിയോഗിച്ചു. ഈ ഏർപ്പാട് സയ്യിദുസാഹിബിൻെറ നേതൃത്വത്തിലുള്ള യുദ്ധഡിപ്പാർട്ടുമെൻറുമായി ബന്ധപ്പെട്ടതായിരുന്നു,

ഇതിനു പുറമേ ഹ:ശാ അബ്ദുൽഅസീസ് സാഹിബിൻെറ പ്രതിനിധി ശാഹ്ഇസ്ഹാഖ്സാഹിബ് ദില്ലി കേന്ദ്രത്തിൽനിന്നു സഹായങ്ങൾ തുടർച്ചയായി അയച്ചുകൊണ്ടിരുന്നു.

ഈ ഗവർമ്മെണ്ടു കെട്ടുറപ്പും ജനപിന്തുണയുമുള്ളതായിരുന്നുവെന്നതിന്നു താഴെ കൊടുക്കുന്ന സംഗതി തെളിവാണ്.

സ്വതന്ത്ര ഗവർമ്മെണ്ടു ഉടലെടുത്തിട്ടു കുറഞ്ഞ ആഴ്ചകളെ കഴിഞ്ഞിട്ടുള്ളൂ. സൈദ എന്ന സ്ഥലത്തു യുദ്ധം നടക്കുന്ന- തദവസരത്തിൽ ലക്ഷത്തോളം വരുന്ന പട്ടാളക്കാർ പ്രസ്തുത ഗവർമ്മെണ്ടിന്നുണ്ടായിരുന്നു.

# താൽക്കാലിക ഗവർമ്മെണ്ടിന്റെ ലക്ഷ്യം

സയ്യിദ സാഹിബ് ആ താൽക്കാലിക ഗവർമ്മെന്റിന്റെ മേൽകോയ്മാ സ്ഥാനം ഏറ്റെടുത്തെങ്കിലും തന്റെ ലക്ഷ്യവും ഉദ്ദേശ്യവും എന്താണെന്നും സ്വന്തം അഭിപ്രായത്തിനും ഇഷ്ടത്തിനും നിരക്കാത്ത കാര്യം എന്തിനു് ഏറ്റെടുത്തിരിക്കുന്നുവെന്നും വ്യക്തമായ ഭാഷയിൽ വെളിപ്പെടുത്തുകയുണ്ടായി അതിപ്രകാരമാണ്. ഭരണാധികാരത്തേയും ലീഡർഷിപ്പിനെയും മോഹിക്കുന്നില്ല രാജാവായി വാഴണമെന്നു ഞാനാഗ്രഹിച്ചില്ല. പിന്നെ ഈ സാഹസത്തിനു് ഒരുമ്പെട്ടതു വിദേശാധിപത്യത്തെ തുടച്ചുനീക്കാനും ഭരണ സാരഥ്യം അർഹതയും കഴിവും ഉള്ള ഭാരതീയരുടെ കയ്യിൽ ഏൽപിക്കുക എന്നതത്രെ എങ്ങിനെയെന്നാൽ ഹിറാസിലെ സുൽത്താനും കാബൂൻ അമീറിനും ബുഖാറാശാഹിനും ഖ്ലാത്തു റഈസിനും സ്വതന്ത്രഗോത്രങ്ങളിലെ സർദാർമാർക്കും ഇന്ത്യയിലെ പ്രമുഖ വ്യക്തികൾക്കും ഉലാമാക്കൾക്കും ചില രാജാക്കന്മാർക്കും സിക്ക ഗവർമ്മെണ്ടിന്റെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്മാർക്കും ഈ വിഷയകമായി ഞാൻ കത്തുകൾ എഴുതീട്ടുണ്ട്. അതിപ്രകാരമായിരുന്നു. "അല്ലാഹു സാക്ഷി, ഞങ്ങളുടെ ഉദ്യമവും അഭിലാഷവും ധനശേഖരമല്ല സ്വന്തമായ ഒരു ഭരണകൂടം ഉണ്ടാക്കലും അല്ല പ്രത്യുത ഞങ്ങൾ സർവ്വശക്തനായ അല്ലാഹുവിന്റെ ഏററവും എളിയ സൃഷ്ടികളാണ്. ഈശ്വര സൃഷ്ടികളെ അടിച്ചമർത്തണമെന്ന വ്യാമോഹം ഞങ്ങളുടെ ഹൃദയങ്ങളെ മലിനപ്പെടുത്തിട്ടില്ലതന്നെ ആരുടെയും അധികാരം പിടിച്ചു പററാനുള്ള യാതൊരു ആശയും ഞങ്ങൾക്കില്ല. പിന്നെ ഒന്നുണ്ട് ഞങ്ങളുടെ നാട്ടിനെ സ്വ

തന്ത്ര്യയാക്കുക എന്നുള്ളതാണ് അത് എന്തുകൊണ്ടെന്നാൽ മതത്തിന്റെ ആജ്ഞ അതാണ്. ഈശ്വര കടാക്ഷം അതിന് ലഭിക്കുമെന്ന് ഞങ്ങൾക്കുറപ്പുണ്ട്''

ഹ: മൌ: സയ്യിദ് ഹുസൈൻ അഹ്മദ് മദനീ അവർകൾ ഇങ്ങനെ എഴുതുന്നു:—

'സയ്യിദ്സാഹിബിന്റെ പരമപ്രധാനമായ ഉദ്ദേശ്യവും വീക്ഷണവും ആംഗ്ലേയ വാഴ്ചയെയും, ആധിപത്യത്തെയും ഇന്ത്യയിൽനിന്നും എന്നെന്നേക്കുമായി പിഴുതെറിയുക എന്നതായിരുന്നു, അക്കാര്യത്തിൽ ഹിന്ദുക്കളും മുസ്ലീംങ്ങളും ഏകാഭിപ്രായക്കാരായിരുന്നു അതുകൊണ്ടാണ് തങ്ങളോടൊപ്പം ചേന്നാൻ ഹിന്ദുക്കളെ കൂടി ക്ഷണിച്ചത്- എന്നു മാത്രമല്ല. അദ്ദേഹം വളരെ വളരെ വ്യക്തമായ ഭാഷയിൽ പ്രഖ്യാപനം ചെയ്തു. എന്റെ ഏക ഉദ്ദേശ്യം നാട്ടിൽനിന്നു വിദേശീയരുടെ വാഴ്ച അവസാനിപ്പിക്കലാണ് അതുണ്ടായ ശേഷം ആര് ഭരിച്ചാലും വേണ്ടതില്ല, എന്നെ സംബന്ധിച്ചിടത്തോളം അതൊരു പ്രശ്നമേ അല്ല. ഭരിക്കാൻ അർഹതയും യോഗ്യതയും ഉള്ളവർ ഭരിക്കും. അവർ ഭരിക്കട്ടെ അതു ഹിന്ദുവായാലും തരക്കേടില്ല അല്ലെങ്കിൽ മുസൽമാനായാലും വിരോധമില്ല അതുമല്ലെങ്കിൽ രണ്ടുകൂട്ടരും കൂടി ഭരിക്കുന്നതും കൊള്ളാം. ഏതു വിധമായാലും വൈദേശികാധിപത്യം ഇവിടെ അരുത്.

ഈ വിഷയകമായി പ്രസ്തുത പ്രഖ്യാപനത്തിനു ഉപോൽബലമായി അതൃത്തിയിൽനിന്നും ഗ്വാളിയോർ സൈററിലേ മദാറുൽ മുഹാം മഹാരാജ് ദൌലത്ത് റാം സിന്ധ്യയുടെ വസീറും ന്യായാധിപനുമായിരുന്ന രാജാഹിന്ദുറാവുവിന് അദ്ദേഹം ഒരു കത്തെഴുതി. പേർഷ്യൻ ഭാഷയിൽ എഴുതിയ അർത്ഥഗർഭമായ കത്തിന്റെ പദാനുപദ തർജ്ജമ താഴെ ചേർക്കുന്നു. പ്രസ്തുത കത്തു പഠനാർഹമാണ് അഭ്യർത്ഥനകളും ഉപദേശങ്ങളും അടങ്ങിയതാണ്. ആവേശവും സ്വാതന്ത്ര്യബോധവും ഉജ്ജീവിപ്പിക്കാൻ പര്യാപ്തമാണ്. വിദേശാധിപത്യത്തിന്റെനേരെ അടങ്ങാനാവാത്ത അമർഷം ജനിപ്പിക്കുന്നതാകുന്നു:—

മഹാപ്രഭോ! അങ്ങേക്കു നല്ലവണ്ണം അറിയാവുന്ന ഗൌരവതരമായ ഒരു വസ്തുതയിലേക്കു ഞാൻ അങ്ങയുടെ ശ്രദ്ധയെ ക്ഷണിക്കുന്നു, മഹാശയാ! ആ വിദേശികൾ, നമ്മുടെ പ്രിയപ്പെട്ട നാട്ടിൽനിന്നു വളരെ വളരെ അകലെ അധിവസിക്കുന്നവരും വ്യാപാരത്തിന്റെ പേരിൽ ഇന്നാട്ടിൽ കടന്നുപററിയവരും ആണ് അവരിപ്പോൾ നമ്മുടെ യജമാനന്മാരായി കഴിഞ്ഞിരിക്കുന്നു. രാജപദവിയിൽ എത്തിയിരിക്കുന്ന അവർ വലിയ വലിയ അമീർമാരുടെ പ്രതാപവും പ്രഭുത്വവും ഉന്നതപദവിയിലുള്ള നാട്ടുരാജാക്കന്മാരുടെ നാട്ടും പദവിയും മററും നാമാവശേഷമാക്കിയിരിക്കുന്നു. അവരെ പററെ അവഹേളിക്കുകയും അപമാനിക്കുകയും നിന്ദ്യരും നികൃഷ്ടരുമായി ചിത്രീകരിക്കുകയും ചെയ്തിരിക്കുന്നു. അങ്ങിനെ രാഷ്ട്രത്തിന്റെയും ഭരണത്തിന്റെയും ഉടമകളായ അക്കൂട്ടർ ആളുകളിൽ നിന്നു അകന്നു അജ്ഞാതവാസവും ഏകാന്തജീവിതവും അനുഭവിക്കേണ്ടിവന്നിരിക്കുന്നു. എന്നാൽ ഭൂപതീ! ചില ഫഖീർമാരും മിസ്കീൻമാരും അരയും തലയും മുറുക്കി രംഗപ്രവേശം ചെയ്തിരിക്കുന്നു പരവശരായ ഈ സംഘത്തിനു ദൌത്യപദവി നേടാനുള്ള മോഹം ലവലേശവും ഇല്ല. എന്നാലവർ സർവ്വശക്തനായ റബ്ബിന്റെ മതസേവനാർത്ഥം ആത്മാർപ്പണത്തിന്നു പുറപ്പെട്ടിട്ടുള്ളവരാണ്- അവർ ധനം സമ്പാദിക്കാനോ, ഭരണം പിടിച്ചുപററാനോ അല്ല ഈ സാഹസത്തിനു മുതിന്നതു്.

ഏതവസരത്തിൽ ഭാരതഭൂമുഖത്തു് നിന്നും വൈദേശിക ശത്രുക്കളുടെ ആധിപത്യം നിശ്ശേഷം അവസാനിപ്പിക്കുന്നുവോ അപ്പോൾ നമ്മുടെ ത്യാഗങ്ങളുടേയും പ്രയത്നങ്ങളുടെയും അസ്ത്രങ്ങൾ ലക്ഷ്യസ്ഥാനത്തു തറച്ചതായി പരിഗണിക്കപ്പെടും, അങ്ങിനെ വിദേശിയരുടെ നീരാളിപിടുത്തത്തിൽ നിന്നു ഇന്ത്യ വിമുക്തയായാലുള്ള സ്ഥിതിവിശേഷത്തെപററി സയ്യിദ് സാഹിബ് പറയുന്നതു ഇപ്രകാരമാണ്: —

''ബ്രിട്ടൻ ഒഴിഞ്ഞുപോയാൽ നാട്ട് ആരു ഭരിക്കുമെന്നപ്രശ്നം പ്രസക്തമല്ല. നാട്ടും നാടിന്റെ ഭരണാധികാ



രവും കയ്യേററു് നടത്താൻ അർഹതയും കഴിവുമുള്ള വ്യക്തികൾ ഇവിടെ വിരളമല്ല. അവർ ഭരിക്കും അവർമൂലം നാട്ടിലുടനീളം ശാന്തിയും സംതൃപ്തിയും വ്യാപിക്കും. അവ്വിധമുള്ള ഒരു ഭരണക്കൂടമുണ്ടാകുമ്പോൾ ഈ പാവങ്ങൾ വിസ്മൃതിഗർത്തത്തിലേക്കു വലിച്ചെറിയപ്പെട്ടുമെന്നുള്ള ആശങ്ക ഞങ്ങൾക്കു തീരെയില്ല. ഒരു സംഗതി മാത്രമാണു പ്രമുഖ വ്യക്തികളിൽ നിന്നും പ്രശസ്തരായ അധികൃതരിൽ നിന്നും ഈ പാവങ്ങൾ ആശിക്കുന്നതു്.

''മുസ്ലീമിങ്ങളെ സർവ്വാത്മനാ സഹായിക്കണം അവരുമായുള്ള സൌഹൃദബന്ധം നിലനിറുത്തണം അവരുടെ ഗവമ്മെണ്ടു നല്ലകെട്ടുറപ്പുള്ളതാവട്ടെ, സയ്യിദ് സാഹിബ് ഗ്വാളിയോർ സ്റ്റേററിലെ ഒരു പ്രധാന ഉദ്യോഗസ്ഥനായ ഗുലാംഹൈദർ ആലീഖാനു ഒരു കത്തെഴുതി. അതിലെ ഉള്ളടക്കം ഇപ്രകാരമാണ്.

മഹാശയാ കലുഷിതമായ ഈ ഘട്ടത്തിൽ മഹാനായ രാജാഹിന്ദുറാവുവിന്റെ ശ്രദ്ധ അതിപ്രധാനമായ ഒരു വിഷയത്തിലേക്കു ക്ഷണിക്കാൻ ഞാൻ താങ്കളോടപേക്ഷിക്കുകയാണ് ഇന്ത്യാഉപഭൂഖണ്ഡത്തിന്റെ വളരെ വലിയ ഭാഗം വിദേശികളുടെ കയ്യിൽ അകപ്പെട്ടുപോയിരിക്കുന്നു അവർ സർവ്വത്ര കഠിനമർദ്ദനങ്ങളും അക്രമങ്ങളും നടത്തീട്ടാണു ഭരണം ഉറപ്പിക്കുന്നതു ഇന്ത്യയിലെ രാജാക്കന്മാർ നശിച്ചുകഴിഞ്ഞിരിക്കുന്നു യാതൊരാൾക്കും ആ വിദേശികളെ നേരിടാനുള്ള ശക്തിയും കഴിവുമില്ല. എന്നുമാത്രമല്ല എല്ലാവരും അവരെ യജമാനൻമാരായി പരിഗണിച്ചുവരുന്നു. എന്നാൽ മഹാരാജാക്കന്മാരും നാടുവാഴികളുമൊക്കെ പരാജയംപൂണ്ടു അലസമായി ഇരിക്കുകയാണെങ്കിലും യാതൊരു പദവിയും പ്രതാപവുമില്ലാത്ത ചില പാവങ്ങൾ രണ്ടുംകൽപിച്ചു രംഗത്തിറങ്ങിയിരിക്കുന്നു ഈ അവസരത്തിൽ വളരെക്കാലം രാജ്യംഭരിച്ച മഹാന്മാർക്കു ഒരു കടപ്പാടുണ്ടു് അവർ ഈ ധീരയോദ്ധാക്കളായ ത്യാഗമൂർത്തികളെ മനസാ വാചാ കർമ്മണാ സഹായിക്കണം. ഇതു നാട്ടിനെമോചിപ്പിക്കുവാനുള്ള സംരംഭമായികണക്കാക്കണം.

സയ്യിദ്സാഹിബിന്റെ പുതിയ ഗവമ്മെണ്ടിനു സുദീർഘകാലം നിലനിൽക്കാൻ കഴിയായ്കയാൽ ശാഹ് വലിയുല്ല മനനംചെയ്തതരത്തിലുള്ള ഗവർമ്മെണ്ടുണ്ടാക്കാൻ അദ്ദേഹത്തിനും തന്റെ പാർട്ടിക്കും സാധിച്ചില്ലെന്നുള്ളതും പരമാത്ഥമാണ് ശാഹ്സാഹിബ് തന്റെ ''അൽബുദൂറുൽബാസിഗ്'' എന്ന സുപ്രസിദ്ധ ഗ്രന്ഥത്തിൽ പുരോഗമനപരവും പരിഷ്കൃതവുമായ ഒരു ഭരണകൂടത്തിനു ഉണ്ടായിരിക്കേണ്ട ഗുണവൈശിഷ്ട്യങ്ങളെ അപഗ്രഥനം ചെയ്തുകൊണ്ടു അതിന്റെ മൌലിക സിദ്ധാന്തങ്ങളെ അഞ്ചുവകുപ്പായി തരംതിരിച്ചിരിക്കുന്നു.

വർണ്ണം, വംശം, ജാതി, മതം, സമുദായം എന്നിവക്കതീതമായി കഴിവും അർഹതയും പ്രാപ്തിയുമുള്ള വിദഗ്ദ്ധന്മാരെ തേടിപ്പിടിച്ചു ഓരോ വകുപ്പിന്റെയും ഉത്തരവാദിത്വം ഏൽപിക്കണം—തദനന്തരം പ്രസിഡണ്ടിന്റെ അല്ലെങ്കിൽ പ്രധാനമന്ത്രിയുടെ പദവിയിലേക്കു ഒരാളെ തിരഞ്ഞെടുക്കണം- എല്ലാ വകുപ്പുകളുടേയും മേൽനോട്ടംചെയ്യാനും നിയന്ത്രിക്കാനുംഉള്ള സാമത്ഥ്യവും വൈഭവവും അങ്ങിനെയുള്ള ആളുകൾക്കുണ്ടായിരിക്കണം. ഈ ഗുണങ്ങളൊത്ത വ്യക്തികളാണു ഇമാമുൽഹഖ്——യഥാത്ഥനേതാവ്———സച്ചാറഹൻമാ.

ഈ അൽഇമാമുൽഹഖ്ഡിക്റേററും ആവാം എന്നാൽ അവ്വിധമുള്ള സർവ്വഗുണസമ്പൂർണ്ണനായ വ്യക്തി ഒരപൂർവ്വവസ്തുവാണ്. എന്നല്ല ഭൂമുഖത്ത് കാണുവാൻ സാദ്ധ്യമല്ല തന്നെ ആകയാൽ പ്രായോഗികമായ മറെറാരു എളുപ്പമാർഗ്ഗമാണ് അദ്ദേഹം നിർദ്ദേശിക്കുന്നതു്. 'ഏതാനും ബുദ്ധിജീവികളും പരിചയസമ്പന്നന്മാരും നിയമജ്ഞന്മാരും അതുസാദ്ധ്യമല്ലെങ്കിൽ പൊതുജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട സംഘം (പാർലിമെൻറും കാബിനററും നിയമസഭകളും) ഭരണത്തിന്റെ ചുമതല വഹിക്കണം.

ഒരു ശരിയായ ഡിക്റേററരാവാൻ പററുന്ന ഇമാമുണ്ടാകുക എന്നത് അത്ര എളുപ്പമല്ല. ആ നിലവന്നാൽ ഒരു ബോർഡ് ഉണ്ടാക്കുക. അല്ലെങ്കിൽ ബുദ്ധിജീവികൾക്കു

സാമാന്യജനങ്ങൾക്കും സ്വീകാര്യമായ അംഗങ്ങൾ ഉൾപ്പെട്ട ഭരണസമിതി,പാർലിമെൻറ്സംവിധാനം ചെയ്യുക എന്നുള്ളതാണ് ശാഹ്‌വലിയുല്ലായുടെ അഭിപ്രായം എന്നു മൌലാനാ ഉബൈദുല്ലാ സിന്ധിപറയുന്നു.

# താൽക്കാലിക ഗവർണ്മെൻറ ആസാദ്ഹൌസ്

മററുള്ളവരെ നശിപ്പിക്കുകയല്ലജിഹാദ് എന്നു മുമ്പ് വ്യക്തമാക്കീട്ടുണ്ട്. എന്നാൽ ഒരു മുജാഹിദായി പരിഗണിക്കുന്നതു അനാനിയ്യത്തിനെ അഹംഭാവത്തെ സ്വന്തം അസ്തിത്വത്തെ നശിപ്പിക്കുമ്പോഴാണ് നീതിയും ന്യായവും, സത്യവും നിലനിറുത്താൻവേണ്ടി സകലവിധ ദുരാഗ്രഹങ്ങളും ദുർമ്മോഹങ്ങളും അഭിലാഷങ്ങളും അനുഭൂതികളും എന്നുവേണ്ട എല്ലാവിധ താൽപര്യങ്ങളും പരിത്യജിച്ചു അവൻവെറും ഉപകരണത്തിൻെറനിലയിൽ ആയിത്തീരുന്നു. സത്യവും നീതിയും നിലനിറുത്താൻ വേണ്ടി സ്വജീവനെപ്പോലും ബലിഅർപ്പിക്കുന്നു. സത്യവാഞ്ഛയാണ് അവൻെറ പ്രേരണശക്തി. ഈ ത്യാഗബോധം ഹൃദയത്തിൻെറ അടിത്തട്ടിൽനിന്നു പതച്ചുപൊന്തി നാവിൽകൂടി ഒഴുകുന്നു

ഇത്തരത്തിലുള്ള മുജാഹിദുകളുടെ സ്വഭാവ വൈശിഷ്ട്യങ്ങളെ തെളിയിക്കുന്ന ചില കഥകൾ വിവരിക്കാം.

'അകോലയിൽ രാത്രി ഒളിയുദ്ധത്തിനുള്ള ഭടന്മാരുടെ പട്ടികയിൽ അബ്ദുൽമജീദ് ആഫ്രീദിയുടെ പേരുണ്ടായിരുന്നു. അദ്ദേഹം ജ്വരംബാധിച്ചു കിടപ്പിലായതുകൊണ്ടുയുദ്ധത്തിനുപോകാൻ അനുവദിക്കപ്പെട്ടില്ല, തൻെറ പേർ ലിസ്റ്റിൽനിന്നു നീക്കപ്പെട്ടിരിക്കുന്നു എന്നറിഞ്ഞപ്പോൾ അദ്ദേഹം അസ്വസ്ഥചിത്തനായി സംഭ്രമത്തോടും തീരാ

ത്ത ദുഃഖത്തോടുകൂടി സയ്യിദ്സാഹിബിന്റെ സന്നിധിയിലെത്തി കരഞ്ഞുകൊണ്ടപേക്ഷിച്ചു. ഹസ്രത്ത്! നടക്കാൻ സാധിക്കാത്തതരത്തിലുള്ള രോഗം ഇപ്പോഴെനിക്കില്ല. ''അല്ലാഹുവിന്റെ നാമത്തിൽ നടത്തപ്പെടുന്ന ആദ്യത്തെ യുദ്ധമാണല്ലോ ഇതു്. അതിൽ പങ്കെടുക്കാനുള്ള ഭാഗ്യം എനിക്കു നിഷേധിക്കപ്പെടുകയാണോ.'' ആഫ്രീദിയുടെ ത്യാഗാവേശവും പരിഭ്രമവും കണ്ടിട്ടു സയ്യിദ്സാഹിബ് അദ്ദേഹത്തിന്റെ പേർ ലിസ്റ്റിൽ ചേർപ്പിച്ചു അന്നരാത്രിയുണ്ടായ യുദ്ധത്തിൽ തന്നെ അദ്ദേഹം ശഹീദായി എന്നാൽ ശത്രുപക്ഷത്തെ 14 പട്ടാളക്കാരെ വകവരുത്തിയ ശേഷം തന്റെ വാൾ മുറിഞ്ഞുപോയി. തദനന്തരം ശത്രുക്കളാൽ വളയപ്പെട്ടു. അങ്ങിനെയാണ് ആ വീരമുജാഹിദ് രക്തസാക്ഷിയായതു്.

മറെറാരു സ്ഥലത്തു യുദ്ധസംരംഭങ്ങൾ തകൃതിയായി നടക്കുകയാണ്. ധർമ്മഭടന്മാർ അന്യോന്യം ആലിംഗനം ചെയ്തു മാപ്പപേക്ഷിക്കുന്നു. ലൌകിക സുഖസൌകര്യങ്ങളും ബന്ധങ്ങളും പരിത്യജിച്ച ആ ധീരസേനാനികൾ തമ്മതമ്മിൽ വസിയ്യത്ത് ചെയ്യുന്നു ഈ വസിയ്യത്ത് ഭാര്യാസന്താനങ്ങളെയും കുടുംബത്തെയും രക്ഷിക്കാനോ വസ്തുവഹകൾ മേൽനോട്ടം ചെയ്യാനോ ബന്ധുമിത്രങ്ങളെ വിവരം അറിയിക്കാനോ അവർക്കായി സ്മാരകങ്ങൾ നിർമ്മിക്കാനോ ആയിരുന്നില്ല. അത്തരത്തിലുള്ള ഹീനമായ ആശകൾ ലവലേശം സ്പർശിക്കാത്തവരാണവർ. ഈശ്വരധ്യാനത്തിൽ വ്യാപൃതരായ ഈ ത്യാഗിവര്യന്മാർ ഈ ലോകത്തെയും ലൌകിക സുഖസൌകര്യങ്ങളെയും പ്രശാന്തമായ ചുററുപാടിനേയും പറെറ വിസ്മരിച്ചുകഴിഞ്ഞിരിക്കുന്നു. എല്ലാവരുടേയും നാവിൽനിന്നു ഓരേ ഒരു വസിയ്യത്ത് ഒരേ ഒരു സന്ദേശം മാത്രമാണ് പുറപ്പെട്ടിരുന്നതു്. അതു ഇതാണ്.

''സഹോദരന്മാരെ ഞങ്ങൾ പടക്കളത്തിൽവെച്ച രക്തസാക്ഷികളായിതീരുകയോ അഥവാ മുറിപ്പെട്ടു വീഴുകയോ ചെയ്താൽ ഞങ്ങളുടെ മൃതദേഹങ്ങൾ എടുത്തുകൊണ്ടുപോകാനോ അല്ലെങ്കിൽ മുറിവേററവരെ ശുശ്രൂഷിക്കാനോ ആരും ഉദ്യമിക്കരുത്. കിട്ടിയ സമയവും സൗകര്യവും നൊടിയിടപോലും പാഴാക്കാതെ ശരിക്കും ശത്രുക്കളുടെ നേരെ ഉപയോഗപ്പെടുത്തണം. ഇതാണ് വിജയത്തിനുള്ള ശരിയായ മാർഗ്ഗം.''

ദേവ്ബന്തിലെ മുജാഹിദുകളുടെ കൂട്ടത്തിൽ ശൈഖ് ബുലന്ദ്ബഖും സഹോദരൻ മുഹമ്മദലിസാഹിബും ഉണ്ടായിരുന്നു. ഒരു യുദ്ധത്തിൽ സഹോദരൻ മൃതിയടഞ്ഞു. ഈ ദാരുണവാർത്ത അറിഞ്ഞപ്പോൾ ശൈഖ്ബുലന്ദ്ബഖത് പറഞ്ഞതിപ്രകാരമാണ്. അൽഹംദുലില്ലാ! എൻെറ പ്രിയ സഹോദരൻ ഏതൊരു മുറാദോടു (1) കൂടിവന്നുവോ അതു് പൂർത്തിയായി- ശഹീദാവാനുള്ള ഭാഗ്യം സർവ്വശക്തനായ അല്ലാഹു നമുക്കെല്ലാവക്കും നൽകട്ടെ. ഇതേതരത്തിലുള്ള മറെറാരു സംഭവം കൂടി പറയാം. ഒരു മുജാഹിദ് ശത്രുക്കളിൽ മുറിയേററ് പടക്കളത്തിൽ വീണപ്പോൾ അദ്ദേഹത്തിൻെറ വായിൽ നിന്നു പുറപ്പെട്ടത് ഇതാണ്- ''അല്ലാഹുവിൽ സത്യം ചെയ്തു ഞാൻ പറയുന്നു. തീർച്ചയായും ഞാൻ വിജയിച്ചിരിക്കയാണ്.''

## സഹനവും മനക്കരുത്തും

സൈദവിൽ നടന്ന യുദ്ധം പരാജയപ്പെട്ട ശേഷം മുജാഹിദുകളുടെ ഏകതാ സ്വഭാവത്തിനു മാററം സംഭവിച്ചു. അവർ പല സ്ഥലത്തേക്കും നീങ്ങി ഒടുവിൽ അവർ സങ്ളാ എന്ന സ്ഥലത്തെത്തിച്ചേർന്നു. അബോധാവസ്ഥയിലായിരുന്ന സയ്യിദ് സാഹിബിനെ അവിടെ കൊണ്ടുവന്നിട്ടുണ്ടായിരുന്നു. വെള്ളവും, വായുവും മോശമായതുകൊണ്ട് മുജാഹിദുകളിൽ വളരെ പേർ രോഗികളായി തീ

(1) ഉദ്ദേശ്യം

ന്നു, എന്നുമാത്രമല്ല ദിവസേനയെന്നോണം ഒന്നും രണ്ടും പേർ വീതം മരിക്കാനും തുടങ്ങി. ഇതിനുപുറമേ ജീവി ക്കാൻ അങ്ങേയററത്തെ വിഷമവും അനുഭവപ്പെട്ടു- നൂറുക ണക്കിലുള്ള മുജാഹിദുകളുടെയിടയിൽ രോഗം പിടിപെ ടാത്തവരായി ആറേഴുപേർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അ വർ അഹോരാത്രം രോഗികളെ പരിപാലിക്കുന്നതിൽ വ്യാപൃതരായിരുന്നു. അകോട യുദ്ധത്തിൽ മുറിപ്പെട്ടുകിട ക്കുന്ന സയ്യിദ് റുസ്തും അലി ആരോഗ്യം വീണ്ടുകിട്ടുന്നതി നുമുമ്പായി തന്നെ സ്ഥലത്തെത്തിയ രോഗികളെ ശുശ്രൂ ഷിക്കുന്നതിൽ പ്രത്യേകം ശ്രദ്ധചെലുത്തി. 40 രോഗിക ളെ പരിപാലിക്കാനുള്ള ഉത്തരവാദിത്വം അദ്ദേഹം ഏ റെറടുത്ത്- ഈവക അതി രൂക്ഷമായ കഷ്ടപ്പാടുകറക്കു പുറമെ ജീവിക്കാനുള്ള മാർഗ്ഗങ്ങളും തടയപ്പെട്ടിരിക്കയാ ണ് ഓരോ വ്യക്തിക്കും ദിവസേന ഒരു പിടി ധാന്യം കിട്ടും. രോഗം പിടിപെടാത്തവർ അതു പൊടിച്ചു റൊട്ടി ചുട്ടു വെള്ളത്തിൽ കലക്കി കഞ്ഞിയാക്കി രോഗികറക്കു കൊടുക്കും. എന്നാൽ ഭക്ഷണ ക്ഷാമം അവിടംകൊണ്ടും അ വസാനിച്ചില്ല. നിത്യേന കിട്ടിക്കൊണ്ടിരുന്ന ഒരു പിടി ധാന്യവും കിട്ടാതെയായി. അപ്പോറം കാട്ടിൽ പോയി തിന്നാൻ കൊള്ളാവുന്ന കിഴങ്ങുകളും ഇലകളും പറിച്ചുകൊ ണ്ടുവന്നു വലിയ കലങ്ങളിലിട്ടുവേവിച്ചുഉപ്പ് ചേത്ത് ഭ ക്ഷിക്കയും അതുതന്നെ രോഗികറക്ക് കൊടുക്കുകയും ചെ യ്തുകൊണ്ടിരുന്നു. കാട്ടിൽ നിന്നു ഒരു പ്രത്യേക ജാതി കിഴങ്ങും അവർ കണ്ടുപിടിച്ചു. അത് ചൂടുവെള്ളത്തിൽ ക ലക്കി ഉപ്പ്ചേത്തി രോഗികറക്ക് കുടിക്കാൻ കൊടുത്തിരുന്നു.

ഇത്തരത്തിലുള്ള അതി ഭയങ്കരങ്ങളായ കഷ്ടപ്പാടുക ട്ടും ഞെരുക്കങ്ങളും തീരാ ക്ലേശങ്ങളുമുണ്ടായിട്ടും യാതൊ രു മടുപ്പും മുഷിപ്പും ഇടർച്ചയും തളർച്ചയും അവർക്കുണ്ടായി ല്ല. പ്രത്യുത ഈ ദുശ്ചരിതങ്ങളെല്ലാം അവരുടെ ദൃഢനിശ്ച യത്തിനും മുന്നേററത്തിനും ഊക്കും ഉത്സാഹവും വദ്ധിപ്പി ച്ചതേയുള്ളു. കരിങ്കൽ പാറകളെപ്പോലെ ചലനവും ചപ

ഖതയും കൂടാതെ മുജാഹിദീങ്ങാംഉറച്ചു നിന്നു. യാതൊരു ശ ക്തിക്കും അവർ വഴിമാറികൊടുത്തില്ല. മൃതദേഹങ്ങാം കഫം ചെയ്യാൻ വേണ്ടത്ര വസ്ത്രങ്ങളില്ലായ്കയാൽ പ്ലകാം കീറിയാണ് ആ കർമ്മങ്ങാം നിർവ്വഹിക്കപ്പെട്ടത്.

## സത്യസന്ധത, മതഭക്തി, പരസ്പര സ്നേഹം

സത്യം, സമത്വം, സ്വാതന്ത്ര്യംഎന്നീ മുദ്രവാക്യങ്ങാം കൈമുതലായി അംഗീകരിച്ച ധർമ്മ ഭടന്മാർ മററു പട്ടാള ക്കാരെപ്പോലെ നാട്ടിനും നാട്ടുകാക്കും ഉപദ്രവകാരികളാ യിരുന്നില്ല. അവർ സത്യസന്ധന്മാരും നീതിതൽപരരും മനുഷ്യസ്നേഹികളുമായിരുന്നു. താഴെ പറയുന്ന കഥക ളിൽ നിന്നു ആ യാഥാർത്ഥ്യം വ്യക്തമാകും.

നിശാസമരം നടക്കുകയാണ്. മുസ്ളീംകാം തക് ബീർ മുഴക്കി. തക്ബീറിൻെറ ശബ്ദം കേട്ടപ്പോാം പാ റാവു നിന്നിരുന്ന സിക്കുകാരൻ തോക്കിലെ നിറ ഒഴിച്ചു മൌലവിബാക്കിറലിസാഹിബ് വെടികൊണ്ടുവീണു, അ പ്പോാം അദ്ദേഹംപറഞ്ഞു സഹോദരന്മാരെ എൻെറ കഥക ഴിഞ്ഞു ഈ ആയുധം എടുക്കുവാൻ: ഇത് അല്ലാഹുവി ൻെറ മുതലാണ്. അതോടു കൂടി അദ്ദേഹം അന്ത്യശ്വാസം വലിച്ചു.

താൽക്കാലിക ഗവർമ്മെണ്ട് കരം പിരിവു വ്യവ സ്ഥകളും ഏർപ്പെടുത്തിയിരുന്നു. ഉൽപന്നങ്ങളുടെ നികുതി പത്തിലൊന്നായിരുന്നു കരം പിരിവിനു ഉദ്യോഗസ്ഥന്മാ രെയും നിയമിച്ചു. വളരെ കണിശമായും നീതിയുക്തമായു മായിരുന്നു നികുതി വസൂൽ ചെയ്തിരുന്നത് ജനങ്ങാം ക്കുയാതൊരാവലാതിയും വെറുപ്പുമുണ്ടായിരുന്നില്ല.

റിസാൽദാർ അബ്ദുൽ മജീദ്ഖാൻ സർക്കീട്ടാരംഭി ച്ചാൽ അരനാഴിക ഇടവിട്ടു എല്ലാ സ്ഥലങ്ങളിലും നിന്നു ഗ്രാമപ്രദേശങ്ങളിലെ സർദാർമാരെ വിളച്ചു രുത്തി

സ്ഥിതിഗതികൾ ചോദിച്ചു മനസ്സിലാക്കുക പതിവായിരുന്നു. പട്ടാളക്കാർ നാട്ടിൽ പ്രവേശിച്ചു ആളുകളിൽ നിന്നു വല്ലതും ആവശ്യപ്പെടുന്നതിനെ കർശനമായി വിരോധിച്ചിരുന്നു. ഒരിക്കൽ ഒരു ഭടൻ ആരോടോ കുറച്ചു തൈരു് ആവശ്യപ്പെട്ടതായി വിവരം കിട്ടിയപ്പോൾ പ്രസ്തുത റിസൽദാർ അയാളെ കഠിനമായി ആക്ഷേപിച്ചു. ഗ്രാമവാസികൾ പറഞ്ഞു ഇതു് പതിവാണു് പട്ടാളക്കാർ പുതുതായി ആവശ്യപ്പെടുകയല്ല. എന്നാൽ സർദാർ ആ ഭടനോടു് തുറന്നുപറഞ്ഞു അച്ചടക്കം ശരിക്കും പാലിക്കണം. എന്നാൽ മാത്രമെ ഞങ്ങളുടെ കൂടെ നിൽക്കാൻ കഴിയുകയുള്ളു. ഇതിന്നൊരുക്കമില്ലെങ്കിൽ നേതാവിൻെറ അടുക്കലേക്കു പോകാം.

മറെറാരവസരത്തിൽ രണ്ടുപട്ടാളക്കാർ ഒരാളോടു പഞ്ചസാര ആവശ്യപ്പെട്ടു. അയാൾ പറഞ്ഞു പഞ്ചസാരയില്ല. ശർക്കരയുണ്ടു്. അപ്പോൾ ആ പട്ടാളക്കാർ കുപിതരായി. ഈ വിവരം അറിഞ്ഞപ്പോൾ റിസാൽദാർ ആ രണ്ടു് പട്ടാളക്കാർക്കും ഇരുപതടി വീതം ശിക്ഷനൽകി.

## ലളിത ജീവിതം

സർദാർഫായിദാൻെറ മുൻഷിമുഹമ്മദ്ഗൌസ് സയ്യിദ് സാഹിബിൻെറ അടുക്കൽ വരികയുണ്ടായി അവിടത്തെ മുൻഷിയുടെ ആഫീസിൻെറ പാപ്പരത്തം കണ്ടു് അദ്ദേഹം സ്തംഭിച്ചുപോയി സയ്യിദ്ജാഫരീ സാഹിബിൻെറ പക്കൽ ഒരു കലംദാനം ———മഷി, പേന മുതലായ എഴുത്തു് ഉപകരണങ്ങൾ സൂക്ഷിക്കുന്ന പെട്ടി— മാത്രമേ അദ്ദേഹത്തിൻെറ അധീനത്തിലുണ്ടായിരുന്നുള്ളു മുഹമ്മദ്ഗൌസ് പറഞ്ഞു ഞാൻ അങ്ങയ്ക്കു് പുതിയ കത്തിയും പുതിയ കലംദാനും കൊണ്ടുവന്നുതരാം. സയ്യിദ് ജഅഫരി—എനിക്കു് നിങ്ങളുടെ കത്തിയും മററും ആവശ്യമില്ല. നിങ്ങൾ ദീനിനു വേണ്ടി സേവനമനുഷ്ഠിക്കുക ഞാൻ ഇതിൽ സംതൃപ്തനാണു് എന്നെ നിങ്ങൾ ലൌകിക സുഖേച്ഛുക്കളായ ഗവമ്മേണ്ടു് ഉദ്യോഗസ്ഥന്മാരെപ്പോലെ പരിഗണിക്കരുതു്. ഇവിടെ ഉച്ചനീചത്വമില്ല. അടിച്ചുതെളിക്കാരനും ഓഫീസറും തുല്യമാണു്. തികഞ്ഞ ആത്മശുദ്ധിയാണാവശ്യം ഈ കലംദാനും ഈ പഴയ കത്തിയും ധാരാളം മതി എൻെറ ആവശ്യങ്ങൾ നിർവ്വഹിക്കാൻ എന്നിരിക്കെ വേറെ പുതിയ പുതിയ ഉപകരണങ്ങൾ യാതൊന്നും എനിക്കുവേണ്ട.



പട്ടാളക്കാർ മാർച്ചു് ചെയ്യുമ്പോൾ സമീപത്തുള്ള വിളവുകൾ നശിപ്പിക്കാറും ഗ്രാമങ്ങളിൽ നിന്നു അവക്കാവശ്യമുള്ളതു് കൊള്ളചെയ്തു് എടുക്കാറും സാർവ്വസാധാരണമായിരുന്നു. എന്നാൽ സയ്യിദ് സാഹിബിൻെറ സേനാവിഭാഗം പേഷവാറിലുണ്ടായ യുദ്ധത്തിൽ എത്രത്തോളം അച്ചടക്കവും മര്യാദയും പാലിച്ചു എന്നതിനു വ്യക്തമായ തെളിവാണു് വഴിനീളെയുള്ള ജനതതിയുടെ പ്രശംസാവചനങ്ങൾ. അവർ ആർത്തുവിളിച്ചു. '' ഈൻഅജബ്ലശ്കറസത്ത്ബാവുജൂദ് ആൻകെഷശ്സത്ത് ഹസാർ സവാർ വഫിയാദ്നസ്തൂർകർദ്ൻദു ''

' ഇതു് അത്ഭുതം ജനിപ്പിക്കുന്ന സേനയാണു് ആറേഴായിരം പേരടങ്ങിയ കുതിരപ്പട്ടാളക്കാരും, കാൽനടക്കാരുമുണ്ടായിട്ടും യാതൊരു ഉപദ്രവവും ആരുടെ നേരെയും പ്രയോഗിക്കുന്നില്ല.'

കള്ളനാണയം നിർമ്മിക്കുന്നതും ഔഷധ പ്രയോഗം കൊണ്ടു് ചെമ്പു് സ്വർണ്ണമാക്കുന്നതും അക്കാലത്തു് കുററകരമായി ആരും കണക്കിലെടുത്തിരുന്നില്ല. കള്ളനാണയനിർമ്മാണത്തിൽ സാമർത്ഥ്യമുള്ള അബ്ദുൽ ഗഫ്ഫാർ എന്ന ഒരു പേഷവാറുകാരൻ സയ്യിദ് സാഹിബിനോടു് പലതവണ തന്നെ കൂടി സംഘത്തിൽ ചേർക്കാനപേക്ഷിച്ചു. അപ്പോഴെല്ലാം നിഷേധ രൂപത്തിലായിരുന്നു മറുപടി. ഒരു തവണ വളരെ കെഞ്ചി അപേക്ഷിച്ചപ്പോൾ സയ്യിദ് സാഹിബ് പറഞ്ഞു. " ഞങ്ങളുടെ കൂടെ താമസിക്കണമെങ്കിൽ തട്ടിപ്പും വെട്ടിപ്പും ഉപേക്ഷിക്കണം. അതിനു ഇവിടെ സ്ഥാനമില്ല- അതിനുപററിയ സ്ഥലം സിക്കു് പ്രദേശമാണു്- അങ്ങോട്ടുപോവുകയാണു് നല്ലതു്"

# സുഖദുഃഖങ്ങളിലെ പങ്കാളിത്തം

സുഖത്തിലെന്നപോലെ ദുഃഖത്തിലും അവർ പങ്കാളികളായിരുന്നു. സമ്മയിലെ ജനങ്ങൾ വഞ്ചന ചെയ്തു മുജാഹിദുകളെ വധിക്കാൻ തുടങ്ങിയപ്പോൾ കൂട്ടുകാരെ ഉപേക്ഷിച്ചു രക്ഷപ്പെടാൻ തുനിയാതെ ഷീവാ മുതലായ സുരക്ഷിതത്വമേഖലകളിലായിരുന്നവർ സംഭവസ്ഥലത്തേക്കു കുതിച്ചു കൂട്ടുകാരോടൊപ്പം രക്തസാക്ഷിത്വം വഹിച്ചു. മീനാഹയ്യിലെ മുജാഹിദുകൾ മാരകമായ എതിർപ്പിന്റെ നാട്ടുക്കുറിയായായി. അവരുടെ കൂട്ടത്തിൽ നബീറിലെ ഒരു യുവാവുണ്ടായിരുന്നു, ലഹളക്കാർ അടിക്കടി ഇങ്ങിനെ വിളിച്ചുകൊണ്ടിരുന്നു. നിങ്ങൾ ഞങ്ങളുടെ സമുദായത്തിൽ പെട്ട ആളാണല്ലോ? ഇന്ത്യക്കാരെ ഉപേക്ഷിച്ചു ഞങ്ങളുടെ അടുക്കലേക്കു വരിക. അപ്പോഴൊക്കെ ആ യുവാവിന്റെ മറുപടിഇതായിരുന്നു. മുജാഹിദുകളോടൊപ്പം ശഹീദാകുന്നതു നിങ്ങളോടൊപ്പം സുഖജീവിതം നയിക്കുന്നതിനെക്കാൾ ആയിരം ആയിരം ഇരട്ടി നല്ലതാണ്.

# മററുള്ളവർക്കു മുൻഗണന നൽകണം

സയ്യിദ് സാഹിബ് മുമ്പെതന്നെ തന്റെ അനുചരന്മാക്കു അത്ഥഗർഭവും ശ്രദ്ധേയവുമായ നിർദ്ദേശങ്ങൾ നൽകിയിരുന്നു. അതിപ്രകാരമാണ്-

മുസ്ലിംകൾ ഒരു കാര്യം പ്രത്യേകം പരിഗണിക്കേണ്ടതാണ്, രുചീകരങ്ങളായ ഭക്ഷ്യ പദാത്ഥങ്ങളും മധുരപലഹാരങ്ങളുടെ സ്വാദും പഴവർഗ്ഗങ്ങളുടെ രുചിയും ആസ്വദിക്കാൻ എല്ലാവക്കും സ്വാഭാവികമായിതന്നെ ആഗ്രഹവും ആശയുമുണ്ടായിരിക്കും, എന്നാൽ അവയെല്ലാം ലഭി

കുമ്പോഴം ഒരാത്മനിയന്ത്രണം അവശ്യം ആവശ്യമാണു. സ്വന്തം മോഹത്തെ അടക്കി ഒതുക്കി മററുള്ളവർക്കു മുൻഗണന നൽകണം. അവക്കു കൊടുത്തശേഷം മിച്ചം വരുന്നതുകൊണ്ടു തൃപ്തിപ്പെടണം. മററുള്ളവരേക്കാഠം സ്വന്തം ആവശ്യത്തിനുവേണ്ടി കൂടുതലായി യാതൊന്നുമെടുക്കാൻ പാടില്ല. എന്നാൽ കഷ്ടപ്പാടുകളും ബുദ്ധിമുട്ടുകളും അനുഭവപ്പെടുമ്പോഴും യുദ്ധത്തെ നേരിടേണ്ടിവരുമ്പോഴും സ്ഥിതിഗതികഠം വ്യത്യാസപ്പെടുന്നു. അപ്പോഠം മററുള്ളവക്കായി എല്ലാവിധ ഭാരങ്ങളും വിട്ടേച്ചുകൊണ്ടു പുറകോട്ടു മാറാതെ മുൻപന്തിയിൽതന്നെ നിന്നു പൊരുതണം. അതാണു കീഴ്വഴക്കവും പാരമ്പര്യവും സദ്യക്കു പിൻപന്തിയിലും യുദ്ധത്തിനു മുൻനിരയിലുമെന്നു സാരം. പവിത്രമായ ഈ തത്വത്തെ ആസ്പദമാക്കിയാണു സയ്യിദ്സാഹിബ് ആ ജീവനാന്തം പ്രവത്തിച്ചത്. കുട്ടിക്കാലത്തു തന്നെ വലിയ അദ്ധ്വാനശീലനായിരുന്നു അദ്ദേഹം. അതികാലത്തു എല്ലാവരുടേയും അടുക്കലെത്തും വല്ല പണിയും ബാക്കിയുണ്ടെങ്കിൽ അതു ചെയ്തു തീക്കും, ഉപജീവനമാഗ്ഗം അന്വേഷിച്ചു വീട്ടിൽനിന്നു പുറപ്പെട്ടു ലക്നോവിലേക്കു പോകുമ്പോഠം കൂട്ടുകാരുടെ സാമാനങ്ങളെല്ലാം ഒന്നായി കെട്ടി സ്വന്തം തലയിൽ പേറി നടന്നു. കൂട്ടുകാർക്കെല്ലാം അങ്ങിനെ ആശ്വാസം നൽകി. അവർ യാതൊന്നും ചുമക്കേണ്ടതായി വന്നില്ല- ലക്നോവിലെ താമസക്കാലത്തു ലഭിച്ചിരുന്ന ആഹാര പദാത്ഥങ്ങഠം മററുള്ളവക്കു വീതിച്ചു കൊടുത്തതിനുശേഷം മിച്ചം വരുന്നതുകൊണ്ടദ്ദേഹം തൃപ്തിയടഞ്ഞിരുന്നു നവാബ് അമീർ അലിയുടെ സേനാവിഭാഗത്തിൽ ജോലി ചെയ്തിരുന്നപ്പോഠം സഹപ്രവർത്തകന്മാരുടെ ഉടുപ്പുകഠം അലക്കിക്കൊടുത്തിരുന്നു, പട്ടാളം മാർച്ച് ചെയ്യുമ്പോഴും എവിടെയെങ്കിലും തമ്പടിക്കുമ്പോഴും ഏററവും താഴ്ന്ന ജോലിയാണു അദ്ദേഹം ഏറെറടുക്കാറുണ്ടായിരുന്നതു്. മൌ: മുഹമ്മദ് ഇസ്മായിൻ സാഹിബിനു സയ്യിദ് സാഹിബ് ഒരു കുതിരയെ ദാനമായി നൽകിയിരുന്നു- കുതിരയെ യാത്രവേളയിൽ

ഒപ്പം കൊണ്ടുപോകാറുണ്ടെങ്കിലും ഷാഹ്സാഹിബ് മ റ്റാർക്കെങ്കിലും സവാരിക്കായി നൽകും അദ്ദേഹം അതി ന്റെ പുറത്തുകയറാറുണ്ടായിരുന്നില്ല.

## തിൻമക്കുപകരം നൻമ

സെയ്ദ എന്ന സ്ഥലത്ത്‌വെച്ച് സയ്യിദ്സാഹ ബിനു രണ്ടുപേർ വിഷംകൊടുത്തു. അവരെ ശിക്ഷിക്കാ നായി ജനങ്ങൾ എല്ലാവിധ ശ്രമങ്ങൾ നടത്തിയെങ്കിലും സയ്യിദ്സാഹിബ് അതിനോടു യോജിച്ചില്ല. അവക്ക മാപ്പു നൽകി. യാർമുഹമ്മദ്ഖാൻ എന്നാളുടെ പാചകക്കാ രായ നജ്മുഹമ്മദും വലീ അഹമ്മദും ആയിരുന്നു ആ ക റിനകൃത്യം ചെയ്തത്. മുജാഹിദുകൾ ഒരു സ്ഥലത്തുവെ ച്ചു അവരെ അറസ്റ്റ്ചെയ്തു. അപ്പോൾ സയ്യിദ് സാഹിബ് പറഞ്ഞു. ഇതുതന്നെ മാത്രം ബാധിക്കുന്ന ഒരു കേസാണു അതുകൊണ്ടു മററാരും അതിൽ ഇടപെടേണ്ടതി ല്ല. അവരെ വിട്ടയക്കണം. അവർ പോയിക്കൊള്ളട്ടേ അ ങ്ങിനെ അവർ തങ്ങളുടെ നാട്ടിലേക്കു തിരിച്ചു. വഴിമ ദ്ധ്യേ പഠാൻമാർ അവരെ വീണ്ടും പിടികൂടി കൈകാലു കൾ ബന്ധിച്ചു ഒരു കുടിലിൽ തടങ്കലിൽവെച്ചു. സർദാ റിനെ വിവരം അറിയിച്ചു അദ്ദേഹം എത്തേണ്ട സമയം കാത്തിരുന്നു.

യാദൃച്ഛികമായി സയ്യിദ്സാഹിബ് തദവസര ത്തിൽ സംഭവസ്ഥലത്തെത്തി. ജനങ്ങൾ പറഞ്ഞു അ ങ്ങേക്ക് വിഷംതന്നവരെ ഞങ്ങൾ തടങ്ങലിൽവെച്ചിട്ടു ണ്ട്. വിവരം ഞങ്ങളുടെ ഖാനെ അറിയിച്ചിട്ടുമുണ്ടു അ ദ്ദേഹം എത്തിയ ഉടനെ സംഗതി അവസാനിപ്പിക്കും. ഇ തിനിടയിൽ ഖാൻ. വന്നെത്തി, സയ്യിദ് സാഹിബി നോടു നിർബ്ബന്ധപൂർവ്വം അപേക്ഷിച്ചു അങ്ങേക്കുപോകാം ഞങ്ങൾ അവരെ പഠിപ്പിച്ചുകൊള്ളാം.

സയ്യിദ് സാഹിബ് അവരുടെ കാര്യത്തിൽ ഞാൻ ആദ്യം ചെയ്ത തീരുമാനം അവരെ വിട്ടയക്കണമെന്നാണ്. '' മുൻവിധി ഇപ്പോൾ മാററുന്നത് യുക്തമല്ല. അതു കൊണ്ടവരെ തടവിൽ നിന്നു മോചിപ്പിക്കണം '' സയ്യിദ് സാഹിബിൻെറ സദുദ്ദേശത്തിന്നവർ വഴങ്ങി രാത്രി ആയപ്പോൾ ഇരുട്ടിൽ കൂടി അവർക്കു രക്ഷപ്പെടാൻ കഴിഞ്ഞു.

സയ്യിദ് അഹമ്മദ് സാഹിബ് അത്യത്ഭുതവും അതിശ്രേഷ്ടവുമായ മാതൃകയാണ് സ്വീകരിച്ചത്. തന്നെ വധിക്കാൻ ഒരുമ്പെട്ടവരെ നിരുപാധികം വിട്ടയക്കാൻ കല്പിക്കുക മാത്രമല്ല വിട്ടയക്കപ്പെട്ടതിനു ശേഷം മററുസ്ഥലത്തുവെച്ച് വീണ്ടും തടവിലാക്കപ്പെട്ടപ്പോൾ അവിടേയും സയ്യിദ് സാഹിബ് അവരുടെ രക്ഷക്കെത്തി. ക്ഷുഭിതരായ ഭടന്മാരെ സദുപദേശം ചെയ്ത് ശാന്തരാക്കി. തായിഫിലെ സംഭവം ആവർത്തിക്കപ്പെട്ടു. ഖുർആൻ പറയുന്നു ' തീർച്ചയായും നിങ്ങൾക്കു അല്ലാഹുവിൻെറ റസൂലിൽ ഉത്തമമായ മാതൃകയുണ്ട് ' എന്ന്

റസൂൽ തിരുമേനിയുടെ മാതൃക അദ്ദേഹം വാക്കിലും പ്രവൃത്തിയിലും സ്വീകരിച്ചു. കർമ്മമാണ് ഉയർച്ചക്കും താഴ്ചക്കും നിദാനം, സൽസ്വഭാവവും, സൽകർമ്മവും മനുഷ്യനെ മലക്കിൻെറ—— ദൈവദൂതൻെറ— പദവിയിലേക്കുയർത്തുന്നു. ദുസ്വഭാവവും ദുഷ്കർമ്മവും അവനെ പിശാചിനെക്കാളും അധഃപതിപ്പിക്കുന്നു. ഉദാഹരണമായി ചില സംഭവങ്ങൾ പറയാം. മൌലാനാഹാഫിസ് അബ്ദുൽവഹാബ്ശരീരശേഷികുറഞ്ഞ ആളായതുകൊണ്ട് പാസ്സ് വിതരണം ചെയ്യുന്ന ജോലിയാണദ്ദേഹത്തെ ഏൽപിച്ചിരുന്നത് ആളുകൾ അധികമുള്ളതുകൊണ്ട് ക്യൂ സിസ്ററം ഏർപ്പെടുത്തി യാതൊരു വക ഭേദവും കൂടാതെ ഊഴ പ്രകാരം പാസ്സ്നൽകിക്കൊണ്ടിരിക്കുമ്പോൾ ഒരു നവാഗതനായ മൌലവി ഇമാം അലിഅസീസാബാദ് തനിക്കു മുൻഗണന നൽകണമെന്ന് ശഠിച്ചു. മൌലാന അബ്ദുൽ വഹാബ് അത് സാദ്ധ്യമല്ല. മുറപ്രകാരമേ ലഭിക്കുയുള്ളു എന്നുപറഞ്ഞു. അപ്പോൾ ഇമാം അലി ക്ഷുഭിത

നായി മൌ:—വഹ്ഹാബിനെ കയ്യേററം ചെയ്തു, അദ്ദേഹം അടികൊണ്ട് നിലത്തുവീണു അടുത്തു നിന്നിരുന്ന കണ്ഡഹാരികൾക്കു ഇതുകണ്ടു സഹിക്കാൻ കഴിഞ്ഞില്ല. അവർ ഇമാം അലിയുടെ അടുത്തേക്കു നീങ്ങിയപ്പോൾ മൌ: അബ്ദുൽ വഹ്ഹാബ് പറഞ്ഞു അരുത് ഇമാം അലി എൻെറ സഹോദരനാണ്. എന്നെയാണ് അദ്ദേഹം അടിച്ചു വീഴ്ത്തിയത് നിങ്ങളെന്തിനു ക്ഷോഭിക്കുന്നു.

സംഭവം സയ്യിദ് സാഹിബിൻെറ മുമ്പിൽ എത്തി അദ്ദേഹം അബ്ദുൽ വഹ്ഹാബിനെ വിളിച്ചന്വേഷിച്ചു. അബ്ദുൽവഹ്ഹാബ് പറഞ്ഞു ഇമാം അലി നല്ലമനുഷ്യനാണ് പെട്ടെന്നു ദ്വേഷ്യം വന്നപ്പോൾ ചെയ്തു എന്നേയുള്ളു ഞാനത് മാപ്പാക്കിയിരിക്കുന്നു' അങ്ങിനെ ആ കഥ അവസാനിച്ചു. ഇതുകേട്ടപ്പോൾ ഇമാം അലി ലജ്ജയോടും ഖേദത്തോടും കൂടി സയ്യിദ് സാഹിബിൻെറ സന്നിധിയിൽ വന്നു് കുററം സമ്മതിക്കുകയും മൌ: അബ്ദുൽവഹ്ഹാബിനോട് തനിക്കു മാപ്പ് തരാനുപദേശിക്കണമെന്നപേക്ഷിക്കയും ചെയ്തു.

(2) ഇതേപ്രകാരം സയ്യിദ് സാഹിബിൻെറ പ്രത്യേക അംഗരക്ഷകനായ ഇനായത്തുല്ലായും, ഖാസിമദനി സാഹിബിൻെറ ജോലിക്കാരനും തമ്മിലിടഞ്ഞു. ഒരു തളിക സമ്മതം കൂടാതെ കൊണ്ടുപോയതു കൊണ്ട് ഇനായത്തുല്ല അയാളെ രണ്ടടിയടിച്ചു. വേലക്കാരൻ ലാഹൂരി എന്ന പേരിൽ ആണറിയപ്പെടുന്നത്. അയാൾ കാഴ്ചക്ക് വിരൂപിയാണെങ്കിലും ശാന്തനും സുശീലനുമായിരുന്നു. കേസ്സ് കോടതിയിലെത്തി. ഒത്തുതീരാൻ ജഡ്ജി ഉപദേശിച്ചു. അന്യായക്കാരൻ വഴങ്ങിയില്ല: നിയമപ്രകാരമുള്ള വിധി കിട്ടണമെന്നപേക്ഷിച്ചു തന്നെ അടിച്ചമാതിരി രണ്ടടിയടിക്കാൻ സമ്മതം നല്കിക്കൊണ്ട് വിധിയായി. ഉടനെ അന്യായക്കാരൻ ലാഹൂരി എഴുന്നേററു നിന്നു പറഞ്ഞു ' ഇപ്പോൾ ഇവിടെയുള്ള മാന്യന്മാർ സാക്ഷിയാണ്. എൻെറ ആവലാതിക്ക് നീതിപൂർവ്വകമായ വിധിയാണ് കോടതി കൽപിച്ചത് ഞാൻ സംതൃപ്തനാണ്. എന്നാൽ അല്ലാഹുവിൻെറ പ്രീതിക്കും വേണ്ടി ഞാൻ അതുപ്രകാരം പ്ര

വർത്തിക്കുന്നില്ല. ഞാൻ മാപ്പ് നൽകുന്നു ഇത് പറഞ്ഞു കൊണ്ടു അന്യായക്കാരൻ മുന്നോട്ട് കുതിച്ചു പ്രതികാര നട പടി എടുക്കുന്നതിനുപകരം ഇനായത്തുല്ലാ സാഹിബിനെ ആലിംഗനം ചെയ്തു- ഹൃദയസ്പർശിയായ ഒരു സം ഭവംതന്നെ യായിരുന്നു അത്.

## അശ്ളീലപദം

ഒരു പ്രാവശ്യം സയ്യിദ് സാഹിബിൽ നിന്നു ഒരശ് ളീല പദം പെട്ടെന്നു വീണുപോയി അതുകേട്ടപ്പോൾ കുറ ച്ചു നേരത്തേക്ക് സദസ്സ് നിശ്ശബ്ദമായി. സംഭവം ഇതാ യിരുന്നു. സയ്യിദ് അഹ്മത് സാഹിബ് ആഹാരം കഴി ക്കാനിരുന്നപ്പോൾ മാംസക്കറി കരിഞ്ഞുമണക്കുന്നതായി അനുഭവപ്പെട്ടു വെപ്പുകാരനെ ആക്ഷേപിച്ചു '' ഈമർദൂദ് പാത്രം ശുദ്ധിയാക്കാത്തതു കൊണ്ടല്ലേ. മാംസം തിന്നാൻ പററാതെയായത് '' എന്നുപറഞ്ഞു. മർദൂദ് ( നികൃഷ്ടൻ ) എന്നപദം ഉപയോഗിച്ചതു ശരിയായില്ലെന്നു സദസ്യർ തമ്മിൽ തമ്മിൽ പറഞ്ഞു- ആ വിവരം സയ്യിദ് സാഹി ബിൻെറ ശ്രദ്ധയിൽ പെട്ടു. തെററുതിരുത്തിക്കണമെന്നു തീരുമാനിച്ചു- അങ്ങിനെ ആ വിഷയം നേതാവിൻെറ മു ന്നിൽവെച്ചു അദ്ദേഹം ഉടനെ കുററം സമ്മതിച്ചു. പണ്ടാരി അബ്ദുല്ലയെ വിളിച്ചു ഒപ്പം ഇരുത്തിക്കൊണ്ടു മാപ്പപേക്ഷിച്ചു-

## മാന്യതയും ഈശ്വര ഭക്തിയും

താഴെപറയുന്ന സംഭവം വ്യക്തമാക്കുന്നുണ്ട് സയ്യിദ് സാഹിബിൻെറ ഭടന്മാരുടെ സംസ്കാരവും നടപടിയും എത്ര പവിത്രമായിരുന്നു എന്ന് മുല്ലഅഹ്മദ്സാദ റി പ്പോർട്ട് ചെയ്യുന്നു.

ഗ്രാമങ്ങളിലെ സ്ത്രീകൾ അന്യോന്യം പറയുന്നതായി കേട്ടു സയ്യിദ് സാഹിബിൻെറ സഹചരന്മാർ കാമ മോ

ഹാദി ദുർഗ്ഗുണ വികാരങ്ങൾ ലവലേശം ഇല്ലാത്ത അന്ധന്മാരാണ്. ധാന്യങ്ങൾ പൊടിപ്പിക്കുവാൻ അവർ മില്ലുകളിൽ വരാറുണ്ട്. അവിടെ സ്ത്രീകളുമുണ്ടാകും എന്നാൽ ഒരൊററ ഭടനെങ്കിലും സ്ത്രീകളുടെ നേരെ നോക്കുന്നതായി ഇന്നോളം കണ്ടിട്ടില്ല.

വഖാഇഅഹമദീ' എന്ന ഗ്രന്ഥത്തിൽ മുജാഹിദുകളുടെ സ്വഭാവ വൈശിഷ്ട്യങ്ങൾ സവിസ്തരം പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്. അതിന്റെ രത്നച്ചുരുക്കം ഇവിടെ ചേർക്കാം

അഹങ്കാരം, പൊങ്ങച്ചം, അഹംഭാവം, ഡംഭ്, ചതി വഞ്ചന തുടങ്ങിയ മഹാരോഗങ്ങൾ അവരെ ബാധിച്ചിരുന്നില്ല, എല്ലാ ജോലികളും അന്യോന്യം സഹകരിച്ചും നിസ്വാർത്ഥമായും ചെയ്യുക പതിവായിരുന്നു. എന്നു മാത്രമല്ല. ഓരോരുത്തരും മററുള്ളവരുടെ ജോലികൾ കൂടി ചെയ്യുന്നതിൽ അതീവ താൽപര്യം പ്രകടിപ്പിച്ചിരുന്നു.

ധാന്യങ്ങൾ പൊടിക്കുക, വിറക് വെട്ടിക്കൊണ്ടുവന്നു കീറുക. അടുക്കളപ്രവർത്തികൾ ചെയ്യുക. അടിച്ചുവാരുക കുതിരകളെ മാലീസ് ചെയ്യുക, ഉടുപ്പുകൾ തുന്നുക, അലക്കുക തുടങ്ങിയ എല്ലാ ജോലികളും അന്യോന്യം സഹകരിച്ചുകൊണ്ട് ആ യോദ്ധാക്കൾ തന്നെ ചെയ്തിരുന്നു. വലിപ്പ ചെറുപ്പം പരിഗണിക്കപ്പെട്ടിരുന്നില്ല. സാർവ്വത്രികമായ സമത്വം ആയിരുന്നു അവിടെ എന്നാൽ ഏററവും വലിയ വ്യക്തികൾ തന്നെ താഴ്ന്ന ജോലിയാണ് ഏററവും ഇഷ്ടപ്പെട്ടിരുന്നത്. നമസ്കാരത്തിനു നിശ്ചയിച്ച സ്ഥലത്തു നിന്നും കല്ലും മുള്ളും നീക്കി ശരിപ്പെടുത്താൻ സയ്യിദ് സാഹിബും അനുയായികളും കൂടി പ്രവർത്തിച്ചു. അസൂയ, ദുഷ്ടവിചാരം, ദുർമ്മോഹം മുതലായ ദുഷിച്ച ഗുണങ്ങൾ അവരെ സ്പർശിക്കുകപോലും ചെയ്തിരുന്നില്ല– സൈനിക ജീവിതത്തോടൊപ്പം ദൈവാരാധനയും മുടങ്ങാതെ നിർവ്വഹിച്ചുപോന്നു. പകൽ സമയത്ത് യോദ്ധാക്കളും രാത്രിയിൽ താപസന്മാരുമാണവർ, യാദൃച്ഛികമായി അവരെ കാണുന്ന അപരിചിതന്മാർക്കു തോ



ന്നിപ്പോകും മലക്കുകൾ ഭൂമിയിൽ ഇറങ്ങിയോ, അഥവാ ഇസ്ലാമിന്റെ ആദ്യ ഘട്ടം തിരിച്ചു വന്നുവോ എന്ന്

10, 12 വർഷം നിരന്തരമായി സാംസ്കാരിക ആദ്ധ്യാത്മീക പരിശീലനം സിദ്ധിച്ചശേഷം ജാഥയിലെ ഓരോ വ്യക്തിയും ഉൽകൃഷ്ടസ്വഭാവവും പവിത്രതയും സമ്മേളിച്ച മാതൃകകളായി രൂപാന്തരപ്പെട്ടിരുന്നു.

നവാബ് റശീദുദ്ദൌല ഇങ്ങിനെ എഴുതി ', അല്ലാഹുവിന്റെ അനുഗ്രഹത്താൽ ലൌകിക സുഖസൌകര്യങ്ങൾ പററെ വെടിഞ്ഞു പ്രവർത്തിച്ച ആ ഈശ്വരഭക്തന്മാർ പദവിയുടെ പരമ കാഷ്ട ആർജ്ജിച്ചു. അവരിൽ ഓരോ വ്യക്തിയുടേയും സംഭവബഹുലമായ കഥകൾ രേഖപ്പെടുത്തുകയാണെങ്കിൽ നിരവധി ഏടുകൾ വേണ്ടിവരും''

അതിർത്തി പ്രദേശത്തു നിന്നു മടങ്ങി വന്നവർ തളരാതെ ഊർജ്ജസ്വലതയോടെ പ്രവർത്തനം തുടർന്നു. അവർ എത്തിയ സ്ഥലത്തെല്ലാം വിപ്ളവം സൃഷ്ടിച്ചു. എന്നാൽ നല്ലവരായ ആ ധർമ്മ ഭടന്മാർക്കെതിരായി പ്രചാര വേല ചെയ്യാൻ ആംഗ്ലേയർ അവരുടെ മിഷ്യനറി ശരിക്കുപയോഗിച്ചു. എന്നാൽ ഏതാണ്ട് 30 കൊല്ലത്തിനു ശേഷം സ്വാതന്ത്ര്യ സമരം പൊട്ടി പുറപ്പെട്ടപ്പോൾ അവരെ അനുകരിച്ചിരുന്നവർ ധീരമായി പ്രവർത്തിച്ചു. നാട്ടിന്റെ സ്വാതന്ത്ര്യം വീണ്ടെടുക്കുന്നതിനു ജീവനെപ്പോലും ബലിയർപ്പിക്കാൻ അവർ തയ്യാറായി. പലരും ആ സമരത്തിൽ വധിക്കപ്പെടുകയും ചിലർ പിടിക്കപ്പെടുകയും ചെയ്തു.

## വഹ്ഹാബിയാ പ്രസ്ഥാനം

പരസ്പരസ്നേഹം, ദീനാനുകമ്പ, ആത്മാർപ്പണം, ത്യാഗശീലം, സംഘടനാ വൈശിഷ്ട്യം, രഹസ്യങ്ങൾ സൂക്ഷിക്കാനുള്ള കഴിവ് എന്നീ മഹൽ ഗുണങ്ങളാൽ ആവൃതമായ അതുല്യമാതൃകകളാണ് വഹ്ഹാബി

കരം. വഹ്ഹാബി പ്രസ്ഥാനത്തെ പുരസ്കരിച്ചുള്ളപരാമർശം അന്യത്ര ചേർത്തിട്ടുണ്ട്. ക്രി: 1858 മുതൽ ഏതാണ്ട് 1870 വരെ ഗ്രൈററ് ബ്രീട്ടന്റെ ഉദ്യോഗസ്ഥന്മാർക്ക് അവശേഷിച്ച വഹ്ഹാബി ഭടന്മാരും സയ്യിദ് സാഹിബിന്റെ സേവകന്മാരും അസഹ്യമായ തലവേദനയും വെപ്രാളവും ഉണ്ടാക്കിക്കൊണ്ടിരുന്നു.

## താൽക്കാലിക ഗവർമ്മെണ്ടിന്റെ ശത്രുക്കളും ശത്രുത്വത്തിന്റെ കാരണങ്ങളും

സാമ്രാജ്യത്തിന്റെയും രാജവാഴ്ചയുടേയും കഠിന ശത്രുവായിരുന്നു സയ്യിദ് സാഹിബ്. മൂന്നു കൂട്ടരോടും ഒരേ അവസരത്തിൽ അദ്ദേഹത്തിന്ന് എതിരിടേണ്ടിവന്നു, (1) സിക്കുകാർ (2) രാജവാഴ്ച അനുകൂലികളായ മുസ്ളീംകൾ (3) ആംഗ്ളേയർ. ആദ്യത്തെ രണ്ട് ശക്തികളേയും സയ്യിദ് സാഹിബ് പരാജയപ്പെടുത്തി- തുറന്ന രംഗത്തു വെച്ചായിരുന്നു മൂന്നാമത്തെ ശക്തിയുമായി പോരാട്ടമെങ്കിൽ വിജയ സാദ്ധ്യത തീർച്ചയായിരുന്നു. എന്നാൽ തടുക്കാനാവാത്ത അതി നീചവും, നികൃഷ്ടവുമായ സമര മുറയാണവരംഗീകരിച്ചിരുന്നത്. കുസൃതിയും, കുതന്ത്രവും, കുപ്രചരണവുമായിരുന്നു അവരുടെ സമരായുധങ്ങൾ. അതുപയോഗിച്ച് തൽക്കാലിക ഗവർമ്മേണ്ടുണ്ടാക്കാൻ സഹായിച്ച മിത്രങ്ങളായ പത്താന്മാരെ മാററി എടുക്കാൻ അവർ ക്ഷെളുപ്പത്തിൽ സാധിച്ചു.

## വിശദ വിവരങ്ങൾ

സിക്കുകാർ ഇംഗ്ളീഷുകാരുടെ നയോപായങ്ങളും ഇംഗിതവും ശരിക്കു ഗ്രഹിച്ച സയ്യിദ് സാഹിബുമായി സഹകരിച്ച് പ്രവത്തിച്ചിരുന്നുവെങ്കിൽ അവരുടെ ഭരണത്തിനു കോട്ടം തട്ടുകയില്ലായിരുന്നു- ഈ ദുർദ്ദിനം ഇത്ര പെട്ടെന്നു കാണേണ്ടിവരില്ലായിരുന്നു. സയ്യിദ് സാഹിബിനെ നശിപ്പിച്ച ശേഷം അവർക്കു-- സിക്കുകാർക്ക് കൂടുതൽ കാലം ഭരണാധിപന്മാരായി കഴിഞ്ഞുകൂടാൻ ഇടവന്നില്ല.

10, 15 കൊല്ലത്തിനുള്ളിൽ അവർ ഭരണം കളഞ്ഞു കുളിച്ചു. രംഗത്ത് നിന്ന് മാറി നിൽക്കേണ്ടിവന്നു. എന്നാലും ശനിദശ ഇതോടെ അവസാനിച്ചില്ല,

1. മഹാരാജ രഞ്ജിത്ത്സിംഗിന്റെ മുഴുശക്തിയും പ്രഭാവവും പത്താൻമാരെ വകവരുത്താൻ വിനിയോഗിച്ചു 3 കൊല്ലത്തിനുള്ളിൽ മഹാരാജാ രഞ്ജിത്ത്സിംഗ് പെഷാവർ അധീനപ്പെടുത്തി യാർമുഹമ്മദ്ഖാനെ അവിടെ റവന്യുകലക്ററരായി നിയമിച്ചു പെഷവാർ അധീനപ്പെടുത്തിയശേഷം മഹാരാജാവിന്റെ നോട്ടം യൂസഫ്സ പ്രദേശത്തേക്കായിരുന്നു- സയ്യിദ് സാഹിബാണ് അവിടെ സ്വതന്ത്ര ഭരണകൂടം ഏർപ്പെടുത്തിയത്.

2, മഹാരാജാ ജസ്വന്ത്റാവു ഹൽക്കറും അമീർഅലിഖാനും ഇംഗ്ളീഷുകാരോട് യുദ്ധം ചെയ്യുമ്പോൾ സയ്യിദ് സാഹിബിന്റെ അനുയായികളും മഹാരാജാ രഞ്ജിത്ത് സിംഗും തമ്മിൽ ആദർശപരമായ ഏററുമുട്ടലുണ്ടായി, ഹൽക്കറിനെ അമൃതസരസ്സിൽ നിന്ന് 30 കാതം അകലേക്ക് ഓടിക്കുമെന്നും ഭാവിയിൽ ഹൽക്കറുമായി യാതൊരു വിധത്തിലുള്ള കൂട്ടുകെട്ടിലും ഏർപ്പെടുകയില്ലെന്നും മഹാരാജാ രഞ്ജിത്ത്സിംഗ്, ഇംഗ്ളീഷുകാർക്കുറപ്പുനൽകി.

3, സയ്യിദ് സാഹിബിന്റെ ഉന്നം ഇന്ത്യമാത്രമായിരുന്നില്ല. പ്രത്യുത ഏഷ്യയെ മുഴുവനും യൂറോപ്പ്യന്മാർക്കെതിരായി സംഘടിപ്പിക്കുക എന്നതായിരുന്നു. മഹാരാജാ രഞ്ജിത്ത്സിംഗ് ഭാരത ഭൂഖണ്ഡത്തിന്റെ ഐക്യത്തേയും സിക്കുകാർ ഐകമത്യത്തോടെ ഭരിക്കുന്നതിനേയും ഇഷ്ടപ്പെട്ടിരുന്നില്ല. സത്തൽജിന്റെ അപ്പുറമുള്ള പ്രദേശം-—പട്യാല, നാഭ, ജൂനൈററ്, കപൂർത്തല മുതലായ സ്റ്റേററുകൾ ഇംഗ്ളീഷുകാർക്കടിയറവെച്ചു.

4, ബ്രിട്ടീഷുകാർ സിന്ധ്യായെ ആക്രമിക്കാനായി സിക്കുകാരെ പ്രോൽസാഹിപ്പിച്ചു. ആകയാൽ മഹാരാജാ രഞ്ജിത്ത്സിംഗ് വെള്ളക്കാരുമായിചേരുകയും അവരെ അഭിവാദ്യം ചെയ്യുകയും ചെയ്തു. മഹാരാജാസിന്ധ്യയും വെള്ളക്കാരേും തമ്മിൽ സ്വരച്ചേർച്ചക്കേട് ഉണ്ടായി.

അത് അടിക്കടി രൂക്ഷമായിത്തീർന്നു. സയ്യിദ് സാഹിബ് മഹാരാജാദൌലത്ത്റാവുവിൻെറ ഭാഗത്തേക്ക് ചാഞ്ഞു.

ആ ദൗർഭാഗ്യം അവിടംകൊണ്ടും അവസാനിച്ചില്ല. സയ്യിദ് സാഹിബും യാർമുഹമ്മദ്ഖാൻ തുടങ്ങിയ പഠാൻമാരും തമ്മിൽ പിണങ്ങി പിരിഞ്ഞു. സയ്യിദ് സാഹിബ് പരമ്പരാഗതമായ രാജവാഴ്ച എന്നെന്നേക്കുമായി അവസാനിപ്പിക്കണമെന്ന് ഉറച്ച അഭിപ്രായക്കാരനായിരുന്നു. അതിനു വിപരീതമായ ചാന്താഗതിക്കാരനായിരുന്നു യാർമുഹമ്മദ്ഖാൻ, ആകയാൽ മഹാരാജാരഞ്ജിത്ത്സിംഗുമായി അയാൾ കൂടുതൽ ബന്ധപ്പെട്ടു. എന്നാൽ പെഷാവർസർദാർമാരുടേയും സേനകളും മുജാഹിദുകളും കൂടി സയ്യിദ് സാഹിബിൻെറ നേതൃത്വത്തിൽ ഒരു ലക്ഷത്തോളം യോദ്ധാക്കളുണ്ടായിരുന്നു. അവർ വെന്നിക്കൊടി പറപ്പിച്ചുകൊണ്ട് മുന്നേറുമ്പോൾ ആകസ്മികമായ ഒരു മാററം സംഭവിച്ചു. സയ്യിദ് സാഹിബിൻെറ അനുയായികളിലുണ്ടായ അധികാരമോഹം മൂലം അവർ പല അക്രമങ്ങളും പ്രവത്തിച്ചു. പെഷാവറിലെ സർദാർമാരുടെ സേനാ വിഭാഗവുമായി യുദ്ധ രംഗത്തു നിന്നു പിൻമാറി അതോടെ ഭാരതം മുഴുവനുംമുള്ള മുജാഹിദുകൾ ഛിന്നഭിന്നമായി പിരിഞ്ഞു. ആയിരക്കണക്കായ മുജാഹിദുകൾ അറുകൊല ചെയ്യപ്പെട്ടു. സയ്യിദ് സാഹിബിനു് വിഷം കൊടുത്തു് അദ്ദേഹം അബോധാവസ്ഥയിൽ ആയിരുന്നു വെങ്കിലും സമരരംഗം ചൂടായിരുന്നു. മുജാഹിദുകൾ മുന്നേറിക്കൊണ്ടിരിക്കുമ്പോഴാണ് പെഷവാറുകാരുടെ പിൻമാററമുണ്ടായത്. സെയം ആയിരുന്നു യുദ്ധക്കളം. തദനന്തരം മുജാഹിദ് മുസ്ളിംകൾക്കു രണ്ടു സ്വതന്ത്ര ശത്രുക്കളുമായി പോരാടേണ്ടിവന്നു. ഒന്ന് സിക്കുകാർ രണ്ടാമത്തേത് പെഷാവറിലെ സർദാർമാർ. ഖാദിഖാൻെറ വിശ്വാസത്തിനും മനസ്ഥിതിക്കും തദവസരത്തിൽ മാററം സംഭവിച്ചു- ഒരു കേസ് സംബന്ധിച്ച വിധിയാണ് ഖാതിഖാനെ പരമ ശത്രുവാക്കി തീർത്തതു്. അയാൾ പ്രതികാരത്തിനുള്ള മാർഗ്ഗം അന്വേഷിച്ചുകൊണ്ടിരിക്കയായിരുന്നു. അങ്ങിനെ ഇക്കൂട്ടർ

സയ്യിദ് സാഹിബിന്റെ സംഘത്തിനു കനത്ത ശത്രുക്കളായിമാറി.

## ഖാദീഖാൻ

സയ്യിദ് സാഹിബിന്റെ ഭക്തനായിരുന്ന ഖാദിഖാനിൽ പേതോ വികാരം ഉൽപാദിപ്പിച്ച സംഗതി എന്താണെന്നറിയാൻ വായനക്കാക്ക് ആഗ്രഹമുണ്ടായിരിക്കും—അതിവിടെ വിവരിക്കാം.

ഖാദിഖാൻഹിന്ദിലെ കോട്ടയിലെ സർദാറായിരുന്നു. ഈ പുരാതന കോട്ട അബാസീൻ നദീ തീരത്തു് സുൽത്താൻമാരുടെ പ്രതാപത്തിന്റെയും അന്തസ്സിന്റേയും സ്മാരകമായി നിലനിന്നിരുന്നു. ഖാദീഖാൻ സയ്യിദ് സാഹിബിനേയും അനുയായികളേയും സബഹുമാനം പ്രസ്തുത കോട്ടയിലേക്ക്ക്ഷണിച്ചുകൊണ്ട്പോവുകയുംഅവിടെതാമസിക്കാനപേക്ഷിക്കയുംചെയ്തിട്ടുണ്ടായിരുന്നു.എന്നാൽ ഒരവസരത്തിൽ സയ്യിദ് സാഹിബിന്റെ വിധി ഖാദിഖാന്റെ അഭിപ്രായത്തിനും അഭീഷ്ടത്തിനും എതിരായിതീർന്നപ്പോരം പഴയ ആ ഭക്തി ബഹുമാനങ്ങരം ഇല്ലാതായിത്തീർന്നു എന്ന് മാത്രമല്ല അയാരം സയ്യിദ് സാഹിബിന്റെ കഠിന ശത്രുവായിമാറി, ആത്മാത്ഥതയും ഉദ്ദേശ ശുദ്ധിയും ഇല്ലാതിരുന്നാൽ ഇങ്ങിനെയെല്ലാം സംഭവിക്കുക ഒരസാധാരണമായ കാര്യമല്ല. പിണക്കത്തിനുള്ള വഴിതെളിയിച്ചത് ഇതാണ്. സ്ഥലം മാൻപരീന, അവിടെ ഭൂഉടമകരം, കർഷകർ എന്നിങ്ങിനെ 2 വിഭാഗക്കാരുണ്ടായിരുന്നു. ഏതാണ്ട് നൂറ് കൊല്ലക്കാലമായി അവർ തമ്മിൽ കലശലായ ബഹളവും കുഴപ്പവും തുടങ്ങിയിട്ട് നാലായിരത്തോളം പേർ ഇതിനിടയിൽ വധിക്കപ്പെട്ടിട്ടുണ്ട്. ആ പ്രദേശത്ത് സയ്യിദ് സാഹിബിന്റെ ഭരണം സ്ഥാപിതമായപ്പോരം പഴയ കേസ്സ്കളെല്ലാം അദ്ദേഹത്തിന്റെ മുമ്പിലെത്തി. ശരിയായ അന്വേഷണവും വിചാരണയും നടത്തിയ ശേഷം ഭൂവുടമകരംക്കനുകൂലമായവിധിയുണ്ടായി. കർഷകരോട് ഒഴിയാൻ കൽപിച്ചു. എ

ന്നാൽ ഖാദിഖാനാകട്ടെ കർഷകരുടെ ഭാഗത്തായിരുന്നു, ഈ വിധി അയാളെ ചൊടിപ്പിച്ചു. പഴയ ബഹുമാനവും മതിപ്പുമെല്ലാം ഇല്ലാതായി. അരിശമുഖത്ത് ആചാരമില്ലല്ലോ.

(6) പ്രസ്തുത രണ്ടു ശത്രുക്കൾക്കു പുറമെ മൂന്നാമതൊരു ശത്രുകൂടി ഉണ്ടായി തീൎന്നു. ആ ശത്രു ആവട്ടെ ഏററവും ഭയങ്കരൻ—ബുദ്ധിരാക്ഷസൻ, രാഷ്ട്രീയ തന്ത്രജ്ഞൻ എന്നുമാത്രമല്ല രാഷ്ട്രീയ കലാലയങ്ങളിലെ അദ്ധ്യാപകൻ, രാഷ്ട്രീയ ശാസ്ത്രനിൎമ്മാതാവ് എന്നൊക്കെ ആ ശത്രുവിനെ വിശേഷിപ്പിച്ചാൽ അതൊട്ടും അതിശയോക്തികലർന്നതോ, വസ്തുതക്കു നിരക്കാത്തതോ ആയിരിക്കുകയില്ല. പ്രസ്തുത ശത്രുവിൻെറ വായിൽ നിന്ന് വീഴുന്ന ഓരോപദവും അത്ഭുതചൈതന്യം ഉള്ളതാണ്. നടേ പറഞ്ഞ രണ്ടു ശത്രുക്കളുടെ തോക്കുകളും പീരങ്കികളും പട്ടാളവ്യൂഹങ്ങളുമൊക്കെ മൂന്നാം ശത്രുവിൻെറ വാക്കുമായി തുലനം ചെയ്യുമ്പോൾ നിസ്സാരങ്ങളും നിർവീര്യങ്ങളുമാണ്. അയാളുടെ ഒരൊററ വാക്ക്മതി എല്ലാം അടിമേൽ മറിക്കാൻ- വിശദവിവരങ്ങൾ പ്രതീക്ഷിക്കുക.

# ആംഗ്ളേയരും ഇന്ത്യക്കാരും

സാഹിബ് എന്ന പദം ഒരുകാലത്ത് വെള്ളക്കാരുടെ പേരോടു കൂടി മാത്രം ചേർക്കപ്പെട്ടിരുന്നുള്ളു. മററാരുടെ പേരോടും കൂടി അതിന്ന് സംബന്ധമുണ്ടായിരുന്നില്ല- വെള്ളക്കാരതിൽ ഊററം നടിച്ചിരുന്നു. തങ്ങൾക്കു മാത്രം അവകാശപ്പെട്ട പദമാണ് സാഹിബ് എന്നും വെള്ളക്കാരല്ലാത്തവരെ സായിപ് എന്നു വിളിക്കാൻ പാടില്ല എന്നായിരുന്നു വെപ്പ്. അക്കാലം ഇങ്ങിനെ മടങ്ങിവരാത്തവണ്ണം അകന്നുപോയി. അക്കാലത്ത് കുതന്ത്രശാലികളും അതി സാമൎത്ഥ്യമുള്ളവരുമായ വെള്ളക്കാർ വളരെ തൻേറടത്തോടു കൂടിയാണ് പ്രവർത്തിച്ചിരുന്നത്, ശത്രുവിനെ പരാജയപ്പെടുത്താൻ വമ്പിച്ച ധനമോ കനത്ത സൈനികശക്തിയോ ആയിരുന്നില്ല അവരുപയോഗിച്ചത്. വെ

റും തന്ത്രം, വഞ്ചന, കള്ളപ്രചരണവേല, നയചാതുര്യം ഇതുകൊണ്ടെല്ലാം അവർ വിജയശ്രീലാളിതരായി.

അവർ സ്വാത്ഥ തൽപരന്മാരായിരുന്നെങ്കിലും ദുഷ്പേരിന്ന് ഇടവരാത്ത വിധം സൂക്ഷിച്ചു പ്രവത്തിച്ചു. തൻേറടത്തോടും പുതിയ കാഴ്ചപ്പാടോടും കൂടിയാണ് പ്രതിയോഗികളെ അടിച്ചമർത്തിയിരുന്നത്.

വിവിധ സമുദായങ്ങളും വ്യത്യസ്ത മതക്കാരും അധിവസിക്കുന്ന ഈ ഇന്ത്യാ ഉപഭൂഖണ്ഡത്തിൽ വർഗ്ഗീയ മനോഭാവം ഉൽഭവിക്കാതിരിക്കാനും, എല്ലാ വിഭാഗത്തേയും ഒരേ നിലയിൽ അണിനിരത്താനും ദേശപ്രേമികൾ ഭഗീരഥ പ്രയത്നം ചെയ്യുമ്പോൾ ആംഗ്ലേയർ ഉപായേന ജനങ്ങൾ തമ്മിലുള്ള സ്നേഹ ബന്ധവും രഞ്ജിപ്പും ഇല്ലാതാക്കാൻ ഔത്സുക്യം പ്രദർശിപ്പിച്ചു. അതിലവർ ഒരളവോളം വിജയിക്കുകയും ചെയ്തു.

ബാബർ, ഹുമയൂണിനോട് ഇങ്ങിനെ വസിയത്ത് ചെയ്തു. '' മനുഷ്യൻെറ ശരീരത്തിൽ നാല് പദാത്ഥങ്ങളുണ്ട്- അവ ഒന്നായി ചേർന്നു പ്രവർത്തിക്കുന്നതുപോലെ ഇന്ത്യയിലെ വ്യത്യസ്ത മതക്കാരായ പ്രജകളെ തമ്മിൽ ഇണക്കിച്ചേർത്തു അവരുടെ ഇടയിൽ ഐക്യ ബോധം സൃഷ്ടിക്കണം. എന്നാലെ സൽത്തനത്താ(ഭരണകൂടം) കുന്ന ശരീരം വിവിധ രോഗബീജങ്ങളിൽ നിന്നു സുരക്ഷിതമാകയുള്ളു ''

ബാബർ മകനു നൽകിയ ഉപദേശത്തിന്നു പാടെ വിരുദ്ധമായ നിർദ്ദേശമാണ് ബ്രിട്ടൻ വകുപ്പ് മേധാവികൾക്ക് നൽകിയിരുന്നത്. അത് ഇങ്ങിനെ സംഗ്രഹിക്കാം.

ഇന്ത്യയിൽ നമ്മുടെ ഗവർമ്മേണ്ടിൻെറ എല്ലാ വകുപ്പുകളും ———അഭ്യന്തരം, വിദേശം, നീതിന്യായം, സൈനികം എന്നിവയെല്ലാം എപ്പോഴും ഈ തത്വത്തെ ആസ്പദമാക്കി പ്രവത്തിക്കേണ്ടതു് അവശ്യം ആവശ്യമാണ്. അത് '' ഭിന്നിപ്പിക്കുവിൻ എന്നിട്ട് ഭരിക്കുവിൻ ''എന്നതായിരുന്നു അവരുടെ രാഷ്ട്രീയ പ്രമാണം.

എന്നാൽപ്രസ്ഥാനത്തിന്റെ നേരെ ആംഗ്ളേയർ അനുവർത്തിച്ച നയം കുതന്ത്രത്തിന്റേയും, അതിസാമർത്ഥ്യത്തിന്റേയും മികച്ച മാതൃകകളത്രെ.

ഇംഗ്ളീഷുകാരുടെ അധീനതയിലുള്ള നാട്ടുകാരുകപ്പെറം വളരെ വളരെ അകലെ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ ———റിക്രൂട്ട്മെൻറ്, ധനശേഖര ആദിയായവ സജീവമായി നടക്കുമ്പോൾ ബ്രിട്ടീഷ് ഗവർമ്മെണ്ടിന്റെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്മാർ ആ ഭാഗത്തേക്കു തിരിഞ്ഞുനോക്കുകപോലും ചെയ്തിരുന്നില്ല. എന്നുമാത്രമല്ല, ചില ഇംഗ്ളീഷുകാർ സഹായിക്കുക കൂടി ചെയ്തു എന്നതു ശ്രദ്ധാർഹമായ വസ്തുതയാണ്. അതായത് സയ്യിദ് സഹിബിന്നു സ്വീകരണവും സൽക്കാരവും നൽകുന്നതിൽ മുസൽമാന്മാരെപ്പോലെ തന്നെ ഹിന്ദുക്കളും ജാഗരൂകരായിരുന്നു. അക്കൂട്ടത്തിൽ ഒരു ഇംഗ്ളീഷുകാരനുമുണ്ടായിരുന്നു. അദ്ദേഹം ജാഥാംഗങ്ങൾക്കു മുഴുവനും ആവശ്യമുള്ള ഭക്ഷ്യപദാർത്ഥങ്ങൾ കപ്പലുകളിലേക്ക് എത്തിച്ചു കൊടുത്തു. ഇതുപോലെ തന്നെ മൌലാന മുഹമ്മദ്ഇസ്മായിൽ സാഹിബ് കൽക്കത്തയിൽ ചെയ്തിരുന്ന പ്രസംഗം കേൾക്കാനായി ഹിന്ദുക്കളോടും മുസ്ളിംകളോടുമൊപ്പം ആംഗ്ളേയ സായിപ്പുമാരും, മദാമ്മമാരും പങ്കെടുത്തിരുന്നു

സയ്യിദ് സാഹിബ് ജിഹാദിനു പുറപ്പെടുന്നതിനു മുമ്പായി വടക്കുപടിഞ്ഞാറൻ ജില്ലകളിലെ ലഫ്നൻറ് ഗവർണരെ വിവരം അറിയിച്ചിട്ടുണ്ടായിരുന്നു. അതിനുദ്ദേഹം നൽകിയ മറുപടി, '' ഇംഗ്ളീഷുകാരുടെ അധികാരപരിധിക്കുള്ളിൽ യാതൊരു കുഴപ്പവും ഉണ്ടാവാത്ത കാലത്തോളം ഞങ്ങൾ അത്തരത്തിലുള്ള സംഭവങ്ങൾക്ക് യാതൊരു തടസ്സവും ഉണ്ടാക്കുകയില്ല. '' ഇത് മുഹമ്മദ് ജാഫർ താനേസ്വരിയുടെ റിപ്പോർട്ടിന്റെ സംഗ്രമാണ്.

ഡാക്ടർ ഹെൻറ് അതിലും എത്രയോ അകലെപോയിട്ടുണ്ട്. അദ്ദേഹം പറയുകയാണ്. ''വടക്കുപടിഞ്ഞാറൻ പ്രദേശത്ത് വൻതോതിൽ എണ്ണവ്യാപാരം നടത്തുന്ന ഒരിംഗ്ളീഷുകാരൻ എന്നോടുപറഞ്ഞു. തന്റെ വേലക്കാരായായി ധാരാളം മുസ്ളീംകളുണ്ട്. അവരെല്ലാം നല്ല മതവിശ്വാസികളാണ് അവർ തങ്ങളുടെ ശമ്പളത്തിൽ നിന്നു ഒരു നിശ്ചിത ഓഹരി സത്യാനാ കേമ്പിനുവേണ്ടി നീക്കിവെക്കുക പതിവാണ്. ഇതിനുപുറമെ ഏതെങ്കിലും അവസരത്തിൽ തങ്ങളുടെ ഗുരുഭൂതന്റെ അടുക്കൽ സേവനത്തിന്നായി പോവുക എന്നത് വളരെ അധികം പുണ്യമുള്ള കർമ്മമായി അവർ പരിഗണിക്കുന്നു. ഇതുപോലെ തന്നെയാണ് ഹൈന്ദവ വേലക്കാരുടെയും സ്ഥിതി. അവർ പിതൃബലി നടത്താനായി കൊല്ലം തോറും അവധിക്ക് അപേക്ഷിക്കും.''



ഹിലാലി ഫൌജിൽനു ——— ചന്ദ്രക്കല അടയാളമായി സ്വീകരിച്ചിട്ടുള്ള സേനാ വിഭാഗം——— ചേർന്നു സേവനമനുഷ്ടിക്കുന്നത് മതപരമായ കടപ്പാടായി മുസ്ളിം ജോലിക്കാർ പരിഗണിച്ചിരുന്നു.

ക്രി: 1830 184ാ കൊല്ലങ്ങളിൽ ഒന്നോ രണ്ടോ മാസത്തേ ലീവിന്നപേക്ഷിക്കുക പതിവായിരുന്നു.

പരേതനായ സർസയ്യിദ് അഹമ്മദ്ഖാൻ മുസ്ളിംകൾക്കു ഇംഗ്ളീഷുകാരുടെ നേരെയുണ്ടായിരുന്ന വെറുപ്പും അറപ്പും അകററാനും അവരെ ബ്രിട്ടീഷു ഭരണാനുകൂലികളാക്കിത്തീർക്കാനും നന്നെ പണിപ്പെട്ടു. അദ്ദേഹം അക്കാര്യത്തിൽ പരിപൂർണ്ണമായിട്ടല്ലെങ്കിലും ഏതാണ്ട് വിജയിക്കുകതന്നെ ചെയ്തു. ഒരു ഉപന്യാസത്തിൽ സർസയ്യിദ് ഇങ്ങിനെ പറയുന്നു.

അഗോള മുസ്ളിംകൾ സിക്കുകാരോട് യുദ്ധം ചെയ്യാൻ ജനതതിക്കു നിർദ്ദേശം നൽകിക്കൊണ്ടിരുന്നു. ആയിരക്കണക്കിലുള്ള ആയുധ ധാരികളായ മുസ്ളിം ഭടന്മാരും, അസംഖ്യം പടക്കോപ്പുകളും ശേഖരിച്ചുട്ട് കമീഷണർ സായിബും, മജിസ്ട്രേട്ട സാഹിബും വിവരം ഗവർമ്മേണ്ടിനെ അറിയിച്ചു. അപ്പോൾ ഗവർമ്മേണ്ടിൽ നിന്നു കിട്ടിയ മറുപടി ഇതായിരുന്നു. '' നിങ്ങൾ അതിൽ കൈകടത്തേണ്ടതില്ല''

ദൽഹിയിലെ—— ഒരു മഹാജൻ–പണക്കച്ചവടക്കാരൻ, മുജാഹിദ്ഫണ്ട് അന്യായമായി പിടിച്ചടക്കിയപ്പോൾ ദില്ലി കമീഷണർ ആ പണം വസൂൽ ചെയ്ത് അതിർത്തി പ്രദേശത്തേക്ക് അയച്ചുകൊടുക്കാൻ കൽപിച്ചു. സർസയ്യിദ് തന്റെ സഹകരണ നയത്തിനു ആസ്പദമായി ഉന്നയിച്ച തെളിവാണിത്, അപ്പോൾ ഇവിടെ ഒരു ചോദ്യം ഉൽഭവിക്കുന്നുണ്ട് എന്തിനാണ് ഇംഗ്ളീഷുകാർ ഈ നയം സ്വീകരിച്ചത്? അതിൽ അന്തർലീനമായ തന്ത്ര പ്രയോഗങ്ങൾ ഗ്രഹിക്കാൻതക്ക ദീർഘ ദൃഷ്ടി ഇല്ലാത്ത വ്യക്തിയല്ലല്ലോ സർസയ്യിദ് പിന്നെ എന്തിനു അദ്ദേഹം മുസ്ലിംകളുടെ മനോവീര്യം കെടുത്താൻ ഉദ്യുക്തനായത്. ?

സയ്യിദ് അഹ്മദ് ബറേൽവിയും സയ്യിദ് അഹമദ്ഖാനും ഒരേ അഭിപ്രായക്കാരായിരുന്നില്ല. സർസയ്യിദ് സഹകരണവാദിയായി'രുന്നു. സയ്യിദ് ബെറൽവി യാവട്ടെ ഗാന്ധിജിയെപ്പോലും അധ: കരിക്കുന്ന നിസ്സഹകരണ വാദിയും.

മുകളിൽ സൂചിപ്പിച്ച ചോദ്യത്തിനു ഡോക്ടർ ഹെൻറ് പറയുന്ന മറുപടി ഇതാണ്.——ക്രി:. 1822വരെ സയ്യിദ് അഹമദ് സാഹിബ് നടത്തിയിരുന്ന ദൌത്യത്തിന്റെ നേരെ ആംഗ്ളേയ അധികൃതന്മാർ ശ്രദ്ധ പതിപ്പിച്ചതേയില്ല. അദ്ദേഹം ജീവനെപ്പോലും ബലിയർപ്പിക്കാൻ സുദൃഢ നിശ്ചയം ചെയ്തു. മുരീദർന്മാ( ശിഷ്യഗണം )രോടുകൂടി ഞങ്ങളുടെ സംസ്ഥാനങ്ങളിൽ പര്യടനം നടത്തി. ആയിരക്കണക്കിലുള്ള ശിഷ്യന്മാരെ സൃഷ്ടിച്ചു. നല്ല ഒരു സിംഹാസനവും മതപരമായ ടാക്സും ദേശീയ ഭരണവും ഉണ്ടാക്കി. ഈ സന്ദർഭത്തിൽ നമ്മുടെ ആഫീസർമാർ തങ്ങളുടെ ചുററുപാടും നടക്കുന്ന മതപരമായ പ്രസ്ഥാനത്തിന്റെ ഉജ്ജ്വല പ്രവർത്തനങ്ങളുടെ നേരെ തിരിഞ്ഞുനോക്കുക പോലും ചെയ്തില്ല. ധന സംഭരണത്തിലും നീതിന്യായ കോടതികൾ ഏർപ്പെടുത്തുന്നതിലും സൈനിക പരേഡിലും അവർ ശ്രദ്ധ കേന്ദ്രീകരിച്ചു. അ

വരുടെ ഉത്തരവാദിത്വ സാഹിത്യത്തിൻെറയും തിക്ത്തഫലം ക്രി: 1838ൽ അവർ അനുഭവിച്ചു.

മററൊരു സ്ഥലത്ത് വഹ്ഹാബി പ്രസ്ഥാനത്തെ പരാമർശിച്ചുകൊണ്ടു പറയുന്നു. '' ആ പ്രസ്ഥാനത്തിൻെറ പ്രധാനപ്പെട്ട വശങ്ങൾ മൂന്നാണ് ''

1. സംഘടനാ വൈശിഷ്ട്യം 2. സുശക്തവും സുഭദ്രവുമായ രഹസ്യവകുപ്പ് 3. അച്ചടക്കം എന്നാൽ ഹെൻറിയുടെ നിഗമനം കേവലം പൊള്ളയാണ്. ആംഗ്ളേയർ ബുദ്ധിശൂന്യരോ, അലസരോ, ഉത്തരവാദിത്വ ബോധമില്ലാത്തവരോ, ഭവിഷ്യൽ ഫലത്തെപററി ചിന്തിക്കാത്തവരോ അല്ല— അവർ വളരെ ആഴത്തിൽ ചിന്തിച്ചു തീരുമാനം ചെയ്ത നയ മനുസരിച്ചു പ്രവർത്തിച്ചു എന്നതാണ് വാസ്തവം. താഴെ പറയുന്ന കാരണങ്ങളുടെ അടിസ്ഥാനത്തിലാണ് ആംഗ്ളേയർ ആ നയം അംഗീകരിച്ചത്.

!. പ്രതിയോഗിതങ്ങളുടെ അധികാര പരിധിക്ക് വെളിയിലായിരുന്നു.

2 ശത്രുവിൻെറ പ്രവർത്തന കേന്ദ്രം ഇംഗ്ളീഷുകാരുടെ അധികാര പ്രദേശങ്ങളിൽ നിന്നു എത്രയോ അകലെയായിരുന്നു.

3. മീർജാഫർ, മീർസാദിഖ് മുതലായ ദുർഭൂതങ്ങളെ സൃഷ്ടിച്ചു പ്രതിയോഗിയെ സ്വന്തം ശക്തി കേന്ദ്രത്തിൽ വെച്ചു തന്നെ അലട്ടാൻ കഴിയുമായിരുന്നു.

4. സമാൻഷാഹ് ആന്തരിക കുഴപ്പത്തിൻെറ ഫലമായിട്ടാണ് പരാജയം അനുഭവിക്കേണ്ടി വന്നത്. സയ്യിദ് സാഹിബിൻെറ ശക്തിയും അഭ്യന്തര കലഹം സൃഷ്ടിച്ചു നശിപ്പിക്കാൻ കഴിയുമായിരുന്നു,

5. റോഹിലകളെ ശൂജാഉദ്ദൌലമുഖേനയും ഠിപ്പു സുൽത്താനെ ഹൈദരബാദ് നവാബിൻെറയും മറാട്ടികളുടെയും സഹായത്തോടുകൂടെയു, തോൽപിച്ചു.

സിക്കുകാർ മുഖേന ശൂജാഉദ്ദൌലയെയും അവസാനിപ്പിക്കാൻ കഴിയുമായിരുന്നു. അപ്പോൾ ഇത്രയൊക്കെ സാ

ദ്ധ്യതകളുണ്ടായിട്ടും അതൊന്നും കണ്ടില്ലെന്ന ഭാവത്തിൽ യാതൊന്നും പ്രവർത്തിക്കാതിരുന്നത് ബുദ്ധിശൂന്യതകൊണ്ടോ ഭവിഷ്യൽ ഫലത്തെപററി ചിന്തയില്ലായ്മ മൂലമോ അല്ല. ആംഗ്ലേയർ കൌശല പ്രയോഗങ്ങളിലും, നയോപായങ്ങളിലും ഏവരെയും കവച്ചുവെക്കുന്നു-

ആ പ്രസ്ഥാനത്തിന്റെ നേരെ കാണാത്ത ഭാവം നടിച്ചത് ബുദ്ധിപൂർവ്വമാണ്. വിശാല മനസ്കത, ദയാദാക്ഷിണ്യം, ഔദാര്യം എന്നീ ഉത്തമ ഗുണങ്ങളുടെ പരിണത ഫലമാണെന്നു കാണിക്കാനാണ് ഈ അടവ് സ്വീകരിച്ചത്. അതിനു പുറമെ നാട്ടിൽ അരാജകത്വം പൊട്ടിപ്പുറപ്പെടുന്നതിനെ അവർ ഭയപ്പെട്ടിരുന്നു. ശത്രുവിനെ വകവരുത്താൻ അസാധാരണമായ സൈന്യവും പടക്കോപ്പും ഉപയോഗിക്കാതെ സാധിക്കുമെന്നായിരുന്നു അവരുടെ അഭിപ്രായവും വിശ്വാസവും. എന്നാൽ ആ അഭിപ്രായവും വിശ്വാസവും കേവലം നിരർത്ഥകമാണെന്നു് പറഞ്ഞുകൂടാ. കാരണം സിക്കുകാരുടെ ഉശിരൻ സൈനികശേഖരത്തേയും യാർമുഹമ്മദ്ഖാൻ മുതലായ പഠാൻമാരുടെ ആയുധ ശക്തിയേയും വെല്ലുന്നതായിരുന്നു ഇംഗ്ലീഷുകാരുടെ പ്രചാരവേലകൾ മുസ്ലിംകളെ തമ്മിലടിപ്പിക്കാനവർക്കെളുപ്പത്തിൽ സാധിച്ചു- ദുഷ്പ്രചരണം മാത്രം അതിന്നു സഹായമായി;

തൽഫലമായി ഒരേഒരു രാത്രിയിൽ സയ്യിദ് സാഹിബിന്റെ ധർമ്മയോദ്ധാക്കളിൽ ഒരു വമ്പിച്ച വിഭാഗത്തെ മുസ്ലിംകൾ ദാരുണമാം വണ്ണം അറുത്തു കൊന്നു. വെള്ളക്കാരന്റെ നയോപായത്തിന്റെ പ്രതിഭാസം ഈ വിധമായിരുന്നു. ഒരേഒരു വാക്കുമാത്രമേ അവരുപയോഗിക്കേണ്ടതായി വന്നുള്ളു ഫലമോ ഹാ! എത്ര ഭയങ്കരം ഒരേ മതത്തിന്റെ അനുയായികളെ അന്യോന്യം ശത്രുക്കളായി മാററാൻ അവർക്ക് ക്ഷണത്തിൽ കഴിഞ്ഞു ചൊല്ലു കേട്ടാൽ കല്ലും തിരിയുമല്ലോ? ആംഗ്ലേയർക്കു് പേടി സ്വപ്നമായിരുന്നു വഹാബികൾ. ഏതു വിധമെങ്കിലും അവരെ പരാജയപ്പെടുത്താനുള്ള മാർഗ്ഗങ്ങൾ ആരാഞ്ഞു കൊണ്ടിരിക്കയായിരുന്നു ഇംഗ്ലീഷുകാർ യാഥാസ്തികരെ

യും അന്ധവിശ്വാസികളേയും വഹ്ഹാബി പ്രസ്ഥാനത്തിനെതിരായി അവർ അണിനിരത്തി. ഇസ്ലാമികതത്വങ്ങൾക്ക എതിരായ വിശ്വാസങ്ങൾ വെച്ചു പുലർത്തുന്ന സയ്യിദ് സാഹിബും അനുയായികളുമെന്നവർ പറഞ്ഞുപരത്തി- എന്നാൽ വഹാബിയത്ത് എന്താണെന്നും വഹാബ് ആരാണെന്നും മഹാരാജാ രഞ്ജിത്ത് സിംഗിനോ യാർമുഹദ്ഖാനോ നിശ്ചയമുണ്ടായിരുന്നില്ല, വെള്ളക്കാരന്റെ സ്ഥിതി അതിൽ നിന്നു വ്യത്യസ്ഥമായിരുന്നു, അവൻ അതിനെക്കുറിച്ചു നന്നായി പഠനംനടത്തിയിട്ടുണ്ട്. അത് വളരുന്നതും നിലനിൽക്കുന്നതും ആണെന്നും തങ്ങളുടെ തേർവാഴ്ചക്ക ആപത്തായിത്തീരുന്നതും ഈ മണ്ണിൽ നിന്നു തങ്ങൾ പിഴുതെറിയപ്പെടുമെന്നും വെള്ളക്കാരനു നന്നായറിയാം. അതുകൊണ്ടാണ് ഈ കുതന്ത്രങ്ങളെല്ലാം പ്രയോഗിക്കാനവർ മുതിർന്നത്,

## സമരസംരംഭങ്ങളും
## അനന്തരസംഭവങ്ങളും
## പ്രഥമപോരാട്ടം

ഹിജറ വർഷം 1242 ജമാദുൽഅവ്വൽ 2 ക്രി: 1826 ഡിസമ്പർ 21 നാണ് ഒന്നാമത്തെ യുദ്ധത്തിന്റെ തുടക്കം. അതിൽ 37 മുഹാജിദ്ദുകൾ മരണപ്പെടുകയും 35 പേർക്ക് മുറിവേൽക്കുകയുംചെയ്തു. അനുഭവത്തിൽ ആ യുദ്ധം വിജയകരമായിരുന്നു. എന്തുകൊണ്ടെന്നാൽ മുജാഹിദുകളുടെ ധീരപരാക്രമങ്ങൾ ബുദ്ധിവൈഭവം പ്രവർത്തന ഔൽസുക്യം എന്നിവ ശത്രുക്കളെ ഭയചികിതരാക്കി. സമീപ പ്രദേശങ്ങളിലുള്ള ഖാൻമാരിലും ഭീതി ജനിപ്പിച്ചു. ഹിന്ദ് കോട്ടയുടെ തലവൻ തികഞ്ഞ ഭക്തിയോടും കളങ്ക രഹിതമായ വിശ്വാസത്തോടും കൂടി സയ്യിദ് സാഹിബിനെ സമീപിച്ചു മുജാഹിദുകളുടെ പട്ടികയിൽ എന്റെ പേർകൂടിചേർക്കണമെന്നപേക്ഷിച്ചു. സയ്യിദ് സാഹിബിനേയും അനുയായികളേയും തന്റെ ഹിന്ദ് കോട്ടയിലേക്ക് ക്ഷണിച്ചുകൊണ്ടു പോവുകയും അതി ഗംഭീരമായനിലയിൽ

സൽക്കരിക്കുകയും ചെയ്തു. സൽക്കാരാനന്തരം പ്രവത്തന കേന്ദ്രം ഹിന്ദ് കോട്ടയിലേക്ക് മാററണമെന്ന് ഖാദിഖാൻ ഹസ്രത്ത് സയ്യിദ് സാഹിബിനോടപേക്ഷിച്ചു. എന്നാൽ സയ്യിദ് സാഹിബ് ആ അപേക്ഷ നിരസിക്കുകയാണ് ചെയ്തത്. ഏതാനും ദിവസങ്ങൾക്കുശേഷം അവിടെ നിന്നു തിരിച്ചു.

അതിനുശേഷം ശീതസമരം ഉണ്ടായിക്കൊണ്ടിരുന്നു. പ്രായേണ മുജാഹിദുകൾക്ക് വിജയ സാദ്ധ്യത കൈവന്നിട്ടുണ്ടായിരുന്നു- ആ പ്രദേശിലെ പഠാന്മാരും സയ്യിദ് സാഹിബിൻെറ ക്യാമ്പിൽ ചേർന്നു. എല്ലാ വിധത്തിലും അനുകൂലമായ അന്തരീക്ഷമാണ് സംജാതമായത്. 1242 ജമാദുൽആഖിർ 12 ക്രി: 1827 ജനുവരി 10നു നിയമാധിഷ്ടിതമായ ഇമാറത്തും——അമീറെയിററ്— ഹുകൂമത്തും — ഗവർമ്മെണ്ട്-ഭരണം — പ്രഖ്യാപിച്ചപ്പോൾ സവാത്ത്, സമ്മ, ഗനീർ എന്നിവിടങ്ങളിലെ ഖാൻമാർ സത്യപ്രതിജ്ഞചെയ്തു സംഘത്തിൽ ചേർന്നു.

മഹാരാജാ രഞ്ജിത്ത്സിംഗ് പെഷാവറിൽ ഗവർണ്ണറായി നിശ്ചയിച്ച യാർമുഹമ്മദ്ഖാൻ, സഹോദരൻ സുൽത്താൻ മുഹമ്മദ്ഖാൻ, പീർമുഹമ്മദ്ഖാൻ മുതലായ പെഷവാറിലെ കുറെ പ്രമുഖ വ്യക്തികളും കത്തുകൾ മുഖേന സയ്യിദ് സാഹിബിൻെറ ഭരണകൂടത്തെ അനുകൂലിച്ചു.

## സിക്കുകാരുടെ നയം

യുദ്ധം നടക്കുന്ന അവസരത്തിൽ സിക്ക് ഗവർമ്മെണ്ടു സയ്യിദ് സാഹിബിനു ഒരു സന്ദേശം അയച്ചു അതിലെ ഉള്ളടക്കം ഇപ്രകാരമായിരുന്നു. അബ്ബാസീ നദിയുടെ മറുകരയിലെ സയ്യിദ് സാഹിബിൻെറ അധീനത്തിലുള്ള രാജ്യം പാരിതോഷികമായി അനുവദിച്ചതരാം അത് അങ്ങയ്ക്കു കയ്വശം വെക്കാം. എന്നാൽ മുന്നോട്ടു നീങ്ങരുത്,

സയ്യിദ് സാഹിബ് ഈ ഔദാര്യത്തെ വ്യക്തമായ ഭാഷയിൽ നിഷേധിച്ചു കൊണ്ട് രാജാരഞ്ജിത്ത്സിംഗിന്നു മറുപടി അയച്ചു. പ്രസ്തുത മറുപടിയിൽ യുദ്ധത്തിന്റെ പരമ പ്രധാനമായ ലക്ഷ്യത്തെ പരാമർശിക്കയുണ്ടായി, നാടുപിടിച്ചടക്കാനല്ല ഞങ്ങൾ യുദ്ധം ചെയ്യുന്നത്. അധികാരമോഹം ഞങ്ങൾക്കില്ല ഞങ്ങൾ സ്വാതന്ത്ര്യലബ്ധിക്കായിട്ടാണ് യുദ്ധം ചെയ്യുന്നത്. മഹത്തായ ഒരാദർശത്തിനു വേണ്ടി പോരാടുന്ന ഞങ്ങളെ ഇത്തരത്തിലുള്ള ഒരു പാരിതോഷികം കൊണ്ടുതൃപ്തിപ്പെടുത്താമെന്നുകരുതി സൌജന്യം വെച്ചുനീട്ടുന്നത് അവഹേളനമല്ലേ? ഈ മറുപടി കിട്ടേണ്ടതാമസം മഹാരാജാവിന്റെ ഭാഗത്തു നിന്നു നേരിട്ടുള്ള യുദ്ധത്തിനു ഒരുക്കങ്ങൾ ആരംഭിച്ചു. സൈതൂൺ മൈതാനമായിരുന്നു യുദ്ധക്കളം, സിക്കുകാരുടെ ഉജ്ജ്വല സേനാവിഭാഗം വിവധ തരത്തിലുള്ള സമരായുധങ്ങളോടുകൂടി പടക്കളത്തിലെത്തി. സയ്യിദ് സാഹിബിന്റെ സേനാവിഭാഗവും യദ്ധത്തിനു തെയ്യാറായി. തദവസരത്തിൽ ഒരു ലക്ഷത്തോളം പട്ടാളക്കാർ സയ്യിദ് സാഹിബിനുണ്ടായിരുന്നു എന്നാണ് റിപ്പോർട്ട്. എന്നാൽ സംഖ്യാവദ്ധനവുകൊണ്ട് മാത്രം ശത്രുവിനെ ജയിക്കാൻ സാദ്ധ്യമാകില്ല. വേണ്ടത്ര അച്ചടക്കവും, ആത്മാത്ഥതയും, സമഭാവനയും ആവശ്യമാണല്ലോ. സയ്യിദ് സാഹിബിന്റെ സേനാനികളിൽ കുറെപേരിൽ ആ ഉത്തമ ഗുണങ്ങളുടെ പോരായ്മ ഉണ്ടായിരുന്നു. എന്നുമാത്രമല്ല അഹങ്കാരവും നിഗളിപ്പും അവരിൽ തളം കെട്ടി നിന്നിരുന്നു. കുലീന, കുചേല, ധനിക, ദരിദ്ര വ്യത്യാസം പരിഗണിക്കാതെയുള്ള സമത്വത്തെ അവക്കു സഹിക്കാൻ കഴിഞ്ഞില്ല.

സയ്യിദ് സാഹിബിൽ ഭക്തിബഹുമാനങ്ങൾ അർപ്പിച്ച ഖാദിഖാനും കോടതി വിധി തന്റെ അഭീഷ്ടത്തിന്നെതിരായി വന്നപ്പോൾ കാൽമാറി.

പെഷാവറിലെ സർദാർമാർ സയ്യിദ് സാഹിബിന്റെ നേതൃത്വത്തെ സ്വീകരിച്ചുകൊണ്ട് സംഘത്തിൽ ചേർന്നിരുന്നെങ്കിലും വാസ്തവത്തിൽ അവർ രഞ്ജിത്ത്

സിംഗിന്റെ കിങ്കരന്മാരും രാജവാഴ്ചക്കനുകൂലികളുമായിരുന്നു. ഇവ്വിധമുള്ള അഭ്യന്തര വൈകല്യങ്ങളും ദൂഷ്യങ്ങളുമുണ്ടായിട്ടുപോലും വിധി നിർണ്ണായകമായ യുദ്ധം അതികാലത്ത് നടക്കുമെന്നായിരുന്നു പ്രതീക്ഷ. എന്നാൽ രാത്രി സയ്യിദ് സാഹിബിനു ശത്രുചാരന്മാർ വിഷം കൊടുത്തു. പ്രഭാതത്തിൽ മൌലവിമുഹമ്മദ് ഇസ്മായിൽ സാഹിബ് തമ്പിൽ എത്തിയപ്പോൾ സയ്യിദ് സാഹിബ് ബോധരഹിതനായി കിടക്കുന്നതായി കണ്ടു. ക്ഷീണം വല്ലാതെ വർദ്ധിച്ചിട്ടുണ്ടായിരുന്നു, ഛർദ്ദിയും ഉണ്ടായിരുന്നു. തദവസരത്തിൽ യാതൊരു പരിഭ്രമവും വെളിക്കുകാണിക്കാതെ പുതുതായിയാതൊന്നും സംഭവിക്കാത്ത വിധം ബോധപൂർവ്വം പ്രവർത്തിച്ചു. സയ്യിദ് സാഹിബും തന്റെ രോഗവും ക്ഷീണവും മറച്ചുപിടിക്കാൻ തന്നാലാവുന്നതും പരിശ്രമിച്ചു ഇതേനിലയിൽ ആനപ്പുറത്തുകയറി യുദ്ധക്കളത്തിലെത്തി.

യുദ്ധരംഗം ചൂടുപിടിച്ചിരുന്ന മുജാഹിദുകൾ വിജയപൂർവ്വം മുന്നോട്ടുകയറികൊണ്ടിരുന്നു. ഈ അവസരത്തിലാണ് പെഷവർ സർദാർമാരും ഖാലിസഫൌജ് കമാണ്ടരും തമ്മിൽ കത്തിടപാടുകൾ നടന്നതും തൽഫലമായി പേഷ്വാർ സർദാർമാർ യുദ്ധരംഗത്തുനിന്നു തങ്ങളുടെസേനാവിഭാഗത്തെ പിൻവലിക്കുകയും പടക്കോപ്പുകൾ കൊണ്ടുപോവുകയും ചെയ്തു. അപ്പോൾ യുദ്ധത്തിന്റെ പ്ലാൻ മാറി. സമ്മായിലെ സർദാർമാരും അവരുടെ സൈന്യവും ഭഗ്നാശരായി. അവരുടെ കാലുകൾക്കു സമരരംഗത്ത് ഊന്നിനില്ലാനുള്ള കെൽപില്ലാതെയായി. തന്മൂലം സമരസംബന്ധമായ സർവ്വ ഭാരങ്ങളും ഇന്ത്യൻ മുജാഹിദുകൾ ചുമക്കേണ്ടിവന്നു. വിജയസാദ്ധ്യതയെക്കുറിച്ചുള്ള ആശ പറ്റെനശിച്ചു ഇനി എങ്ങിനെയെങ്കിലും ഈ ഊരാക്കുടുക്കിൽ നിന്നു രക്ഷപ്രാപിക്കുന്നതാണ് നല്ലതെന്നവർ തീരുമാനിച്ചു. അങ്ങിനെ വലയംഭേദിച്ചു പുറത്തുചാടാനുള്ള ശ്രമമാണ് അവശേഷിച്ചവർ ചെയ്തത് ഈ വിഷമഘട്ടത്തിൽ മറ്റൊരു ഗൂഢാലോചനയുടേയും വഞ്ചനയുടേയും രഹസ്യം പുറത്തുവന്നു. യാർമുഹമ്മദ്ഖാൻ സ



മ്മാനിച്ച ആന, അതിന്മേൽ ആയിരുന്നു സയ്യിദ് സവാരി ചെയ്തിരുന്നത്———നൊണ്ടി യായിരുന്നു, ഉടനേ അദ്ദേഹത്തെ കുതിരപ്പുറത്തുകയറ്റി പടക്കളത്തിൽ നിന്നു ഗ്രാമത്തിലേക്കു കൊണ്ടുപോയി ഒരാഴ്ചക്കുശേഷം അദ്ദേഹത്തിന്റെ ക്ഷീണമെല്ലാം മാറി ആരോഗ്യം വീണ്ടുകിട്ടി.

എന്നാൽ വിധിവൈപരീത്യം എന്നുപറയേണ്ടിയിരുന്നുവെങ്കിലും വിജയസാദ്ധ്യത കൺമുമ്പിൽ തെളിഞ്ഞുകണ്ടിരുന്നുവെങ്കിലും ഒടുവിൽ തിക്തഫലം അനുഭവിക്കേണ്ടിവന്നു. ഇതിന്റെ കാരണങ്ങൾ വ്യക്തമാണ്. സ്വാർത്ഥലോലുപന്മാർ അട്ടിമറി നടത്തി. അവരുടെ പ്രവർത്തനരംഗം ഏകമാണ്. ഇതാണ് വസ്തുത. യാർമുഹമ്മദ്ഖാനും ഖാദീഖാനും ഉപരാജാവ് സർസിംഗിന്റേയും കമാണ്ടർ ബുദ്ധസിംഗിന്റെയും ആജ്ഞാനുവർത്തികളായിരുന്നു. അവർ ഇസ്ലാമിക വിപ്ലവത്തെ കുഫ് റിന്റെ ശക്തികൾക്ക് ഒറ്റികൊടുത്തു. തദനന്തരം വീണ്ടും സമരസംരംഭങ്ങൾ സമാരംഭിക്കപ്പെട്ടു. ഇത്തവണ പെഷവാർ സർദാർമാർ മുന്നണിയിലും സിക്ക്പട്ടാളവും സർദാർമാരും പിന്നണിയിലും സ്ഥലംപിടിച്ചു. എന്നാൽ യാതൊരു സങ്കോചവും കൂടാതെ സയ്യിദ്സാഹിബ് ഐക്യമുന്നണിപോരാളികളെ നേരിട്ടുവിജയം വരിച്ചു ഹിജറ 1245ക്രി:—1829 ആഗസ്റ്റ് 11നു ഹിൻഡ്കോട്ട ആക്രമിച്ചു. ഖാദിഖാൻ പൊരുതിമരിച്ചു കോട്ട മുജാഹിദുകൾ കൈവശപ്പെടുത്തി. ഖാദീഖാന്റെ സഹോദരൻ അമീർഖാൻ യാർമുഹമ്മദ്ഖാനോടു സഹായമഭ്യർത്ഥിച്ചു. യാർമുഹമ്മദ് സഹായത്തിനായി ഹിന്ദിലേക്കു പട്ടാളത്തോടുകൂടി പുറപ്പെട്ടു. സെയ്ത്തും എന്ന സ്ഥലത്തുവെച്ചു ഇരുകൂട്ടരും തമ്മിൽ കൂട്ടിമുട്ടി. യാർമുഹമ്മദ്ഖാൻ വധിക്കപ്പെട്ടു. ആയാളുടെ സേന പിന്തിരിഞ്ഞോടി. ഖാദിഖാന്റെ സഹോദരൻ അമീർഖാനും പരലോകപ്രാപ്തനായി.

മുജാഹിദ് സേനകൾ മുന്നേറിക്കൊണ്ടേഇരുന്നു. അങ്ങിനെ 1829സപ്തമ്പർ അവസാനം യാതൊരു വിഷമവും കൂടാതെ അവർ പെഷാവാറിൽ പ്രവേശിച്ചു. പട്ടണവാസികൾ അതിഗംഭീരമായ വരവേൽപുനൽകി, സയ്യി

ദ്‌സാഹിബ്‌ പട്ടണത്തിൽ പ്രവേശിച്ച ഉടനെതന്നെ സമാധാനം വിളമ്പരംചെയ്തു. കടകഠം തുറന്നു പഴയപടി വ്യാപാരം ആരംഭിച്ചു. പട്ടണവാസികഠം ആഹ്ളാദഭരീതരായി. തെരുവ്‌ സ്ത്രീകൾ ഓടിഒളിച്ചു. വേശ്യാലയങ്ങളും മദ്യഷാപ്പുകളും ഈശ്ചകളുടെ കേളീരംഗങ്ങളായി പരിണമിച്ചു. ജനങ്ങളുടെ സ്വഭാവങ്ങളും നടപടിക്രമങ്ങളും ആരാഞ്ഞറിയുന്ന സമ്പ്രദായം നടപ്പിലാക്കി. നീതിന്യായകോടതികഠം സ്ഥാപിക്കപ്പെട്ടു. ദൈവികരാജ്യം ഭൂമിയിൽ സ്ഥാപിക്കാനുള്ള സംരംഭമായിരുന്നു അതു്‌.

യുദ്ധത്തിന്റെ ഗതിക്കു സാരമായ മാററം സംഭവിച്ചപ്പോഠം, യാർമുഹമ്മദ്‌ഖാന്റെ സഹോദരൻ, സുൽത്താൻ മുഹമ്മദ്‌ഖാൻ, അർബാംബ്‌ഫൈസുൽലാഖാനെയും മററുചില പ്രമുഖന്മാരെയും സന്ധിസംസാരത്തിനായി സമീപിച്ചു. അവർ സയ്യിദ്‌സാഹിബിനോടു തെററ്‌കുററങ്ങളെല്ലാം വിട്ടുപൊറുത്തുകൊടുക്കുവാനപേക്ഷിച്ചു എന്നാൽ സയ്യിദ്‌സാഹിബിന്റെ ചില അനുയായികഠം ആ അപേക്ഷ സ്വീകരിക്കുന്നതിന്നെതിരായിരുന്നു. അങ്ങിനെ ചെയ്താൽ വലിയ ആപത്തു സംഭവിക്കുമെന്നായിരുന്നു അവരുടെ അഭിപ്രായം. അതുകൊണ്ടു അവരുടെ ആവശ്യം വകവെച്ചുകൊടുക്കരുതെന്നു അക്കൂട്ടർശക്തിയുക്തം വാദിച്ചു ഇങ്ങിനെ ഒരു സന്ധിയിലേർപ്പെടാൻ പാടില്ലെന്നഭിപ്രായക്കാർ ഒരു ന്യുനപക്ഷമായിരുന്നു. ഭൂരിപക്ഷം സന്ധിക്കനുകൂലമായിരുന്നു. സൌഹൃദഹസ്തം നീട്ടിയാൽ അതിനെ നിർദ്ദയം തട്ടിക്കളയാൻ പാടില്ലെന്നവർ വാദിച്ചു സയ്യിദ്‌സാഹിബ്‌ മദ്ധ്യസ്ഥന്മാരുടെ അപേക്ഷ സ്വീകരിച്ചു. സുൽത്താൻമുഹമ്മദ്‌ഖാനെ ഹാക്കിമും [കലക്ടർ] മൌലാനാ സയ്യിദ്‌മദ്‌ഹർ അലീസാഹിബിനെ ജഡ്‌ജിയുമായി നിയമിച്ചു. തദനന്തരം സയ്യിദ്‌സാഹിബും അദ്ദേഹത്തിന്റെ സൈന്യവും പെഷവാറിൽനിന്നു പഞ്ചതാറ ക്യാമ്പിലേക്കുതാമസം മാററി.

## അനന്തര സംഭവങ്ങൾ

സയ്യിദ്സാഹിബ് പെഷവർ കീഴടക്കിയതിനുശേ
ഷമുള്ള ചില സംഭവങ്ങൾ ഇവിടെകുറിക്കാം.

1 പെഷാവർ നഷ്ടപ്പെട്ടതു മഹാരാജാ രജ്ഞിത്ത്
സിംഗിന്റെ ഗവർമ്മെണ്ടിനും താങ്ങാനും സഹിക്കാനുമാ
ത്ത വിപത്താണ്. 2 ക്രി 1799മുതൽ———ഷാഹ്സ
മാന്റെ കാലത്ത് ആംഗ്ലേയർ ഈ നാട്ടിന്റേയും ഭരണ
ത്തിൽ കടന്നകൂടിയിരുന്നു. ക്രി 1808ൽ ലാർഡ്മിൻ
ഡേ യുടെ കാലത്ത് മിസ്റ്റർ എൽഫൽസന്റെ നേതൃത്വ
ത്തിൽ ബ്രിട്ടീഷ് എമ്പസ്സി കാബൂളുമായി നിയമാധിഷ്ഠി
തമായി ബന്ധപ്പെട്ടിരുന്നു. ആകയാൽ അയൽക്കാരന്റെ
തകർച്ച ഒട്ടുംകുറയാത്ത അലംഭാവം കാബൂളിനും ഉണ്ടാക്കി
എന്നാൽ വെള്ളക്കാരുടെ വിറളി മറ്റൊന്നായിരുന്നു. ഒരു
ഭാഗത്തും വടക്കപടിഞ്ഞാറൻ പേഷവാറിൽ സയ്യിദ്സാ
ഹിബിന്റെ ഭരണം സ്ഥാപിതമായിരിക്കുന്നു മറ്റൊരു
ഭാഗത്തും, വടക്ക കിഴക്കബങ്കാളിൽ സയ്യിദ്സാഹിബ് മു
ഖേന നിസാർഅലി സംഘടിപ്പിച്ച വിപ്ലവപ്രവർത്തനം
ആരംഭിച്ചുകഴിഞ്ഞിരിക്കുന്നു ഇതായിരുന്നു ഇംഗ്ലീഷുകാ
രെ പ്രകമ്പനംകൊള്ളിച്ചത്. അക്കാലത്ത് മലബാറിൽ
മാപ്പിളമ്മാരുടെ പോരാട്ടവും നടന്നിരുന്നു.

(3) ഈ രണ്ടു ശത്രുക്കൾക്ക പുറമെ മൂന്നാമതൊരു ശത്രു
കൂടി രംഗത്തു പ്രവേശിച്ചു. ആ ശത്രു സയ്യിദ്സാഹിബി
ന്റെ സ്വയം സൃഷ്ടിയാണ്. വധിക്കപ്പെട്ട സഹോദരൻ
യാർമുഹമ്മദ് ഖാനെപ്പോലെ തന്നെ സുൽത്താൻ മുഹമ്മദ്
ഖാൻ രാജ പ ഴ്ച തുടരണമെന്ന പക്ഷക്കാരനായിരുന്നു.
ബാഹ്യമായി സയ്യിദ്സാഹിബിനെ അനുകൂലിക്കയും ആ
ന്തരികമായി മഹാരാജാ രജ്ഞിത്സിംഗിൽ ഭക്തിയും
വിശ്വാസവും വെച്ചുപുലർത്തുകയും ചെയ്തുപോന്നു. അങ്ങി
നെയുള്ള ഒരു കപടഭക്തനെയാണ് ശുദ്ധാത്മാവായ സ
യ്യിദ് സാഹിബ് പെഷവാറിന്റെ ഭരണാധിപനായി
നിയമിച്ചത്. സയ്യിദ്സാഹിബിന്റെ മുമ്പിൽ നല്ലപി
ള്ള ചമഞ്ഞധികാരത്തിൽ കയറിക്കൂടിയ സുൽത്താൻ മുഹ

മ്മദ്ഖാൻ തന്റെ രാജഭക്തി വെളിപ്പെടുത്താനായി ലൈലാ എന്നുപേരായ വളരെ വിലപിടിച്ച വിശേഷപ്പെട്ട കുതിരയെ മഹാരാജാ രഞ്ചിത്ത്സിംഗിനു കാഴ്ചവെച്ചു. പല അവസരങ്ങളിലും രാജാവ് ആവശ്യപ്പെട്ടിട്ടും കൊടുക്കാത്ത കുതിരയെ സുൽത്താൻതന്നെ യാതൊരു പരപ്രേരണയും കൂടാതെ കാണിക്കവെക്കുകയും തിരുവുള്ളമുണ്ടാകണമെന്നപേക്ഷിക്കയും ചെയ്തു. ഇതോടെടപ്പംതന്നെ വേറെയും വിലപിടിച്ച സാധനങ്ങൾ രാജാവിനു അയാൾ കാഴ്ചവെച്ചു. കുതിരയെ കാഴ്ചവെക്കുന്നതു രാജഭക്തി പ്രകാശിപ്പിക്കുന്നതിന്റേയും അനുസരണത്തിന്റേയും രേഖയായി സിക്കുഗവമെന്റ് പരിഗണിച്ചിരുന്നു. അതുകൊണ്ടാണ് സുൽത്താൻമുഹമ്മദ് ഈ കോമാളിത്തങ്ങളെല്ലാം കാട്ടിക്കൂട്ടിയത്. രാജഭക്തിയുടേയും, മുഖസ്തുതിയുടേയും, സ്വാത്ഥതാല്പര്യത്തിന്റേയും അന്ത്യംവരെ അയാൾ അധഃപതിച്ചു. കുതിരക്കുപുറമേ ആവശ്യപ്പെടാത്ത പല കാണിക്കകളും വെച്ചുപൂജിച്ചു. ആയുധബലവും സൈനികശക്തിയുംകൊണ്ടു സയ്യിദ്സാഹിബിനെ പരാജയപ്പെടുത്തുക അസാദ്ധ്യമാണെന്നുറപ്പായപ്പോൾസാമ്രാജ്യശക്തികളുടെ കിങ്കരന്മാർ ഒന്നായിച്ചേർന്നു കുപ്രചരണവേലകളും കുസൃതികളും ഉപയോഗിക്കാൻ മുതിന്നു. മുജാഹിദുകൾ വഹ്ഹാബികളാണെന്ന പ്രചരണം നടത്താൻ തീരുമാനിച്ചു. പഠാൻമാരുടെ ഇടയിൽ നടപ്പുണ്ടായിരുന്ന അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കുമെതിരായി സയ്യിദ് സാഹിബ് നടത്തിയിരുന്ന സാംസ്കാരിക പ്രവത്തനങ്ങളെ പഠാൻകാർ തങ്ങളുടെ വാദത്തിനു ഉപോൽബലമായി ഉദ്ധരിച്ചു. തദനന്തരം സുശക്തമായ എതിർപ്രചരണവേല നടത്താൻ തുടങ്ങി അതുകുറിക്ക്കൊണ്ടു. ഒററക്കെട്ടായി പഠാൻകാർ മുജാഹിദുകളുടെ നേരെ തിരിഞ്ഞു. മുസ്ലീകളും സിക്കുകാരും, ക്രിസ്ത്യാനികളുമൊക്കെക്കൊണ്ടു ഒരു ഐക്യമുന്നണി രൂപംകൊണ്ടു. അങ്ങിനെ ബഹുജന പ[illegible] ദ്സാഹിബിനു കേവലം നഷ്ടപ്പെട്ടു. വാക്കിനുവാളിനേക്കാളും മൂർച്ച കൂടുമല്ലോ? ചുരുക്കത്തിൽ ഏഷണികൊ

ണ്ടാണ് സയ്യിദ്സാഹിബിനെ ആ കശ്മലന്മാർ പരാ
ജയപ്പെടുത്തിയതെന്നർത്ഥം.

## കൂട്ടക്കൊല

അ വഞ്ചകനായ സുൽത്താൻ മുഹമ്മദ്ഖാൻ ആണ്
ഖാസിമസ്ഹർ
തുൽഘാടനം ചെയ്തത്. ആദ്യമായി
സഹോദരൻ
അലീസാഹിബിനെ വകവരുത്തി. തൻെറ
കയ്യാൽ വ
യാർ മുഹമ്മദ്ഖാൻ ഖാസി സാഹിബിൻെറ
ധിക്കപ്പെട്ടു എന്നാണ് സുൽത്താൻെറ ന്യായീകരണം. അ
യാളുടെ ഗുണകാംക്ഷിയായ അർബാബ്ഫൈസുല്ലാഖാൻ
ഈ വധത്തിൽ പ്രതിഷേധിച്ചപ്പോൾ (അദ്ദേഹത്തിൻെറ
പരിശ്രമഫലമായിട്ടാണ് മാപ്പും, പെഷാവാറിലെ ഭര
ണാധികാരവും സുൽത്താൻ മുഹമ്മദിനു ലഭിച്ചത്. )അദ്ദേ
ഹത്തിനും രക്ത ദാനം ലഭിച്ചു. ഗവർമ്മെണ്ടു പിന്നെ സ
യ്യിദ് സാഹിബിൻെറ ഉദ്യോഗസ്ഥൻമാരെ കൂട്ടക്കൊല
ചെയ്യാൻ തുടങ്ങി. അവർ സമ്മാ പ്രദേശത്ത് പ്രവർത്തിക്കു
കയായിരുന്നു. ഒരേ ഒരു രാത്രിയിൽ സ്ഥലവാസികൾ നൂ
റുകണക്കായ മുജാഹിദുകളെ കശാപ്പു ചെയ്തു. സന്ധ്യ
ആയതോടെ നാടാകെ ബഹളത്തിൻേറയും കലാപത്തി
ൻേറയും മൂർദ്ധന്യ ദശയിലെത്തി. വീടുകളു കടകളും മെ
ല്ലാം അഗ്നിക്കിരയായി പർവ്വതങ്ങളിലും തീ പിടിച്ചു.
ഇതിനെ പററി അന്വേഷിച്ചപ്പോൾ രാത്രിയിൽ കന്ത്രൂ
സ് ഉടക്കാൻ പഠാന്മാർ തീർച്ചപ്പെടുത്തിയിരിക്കുന്നു എ
ന്നാണറിവായത്. ഇന്ത്യൻ മുജാഹിദുകൾക്കാവട്ടെ പഠാ
ന്മാരുടെ ആചാര മര്യാദകളും സംസ്കാരങ്ങളും അറിയുമാ
യിരുന്നില്ല. കന്ത്രൂസ് ഉടക്കുക എന്നതിനു് അവർ മനസ്സി
ലാക്കിയ അർത്ഥം ശരിയല്ലെന്നു അനുഭവം തെളിയിച്ചു.
" കന്ത്രൂസ്, കുട്ന "ധാന്യം പൊടിക്കുക എന്നാണ് അ
ർത്ഥമെന്നായിരിക്കുമെന്നവർ കരുതി. കാരികൾ നെഞ്ചി
നെ ആലിംഗനം ചെയ്തപ്പോഴെ കന്ത്രൂസ് കുട്നായുടെ
ശരിയായ അർത്ഥം ഗ്രാഹ്യമായുള്ളു.

# പ്രവർത്തനരംഗം മാററുന്നു

സയ്യിദ് സാഹിബും അനുയായികളും പല വിഷമ
ഘട്ടങ്ങളും തരണം ചെയ്തു നിരവധി ത്യാഗങ്ങൾ സഹി
ല്ല് വെച്ചു പിടിപ്പില്ല തോട്ടം നൊടിയിടകൊണ്ട് വെ
ന്തുകരിഞ്ഞു ചാമ്പലായീപ്പോയി.

പ്രതികാര നടപടികളെടുക്കാൻ മററുള്ളവരാവശ്യപ്പെ
ട്ടിരുന്ന വെങ്കിലും അഭ്യന്തര കലാപ മുണ്ടാകുന്നതിനെ സ
യ്യിദ് സാഹിബ് ഇഷ്ടപ്പെട്ടില്ല. അങ്ങിനെ അവിടെ
നിന്നുമാറി മറെറാരു പ്രദേശത്തേക്ക് പ്രവർത്തനം
ആരംഭിച്ചു.

സിന്ധു കേന്ദ്രമാക്കി പ്രവത്തിക്കാനായിരുന്ന സയ്യി
ദ് സാഹിബിൻെറ ഉദ്ദേശ്യ മെന്നു രഹസ്യാന്വേഷകർ രേ
ഖപ്പെടുത്തീട്ടുണ്ട്. ഹിജറ 1246 റജബ് മാസത്തിൽ അദ്ദേ
ഹം ആ പ്രദേശത്തു നിന്നു പുറപ്പെട്ടു. വോക്ക് മുതലായ
യുദ്ധോപകരണങ്ങൾ സുരക്ഷിതമായ ഒരു സ്ഥലത്ത് കുഴി
ച്ചിട്ടു. കുറേ യുദ്ധോപകരണങ്ങൾ പലരേയും ഏൽപിച്ചു.
പിരിഞ്ഞു പോകാനാഗ്രഹിക്കുന്നവർക്കു സമ്മതം നൽകി.
പക്ഷെ സയ്യിദ് സാഹിബിനെ വിട്ട്പിരിയാൻ ആരും
ഇഷ്ടപ്പെട്ടില്ല.

സയ്യിദ് സാഹിബ് സ്ഥലം വിട്ടതോടുകൂടി ഖാത്സാ
സേന പെഷാവാർ അധീനപ്പെടുത്തുക മാത്രമല്ല. സയ്യിദ്
സാഹിബിനു മാർഗ്ഗതടസ്സം ഉണ്ടാക്കാൻ കൂടി മുതിർന്നു.
പക്ഷെ അവർ വിജയിച്ചില്ല. മുജാഹിദ് സേനാ ബാലാ
കോട്ടിൽ എത്തി. ഹിമവർഷം ആരംഭിച്ചതുകൊണ്ടു യാത്ര
തുടരാൻ കഴിഞ്ഞില്ല. അവിടെ സുരക്ഷിതമായ ഒരു മൈ
താനം കണ്ടുപിടിച്ചു. കൂടാരങ്ങൾ സ്ഥാപിച്ചു ഏതാണ്ട്
20,000 പേരോളം വരുന്ന സേനാ വിഭാഗവുമായി മഹാ
രാജാരഞ്ജിത്ത്സിംഗിൻെറ അനന്തരാവകാശിയായ ഷേർ
സിങ്ങ് സൈന്യസമേതം കുറെ അകലെ തമ്പടിച്ചു കൂടി.
എന്നാൽ പർവ്വത നിരകളുടെ മദ്ധ്യത്തിലായിരുന്നു സയ്യി



ദ് സാഹിബിൻെറ സൈനീകത്താവളം. അവിടെ ശത്രു
ക്കൾക്ക് അനായാസം എത്താൻ കഴിയുമായിരുന്നില്ല.

മേയ് മാസമായി. മഞ്ഞുവീഴ്ച നിലച്ചു പട്ടാളക്കാർ
യുദ്ധത്തിനു തെയ്യാറായി. എന്നാൽ ഷേർസിംഗിൻെറ
സൈന്യത്തിനു കടന്നുപോവാൻ സാദ്ധ്യമല്ലാത്തതുകൊണ്ടു
അവർ മടങ്ങിപ്പോകാൻ നിർബന്ധിതരായിത്തീർന്നു.

ഈ അവസരത്തിലാണ് ചില രാജ്യദ്രോഹികൾ ഏ
റവും രഹസ്യമായ മാർഗ്ഗം അവർക്കു കാണിച്ചുകൊടുത്ത
ത്, ഇതുകൊണ്ടുള്ള നേട്ടം ഷേർസിംഗിനോ, ഖാൽസാ
ഫൌജിനോ അല്ല ലഭിച്ചത്. ശാശ്വതമായ നേട്ടമുണ്ടായ
ത് വിദേശികൾക്കാണ്. ഷേർസിംഗിനു താൽക്കാലിക
മായ ഒരു നേട്ടമുണ്ടായി എന്നുമാത്രം. ഇത് കെടാൻ നേര
ത്തുള്ള ഒരാളിക്കത്തലായിരുന്നു. കുറച്ചുകാലം അവർക്കു ഭ
രിക്കാൻ കഴിഞ്ഞുവെങ്കിലും ആ ഭരണം അധികകാലം
നിലനിന്നില്ല. എല്ലാ വിധത്തിലുള്ള ശാപ നാശങ്ങൾക്കും
അവർ ശരവ്യരായിത്തീർന്നു.

നിരാശ പൂണ്ടു് മടങ്ങിപ്പോകാൻ ശ്രമിക്കുന്ന അവ
സരത്തിലാണ് രഹസ്യമാർഗ്ഗത്തെ കുറിച്ചുള്ള അറിവ്
ഷേർസിംഗിനു ലഭിച്ചത് പിന്നെ ഒട്ടും താമസിച്ചില്ല.
സിക്ക് പട്ടാളക്കാർ വെട്ട്കിളികളെപ്പോലെ സയ്യിദ്
സാഹിബിൻെറയും അനുചരന്മാരുടെയും നേരെ പറന്നെ
ത്തി. ഓർക്കാപ്പുറത്തുള്ള ഈ കടന്നാക്രമണം മുജാഹിദുകളു
ടെ പ്ളാനിനെ പാടെ അപകടപ്പെടുത്തി. മുജാഹിദുകൾ
വഴിയിൽ സ്ഥാപിച്ചിട്ടുണ്ടായിരുന്ന ചൌക്കിയിലെ കാ
വൽക്കാരുടെ കഥകഴിച്ചു. സിക്കുസേന മുന്നോട്ട് കുതിച്ചു.
വഴിമദ്ധ്യേയുള്ള തോട്ട് നേരിട്ടുള്ള യുദ്ധത്തിനു തടസ്സമായി
രുന്നു. ആപത്ത് തലക്കുമേലെ വന്നെങ്കിലും മുജാഹിദുകൾ
ധൈര്യം കൈവെടിഞ്ഞില്ല. സയ്യിദ് സാഹിബ് തോട്ടി
ൻെറ മറുകരയിലേക്കു———ശത്രുക്കളുടെഅടുക്കലേക്കു ചാ
ടി. മൌലാന ഇസ്മായിൽ ശഹീദും മററു ത്യാഗ വീരൻ
മാരും, അശ്വാരൂഢന്മാരായി ശത്രുസേനയുടെ ഉള്ളിൽ കട
ന്നു ഘോര യുദ്ധം ആരംഭിച്ചു. എന്നാൽ ശത്രുസേന എത്ര

യോ അധികമായിരുന്നു. മുജാഹിദുകൾ എണ്ണത്തിൽ നന്നേകുറവും അതുകൊണ്ട് ദയനീയമായ പരാജയം അനുഭവിക്കേണ്ടിവന്നു. സയ്യിദ് സാഹിബും, മൌലാനാഇസ്മായിൽ സാഹിബും, നൂറുകണക്കായ മുജാഹിദുകളും മരണം വരിച്ചു അവശേഷിച്ചവർ കൂട്ടം പിരിഞ്ഞു. ഈ രക്തസാക്ഷികളുടെ മൃതദേഹങ്ങൾപോലും ഖബറടക്കാൻ സാധിക്കാതെ വന്നു, [ ഇന്നാലില്ലാഹി വഇന്നാഇലൈഹിറാജിഊൻ ] എന്നാൽ ഷേർസിംഗ് അവരെ വളരെ ബഹുമാനിച്ചു സയ്യിദ് സാഹിബിന്റെ മൃതദേഹം വിലപിടിച്ച രണ്ട് ഷാൽകൊണ്ടു മൂടി.

സിക്കസേനയിലെ മുസ്ലിം പട്ടാളക്കാർ ജനാസ നമസ്കാരം നടത്തി, സൈനിക ബഹുമതിയോടു കൂടി സംസ്കരിച്ചു. സയ്യിദ് സാഹിബ് നയിച്ച സ്വാതന്ത്ര്യസമരത്തിന്റെ പരിസമാപ്തി ചരിത്രത്തിലെ അതിദാരുണ സംഭവമത്രെ. അതൊരു ശോക പര്യവസായിയായ നാടകമായി കലാശിച്ചു.

സയ്യിദ് സാഹിബിന്റെ യഥാർത്ഥമായ എതിർപ്പ് സിക്കകാരുടെ നേരെയായിരുന്നില്ല. പ്രത്യുത കടലും കരയും താണ്ടി കച്ചവടത്തിന്റെ പേരിൽ ഇവിടെ കടന്നു കൂടിയ ആംഗ്ലേയരുടെ വഞ്ചനയിൽ പെട്ടുപോയ സിക്കസേനാ വിഭാഗവുമായിട്ടാണ് മുജാഹിദുകൾ കൂട്ടിമുട്ടിയത്. നാട്ടിന്റെ സ്വാതന്ത്ര്യം വീണ്ടെടുക്കുക എന്നല്ലാതെ സഹോദര സമുദായങ്ങളെ പീഡിപ്പിക്കണമെന്നോ, ഉപദ്രവിക്കണമെന്നോ മുജാഹിദുകൾക്ക് മോഹമുണ്ടായിരുന്നില്ല. അവർ അധികാരമോഹികളായിരുന്നില്ല തന്നെ. എന്നാൽ സ്വാതന്ത്ര്യപ്രേമികളായിരുന്നു. ഇത് വർഗ്ഗീയ കലാപമായിരുന്നില്ല. കാരണം സിക്കകാരുടെ സേനയിൽ ധാരാളം മുസ്ലിംകളുണ്ടായിരുന്നു. അവരാണ് ഇസ്ലാമിക മുറപ്ര



കാരമുള്ള എല്ലാ കർമ്മങ്ങളും ശുഹദാക്കൾക്ക് വേണ്ടി നിർവ്വഹിച്ചത്. യാദൃച്ഛികമായി നടന്ന ഈ സംഭവം മൂലം വമ്പിച്ച നേട്ടം കരസ്ഥമായത് മൂന്നാമത്തെ കക്ഷിക്കാണ് '' ചുമരും ചാരി നിന്നവൻ പെണ്ണും കൊണ്ടുപോയി ''

## പിന്നീടെന്തുണ്ടായി

ഹസ്രത്ത്മൌലാന അബ്ദുൽഹയ്യ് സാഹിബിന്റെ അകാലമായ നിര്യാണം മൂലം നേരിട്ട മുറിവ് ഉണങ്ങുന്നതിനു മുമ്പ് വീണ്ടും ചില കനത്ത പരിക്കുകളേൽക്കേണ്ടിവന്നു അത് മാറാരോഗമായി പരിണമിച്ചു. സയ്യിദ് അഹമ്മദ് സാഹിബിന്റെയും, മൌലാനാമുഹമ്മദ് ഇസ്മായിൽ ശഹിദിന്റെയും വിയോഗം പ്രസ്ഥാനത്തെ നിർജ്ജീവമാക്കി എന്നാൽ ഡാക്ടർ ഹെൻറിന്റെ അഭിപ്രായം മറ്റൊരു വിധത്തിലാണ് അദ്ദേഹം രേഖപ്പെടുത്തുന്നു.

''ഈ പ്രസ്ഥാനം ഏതെങ്കിലും നേതാവിന്റെ മരണത്തോടൊ ജീവിതത്തോടൊ ബന്ധപ്പെട്ടതല്ല. സയ്യിദ്സാഹിബിന്റെ മരണത്തെപ്പോലും അദ്ദേഹത്തിന്റെ ധീരന്മാരായ ശിഷ്യന്മാർ തങ്ങളുടെ മത പ്രചരണത്തിനുവേണ്ടി ഒരു പവിത്ര മാർഗ്ഗമാക്കീട്ടുണ്ട്. തദനന്തരം സയ്യിദ് സാഹിബിന്റെ കുടുംബവും കുറെ മുജാഹിദുകളും ടോങ്ക്സ്റ്റേറ്റ് ഭരണാധിപതിനവാബ് വസീറുദ്ദൌലയുടെ ക്ഷണനപ്രകാരം ട്ടോങ്കിലേക്കുപോയി. അവിടെ അവർ നിശ്ശബ്ദരായി ദൈവാരാധനയിൽ മാത്രം ശ്രദ്ധ ചെലുത്തി ജീവിതം നയിച്ചു. എന്നാൽ പിന്നെ അവശേഷിച്ച മുജാഹിദുകൾ വീണ്ടും സമ്മേളിച്ചു തങ്ങളുടെ സംഘടന പുനരുദ്ധരിച്ചു സിത്യാസയിലെ അതിർത്തി പ്രദേശത്തെ അവരു

സങ്കേതമാക്കി, സയ്യിദ് സാഹിബിന്റെ സഹോദരീ പുത്രൻ മൌലവിനസീറുദ്ദീൻ സാഹിബിനെ ഇമാമും അമീറും ( ലീഡർ ) ആയി തിരഞ്ഞെടുത്തു. അങ്ങിനെ പഴയ പ്രസ്ഥാനത്തിന്നു പുതിയ ജീവൻ നൽകി. ഖാൽസാ ഗവർമ്മെണ്ടാകട്ടെ ഏതാനും വർഷങ്ങൾക്ക ശേഷം ഭൂമുഖത്ത് നിന്നു അപ്രത്യക്ഷമായി. എന്നാൽ മുൻ വിവരിച്ച മഹാനേതാക്കന്മാരുടെ വിയോഗം നികത്താനാവാത്ത നഷ്ടമായിരുന്നെങ്കിലും പ്രസ്ഥാനം പറെറ നശിച്ചിട്ടുണ്ടായിരുന്നില്ല. പിന്നെയും അത് അമ്പത് കൊല്ലക്കാലത്തോളം ബ്രിട്ടനെ വല്ലാതെ ശല്യപ്പെടുത്തിക്കൊണ്ടിരുന്നു

അറേബ്യായിൽ ശൈഖ്മുഹമ്മദ്ബ്നുഅബ്ദുൽ വഹ്ഹാബും ഇന്ത്യയിൽ ഹസ്രത്ത്ശൈഖ്ശാഹ്വലിയ്യുല്ലാഹ്ദഹ്ലവിയും ഒരേ കാലഘട്ടത്തിലാണ് ഇസ്ലാഹി( പരിഷ്കരണ )പ്രവർത്തനം നടത്തിയിരുന്നത്. അവരിരുവരും വിശുദ്ധ ഖുർആനിനും റസൂൽകരീം (സ)യുടെ ചര്യക്കും വിരുദ്ധമായ അന്ധവിശ്വാസാനാചാരങ്ങളെ വീറോടെ എതിർത്തിരുന്നു. അവരിൽ നിന്നു ശൈഖ് സയ്യിദ്അഹ്മദുബ്നുറേൽ ഹശഹീദും സയ്യിദ് മുഹമ്മദുഇസ്മായിൽ ശഹീദും പ്രചോദനം നേടിയത്, അവരുടെ പ്രസ്ഥാനത്തെ ഇന്ത്യയിലെ തബ്ലീഗ് പ്രസ്ഥാന പണ്ഡിതന്മാരും ദയ്യൂബന്തിലെ ഉലമാക്കളും വളർത്തിക്കൊണ്ടിരുന്നു. ഇസ്ലാമിക പ്രസ്ഥാനമാകുന്ന വൻവൃക്ഷം ഇനിയും വളർന്നു വലുതാകും. അത് ശിർക്കിൽ നിന്നും ദുരാചാരങ്ങളിൽ നിന്നു മനുഷ്യ വംശത്തെ വിമോചിപ്പിക്കുമെന്നകാര്യത്തിൽ സന്ദേഹമില്ല.

## ...പൌരസ്ത്യ രംഗം

ഇതുവരെ വിശകലനം ചെയ്തത് പടിഞ്ഞാറൻ ...ത്ത് നടന്ന കഥകളെ പററിയാണ്. പരേതനായ സ



യ്യിദ് അഹമ്മദ് സാഹിബ് തന്നെയായിരുന്നു അതിന് നേതൃത്വം നൽകിയിരുന്നത്. എന്നാൽ ബങ്കാളിലും സയ്യിദ് സാഹിബ് പാകിയിരുന്ന വിപ്ളവ വിത്ത് നശിച്ചുപോയിട്ടുണ്ടായിരുന്നില്ല. ക്രമേണ ക്രമേണ അത് പൊട്ടിമുളച്ചു പടർന്നു പന്തലിച്ചുവന്നു. വടക്കുപടിഞ്ഞാറെ അതിർത്തിയിൽ സയ്യിദ് സാഹിബ് പര്യടനം ആരംഭിച്ചപ്പോൾ എതിർവശത്ത് വടക്ക കിഴക്ക് ടിററുമീയാൻ എന്ന പേരിൽ സുപ്രസിദ്ധനായ നിസാർഅലി കൽക്കത്തയിലെ വടക്കുകിഴക്കൻ ഭാഗത്ത് പര്യടനം ആരംഭിച്ചു. സയ്യിദ് സാഹിബ് പെഷാവർ അധീനപ്പെടുത്തിയ കാലത്ത് നിസാറലി ബങ്കാളിൽ വിപ്ളവ പതാക ഉയർത്തി എന്നത് പറയത്തക്ക സംഭവമാണ്.

നിസാറലി സാഹിബും അദ്ദേഹത്തിന്റെ വലംകൈയായി പ്രവർത്തിച്ചിരുന്ന മിസ്കീൻഷാഹ് സാഹിബും പല മാസങ്ങളോളം നന്നായി പോരാടി ഹിന്ദുമുസ്ളിം കർഷകർ അടങ്കലും അവരുടെ കൂടെ ചേർന്നു. ഫരീദ്പൂർ ജില്ലയിൽ അവർ തങ്ങളുടേതായ ഭരണം ഏർപ്പെടുത്തി. എന്നാൽ 1831 നവമ്പർ മാസം ഒടുവിൽ ഇംഗ്ളീഷ പട്ടാളക്കാരുമായി നടന്ന ഏററുമുട്ടലിൽ നിസാറലി ശഹീദായി മിസ്കീൻഷാഹ് ബന്ധനസ്ഥനായി. പിന്നീടദ്ദേഹത്തെ തൂക്കിക്കൊന്നു- അതോടു കൂടി അവശേഷിച്ച യോദ്ധാക്കൾ ഛിന്നഭിന്നമായി.

നിർഭാഗ്യമെന്നു പറയട്ടെ സമീന്ദാർമാരുടെ പിന്തുണ അവക്ക ലഭിച്ചില്ല. അത് ബ്രിട്ടന്നു നന്മ കൈവരുത്തി. അങ്ങിനെ ബ്രിട്ടീഷാധിപത്യത്തിന്റെ തേർവാഴ്ച ഇന്ത്യയിൽ ഉറച്ചു. ( ഇന്നാലില്ലാഹി വഇന്നാ ഇലൈഹിറാജിഊൻ )

ഹ: ശാഹ്‌വലിയ്യുല്ലാഹിദഹ്‌ലവി (റ)യും അവിടുത്തെ പിൻഗാമികളായിരുന്ന സയ്യിദ് അഹ്‌മദ്‌ശഹീദ്, മൗലാനാ ഹസ്രത്ത് സയ്യിദ് ഇസ്‌മാഈൽ ശഹീദ് (റ) എന്നിവരുടേയും അനുയായികളുടേയും സത്യ പ്രസ്ഥാനം അണച്ചുകളയാൻ അധികാരി വർഗ്ഗത്തിന്നു കഴിഞ്ഞില്ല. ഇന്ത്യയിലെ ചിന്തകന്മാരായ മുസ്‌ലിം മത പണ്ഡിതന്മാർ എക്കാലത്തും അവരുടെ മാതൃക ജീവിതത്തിൽ നിഷ്‌കൃഷ്‌ടമായി പകർത്തിയിരുന്നു. 1857–ലെ ഒന്നാമത്തെ ഇന്ത്യൻ സ്വാതന്ത്ര്യ സമരം മുതൽ 1947വരെ ഇന്ത്യയിൽ നടന്ന എല്ലാ സ്വാതന്ത്ര്യ സമരങ്ങളിലും മുസ്‌ലിംകൾ വിശിഷ്യാ മതപണ്ഡിതന്മാർ തങ്ങളുടെ പങ്ക് സ്തുത്യാർഹമാം വിധം വഹിച്ചിട്ടുണ്ട്. ഇന്ത്യൻ സ്വാതന്ത്ര്യ സമര ചരിത്രത്തിൽ മുസ്‌ലിംകൾ വഹിച്ച പങ്കിനെ ബോധപൂർവം മറച്ചുവെക്കാൻ സ്വതന്ത്ര ഭാരതീയരിൽ ചിലർ ധൃഷ്‌ടരായി കാണുന്നു! ഇന്ത്യൻ സ്വാതന്ത്ര്യ പ്രസ്ഥാനത്തിന്നു വേണ്ടി മുസ്‌ലിംകളെ പോലെ ആളും അർത്ഥവും നഷ്‌ടപ്പെട്ട ഒരു വിഭാഗവുമില്ലെന്നതാണ് സത്യം, ആ യാഥാർത്ഥ്യത്തെ മറച്ചുവെക്കാനുള്ള പ്രവണതയെ വളർത്തിക്കൂട- ഇന്ത്യൻ മുസ്‌ലിംകളുടേയും സഹോദര സമുദായത്തിൻെറയും അത്യുന്നതിക്കായി വിലപ്പെട്ട ത്യാഗങ്ങൾ അർപ്പിച്ചിട്ടുള്ള ഇന്ത്യൻ മുസ്‌ലിം പണ്ഡിത നേതാക്കൾക്ക് അല്ലാഹു മതിയായ പ്രതിഫലം നല്കി അനുഗ്രഹിക്കട്ടെ- അവരെ അനുകരിച്ച സദ്‌വൃത്തരേയും അല്ലാഹു കടാക്ഷിക്കട്ടെ ( ആമീൻ )

( സമാപ്തം )

...cum RESEARCH CENTRE
28 NOV 1983
...COLLEGE